032:3M773:11
F9

773:11 F9
ARADA
MUL
091642

DOCTRINA·VIM·PROMOVET INSITAM

Madras University Library.

Call Number 032:3M773:11 F9

Accession Number 91642

Available for loan from

This book should be returned on or before
the date last marked below.

22 AUG 1962

O. 61
Ananda Press, Madras—10,000—12-9-50.

# Kerala Chakravarthi
# Udayamarthandan

G. R. V. Aiyangar, Vidwan.

Kerala chakravarti

# കേരള ചക്രവൎത്തി

# ഉദയമാൎത്താണ്ഡൻ.

Udaya marttandan

ഗ്രന്ഥകൎത്താ

ജി. ആർ. വെങ്കിടവരദയ്യങ്കാർ (വിദ്വാൻ)

G. R. Venkitavaradaiyengar

DEPARTMENTAL LIBRARIES
14 MAR 1950
UNIVERSITY OF MADRAS.

"ഏം. ആർ. വി. പ്രസ്സ്,"
കോട്ടയ്ക്കകം തിരുവനന്തപുരം.

കാപ്പി രജിസ്റ്റർ] [വില രൂപാ ൧.

ഗ്രന്ഥകൎത്താവിന്റെ മുദ്രയില്ലാത്ത പുസ്തകം വ്യാജനിൎമ്മിതമാകുന്നു.

1105.

97642

032:3M773: 11

F9

DEPARTMENTAL LIBRARIES
14 MAR 1950
UNIVERSITY OF MADRAS.

# മുഖവുര.

ശ്രീപരശുരാമപ്രതിഷ്ഠിതവും, ശ്രീ ജഗദ് ഗുരു ശങ്കരഭഗവത് പാദാചാര്യ്യരുടെ ജന്മഭൂമിയെന്നു വിശ്വവിശ്രുതമായ ഈ വഞ്ചിനാട്ടിലെ ജീവത് ഭാഷയായ കൈരളി എഴുത്തച്ഛൻ, ചെറുശ്ശേരി, കുഞ്ചൻനമ്പ്യാർ, കേരളകാളിദാസൻ തുടങ്ങിയ മഹാകവികളുടെ നവംനവമായ ശബ്ദാത്ഥാഡംബരങ്ങളാകുന്ന അണിമണിയണിഞ്ഞും. തദുപജീവികളായ അദ്യതനകവികേസരികളുടെ ഗദ്യപദ്യാത്മകങ്ങളായ ഭൂഷാവിശേഷത്താൽ ദ്വിഗുണിതമായ താരുണ്യശ്രീയേന്തിയും രംഗപ്രവേശം കൊണ്ടു മലനാട്ടിലും, മേൽനാട്ടിലും മേന്മേൽ—മേന്മ നേടിക്കൊണ്ടിരിക്കവെ— "ജാത്യന്ധനാം എൻെറ കൈയ്യാട്ടമേററുവല്ലാത്ത കോട്ടത്തിലകപ്പെട്ടുപോയി" എന്നു് ഇന്നു ആരുമറിയിയ്ക്കാതെതന്നെ ഞാനും അറിയും.

എന്നാൽ, ഇവൻെറ ജീവികയ്ക്കു അവൾ തുണയാണെന്നു അറിയുമ്പോൾ അന്നേരം പണ്ഡിതപാമരസാമാന്യം പരിഹസിക്കയല്ലാതെ മാരണോച്ചാടനാദികൾക്കു ഉൽസാഹിക്കയില്ലെന്നു് മനസ്സു ഉറച്ചുപോയി.

നീണ്ടൊരുകാലം കൊണ്ടു കൈകാര്യ്യം ചെയ്യുന്നതിനു കനിഞ്ഞരുളിയ കൈരളീ, കേരളാധീശന്മാരുടെ പ്രാചീനവൃത്താന്തപരമ്പരകളിൽ ശ്രീചേരവൃത്തബന്ധത്തിന് അജ്ഞൻെറ അല്പബദ്ധിക്കു പ്രവേശവും അനുഗ്രഹിച്ചു.

ഇവൻ ആലോചനയോ, അവധാനവിശേഷമോ, ലക്ഷ്യസാമഗ്രിയോ അവലംബിക്കാതെ പരിതഃസ്ഥിതിഗതികളുടെ പ്രോൽസാഹബലാൽ പുതിയ തൂലികയുടെ പുറന്തള്ളലിൽ നിന്നും "ഉദയമാർത്താണ്ഡൻ" എന്ന പുസ്തകസ്വരൂപം പ്രവൃത്തിപഥത്തിൽ പരിണമിപ്പിച്ചു, എന്നു പറഞ്ഞാൽ പരമാത്ഥവേദികളായ പുരുഷകേസരികളോടു പറയാനുള്ളതെല്ലാം ഒരുവിധം പറഞ്ഞവസാനിപ്പിച്ചതായി സ്വയം സമാധാനപ്പെടാമെന്നു എനിക്കു വിശ്വസിക്കാമല്ലോ.

പക്ഷെ, ജഗത് പ്രാണപുത്രനായ മുഖ്യപ്രാണദേവൻെറ പാദപത്മങ്ങളെ സദാ ഭജിച്ചും, സജ്ജനസമക്ഷം ദാസദാസനായി നമിച്ചും, സത് കവികുലമാണിക്യമായ സാക്ഷാൽ "ഇലത്തൂർ'' രാമസ്വാമിശാസ്ത്രിയവർകളുടെ സമാമകപൌത്രൻെറ പരിശുദ്ധബുദ്ധിയെയും, പാണ്ഡിത്യമഹിമയെയും പരോപകാരസക്തിയെയും സർവ്വഥാ ആശ്രയിച്ചുംകൊണ്ട് കേരളവാസികളുടെ മുമ്പിൽ പെട്ടെന്നു ചാടിപ്പുറപ്പെട്ടു വീണുപോയ ഈയുള്ളവൻെറ പുരുഷാൎത്ഥമെന്തെന്നു ചൎച്ച ചെയ്യാൻ പുറപ്പെട്ടുന്നതിനെക്കാൾ "ഇതഃ പരം കൎത്തവ്യം'' എന്തെന്നു കല്പിച്ചനുഗ്രഹിച്ചാൽ കൊള്ളാമെന്നു അപേക്ഷിച്ചുകൊണ്ടു വന്ദനശതങ്ങളാൽ എൻെറ മുഖവുരയെ ഇവിടെ അവസാനിപ്പിച്ചുകൊള്ളുന്നു.

തിരുവനന്തപുരം, 3—3—1105. } G. R. V. Iyengar Vidwan.

---

## സമൎപ്പണം.

ശ്രീരങ്ഗനാഥപദപങ്കജദാസതുല്യഃ
ശ്രീരാമദേശികസുതോ വരദാഖ്യവിദ്വാൻ
ശ്രീചിത്രരാജമഹീശപദാംബുജാന്തേ
ശ്രീചേരവൃത്തമിദ മൎപ്പണമാതനോതി.

DEPARTMENTAL LIBRARIES
14 MAR 1950
UNIVERSITY OF MADRAS.

# അവതാരിക.

മലയാള ഗദ്യ സാഹിത്യത്തിൽ ആഖ്യായികകൾ ധാരാളം ഉണ്ടായിക്കൊണ്ടിരിക്കുന്ന കാലമാണിതു്. ഇംഗ്ലീഷു നോവലുകളുടേ തോതനുസരിച്ച് നമ്മുടെ ഭാഷയിൽ സംക്രമിച്ചിരിക്കുന്ന ഈ പ്രസ്ഥാനം ഉത്തമഗദ്യകാരന്മാരുടെ ശ്രദ്ധയെ ആകർഷിച്ചതു നിമിത്തം നല്ലതരത്തിലുള്ള ഏതാനും തർജമകളും സ്വാതന്ത്ര്യഗ്രന്ഥങ്ങളും ഉണ്ടാകാനിടയായിട്ടുണ്ട്. അക്കൂട്ടത്തിൽ ദേശചരിത്ര സംബന്ധമായി പണ്ടുണ്ടായിട്ടുള്ള ചിലവൃത്താന്തങ്ങളെ അടിസ്ഥാനപ്പെടുത്തി ഇംഗ്ലീഷിൽ സ്കാട്ട് തുടങ്ങീട്ടുള്ള നോവൽ കർത്താക്കൾ രചിച്ചിട്ടുള്ളതുപോലെ മലയാളത്തിലും മാർത്താണ്ഡവർമ്മ തുടങ്ങീട്ടുള്ള ചില ആഖ്യായികകൾ ഉണ്ടാകുകയും, അവയ്ക്കു് ഗദ്യസാഹിത്യത്തിൽ മാന്യമായ ഒരു സ്ഥാനം ലഭിക്കയും ചെയ്തിട്ടുണ്ട്. ഈ സമ്പ്രദായത്തെ ആസ്പദമാക്കി മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലത്തിനു തുലോം മുൻപ് വേണാട്ടരചന്മാർ പത്മനാഭപുരത്തിൽ രാജധാനിയുറപ്പിച്ചു നാടുവാണിരുന്ന കാലത്തിൽ നടന്നതായി വിചാരിക്കാവുന്ന ചില സംഭവങ്ങളെ ആധാരമാക്കി ബ്രഹ്മശ്രീ വെങ്കിടവരദശാസ്ത്രീയവർകൾ രചിച്ചിട്ടുള്ള ഒരു ആഖ്യായികയാണ് പ്രസ്തുത "ഉദയമാർത്താണ്ഡൻ" എന്ന ഗ്രന്ഥം.

ചേരൻ ഉദയമാർത്താണ്ഡൻ നമ്മുടെ വേണാട്ട്, അതായതു അന്നു് കന്യാകുമാരിമുതൽ ഇടവാവരെയുണ്ടായിരുന്ന രാജ്യം ഭരിച്ചിരുന്നകാലത്തു് അഖില കേരളാധീശ്വരൻ എന്ന നിലയിൽ ഒരു പെരുമാളും അദ്ദേഹത്തിന്റെ സ്ഥാനമാനാദികളേ വിസംവദിക്കാതെ സ്വാതന്ത്ര്യമായി അവരവരുടെ ഭൂഭാഗങ്ങളെ ഭരിച്ചുവന്നിരുന്ന കോലത്തിരിമുതലായ അനേകം രാജാക്കന്മാരും കേരളത്തിൽ ഉണ്ടായിരുന്നു. ഇവർ തമ്മിൽ മത്സരങ്ങൾ ഉണ്ടായിരുന്നിരിക്കാമെങ്കിലും, കേരളം മുഴുവനും ബാധിക്കുന്ന വല്ലവിദേശീയാക്രമണങ്ങളും ഉണ്ടാകുമ്പോൾ ആവശ്യംപോലേ ഒത്തുകൂടി പ്രവർത്തിക്കുന്നതിനുള്ള ഐകമത്യം മുതലായ ഗുണ

ങ്ങളുള്ളവരായിരുന്നു. പ്രജകളും രാജാവിൻെറ ഹിതൈഷികളും നല്ല സംഘാതബലമുള്ളവരുമായിരുന്നതുകൂടാതെ രണശൂരന്മാരും സ്വാതന്ത്ര്യന്മാരും ആസ്തികബുദ്ധിയുള്ളവരുമായിരുന്നു. അന്നത്തെ പാണ്ഡ്യരാജാവ് തൻെറ ധൂർത്തും ദുഷ്പ്രഭുത്വവും നിമിത്തം സ്വന്തം പ്രജകളുടേയും, ചോളൻ തുടങ്ങിയ അയൽ രാജാക്കന്മാരുടേയും അപ്രീതിക്കു പാത്രമായി ഭവിച്ചിരുന്നു. കേരളത്തിൽ ചെന്നുകൂടിയ രണ്ടു രാജസ്ത്രീകളെ മഹാമനസ്കനായ പെരുമാറം അഭയം കൊടുത്തു രക്ഷിച്ചു എന്നുള്ള കാരണത്തിന്മേൽ പാണ്ഡ്യരാജാവു കേരളം ആക്രമിക്കാൻ തീർച്ചപ്പെടുത്തി സന്നാഹങ്ങറം ചെയ്തു. ഇതറിഞ്ഞ കേരളരാജാക്കന്മാർ ഒത്തുകൂടി പാണ്ഡ്യ നിരാസനത്തിനുവേണ്ട യത്നങ്ങറം ചെയ്തു. ചേരരാജാവും കോലത്തിരിയെ സഹായിക്കാനായി വടക്കോട്ടേക്കു പടകറം അയച്ചു കൊടുത്തു എന്നാൽ ചേരരാജാവിൻെറ സൈന്യം തക്കസമയത്തിൽ പടക്കളത്തിൽ എത്താഞ്ഞയാൽ ആദ്യത്തെയുദ്ധത്തിൽ കേരളീയർക്കു പരാജയമാണുണ്ടായത്. എന്നാൽ വീണ്ടും അവർ ചെയ്ത പരിശ്രമങ്ങളുടെ ഫലമായി പാണ്ഡ്യനെ നിശ്ശേഷം തോല്പിക്കുന്നതിനും ചേരരാജാവായ ഉദയ മാർത്താണ്ഡനു് പാണ്ടിദേശം പിടിച്ച് സ്വായത്തമാക്കുന്നതിനും സാധിച്ചു.

ഇതിനിടയ്ക്കു് പാണ്ഡ്യരാജാവിൻെറ കുമാരൻ പിതാവിൻെറ വിടവൃത്തികളിലും ദുസ്സാമർത്ഥ്യപ്രകടനങ്ങളിലും വെറുപ്പുതോന്നി നാടുവിട്ടു പോയിരുന്നു. കലാശാസ്ത്രാദികളിൽ അഭിജ്ഞനും ഗുണവാനുമായ യുവപാണ്ഡ്യൻ കാഷായമവലംബിച്ചു കുറേക്കാലം തീർത്ഥാടനം ചെയ്തശേഷം ഒടുവിൽ ചേരരാജധാനിയിൽവന്നു് അതിഥിയായി പാർക്കാനിടയായി. ആ അവസരത്തിൽ വേണാട്ടു രാജകുമാരിയുടെ സൌന്ദര്യ സൌശീല്യാദിഗുണങ്ങളെ നേരിട്ടു കണ്ടറിയുന്നതി സന്ദർഭമുണ്ടാകയാൽ അവർ പരസ്പരം പ്രണയികളായിത്തീർന്നു. ഉദയമാർത്താണ്ഡൻ തൻെറ വിജയത്തിൻെറ ഫലമായി കുറേക്കാലം പാണ്ഡ്യരാജധാനിയായ മധുരയിൽ ചെന്നുതാമസിക്കേണ്ടി വരികയാൽ പൂർവ്വാധികം സ്വാതന്ത്ര്യയായിത്തീർന്ന രാജകുമാരിക്കു് സ്വ കാമുകനുമായി അടുത്തുപെരുമാറുന്നതിനും അന്യോന്യം അംഗസ്പൃഷ്ടങ്ങൾ

പറഞ്ഞറിയിക്കുന്നതിനും വേണ്ട അവസരങ്ങൾ ലഭിച്ചുകൊണ്ടിരുന്നു.

ഈ ഗഡുവിൽ ചോളരാജാവാകട്ടെ പാണ്ഡ്യകേതുവിൻെറ പ്രതാപം അസ്തമിച്ച് ഉദയമാർത്താണ്ഡൻ അഭ്യുദയത്തെ പ്രാപിച്ചതോടുകൂടി അദ്ദേഹത്തിൻെറ സഖാവായിത്തീരുന്നതിനും സാധിക്കുമെങ്കിൽ ചേരരാജകുമാരിയായ കാമേശ്വരിയുടെ പാണിഗ്രഹീതാവായിത്തീരുന്നതിനും ഉദ്ദേശിച്ചു പ്രവർത്തിച്ചു. എന്നാൽ പ്രായാധിക്യത്താലും ഗുണവൈകല്യത്താലും കാമേശ്വരിയ്ക്കു തന്നിൽ പ്രേമമുണ്ടാകുന്നതു് ദുസ്സാധമാണെന്നു ബോദ്ധ്യപ്പെട്ടതോടുകൂടി ചേരനോടുള്ള മൈത്രിയേ വൈരമായി പരിണമിപ്പിച്ചു. വേണാട്ടിൽ രാജാവ് അസന്നിഹിതനായിരുന്ന തക്കംനോക്കി ചോളൻ കടൽവഴിയായി കുളച്ചൽ തുറമുഖത്തിൽ പടകളിറക്കി വേണാട്ടിനെ ആക്രമിച്ചു. എന്നാൽ യതിവേഷധാരിയായ യുവപാണ്ഡ്യൻെറ പരാക്രമത്താലും ജനങ്ങളുടെ ഒത്തൊരുമിച്ചുള്ള പ്രവൃത്തികളാലും ചോളൻെറ യത്നം നിശ്ശേഷം വിഫലീഭവിച്ചതേയുള്ളു.

യുവപാണ്ഡ്യൻെറ സ്ഥിതിഗതികളെപ്പററി ഒരറിവും ഇല്ലാതിരുന്ന പാണ്ടിനാട്ടുകാർ ഗുണവാനായ ചേരനെത്തന്നെ സ്വരാജ്യത്തിൽ രാജാവായി അഭിഷേകം ചെയ്തുവാഴിക്കാൻ ഒരുക്കങ്ങൾ ചെയ്തുകൊണ്ടിരിക്കവെ പത്മനാഭപുരത്തിൽ യതിവേഷധാരിയും രാജകുമാരിയുമായുള്ള സംസർഗ്ഗം ജനാപവാദത്തിനു പാത്രീഭവിക്കയും ആ വൃത്താന്തം മന്ത്രിയുടെ സന്ദേശം മൂലം ചേരരാജാവ് അറിഞ്ഞു വിഷാദിക്കയും ചെയ്തു അപ്പോൾ തിരുനാവാമണപ്പുറത്തുവച്ചു കൂടാൻ ഉദ്ദേശിച്ചിരുന്ന മഹാസദസ്സിലേക്കു പെരുമാളിൻെറ ആവശ്യപ്രകാരം ചേരരാജാവിനും പോകേണ്ടതായിവന്നുകൂടി. മധുരാപുരിയിലെ പട്ടാഭിഷേകം തല്ക്കാലം മാററിവച്ചിട്ട് ഉദയമാർത്താണ്ഡൻ ബോഡിമെട്ടുവഴി കേരളത്തിലെത്തി തിരുനാവായിലെ യോഗം അവസാനിച്ചശേഷം സ്വരാജധാനിയായ പത്മനാഭപുരത്തിലെത്തി അപ്പോൾ ചോളൻെറ പരാജയം യതിവേഷധാരിയുടെ ക്ഷത്രിയത്വസൂചകമായ യുദ്ധവൈദഗ്ദ്ധ്യം മുതലായവയെ അറിഞ്ഞു സന്ന്യാസി

യുടെ യാഥാർത്ഥ്യം മനസ്സിലാക്കുകയും, പുത്രിയുടെ പ്രണയാഭിനിവേശം അസ്ഥാനത്തിലായില്ലെന്നു സന്തുഷ്ടനാകുകയും ചെയ്തു താമസിയാതെ കാമേശ്വരിയുടേയും പാണ്ഡ്യയുവരാജാവിൻെറയും വിവാഹമഹോത്സവം ഉചിതമായ വിഭങ്ങളോടു കൂടി ആഘോഷിക്കയും പാണ്ഡ്യനാട്ടിലെ അവകാശിയെത്തന്നെ പാണ്ഡ്യരാജാവായി വാഴിക്കയുംചെയ്തു. ഇതാണ് ഇതിവൃത്തത്തിൻെറ സംഗ്രഹം.

ഈ സംഭവങ്ങളെ അടിസ്ഥാനമാക്കി ഗ്രന്ഥകാരൻ അന്നത്തെ കേരളീയരുടെ രാജ്യസ്നേഹം, ഗുരുഭക്തി, കൃത്യനിഷ്ഠ, പൌരുഷം, ധർമ്മപരത മുതലായ പല ഗുണവിശേഷങ്ങളേയും വിശദമാക്കുന്നതിനും തദ്വാരാ, വായനക്കാരുടെ മനസ്സിൽ സ്വപൂർവ്വന്മാരെക്കുറിച്ച് സവിശേഷം ബഹുമാനാദരങ്ങൾ തോന്നിക്കുന്നതിനും യത്നിച്ചിട്ടുണ്ട്. സംസ്കൃതഭാഷയിലും അതിലടങ്ങീട്ടുള്ള വിജ്ഞാനങ്ങളിലുമൊന്നുപോലെ തൽ പ്രവർത്തകന്മാരിലും ആദ്യകാലം മുതൽക്കു തന്നെ ദക്ഷിണഇൻഡ്യയിലെ ഇതരനാട്ടുകാരെ അപേക്ഷിച്ച് കേരളീയർക്കു കൂടുതലായ ശ്രദ്ധയും ബഹുമാനവും ഉണ്ടായിരുന്നു. സംസ്കൃതവിജ്ഞാനികളുമായുള്ള നിരന്തരസംസർഗ്ഗവും സൌഹാർദ്ദവും നിമിത്തം കേരളത്തിലെ ഉൽകൃഷ്ടകുടുംബങ്ങൾക്കും രാജാംഗങ്ങൾക്കും അനന്യസാധാരണമായ ശുചിത്വവും സദാചാരതൽപരതയും കർമ്മശ്രദ്ധയും ഉപര്യുപരി വർദ്ധിച്ചുവന്നിരുന്നു. കേരളത്തിലെ ദേവാലയങ്ങൾ തീർത്ഥാശയങ്ങൾ എന്നിവയുടെ വഴിപോലെയുള്ള സംരക്ഷണവും സദ്വിനിയോഗവും സുപ്രസിദ്ധമാണല്ലോ. അതിൻെറയെല്ലാം ഫലമായി ഒരു കാലത്തും കേരളത്തിൽ വിദ്വാന്മാരുടേയോ സന്മാർഗ്ഗദർശികളുടേയോ കുറവിന് ഇട വന്നിട്ടില്ല. അതുകൊണ്ടുതന്നെയാണ് അന്നും ഇന്നും കേരളത്തിനുണ്ടായിട്ടുള്ള മെച്ചവും. ഈ സൽഗുണങ്ങൾ നമ്മുടെ നാട്ടിൽ. വിശേഷിച്ചും സമുദായപ്രമാണികളിൽ നിലനില്ക്കുന്ന കാലത്തോളം നമുക്കു ഒരു വിധമായ ശ്രേയോഹാനിയും ഉണ്ടാകുന്നതല്ല.

ചേരരാജാവിനു ലഭിച്ചതുപോലെയുള്ള മന്ത്രിമാരും പാർശ്വവർത്തികളും പാണ്ഡ്യരാജാവിനു കിട്ടാത്തതുകൊണ്ടുതന്നേയാണ് അദ്ദേഹത്തിനു പരാജയം നേരിട്ടതു്. ആഴ്വാഞ്ചേരിത

ന്ത്രിമാരുടെ സമയോചിതമായ ഉപദേശങ്ങൾ, സേനാനികളുടെ സേനാവിനയനവൈദഗ്ദ്ധ്യം, സന്ദേശഹാരികളുടേയും ചാരന്മാരുടേയും ജാഗരൂകത, രാജ്യത്തിനും രാജാവിനും വേണ്ടി ഒന്നുചേർന്നു പ്രവർത്തിക്കുന്നതിനുള്ള ജനങ്ങളുടെ സന്നദ്ധത, എന്നിങ്ങനെയുള്ള പല സംഗതികളും കേരളീയരുടെ വിജയത്തിനും യശസ്സിനും കാരണമായിത്തീർന്നു എന്നു ഗ്രന്ഥത്തിൽ നിന്നും സ്പഷ്ടമാകുന്നുണ്ട്. ഇങ്ങനെ ജനങ്ങളും രാജാവും അന്യോന്യം ഹിതൈഷികളായി സ്വധർമ്മങ്ങളിൽ നിന്നും വ്യതിചലിക്കാതെ പരസ്പരസഹായഭാവത്തിൽ വർത്തിക്കുന്ന രാജ്യങ്ങൾ അക്ഷോഭ്യമായ പ്രതിഷ്ഠയ്ക്കും ശ്രേയസ്സിനും പാത്രീഭവിക്കുമെന്നുള്ള തത്വത്തെ മുഖ്യമായും, പൂർവ്വനിർദ്ദിഷ്ടങ്ങളായ മററുള്ള ഗുണപാഠങ്ങളെ ആനുഷംഗികമായും ഗ്രന്ഥത്തിൽ അവിടവിടെയായി വ്യഞ്ജിപ്പിച്ചിട്ടുണ്ട്.

ഗ്രന്ഥകാരനു പാരമ്പര്യമായി സിദ്ധിച്ച സംസ്കൃതപാണ്ഡിത്യം കൂടാതെ മലയാളഭാഷയിലും ദേശചരിത്രത്തിലും ധാരാളമായി കൈകാര്യം ചെയ്യേണ്ട അറിവും സിദ്ധിച്ചിട്ടുണ്ട്. പ്രകൃതആഖ്യായികയിൽ ആദ്യന്തം കാലോചിതവും ഊർജ്ജസ്വലവുമായ ഒരു ഗദ്യശൈലിയെയാണ് അവലംബിച്ചു കാണുന്നത്. ചില വർണ്ണനാഘട്ടങ്ങളിലും മററും ചിലപ്പോൾ അതിദീർഘമായ വാക്യങ്ങളും, അർത്ഥപ്രതിപത്തിക്ക് അല്പം വിളംബം നേരിടുന്ന ചില രീതിവിശേഷണങ്ങളും പുരോഭാഗദൃഷ്ടിക്കു ഗോചരമാകാതിരിക്കയില്ല. ഏങ്കിലും കേരളസാഹിത്യാരാമത്തിൽ ഏറിയകാലം സകൌതുകം വിഹരിച്ചതിന്റെ ഫലമായി നമ്മുടെ നാട്ടിനു അഭിമാനകരമായ വിധത്തിൽ ഒരു "ഉപഹാരം" കൂടി ഭാഷാദേവിയ്ക്കു് അദ്ദേഹം സമർപ്പിച്ചതിൽ നിർമ്മത്സരബുദ്ധികളായ നാം ഗ്രന്ഥകർത്താവിനെ അനുമോദിക്കയും പ്രോൽസാഹിപ്പിക്കയുമാണ് വേണ്ടതെന്നു പറഞ്ഞുകൊണ്ടു ഈ ചെറിയ അവതാരികയെ ഉപസംഹരിച്ചുകൊള്ളട്ടേ.

തിരുവനന്തപുരം
1—3—1105. } എച്ച്. രാമസ്വാമിഅയ്യർ.

16 AUG 19 7

DEPARTMENTAL LIBRARIES
14 MAR 1950
UNIVERSITY OF MADRAS.

# ഉദയമാൎത്താണ്ഡൻ.

## അദ്ധ്യായം ൧.

### വേണാട്ട് അല്ലെങ്കിൽ ചേരരാജ്യം.

പാശ്ചാത്യ പരിഷ്ക്കാരം ഭാവിയിൽ നമുക്കു സ്വൎഗ്ഗസുഖാനുഭവത്തിനുള്ള സോപാന പരമ്പരകളെ നിഷ്പ്രയാസം കയററിവിടുന്ന ശോഭനസരണിയാണെന്നു തോന്നിത്തുടങ്ങീട്ടു കാലം കുറെ കഴിഞ്ഞിരിക്കുന്നു.

ഞാനൊരു പുതിയ പരിഷ്ക്കാരിയാണെന്നു പറയുന്നവരോടും, "ഇതല്ലെ" പരിഷ്ക്കാരമെന്നു വിചാരിച്ചു വേഷപ്പകൎച്ച വരുത്തുന്നവരോടും സ്വന്തംമാതാവിനെ മറന്നും, മാതൃഭാഷയെ കളഞ്ഞും സ്വയം ജന്മഭൂമിയെ വെടിഞ്ഞും പ്രാചീനാചാരങ്ങളെ വെറുത്തും, പുതുമോടിയിൽ ഭ്രമിച്ചും, പരദേശവാസം പരമപുരുഷാൎത്ഥം എന്നു ഭാവിച്ചും, പാശ്ചാത്യവിദ്യാഭ്യാസത്തെ ജന്മസാഫല്യമാക്കിയും മാനസികസംസ്കരണത്തെക്കാൾ ബാഹ്യസംസ്ക്കാരത്തിനു് വില കല്പിച്ചുംകൊണ്ടു സുഖജീവിതത്തിൽ പ്രവേശിച്ചിരിക്കുന്നവരോടും നമുക്കു പുരാതനവൃത്താന്തങ്ങളുടെ ഗതി ചോദിച്ചറിയാനോ പറഞ്ഞു മനസ്സിലാക്കാനോ സാധിക്കയില്ലെന്നു നിസ്സംശയം പറയാം. എന്നാൽ ഇന്നത്തെ പാശ്ചാത്യപരിഷ്ക്കാരവൎദ്ധനയ്ക്കു് മൂലകാരണമായി കരുതുന്ന ആൎയ്യാവൎത്തനിവാസികളായ മഹൎഷിമാരുടേയോ മററൊ ജീവചരിത്രങ്ങളേയും പ്രവൃത്തിവൈചിത്ര്യങ്ങളേയും മാനിക്കുന്ന ഗുണവിദ്യാനിധികളുടെ ബുദ്ധിശക്തിയ്ക്കുകൂടി ഗോചരീഭവിച്ചിരിക്കുന്ന നമ്മുടെ പൂൎവചരിത്രം നഷ്ടപ്രായമാണെന്നു സമാധാനപ്പെടുന്നതിനു ഇടയാകാതിരിക്കുന്ന കാലത്തോളം പുരാണകാലത്തിനു നല്ലൊരുവിലയുണ്ടെന്നുള്ളതു നിർവിവാദമായ സംഗതി ആണല്ലോ. പണ്ടു ശ്രീപരശുരാമസ്വാമി സ്വമാതൃഹത്യാ

ദോഷശാന്തിക്കായി വീരക്ഷത്രിയവ്രതമാചരിച്ചു സമ്പാദിച്ച ഭൂഭാഗങ്ങളെയെല്ലാം ബ്രാഹ്മണൎക്കു ഉദകദാനം ചെയ്കയാൽ തനിക്കു ആ ഭൂമിയിലെ വാസം അവിഹിതമെന്നോൎത്തു, പരമശിവനെക്കുറിച്ചു തപസ്സു തുടങ്ങി. കരുണാനിധിയായ ഭഗവാൻ ശിഷ്യവാത്സല്യാതിരേകത്താൽ കടലാക്രമണംകൊണ്ടോ, ഭൂകമ്പംകൊണ്ടോ നഷ്ടമായിത്തീൎന്നിരുന്ന പശ്ചിമാംബുധിയുടെ പൂൎവ്വതീരദേശങ്ങളെ വീണ്ടെടുത്തുകൊള്ളുന്നതിന്നു സ്വാമിയോട് കല്പിച്ചനുഗ്രഹിച്ചു. അപ്പോൾ ജാമദഗ്ന്യൻ കല്പനപ്രകാരം ഗോകൎണ്ണത്തിലിരുന്നുംകൊണ്ട് തെക്കുദിക്കിന്നെ ലാക്കാക്കി പരശു എന്ന സ്വായുധത്തെ എറിഞ്ഞു. അതു കുമരിദേശം കടന്നുപിടിച്ചു. സമുദ്രവും ആ ഭാഗങ്ങളെ തിരിച്ചുകൊടുത്തു എന്നാണല്ലോ പ്രാചീനവൃത്താന്തം? ഇന്നും നാം ആ സ്ഥലത്തെ പരശുരാമക്ഷേത്രമെന്നു മാനിച്ചുവരുന്നു. അവിടെ ദേവൻ വിദേശങ്ങളിലിരുന്നു ബ്രാഹ്മണരേയും മററും കൊണ്ടുവന്നു പാൎപ്പിക്കയും ആചാരവും വേഷവും മാററിക്കയും സ്വാതന്ത്ര്യത്തെ ബലപ്പിക്കയും മന്ത്രോപദേശങ്ങളും ദേവതാപ്രതിഷ്ഠകളും മററും കഴിക്കയും ചെയ്തു.

പിന്നീടു അവർ സ്വാതന്ത്ര്യന്മാരായി പരശുരാമക്ഷേത്രം പാലിച്ചുതുടങ്ങി. ആ പരശുരാമക്ഷേത്രം അറേബ്യൻ കടലിന്റെയും സഹ്യപൎവ്വതനിരകളുടേയും ഇടയ്ക്കുകിടക്കയാൽ മലയാളമെന്ന പുതുമയ്ക്കു പാത്രീഭവിച്ചു. ജന്മനാ ഭൂഭരണത്തിന്നു അനൎഹന്മാരായ ബ്രാഹ്മണർ തങ്ങളുടെ ഭരണം സ്വാമികളുടെ സൃഷ്ട്യുദ്ദേശത്തെ നശിപ്പിച്ചുകളയുമെന്നുഭയന്നു സ്വസംഘത്തെ ദൃഢപ്പെടുത്താനായി വീണ്ടും വിദേശങ്ങളിൽചെന്നു ക്ഷത്രിയവീരന്മാരെതിരഞ്ഞെടുത്തു കുടിയേററിഭരിപ്പിച്ചുവന്നു. അവൎക്കു പെരുമാക്കന്മാർ എന്ന സ്ഥാനപ്പേർ കൊടുക്കുകയും രാജ്യംഭരിക്കുന്നതിന്നു പന്ത്രണ്ടു സംവത്സരത്തേയ്ക്കു കാലാവധി നിൎണ്ണയിക്കയും ചെയ്തിരുന്നു. അവർ ശ്രീപരശുരാമദേവന്റെ കല്പനകളേയും ബ്രാഹ്മണരുടെ അപേക്ഷകളേയും യഥാവിധി പാലിയ്ക്കയാൽ അന്നു ധനം, ധാന്യം, സമ്പത്ത്, സന്തതി, ആചാരം, അടക്കം, നീതി, നില, ദാനം, ധൎമ്മം, നയം, ഭയം എന്നിങ്ങനെയുള്ള ഗുണങ്ങൾ ദിനംപ്രതിവൎദ്ധിച്ചുകണ്ടു. ഇപ്രകാരം രാജ്യഭാരംചെയ്തു

വന്ന പെരുമാക്കന്മാരിൽ ഒരു മഹാനുഭാവനാണു ചേരൻ ഉദയമാർത്താണ്ഡൻ. ഇദ്ദേഹം സോമവംശരാജാക്കന്മാരുടെ ശാഖയിൽ ജാതനായി സേലംരാജ്യത്തിൽ പാർത്തിരുന്നു. ബ്രാഹ്മണർ തങ്ങളെ ഭരിച്ചുകൊണ്ടിരുന്ന നമ്പ്യാതിരിമാരുടേയും ഇടപ്രഭുക്കന്മാരുടേയും സഹായസഹകരണങ്ങളോടുകൂടി സേലത്തിൽ ചെന്നു ചേരരാജാവിനെ കൂട്ടിക്കൊണ്ടുവന്നു, തോവാളശ്ശേരിപ്പുഴയ്ക്കു തെക്കു ദക്ഷിണകേരളാധിപതിയാക്കി വാഴിച്ചു. ഇതു് ഉദ്ദേശം കൊല്ലവർഷം ൧൧൦-ാമാണ്ടിടയ്ക്കാണു. അദ്ദേഹം ചേരമംഗലത്തിനുസമീപം തിരുവിതാംകോടു എന്ന സ്ഥലത്തു രാജധാനിയുണ്ടാക്കി സകുടുംബയായി പാർത്തു. ഈ സ്ഥലം ഇന്നു തിരുവനന്തപുരം ഡിവിഷനിൽചേർന്ന വിളവംകോട്ടു താലൂക്കിൽ ഒരു ചെറിയ ഭൂഭാഗമായിത്തീർന്നിരിക്കുന്ന പത്മനാഭപുരമാണു എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ഇതിനുചുററും കരിങ്കല്ലുകൊണ്ടു നിർമ്മിക്കപ്പെട്ട കോട്ടയും അതിനകത്തു രാജധാനിയെ തെളിയിക്കുന്ന മണിമേടകളും ഗോപുരങ്ങളും വാപീകൂപതടാകാദികളും മററും കാണുന്നുണ്ടു്. ഈ കോട്ട പാശ്ചാത്യപണ്ഡിതന്മാരുടെ ചരിത്രാന്വേഷണബുദ്ധിയിൽനിന്നു ഉദയഗിരികോട്ടപോലെയാണു് എന്ന പ്രസിദ്ധിയ്ക്കു ഇടയായിത്തീർന്നിരിക്കുന്നതുമാണല്ലോ. കോട്ടയ്ക്കകത്തും പുറത്തും അനേകം ബ്രാഹ്മണാഗ്രഹാരങ്ങളും പടനായകന്മാരുടെ താമസസ്ഥലങ്ങളും പലകളരികളും കുന്നുകളും ഉണ്ടു. ഈ ദേശം മഹേന്ദ്രഗിരിയുടേയും അറേബ്യൻകടലിൻെറയും ആനുകൂല്യംകൊണ്ടും സമീപത്തുകൂടി സദാനിർമ്മലമായിഒഴികികൊണ്ടിരിക്കുന്ന ദക്ഷിണതാമ്രവർണ്ണിനദിയുടെ ഗതികൊണ്ടും പേച്ചിപ്പാറതടാകത്തിൻെറ സ്ഥിതികൊണ്ടും കാണികൾക്കു് ഭൂലോകബൃന്ദാവനതാബുദ്ധിയേ പ്രദാനം ചെയ്തുകൊണ്ടിരിക്കുന്നു. ഇതുകൂടാതെ രാജകുടുംബക്കാർക്കു നിത്യാരാധന ദേവനായി ശ്രീരാമസ്വാമിയും ഭരദേവതയായി മലയ്ക്കുസമീപം ഭദ്രകാളിയും മലമുകളിൽ കുമരേശനും അനുഗ്രഹിച്ചിരുന്നതു വിസ്മയിക്കത്തക്കവണ്ണമായിരിക്കുന്നു. കുടികളും കൃഷിയെയാണു ജീവികാവൃത്തിക്കു പ്രധാനമാക്കിവെച്ചിരുന്നതു്. കൃഷിക്കു ഉപയുക്തങ്ങളായ പാടങ്ങളും നാലുഭാഗത്തുമൊന്നുപോലെ ധാരാളം വിളങ്ങികൊണ്ടിരുന്നു. ഇവയ്ക്കുചുററും തെങ്ങു മാവു മുതലായ ഫലവൃക്ഷങ്ങളും

കാണികളുടെ കണ്ണിനു കൌതുകംതോന്നിയ്ക്കുന്ന കരിമ്പനക്കൂട്ടങ്ങളും എങ്ങും കാണ്മാനുണ്ടു്. ഇതുകൂടാതെവാഴത്തോട്ടങ്ങളും കരകൃഷിവൎഗ്ഗങ്ങളും മററും വഴിയാത്രക്കാരുടേയും സ്ഥിരവാസികളുടേയും മനസ്സിനേയും ചക്ഷുസ്സിനേയും വിനോദിപ്പിക്കുമാറു നീളെ വിലസുകയുംചെയ്യും. പുരാതനകാലംതുടങ്ങിനഞ്ചുകൃഷിക്കുകീൎത്തിപ്പെട്ടസ്ഥലവും ഇതാണല്ലൊ. ഇവിടെ വിഷവായുക്കളുടേയോ ദുൎഭിക്ഷത്തിന്റേയോ സ്വാദു അനുഭവപ്പെടുന്നതിനു ആൎക്കും സാധിച്ചിരുന്നില്ലാ. കാലവൎഷംകൊണ്ടോ തുലാവൎഷംകൊണ്ടോ ഉണ്ടാകാവുന്ന കേടുകളൊന്നും ഭൂപ്രകൃതി തീരെ കടത്തിവിടുകയുമില്ലാ. നാട്ടിലുള്ളവരെല്ലാം കൃഷിക്കാരായിത്തീരുകയാൽ അവരുടെ സത്വഗുണപ്രധാനമായ ജീവികാവൃത്തിയേയും നാല്ക്കാലികളുടെ സഹായ സഹകരണംകൊണ്ടുണ്ടായ സമത്വഭാവനയേയും ശ്ലാഘിക്കാതിരിക്കാൻ ആൎക്കും സാധിക്കുന്നതല്ലാ. അവൎക്കു നാല്ക്കാലികളെ പുലൎത്തുന്നതിനു ഉപയുക്തങ്ങളായ പല പുൽതകിടികളും മലംപ്രദേശങ്ങളും ധാരാളം സ്വാധീനമായിരുന്നു. മഞ്ഞും ചൂടും കുറെക്കൂടുമെങ്കിലും വനവാതവും കടൽകാററും ശാന്തിക്കുതകികൊണ്ടിരുന്നു. കുടികൾ ഇന്നത്തേപ്പോലെ വിദ്യാഭ്യാസമില്ലാത്തവരായിരുന്നാലും കൃഷിക്കും കളരിയിലെ പയററിനുംമററും അവരെ ജയിക്കാൻ ലോകത്തിലെങ്ങും ആൎക്കും സാധിച്ചിരുന്നില്ല. രാജഭക്തിക്കു ഒരു മാതൃകാരാജ്യമാക്കിവച്ചിരുന്ന കുടികളുടെ സ്വാമിഭക്തിയെ സാക്ഷാൽ ഭക്തന്മാർപോലും അനുമോദിക്കയായിരുന്നു. അവൎക്കു സ്വന്തം കുലധൎമ്മം വെടിഞ്ഞുനടക്കാൻ തീരെ സമ്മതമില്ല. ജനസംഖ്യകണക്കിൽ ബ്രാഹ്മണരുടേയും, കുറവർ പറവർ, ചാന്നാർ, ചെട്ടികൾ, എന്നിവരുടേയും സംഖ്യകൾക്കു വലിയൊരുവ്യത്യാസവും സംഭവിച്ചിരുന്നു; എങ്കിലും സ്വഭാവഗുണങ്ങളെകൊണ്ടു അവർ തുല്യന്മാരായിതീൎന്നു. കാലത്തിനൊത്തവണ്ണം സൎവ്വവും ശാന്തമായിത്തന്നെ പ്രശോഭിച്ചുകൊണ്ടിരുന്നു. തിരുവിതാംകോടിനെ ചേര ഉദയമാൎത്താണ്ഡപ്പെരുമാൾ സ്വ ജന്മഭൂമിയെപ്പോലെ കരുതി വേണാടെന്നു കീൎത്തിപ്പെട്ട ഇടവാമുതൽ തോവാളവരെയുള്ള സ്ഥലങ്ങൾക്കു നാഥനായിവാണു. ഇങ്ങനെ കാലം കുറെ കഴിയുന്നതിനുമുമ്പു കൃപകവംശക്കാരും സംബന്ധക്കാരാ

യിത്തീരുകയാൽ ആ ഗോത്രത്തിൽനിന്നും ലളിതാംബാദേവിയെ ചേരൻ പരിണയിച്ചു. നായർ കുടുംബത്തിൽനിന്നു ചേരോടിയമ്മയേയുംഭാൎയ്യയാക്കി പാൎപ്പിച്ചു. പതിയും ഭൎത്താവും ദാമ്പത്യധൎമ്മത്തെസൎവ്വസമ്പത്തിലുംപ്രധാനമാക്കി സ്വധൎമ്മം വഴിയാകുംവണ്ണം പാലിച്ചു. നാട്ടിലെങ്ങും ധൎമ്മദേവതയും സത്യവാൎത്തയുംഒത്തൊരുമിച്ചു ലസിച്ചു. പ്രജകൾ പിതൃഭക്തിയേയും രാജഭക്തിയേയും ഏകോപിച്ചണിഞ്ഞും, രാജ്യത്തിനും രാജാവിനുംവേണ്ടിസ്വന്തംജീവനെപ്പോലും തൃണവൽക്കരിച്ചും, രാജകല്പനകളറിയാനവസരംപ്രതീക്ഷിച്ചും, പരസ്പരം വൈരം വെടിഞ്ഞും, കൃഷികൈത്തൊഴിൽ കച്ചവടം എന്നിവയെ വൎദ്ധിപ്പിച്ചും, ഭയഭക്തിവിശ്വാസാദികളെകൊണ്ടു തെളിഞ്ഞും, പാൎത്തിരുന്നു. അവിടെദുൎഭിക്ഷത്തിനു ഭിക്ഷകിട്ടുന്നതു ചുരുങ്ങി. ഭിക്ഷുക്കളും വിദ്വാന്മാരും പലസ്ഥലങ്ങളിലിരുന്നും വന്നുകൊണ്ടിരുന്നു. സരസ്വതീദേവിയും വിജയലക്ഷ്മിയും വഴക്കുകൾവിട്ടു വിദ്വാന്മാരെകൊണ്ടുവിനോദിക്കയായിരുന്നു. പൊളിക്കു കേളിസ്ഥലം ഇല്ലെന്നായി. അധൎമ്മം മാത്രം സ്വധൎമ്മം വെടിഞ്ഞു. ധൎമ്മദേവൻ സമയംനോക്കി കോട്ടയ്ക്കു കാവലേററു. ശിപായിമാരുടെ ശിരോധാൎഷ്ട്യം കണിയ്ക്കുപോലും കാണ്മാനില്ല. കള്ളന്മാരുടെ ഉള്ളം വെന്തു വെണ്ണീറായി. ഭൂദേവന്മാരെല്ലാം ബ്രാഹ്മണകൎമ്മങ്ങളെകൊണ്ടു ഭൂമിയെ, സ്വൎഗ്ഗലോകമാക്കിതീൎത്തു. ദേവനാഥൻ ശ്രീപരശുരാമസ്വാമിയുടെ കല്പനപ്രകാരം ചേരരാജ്യനിവാസികളായമനുഷ്യരെ സ്വൎഗ്ഗവാസികളോടൊപ്പം സ്വൎഗ്ഗാനുഭൂതികൾ അനുഭവിപ്പിച്ചുകൊണ്ടിരുന്നു. ജയശബ്ദങ്ങളും, മംഗളാശംസകളുംനാട്ടിലെങ്ങും എപ്പോഴും മുഴങ്ങിക്കൊണ്ടിരുന്നു. ശ്രീദേവി തന്നിയ്ക്കുള്ള ചപലത്വം വെടിഞ്ഞുറച്ചു. ജനങ്ങൾ ചേരനെ സാക്ഷാൽ ഉദയമാൎത്താണ്ഡനെപോലെ വന്ദിച്ചും, പൂജിച്ചും ഇരുന്നു. അദ്ദേഹത്തിനു പ്രധാനപ്പെട്ട മന്ത്രി തോലൻ എന്നു പേരായ ബ്രാഹ്മണൻ ആയിരുന്നു. ആഴ്വാഞ്ചേരി തമ്പ്രാക്കളുടേയും, ഏറാടിക്കിടാങ്ങളുടേയും, ആനുകൂല്യങ്ങൾ എന്നും വൎദ്ധിച്ചുകൊണ്ടിരുന്നു. എങ്കിലും, അനപത്യതമൂലം, അനവരതമനുഭവിച്ചുകൊണ്ടിരുന്ന അവരുടെ മനോദുഃഖത്തിലൊരുപങ്കിനു, നാട്ടു

കാരുമവകാശ്പ്പെട്ടു. അരചൻ തന്ത്രാക്കളുടെ ഉപദേശമനുസരിച്ചു, ഭാൎയ്യയോടുകൂടി ദേവിയെ ഭജിച്ചുതുടങ്ങി. ഭജനാവസാനദിവസം ദേവി പ്രസന്നയായി ഒരു പുത്രിയെ അനുഗ്രഹിച്ചു. ലളിതാംബാദേവിക്കു ഗൎഭലക്ഷണങ്ങളും ക്രമേണ തെളിഞ്ഞുകണ്ടു. പത്തുമാസം തികഞ്ഞതും ഒരു ശുഭമുഹൂൎത്തത്തിൽ രാജഗൃഹം ഭരദേവതയായ ഭഗവതിയുടെ അവതാരസ്ഥലമായി തീൎന്നു. അന്നു ശിശുസന്ദൎശനം ചെയ്യാത്തവർ അവിടെ ആരുംഇല്ലെന്നു നിശ്ചയമായും പറയാം. രാജാവു വേദോക്തകൎമ്മങ്ങളെല്ലാം വഴിപോലെ ആചരിച്ചു. ദാനധൎമ്മാദികളെകൊണ്ടു ദീനന്മാർ തെളിഞ്ഞാശീർവദിച്ചു. നാട്ടുമുഴവനും ആഘോഷങ്ങളെകൊണ്ടു തെളിഞ്ഞു. മേളതാളങ്ങൾക്കും നൎത്തനാദികൾക്കും സ്ഥലം സൎവ്വത്ര സുലഭമായിതീൎന്നു. ഉദ്യോഗസ്ഥന്മാരും കണിശംകളഞ്ഞു കുമരേശനേയും ചണ്ഡികേശ്വരിയേയും സ്തുതിച്ചു. പൌരന്മാർ പുരകൾക്കുകൂടി കൊടിക്കൂറകളാൽ നടനവിദ്യ പഠിപ്പിച്ചു. വഴിനീളെ നല്ല നല്ല സൌരഭ്യങ്ങൾ മന്ദമാരുതൻെറ സാഹചൎയ്യത്തെ ആദരിച്ചു. മിത്രവൎഗ്ഗങ്ങളും ബന്ധുകുലങ്ങളും മീനാക്ഷിയുടെ അപരാവതാരമെന്നുകണ്ടു മോദിച്ചു. ജന്മസാഫല്യം സിദ്ധിച്ച രാജദമ്പതിമാരുടെ മുഖകമലങ്ങളും തെളിഞ്ഞുവിളങ്ങി. ആചാൎയ്യോപദേശപ്രകാരം യഥാകാലം കാമേശ്വരി എന്ന നാമകരണവും ചെയ്തു. നിറം കണ്ടും കായസ്ഥിതി കണ്ടും ജനങ്ങൾ നാമകരണത്തെ അനുമോദിച്ചു. കാമേശ്വരിയിൽ നാഴികചെല്ലുന്തോറും ലീലകളും കണ്ടുതുടങ്ങി. അംഗലാവണ്യവും വൎദ്ധിച്ചുവന്നു. മാതാപിതാക്കന്മാരുടേയും പരിജനങ്ങളുടേയും ലാളനാദികൾ മുറയ്ക്കു കിളൎന്നു. ഇങ്ങനെ രാജഗൃഹവും രാജ്യവും സൎവ്വവിധ ശോഭനങ്ങളോടുകൂടി കേരളത്തിനൊരു തിലകമായി തീൎന്നു. മഹാരാജാവായ ചേരൻ, മകളെ സാഹിത്യസംഗീതാദികളിൽ പ്രവേശിപ്പിച്ചും, നാട്ടാരെ, പുത്രനിൎവ്വിശേഷം പാലിച്ചും, മന്ത്രിസത്തമൻെറ ഭരണസാമൎത്ഥ്യത്തെ അഭിമാനിച്ചും, സുഖംപൂണ്ടു ചേരരാജ്യം ഭരിച്ചു.

# അദ്ധ്യായം ൨.

## രാജസിംഹവീര പാണ്ഡ്യപെരുമാൾ.

കൊല്ല വൎഷാരംഭം കഴിഞ്ഞു ഉദ്ദേശം പത്തു വ്യാഴവട്ടം തികഞ്ഞ കാലം ഉത്തരദ്രാവിഡദേശത്തിൽ പരാന്തകവിക്രമവീര പാണ്ഡ്യൻ എന്നൊരു രാജാവ് വാണിരുന്നു. അദ്ദേഹം ധൈൎയ്യത്തിൽ കാലനേയും യുദ്ധത്തിൽ, സവ്യസാചിയേയും, ക്രൌൎയ്യത്തിൽ രാവണനേയും, പ്രവൃത്തിയിൽ നരകാസുരനേയും അതിശയിച്ചിരുന്നു. ദൈവദത്തമായ പ്രകൃതിവിലാസം നിറഞ്ഞ പാണ്ഡ്യദേശം വീരപാണ്ഡ്യന്റെ പ്രതാപരശ്മിതട്ടി തപിച്ചു. സ്ത്രീപ്രജ നാട്ടിലെങ്ങാനും ജാതമായാൽ അതിന്റെ ഉടമസ്ഥതയ്ക്കു രാജാവു ഉടൻ അവകാശപ്പെട്ടും. നാട്ടുകാൎക്കു ശാസ്ത്രസിദ്ധമായ ദാമ്പത്യ പദവിക്കു പ്രവേശമനുവദിച്ചിരുന്നെങ്കിലും സ്ത്രീപുരുഷന്മാർ ഗാൎഹസ്ഥ്യം കയ്യേൽക്കുകയും, നവവൈധവ്യധൎമ്മമനുഷ്ഠിക്കുകയും, ആണു, നിത്യസുഖമെന്നു വിളംബരം പ്രസിദ്ധീകരിച്ചിട്ടുണ്ടായിരുന്നുവോ എന്നു തോന്നും. സുന്ദരിമാർ സൌന്ദൎയ്യത്തെ വെറുത്തു വിധിയോടും ആവലാതിപ്പെട്ടുകയാണ് പതിവു. പാതിവ്രത്യം പാണ്ഡ്യന്റെ പത്നിയ്ക്കു മാത്രമാണെന്നു പറഞ്ഞാൽ ആ സാധ്വീമണിയോടു വൈമനസ്യം സ്ത്രീവൎഗ്ഗത്തിനു പൊതുവേ തോന്നുന്നതു ഉചിതമാണോ? "തന്നെ ആശിക്കാത്തസ്ത്രീകളെ താൻ ആശിക്കുന്നതു നന്നല്ല" എന്നു രാജാവു ഒരിക്കലും ഓൎക്കാറില്ലാ. ഉത്തരവാദിത്വമുള്ളവർ നീതി വേലിവെട്ടിഞ്ഞാൽ ന്യായപരിപാലകന്മാരുടെ മതിക്കു ഗതി എന്തോ? പാണ്ഡ്യന്റെ മന്ത്രിസത്തമനായ മാനസാരൻ താൻ ആകുന്നതും പണിപ്പെട്ടുനോക്കി. പിണിക്കു ഔഷധം ഉണ്ടെങ്കിലും രാജാവിന്റെ വാത്സ്യായനീയ സൂത്രാചാൎയ്യനായ വ്യാസദീക്ഷതരുടെപണിക്കു മന്ത്രികൊടുത്ത ഗുണദോഷവചോമൃതം ഫലിച്ചില്ല. "പാവം" പാണ്ഡിത്യം പരിപൂൎണ്ണമാണെങ്കിലും പാണ്ഡ്യൻ വ്യാസബോധനത്തിനടിമപ്പെട്ടു പരുങ്ങി. ഇതു പാണ്ഡിത്യമുള്ളവരുടെ ലക്ഷണമല്ലെന്നു പണ്ഡിതനൊരിക്കലും ഓൎത്തിരുന്നില്ല. വയസ്സതിക്രമം വന്ന വൃദ്ധന്റെ വാക്യം

വിലവെയ്ക്കേണ്ടതാണെങ്കിലും, വ്യാസന്റെ വേദബോധനം കൊണ്ടു സ്വപ്രജകളോടു വെറുപ്പു വൎദ്ധിച്ചും, സ്വന്തം സഹോദരനെ കൂടി രാജ്യഭ്രഷ്ടനാക്കിത്തീൎത്തും, പാണ്ഡ്യൻ വിളങ്ങേണ്ടി വന്നു. കാലദോഷം കലിപുരുഷനിലല്ല; പിന്നെ വ്യാസാചാൎയ്യന്റെ ചാടു വാക്യങ്ങളിലാണെന്നു വിചാരിച്ചാൽ തൽക്കാലനിലയ്ക്കു വിലകൂടും. ആചാൎയ്യൻ രാജാവിനെ മരപ്പാവപോലെ ഭാവിച്ചു. പണ്ടു ഏതാദൃശന്മാരുടെ തോന്ന്യാസങ്ങൾക്കു തുണയ്ക്കുന്നതു പാണ്ഡ്യനെപ്പോലെയുള്ളവരുടെ തൊഴിൽ ആണെന്നു പറയേണമെന്നില്ലല്ലോ? എങ്കിലും സൂൎയ്യചന്ദ്രന്മാരും മരുത്തും ആകാശവ്യാപികളായ ഗോളങ്ങളും സമയം പിഴയ്ക്കാതെ സ്വന്തം ജോലികളെ യഥാവസരം നിൎവ്വഹിച്ചുകൊണ്ടിരുന്നു.

ഒരുദിവസം രാജാവു മന്ത്രശാലയിൽ ചിന്താഗ്രസ്തനായി സ്ഥിതി ചെയ്തിരുന്നു. ആ സമയം അറുപതിനുമേൽ വയസ്സു ചെന്നും കുക്കുടാണ്ഡാകൃതിയിൽ, പുറം വെളുത്ത ശിരസ്സ്, കറുത്ത രോമജാലങ്ങളെ വെറുത്തും, ചാപാഗ്രങ്ങളുടെ ദൃഢസ്ഥിരതയെ സ്ഥിരീകരിക്കുന്ന നേത്രദ്വയം നരച്ച പുരികശ്മശ്രുക്കളിലൊളിച്ചും, സദാ ജലപ്രവാഹത്താൽ പ്രശോഭിതമായ അധിത്യകയുടെ അതിഗൎവ്വം ശമിപ്പിക്കുന്ന നാസികത്തെളിഞ്ഞു പൊങ്ങിയ, ചുണ്ടുകൾ ദന്തസാഹചൎയ്യം വെടിഞ്ഞു വിരിഞ്ഞും, പല്ലുകൾ മാംസപേശികളിലൊളിച്ചും, കൎണ്ണങ്ങൾ കുണ്ഡലഗൎവ്വത്തെ മാനിച്ചുംകൊണ്ടു തോളിനോടിണങ്ങിയും, കവിൾ ചുരുണ്ടൊതുങ്ങിതാടിയെ തലോടിച്ചും, കൂൎത്ത മൂൎത്ത ചിബുകങ്ങൾ ചൊവ്വിനു ചൊവ്വേ സൂക്ഷ്മം സൂചിപ്പിച്ചും, ഭുജങ്ങൾ നീളം കൂടി വണ്ണം കുറഞ്ഞു പേരാലിന്റെ പടുതയ്ക്കു പെരുമയെ നശിപ്പിച്ചും, നെഞ്ചു പൊങ്ങി അസ്ഥികളുടെ സംഖ്യയെ തിട്ടപ്പെടുത്തി കാണിച്ചും, ഉദരം പൃഷ്ഠഭാഗത്തെ സംകോചിപ്പിച്ചു തനിയ്ക്കുള്ള മാനയോഗ്യതയേ വലുതാക്കി ത്രിവലിക്കുള്ള അവകാശം സ്വന്തമെന്നു മാനിച്ചുന്തി നിന്നും, കാലുകൾ വണ്ണം കൂടി നീളം കുറഞ്ഞു കാട്ടുപോത്തിനെ പുഛിച്ചും, "കങ്കാരു"വിന്റെ ചാട്ടം നല്ല നിശ്ചയമാണെന്നു നടിച്ചു നടന്നും, ചിലസ്തുതി പരമ്പരകൾ പൊഴിച്ചും, ഊന്നുവടിയുടെ സഹായത്തോടുകൂടി വ്യാസാചാൎയ്യൻ തിരുമുമ്പിൽ പ്രത്യക്ഷനായി ഭവിച്ചു.

അപ്പോൾ രാജാവിൻെറ സ്ഥിതിഗതികളെ കണ്ടു വിഷണ്ണനായ വ്യാസൻ മനം തെളിഞ്ഞു സ്വാകൃതിയുടെ രണ്ടു വലിപ്പം തോന്നിക്കുന്ന ഏഴരയടിനീളമുള്ള വടിയുടെ മധ്യം കൈയ്ക്കുള്ള ദൈർഘ്യം മുഴവനുപയോഗിച്ചു നിവർത്തു് ചടചടാശബ്ദം നിലത്തു പുറപ്പെടുവിച്ചു; എങ്കിലും അരചൻെറ അന്തരിന്ദ്രിയം സമാധിപദമെത്തി സുഖിച്ചിരിക്കയാൽ മാംസേന്ദ്രിയങ്ങൾ ഉണന്ന ഭാവം നടിച്ചതുകൊണ്ടു ഫലം ഒന്നും ഉണ്ടായില്ല. എന്നാൽ കണ്ണുകൾ മാത്രം ആചാൎയ്യനുസ്വാഗതം ചൊല്ലി. സന്തുഷ്ടമനസ്കനായ ഗുരു സസന്തോഷം "ഭോ-രാജേശ്വര,! വീരപ്രതാപ, പാണ്ഡ്യനൃപ,! ഭവാൻ ജയിച്ചാലും" എന്നു അസ്പഷ്ടവൎണ്ണസമ്മിശ്രമായി ആശീൎവ്വാദങ്ങൾ ചെയ്തു. അതു രാജാവിൻെറ ശിരസ്സിനും ശരീരത്തിനും അല്പമൊന്നാശ്വാസം തോന്നിയ്ക്കയാൽ സ്വപ്നാവസ്ഥയ്ക്കു മാറികൊടുക്കേണ്ടിവന്നു.

രാജാവു അപ്പോൾ തൻെറ പൂൎവ്വഭാഗത്തു സസൂക്ഷ്മം വീക്ഷിച്ചുനിന്നിരുന്ന ശരീരത്തെ പഞ്ചേന്ദ്രിയങ്ങളുടേയും പൂൎണ്ണബലത്തോടുകൂടിസൂക്ഷിച്ചുനോക്കീട്ടും "ആരു്-എടോ-അവിടെ" എന്നു അഭിസംബോധനം ചെയ്തു. ആചാൎയ്യൻ ആനന്ദതുന്ദിലനായി തുള്ളി നിന്നു. അപ്പോൾ ആചാൎയ്യൻെറ ആനന്ദം അളന്നു തിട്ടപ്പെടുത്താനോ, കുറിച്ചെടുക്കാനോ അനുമോദിക്കാനോ അടുത്തു പരിജനങ്ങളാരും ഇല്ലാതിരുന്നതു വിധിയുടെ ചുമതലക്കുറവിനെ പ്രത്യക്ഷപ്പെടുത്തികാണിച്ചു. പച്ചപരമാൎത്ഥി എന്നു പേരു നേടിയ പുണ്യപുരുഷൻ "സ്വാമിൻ, വ്യാസാചാൎയ്യൻ, തിരുവുള്ളക്കേടു വേണ്ടാ; എല്ലാം ശരിയായി ദൈവം നമ്മെ സഹായിച്ചു. എന്നെ വിശ്വസിച്ചാലും" എന്നു ഒരു വിധം പറഞ്ഞവസാനിപ്പിച്ചു.

രാജാവു:— "മിത്രം വരിക". പോയോ? വിശേഷമെല്ലാം ഉള്ളതോ? ഉൗഹം ശരിയായോ? ചതിവു കേൾക്കാനിതല്ലാ സമയം. ചവയ്ക്കാൻ പാടില്ലാത്തതു പാപംതന്നെ. ശാപ്പാടിനുള്ള പ്രിയം ജാതിമഹത്വംകൊണ്ടു സിദ്ധിച്ചിട്ടാണോ ചെല്ലുന്ന സ്ഥലത്തും സ്ഥിരതാമസത്തിനു താല്പൎയ്യപ്പെടു

ന്നതു്? സങ്കടപ്പെടുന്നവക്ക സമയോചിതസാഹ്യങ്ങൾ ചെയ്തുകൊടുക്കേണ്ടതു സുഹൃത്തുകളുടെ ധമ്മമല്ലേ? സവ്വരും എന്നെ വെറുക്കുന്നു. മന്ത്രി ജോലി രാജിവച്ചു. മകൻ, നാടു വിട്ടു ഓടി. അനുജൻ, ശത്രുതയ്ക്കു ബലം കൂട്ടുന്നു. അയൽ രാജാക്കന്മാർ ആക്രമണത്തിനു അവസരം പ്രതീക്ഷിച്ചിരിക്കുന്നു. ആചായ്യൻെറ ആലസ്യം എന്നെ അത്യധികം ആതുരനാക്കിതീക്കുന്നു. എനിക്കു വ്യാസനേപ്പോലെയുള്ളവർ അടുത്തിരുന്നാൽ ആപത്തൊരിക്കലും അടുക്കയില്ലെന്നു നിശ്ചയം ഉണ്ടു്. "ആരറിഞ്ഞു വിധിമതം"—"ആകട്ടേ' ചെന്നസംഗതി മുഴുവനും കണ്ടതുപോലെ പറയൂ. പകൽ അധികം ശേഷിച്ചിട്ടില്ല; ശീഘ്രം, ശീഘ്രം" എന്നു സംഭ്രമത്തോടു് പറഞ്ഞു.

വ്യാസൻ:—പ്രഭോ. സംശയം വേണ്ട. കണ്ടു. പറഞ്ഞതെല്ലാം വാസ്തവമാണു്. ഊഹം ഒരുവിധം ശരിപ്പെട്ടു. സമയം ഒന്നും പിഴച്ചിട്ടില്ല. വ്യാഴൻ തെളിഞ്ഞുവരുന്നു. ശുക്രനു് മൌഢ്യവും, ബുധനു് അസ്തമനവും കൂടി അടുത്തിട്ടുണ്ടു്. ഈ വയററാളിക്കു വയറു കടി പിടിച്ചു. ഞാൻ വേലയും തൊഴിലുമില്ലാഞ്ഞിട്ടല്ല രാജസേവയ്ക്കു് തുനിഞ്ഞതു്. നമ്മുടെ പ്രജകൾക്കു കൂറുമുഴുവൻ കുലംബേശ്വരനോടാണു്. മന്ത്രി ചോളനെ സ്നേഹിച്ചും, നമ്മോടു് മോടി നടിച്ചും നടന്നു. കുട്ടിയേ വട്ടത്തിലാക്കിയതും, നാടു വിട്ടോടിച്ചതും ശനിഗ്രഹമല്ല. ഇതെല്ലാം മന്ത്രിയുടെ തന്ത്ര യന്ത്രത്തിൻെറ തിരിച്ചിലാണെന്നു് നാം മനസ്സിലാക്കാഞ്ഞതു് അഭിമാനക്ഷയം തന്നെ. പാൎശ്വവൎത്തികളായ പൃഥിവീപാലകന്മാർ സ്വാൎത്ഥപരന്മാരാണെന്നുള്ളതു ലോകപ്രസിദ്ധമല്ലയോ? മലനാടും ചോളനാടും കൊളമ്പുദേശവും നമുക്കു സ്വന്തമാക്കണം. നമ്മുടെ സൈന്യാധിപൻ സേനകളെല്ലാം സജ്ജമാക്കിക്കഴിഞ്ഞു. കോട്ടകളും കൊത്തളങ്ങളും കേടുപാടുകൾ തീൎന്നിരിക്കുന്നു. ഖജനാവിനു് ബലമായ കാവലുണ്ടു്. കല്പന കിട്ടിയാൽ പെരുമ്പട പുറപ്പെടും. ഭടന്മാരുടെ പൌരുഷം പോരിൽ വെളിപ്പെടുത്തുന്നതു നിശ്ചയമല്ലയോ? വൎഷം തുടങ്ങിയാൽ നമുക്കു മലനാട്ടിൽ കാലു് കുത്താൻ കഴി

യുകയില്ല. അപ്പോൾ ശത്രുക്കൾ സംഘബലത്തേയും സമയാനുകൂല്യത്തേയും സ്വാധീനമാക്കും. നമ്മെ സഹായിക്കാൻ നാല്ക്കാലികൾ കൂടി മടിച്ചു തുടങ്ങും. വൃഥാനു വേലയും വേണ്ടെന്നു് വയ്ക്കേണ്ടിവരും. വല്ലതും ചിന്തിച്ചുകൊണ്ടു് വന്നവരെ കൂടി വിഷമിപ്പിക്കുന്നതു വലിയ സങ്കടമാണു്. അങ്ങനേയാണെങ്കിൽ ഞാനും നാടു വിട്ടോടാൻ വിചാരിച്ചു കഴിഞ്ഞു.

നന്മ തിന്മകൾ അറിയുന്നവരിന്നു ചുരുങ്ങും. രാജസേവകന്മാൎക്കാൎക്കലും മനഃസുഖമുണ്ടായിരിക്കയില്ല. മിട്ടുക്കു നടിച്ചു കാട്ടുകേററം കാട്ടുന്നവരുടെ കഥ പഠിത്തമുള്ളവൎക്കു രുചിക്കുന്നതാണോ? അഭിമാനവും പൌരുഷവും പരായത്തമാക്കി തീൎക്കുന്നതു് പോരാത്ത കാലത്തിൻെറ പ്രാരംഭ ഘട്ടമെന്നാണു് എൻെറ വിശ്വാസം. ഞാൻ വിദേശയാത്രചെയ്തു വിശേഷ വാൎത്തകളേയും, ബുദ്ധിശക്തി പ്രയോഗം കൊണ്ടു് രാജ്യകാൎയ്യ നിർവഹണത്തേയും സ്വാധീനമാക്കി. ആൎക്കാനു മോക്കാൻ കഴിയാത്ത വഴികൾ എന്നെ സഹായിച്ചു. "നല്ലതുവരട്ടെ". എന്നു ദൈവം എന്നോടു അരുളി. പോകേണ്ട സ്ഥലങ്ങളെല്ലാം പരിശോധനയ്ക്കു പ്രത്യക്ഷങ്ങളായിവന്നു. വിപക്ഷരും സ്വപക്ഷം വെടിഞ്ഞിവനോടു അടുത്തു. ചോളനു് എന്നോടു വേണ്ടുവോളം കൂറുണ്ടു്. കുളംബേശ്വരൻ ആൾ മാററാട്ടക്കേസിലിവനെ പിടിച്ചില്ല. കോലത്തു രാജാവു് കോളു കണ്ടിരിക്കുന്നു. വേണാട്ടുരാജാക്കന്മാർ വേദാന്ത വിചാരങ്ങളാൽ വിനോദിച്ചിരിക്കുന്നു. നമ്മുടെ ശത്രുവായ കുളംബേശ്വരൻ കേരളം പിടിച്ചടക്കാൻ ഭാവിക്കുന്നുണ്ടു്. അധികം താമസിയാതെ ചേരൻെറയും ചോളൻെറയും സഹായം അവൻ സമ്പാദിക്കും. യുവരാജാവും കേരളത്തിലുണ്ടു്. ഇതൊക്കെയാണു് വിശേഷങ്ങൾ. ഊഹം മുഴവനമൊത്തുപോയില്ലയോ? ഇനി നാം നിസ്സാര സംഗതികളെ തുണാക്കിയും ദുശ്ചിന്തകൾക്കു അടിമപ്പെട്ടും മൌനം ദീക്ഷിച്ചും സമയം വ്യയം ചെയ്യുന്നതു യോഗ്യമല്ല. കാലമറിഞ്ഞു പ്രവൎത്തിച്ചില്ലെങ്കിൽ നിലയില്ലാതെ വലഞ്ഞു കഴക്കേണ്ടിവരും. ഭവാൻ ഇപ്പോഴെങ്കിലും വിചാരം കളഞ്ഞാൽ കൊള്ളാം. കൎത്തവ്യമോൎക്കാഞ്ഞാൽ മൎത്ത്യത്വം കൊണ്ടുള്ള ഫലം എന്തു്? ഞാനെ

ന്റെ ഊന്നു വടി നീട്ടിക്കഴിഞ്ഞിരിക്കുന്നു. മധുരമീനാക്ഷി നമ്മെ സഹായിക്കും. യുദ്ധത്തിൽ ശത്രുനാശവും നമുക്കു വിജയശ്രീയും സിദ്ധമാണെന്നു തീർച്ചയായും പറയാം.

പാണ്ഡ്യൻ:—ഭേഷ്, വ്യാസന്റെ വാക്കുകൾ എന്നെ വിചാരസോപാനങ്ങളിൽ പ്രവേശിപ്പിച്ചു കഴിഞ്ഞു ഇപ്പോൾ എനിക്കു സീമാതീതമായ സന്തോഷം ഉള്ളിൽ തോന്നിവരുന്നു. പ്രതാപസൂൎയ്യന്റെ വിശേഷശക്തി വെളിപ്പെടുന്നുണ്ട്. അങ്ങ് എന്റെ മനോഗതാ അറിഞ്ഞിരിക്കുമല്ലൊ? ശേഷംകൂടി വേഗം പറയാം.

വ്യാസൻ:—ബലാൽ പ്രായഭേദംകൂടാതെ നമ്മുടെപ്രജകളെയെല്ലാം പട്ടാളത്തിൽ ചേൎക്കണം. കോട്ടകളിലൊക്കെ കൂടുതൽ സൈന്യങ്ങളെ പാൎപ്പിക്കണം. സാഗരസദൃശമായ സേനാവ്യൂഹങ്ങളോടുകൂടി താമസിയാതെ യുദ്ധത്തിനു പുറപ്പെടാനും കല്പിക്കണം. വീഥികൾ തോറും യുദ്ധവിളംബരം മുഴക്കണം. നമ്മളും യാത്രയ്ക്കുവേണ്ട ഒരുക്കങ്ങൾ ചെയ്തുകൊള്ളണം.

പാണ്ഡ്യൻ:—ഇതൊക്കെ വേഗം സാധിപ്പിക്കാം. അങ്ങു എനിക്കു എങ്ങും തുണയായി നിൽക്കുമല്ലോ. എന്നാൽ ഞാൻ ശത്രുക്കളെ തൃണവൽഗണിച്ച് യുദ്ധമുഖത്തിൽ മേഘനാദനെപ്പോലെ യുദ്ധമുറകളോരോന്നും കാണിയ്ക്കും. പ്രതിപക്ഷികൾ എന്നെ കാലനെന്നു പേടിച്ചു പോകും. സമന്മാർ എന്നോടുചേരാൻ അപേക്ഷിച്ചുതുടങ്ങും. അപ്പോൾ നമുക്കു സൎവ്വും സിദ്ധമാണെന്നു വിചാരിക്കരുതേ?

വ്യാസൻ:—ഭവാന്റെ ബുദ്ധിശക്തി എന്നെ പ്രോത്സാഹിപ്പിക്കുന്നു. സമയം അതിക്രമിച്ചിട്ടുണ്ടു. കല്പിച്ചതുപോലെ പ്രവൎത്തിച്ചുകാണാൻ കൊതിയുണ്ടാകുന്നു ഇതാ നമ്മുടെ സൈന്യാധിപനായ സോമശേഖരൻ വരുന്നു. എനിക്കു ഗൃഹിണിയോടു ഒന്നു പറവാനുണ്ടു. ഞാൻ കല്പനപ്രകാരം വിദേശയാത്രയ്ക്കുതിരിച്ചപ്പോൾ അവൾ എന്നെ തടുത്തു. ഭൎത്തൃവിരഹം അവൾക്കു അതിദുസ്സഹമാണെന്നു ഞാനറിയും. എങ്കിലും സഹവാസബലത്താൽ ക്ഷമാശീ

ലം വെടിഞ്ഞു. ചിലപ്പോഴം എന്നോട്ട വഴക്കിന്നും അവരം തുടങ്ങും "ഭദ്രകാളി" എന്നു പേരുപറഞ്ഞുപോയാൽ കാളിയ്ക്കു കേളിസ്ഥലം എൻെറ ഫാലദേശവുമായിത്തീരും. കാൎയ്യക്കാരുടെക്രൂട്ടവും കണ്ണിശത്തിലുണ്ടായിരിക്കം. അവരം കൊള്ളികൊണ്ടോ, മുള്ളുവാക്കുകരംകൊണ്ടോ ഉള്ളംപൊളിയ്ക്കാൻ ഒട്ടുംമടിയ്ക്കയില്ല, പ്രതിക്രിയയ്ക്കുഭാവിച്ചാലുടൻ പാഞ്ഞെടുത്തു ദംഷ്ട്രങ്ങളുടേയും, ക്രൂത്തനഖപങ്ക്തികളുടേയും, ബലാബലങ്ങളറിയിയ്ക്കാതെ പിൻമാറാറില്ല. ഭയം തോന്നുന്നു പോകാതെകഴിയ്ക്കാൻ സാധിയ്ക്കയില്ലാ. നാട്ടുവാൎത്തകളും അവർ അറിഞ്ഞുകൊണ്ടിരിക്കും. പിറേറന്നു പ്രഭാതത്തിലെത്താം. ഇനിയും വെളുപ്പിന്നു പതിമൂന്നുനാഴികയ്ക്കുമാത്രമേ സാവകാശമുള്ളു. ഭവാൻ അത്താഴത്തിന്നെഴുന്നെള്ളാം സൎവ്വവും, സൂക്ഷിച്ചു, ശ്രദ്ധിച്ചുകൊള്ളണം. എന്നാൽ ഞാൻ പോകട്ടെ.

പാണ്ഡ്യൻ:—"അല്പം എഴിച്ചഭാവം നടിച്ചുംകൊണ്ടു ആചാൎയ്യോത്തമ, ആഗ്രഹം സാധിപ്പിക്കു. ഉഷസ്സിലിങ്ങു നിശ്ചയമായും കാണണം. വല്ല പ്രമാദത്തിന്നും ഇടവരുത്താതെ സൂക്ഷിച്ചുകൊള്ളുന്നതു മിടുക്കാണ്. എന്നാലങ്ങനെയാകട്ടെ. എന്നു ഇത്രയും സമാധാനത്തിൽ പറഞ്ഞു. പിന്നെ ആചാൎയ്യൻെറ യാത്ര കഴിഞ്ഞു കാൽ നാഴിക കഴിയുംമുമ്പു പടിയ്ക്കലാരോ നിൽക്കുന്നതുപോലെ പാണ്ഡ്യഭൂപനു തോന്നുകയാൽ ഉച്ചത്തിൽ "അവിടെ നിൽക്കുന്നതാരു" എന്നു വിളിച്ചുചോദിച്ചു.

സോമശേഖരൻ:—സ്വാമി ഞാൻതന്നെ.

രാജാവു—സോമശേഖരനാണോ? താനൊരു ഉചിതമുള്ളവൻ തന്നെ. ഞാനിപ്പോഴം നിങ്ങളെ കാണണമെന്നു ആഗ്രഹിച്ചിരിക്കയായിരുന്നു. ഇതു ഒരുശുഭ സൂചകമാണ്. നല്ല സമയത്തിൽ എത്തിയതു ഉപകാരമായി. നമ്മുടെ നാട്ടുവാൎത്തകളെല്ലാം നിങ്ങളും അറിഞ്ഞിരിക്കും എന്നു വിശ്വസിക്കുന്നു. ഇന്നു കോട്ടകളുറപ്പിച്ചിട്ടുള്ളതും, കൊത്തളങ്ങരം

കോട്ടപാട്ടകൾ തീൎന്നിരിക്കുന്നതും, കോശാഗാരം പൂൎണ്ണവും നായകന്മാരുടെ സൂക്ഷ്മദൃഷ്ടിയിലും ആയിരിക്കുന്നതും, സൎവ ഥാ ശ്ലാഘനീയമായിത്തീൎന്നിരിക്കുന്നു. എന്നിയ്ക്കു നിങ്ങളുടേയും സൈന്യങ്ങളുടേയും സഹായംകൊണ്ടു സാധിക്കാത്ത കാൎയ്യമെന്താണുള്ളതു്. പക്ഷെ ശത്രുക്കൾ നമ്മെ ചതിക്കും. ചോളനും കുളംബേശനും കൂടി തമ്മിൽ ഗൂഢാലോചനകൾ നടത്തുന്നുണ്ടു്. മൂർഖനായ മാനസാരൻ അതിനു് മദ്ധ്യസ്ഥനായി നിൽക്കുന്നു. പൌരന്മാരും യുവരാജാവിനെ സ്നേഹിക്കയാൽ എന്നെ വെറുക്കുന്നു. കുട്ടികേരളാധിപനായ ചേരനെ അഭയംപ്രാപിച്ചിരിക്കയാണു്. ചോളനും നമ്മെ ആക്രമിക്കാൻ അവസരം പ്രതീക്ഷിച്ചിരിക്കയാണല്ലോ? എല്ലാംകൊണ്ടു നമുക്കു ആപത്തുവരാനിടയുണ്ടു്. സംഘബലത്തോളം സമരത്തിനു സഹായം മറെറാന്നുമില്ലെന്നുള്ളതു് അനുഭവമാണല്ലോ? ഈ കാരണങ്ങളാലിന്നു നമ്മുടെ പട്ടണത്തിലുള്ള പുരുഷന്മാരെയെല്ലാം വയഃക്രമം വിട്ടു സൈന്യത്തിൽ ചേൎപ്പിക്കണം. വീഥികൾതോറും വിളംബരം ചെയ്യാൻ വീരമണിത്തലവനെ അയച്ചിരിക്കുന്നു. നമുക്കു കൊളംബിലേക്കു പുറപ്പെടാൻ ഞായറാഴ്ച കൊള്ളാമെന്നു ദീക്ഷിതർ പറയുന്നു. ചോളരാജാവു കോലഭൂപനോടു വഴക്കു തുടങ്ങിയിരിക്കയാണു്. ചേരനും കോലഭൂപനായ കേരളനെ സഹായിക്കാൻ ചെല്ലും. ചോളനോ ചേരനോ യുദ്ധം കഴിഞ്ഞാലുടൻ പാണ്ടിയിലും പാഞ്ഞേറുമെന്നു തോന്നുന്നു. നമ്മുടെ സ്ഥിതിഗതികളെല്ലാം അമരഭുജംഗനും ചേരനെ മനസ്സിലാക്കിയിരിക്കുമല്ലോ. നിങ്ങൾ വരുന്ന ഞായറാഴ്ച തന്നെ രണ്ടായിരം കാലാൾപടയും ആയിരം കപ്പൽപടയും കൊണ്ടു കൊളമ്പിലേയ്ക്കു പോകണം. ഞാൻ പട്ടാണിപ്പടകളുടെ സഹായം സമ്പാദിച്ചുകൊള്ളാം. പാണ്ഡ്യന്റെ പ്രതാപം സുപ്രസിദ്ധവും ഭയജനകവുമാണെന്നു പ്രതിപക്ഷികളറിഞ്ഞുകൊള്ളുന്നതിനു, ഞാൻ തന്നെ സൈന്യാധിപത്യം വഹിക്കാൻ നിശ്ചയിച്ചിരിക്കുന്നു. സമയം പിഴയ്ക്കാതെ ശത്രുക്കളുടെ നിലയും മറവുമറിഞ്ഞുവരാൻ അരുണാചലം പുറപ്പെട്ടിട്ടുണ്ടു്. നിങ്ങൾ വഴിയിൽ കാണുന്നവരേയും കുഴികളിലൊളിച്ചിരി

ക്കുന്നവരേയും കൂടി കണ്ടുപിടിച്ചു പട്ടാളത്തിൽ ചേക്കണം. നമുക്കു ശത്രുത കാണിക്കുന്നവരെ കാലവിളംബം കൂടാതെ ചുട്ടുകളയാം. ആയുധങ്ങൾക്കെല്ലാം മിനുസവും മൂച്ചയും കൂട്ടണം. ചതുരംഗപ്പടകൾക്കുള്ള പടക്കോപ്പുകളെല്ലാം ഒന്നു പുതുക്കണം. കൊളംബിലെ സംഗതി മുഴുവനും സ്വന്തം മനസ്സുപോലെയും, സമയോചിതം പോലെയും പ്രവത്തിച്ചുകൊള്ളുന്നതിന് സവ്വാത്മനാ സമ്മതിച്ചിരിക്കുന്നു. എനിക്കു അത്താഴത്തിനു സമയമായിപ്പോയി. സോമൻ വേണ്ടതൊക്കെ നോക്കി പ്രവൃത്തിയ്ക്കൂ. നിങ്ങൾ കൊളംബിലേയ്ക്കു പുറപ്പെടുന്നതിനു എന്നെ കാണണമെന്നില്ല. വിവരമറിയിച്ചുതന്നാൽ മാത്രം മതിയാകും. ഞായറാഴ്ച തന്നെ പുറപ്പെടണം.

സോമശേഖരൻ:—എല്ലാം കല്പനപോലെ ആചരിക്കാം. ഞാനിപ്പോൾ പോകുന്നു-സ്വസ്തി-എന്നു തിരിച്ചു.

പാണ്ഡ്യൻ അത്താഴത്തിനെഴുന്നെള്ളി. അപ്പോൾ പാചകശാലയ്ക്കുസമീപം എന്തോ ചില വാത്തകൾ മന്ദസ്വരത്തിൽ കേൾക്കാനിടയായെങ്കിലും അവ, ശ്രദ്ധിയ്ക്കേണ്ടതില്ലെന്നു തോന്നുകയാൽ തന്നിയ്ക്കായിക്കൊണ്ടു സജ്ജമാക്കിയിരുന്ന പലവിധ ഭോജ്യവസ്തുക്കളുടെ, പാകവൈചിത്ര്യമഹിമയ്ക്കു യോഗ്യത കല്പിക്കാതെ മൌനംപൂണ്ടു കുക്ഷിപൂരണം വരുത്തി. അനന്തരം പതിവുവിട്ടു പരിജനസഹായംകൂടാതെ സ്വന്തം ശയനമുറിയിൽ കടന്നുചെന്നു കപാടം ബന്ധിച്ചു. കാവൽക്കാരും വേലക്കാരും വല്ലാതെ പരിഭ്രമിച്ചു. പത്നിയും പുറകെത്തിരിച്ചു. പരിജനം പങ്കാവുവലിയ്ക്കാനും തുടങ്ങി. അപ്പോൾ രാജാവു ശയ്യയെ ശരണമാക്കിത്തീത്തിരുന്നു. വെളിച്ചം നാലുവശത്തും പ്രകാശിച്ചുകൊണ്ടിരുന്നു, എങ്കിലും അന്തരിന്ദ്രിയം ബാഹ്യേന്ദ്രിയങ്ങളുടെ പ്രവൃത്തികളെ ബലമായി തടഞ്ഞിരുന്നു. പക്ഷെ അതു സ്വപ്രവൃത്തിക്കു വിഘ്നമാകാതെ വിവിധചിന്തകളാൽ വിളങ്ങിക്കൊണ്ടിരിക്കയാൽ രാജാവിൻെറ തല്ക്കാലസ്ഥിതിക്കു സഹായമായി തന്നെ ഭവിച്ചു. പാരിടംമുഴുവനും പരന്നിരുന്ന ക്രൂരിരുൾ നിദ്രാദേവിയെ സന്തോഷിപ്പിച്ചുഎങ്കിലും നിദ്രയ്ക്കു അരചനെമാത്രം

സ്വാധീനമാക്കാൻ സാധിച്ചില്ല. പരമാൎത്ഥമോൎത്താൽ ചില പ്പോഠം അരചൻ മഞ്ചംവിട്ടു ഭൂതലം ശരണമാക്കിയും, പലപ്രാവശ്യം ഞെട്ടിയുണൎന്നു ഉന്മത്തനായി നടന്നും, വീണ്ടും മഞ്ചമാശ്രയിച്ചു കിടന്നുരുണ്ടും, സമയദൈൎഘ്യത്തേയും, നിശാദേവിയുടെ നൈൎഘൃണ്യവുമോൎത്തു് പല്ലുകഠം തമ്മിൽ കട-പട-കടിച്ചും കേശപാശത്തെ നഖപരാമൎശത്താൽ ഭസ്നേഹിച്ചും "പാണ്ഡ്യനുണ്ടോ പരാഭവം" എന്നു കൂടെക്കൂടെ പുലമ്പിയും ശത്രുപൌരുഷത്തെ ചിന്തിക്കുമ്പോഴെല്ലാം സ്വയം മൂൎഛിച്ചും, കണ്ണീരൊഴുക്കിലുണൎന്നും കാളരാത്രിയെ മിത്രമാക്കിതീൎത്തു. എന്നാൽ പിന്നത്തെ പ്രഭാതം വന്ദികളുടെ സ്തുതിപാഠപദ്ധതിയിലാണവസാനിച്ചതു്.

---

## അദ്ധ്യായം ൯.

വ്യാസന്റെ വിശേഷബുദ്ധി.

രാജഗൃഹംവെടിഞ്ഞ വ്യാസാചാൎയ്യൻ ഭവനവൃത്താന്തവിശേഷമോരോന്നുമോൎത്തും; ഭാവിയെ ഫലപ്രദമാക്കിത്തീൎക്കാനോരോന്നു ചിന്തിച്ചും സ്വബുദ്ധിശക്തിയുടെ മാഹാത്മ്യത്തെ എണ്ണിത്തിട്ടപ്പെടുത്തിയും വഴിക്കുള്ള ദൈൎഘ്യം കുറയ്ക്കുന്നതിന്നു സ്വന്തം കാലിന്നു നീളം കൂട്ടിക്കിട്ടിയാൽ കൊള്ളാമെന്നു വിധിയോടു സങ്കടം ബോധിപ്പിച്ചും പാഞ്ഞു നടന്നു. വഴിയാത്രയ്ക്കു് പൂൎവ്വപുണ്യപദവിയെ പ്രകാശിപ്പിയ്ക്കുന്ന സൂക്ഷ്മതാരങ്ങളും, നവഗ്രഹങ്ങളും മൂങ്ങതുടങ്ങിയ പക്ഷികളും, കാടൻ മുതലായ മൃഗങ്ങളും, കാളീപ്രഭൃതികളായ നിശാദേവതകളും ആചാൎയ്യനെ തുണച്ചു. വയഃക്രമം വിട്ടു വിലസുന്ന ചക്ഷുസ്സുകൾ മോഹാന്ധതമസ്സിന്റെ മഹിമയെ തീരെ മാനിച്ചിരുന്നില്ലെന്നു നിങ്ങളാരും അഭിമാനിയ്ക്കേണ്ടാ; എന്നാൽ വിപ്രൻ സ്വന്തം വടികുത്തി വഴിയുടെ നീളം നിൎണ്ണയിസ്ക്കാനാരംഭിച്ചപ്പോൾ തനിക്കു നാലുനാഴികസമയത്തിന്നു നാലുഫർലാങ്ങുദൂരം നടക്കാൻ നിശ്ചയമായും കഴിയുമെന്നു് കണക്കുകണ്ടു. ഗണിതശാസ്ത്രത്തിലുള്ള പഴമപരിചയം പരിശോധിച്ചറിഞ്ഞ പുരുഷശ്രേഷ്ഠന്റെ പുറകെ പലരും വന്നുകൊണ്ടിരുന്നെങ്കിൽ പക്ഷെ കണക്കിനു പിശകുവരുമായിരിയ്ക്കാം. പരമാൎത്ഥമാലോചിച്ചാൽ അന്നു കണക്കുകുറിച്ചെടുക്കാൻ അടുക്കലാരുമില്ലാതിരുന്നതു ആചാൎയ്യന്റെ ആലോചനക്കുറവുകൊണ്ടാണെന്നു നിങ്ങൾ വിചാരിച്ചുപോകരുതു്. "പലരുടേയും പ്രീതിയ്ക്കു പാത്രീഭവിച്ച പരമാൎത്ഥി പലരോടുമാലോചിച്ചൊന്നും പ്രവൃത്തിക്കാറില്ലാ", എന്നുപറഞ്ഞാൽ പലരും തന്നെ പക്ഷമാക്കി വയ്ക്കുന്നനിലയ്ക്കു ഭംഗംപററാനിടയാകുമല്ലോ; അഥവാ ഫലഭാഗപാഠം ഫലിതത്തിലല്ലെന്നു പറയുമല്ലോ; എന്നിങ്ങനെയുള്ള ദുശ്ചിന്തകളാണു അദ്ദേഹത്തെ വിഷമിപ്പിച്ചതെന്നു് വിശ്വസിക്കയാണു ന്യായം. "പാവം" വളരെ പണിപ്പെട്ടു നിശാവസാനത്തിന്നു ഒന്നേകാൽ നാഴികയുള്ള

പ്പോൾ പുരാതനകുടുംബഭവനത്തിന്റെ പടിവാതുക്കലെത്തി നടന്നുകുഴഞ്ഞും, ഉറക്കെവിളിച്ചും, ഭയങ്കരസത്വങ്ങളെകണ്ടു ഭയന്നുമിരിക്കുന്ന വൃദ്ധൻ, സ്വപത്നിയെ ഉണർത്താനായി തന്റെ ഊന്നുവടിയുടെ പൃഷ്ഠഭാഗംകൊണ്ടു പുരവാതലിന്റെ കതകിലൊന്നിലധികംപ്രാവശ്യം ചില ശബ്ദവിശേഷങ്ങളെ വ്യക്തമാക്കാതിരുന്നില്ല. സ്വപ്രവൃത്തിയുടെഫലം തെററിവന്നതിൽ പശ്ചാത്തപിക്കാതെ സ്വന്തം മനഃസ്സാടുകൂടി "മേനകെ, രംഭേ, കാളീ മുതലായ ചില പദങ്ങളേയും വിവിധസ്വരത്തിൽ ഉറക്കെ പറയേണ്ടിവന്നു. സാധുവല്ലാതെയായി. പത്നിയും വീട്ടിനകത്തു ഉണർന്നിരിക്കയായിരുന്നു, എങ്കിലും അവൾക്കുള്ള വിചാരങ്ങൾ അല്പം പറയാഞ്ഞാൽ വലിയ പാപമുണ്ടാകയില്ലയോ എന്നു ഭയപ്പെടുന്നു. "പുരുഷൻ" പുറപ്പെട്ടുപോയിട്ടു മാസം മൂന്നു തികഞ്ഞിരുന്നു. ശനിപ്പിഴയുടേയും കുജചാരത്തിന്റേയും ഫലങ്ങളാണു ഭർത്തൃവിരഹത്തിന്നു കാരണമെന്നു ജാതകപരിശോധനകൊണ്ടു മനസ്സിലാക്കിയിരുന്നു. ജന്മപത്രികയിൽ വ്യാഴത്തിന്റെനിലയ്ക്കു നീചവും ശുക്രനു മൌഢ്യത്തിനാരംഭവും നല്ലതിന്മണ്ണം സിദ്ധിച്ചിട്ടുണ്ടു്. സപ്തമാഷ്ടമഭാവങ്ങൾക്കു് ബലക്കുറവും പാപദൃഷ്ടിയും പൂർണ്ണമായിരുന്നു. വിവാഹാവസരം ഭർത്തൃമാതാവു—"ഇതിനെങ്കിലും വൈധവ്യംവന്നുകാണാൻ എനിക്കു ഭാഗ്യമുണ്ടായാൽ മതിയായിരുന്നു" എന്നു ആശീർവ്വദിച്ചതും അവളുടെ ഓർമ്മയിലില്ലാതിരുന്നില്ല. പരപുരുഷസേവയ്ക്കു പ്രസിദ്ധി നേടിയ പുരുഷൻ പരാന്നംകൊണ്ടു തൃപ്തനായിതീരുന്നതും പതിവാണു. പാപപുണ്യങ്ങളുടെ ബലാബലങ്ങൾ പറവാൻ ആ പണ്ഡിതനു പഠിത്തംകൂടും. പരനെ വഴിപിഴപ്പിക്കാനുള്ള തന്ത്രങ്ങളെല്ലാം അദ്ദേഹത്തിനു സ്വതസ്സിദ്ധമായിരുന്നു. വയസ്സു അറുപത്തൊൻപതുകഴിഞ്ഞിട്ടും അലഞ്ഞുനടക്കാൻ ഒട്ടും മടി തോന്നാത്തവനായിട്ടല്ലയോ തീർന്നിരിക്കുന്നതു്. ഭർത്തൃസുഖത്തിനായി തനിയ്ക്കൊരുജന്മംകൂടി അത്യാവശ്യമാണെന്നു അവൾ ആവശ്യപ്പെട്ടിരിയ്ക്കയാണു്. വീട്ടുവേലയ്ക്കു അമ്മാവി ഉണ്ടെങ്കിലും അടുത്തവീട്ടിലും പടിഞ്ഞാററിലുംഉള്ള സ്ത്രീകളുടെ നിന്ദാവചനങ്ങൾ കേട്ടുകേട്ടു മുഷിഞ്ഞിരുന്നു. വൈകുന്നേരം വീഥിയിൽകൂടി വിനോദിക്കാൻചെല്ലുന്ന ദമ്പതിമാരുടെ നവനവങ്ങളായ

സംഭാഷണചതുരതയും സ്നേഹപാരവശ്യവും, വസ്ത്രധാരണരീതിയും അവൾക്കു സങ്കടത്തെ വർദ്ധിപ്പിച്ചുകൊണ്ടിരുന്നു. 'കിഴവനണിയിച്ച സ്വർണ്ണാഭരണങ്ങളെക്കൊണ്ടു ഭ്രമിച്ചുപോയ സ്വബുദ്ധിയുടെ വിജ്ഞാനശൂന്യതയേയും വിധിയുടെ ഘടനാസങ്കല്പത്തേയും, ചെറുപ്പക്കാരികളുടെ സൂക്ഷ്മദൃഷ്ടിപാതത്തേയും ചിന്തിക്കുമ്പോഴെല്ലാം അവൾക്കു പുനർവിവാഹത്തിനോ, പരസഹായത്തോടുകൂടി നാടുവിട്ടു പുറപ്പെട്ടുപോകുന്നതിനോ മനസ്സിൽ തോന്നാതിരുന്നില്ല; എന്നാൽ സ്വന്തം സൌന്ദര്യത്തെ ശോകാഗ്നിയിൽശോഷിപ്പിച്ചുകൊണ്ടിരിക്കയായിരുന്നു. സാധ്വികൾ ജന്മബന്ധുക്കളേയോ മിത്രജനങ്ങളേയോ കാണുന്നതിനു ഒരിക്കലും സാധിച്ചിരുന്നില്ല. സ്വപ്നസമാനമായ ജീവിതത്തെ എന്നും സന്താപസമുദ്രത്തിൽ നീരാട്ടി പരിശുദ്ധമാക്കിക്കൊണ്ടിരുന്നു. സഹവാസത്തിനോ, സംഭാഷണത്തിനോ, സമാധാനത്തിനോ വീട്ടിലൊരു സന്താനമുണ്ടായിരുന്നാൽ മതിയായിരുന്നു എന്നു കൂടക്കൂടെ ചിന്തിച്ചു ഖേദിക്കാറുണ്ട്. ഭഗവാൻ ആ ഭാഗ്യവും അനുഗ്രഹിച്ചിരുന്നില്ലാ. സുന്ദരി എങ്ങനെ സമാശ്വസിക്കും? പകലും രാത്രിയും നിദ്രയ്ക്കു അവകാശം അനുവദിച്ചിട്ടുണ്ടായിരുന്നെങ്കിലും ചിന്തകൾ അതിനു പ്രതിബന്ധങ്ങളായി വിളങ്ങിക്കൊണ്ടിരുന്നു. ഇതെല്ലാമാലോചിക്കുമ്പോൾ ബ്രാഹ്മണജാതിയിലുള്ള വിവാഹനിബന്ധനകളാശ്വാസപ്രദങ്ങളല്ലെന്നു നിങ്ങൾക്കു തോന്നുമല്ലോ കാളി കോപാധിക്യത്തോടു തുള്ളിയെഴിച്ചു വൈരാഗ്യസൂചകങ്ങളായ ചില വ്യത്ഥവാക്കുകളുച്ചരിച്ചുംകൊണ്ടു കതകു തുറന്നെന്നുമാത്രം പറയാം. അതു വൃദ്ധന് വലിയ സമാധാനമുണ്ടാക്കിത്തീർത്തു. വീട്ടിനകത്തു് വെളിച്ചം തെളിഞ്ഞിരുന്നില്ല. വടിയുടെ സഹായം വീട്ടിനകത്തു കടന്നുചെല്ലാൻ അനുകൂലിച്ചു. പരിചാരികയും സ്വമാതാവും പതുങ്ങിക്കളഞ്ഞു. പരിശോധനയിൽ പത്നിയെപോലും പ്രത്യക്ഷപ്പെടുത്താൻ കഴിഞ്ഞില്ലാ. വല്ലാതെ വിഷമിച്ചു എന്നു വിശ്വസിക്കുന്നതിനു തെളിവുകളൊന്നുമാവശ്യപ്പെടേണ്ടായിരുന്നു. എങ്കിലുമാചാര്യൻ "എടി, മേനകേ" വിളക്കു തെളിക്കു, ദാസിയെവിടെപ്പോയി? നിനക്കു ഗൃഹഭരണത്തിനുള്ള സാമത്ഥ്യം അതികേമം തന്നെ. കള്ളന്മാരെ ഭയന്നായിരി

ക്കാം സാക്ഷകൾ മുഴവനും ഒന്നിച്ചിണക്കി കതകിന്നെ രക്ഷിച്ചിരിക്കുന്നതെന്നു വിചാരിക്കുന്നു. നാളുകൾ കുറെ കഴിഞ്ഞെങ്കിലും നമുക്കൊരു നല്ലകാലം തുടങ്ങീട്ടുണ്ടെന്നു വിചാരിക്കാൻ വേണ്ട വഴികൾ തെളിഞ്ഞിട്ടുണ്ട്. നിൻെറ ഭാഗ്യമാണിന്ന് എനിക്കൊരു രാജപദപ്രാപ്തിക്കുള്ള ലക്ഷണങ്ങളുടെ യോഗമുണ്ടെന്നു വിചാരിക്കാനിടയാക്കിത്തീർത്തിരിക്കുന്നതു്. കോലം കാണുമ്പോൾ കോപമുള്ളിലധികമാണെന്നു തോന്നുന്നു—

"മോഹനാംഗി, നീ ക്ഷമിച്ചോളു അല്ലെങ്കിൽ എൻെറ മോഹമെല്ലാം വ്യർത്ഥമായിപ്പോകും. വ്യർത്ഥവാക്കുകളോതുന്ന ശീലം വിദ്വാനൊരിക്കലും അഭ്യസിച്ചിട്ടില്ലാ. ഞാൻ വേളി മൂന്നു കഴിച്ചിട്ടും വിനോദമെന്നുള്ളതു മനസ്സിൽ പോലും വെളിപ്പെട്ടത്താറില്ലെന്നു വിശ്വസിക്കണം. വഴക്കു കൂടിയാൽ എളുപ്പം ആളുകൾ കൂടും. അപ്പോൾ കല്പനയ്ക്കുള്ള ഗൌരവം വെളിക്കു വന്നുപോകുമല്ലോ? വേണ്ടാത്ത വാശിയും വെറുപ്പും തുടങ്ങരുതേ". എന്നു ഭാൎയ്യയെ സമാധാനപ്പെടുത്താൻ വിളിച്ചുപറഞ്ഞു.

കാളി:—മതി. മതി. വഴിതെററി വീട്ടിലെത്തിപ്പോയതായിരിക്കാം. ഞാൻ വീടും കൂടും വെറുത്തുകഴിഞ്ഞു. വേണ്ടപ്പെട്ടവരില്ലാഞ്ഞിട്ടല്ലയോ വൃദ്ധനെ വരിക്കാനിടയായതു്. നാട്ടിലുള്ളവരെല്ലാം എന്നെ പരിഹസിക്കുന്നു. വൃദ്ധനോടു വിനോദിക്കുന്ന വിദൂഷിയെ വെറുക്കുന്ന പ്രകൃതം നിങ്ങൾക്കു യോജിച്ചതുതന്നെ. രാജസേവയ്ക്കുപോയാൽ ജന്മസാഫല്യം സിദ്ധിക്കുമെന്നാണല്ലോ ഭാവം? കാലം പാടെ മറിഞ്ഞിരിക്കുന്നതും ഇവളറിഞ്ഞിരിക്കയില്ലെന്നു വിചാരിക്കുന്നതു് വിശ്വാസക്കുറവുകൊണ്ടാണെന്ന് വൃദ്ധനു തോന്നാത്തതു വലിയ കഷ്ടമായിപ്പോയി. എൻെറ സ്വഭാവവും സ്ഥിതിയും ഇവിടെ വരുന്നവരും, വലിയവരും വഴക്കുകാരുമൊന്നുപോലെ അറിഞ്ഞിട്ടുണ്ട്. "മന്ത്രി, ജോലി രാജിവച്ചതും രാജകുമാരനോടിടഞ്ഞുപോയതും വൃദ്ധൻെറ മന്ത്രശക്തിയാലാണെന്നു ലോകർ വിളിച്ചു പറയുന്നു. വേണ്ട കാൎയ്യങ്ങളിൽ വാസന കുറഞ്ഞും, വഞ്ചനാവിഷയങ്ങളിൽ വിജ്ഞാനമേറിയും, കാലത്തിനൊത്തവണ്ണം വേഷം കെട്ടിയും,

ഘാതകനെ സ്നേഹിച്ചും കുലധൎമ്മം വെടിഞ്ഞും ആത്മാഭിമാനം കളഞ്ഞും, ബന്ധുജനത്തെ വിരോധിച്ചും, ആശയ്ക്കു ടിമപ്പെട്ടും അടുത്തവരെ ചതിച്ചും, ആലോചനകൂടാതെ അങ്ങുമിങ്ങും അലഞ്ഞുനടന്നും ആ ചാൎയ്യൻ വരുന്നുണ്ടെന്നു ആബാലവൃദ്ധമാഘോഷിക്കുന്നു. നാട്ടുവഴക്കു നമ്മുടെ നാശത്തിനും കാരണമാണല്ലോ. ദുൎജ്ജനസംസൎഗ്ഗം ലോകനിന്ദയെ സഹായിക്കുമെന്നു തോന്നുന്നില്ലല്ലോ ചൊല്ലുമ്പോളെല്ലാമെന്നെ കൊല്ലാൻ വരുന്നു. സൃഷ്ടിയെ വെറുത്തു പ്രേതലോകവാസംകൊണ്ടു വിനോദിക്കാൻ ആരംഭിക്കുന്നതു ഒന്നുകൊണ്ടും യോജിച്ചതല്ല. പതിയെന്ന പേരെനിക്കും പരമഘാതകനെന്ന നാമം നിങ്ങൾക്കും മാത്രമായി തീൎന്നിരിക്കുന്നതും നന്നല്ല. നാളെത്ര കഴിഞ്ഞു. നേരമെന്തു തുലഞ്ഞു. നിനവെല്ലാമെങ്ങനെ അവസാനിച്ചു. ഇതെല്ലാമറിഞ്ഞവനെന്നിൽ അല്പം എങ്കിലും സ്നേഹമുണ്ടെങ്കിൽ അല്പായുർയോഗമെനിക്കു സങ്കല്പിക്കാതിരിക്കുമോ? അമ്മയും ചത്തു. അപ്പനും വെറുത്തു. സഹോദരങ്ങളും അകന്നു എനിക്കുള്ള സങ്കടങ്ങളാരറിയും? ദൈവമേ ഞാനെന്തുചെയ്യും? എവിടെ പോകും? എന്റെ സങ്കടംതീൎത്തു രക്ഷിപ്പാനാരുണ്ട്? അയ്യോ! അല്പനിമിഷംപോലും ജീവിച്ചിരിക്കണമെന്ന് തോന്നുന്നില്ലല്ലോ. ഇപ്പോൾ പക്ഷികൾ സ്വന്തം കൂട്ടകളിലിരുന്നുംകൊണ്ടു ഇണചേൎന്നു പ്രഭാതത്തെ പുകഴ്ത്തുന്നു. കുക്കുടങ്ങൾ ബ്രഹ്മാണ്ഡകടാഹം മുഴുവൻ കൊ-കൊ ശബ്ദത്താലുണൎത്തുന്നു. അന്ധകാരം ആകാശമണ്ഡലമൊഴിഞ്ഞുകൊടുക്കാനാലോചിക്കുന്നു. അരുണൻ ആദിത്യന്റെ ആഗമനത്തെ സൂചിപ്പിക്കുന്നു. രാത്രിഞ്ചരന്മാർ താവളമുറപ്പിക്കാൻ അങ്ങുമിങ്ങും ഓടിനടക്കുന്നു. നാല്ക്കാലികളും സ്വാതന്ത്ര്യലബ്ധിക്കു നയവചനം തങ്ങളുടെ നായകന്മാരെ അറിയിക്കുന്നു. "മനുഷ്യജന്മം മാനിക്കുന്നവൎക്കു മാനുഷീഭാവം മൃഗജന്മത്തേക്കാൾ മോശവും വൈരാഗ്യജനകവും ആയിത്തോന്നട്ടേ" എന്നിങ്ങനെ തന്നത്താനെ സ്വരവൎണ്ണഗാനം മാനസതന്ത്രിയിൽകൂടി ലയിപ്പിച്ചുകൊണ്ടു കരയാനാരംഭിച്ചു.

ആചാൎയ്യൻ:—മൌനംവിട്ടു മേനകേ, നീ കരയാൻ പാടില്ല. സന്തോഷിക്കേണ്ട കാലത്തിൽ സന്താപംകൊണ്ടു സങ്കടപ്പെടുന്നതു തീരെ സമ്മതിക്കാവുന്നതല്ല. സൎവ്വവിധത്തിലുമെനിക്കു ശോഭനഫലങ്ങൾ സിദ്ധിച്ചുകഴിഞ്ഞിരിക്കുന്നു. നിന്നെ നല്ലൊരു രാജപത്നിയാണെന്ന് നാളു നാലുകഴിയുമ്പോൾ ആളുകൾ പറഞ്ഞുതുടങ്ങും. "ഇതാണു രഹസ്യം' എന്നു എന്തോചിലതൊക്കെ ചെവിക്കു പറയാൻ ഭാവിച്ചപ്പോൾ പിൻവശത്തുനിന്നും പട്ടാളക്കാർ വൃദ്ധന്റെ പിടലിയ്ക്കുപിടിച്ചു. "പാവം" പരിഭ്രമിച്ചു-നോക്കി-പട്ടാളക്കാരെകണ്ടു പേടിച്ചു വിറച്ചു.

അധികാരി:—എടോ ഹന്നെ-താൻ ഇയാളെ നമ്മുടെ പാളയസ്ഥലത്തു കൊണ്ടുചെന്നു "കാനേഷുമാരി കണക്കിൽ കുറവുവന്നതു ശരിയായോ" എന്നു ജനനമരണകണക്കിനോടൊത്തുനോക്കാൻ പറയൂ; ഞാനിതാവരാം. ചിലവിന്റെടുത്തപണത്തിൽ മൂന്നുശേഷിച്ചിട്ടുണ്ട്. ഇതും ചങ്ങാതി പാപ്പന്റേതാണ്. ഇപ്പോളൊന്നു മോന്തിയില്ലെങ്കിൽ പിന്നെ————പിന്നെ—

ശിപായി:—യജമാൻ ഉത്തരവ്.

വൃദ്ധൻ:—എന്താ പ്പിള്ളെ എന്നെ പിടിച്ചുവലിക്കുന്നതു്. പട്ടാളക്കാൎക്ക് എന്നെ പഴക്കമില്ലയോ? അരചനുടയ ആചാൎയ്യനാക്കുമെൻറ അറിയാതോ? നിങ്കളുടയ അധികാരം ആളറിഞ്ചല്ലവാ വേണ്ടിയ്തു. അയ്യൊയ്യാ പടിപ്പില്ലാത്തവരല്ലവാ പട്ടാളക്കാർ. നാൻ എന്നചെയ്യേൻ. എന്നൈ വിട്ടുവിടു. അരചനോടു ചൊല്ലുവേൻ. ആജ്ഞൈ ഉങ്കളൈ തുലച്ചുപോടും.

ശിപായി:—അതവട്ടെ ആലോചിക്കാം. പട്ടാളക്കാൎക്ക പഠിപ്പില്ലെന്നു കണ്ടുപിടിച്ച പണ്ഡിതനെ ഞാനറിയും. പിട്ടോ

ന്നും പറയേണ്ട. മിണ്ടാതെ നടന്നാൽമാനം, അല്ലെങ്കിൽ ...........പിടിക്കും, പരുങ്ങേണ്ടാ. നടക്കൂ. എന്നു പിടലിക്കു ബലപ്പിച്ചു.

ആചാൎയ്യൻ:—വേണ്ടാം വേണ്ടാം വരേൻ വേദനയധികം. വയസ്സുകാലമാക്കും. ഒങ്കപ്പാവും നാനും രൊമ്പ പരിചയം. പിള്ളെ എന്നൈ വിട്ടുവിടു.

ശിപായി:—പറയുന്നതു കേൾക്കു. വേഗം നടക്കണം. വഴക്കു പിന്നീടാവാം. തിന്നുന്ന ചോററിനു നന്ദികാണിക്കണം. ഞങ്ങളുടെ അധികാരമല്ലാ, രാജകല്പനയാണിതു്.

ആചാൎയ്യൻ:—എന്നേയും കൂടിഃയാ?

ശിപായി:—അതെന്തോ; ആജ്ഞയ്ക്കു് ആൾഭേദമൊന്നും അടയാളപ്പെട്ടുത്തീട്ടില്ല. അധികാരിവന്നാലാപത്തു്. ഒന്നും ആലോചിച്ചിട്ടാവശ്യമില്ല. ഞാൻ എന്റെ വേല നോക്കേണ്ടതാണു്; എന്നു സ്വന്തം മീശയ്ക്കുമുറുക്കുതുടങ്ങി.

ആചാൎയ്യൻ:—അത്യധികം ഭയാകുലനായി താൻ പത്നിയോടു പറയാനാരംഭിച്ചതോൎത്തു പതറിയും, പലവിധചിന്തകളാൽ ഭാവിയെ പൂൎണ്ണിച്ചും, പത്നിയുടെ വൈധവ്യയോഗവ്യഥയ്ക്കു വഴികൊടുത്തും, മാതൃശാപം മനസ്സിലോൎമ്മിച്ചും, മനുഷ്യജന്മത്തെ വെറുത്തും, സ്വസാഹസകൃത്യങ്ങളെ ഗണിച്ചെട്ടുത്തും ശിപായിയുടെ മുമ്പിലായി നടന്നുകഴഞ്ഞു.

ഇതെല്ലാം കണ്ടുനിന്ന ആചാൎയ്യാണി മൌനമായിരുന്നുവെങ്കിലും ചൊവ്വാദോഷവും ശനിപ്പിഴയും തനിക്കു ജന്മസാഫല്യത്തെ സഹായിച്ചതായോൎത്തു ആരഭിരാഗം പാടിത്തുടങ്ങി. വൃദ്ധമാതാവു വൈരാഗ്യംപൂണ്ടും വീട്ടുവേലകൾ വെടിഞ്ഞും കാശിയാത്രയ്ക്കു പുറപ്പെട്ടു. ശിപായി സംഭ്രമം കാണിച്ചു. വൃദ്ധനോടി നടന്നു വഴിക്കുവീണു. പ്രാണവായുവും വെളിയിലായി. കായം തടിക്കൊപ്പമായിത്തീൎന്നു. ശിപായി ഓടി ഒളിച്ചു. പ്രഭാതത്തിൽ

നാട്ടുകാർ ഈ സംഭവങ്ങൾ കേട്ടാനന്ദിച്ചു. "ആരറിഞ്ഞു വിധിമതം" വിധിച്ചതല്ലാതെ കൊതിച്ചതു സാധിക്കുന്നതെങ്ങനെ? അവനവന്റെ ചിത്തവൃത്തിക്കൊത്തവണ്ണമാണല്ലോ ഫലാനുഭവങ്ങൾ ലോകൎക്കു സിദ്ധിക്കുന്നതു്. കലികാലവൈഭവം കാലാന്തരത്തിലല്ല ഫലപ്രദമായിത്തീരുന്നതു്. അന്നന്നു ചെയ്യാവുള്ള പാപപുണ്യങ്ങളുടെ ഗുരുലഘുത്വമനുസരിച്ചു വിധാതാവു് ഉടനുടൻ സംഭാവനകൾ സമ്മാനിക്കുന്നു "നോക്കുവിൻ" മൃഗവൃത്തിയെ മാനിക്കുന്ന മനുഷ്യജന്മം, സ്വാതന്ത്ര്യസിദ്ധമായ വിശേഷബുദ്ധിയുടെ വൈശിഷ്ട്യമോൎക്കാതെ, സ്വാൎത്ഥപരതയാലോ, അത്യാശാവേശത്താലോ, വ്യൎത്ഥമാക്കിത്തീൎക്കാനാലോചിക്കുന്നവൎക്കു, വ്യാസാചാൎയ്യന്റെ ജീവിതമൊരു ഗുണപാഠമായിത്തന്നെ തീരുമെന്നു പൂൎണ്ണമായി വിശ്വസിക്കുന്നു.

---

# അദ്ധ്യായം ൪.

## കേരളം.

സ്വസ്തിശ്രീകലിവൎഷം മൂവ്വായിരത്തി നാനൂററിമുപ്പത്തിമൂന്നുതുടങ്ങി ചേരമാൻ പെരുമാൾ പരശുരാമക്ഷേത്രം മുഴുവൻ സ്വാജ്ഞാചക്രവിക്രമം പരത്തി, നാടെങ്ങും പേർപുകഴത്തക്കവണ്ണം സ്വധൎമ്മംനടത്തി, ദേവസ്വം ബ്രഹ്മസ്വം മുതലായവയ്ക്കു വിവിധപരിഷ്കാരങ്ങൾവരുത്തി, വീടുതോറും വിനയാദിഗുണങ്ങളും ഗുരുവിശ്വാസാദികളും, പരസ്പരംമൈത്രീബന്ധവും സ്ഥിരപ്പെടുത്തി, നല്ലൊരു ജയക്കൊടിനാട്ടി ജാതിസ്പൎദ്ധതുടങ്ങിയ വൈരികളെ വേർപെടുത്തി, വിജയലക്ഷ്മിയെ ദൃഢപ്പെടുത്തി, മലയാളം പലതായിപിരിച്ചു, ഓരോദിക്കിലോരോ രക്ഷാധികാരികളെ നിയമിച്ചു സൎവ്വസ്വാതന്ത്ര്യനായി സത്യം, ധൎമ്മം, തപസ്സ്, ആചാരം, ശൌചം മുതലായവയെകൊണ്ടു പന്ത്രണ്ടുസംവത്സരം ബ്രാഹ്മണരുടെ അപേക്ഷയനുസരിച്ചു ഭരിച്ചു. പിന്നീടു അദ്ദേഹം നിയമപ്പടി പരദേശത്തെഴുന്നെള്ളാൻ ഭാവിച്ചപ്പോൾ ബ്രാഹ്മണരും, സാമന്തന്മാരും നായന്മാരുമെല്ലാവരുംകൂടി ആലോചനകൾ ചെയ്തു, അദ്ദേഹത്തോടു തങ്ങളെ വീണ്ടും പന്ത്രണ്ടുകൊല്ലം ഭരിച്ചുകൊള്ളണമെന്നു് ബലമായി പ്രാൎത്ഥിക്കയാൽ പെരുമാൾ കീഴ്മൎയ്യാദയ്ക്കും പൂൎവ്വനിയമത്തിന്നും വിപരീതമാണെന്നു പറഞ്ഞു മടിച്ചെങ്കിലും; ഗത്യന്തരമില്ലായ്കയാലും പലരുടേയുമപേക്ഷകളൊന്നുപോലെ തീൎന്നിരിക്കയാലും ഒരുവിധം സമാധാനബുദ്ധ്യാ വീണ്ടും പന്ത്രണ്ടുകൊല്ലത്തേക്കുകൂടി ഭരണത്തിന്നു സമ്മതിച്ചു. അപ്പോൾ കേരളത്തിൽ വേണാടു, ദേശിങ്ങനാടു, ചെമ്പകശ്ശേരി, കായംകുളം, തെക്കുംകൂർ വടക്കുംകൂർ എന്നു ആറു ദേശവഴികൾ ബലപ്പെട്ടിട്ടുണ്ടായിരുന്നു. അവർ കലിയുടെ ശക്തി വൎദ്ധിക്കയാൽ സത്യംവിട്ടു ഭൂമിയേയും ധനത്തേയും അന്യായമായി സമ്പാദിക്കാനാഗ്രഹിക്കയും രക്ഷാശിക്ഷകൾക്കു ക്രമക്കേടു വരുത്തുകയും, ജനസംരക്ഷണത്തിന്നു ശക്തന്മാരല്ലാതെ ഭവിക്കയും, പരസ്പരമൈത്രി നശിച്ചു മാത്സൎയ്യം വൎദ്ധിയ്ക്കുകയും ചെയ്കയാൽ പെരുമാൾ വീണ്ടും പരദേശ

ത്തുനിന്നു പല ക്ഷത്രിയരേയും വേണ്ടുന്ന അന്ന്യജാതിക്കാരേയും സ്വന്തം നാട്ടിൽ വരുത്തി പാൎപ്പിച്ചുംകൊണ്ടു് തിരുവഞ്ചിക്കുളത്തു രാജധാനിയുണ്ടാക്കി എഴുന്നെള്ളി പാൎത്തു. അങ്ങനെ താമസിക്കുമ്പോൾ സ്വപൂൎവ്വികന്മാർ ഭരദേവതയായി ആരാധിച്ചുവന്ന ചിദംബരേശ്വരൻ ഒരു ദിവസം സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ടു മറഞ്ഞു. പെരുമാൾക്കു ബോധം വീണ്ടപ്പോൾ ആ സ്ഥലത്തു സ്വയംഭൂവായി ശിവലിംഗം തെളിഞ്ഞു കണ്ടു. സന്തുഷ്ടമനസ്കനായ കേരളനാഥൻ അവിടെ പുത്തനായി ക്ഷേത്രം പണിയിച്ചു ദേവനെ പ്രതിഷ്ഠിച്ചും സ്വാമിയുടെ പ്രീതിയ്ക്കായി ചിദംബരത്തിൽനിന്നു് അൎച്ചകന്മാരെ വരുത്തി സ്ഥാനമാനങ്ങൾ കൊടുത്തും സ്വാമിയെ സേവിച്ചുവന്നു.

അന്നു വടക്കു ഖണ്ഡം ഭരിച്ചിരുന്നതു കോലഭൂപനായ, ഉദയവൎമ്മൻ കോലത്തിരിയാണു്. അദ്ദേഹം വളർഭട്ടത്തു കോട്ടയുടെ വലത്തുള്ള പ്രദേശങ്ങൾ മുഴുവൻ ഭരിച്ചിരുന്നു; എങ്കിലും മേൽക്കോയ്മസ്ഥാനം പെരുമാൾക്കുതന്നെ ആയിരുന്നു. കോലത്തിരി വലിയ ധീരനും ആയുധാഭ്യാസിയും, എന്നാൽ സ്ത്രീജിതനുമാണു്. അദ്ദേഹത്തിനു ചുഴലിക്കയ്മൾ, നേർവെട്ടുകയ്മൾ എന്നു പേരുള്ള രണ്ടു മാടമ്പിമാർ പ്രധാന സഹായികളായിരുന്നു. ഇവരുടെ ആധിപത്യത്തിലായി മൂന്നുലക്ഷത്തി അൻപതിനായിരം നായന്മാരും പാൎത്തിരുന്നു. അവർ തങ്ങളുടെ സ്ഥാനത്തു സ്ഥിരപ്രതിഷ്ഠയ്ക്കു ഉറപ്പുകൂട്ടി തുടങ്ങി. നാട്ടിലെങ്ങും കളരികളും, കായികാഭ്യാസികളും കൂടിക്കൂടിവന്നു. ഭൂപ്രകൃതിയും അവരെ നല്ലവണ്ണം സഹായിയ്ക്കയാൽ കാലംകഴിയുന്തോറും അവരുടെ കീൎത്തിയും നാട്ടിലെങ്ങും വ്യാപിച്ചു.

അന്നേരം ഉത്തരദേശത്തുനിന്നും ഒരു ക്ഷത്രിയസ്ത്രീയും രണ്ടു വെള്ളാളജാതി സ്ത്രീകളും, എങ്ങനേയോ വഴിതെററി ഏഴിമലയ്ക്കു സമീപം വന്നുചേൎന്നു. അവർ ആത്മരക്ഷയ്ക്കായി മലയുടെ മുകളിൽ കയറി നില്പുയായിരുന്നു. ആ വൎത്തമാനം പെരുമാൾ അറിഞ്ഞു; അവരെ വിളിച്ചുകൊണ്ടുവരാൻ ആളുകളെ പറഞ്ഞയച്ചു. ആ സ്ത്രീകളാലോചനയൊന്നുംകൂടാതെ അരചന്റെ കല്പനയനുസരിച്ചു കോവിലകത്തെത്തി. പെരുമാൾ പരമാനന്ദപൂരിതനായി രാജസ്ത്രീയെ സ്വന്തം ഭാൎയ്യയാക്കി. ഏഴിമലയ്ക്കു സ

മീപം 'ഏഴൊത്തകോവിലകം' എന്നു പേരോടുകൂടി ഒരു കൊട്ടാരം പണിയിച്ചു കൊടുത്തു പാൎപ്പിച്ചു. ആ രാജസ്ത്രീയിൽ ജാതരായവരെ ഏഴിഭൂപന്മാരെന്നു പറഞ്ഞു വരുന്നു. മററു രണ്ടു വെള്ളാളസ്ത്രീകളേയും നേർപെട്ട സ്വരൂപം ചുഴലിസ്വരൂപം എന്ന രണ്ടു വൎഗ്ഗങ്ങളിലാക്കി താമസിപ്പിച്ചു. അന്നു ക്ഷത്രിയസ്ത്രീയിൽ ജാതനായ വീരനാണ് "ഉദയവൎമ്മാവ്" എന്നു നമുക്കു മനസ്സിലാക്കാം. പെരുമാൾ കപ്പൽവഴി കച്ചവടം മുതലായതു നടത്താനായി ജോനകപുരത്തിൽനിന്നും പല ധനികവൎത്തകന്മാരേയും ജോനകരേയും വരുത്തി അഴിമുഖങ്ങളിൽ പാൎപ്പിച്ചു. എങ്കിലും സ്വജന്മഭൂമിയായ വേളാപുരം എന്ന നഗരത്തിൽനിന്നു ഒരു ജോനകകുഡുംബത്തെ കണ്ണനൂർ അഴിമുഖത്തിൽ താമസിപ്പിക്കയും, ആ സ്ഥലത്തു അവരെ അധികാരികളാക്കി വാഴിക്കയും ചെയ്തു. അങ്ങനെ പെരുമാൾ വാഴുന്നകാലം, പാണ്ഡ്യമണ്ഡലാധീശനായ രാജസിംഹനെന്ന പരാന്തകവീരപ്രതാപ പാണ്ഡ്യൻ തനിക്കും കേരളത്തിൽ പാതിഭാഗത്തിനു അവകാശമുണ്ടെന്നു വിചാരിച്ചും, സ്വന്തം രാജകുടുംബത്തിൽപെട്ട ഒരു ക്ഷത്രിയസ്ത്രീയെ ബന്ധുജനങ്ങളുടെ സമ്മതമോ സാമീപ്യമോ കൂടാതെ ഭാൎയ്യയായി സ്വീകരിച്ചതു നന്നായില്ലെന്നു അപരാധം കല്പിച്ചും കേരളം പിടിച്ചടക്കാൻ ഭാവിച്ചിരിക്കയായിരുന്നു. അന്നത്തെ കേരളസ്ഥിതിക്കു വീട്ടുകാൎയ്യമാസകലം വനിതാവൎഗ്ഗങ്ങൾക്കു വിണ്ടെടുക്കേണ്ടിവന്നു. കളരിയിലെ പയററു കോലാഹലമായി നായന്മാരെല്ലാം അഭ്യസിച്ചുവന്നു. വലിയവർ ചെറിയവർ എന്നു വഴക്കു വിക്രമം കൊണ്ടും വിശ്വാസംകൊണ്ടും വിശ്വവിശ്രുതമായി ചമഞ്ഞു. കൂലിക്കുചേവുകംചെയ്യുന്നവർ ചുരുങ്ങി. സ്വന്തം ബലാബലങ്ങൾ പരീക്ഷിച്ചു നോക്കിയാൽ കൊള്ളാമെന്നു കരപ്രധാനികളും കളരിനാഥന്മാരും അവസരം പ്രതീക്ഷിച്ചിരുന്നു. ഭരദേവതകൾക്കു പ്രാൎത്ഥനകളെ നിറവേററിക്കൊടുക്കേണ്ട ഭാരമേറിത്തുടങ്ങി. വിജനസ്ഥലം വിദേശിയാക്രമണത്തെ തടഞ്ഞുകൊള്ളാനുള്ള താവളമായിത്തീൎന്നു. പറങ്കികളുടെ പ്രവേശം ഭൂതരായപ്പെരുമാളുടെ പ്രതാപം വഞ്ചിയിലെത്തുന്നതുവരെ ആദരണീയമല്ലായിരുന്നു. ചോളരുടെ സഹായം കേരളാധീശന്മാൎക്കു കൂടക്കൂടെ സിദ്ധിച്ചുകൊണ്ടിരുന്നു. തോവാള തുട

ങ്ങി ആറുമുഖമംഗലംവരെയുള്ള സ്ഥലം തെൻപാണ്ഡ്യൻെറ സ്വാധീനത്തിലായിരുന്നു. കൃപകവംശക്കാരും വേണാടികളും ചങ്ങാതികളാണെന്നു ജഗൽപ്രസിദ്ധിയുണ്ട്. ചേരനും കോലനും പൂർവ്വബന്ധുക്കളും, ചേരമാൻപെരുമാളിൻെറ പ്രീതിക്കൊന്നുപോലെ പാത്രീഭവിച്ചവരുമായിരുന്നു. അന്നത്തെ കേരളീയരുടെ വിചാരം "ധൈര്യം പുരുഷലക്ഷണം" എന്നായിരുന്നു. കാലതാമസംകൂടാതെ കേരളമാക്രമിക്കാൻ പ്രതാപപാണ്ഡ്യനും പ്രയത്നിക്കയായി. കോലൻ ഭയന്നു ചേരമാൻപെരുമാളെ അഭയം പ്രാപിച്ചു. പെരുമാൾ പാണ്ഡ്യൻെറ ദ്രോഹബുദ്ധിയെ വിചാരിച്ചു, ചേരനോടു സഹായിക്കാൻ ഒരു ആയ്യബ്രാഹ്മണൻെറ കൈയ്യിൽ അടയാളം എഴുതി കൊടുക്കാൻ നിശ്ചയിച്ചു. ചേരനും വിവരമറിഞ്ഞ് കോലനെ സഹായിക്കാനൊരുങ്ങിയിരുന്നു. പാണ്ഡ്യൻ കോലഭൂപനോടു ചാരൻമുഖേന തനിയ്ക്കു കേരളത്തിൽ പാതിഭാഗത്തിനു അവകാശമുണ്ടെന്നും ആപത്തിലകപ്പെട്ട ഏഴിമലയ്ക്കെത്തിയ സ്ത്രീയെ ചേരമാൻ സ്വയം സ്വീകരിച്ചതു അത്ര നന്നായില്ലെന്നും മറവും പറഞ്ഞു. കോലൻ കോപാക്രാന്തനായി പാണ്ഡ്യൻെറ ദുരാഗ്രഹത്തെ പുഛിച്ചും "താമസിയാതെ പാണ്ടിയും ഞങ്ങൾ പിടിച്ചടക്കാൻ ആഗ്രഹിച്ചിട്ടുണ്ട്" എന്നു പരിഹാസരൂപത്തിൽ വന്ന ദൂതനെ മനസ്സിലാക്കി അയച്ചു. എങ്കിലും സ്വയം ശത്രുവിനോടു മല്ലിടാനുള്ള കെല്പു തനിക്കില്ലെന്നുള്ള പൂർണ്ണബോധത്താൽ പെരുമാളുടെ സഹായത്തോടുകൂടി ചേരനെ സഹായത്തിനു ക്ഷണിക്കാൻ നിശ്ചയിച്ചുകഴിഞ്ഞിരുന്നു. ഇതെല്ലാം വർഷകാലാരംഭത്തിനു അല്പം മുമ്പാകയാൽ ദൌത്യം വഹിക്കുന്നവർക്കു യാത്രയിലസുഖം തോന്നിയ്ക്കാതേയും, സ്വപക്ഷം ബലപ്പെടുത്തിപ്പറയുന്ന പാമരജനങ്ങളുടെ പരാക്രമത്തെ പരിഗണിക്കാതെയും, പ്രളയകാലാനലൻ തട്ടിവെന്തു വെണ്ണീറാകുന്നതിനുമുമ്പു വീരസ്സ്വർഗ്ഗം വരിച്ചിരിക്കുന്ന വിശ്വപന്മാരെ വിരോധിക്കാതേയും, കാഹളം തുടങ്ങിയ യുദ്ധവാദ്യധ്വനി വിശേഷത്തെ സ്വയം ശ്രദ്ധിക്കാതിരിക്കാൻ ഇടയാക്കാതേയും, വണങ്ങാത്തവരെ വിരോധിക്കാതേയും, വഞ്ചിനാടു ചഞ്ചലംവിട്ടു ഏകഭർത്തൃഭാവം പ്രതീക്ഷിച്ചുകൊണ്ടിരുന്നു.

# അദ്ധ്യായം ൫.

## ചേരന്റെ സഹായം.

കൃഷ്ണപക്ഷംതുടങ്ങി പതിമൂന്നുദിവസം കഴിഞ്ഞു പതിനാലാംദിവസം പ്രഭാതത്തിൽ വിലയേറിയ മനുഷ്യജന്മത്തെ വ്യൎത്ഥമാക്കിത്തീൎക്കുന്ന വിചാര പരമ്പരകളാൽ ആകുലചിത്തനായ പാന്ഥനൊരുവൻ വേമ്പനാട്ടുകായലിന്റെ വടക്കു കിഴക്കുകോണിൽനിന്നും രാജകല്പനയുംകൊണ്ടു ചേര രാജധാനിയിലേയ്ക്കു യാത്ര തിരിച്ചു. തനിക്കുള്ള വഴിസ്ഥലങ്ങളുടെ പരിചയക്കുറവു മനസ്സിലാക്കാതെ ദൌത്യംവഹിപ്പിച്ച മഹാപുരുഷന്റെ മഹാമനസ്കതയെ മാനിക്കുന്ന മൂഢനായ യാത്രക്കാരൻ കായലിന്റെ കിഴക്കേതീരംവഴി തെക്കുമുഖമായി നടന്നുകൊണ്ടിരുന്നു. അവൻ വഴിയാത്രക്കാരുടേയും ചില സ്ഥലവാസികളുടേയും കൃപയെ കണക്കാക്കി വഴിയിലുള്ള ചാലുകൾ തോടുകൾ കായലുകൾ കുളങ്ങൾ പാടങ്ങൾ എന്നിവയെ നിഷ്പ്രയാസം കടന്നു സൂൎയ്യാസ്തമനത്തിനു മുന്നേമുക്കാൽ നാഴികയുള്ളപ്പോൾ അഷ്ടമുടിക്കായലിന്റെ വടക്കു പടിഞ്ഞാറുള്ള അഴിമുഖത്തിലെത്തി. അപ്പോൾ സൂൎയ്യദേവന്റെ അത്യുഗ്രമൂൎത്തം മനസ്സലിഞ്ഞു കൃപ ചെയ്വാനെന്നപോലെ മേഘമണ്ഡലങ്ങളാൽ ശാന്തമായി ചമഞ്ഞു. യാത്രാക്ഷീണംനിമിത്തം പ്രാണവായു പുറത്തു പുറപ്പെടാനാരംഭിക്കുന്ന ഭാവപകൎച്ചയെ പ്രത്യക്ഷപരീക്ഷണം കഴിച്ച കിഴക്കൻപടിഞ്ഞാറൻ വാതങ്ങൾ തമ്മിൽ ഐകമത്യം കൈക്കൊണ്ടു കൊലക്കേസിൽ കള്ളസാക്ഷി എഴുതാനുള്ള മടികൊണ്ടെന്നപോലെ മാന്ദ്യം വിട്ടിളകിമറഞ്ഞു. പാന്ഥന്റെ തലക്കെട്ടു വാലന്മാരുടെ വലക്കൂട്ടത്തിലൊളിച്ചു. നല്ലവണ്ണം മുറുക്കി കെട്ടിയിരുന്ന ഇളിക്കെട്ടിളകി, ചെളിക്കുട്ടയിൽലയിച്ചു. ദന്തപങ്ക്തികൾ താമസംകൂടാതെ താളംതുടന്നു. കണ്ണുപുടങ്ങൾ സ്വന്തംഗുണത്തെ അവലംബമാക്കി ആകാശപ്രദേശത്തിൽ പ്രത്യക്ഷപ്പെട്ടു. നാസികാദ്വാരങ്ങൾ കാലവൎഷത്തോടു തങ്ങൾക്കുള്ള യോഗ്യതയെ യോജിപ്പിച്ചു. കണ്ണുകൾ മിന്നലൊളിയിലൊതുങ്ങിക്കളിച്ചു. പുരികക്കൊടികൾ ചോദനാവൈദഗ്ദ്ധ്യത്താൽ

വിദ്യുല്ലേഖയെ കീഴടക്കി. തലച്ചോറു കൂറുവിട്ടു മറുകരയ്ക്കു യാത്ര കഴിച്ചു. മാംസപേശികൾ മിന്നസംവിട്ടു സന്ധിബന്ധങ്ങളെ സേവിച്ചുതുടങ്ങി. ഉദരം ഭക്ഷണമന്വേഷിച്ചു നാക്കിനെ ശ്രുപാശ്യക്കു ആശ്രയിച്ചു. പാദങ്ങൾ രണ്ടും പാത്തലത്തെ ബലമായിവിറപ്പിച്ചു. വലിയൊരു കാര്യം വ്യർത്ഥമാകുമെന്നു വിധിവ്യസനിച്ചു, ചിത്രഗുപ്തൻതന്റെ കണക്കുകൾപരിശോധിക്കയായി. കടലാക്രമണവും കായലിന്റെകോലാഹലവുംകാഴ്ചക്കാരെ വീഴ്ചക്കാരാക്കിത്തീർത്തു. തീരത്തുകൂടി സഞ്ചരിച്ചുകൊണ്ടിരുന്ന വഞ്ചികളും, പത്തേമാരി മുതലായ ജലയാനപാത്രങ്ങളും കടൽയാത്രയെ വാഞ്ചിച്ചു പാഞ്ഞുപുറപ്പെട്ടു. വൈയ്ക്കത്തപ്പനെ വിളിച്ചു കേഴുന്ന യാത്രക്കാരുടെ ആർത്തനാദം ഇടിയുടെ ചടപടാശബ്ദത്തെ തടുത്തു. കൊള്ളക്കാരും വള്ളക്കാരും വെള്ളങ്ങളെ പിടിച്ചുകെട്ടാൻ പേടിച്ചുനിന്നു. ബാലന്മാരും വാലന്മാരും വലകൾ വീശി വലിച്ചുകെട്ടി. ജോലിക്കാരും കൂലിക്കാരും അഴിമുഖം കണ്ടു അന്ധാളിച്ചു. വീരന്മാരും ഘോരന്മാരും ദൂരത്തുനിന്നു ഓരോന്നു ചിരിച്ചുകൊണ്ടിരുന്നു; എങ്കിലും നമ്മുടെ പാന്ഥന്റെ മനോഗതിക്കു കാലഗതി കീഴടങ്ങിപ്പോയതിനാൽ വിസ്മയിക്കാനില്ലെന്നു സന്ദർഭംകൊണ്ടു അനുമാനിക്കാമല്ലോ. സഹജമായ പൌരുഷം സമയം നോക്കിപറയുന്നതിലാണു് ശോഭിക്കാറുള്ളതു. തിരുമുമ്പിൽസേവ പറഞ്ഞുതെളിയാനുള്ള മോഹപിശാചിനു അടിമപ്പെട്ടുപോയ യാത്രക്കാരന്റെ ദൌത്യവൃത്തിക്കു അവസരം അറിഞ്ഞാലോചിച്ചു പ്രവൃത്തിക്കാൻ കഴിഞ്ഞില്ലെന്നു ആർക്കുംതോന്നേണ്ട. നീതിന്യായകോടതിയിൽ കള്ളസാക്ഷിമൊഴി എഴുതി തഴക്കംസിദ്ധിച്ചവൎക്കും കൂസലുകൂടാതെ സംസാരിക്കാൻ കഴിയുന്നതുപോലെ സേവയ്ക്കു സൌമുഖ്യംനേടുന്ന സുന്ദരവിഡ്ഢികൾക്കു സമയോചിതമായ ചിത്തവൃത്തികൾ കാണുമെന്നു ശങ്കിക്കാനെന്താണു് അവകാശംഉള്ളതു്. അനവസ്സരങ്ങളിൽ സ്വാശ്രയബുദ്ധിയെ സൂക്ഷിച്ചുപയോഗിക്കുന്നവർ, ശോഭനസരണിയിലാണ് ചരിക്കാറുള്ളതെന്നു വല്ലവരും സിദ്ധാന്തിക്കുമോ ? വലിയവരോടു വല്ലതും വെടിപറഞ്ഞു വയറുനിറയ്ക്കുന്നവരും വ്യർത്ഥവാദങ്ങളെ പുറപ്പെടുവിച്ചു കക്ഷികളുടെ കയ്യിലുള്ള പണംമുഴുവൻ സ്വന്തംകീശയ്ക്കുള്ളിലാ

ക്കുന്ന വക്കീലന്മാരുടെ വാലാട്ടികളും, കച്ചേരി വളപ്പിലേറ കഴിഞ്ഞാലുടൻ കാശിനാവശ്യപ്പെടുന്ന അചേതനങ്ങളും വല്ല തുമാലോചിച്ചിട്ടാണോ പ്രവൎത്തിക്കുന്നതു. പിന്നെ എന്തിനാണു നാം വ്യൎത്ഥമായി പാന്ഥനെ പുച്ഛിക്കാൻ പുറപ്പെടുന്നതു?

അതൊരു മഹത്തരമായ പാപമാണെന്നുകൂടി എനിക്കുതോന്നാറുണ്ടു. വല്ലതുമാകട്ടെ. നമ്മുടെവഴിയാത്രക്കാരൻഅഴിമുഖത്തിലിറങ്ങിപ്പോകുമെന്നു തോന്നുകയാൽ വലക്കാർ കൂട്ടംകൂടി "നടക്കോലാ, കടക്കോലാ, പിടിവാതം തുടങ്ങോലാ." എന്നിങ്ങനെ വിളിച്ചു പറഞ്ഞുതുടങ്ങി. പിന്നീടു പാന്ഥനു സ്വസ്ഥാനം വിട്ടുമാറാനോ, സഹജീവികളുടെ സന്താപം കണ്ടുരസിക്കാനോ കാൎയ്യശേഷിക്കുറവിനുള്ള കേമത്വം കേട്ടുകേഴ്‌വിക്കിണക്കാനോ, കളത്രഭാവത്തിൻെറ ഭൎത്തൃസ്ഥാനമൊന്നു പുതുക്കാനോ, മിത്രജനങ്ങളുടെ മൈത്രീബന്ധമൊഴിക്കാനോ, അപാംനിധിക്കു അപമൃത്യുബന്ധം സംഭവിപ്പിക്കാനോ, സ്വന്തം ദൌത്യം സ്തുത്യൎഹമല്ലെന്നു വരുത്താനോ, സംഗതിയാകാഞ്ഞതു ആയുസ്സിൻെറ ബലാധിക്യവും, ഭാൎയ്യയുടെ ദീൎഘമംഗല്യപ്രയോഗവും കൊണ്ടാണ് എന്നുമാത്രംപറഞ്ഞാൽ മതിയല്ലോ. സങ്കടമൊന്നും കൂടാതെ നിമിഷാൎദ്ധത്തിനുള്ളിൽ നിലയ്ക്കുതന്നെ വീണുപോയി. അരയന്മാരോടി അടുത്തുചെന്നു, വലിച്ചെടുത്തൊരുവിധം സ്വന്തം കുടിലുകളിലൊന്നിലാക്കി സൂക്ഷിച്ചുരക്ഷിച്ചു. ഇതൊന്നും പാന്ഥനറിഞ്ഞില്ലെന്നു പിന്നീടു നമുക്കുമനസ്സിലാക്കാം. കുറെനേരത്തേയ്ക്കുകൂടി കടലും കായലും തമ്മിലുണ്ടായമത്സരം കാണികളേയും കരഭാഗത്തേയും വല്ലാതെവിഷമിപ്പിച്ചു; എങ്കിലും ആശ്രയബലം സ്വാതന്ത്ര്യശക്തിയെ സ്വാധീനമാക്കാതിരുന്നില്ല. സ്വല്പസമയംകൊണ്ടു അവതമ്മിൽ സമാധാനപ്പെട്ടു. വഞ്ചികളും സഞ്ചിതമോദം സഞ്ചാരത്തിനു ആരംഭിച്ചു കഴിഞ്ഞു. വാലന്മാരുടെ സഹായത്തോടുകൂടി വഴിയാത്രക്കാരനും തേവള്ളിക്കടവിലെത്തി. വള്ളക്കാൎക്കു കിട്ടിയകിഴിയും കണക്കിനുണ്ടായിരുന്നു. ആൎയ്യബ്രാഹ്മണൻ ആലോചനകളൊന്നുംകൂടാതെ മയൂരവൎമ്മൻെറ കൊട്ടാരത്തിലെത്തി; അതിഥിയായി രണ്ടു ദിവസംതാമസിച്ചു. പിന്നെ പ്രയാസംകൂടാതെ രാജഭൃത്യൻെറ സഹായബലത്താൽ പുതിയ രാജപാതയിൽകൂടിനടന്നു പത്മ

നാഭപുരത്തു വലിയകൊട്ടാരവാതുക്കൽ വന്നുചേൻ, അപ്പോൾ അവിടെ കാവൽനിന്നിരുന്നവരെല്ലാം ഭാവംപകൻ. "വിനോദം വിനോദം" എന്നു വിളിച്ചുതുടങ്ങി. വഴിപ്പോക്കൻ മാനവും മയ്യാദയും ഓത്തു വിഷണ്ണനായിത്തീൻ. ആസ്ഥാനമണ്ഡപത്തിങ്കൽനിന്നും രാജകല്പനയും പുറപ്പെട്ടു. സേവകജനങ്ങളും ശരിക്കുനിന്നു. കണ്ടിരുന്നവരെല്ലാം കുതുകികളായിച്ചമഞ്ഞു. ആയ്യന്റെ യാത്രവിശേഷങ്ങളും മററും വണ്ണിച്ചെഴുതാൻ ഗണപതിഭഗവാനുമാത്രമെ സാധിക്കയുള്ളു, കേൾക്കുന്നതിനു കൌതുകം തോന്നാമെങ്കിലും പറയുന്നവക്കു കൂടക്കൂടെ മാററങ്ങൾ അത്യാവശ്യമാണെന്നു അറിയുന്നവരറിഞ്ഞുകൊള്ളും. അരചന്റെ ബുദ്ധിയ്ക്കു ആളിന്റെ യോഗ്യത തെളിഞ്ഞു. "ആരാണു ആ പന്ഥൻ" എന്നു ചോദിച്ചറിയാൻ ആശ്രിതനോടു ആജ്ഞ പുറപ്പെടുവിച്ചു.

ആശ്രിതൻ:—പുറത്തുവന്നു നാലുവശത്തും സംഭ്രമിച്ചു നോക്കീട്ടു പാന്ഥനെ കൈചൂണ്ടികാണിച്ചുകൊണ്ടു. "എടോ, താനാരു എവിടെ വന്നു, സ്വദേശമേതാണു്. കല്പനയുണ്ടു" എന്നു ഗൌരവത്തോടു പറഞ്ഞു.

പാന്ഥൻ:—വടക്കനൊണു. ഉദയവമ്മന്റെ കല്പനയനുസരിച്ചു മുഖം കാണിക്കാൻപോന്നു. പുറപ്പെട്ടു നാളാറു കഴിഞ്ഞിട്ടുണ്ടു. തിരുമുമ്പിലാശ്രിതമാണു ജീവിതം."

ഹരിക്കാരൻ:—ദ്രുതഗതിയിൽചെന്നു. ധൃതിയോടുകൂടി. "സ്വാമിൻ......വടക്കുനിന്നും ......... ആശ്രിതൻ...........കുറികൊണ്ടുവന്നിരിക്കുന്നു."

ചേരൻ:—സുപ്രസന്നനായി, "പാന്ഥനെ വിളിക്കു,"?

ഹരിക്കാരൻ:— "സ്വാമി"

ചേരൻ:— (സ്വാഗതം) ഇതെന്തൊരു സംഭവമാണു് ! കേരളം കീഴ്മേലാവാൻ ഭാവിച്ചു കഴിഞ്ഞുവോ ? വളർഭട്ടത്തുകോട്ടയെ വല്ലവരും ആക്രമിച്ചിരിക്കുമോ? മലയാളപ്പടയ്ക്കുമയ്യാദയില്ലെന്നുവരുമോ ? മാടമ്പികൾ സ്വാതന്ത്ര്യത്തിനു ശാഠ്യം തുടങ്ങാനിടയായോ? "അല്ല" പരദേശരാജാക്ക

ന്മാർ ആലോചനകൂടാതെ ആനമുടി കടന്നു എത്തിക്കാണുമോ? പെരുമാളുടെ മേൽകോയ്മയ്ക്കു മാനമില്ലെന്നു മലനാട്ടുകാരാലോചിയ്ക്കുമോ? എന്താ വല്ലതും വിചാരിച്ചു ക്ലേശിയ്ക്കുന്നതെന്തിനു്? വന്നവനോടു വിവരം ചോദിച്ചാൽ വാസ്തവമറിയാൻ സാധിക്കുമല്ലോ? (പ്രകാശം) എവിടെ പാന്ഥൻ?

ഹരിക്കാരൻ:—"എടോ വരു കല്പനയുണ്ടു്,"—അകത്തുപോകാൻ വരട്ടെ, ആളറിഞ്ഞു സംസാരിക്കാവൂ. വിനയം കുറഞ്ഞാൽ തിരുവുള്ളക്കേടു കൂടും. ചോദ്യത്തിനുത്തരം ശരിയ്ക്കു ചൊല്ലണം. ആചാരമുപചാരവുമോർത്തിരിക്കണം. എല്ലാം മനസ്സിലായോ? നിൽക്കു, സമയംനോക്കി വരാം." അകത്തുകടന്നു. "സ്വാമിൻ! ഇതാ വരുന്നു". പുറത്തുനിന്നു പാന്ഥനോടു അകത്തുചെല്ലാൻ കണ്ണുകാണിച്ചു.

പാന്ഥൻ:—സംഭ്രമമൊന്നും കൂടാതെ പഞ്ചപുച്ഛവുമടക്കിപ്പിടിച്ചുകൊണ്ടു പൂച്ചയുടെ ഗതിവിശേഷത്തേയും സൂക്ഷ്മദൃഷ്ടിയേയും സംഗ്രഹിച്ചുവണ്ണം നടന്നുചെന്നു തിരുമുമ്പിൽ വിനയംഭാവിച്ചു നിന്നു.

ചേരൻ:—"വത്സ, കോലനു സുഖമല്ലയോ? നാട്ടിലെങ്ങും നീതിന്യായങ്ങൾ തെളിഞ്ഞു വിളങ്ങിയും, ദാനധർമ്മങ്ങൾ ദിനംപ്രതി വർദ്ധിച്ചും, പൌരന്മാരും പണ്ഡിതന്മാരും മനമൊത്തു രസിച്ചും, പുഞ്ചകൃഷിവരുണ പ്രീതിയാൽ തഴച്ചും, നായർപടയും മാടമ്പികളും അരചനെ ആശ്രയിച്ചും, ആനമലമോടിയോടു മാററാരെ മലയാളം കടത്താതെരക്ഷിച്ചും വരുന്നുണ്ടല്ലോ? നമുക്കു ഉദയവർമ്മനെ കാണണമെന്നു മോഹം വളരെയുണ്ടു്. ഇന്നെന്താണു വിശേഷം? ഇങ്ങോട്ടയക്കാൻ കാരണമെന്തു്? ദൂതുകൊണ്ടു തിരിച്ചിട്ടു് നാളു കുറെ കഴിഞ്ഞുകാണുമല്ലോ?" എന്നിത്രയും അത്യാദരവോടു പറഞ്ഞു.

ആയ്യൻ:—"സ്വാമിൻ ഇതാണു്" എന്നു മന്ദസ്വരത്തിലുച്ചരിച്ചുംകൊണ്ടു പാദത്തിൽ തൃക്കാഴ്ചയാക്കി കോലന്റെ കുറി സമർപ്പിച്ചു.

ചേരൻ കുറിപൊട്ടിച്ചു, മനസ്സിൽ വായിച്ചു. ഭാവപ്പകച്ചയും മുഖത്തിൽ വിളങ്ങി. കാലക്കേടു കേരളത്തേയും കടന്നു പിടിച്ചോ? ആ പിച്ചൻ പാണ്ഡ്യന്റെ പൌരുഷം ഭയങ്കരംതന്നെ. കേരളം കൈവശപ്പെടുത്താൻ ഏവനാണു യോഗ്യൻ? പെരുമാളുടെ പൌരുഷം പാണ്ഡ്യനു മനസ്സിലായിരിയ്ക്കാം. പക്ഷേ ചേരനെ കേരളത്തിൽ കാണുമെന്നു ഓൎത്തിരിക്കയില്ല. കേരളനാഥന്മാരുടെ കാൎയ്യത്തിലിങ്ങനെ വന്നതെന്താണെന്നു വിസ്മയിക്കുന്നു. എന്നാൽ അതിനുമുണ്ടു് സമാധാനം. ഞാൻ അവനെ അടിമപ്പെടുത്തും. ഭഗിനിയുടെ അഭയദാനം ദുഷ്ടന്റെ ബുദ്ധിയ്ക്കു ദോഷത്തെ തോന്നിച്ചിരിക്കാം. ക്ഷത്രിയസ്ത്രീയെ രക്ഷിച്ചതും ശരിയല്ലെന്നാണോ? മലനാടു പാതിക്കു തനിക്കവകാശമുണ്ടെന്നോ? നല്ല ശിക്ഷയായി. നാം എല്ലാം കൊണ്ടും ഉദയവൎമ്മനെ സഹായിക്കേണ്ടതാണു" എന്നു ചിത്തത്തിലോരോന്നു ചിന്തിച്ചുറച്ചുകൊണ്ടു (പ്രകാശം), ആൎയ്യൻ, കുറികണ്ടു; കാൎയ്യമൊക്കെ മനസ്സിലായി. വേണ്ടതു ചെയ്യാൻ വിരോധമില്ലാ. കേരനോടു വിശ്വാസമെനിക്കു കൂടും. പുരുഷാരം കൂട്ടിക്കൊള്ളാൻ പറയൂ. പുറകെ ഞങ്ങളും നായർ പടയും എത്തും. സംശയിക്കേണ്ട. പെരുമാളുടെ തിരുവുള്ളക്കേടിനുമാത്രമിടയാക്കരുതെന്നു ചൊല്ലണം. ഇനി അധികം താമസിക്കേണ്ട, വിവരം വേഗം ചെന്നു മനസ്സിലാക്കു. എന്നിത്രയും പറഞ്ഞുംകൊണ്ടു സ്വന്തം പെട്ടിയിൽനിന്നും രണ്ടുടുപ്പെടുത്തു സമ്മാനിച്ചു.

ആൎയ്യൻ:—"സ്വാമി. ഞാൻ അനുഗൃഹീതനായി. ഇപ്പോൾതന്നെ തിരിയ്ക്കുന്നുണ്ടു്. കല്പനയെല്ലാം സ്വല്പവുംതെററാതെ തിരുമനസ്സിലറിയിക്കാം. നമുക്കു പെരുന്തൃക്കോവലിപ്പന്റെ കാവലും തുണയും പൂൎണ്ണമാണു്. കുമരേശൻ നിങ്ങളെ കാത്തുരക്ഷിക്കട്ടെ. ഭവാൻ കേരളിക്കു ഏകനാഥനായി കല്പാവധി വാഴുമാറാകാൻ ശ്രീപത്മനാഭൻ കൃപചെയ്യട്ടെ" എന്നു പറഞ്ഞു പ്രയാണത്തിനു ഭാവിച്ചു. ആൎയ്യന്റെ ദൂതത്വവും കഴിഞ്ഞു. ചേരനും സ്വയം വിശ്രമത്തിനു

തുനിഞ്ഞു. എങ്കിലും സ്വകൎത്തവ്യമോൎത്തു ദ്രുതസ്വരത്തിൽ "വെളിയിൽ ആരുണ്ട്" എന്നു വിളിച്ചു കല്പിച്ചു.

ഹരിക്കാരൻ:—"സ്വാമിൻ ഇതാ ഞാൻ ഉണ്ടു"

ചേരൻ:—"എടോ, പാന്ഥൻ പോയോ? താൻ വേഗം ചെന്നു മന്ത്രിയെ വരാൻ പറയൂ".

ഹരിക്കാരൻ:—"സ്വാമിൻ കല്പനപോലെ ചെയ്യാം".

ചേരൻ:—"താൻ വഴിക്കു വല്ലവരോടും വെടിപറഞ്ഞുനിന്നു താമസിപ്പിക്കാനുള്ള സമയം ഇതല്ല. സമയംനോക്കി പ്രവൎത്തിച്ചില്ലെങ്കിൽ പിന്നെ-പിന്നെ."

ഹരിക്കാരൻ:—"അബദ്ധമൊന്നും വരികയില്ല; അമ്പിനോടൊപ്പം പാഞ്ഞു ചെല്ലാം".

ഹരിക്കാരൻ:—(സ്വഗതം) "ആകാശവിമാനമോ പക്ഷിവാഹനമോ മറേറാ ലഭിക്കണം. മന്ത്രിയുടെ ഭവനത്തിനു നാഴിക മൂന്നുണ്ട്. എനിക്കെപ്പോഴും ചാട്ടവും ഓട്ടവും തന്നെ. ആശ്രമാന്തരസ്വീകാരം ആശാനോടു ആശിച്ചാലും കൊള്ളാം" അംബ! ഒഴിയാത്ത ജോലി-തൊലയാത്ത ജന്മം-നിലയില്ലാത്ത കാൎയ്യം- വലിയൊരു കഷ്ടപ്പാടായിതീൎന്നു. (പ്രകാശം)"ഇപ്പോൾതന്നെ വിടകൊള്ളാം" എന്നു തിരിച്ചു. അനന്തരം ചേരൻ സന്തുഷ്ടമനസ്കനായി സ്വപൌരുഷത്തേയും കേരൻെറ അഭ്യൎത്ഥനയേയും, പാണ്ഡ്യൻെറ പെരുമയേയും നല്ലവണ്ണം ചൎച്ചിച്ചുകൊണ്ടിരുന്നു.

# അദ്ധ്യായം ൯.

## മന്ത്രിയുടെ മനോഗതം.

മാന്യരേ! മനുഷ്യജന്മം ഈശ്വരസൃഷ്ടിവിശേഷത്തെ വെളിപ്പെടുത്തുന്ന ഒരു യന്ത്രക്കൂടമാണെന്നു പറഞ്ഞാൽ മതിയാകുമോ? ദൈവം സ്വസൃഷ്ടിയിൽ സമഭാവന കാണിക്കാറില്ലെന്നു കുററം പറയുന്നതു കഷ്ടം അല്ലയോ? സകല ചരാചരങ്ങളും സൃഷ്ട്യുദ്ദേശത്തെ ശരിയ്ക്കു ആചരിക്കുന്നില്ലെന്നു പറയാൻ വഴിയുണ്ടോ? ലോകജീവിതത്തിനു കാരണഭൂതങ്ങളായ പഞ്ചഭൂതങ്ങളുടേയും പ്രവൃത്തികൾക്കു വല്ല മാററവും സംഭവിച്ചിട്ടുണ്ടോ? സൂൎയ്യചന്ദ്രാദി ഗ്രഹങ്ങളുടേയും അശ്വിന്യാദി നക്ഷത്രങ്ങളുടേയും ഗതിക്കു പിഴ വന്നിട്ടുണ്ടോ? വൎഷാതപാദികൾ കാലംതെററിച്ചു കളയുന്നെന്നു വിചാരിക്കാമോ? പൃഥിവിക്കു നിർഗ്ഗുണത്വമാരോപിക്കുന്നതെങ്ങനെ? ഇന്നു നമ്മുടെ ദൃഷ്ടിക്കു ഗോചരീഭവിക്കുന്ന മോട്ടാർ, കമ്പിത്തപാൽ, തീബോട്ടു, ടെലിഫോൺ, ആവിവണ്ടി ആകാശവിമാനം എന്നീ പുതിയസൃഷ്ടികളുടെ പുറപ്പാടുമൂലം മനുഷ്യസൃഷ്ടിയെ മററു സൃഷ്ടികളെപ്പോലെയാണെന്നു പറയാൻ തോന്നുന്നുണ്ടോ? ജനനമുണ്ടെങ്കിലും മരണമില്ലെന്നു ശഠിക്കുന്നവർ ലോകത്തിലെങ്ങാനും ഉണ്ടായിരിക്കുമോ? വൃദ്ധിക്ഷയങ്ങളും, സുഖദുഃഖങ്ങളും സൎവ്വ ജീവജാലങ്ങൾക്കും ഒന്നുപോലെയല്ലെന്നു വ്യവഹരിക്കാമോ? എന്നാലെന്തിനു വിധാതാവു വിവിധഗുണത്തിലും നാനാരൂപത്തിലും പ്രകൃതിയെ പോഷിപ്പിക്കുന്നു? മതമെല്ലാം ഒന്നിനെത്തന്നെ അവലംബമാക്കി പ്രവൎത്തിക്കുന്നെങ്കിലും, അഹംബുദ്ധിയുടെ ബലാബലങ്ങളെക്കൊണ്ടു മതഭ്രാന്തരായി മദിച്ചുനടക്കുന്നതെങ്ങനെ? എന്തിനധികം പറയുന്നു. അതെല്ലാം സൎവ്വജഗന്നിയന്താവിൻെറ ചിന്താവിശേഷമനുസരിച്ചു സ്വവിചാരപരമ്പരകളെ പരിപാലിച്ചു വരുന്നെന്നു വിശ്വസിക്കയാണു നന്നെന്നു എനിക്കു തോന്നുന്നു. എന്നാൽവിശേഷബുദ്ധിയുള്ള നാം മനുഷ്യസൃഷ്ടിയുടെ മാഹാത്മ്യമോൎക്കാതെ മററുള്ള പ്രാണികളേപ്പോലെ ആഹാരവിഹാരാദികളെ കൊണ്ടു മാത്രം ചുമതലതീൎന്നതായി വിചാരിക്കുന്നതു സൎവ്വഥാ അബദ്ധ

മായിത്തീരുമെന്നു നിശ്ചയമായും പറയാം. എന്തുകൊണ്ടെന്നാൽ മനുഷ്യരിൽ പ്രഭു, ഭൃത്യൻ, പിതാവ്, പുത്രൻ, പണ്ഡിതൻ, പാമരൻ, സുഖി, ദുഃഖി എന്നിങ്ങനെ പല പ്രകാരഭേദങ്ങൾ കാണുന്നതു അവരവർ, ഈശ്വരദത്തമായ ബുദ്ധിശക്തിയുടെ ബലാബലങ്ങളേയും, ഗുണാഗുണങ്ങളേയും, തിരിച്ചറിഞ്ഞുപയോഗിക്കുന്നതിൻെറ വൈചിത്ര്യത്താലാണെന്നു, സമ്മതിക്കാതിരിക്കാൻ വഴിയുണ്ടോ? ശുദ്ധം മനഃസന്തുഷ്ടിക്കും, ഭക്ഷണം ശരീരപോഷണത്തിനും, അത്യാവശ്യമാണെന്ന് പറഞ്ഞാൽ പരിഷ്കാരികൾക്കു മലയരുടേയും, നീഗ്രോജാതിക്കാരുടേയും, സമത്വം, മനുഷ്യബുദ്ധ്യാ സമ്മതമില്ലെന്നു വരുന്നതു സമ്മതിക്കാമോ? ഇതുപോലെയാണു ബുദ്ധിശക്തിവിശേഷത്തെപ്രധാനമാക്കിത്തീർക്കുമ്പോൾ പലപല വ്യത്യാസങ്ങൾ നമുക്കു സ്വയമേ സംഭവിച്ചുപോകുന്നതെന്നു പ്രത്യക്ഷപ്പെട്ടും. ഇതെല്ലാം പരിശ്രമശീലംകൊണ്ടും, നിരീക്ഷണശക്തികൊണ്ടും ഗാഢാലോചനാവൈഭവംകൊണ്ടും സിദ്ധിക്കയാണെന്നു നിസ്തർക്കം പറയാൻ സാധിക്കും. നമുക്കു മഹച്ചരിത്രപഠനംകൊണ്ടും, സജ്ജനമൈത്രികൊണ്ടും, രാജസ്ഥാപനങ്ങളും പരിഷ്കാരവർദ്ധനയും സ്വായത്തമാക്കാൻ കഴിയുമെന്നു ഉപദേശിക്കാനുണ്ടോ? രാജാവു രാജ്യം ഭരിക്കുന്നെങ്കിൽ, രാജാവൊരാളും ഭരണത്തിനു ഭൂഭാഗവും ഉണ്ടായിരുന്നാൽ മതിയെന്നു വല്ലവരും വിചാരിക്കുമോ? ഭരിക്കാനുള്ളതു പ്രജകളെയാണ്. ഭരിക്കുന്നവൻ രാജാവും ആണു, എന്നാൽ ഭാരം മുഴുവൻ മന്ത്രിയുടെ തന്ത്രത്തിലടങ്ങിയിരിക്കുന്നു. മന്ത്രി മഹാനാണെങ്കിലേ മഹാരാജാവിനു മാഹാത്മ്യമുള്ളൂ. ചേരരൻെറ മന്ത്രിസത്തമനായ തോലനെന്ന ബ്രാഹ്മണൻ സർവ്വശാസ്ത്രപാരംഗതനും യുദ്ധവീരനും ആയിരുന്നു. ശരീരാരോഗ്യത്തിനൊത്തവണ്ണം ദിനചര്യകളിൽ ശ്രദ്ധപതിപ്പിച്ചിരിക്കയാൽ കാര്യക്കാരിൽ മുമ്പനായ ബാല്യത്തച്ഛൻെറ സഹായസഹകരണങ്ങളെല്ലാം നല്ലവണ്ണം ശോഭിക്കാനിടയായിത്തീർന്നു. അദ്ദേഹത്തിൻെറ പ്രവൃത്തികളെല്ലാം ദീർഘാലോചനയോടും അനന്യബുദ്ധിയോടും കാര്യക്ഷമതയോടും യോജിപ്പിച്ചിരുന്നു എന്നുള്ളതു ലോകപ്രസിദ്ധമാണ്. തോലൻ സ്വന്തം ദിനചര്യകൾ കഴിഞ്ഞു ഭക്ഷണത്തിനു ഭാവിച്ചിരിക്കുമ്പോൾ ഹരിക്കാരൻ അകത്തു കട

ന്നുചെന്നു രാജകല്പനഅറിയിച്ചു. കാൎയ്യഗൌരവമോൎത്തു സ്ഥാന ത്തിനൊത്ത വേഷമോ, മാനത്തിനൊത്ത വാഹനമോ, അധികാ രത്തെ ആഘോഷിക്കുന്ന ആൾക്കാരോ മററോ കൂടാതെ ഹരി ക്കാരൻെറ പുറകെനടന്നുചെന്നു. വഴികൾ അപരിചിതമാല്ലെ ങ്കിലും, കുന്നും കുഴിയും പുല്ലും കല്ലും കാലിനു സുഖദുഃഖങ്ങളുടെ സ്വഭാവവിശേഷമോൎമ്മിപ്പിക്കാതിരുന്നില്ല. യാത്രക്കാരുടേയും, പക്ഷികുലങ്ങളുടേയും മൃഗവൎഗ്ഗത്തിൻേറയും,വൃക്ഷനിരകളുടേയും, കുളങ്ങളുടേയും,പാടങ്ങളുടേയും, ഓടകളുടേയും, ചാലുകളുടേയും, ഗതിഭേദങ്ങൾ,സ്ഥിതിവിശേഷങ്ങൾ,സ്വഭാവവൈചിത്ര്യങ്ങളെ ന്നിവയെല്ലാം മനോഹരങ്ങളായി മാംസദൃഷ്ടിക്കു വിഷയീഭവി ച്ചെങ്കിലും, കാൎയ്യഗൌരവം കടന്നെത്തിയ സൂക്ഷ്മദൃഷ്ടി അവയെ തീരെ ശ്രദ്ധിച്ചില്ലെന്നു പറഞ്ഞാൽ മന്ത്രിയുടെ നിലയ്ക്കു കുററ മാരോപിക്കാതിരിക്കാൻ, എങ്ങനെ സാധിക്കുമെന്നു ചിലർ സി ദ്ധാന്തിച്ചുതുടങ്ങും. വാസ്തവമോൎത്താൽ അതു കാൎയ്യയിൽ കുററമാ യിതോന്നാമെങ്കിലും, രാജകല്പനയ്ക്കുള്ള ഗൌരവത്തിനു വില ക ല്പിക്കാതെ ഗത്യന്തരമില്ലെന്നു സമാധാനപ്പെടുമ്പോൾ മന്ത്രിയെ അഭിമാനിക്കാനാണു ന്യായം. തോലൻ തുള്ളിച്ചാടി ക്ഷണനേരം കൊണ്ടു കൽക്കുളത്തു ഉദയഗിരിക്കോട്ട കടന്നു കൊട്ടാരത്തിൻെറ പുരദ്വാരത്തെ അലങ്കരിച്ചു. കോട്ടമുതൽ കൊട്ടാരംവരെ വഴി ക്കു നിന്നവരുടെ വന്ദനമുറകളെ വഴിയെ സ്വീകരിച്ചെങ്കിലും, പകരംവീട്ടാൻ തരമില്ലെന്നോൎത്തു് കൊട്ടാരത്തിനുചുററുമുള്ള വീഥികളെ സൂക്ഷിച്ചുനോക്കി, കാണികളെ കുളൎപ്പിച്ചു. രാജസേ വകന്മാരും, രായസംപിള്ളമാരും സൎക്കാരുദ്യോഗസ്ഥന്മാരും പ തുങ്ങിയും ഒതുങ്ങിയുംആത്മരക്ഷയ്ക്കുള്ള മാൎഗ്ഗങ്ങളോരോന്നാലോ ചിച്ചും നിശ്ശബ്ദമായിനിന്നിരുന്നു. ചേരൻ തോലൻെറ വര വെതിരേല്ക്കാനെന്നവണ്ണം, സഭാമണ്ഡപംവിട്ടു പുരദ്വാരത്തി ലേക്കു പുറപ്പെട്ടിരിക്കയായിരുന്നു. മന്ത്രി മന്ദഹാസമുഖത്തോടു കൂടിമന്ദം കടന്നെത്തിരാജോപചാരങ്ങൾ ആചരിച്ചു. രാജാവും സൽക്കാരങ്ങളെല്ലാം സ്വീകരിച്ചഭാവം നടിച്ചു. പിന്നീടു രാജോ ചിതമായ സിംഹാസനത്തിലിരുന്നു.

മന്ത്രി:—"സ്വാമിൻ ഹരിക്കാരനെ പറഞ്ഞയച്ചതോൎക്കുമ്പോൾ

വല്ല വിശേഷവുമുണ്ടായിരിക്കുമെന്നു വിശ്വസിച്ചിട്ടാണ് വേഗം പുറപ്പെട്ടുവന്നതു്. തിരുമേനിക്കും രാജകുടുംബങ്ങൾക്കും നമ്മുടെ പ്രജകൾക്കും കുശലമാണെന്നുതന്നെ തോന്നുന്നു; എങ്കിലും അനവസരങ്ങളിൽ ആഹ്വാനത്തിനൎത്ഥം ഉണ്ടായിരിക്കുമല്ലോ? അതറിയാനാണ് അതിയായ മോഹം എനിക്കു്".

ചേരൻ:—"മന്ത്രി, നമുക്കെല്ലാം സൌഖ്യമാണു. നാട്ടിലൊന്നും വിശേഷവാൎത്തകളില്ല. കോലൻെറ ദൂതൻ കുറികൊണ്ടുവന്നു. പാണ്ഡ്യൻെറ പരാക്രമകേതു കേരളത്തിലുദയം കണ്ടുതുടങ്ങിയിരിക്കുന്നുപോലും. പെരുമാളിൻെറ കല്പനയോടുകൂടി ആൎയ്യനാണു വന്നതു്. നാം വേണ്ടപ്പെട്ടവരോടും, വലിയ പട്ടാളത്തോടും കൂടി ആനമലയ്ക്കടുത്തുള്ള കോതമംഗലം യുദ്ധക്കളത്തിലെത്തണമെന്നു ആവശ്യപ്പെട്ടിരിക്കുന്നു. ശത്രു മലമ്പാതവഴിക്കായിരിക്കും മലനാട്ടിൽ കടക്കാൻ ആലോചിച്ചിട്ടുള്ളതു്. യുദ്ധം ഭയങ്കരമല്ലെങ്കിൽ കേരൻ എന്നോട് സഹായത്തിനാവശ്യപ്പെടുകയില്ലായിരുന്നു. നമുക്കു ഉദയവൎമ്മനെ സഹായിക്കാൻ ചതുരംഗപ്പടയോടുകൂടി ചെല്ലണം. പാണ്ഡ്യൻെറ അഹങ്കാരം പടക്കളത്തിൽ പാഴിലാക്കിയേ പോരു മതിയാക്കാവൂ. അദ്ദേഹം സൈന്യങ്ങൾമാത്രം അയച്ചുതരാനാണ് ആവശ്യപ്പെട്ടിരിക്കുന്നതു. ഇന്നു നമ്മുടെ സൈന്യങ്ങളെല്ലാം പുറപ്പെടുന്നതിനു സജ്ജമായിത്തന്നെയിരിക്കുമെന്നു വിചാരിക്കുന്നു. പൂന്തുറയ്ക്കാളയച്ചു ഏറാടിക്കിടാങ്ങളെ വിളിപ്പിക്കണം. നമുക്കു ചോളനോടു സഹായമപേക്ഷിച്ചുംകൊണ്ടു പാണ്ടിനാടു പിടിച്ചടക്കണം. ഇതിനെല്ലാം അനുകൂലമായ സമയം ഇപ്പോൾ ലഭിച്ചതു ഉപകാരമായി. ഏറാടിക്കിടാങ്ങൾ മല്ലശ്ശൂരന്മാരാണ്. നമ്മുടെ കാൎയ്യക്കാർകൂടി പടയിൽ ചെല്ലട്ടെ. ഉദയവൎമ്മൻ ഒററയ്ക്കുതന്നെ പാണ്ഡ്യനെ പോരിൽ ജയിക്കും. നമ്മുടെ സേനാനായകന്മാരും പൂന്തുറക്കിടാങ്ങളും സൈന്യങ്ങളുമെത്തിക്കഴിഞ്ഞാൽ, പാണ്ടിപ്പടയുടെ കഥയെന്തായിത്തീരുമെന്നു പറയാൻമടിക്കുന്നു; നിങ്ങ

ളും 14000 നായർ പടയും പറവർ പട 10000 വും, കുറവർസൈന്യം 1000,വും കൊണ്ടുപോകാൻതക്കവണ്ണം ഏൎപ്പാടുചെയ്യണം. പാണ്ഡ്യന്ന കേരളത്തിൽ പാതിനാട്ട് ആവശ്യമാണെ പോലും. ഏഴിമല കടന്നെത്തിയ ക്ഷത്രിയസ്ത്രീയെ പെരുമാറം പരിണയിച്ചതു തെററാണെന്നാണ യുദ്ധത്തിന്നപുറപ്പാട്. കുമരേശന്റെ തുണയും ജഗദംബികയുടെ കൃപയും കൊണ്ടു നമുക്കെല്ലാം മംഗളമായി സാധിപ്പിക്കാം. ഇനിതാമസിച്ചാൽ പാണ്ഡ്യന്റെ പട കേരളം കടന്നുപിടിച്ചു കളയും. ഇന്നുതന്നെ ഏറാടിക്കിടാങ്ങളെ വിളിപ്പിച്ചു വടക്കോട്ട് പടക്രൂട്ടി അയക്കണം. ഞാൻ പാണ്ഡ്യനാട്ടു ആക്രമിക്കാൻ പടയിൽ ചെല്ലാം. നിങ്ങൾ ചോളനാട്ടിൽ. ചെന്നു ഭൂപനെ സഹായത്തിന്നപേക്ഷിച്ചതായി പറഞ്ഞു പടകളുംകൊണ്ടു പാണ്ടിയിലെത്തിയാൽ മതി. ഞാനൊററയ്ക്കു പോകുന്നുണ്ടെന്നു ഉള്ളിലെപ്പോഴും ഓൎമ്മവേണം. കാൎയ്യം കഴിഞ്ഞാലുടൻ നമ്മെ വഴിക്കു സന്ധിച്ചാലും കൊള്ളാം. ഇനി ഒന്നിനും താമസം പാടില്ല. ദൂതുവന്ന ആൎയ്യനോടു ചേരപ്പട വരുന്നുണ്ടെന്നു പറഞ്ഞയച്ചു കഴിഞ്ഞു. പിന്നെ ചെയ്യേണ്ടതെല്ലാം ആലോചിച്ചു പറയുന്നതുപോലെ പ്രവൎത്തിച്ചുകൊള്ളാം എന്താണ ദീൎഘമായി ആലോചിക്കുന്നതു''?

മന്ത്രി:—"ഇന്നു കേരനെ സഹായിക്കേണ്ട കടമ നമുക്കല്ലാതെ പിന്നെയാൎക്കാണുള്ളതു? മറുപടി പറഞ്ഞയച്ചതു വളരെ നന്നായി. നമ്മുടെ നാടു മുഴുവനും തയ്യാറുണ്ട്. ചുററുംആളയച്ചു ഏറാടിക്കിടാങ്ങളെ വേഗം വരുത്താം. പാണ്ഡ്യൻ കേരളത്തിൽ കടക്കുന്നതിന്നു മുമ്പു എനിക്കു ചോളനാട്ടിലെത്താൻ പാടില്ല. ചോളൻ വളരെ നല്ലവനും നമ്മുടെ പൂൎവ്വബന്ധുവുമാണെന്നും ഞാനറിയും. ചോളൻ നമ്മെ സ്നേഹിക്കുന്നതുപോലെ മററാരേയും സ്നേഹിക്കയില്ലെന്നു നിശ്ചയമുണ്ട്. പാണ്ഡ്യന്റെ പട കേരളത്തിലായാലുടൻ വിവരം അറിയിക്കത്തക്കവണ്ണം നമുക്കു ശ്രദ്ധമായി ഒരു ചാരനെ ഇപ്പോൾതന്നെ വടക്കോട്ടയയ്ക്കണം. പാ

ണ്ഡ്യന്റെ പ്രതാപസൂൎയ്യൻ പശ്ചിമാംബുധിയിൽതന്നെ മുങ്ങിക്കളിക്കും'' എന്നുള്ളതു നിശ്ചയംതന്നെ. കല്പനപോലെ മുറയെല്ലാം ഏൎപ്പാടു ചെയ്തുകൊള്ളാം. സ്വന്തം നാട്ടിലും വേണ്ട കാവലുകൾ ഉറപ്പിക്കാം. ഇനിയും എന്താണു തിരുവുള്ളമുള്ളതു്''

ചേരൻ:—''മന്ത്രി! നിങ്ങൾ എന്റെ അഭിപ്രായത്തോടു യോജിച്ചതു എനിക്കു പൂൎണ്ണ ആശ്വാസത്തിനു വഴിയായി. പറഞ്ഞതുപോലെയെല്ലാം പ്രവൃത്തിച്ചുകൊള്ളൂ. വടക്കോട്ടു വിവരമറിയാൻ കോരനെ അയയ്ക്കുന്നതു കൊള്ളാം. അവൻ മിടുക്കനാണു്. അവസരമറിഞ്ഞു നടക്കും. കാൎയ്യത്തിലെപ്പോഴും കണ്ണോട്ടമുണ്ടായിരിക്കും. ചോളനെ കണ്ടു ദൂതുപറയേണ്ടതും ചോളസൈന്യം കൊണ്ടു പാണ്ടിയിലെത്തുന്നതും നിങ്ങളുടെ ചുമതലയിൽപെട്ടതാണു്. നിങ്ങൾ ഇപ്പോൾതന്നെ പൂന്തുറയ്ക്കു ആളയച്ചു ഏറാടിക്കിടാങ്ങളെ വിളിച്ചേ മതിയാവൂ. വടക്കോട്ടു പുറപ്പെടേണ്ട പടകൾക്കു കല്പനപുറപ്പെടുവിച്ചേക്കാം. കാൎയ്യക്കാരുംകൂടി പോകാൻ കല്പിച്ചിരിക്കുന്ന വിവരംകൂടി എഴുതി അയയ്ക്കണം. നമ്മുടെ രാജ്യരക്ഷയ്ക്കു വേണ്ടുന്ന കാവലുകളും ജാഗ്രതയോടു കരുതിക്കൊള്ളണം. പുത്രിയുടെ കാൎയ്യത്തിലും നല്ല സൂക്ഷ്മം വേണം. ഇന്നത്തെ യുദ്ധത്തിൽ നമുക്കു പ്രതിഫലേച്ഛയൊന്നുമില്ല. നമ്മുടെ ക്ഷേമത്തിനും കോലനു നല്ലൊരു സഹായത്തിനും മാത്രമാണു്. ആപത്തിലകപ്പെട്ടുഴലുന്നവരെ സഹായിക്കേണ്ടതു രാജ ധൎമ്മമാണല്ലോ? കേരൻ നമ്മോടു സഹായത്തിനപേക്ഷിച്ചതു വളരെ നന്നായി. നാമല്ലയോ അയൽ വാസി? അവനു സംഭവിക്കുന്ന ആപത്തും സമ്പത്തും നമുക്കുകൂടി പങ്കിനു അവകാശമുണ്ടല്ലോ? എല്ലാം കൊണ്ടും നിങ്ങൾ കൎത്തവ്യമോൎത്തു പ്രവൎത്തിച്ചുകൊള്ളാനും വിവരമെന്നെ മനസ്സിലാ

ക്കാനും ആണ് ഞാൻ ആവശ്യപ്പെടുന്നത്. സമയം അതിക്രമിച്ചു, സന്ധ്യാകാലം അടുത്തു. നിങ്ങൾ പോകാം."

മന്ത്രി:—"സ്വാമിൻ കല്പനപോലെ. ഇന്നുതന്നെ വടക്കോട്ടു പടകളയച്ചേക്കാം. വിശേഷമെല്ലാം അപ്പോഴപ്പോൾ വഴിപോലെ ബോധിപ്പിക്കാം. ഭവാൻ ചിരഞ്ജീവിയായി കേരളം വാഴാൻ കുമരേശനും ശ്രീപത്മനാഭനും തുണയ്ക്കട്ടെ" എന്നാശീർവ്വദിച്ചുടൻ പിരിഞ്ഞു. രാജാവും നിത്യകർമ്മത്തിനായി ജലാശയം നോക്കി തിരിച്ചു.

---

# അദ്ധ്യായം ൧.

## യുദ്ധസന്നാഹം.

തോലൻ രാജകല്പനയേയും പാണ്ഡ്യന്റെ കേരളാക്രമണത്തേയും കേരളന്റെ സഹായയാചനയേയും അക്ഷരംപ്രതി ആലോചിച്ചു കൎത്തവ്യമെന്തെന്നുറച്ചു. പാണ്ഡ്യന്റെ പൌരുഷത്തെ പാടെ പുച്ഛിച്ചു. ചേരന്റെ മറുപടിയെ കൊണ്ടാടി; എങ്കിലും, "രാജാവു പ്രജാപരിപാലകനാണെന്നു വരികിലും രാജ്യകാൎയ്യങ്ങൾ മുഴുവനും എന്നെ ചുമതലപ്പെടുത്തീട്ടുണ്ടല്ലോ? ചുമടെടുക്കുന്ന കൂലിക്കാരൻ സ്വശക്തിയെ അനുസരിച്ചു പ്രവൎത്തിക്കുമെന്നുള്ള വിശ്വാസം ചുമതലയേല്പിക്കുന്ന ചോദകനു ഉണ്ടായിരിക്കുമല്ലോ? ചുമടിന്റെ ഗുരുലഘുത്വമനുസരിച്ചാണു കൂലി നിശ്ചയിക്കുന്നതു്. കൂടുതൽ കൂലി കിട്ടാനാശിക്കുന്നവർ ചുമടിന്റെ ഗൌരവമറിഞ്ഞുകൊള്ളേണ്ടതു അത്യാവശ്യമാണ്. അചേതനങ്ങളായ യന്ത്രങ്ങളേയും സചേതനങ്ങളായ നാല്ക്കാലികളേയും ഏല്പിയ്ക്കുന്ന ഭാരം നയിപ്പിയ്ക്കുന്നവന്റെ നയം അനുസരിച്ചു ആപത്തുകളൊന്നും കൂടാതെ അഭയസ്ഥാനത്തെത്തുന്നു. അവയുടെ ധൎമ്മമത്രത്തോളമേയുള്ളു. അരചൻ എന്നെ ഏല്പിച്ചിരിക്കുന്ന ഭാരം രാജ്യതന്ത്രവിഷയങ്ങളിലേററവും പ്രധാനപ്പെട്ടതാണ്. കണ്ണൊന്നു തെററിയാൽ ദണ്ഡങ്ങളനേകം സംഭവിക്കും. മന്ത്രിപദം മേന്മയുള്ളതാണെന്നു പറയാമെങ്കിലും, മനസ്സിനു സമാധാനമോ, സ്വൈരമോ ഒരിക്കലും ഉണ്ടായിരിക്കയില്ല. ആലോചനാപരമ്പരകളെല്ലാം തിരമാലകളെപ്പോലെ ഒന്നിനൊന്നു പൊങ്ങി മറിഞ്ഞു വീണുകൊണ്ടിരിക്കയാണു പതിവു്. ഈശ്വരസങ്കല്പത്തിനു വിപരീതമായിട്ടൊന്നും പ്രവൎത്തിക്കാനാൎക്കും സാധിക്കയില്ലെങ്കിലും അബദ്ധം വരുന്നതു ആലോചനക്കുറവു നിമിത്തം അസംഭാവ്യ

മല്ലല്ലോ. പൌരുഷം പ്രകാശിപ്പിക്കേണ്ട സമയം പത്ഥ്യാപത്ഥ്യങ്ങളാ നാലോചിക്കുന്നതു പുരുഷത്വത്തിന്റെ വിലക്ഷണമല്ലയോ? പലരുടേയും പ്രീതിക്കു പാത്രമായിത്തീരേണ്ട രാജ്യഭരണം എന്നെ ഗൌരവപ്പെടുത്തുന്നുണ്ട്. കാൎയ്യഗൌരവമോൎക്കുമ്പോൾ സുഖ ദുഃഖങ്ങളുടേയോ കാലാകാലത്തിന്റേയോ നിലയും വിലയും ആൎക്കും അറിയാൻ സാധിക്കുകയില്ല. ഇന്നും എനിക്കു നിൎവ്വഹിക്കാനുള്ളവയെല്ലാം പരസഹായം കൊണ്ടല്ലാതെ ഫലപ്രദമാക്കി തീൎക്കാനൊരിക്കലും കഴിയുന്നതുമല്ലാ" എന്നിങ്ങനെ പലവിധ ചിന്തകളെകൊണ്ടു വ്യാകുലചിത്തനായി കച്ചേരി വളപ്പിൽ പ്രവേശിച്ചു. അപ്പോൾ ചില ഉദ്യോഗസ്ഥന്മാരും, ഏതാനും ശിപായിമാരും അസംഖ്യം ആവലാതിക്കാരും പൌരപ്രധാനികളും മന്ത്രിയുടെ വരവിനെ പ്രതീക്ഷിച്ചു നിൽക്കുന്നുണ്ടായിരുന്നു. അവരുടെ ആചാരോപചാരങ്ങളെ മാനിച്ചുംകൊണ്ടു മന്ത്രശാലയിൽ കടന്നുചെന്നു സ്വസ്ഥാനത്തെ ആശ്രയമാക്കിത്തീൎത്തു. എങ്കിലും വിശ്രമത്തിനോ വിനോദത്തിനോ വഴിയില്ലെന്നുള്ള വിശ്വാസത്താൽ അധികാരികളേയും, ആഗന്തുകന്മാരേയും, ആശ്രിത ജനങ്ങളേയും വിളിച്ചുകൂട്ടി ചില സാന്ത്വവചനങ്ങളാൽ .സ്വാധീനന്മാരാക്കി തീൎക്കാനുറച്ചിട്ടു ഇങ്ങനെ പറഞ്ഞു. "അല്ലയോ വിശ്വവിശ്രുതന്മാരായ മാന്യപ്രജകളെ! നിങ്ങളുടെ വിലയേറിയ സമയം എന്നെ നല്ലവണ്ണം സഹായിക്കുന്നുണ്ട്. നിങ്ങളുടെ രാജഭക്തിയെ വാചാ പറഞ്ഞറിയിക്കാൻ വലിയ പ്രയാസമാണു്. നമ്മുടെ നാടു വളരെ ചെറുതു. നിങ്ങൾ സ്വധൎമ്മം പാലിക്കുന്നവരും പരമാൎത്ഥികളും ആകുന്നു. രാജ്യത്തിനും രാജാവിനും വേണ്ടി സ്വജീവനെപ്പോലും തൃണവൽഗണിച്ചിരിക്കുന്നതിൽ വളരെ സന്തോഷിക്കുന്നു. അരചനു സംഭവിക്കുന്ന സമ്പത്തുമാപത്തും പ്രജകളേയും സംബന്ധിക്കുമെന്നു പ്രത്യേകം പറഞ്ഞറിയിക്കണമെന്നു തോന്നുന്നില്ല. ഇന്നു കേരളമാക്രമിക്കാൻ പാണ്ഡ്യൻ പടകളോടു പുറപ്പെട്ടിട്ടുണ്ടെന്നു ഉദയവൎമ്മന്റെ സന്ദേശംവഴി അറിയാന്

ഇടയായി. കേരളത്തിൻെറ വടക്കഭാഗം പാണ്ഡ്യൻ ആക്രമിച്ചു കഴിഞ്ഞാലുടൻ തെക്കഭാഗത്തിന്നും കേട സംഭവിക്കുമെന്നു ഊഹിക്കാൻവഴി ഉണ്ടല്ലോ? രാജ്യത്തെ കേടുകൂടാതെ സൂക്ഷിക്കേണ്ടതു നിങ്ങളുടേയും എൻേറയും ധമ്മം ഒന്നുപോലെയാണ്. അയൽവാസിയായ ഉദയവമ്മൻ നമ്മോടു സഹായത്തിന്നാവശ്യപ്പെട്ടിരിക്കുന്നതു നമുക്കൊരു വലുതായ ഉപകാരമാണല്ലോ. വിദേശീയനായ പാണ്ഡ്യൻെറ പടയ്ക്കു കീഴടങ്ങി പാക്കുന്നതു പൌരുഷത്തിന്നു ഹാനികരമല്ലയോ? നമ്മുടെ രാജാവായ ചേരൻ ഉദയ മാത്താണ്ഡഭൂപൻ, ഉദയവമ്മനെ സഹായിക്കാമെന്നു മറുപടി പറഞ്ഞയച്ചു കഴിഞ്ഞിരിക്കുന്നു. നമുക്കിപ്പോൾ കോലനെ സഹായിച്ചും, ആത്മരക്ഷയ്ക്കു ഉറപ്പു കൂട്ടിയും സ്ഥിരപ്രതിഷ്ഠയ്ക്കു വഴിനേടിയും ശത്രുബലത്തെ നശിപ്പിക്കാനുമത്യാവശ്യപ്പെട്ടിരിക്കുന്നു. കോശവും കോട്ടയും നല്ലവണ്ണം സൂക്ഷിക്കണം, രാജധമ്മത്തെ പാലിക്കാനായി വലിയൊരു സേനാനിവഹം വടക്കപോകാൻ ഒരുങ്ങിക്കൊള്ളണം. പാണ്ഡ്യനാടു പിടിച്ചടക്കാൻ ചേരൻ പോകുന്നുണ്ടു്. അദ്ദേഹത്തെ സഹായിക്കാനും നിങ്ങളിൽ അധികം ആളുകളും പോകേണ്ടിവരും. ഞാൻ ചോളരാജ്യംവരെ ചെല്ലാൻ നിശ്ചയിച്ചിരിക്കുന്നു. നമ്മുടെ കാൎയ്യക്കാരൻ ബാല്യത്തച്ചൻകൂടി വടക്കപോകുന്നു, പടയ്ക്കു സഹായിക്കാൻ വരുന്നുണ്ടു്. കോരനെ മലനാട്ടാക്രമണം കണ്ടുവരാൻ അയച്ചിരിക്കുന്നു, പൂന്തുറയ്ക്കു പടമലനായർ പോകുന്നതാണ്. ഏരാടികിടാങ്ങളുടെ അനുയാനവും നമ്മുടെ പടയ്ക്കു ഉണ്ടായിരിക്കും. തുളുനാട്ടിൽ നിന്നും കവിസിംഹനെ ആനമലയ്ക്കു സമീപം വന്നെത്താൻ കുറി അയയ്ക്കാൻ പോകുന്നു.'' ഇതൊക്കെയാണു ചേരൻെറ കല്പനകൾ. നിങ്ങൾ സ്വന്തം ചുമതലകളെ യഥാവസരം പാലിച്ചു കാണാനധികം അരചനാശിക്കുന്നു. നായരും ഏരാടിക്കിടാങ്ങളും പെരുമാളിനെ കണ്ടിട്ടു ആനമലയ്ക്കു സമീപത്തുള്ള യുദ്ധക്കളത്തിൽ നിങ്ങളോടു വന്നു ചേരും. "അപ്പോൾ ഒന്നിന്നും നമുക്കു കുറവു

വരുന്നതല്ല. ഇതെല്ലാം കല്പനപോലെ നിങ്ങളെ അറിയിച്ചു കഴിഞ്ഞിരിക്കുന്നു. എങ്കിലും നിങ്ങളുടെ അഭിപ്രായം അറിയാൻ എനിക്കു മോഹം ഉണ്ടു്; എന്താണു നിങ്ങൾ വിചാരിക്കുന്നതു് ?" എന്നിങ്ങനെ പറഞ്ഞിട്ടു മന്ത്രി മൌനം ദീക്ഷിച്ചു.

ഉദ്യോഗസ്ഥന്മാർ ഒന്നുപോലെ എഴിച്ചു നിന്നു, കരം പൊക്കി "ഞങ്ങൾ നിങ്ങളുടെ വരുതിപ്രകാരം നടക്കുന്നവരാണ്. ഞങ്ങൾക്കുള്ള പൌരുഷം പ്രദൎശിപ്പിക്കുന്നതിനു അവസരം ഇതേവരെ ലഭിച്ചിട്ടില്ലായിരുന്നു. ദൈവായത്തമായി സിദ്ധിച്ച സമയാനുകൂല്യത്തെ വ്യത്ഥമാക്കി തീക്കാതെയും, ചേരഭൂപന്റെ സ്ഥിരപ്രതിഷ്ഠയ്ക്കു ഭംഗം വരുത്താതേയും പ്രാണനെക്കൂടി വെറുത്തു യുദ്ധക്കളത്തിലേയ്ക്കു ഇതാ പുറപ്പെട്ടു കഴിഞ്ഞിരിക്കുന്നു. നമ്മുടെ രാജാവു പാണ്ടിയും കേരളവും ഒന്നിച്ചിണക്കി ചിരം വാഴാൻ സവ്വശക്തനനുഗ്രഹിക്കട്ടെ." എന്നു വിളിച്ചു പറഞ്ഞു.

പൌരപ്രധാനികൾ :—ഇന്നു രാജകല്പന ഞങ്ങളെ ആനന്ദവാരിധിയിൽ തുള്ളിച്ചാടിച്ചിരിക്കുന്നു. രാജ്യത്തിനും രാജാവിനും വേണ്ടി എന്തും പ്രവത്തിക്കാൻ ഞങ്ങൾ സവ്വഥാ സജ്ജമായിരിക്കുന്നു. സവ്വശക്തൻ ഞങ്ങളേയും തിരുമേനിയേയും കാത്തുരക്ഷിക്കട്ടെ."

കളരിനാഥന്മാർ:—"ഇന്നല്ലയോ കളരിയിലെ ഭരദേവതയ്ക്കു അനുഗ്രഹിക്കാൻ തോന്നിയതു്. ഞങ്ങളുടെ കൈകൾ കടന്നു പിടയ്ക്കുന്നു. ഖഡ്ഗങ്ങൾ ചാഞ്ചാടുന്നു. കുന്തങ്ങൾ കോളുനോക്കുന്നു. മനക്കരുത്തും കായികാഭ്യാസവും യുദ്ധക്കളത്തിൽ കാണാവുന്നതാണ്. ശത്രുസംഘം സംശയം കൂടാതെ പ്രേതപുരത്തിൽ ആതിഥ്യം സ്വീകരിക്കാൻ ചെല്ലും. ചേരപ്പടയ്ക്കു ജഗൽപ്രസിദ്ധി സിദ്ധിയ്ക്കുമാറു ദേവി പ്രസാദിക്കട്ടെ."

സൈന്യാധിപൻ:—"സൈന്യങ്ങളെല്ലാം തയ്യാറുണ്ട്. നമ്മുടെ നാട്ടിലെങ്ങും കാവലുറപ്പിച്ചു കഴിഞ്ഞിരിക്കുന്നു. അവരൊന്നിനും മടിക്കുന്നവരല്ല. സംശയം തെല്ലും വേണ്ട. ചേരഭൂപനു സർവ്വവിജയങ്ങളും ശ്രീപത്മനാഭൻഅരുളട്ടെ!"

മന്ത്രി:—"സന്തോഷമായിട്ടു നിങ്ങൾക്കെല്ലാവൎക്കും നന്ദി പറഞ്ഞുകൊള്ളുന്നു. നമ്മുടെ സൈന്യാധിപന്റെ ചൊൽപ്പടിക്കിണങ്ങി വടക്കു പോകുന്നവർ ഒരുങ്ങിക്കൊള്ളണം. പാണ്ടിക്കു പോകുവാൻ ആശിക്കുന്നവർ മുറയ്ക്കു രാജസന്നിധിയിലെത്തി അണിനിരന്നുകൊള്ളണം. നിങ്ങൾക്കു രാജഭക്തിയും ഈശ്വര വിശ്വാസവും സ്വരാജ്യസ്നേഹവും പൂൎണ്ണമായിരിയ്ക്കുയാൽ കാലസ്വരൂപിയായ ഭഗവാൻ നമ്മെ നിശ്ചയമായും കാത്തുരക്ഷിക്കും. അതിനൊരു സംശയവും ഇല്ല. ശ്രീപത്മനാഭന്റെ ദാസദാസന്മാരാണല്ലോ നാമെല്ലാവരും. നമുക്കിങ്ങു സർവ്വമംഗള സിദ്ധിയ്ക്കായി ഒത്തൊരുമിച്ചു പ്രാൎത്ഥിക്കാം" എന്നു പറഞ്ഞുംകൊണ്ടു സ്ഥാനം വിട്ടെഴിച്ചുനിന്നു കൈകൂപ്പി. സഭാംഗങ്ങളെല്ലാം അതുപോലെ നിരന്നുനിന്ന് പ്രാൎത്ഥന നടത്തി; പിന്നെ മംഗളമായിപ്പിരിഞ്ഞു അവർ പോകയും ചെയ്തു. മന്ത്രി, സ്വന്തം ഭവനത്തിലെത്തി വിശ്രമിച്ചു.

# അദ്ധ്യായം ৰ്വ.

## പാണ്ഡ്യന്റെ കോപം.

സൂൎയ്യോദയം കഴിഞ്ഞു ഏഴരനാഴിക സമയം ചെന്ന പ്പോൾ ശുഷ്കവദനനായ ഒരു ദൂതൻ വൈവൎണ്ണ്യം കലൎന്നു രാജസിംഹന്റെ കൊട്ടാരവാതുക്കൽ വന്നുചേൎന്നു. നടന്നുവന്ന ക്ഷീണവും കോലന്റെ പരിഹാസവചനവും ദൂതന്റെ മനോവ്യഥയെ വൎദ്ധിപ്പിച്ചുകൊണ്ടിരുന്നു.. എങ്കിലും, തിരുമുമ്പിലവസരം അറിഞ്ഞു വിവരം ബോധിപ്പിക്കാനായി പടിവാതുക്കൽ നിന്നുകുഴഞ്ഞു. സ്വല്പം കഴിഞ്ഞു അകത്തിരുന്നൊരു ശബ്ദം പുറപ്പെട്ടു. "നടയിലാരും ഇല്ലേ" സേവകൻ ബദ്ധപ്പെട്ടു തിരുമുമ്പിലെത്തി "അടിയൻ"എന്ന് വിനയം ഭാവിച്ചു. പാണ്ഡ്യൻ "എടോ! മലനാട്ടിനു പോയവൻ ഇനിയും വന്നിട്ടില്ലല്ലോ താമസത്തിനു കാരണമെന്തായിരിക്കും. നമുക്കു സംഭ്രമം കൂടുന്നു. താൻ ചെന്നു വിവരം അറിഞ്ഞു വരു."

സേവകൻ:—"അടിയൻ, കല്പനപോലെ". തിടുക്കത്തിൽ പുറവാതുക്കലെത്തി നാലുഭാഗവും പരിശോധിച്ചു. അപ്പോൾ പേയാണ്ടിത്തേവൻ വിറച്ചുംകൊണ്ടു ഒരു കോണിൽ ഭ്രാന്തനെപ്പോലെ വികൃതവേഷത്തിൽ നിൽക്കുന്നതു കണ്ടു. വീണ്ടും അകത്തു ചെന്നു "ദൂതൻ വന്നിട്ടുണ്ടു്, പടിവാതുക്കൽ നിൽക്കുന്നു".

പാണ്ഡ്യൻ—"എന്നാൽ അവനെ വേഗം വിളിക്കു?"

സേവകൻ—"അടിയൻ ഇതാവിളിക്കാം"

പാണ്ഡ്യൻ—"എടോ! താൻ പുറത്തുണ്ടായിരിക്കണം"

സേവകൻ—"അടിയൻ," ഓടിവന്നു ദൂതനോടു രാജകല്പന മനസ്സിലാക്കി,

ദൂതൻ— വ്യസനഭാവത്തോടുകൂടി തിരുമുമ്പിലെത്തി തൊഴുതു നിന്നു.

പാണ്ഡ്യൻ—"പേയാണ്ടി! നീ എന്താണു വല്ലാതെ നിൽക്കുന്നതു്? അബദ്ധം വല്ലതും പററിയോ? മലനാടു കടക്കാനോ കോലനെ കാണാനോ സാധിച്ചില്ലെന്നുവന്നോ? പോയ കാൎയ്യം പാഴിൽ ആയോ? സംഭ്രമം വേണ്ടാ സംഗതി പറയൂ.

പേയാണ്ടി—അടിയൻ അങ്കെ പോനേങ്ക. അരശു മുഴപിശാചു. അവനുക്കു ആരേയും മതിപ്പില്ലെ. അട്ടാസം പോട്ടാങ്ക.

പാണ്ഡ്യൻ—കോപഭാവത്തിൽ "എന്തെടോ താൻ പറയുന്നതു? വടക്കനെ നേരിട്ടുകണ്ടോ?"

പേയാണ്ടി—കണ്ടേങ്ക അവൻ എന്നെ പാത്തു ചിരിച്ചാങ്ക."

പാണ്ഡ്യൻ—"എന്റെ കുറി കൊടുത്തുവോ?

പേയാണ്ടി—"കുറി വാങ്കിനാങ്ക. പടിച്ചിന പല്ലിളിത്തു നകൈത്താങ്ക."

പാണ്ഡ്യൻ—"തന്റെ മിടുക്കു എനിക്കു നല്ലവണ്ണമറിയാം. കാൎയ്യം പറയാനല്ലയോ പറഞ്ഞതു?"

പേയാണ്ടി—"എന്നെ വിഴിത്തു വിഴിത്തു പാത്താൻ. കള്ളുമയക്കം തലയ്ക്കു രൊമ്പ രൊമ്പ. തടിയനൈ പാത്താൽ പയമാകിറതു. പെട്ടകം തുറന്തു കാകിതമെടുത്താൻ. പിറുപിറുത്തുകൊണ്ടേ പരപരപ്പോടു എളുതി തന്താങ്ക."

പാണ്ഡ്യൻ—"കയ്യിലുണ്ടോ? അതു കളഞ്ഞോ"

പേയാണ്ടി—"അടിയൻ അവളവു മൂടനാ" ഇന്ദ്രാങ്ക.

പാണ്ഡ്യൻ—എഴുത്തു പൊട്ടിച്ചു നോക്കീട്ടു ('സ്വഗതം') കൊള്ളാം മറുപടി കേമമായി. അത്രയ്ക്കായോ? പാണ്ഡ്യനെ നല്ലവണ്ണം അറിഞ്ഞുകൂടാ. ('പ്രകാശം') ഞാൻ പാണ്ഡ്യനല്ല ചേരമാൻപെരുമാളിന്റെ പ്രസാദം സിദ്ധിച്ചവനാണു്. എനിക്കു പാണ്ടിയും സ്വന്തമാക്കാൻ സന്തോഷമുണ്ടു്. നിങ്ങളുടെ സ്വന്തം എന്നു വിചാരിക്കുന്ന രാജസ്ത്രീയെ പെരുമാൾ സ്വീകരിച്ചതു സൌജന്യബുദ്ധിയാലാണെന്നു വിചാരിക്കണം. മൂലപ്പട പാണ്ടിയിലെത്തുമ്പോൾ ഇതൊക്കെ ആലോചിച്ചു പ്രവൎത്തിക്കാം." ഇത്രയും വായിച്ചവസാനിക്കു

ന്നതിന്നു മുമ്പു പാണ്ഡ്യന്റെ മീശ വിറച്ചു. പല്ലുകൾ പട പടാ ശബ്ദം പുറപ്പെടുവിച്ചു. കണ്ണുകൾ ശോണിതശോഭയെ സ്വീകരിച്ചു. കൈകൾ തുള്ളിയുയന്നു.

പേയാണ്ടി—"അടിയൻ അപ്പോഴെ അവനെ തൊലക്കേനെ എന്ന നിനൈത്തേങ്ക. നമ്മ ചമുകത്തിക്കു കോപമുണ്ടാകുമോ എണ്ണി പയന്തേങ്ക. പേയാണ്ടിക്കു അവനു പൊരുട്ടാ? മളയാളം മല ഏറിനാൽ മുടിച്ചു പോടലാങ്ക".

പാണ്ഡ്യൻ—"എന്നാൽ താനിപ്പോൾ പോവൂ'; പേയാണ്ടി പോവാൻ ഭാവിച്ചപ്പോൾ "എടോ വേഗം മന്ത്രിയേയും സൈന്യാധിപനേയും കണ്ടു കല്പനയുണ്ടെന്നു വരാൻ പറയു. വഴിക്കെങ്ങും താമസിക്കയോ, വീട്ടിലേയ്ക്കു ചെല്ലാനാശിക്കയോ അരുതു്. വേഗമോടിക്കൊള്ളു."

പേയാണ്ടിയുടെ യാത്ര കഴിഞ്ഞതും രാജസിംഹപരാന്തക പാണ്ഡ്യൻ കോലന്റെ മറുപടിയെക്കുറിച്ചു വീണ്ടും ചിന്തിച്ചു തുടങ്ങി. മനസ്സിന്നു തീരെ സമാധാനം ഉണ്ടായില്ല കേരളം ആണു ആദ്യമായി പിടിച്ചടക്കേണ്ടതു്. പിന്നീടു കുളംബിലേയ്ക്കു പൊയ്ക്കൊള്ളാം. അഭിമാനമുള്ളവൎക്കു മലനാടന്റെ മറുപടി തീരെ യോജിച്ചതല്ലെന്നു തോന്നാതിരിക്കയില്ല. പാണ്ഡ്യന്റെ പൌരുഷം പറഞ്ഞുകേട്ടറിഞ്ഞിരുന്നാലും കോലൻ പേടിക്കമായിരുന്നു. കഴിഞ്ഞതെല്ലാം പോകട്ടേ, പേയാണ്ടി ഒരു പിച്ചനാണു്. "ഹനുമാനെപ്പോലെയുള്ളവരല്ലയോ ദൂതിന്നു യോജിച്ചവർ" എന്നു നാമാലോചിച്ചില്ലല്ലോ മന്ത്രിയും താമസിയാതെ വരും. കുളംബിലേയ്ക്കുള്ള യാത്രയെ മാററിവെയ്ക്കാൻ ഏപ്പാടു ചെയ്യണം. ചോളൻ കോലന്റേയും ചേരന്റേയും പഴയ ബന്ധുവാണു്. പാണ്ഡ്യനേയും പേടിച്ചിരിക്കുന്നു. കേരളം പിടിച്ചടക്കാൻ താല്പൎയ്യം ചോളപാണ്ഡ്യന്മാൎക്കൊപ്പമാണു്, എന്നു നാട്ടാർ അറിഞ്ഞിട്ടുമുണ്ടു. നാമിന്നു മുറയ്ക്കു വലിയസൈന്യവും കൊണ്ടു ആനമലവഴി കടന്നു കേരളം സ്വാധീനമാക്കണം. നാടു ഭരിക്കാൻ ആചാൎയ്യനെ ഏല്പിക്കാമെന്നു വിചാരിച്ചിരുന്നു. സഹോദരനേയും വിരോധിച്ചതു സങ്കടത്തിനിടയാ

ക്കിത്തീത്തല്ലോ. മകൻ കേരളനാഥന്മാരുടെ രക്ഷയിലിരിക്കുന്ന തും നമുക്കു അഭിമാനക്ഷയം തന്നെ. സൈന്യാധിപൻെറ സാമത്ഥ്യം പലകുറി കണ്ടറിഞ്ഞിട്ടുണ്ടല്ലോ. ഒന്നുകൊണ്ടും നമുക്കു പേടിക്കാൻ ഇല്ല. പക്ഷെ പരിതസ്ഥിതികൾ ഭയം തോന്നിക്കാതിരിക്കുന്നില്ല." എന്നിങ്ങനെ മാനസപലകയിലെഴുതി വിചാരചക്ഷുസ്സുകൊണ്ടു നോക്കി രസിക്കയായിരുന്നു. അതിനകം മന്ത്രിയും സൈന്യാധിപനും ഒരേ സമയം രണ്ടുവഴിക്കുകൂടി രാജഭവനത്തിലെത്തിക്കഴിഞ്ഞു. അവരുടെ വരവും കൂടി പാണ്ഡ്യ നോക്കാൻ കഴിഞ്ഞില്ല. സമയമതിക്രമിക്കുന്നതുകണ്ടു ക്ഷമ വിട്ടു മന്ത്രി ഒന്നു ചുമച്ചു; പാണ്ഡ്യൻെറ ചെവിക്കു മന്ദത മാററി. പെട്ടെന്നു രാജാവു തിരിഞ്ഞുനോക്കി. സൈന്യാധിപനും മന്ത്രിയുമടുത്തുനിൽക്കുന്നതുകണ്ടു അല്പം വിലക്ഷനായി ആശ്വസിച്ച ഭാവത്തിൽ "വരിക വരിക വഴിക്കു താമസം വന്നില്ലെന്നുതന്നെ വിശ്വസിക്കുന്നു. നിങ്ങളുടെ കൃത്യനിഷ്ഠയെ മനസ്സുകൊണ്ടു കൊണ്ടാടുന്നുണ്ടു. കാര്യമെല്ലാം നിങ്ങളുടെ സഹായസഹകരണങ്ങളെ കൊണ്ടാണു സാധിക്കേണ്ടിയിരിക്കുന്നതു്. സമയവിളംബമൊന്നോത്താണു്, ഇപ്പോൾതന്നെ ഇങ്ങോട്ടുവരാനാവശ്യപ്പെട്ടതു്. വൈഷമ്യമൊന്നും തോന്നുകയില്ലെന്നു നാം പൂണ്ണമായി വിശ്വസിക്കുന്നു. ഇതൊക്കെ അവാസ്തവമാണെന്നു അറിയുമല്ലോ"

മന്ത്രി—"പ്രഭോ! ഭവാൻെറ മനോരഥം സവ്വശക്തൻ സാധിപ്പിച്ചുതരട്ടെ. കല്പനയെന്തെന്നറിയാനാഗ്രഹമേവനു."

സൈന്യാധിപൻ—"സ്വാമിൻ സൈന്യങ്ങൾ എല്ലാം പുറപ്പെടുന്നതിനു് സജ്ജമാക്കീട്ടുണ്ടു്. പുരുഷന്മാരെല്ലാം കല്പനപ്രകാരം ആയുധപാണികളായി പുറത്തു നിൽക്കുന്നു. കൊളമ്പും കേരളവുമൊന്നിച്ചു പിടിച്ചടക്കാനാണു ഭാവിച്ചിരിക്കുന്നതു്. ശേഷം കല്പനപോലെ.

പാണ്ഡ്യൻ—"നിങ്ങളുടെ വാക്കുകൾ എന്നെ പുനർജീവിപ്പിക്കുന്നു. പൌരുഷം പ്രകാശിപ്പിപ്പാനിതൊരു നല്ല സന്ദർഭമാണു്. കോലനു പാണ്ഡ്യനെ തീരെ അറിഞ്ഞുകൂടാ. ദൂതനോടു പറഞ്ഞയച്ച മറുപടി കുറെ കടുത്തുപോയി

എന്നു എനിക്കുകൂടി തോന്നീട്ടുണ്ട്. നമുക്കിന്നു ആദ്യമായി കേരളം പിടിച്ചടക്കാൻ ആനമലവഴി വലിയൊരു സൈന്യസംഘവും കൊണ്ടു പുറപ്പെടണം. അധികം താമസിക്കാൻ പാടില്ല. സൈന്യാധിപൻ എട്ടന്നാടൊന്നിച്ചു പടയും കൊണ്ടു വരേണ്ടതാണ്. മന്ത്രി നാടു ഭരിച്ചുകൊള്ളട്ടെ. പട്ടാണികളുടേ പടകൾകൂടി നമുക്കു സഹായത്തിനുണ്ടല്ലോ. പാമ്പൻ തുറമുഖത്തിൽ പാളയമടിച്ചുകിടക്കുന്ന പട്ടാണികളെ വേഗം വിളിപ്പിക്കണം. ഞായറാഴ്ച തന്നെ പുറപ്പെടേണ്ടതാണ്. എന്താണ് നിങ്ങളുടെ അഭിപ്രായം എന്നറിഞ്ഞാലതുപോലെ നടക്കുന്നതിനും മടിയെനിക്കില്ല. നിങ്ങളുടെ മൌനം കണ്ടു മനസ്സു വല്ലാതെ പരിഭ്രമിക്കുന്നു. സംശയം വിട്ടു ചിന്തകൾ അറിയിയ്ക്കുന്നതു വലിയ സന്തോഷമാണു".

മന്ത്രി—(മുഖപ്രസാദത്തോടുകൂടി) "എന്തിനു നാം മടിക്കുന്നു. ചോളനും ചേരനും കോലനെ സഹായിച്ചുകൊള്ളട്ടെ. പട്ടാണിപ്പടയുടെ സഹായം നമുക്കുണ്ടല്ലോ. പാണ്ടിപ്പടയും പട്ടാണിപ്പടയുമൊന്നിച്ചിറങ്ങിയാൽ പ്രളയകാലശങ്ക പരിപന്ഥികളുടെ ദ്രഷ്ടിക്കു തോന്നാതിരിക്കയില്ല. ഞാൻ ആരമുഖമംഗലംവഴി പാമ്പനിൽ ചെന്നു തുലുക്കർപടയെ വിളിച്ചുകൊണ്ടുവരാം. അവക്കും ചില അധികാരങ്ങളും സ്വാതന്ത്ര്യങ്ങളും കൊടുക്കാമെങ്കിൽ അവർ കേരളം മുഴുവനും വ്യാഘ്രവീരന്മാരെപ്പോലെ വ്യാപിച്ചുമടിച്ചുകൊള്ളും. പാണ്ടിനാടു മുഴുവനും യുദ്ധവാൎത്തകൊണ്ടു നിറഞ്ഞിരിക്കുന്നു. കോലനു കാലക്കേടടുത്തുപോയെന്നുള്ളതിനു യാതൊരു സംശയവുമില്ല. യുദ്ധപ്രഖ്യാപനത്തിനു ശേഷം മുമ്പോട്ടു കുത്തിയ കാലിനെ പുറകോട്ടു വലിക്കുന്നതു ഞങ്ങൾക്കും തിരുമേനിക്കും വലിയൊരു അപമാനമാണ്.

പാണ്ഡ്യൻ—"ഞാൻ തുടങ്ങിയതു അവസാനം കണ്ടേ മതിയാകൂ. യുദ്ധവാൎത്ത പരന്നിരിക്കുന്ന സ്ഥിതിക്കു ഒന്നിനും മടിക്കയില്ലെന്നു നിങ്ങൾ വിശ്വസിക്കണം. യുദ്ധത്തിൽ ജയാപജയങ്ങൾ സംഭവിക്കുന്നതു സഹജമാണെങ്കിലും രാജധൎമ്മം തോൽവിയെ ഭയന്നു യുദ്ധം വേണ്ടെന്നു വയ്ക്കാൻ

ഒരിക്കലും അനുവദിച്ചിട്ടില്ല. എനിക്കെന്തുവന്നാലുമനുഭവിക്കാമെന്നു മനസ്സിനുറപ്പുണ്ട്. യുദ്ധക്കളത്തിലേയ്ക്കു പ്രധാന സൈന്യാധിപന്മാരാരെല്ലാമാണു വരാനാഗ്രഹിച്ചിരിക്കുന്നതു്."

സൈന്യാധിപൻ—"ഞാൻതന്നെ സർവ്വസൈന്യങ്ങളേയും പോർക്കളത്തിലേക്കു കൊണ്ടുപോകുന്നുണ്ട്. എന്നെ സഹായിക്കാൻ പോലിയൻ, പാണാൻ, ചെടയാണ്ടി, ആറുമുഖത്തേവൻ മുത്തുപ്പിള്ള കറുപ്പൻമുതലിയാരെന്നിവരും വരുന്നതാണ്. തേവർപടയും കുറവർപടയും പാണ്ടിപ്പടയെ പോഷിപ്പിച്ചിരിക്കുന്നു. 40000 ത്തോളം ചതുരംഗപ്പടകളുടെ മൊത്തസംഖ്യക്കു കുറവില്ലെന്നു കണക്കു കിട്ടീട്ടുണ്ട്. റാണാപട്ടാളം മുഴുവൻ പാണ്ടിയിൽ കാവലിനു നിൽക്കുകയാണ്. നമുക്കൊന്നിനും മടിക്കാനില്ല. തിരുമേനിക്കു ജയം നിശ്ചയമെന്നു തീരുമാനിച്ചുകഴിഞ്ഞിരിക്കുന്നു."

പാണ്ഡ്യൻ--"അല്ലയോ സൈന്യാധിപ! നിങ്ങളുടെ ഉൽസാഹത്തെ അഭിനന്ദിക്കുന്നു. ഞായറാഴ്ചയാണു യാത്ര നിശ്ചയിച്ചിട്ടുള്ളതു്. യുദ്ധക്കളം മലനാട്ടിൽ ആനമുടിക്കു സമീപത്തുള്ള കോതമംഗലത്താണു കണ്ടിരിക്കുന്നതു്. ഞാനുംകൂടി സൈന്യമുഖത്തിൽ വരാനാഗ്രഹിക്കുന്നു. അതു നിങ്ങൾക്കു് കുറേക്കൂടി സന്തോഷമായിരിക്കുമെന്നാണു എന്റെ വിചാരം."

സൈന്യാധിപൻ—"തിരുമുമ്പിൽ വച്ചു, പൌരുഷം പ്രകാശിപ്പിക്കാനിന്നല്ലയോ ഞങ്ങൾക്കു് സന്ദർഭം സിദ്ധിച്ചതു്. ഞങ്ങളുടെ ജന്മം ചാരിതാർത്ഥ്യം നേടിക്കഴിഞ്ഞു. അവസരോചിതമായ കല്പനകളേക്കൊണ്ടു ഞങ്ങളെ കൂടക്കൂടെ കൃതാർത്ഥന്മാരാക്കിത്തീർക്കാൻ തിരുവുള്ളമുണ്ടാകണമെന്നു താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.'

പാണ്ഡ്യൻ—"എല്ലാം സന്തോഷമായിഅവസാനിക്കും. ഞായറാഴ്ചദിവസം ഉഷസ്സിലിവിടെ സൈന്യങ്ങളോടൊത്തു നിങ്ങളും മററു വീരന്മാരുമെത്തുമെന്നു പൂർണ്ണമായി വിശ്വസിക്കുന്നു. ഇപ്പോൾ പോകുന്നതിനു അനുവാദമുണ്ട്. വഴിപോലെയെല്ലാം ഏർപ്പാടു ചെയ്തുകൊള്ളണം" എന്നു സൈ

ന്യാധിപനെ പറഞ്ഞയക്കാൻഭാവിച്ചു. പിന്നീട് പുറംകോട്ടതിരിഞ്ഞിരുന്ന്, മന്ത്രി! സൈന്യാധിപൻെറ സാമത്ഥ്യമൊട്ടം ചില്ലറയല്ല. വീരകേസരി എന്ന പേരു അവന്ന വളരെ യോജിച്ചിട്ടുണ്ട്. നിങ്ങൾ പട്ടാണിപ്പടത്തലവനെ കണ്ടു വിവരം പറഞ്ഞു, പടയുംകൊണ്ടു വേഗം ശനിയാഴ്ച വൈകുന്നേരം ഇങ്ങെത്തണം. കുറിയൊന്നും വേണ്ട എന്നാണു തോന്നുന്നത്. പട്ടാണിപ്പട വന്നുചേരുന്നതുവരെ എനിക്കു തീരെ മനസ്സമാധാനം ഉണ്ടായിരിക്കുന്നതല്ല. പട്ടാണികൾ നമ്മെ സഹായിക്കുമെന്നു തോന്നുന്നില്ലയോ?''

മന്ത്രി—"നമ്മുടെ വിക്രമകേസരി, വീരനും നല്ലൊരു യോദ്ധാവും അവസരം നോക്കി പ്രവത്തിക്കുന്നവനുമാകുന്നു. പട്ടാണിപ്പടയേയും ഞാൻ കൊണ്ടുവരാം. സൈന്യങ്ങളെല്ലാം ഇപ്പോൾതന്നെ തയ്യാറുണ്ടെന്നല്ലയോ അവൻ പറഞ്ഞത് ഭവാൻ ഒന്നിനും പേടിക്കേണ്ട. ഞങ്ങളെല്ലാം രാജ്യത്തിനും രാജാവിനും വേണ്ടി പ്രാണനെക്കൂടി ത്യജിക്കാൻ തയാറാണെന്നോമ്മിച്ചാലും. നമുക്കു മീനാക്ഷിയുടെ പ്രസാദം പൂണ്ണമായിട്ടുണ്ട്.''

പാണ്ഡ്യൻ--"ഞാനും അങ്ങനെ വിശ്വസിക്കയാണ്. നമുക്കു നല്ലൊരു മുഹൂത്തത്തിൽ യുദ്ധത്തിനു പുറപ്പെടാം. നിങ്ങളുടെ രാജഭക്തിയും ആയോധനമുറകളും നല്ലവണ്ണമറിയാമെങ്കിലും കാൎയ്യസാദ്ധ്യമുണ്ടാകുന്നതുവരെ മനസ്സു സംശയസ്ഥിതിയിൽ ഓരോന്നു വികല്പിച്ചുകൊണ്ടിരിക്കുന്നതു അതിൻെറ സ്വഭാവമാണല്ലോ. നിങ്ങൾ ഇപ്പോൾ തന്നെപോകണം. ഞാൻ പട്ടണം മുഴവനും നടന്നു സവ്വവും പരിശോധിച്ചുവരട്ടെ.''

മന്ത്രി—"കല്പനപോലെ; ഞാനിതാ പട്ടാണിപ്പട കിടക്കുന്ന പാളയസ്ഥലത്തേയ്ക്കു പുറപ്പെടുന്നു. ദൈവസഹായത്താലെല്ലാം മംഗളമായി തീരാൻ മീനാക്ഷിയെപ്രാത്ഥിക്കുന്നു.''

പാണ്ഡ്യൻ—"എന്നാലങ്ങനെതന്നെ. ഞാൻ പട്ടണപരിശോധനയ്ക്കു പോകട്ടെ. നമുക്കു ഞായറാഴ്ച പുറപ്പെടാനാണു നല്ല മുഹൂത്തമുള്ളതു. അതെല്ലാമോമ്മയിൽ വേണം''എന്നു പറഞ്ഞവർതമ്മിൽ പിരിഞ്ഞു.

---

329
91642
032:3M773:11
F9

16 AUG 1917

# അദ്ധ്യായം ൯.

## പടമലനായരുടെ പ്രസ്ഥാനം.

നായർ,ചേരന്റെ കല്പനപ്രകാരം പടയും നയിപ്പിച്ചുകൊണ്ടു രാജപാഥയിൽക്കൂടി കടന്നു,പൂന്തുറയിലെത്തി മാനിച്ചനേയും വിക്കിരനേയും അന്വേഷിച്ചു. അവർ ആശാന്റെ വസതിയിൽ ആയോധന മുറകളഭ്യസിച്ചുകൊണ്ടിരിക്കുന്നതായി അവരുടെ തള്ള പറഞ്ഞു. പെട്ടെന്നു പടമല പടകളെയെല്ലാം പാളയമടിച്ചു കിടക്കാൻ വരുതികൊടുത്തു, താനൊററയ്ക്കു കല്പനയറിയിയ്ക്കാനാശാന്റെ കളരിസ്ഥലത്തേയ്ക്കു യാത്ര ചെയ്തു. തോട്ടുവക്കത്തുവച്ചു ഉണ്ണിക്കുമാരനമ്പ്യാരേയും ഏറാടികിടാങ്ങളേയും കണ്ടു കാൎയ്യമെല്ലാം വഴിപോലെ മനസ്സിലാക്കി. അവരും അതൊക്കെ സമ്മതിച്ചു പുറപ്പെട്ടു. മാനിച്ചനും വിക്കിരനുമോടിനടന്നു വീട്ടിലെത്തി. പെററമ്മയുടെ വരുതിയും ആശിസ്സും സമ്പാദിച്ചു; മടങ്ങിവരുന്നതുവരെ പരദേവതയ്ക്കുപൂജകളെല്ലാം ശരിക്കു നടത്തിച്ചുകൊള്ളാനമ്മയേയും ചുമതലപ്പെടുത്തി; പെരുമ്പടകളുടെ നായകത്വവും സ്വീകരിച്ചുംകൊണ്ടു ഏറാടികിടാങ്ങളോടും ഉണ്ണിക്കുമാരൻ നമ്പ്യാരോടും കൂടി നായർ വടക്കു് പടക്കളത്തെ അഭിമുഖീകരിച്ചു തിരിച്ചു. വഴിക്കെങ്ങും വിഘ്നങ്ങളൊന്നും സംഭവിച്ചില്ല. എങ്കിലും, അടുത്തുകണ്ട കാഴ്ചയുടെ വിശേഷങ്ങൾ അവരുടെ യാത്രയെ വേണ്ടുംവണ്ണം സഹായിക്കുന്നതിനു അത്യാവശ്യപ്പെട്ടതായിരുന്നു. അവർ വെഞ്ചാലപറമ്പത്തു പേരാലു നടക്കാവിൽ എത്തിയപ്പോൾ കാലപ്പഴക്കമേറിയ ഒരു കാഞ്ഞിരത്തിന്റെ ചുവട്ടിൽ കുടയും മലത്തിവച്ചു കിഴക്കു മുഖമായി സ്ഥിതിചെയ്യുന്ന ആഴ്വാഞ്ചേരി തമ്പ്രാക്കളേയും, അദ്ദേഹത്തിന്റെ ആശ്രിതനായ ദിഗംബര നമ്പൂരിപ്പാടിനേയും കാണാനിടയായി. അവർ ആഭിജാത്യം പുരസ്കരിച്ചു അഭിവാദനങ്ങൾ മുറയ്ക്കു കഴിച്ചു. ത്രികാലജ്ഞാനിയായ തമ്പ്രാക്കൾ കനിഞ്ഞിങ്ങനെ അവരോടരുളിച്ചെയ്തു.

“നിങ്ങൾ എവിടെ പോകുന്നു.”

പടമല:—അടിയങ്ങൾ തൃക്കാരിയൂർ അടിയന്തിര സഭയിലേയ്ക്കു ആര്യ്യ ബ്രാഹ്മണരുടെ കുറിയനുസരിച്ചു വിടകൊള്ളുകയാണ്."

തമ്പ്രാക്കൾ:—"ഞങ്ങളും അവിടേയ്ക്കുതന്നെ പുറപ്പെട്ടിരിക്കയാണു."

പടമല:—"എന്നാൽ അടിയങ്ങൾക്കു ഭാഗ്യമായി".

തമ്പ്രാക്കൾ:—"പടക്കോപ്പുകളും ഏറാടിക്കിടാങ്ങളും യാത്രയ്ക്കു ഉണ്ടാവണമെന്നു കുറിയിലെഴുതീട്ടുണ്ടായിരുന്നുവോ?"

പടമല:—"ചേരൻെറ കല്പന അങ്ങനെയായിരുന്നു എന്നാണ്"

തമ്പ്രാക്കൾ:—"പെരുമാളിൻെറ കുറിയിൽ ഭയസൂചകങ്ങളായ വാൎത്തകൾ വല്ലതും കൂടികാണേണ്ടായോ?"

പടമല:—ഉവ്വ്. പാണ്ടിപ്പട ആനമലവഴി കേരളം കടന്നു പിടിക്കാനാലോചിച്ചിരിക്കുന്ന വൎത്തമാനം കേട്ടു. ചേരനെ സഹായത്തിനു ചെല്ലാൻ ആവശ്യപ്പെട്ടിരിക്കയായിരുന്നു."

തമ്പ്രാക്കൾ:—"പാണ്ടിപ്പട, കേരളത്തിലെത്തി കഴിഞ്ഞിരിക്കുമെന്നാണോ നിങ്ങൾ വിചാരിച്ചിരിക്കുന്നതു്?"

പടമല:—"അല്ല, ഞങ്ങൾക്കൊന്നും അറിഞ്ഞുകൂട. താമസിയാതെ ആനമലയ്ക്കു സമീപമുള്ള കോതമംഗലം പോക്കുളത്തിലെത്തികൊള്ളണമെന്നു മാത്രമേ ചേരൻെറ കല്പനയുള്ളു.

തമ്പ്രാക്കൾ:—ചേരൻകൂടി വരുന്നോ?

പടമല:—അദ്ദേഹം കുറെ സൈന്യവുംകൊണ്ടു താമസിയാതെ പാണ്ടിയിലേയ്ക്കു പോകുന്നതാണ്. ഏറാടി കിടാങ്ങളേയും കൂട്ടികൊണ്ട് പോക്കുളത്തിലെത്തുന്നതിനും പെരുമാളെ കണ്ടു ചേരപ്പടയെ തൃക്കാഴ്ചവച്ചുണൎത്തിക്കണമെന്നും കൂടി കല്പിക്കയുണ്ടായി."

തമ്പ്രാക്കൾ—"നിങ്ങൾ പടയ്ക്കു വരുന്നുണ്ടെന്നു വിവരമറിയിച്ചിട്ടുണ്ടോ?"

പടമല:—"ഉവ്വ്; പെരുമാളിൻെറ ദൂതു കൊണ്ടുവന്ന ആര്യ്യ ബ്രാഹ്മണനോട്ട് വിവരം ചേരൻ പറഞ്ഞതേയുള്ളു."

തമ്പ്രാക്കൾ:—"എല്ലാം ഉചിതമായി. പാണ്ഡ്യരുടെ ആക്രമണം കേരളത്തിൽ കൂടക്കൂടെ സംഭവിച്ചു തുടങ്ങിയിരിക്കുന്നു. കഴുതകൾക്കു കേരളത്തിന്റെ മഹത്വമോക്കാൻ വിശേഷബുദ്ധിയുണ്ടോ? ശ്രീപരശുരാമസ്വാമിയുടെ പൂർണ്ണമായ കൃപയ്ക്കു പാത്രീഭവിച്ച മലയാളം മാന്യന്മാരെക്കൊണ്ടും മന്ത്രതന്ത്രശാസ്ത്രങ്ങളിൽ നല്ല പാണ്ഡിത്യമുള്ളവരെക്കൊണ്ടും നിറഞ്ഞിരിക്കുന്ന സംഗതികളൊന്നും ചണ്ഡികൾക്കു രൂപമില്ലായിരിക്കാം"

പടമല:—"എന്തോ? അടിയങ്ങളിതൊന്നും ചിന്തിച്ചിട്ടല്ലാ വിടകൊണ്ടതു്. കല്പനയേയും സ്വരാജ്യസ്നേഹത്തേയും പാലിക്കണമെന്നു വിചാരിച്ചിട്ടാണു പട കൂട്ടിയതു്."

തമ്പ്രാക്കൾ:—"നിങ്ങളുടെ രാജഭക്തിയും സ്വദേശസ്നേഹവും ഉത്സാഹശക്തിയുമോക്കുമ്പോൾ, നിങ്ങൾക്കു ദൈവസഹായവും മേലാൽ നല്ലൊരു നന്മയുമുണ്ടാകുമെന്നുള്ളതിന്നു സംശയമില്ല. അതെല്ലാം ഒത്തുവരുവൃതാക."

പടമല:—"ഞങ്ങൾക്കു തിരുമേനിയുടെ ദിവ്യാശിസ്സ് ലഭിച്ചിരിക്കയാൽ സർവ്വവും ഹസ്തഗതമായിത്തീർന്നെന്നു വിചാരിക്കുന്നു," എന്നു പറഞ്ഞുകൊണ്ടു തമ്പ്രാക്കളെ തൊഴുതു വിനീതനായി നിന്നു.

തമ്പ്രാക്കൾ—കൊള്ളാം. നാം സന്തോഷിക്കുന്നു. നിങ്ങൾപോകുന്ന കാര്യം ഞാൻ സാധിച്ചുതരുന്നുണ്ടു്. എന്നാലിപ്പോൾ നമുക്കു തിരിക്കാമല്ലോ"

പടമല:—"അടിയങ്ങൾ കല്പനപോലെ പ്രവർത്തിക്കാൻ കാത്തുനിൽക്കുന്നു." പിന്നീടു തമ്പ്രാക്കളും നമ്പൂതിരിപ്പാടും കുടയുമെടുത്തു് പുറപ്പെട്ടു. നായരും ഏറാടിക്കിടാങ്ങളും പുറകെ പടകളും ഉണ്ണിക്കുമാരൻ നമ്പ്യാരും യാത്ര തുടന്നു. അവർ അവിടെ നിന്നും പുറപ്പെട്ടു പത്തുനാഴികദൂരം സമുദ്രതീരം വഴിനടന്നപ്പോൾ വഴിമദ്ധ്യേ ഏഴു പശുക്കൾ ചത്തുകിടക്കുന്നതു കണ്ടു. അവയിലൊന്നിന്റെ അടുക്കലായി പതിന്നാലു ഗൃദ്ധ്റങ്ങളിരുന്നു മാംസം കൊത്തിത്തിന്നാൻ ഭാവിക്കയായിരുന്നു; മറെറാന്നിനേയും തൊട്ടതുമില്ല. നായ

തും ഏറാടിക്കിടാങ്ങളും മററുള്ള പടകളും ഭയങ്കരമായ ഈ കാഴ്ചയെ കണ്ടിട്ട ശകുനപ്പിഴയുണ്ടെന്ന വല്ലാതെ ശങ്കിച്ചു നിന്നുപോയി. തമ്പ്രാക്കൾ കുറേനേരം ശ്രദ്ധിച്ചു നോക്കിക്കൊണ്ടിരുന്നു. പിന്നീട്ട സ്വപ്രജ്ഞാചക്ഷുസ്സിന്ന പ്രത്യക്ഷീഭവിച്ച സംഭവരഹസ്യം തമ്പ്രാക്കൾ പരസ്യപ്പെട്ടത്താനായി ഭാവിച്ചപ്പോൾ ആ കഴുകന്മാരുടെ കൂട്ടത്തിൽ വൃദ്ധനും മുടന്തനുമായ ഒരു കഴുകൻെറ അത്യാത്തി ആരേയും വിസ്മയിപ്പിക്കുമാറ് അധികപ്പെട്ടു കണ്ടു. എങ്കിലും തമ്പ്രാക്കൾ മന്ദസ്വരത്തിൽ "ഹേ ഗൃദ്ധ്റങ്ങളെ! നിങ്ങൾ ഏഴു പശുക്കൾ ചത്തുകിടക്കുന്നതിൽ ഒന്നിനെ മാത്രം ചുററി വളഞ്ഞും മററുള്ളവയെ തൊടാതേയും ഇരിപ്പാൻ എന്താണു കാരണം? അതറിഞ്ഞാൽ കൊള്ളാമെന്നു തോന്നുന്നു" എന്നു വിളിച്ചു ചോദിച്ചു. അപ്പോൾ ഗൃദ്ധ്റങ്ങളിൽ മുടന്തൻ, തുള്ളിച്ചാടി ചിറകു തട്ടി കുടഞ്ഞു 'ഒരു തൂവൽ എടുത്തു തമ്പ്രാക്കൾക്കു കൊടുത്തു. ദിവ്യനായ തമ്പ്രാക്കൾ ആ തൂവലിനെ കയ്യിലെടുത്തു സൂക്ഷിച്ചുനോക്കി. തൂവലിൻെറ മാഹാത്മ്യത്താലോ മറേറാ ചത്തുകിടക്കുന്ന പശുക്കളുടെ കൂട്ടത്തിൽ കഴുകന്മാർ ചുററിയിരിക്കുന്നതിനു മാത്രം ജന്മനാ പശുത്വവും മററുള്ളവയ്ക്കെല്ലാം ഓരോവിധത്തിലുള്ള മൃഗത്വവും ഉള്ളതായി തെളിഞ്ഞുകണ്ടു. വീണ്ടും ആശ്ചയ്യഭരിതനായി തമ്പ്രാക്കൾ നമ്പ്യാരേയും ഏറാടിക്കിടാങ്ങളേയും നായരേയും തൂവലിൻെറ സഹായത്തോടുകൂടി സൂക്ഷിച്ചു. അവരെല്ലാം മനുഷ്യജന്മമുള്ളവരാണെന്ന് തെളിയുകയാൽ സ്വയം സന്തോഷിച്ചു. ഈ സംഭവങ്ങളുടെ രഹസ്യങ്ങളെല്ലാം തമ്പ്രാക്കൾക്കു മാത്രമെ അറിയാൻ സാധിച്ചുള്ളു. മററുള്ളവരുടെ ശ്രദ്ധ മുഴുവൻ ഭാവിശുഭാശുഭഫലങ്ങളുടെ സ്ഥിതിഗതികളെ അറിയാനലഞ്ഞുകൊണ്ടിരിക്കയാൽ ദോഷാരോപണത്തിനൊന്നും ആക്കും അവസരം ലഭിച്ചില്ലെന്നു പരിണമിച്ചു. തമ്പ്രാക്കൾ ആലോചനകളൊന്നും കൂടാതെ നമ്പ്യാരുടെ കയ്യിൽ ആ തൂവലേല്പിച്ചു, യാത്രയും തുടന്നു. എങ്കിലും നമ്പ്യാക്കു വിശിഷ്ടനായ തമ്പ്രാക്കൾ ചത്ത പശുവിനെ തിന്നുന്ന കഴുകൻെറ തൂവ

MUL
091642

ലിനെ വളരെ ജാഗ്രതയോടുകൂടിതന്നെ ഏല്പിച്ചതിന കാരണം എന്താണെന്നു ഊഹിച്ചറിവാൻ കഴിഞ്ഞില്ല. ചോദിക്കുന്നതിന അദ്ദേഹത്തിന പേടിയും മടിയും ഉണ്ടായിരുന്നു; അദ്ദേഹം ഇങ്ങനെ ചിന്തിച്ചുതുടങ്ങി. "അല്പംകൂടി ക്ഷമിക്കാം എന്നുവച്ചാൽ പടകളെത്തേയ്ക്കു ചെല്ലുമ്പോഴ് തുവലിനെ ശ്രദ്ധിക്കാൻ നമുക്ക കഴിയാതെ വരും. തമ്പ്രാക്കൾക്ക നമ്മോടു വൈമനസ്യവും തോന്നും." അതിനിടയാക്കുന്നതു നന്നല്ല. ഏറാടിക്കിടാങ്ങളേയും പടമലനായരേയും ഏല്പിക്കാതെ എന്നെ ചുമതലപ്പെടുത്തിയതിനും അത്ഥമുണ്ടായിരിക്കും. ദീഘാലോചനകൾ കൊണ്ടൊന്നും ഊഹിക്കാനും വഴിയില്ല. ഞാൻ ഒരു എഴുത്താശാൻ എന്നു വിചാരിച്ചിട്ടല്ലേ തുവലെടുത്തു എൻെറ കയ്യിൽ തന്നതു്. തുവലിൻെറ നിലയും വിലയും തമ്പ്രാക്കളോടു ചോദിച്ചറിയേണ്ടതു എൻെറ ചുമതലയാണു്; എന്നിത്രയും സ്വയം ചിന്തിച്ചുറച്ചു. അനന്തരം തമ്പ്രാക്കളുടെ തൃപ്പാദം തൊട്ടു വന്ദനമുറകൾ ആചരിച്ചുംകൊണ്ടു നമ്പ്യാർ മന്ദസ്വരത്തിൽ "സ്വാമിൻ എന്നെ ഏല്പിച്ച ചുമതലയുടെ മാഹാത്മ്യവുംകൂടി അടിയനു അറിഞ്ഞാൽ കൊള്ളാമെന്നാഗ്രഹമുണ്ടു്" എന്നുണത്തിച്ചു.

തമ്പ്രാക്കൾ—മുഖപ്രസാദത്തോടുകൂടി ഒന്നു ചിരിച്ചു. "വിശേഷിച്ചൊന്നും ഇല്ല. നിന്നെ ചുമതലപ്പെടുത്തിയതിനു വിശേഷമുണ്ടായിരിക്കണമെന്നു വിചാരിച്ചതു യുക്തം തന്നെ. തുവലിൻെറ മാഹാത്മ്യവും ഉപയോഗവും പിന്നീടു നിങ്ങൾക്ക അനുഭവപ്പെടും. തുവലിനെ ഒരിക്കലും കളയാൻ പാടില്ല. യുദ്ധവീരന്മാക്ക ഈ തുവൽ വളരെ സഹായമായിത്തീരുമെന്നാണു എൻെറ ഊഹം. ഞാൻ നിങ്ങൾ മൂന്നുപേക്ക ഇന്നൊരു മന്ത്രവും പ്രയോഗക്രമവും പറഞ്ഞുതരാം. അതു വഴിപോലെ പ്രവത്തിച്ചുകൊണ്ടാൽ മതിയാകും" എന്നു പറഞ്ഞു അവരുടെ ചെവിയിൽ മന്ത്രവും തന്ത്രങ്ങളും ഉപദേശിച്ചുകൊടുത്തു. ഏറാടിക്കിടാങ്ങളും നായരും നമ്പ്യാരും തമ്പ്രാക്കളുടെ കാൽക്കൽ വീണു തൊഴുതനുഗ്രഹവും വാങ്ങി. ഈ കാരണത്താലാണു ഇന്നും കുന്നല

DEPARTMENTAL LIBRARIES
14 MAR 1950

ക്കോനാതിരി രാജാക്കന്മാർ ആഴ്വാഞ്ചേരി തമ്പ്രാക്കളെ കാണുമ്പോൾ തൃക്കൈ കൂപ്പി വണങ്ങി മൎയ്യാദ ചെയ്യുന്നതു. ഇങ്ങനെ അവർ സസന്തോഷം മാൎഗ്ഗശ്രമം കൂടാതെ നടന്നു മൂന്നാംദിവസം ഉഷസ്സിൽ ശ്രീ നാവാ ക്ഷേത്രത്തിൽ ബ്രാഹ്മണരും ചേരമാൻപെരുമാളും കൂടി തൃക്കാരിയൂർ പൊന്മാടത്തിൻകീഴിൽ അടിയന്തിരസഭയിൽ ഇരിക്കുമ്പോൾ ചെന്നു വന്ദിച്ചുനിന്നു. പെരുമാളും ബ്രാഹ്മണരും പടകളുടെ സന്നാഹവും തമ്പ്രാക്കളുടെ ആഗമനവും ഏറാടിക്കിടാങ്ങളുടെ ധൈൎയ്യവിശേഷവും നമ്പ്യാരുടെ മനോഗുണവും പടമലനായരുടെ നായകത്വവും കണ്ടു അത്യധികം സന്തോഷിച്ചു. പിന്നീടവർ തങ്ങളിൽ കുശലപ്രശ്നവും ചെയ്തു കുതുകികളായി കൎത്തവ്യമോൎത്തു, കാൎയ്യാദികളെല്ലാം പറഞ്ഞും കേട്ടും സമാശ്വസിച്ചു.

---

# അദ്ധ്യായം ൧൦.

## മലനാട്ടിൽ പാണ്ടിപ്പടയുടെ പ്രവേശം.

പണ്ടു കടലാക്രമണംകൊണ്ടോ ഭൂകമ്പംകൊണ്ടോ നഷ്ട പ്രായമായിത്തീൎന്നിരുന്ന പശ്ചിമസമുദ്രതീരദേശങ്ങളുടെ കിഴക്കു ഭാഗം സ്ഥിരം കാവലിനു പ്രകൃതിദേവിയെന്നുമൊഴിയാത്തവണ്ണം അനുഗ്രഹിച്ചു ചുമതലയെ അത്യധികം ക്ഷമയോടുകൂടി കയ്യേററിരിക്കുന്ന സഹ്യാദ്രികേരളത്തെ അന്നുമിന്നുമൊന്നുപോലെ വിദേശീയാക്രമണത്തിൽ നിന്നും രക്ഷിച്ചുപോരുന്നതു സുപ്രസിദ്ധമാണല്ലോ. ഈ വസ്തുതമൂലം ഭാരതഖണ്ഡത്തിനു "ബൃന്ദാവനഭൂമിയാണു്" കേരളമെന്നു പേരും സിദ്ധിക്കയായി. ഇതിനു അനേകം കൊടുമുടികൾ ആകാശമണ്ഡലത്തിൻെറ അവകാശത്തെ സ്വന്തമാക്കിത്തീൎത്തിട്ടുണ്ടെന്നുള്ളതിനു യാതൊരു സംശയവും ഇല്ല. പൊക്കത്തിനൊത്ത പൌരുഷവും സ്ഥിതിക്കൊത്ത ഗുണപൌഷ്കല്യവും സ്വതസ്സിദ്ധമാക്കീട്ടുണ്ടു്. തെക്കുവടക്കു നീളത്തിലായി കിടക്കുന്നതെങ്കിലും, അനേകം നദങ്ങളുടെ ഉൽപത്തിക്കും, വന്യജനങ്ങളുടേയും, വൃക്ഷരാജന്മാരുടേയും, വനചരവൎഗ്ഗങ്ങളുടേയും, വാഴ്ചയ്ക്കും വേണ്ടുംവണ്ണം സഹായിച്ചുകൊണ്ടിരുന്നു. കൎമ്മത്തിനും പുണ്യത്തിനും കാരണവസ്ഥാനം ശ്രീപരശുരാമദേവൻ കരതലമാക്കിത്തീൎത്തിരിക്കുകയാണെന്നു് ആ പൎവ്വതനിരകൾ നിവൎന്നിന്നു് നമ്മെ മനസ്സിലാക്കുന്നു; എന്നു മാത്രമല്ല, സ്വന്തം ധൎമ്മത്തിനു ഭംഗം വന്നുപോകാതേയും ശ്രീപരശുരാമസ്വാമിയുടേയും, ശ്രീ ജഗദ്ഗുരു ശങ്കരഭഗവൽപാദത്തിൻെറയും പ്രതിഷ്ഠയ്ക്കും, സിദ്ധാന്തത്തിനും, സങ്കേതത്തിനും പ്രമാദമുണ്ടാകാതെയും വിദേശീയരുടെ വിഷമദൃഷ്ടിയ്ക്കിരയാകാതെയും കേരളത്തെ പ്രത്യേകദൃഷ്ട്യാ പോററുന്നുണ്ടെന്നു നമുക്കു സമ്മതിച്ചേ തീരൂ. ഏററിയൊരുകാലമായിട്ടു അനേകായിരം താപസവൃദ്ധന്മാരുടെ അധിവാസഭൂമിയായി വിളങ്ങുന്ന കൊടുമുടികളിലേററവും പ്രധാനപ്പെട്ട ഒരു കൊടുമുടിയാണു് ആനമല എന്നു നാം വിശ്വസിക്കുന്നതിൽ അബദ്ധം ഒന്നും വരാനില്ല. ആനക്കൂട്ടങ്ങളുടെ ആശ്രയം അനവരതം അനുകൂലതരങ്ങളായി

ത്തന്നെ തീൎന്നിരുന്നു. നാട്ടുകാരും, നാഗരികമുള്ള ആംഗലവൎത്തകന്മാരും തങ്ങളുടെ ജീവികാവൃത്തിയ്ക്കു വേണ്ടുന്ന കൃഷിസ്ഥലമായി താഴ്‌വരപ്രദേശം സ്വാധീനപ്പെടുത്തിവരുന്നതും ശ്ലാഘനീയമാണ്. മധുരജില്ലയെയും, കുട്ടനാട്ടിനെയും രണ്ടുകണ്ണുകൾപോലെയെന്നും സൂക്ഷിച്ചുപോരുന്ന സ്വഭാവം ഉത്തമപുരുഷന്ന ചേൎന്നതാണെന്നു് സ്വന്തം മനസ്സാലെ അഭിമാനിച്ചുകൊണ്ടു വൈഗാനദിയെയും പെരിയാററിനെയും പോഷിപ്പിക്കയും പുലൎത്തുകയും ചെയ്യുന്നതോൎക്കുമ്പോൾ പൎവ്വതരാജന്റെ മഹാമനസ്കതയെ അഭിമാനിക്കാത്തവർ മനുഷ്യജീവിയല്ലെന്നു സമാധാനപ്പെട്ടുകൊള്ളട്ടെ. "ആകൃതികൊണ്ടും സ്ഥിതികൊണ്ടും പ്രകൃതിയെ സുകൃതിനിയാക്കിത്തീൎക്കുന്നതു് "ശോഭനകരമാണെന്നു്" നമുക്കു സുലഭമായി ഗ്രഹിക്കാം. ആലോചിക്കുന്തോറും അത്യധികമാനന്ദം, ഈ മലനാട്ടുകാൎക്കു മാത്രമേ അനുഭവിക്കാവൂ." എന്നു കല്പിച്ച ശ്രീപരശുരാമനോടു് പരസ്യമായും രഹസ്യമായും പല തരക്കാരും പാശ്ചാത്യരും പരാതിപ്പെടുന്നതു് പരമാൎത്ഥമാണെന്നു പറഞ്ഞേതീരൂ. പറഞ്ഞാലൊടുങ്ങാത്തവിധം അന്നുപോരിനു പ്രസിദ്ധിനേടിയ ഭൂമി കോതമംഗലമാണെന്നു പറയുമ്പോൾ പരാജയപ്പെടുന്നവൎക്കു അഭയമനുഗ്രഹിക്കാനും, പരദേശിയരുടെ പൌരുഷത്തെ പരിഭവപ്പെടുത്താനും, പരശുരാമക്ഷേത്രവാസികളെ പരിപാലിക്കാനുമായി കൃപപൂണ്ടു കോതമംഗലത്തെ ഉപത്യകയാക്കിവെച്ച മഹാഭാഗ്യവാനായ സഹ്യാദ്രി നമുക്കു ലഭിച്ചതിൽ നല്ലൊരു മഹിമയുണ്ടെന്നുള്ളതു് സംശയംവിട്ടു ചൊല്ലാം. ആ സ്ഥലത്തിനു കിഴക്കും വടക്കുമുള്ള ഭാഗങ്ങൾ പൎവ്വതനിരകളെക്കൊണ്ടും തെക്കും പടിഞ്ഞാറും ഭാഗങ്ങൾ ഫലഭൂയിഷ്ഠങ്ങളായ ഭൂപ്രദേശങ്ങളെക്കൊണ്ടും മൂന്നാററിന്റെ (ത്രിപഥഗാ) തീരത്തു സ്ഥിതിചെയ്കയാൽ സമരസൌകൎയ്യം കൂട്ടമെന്നു കേരളീയരും വിദേശിയരും അറിഞ്ഞിരുന്നതിൽ അത്ഭുതപ്പെടാനൊന്നുമില്ല. അസൂയാലുക്കളായ പാണ്ഡ്യർ ആനമലവഴി മലനാടുകടന്നേക്കാനാലോചിച്ചതു അസ്ഥാനത്തിലല്ലായിരുന്നെന്നേ ചൊല്ലാവൂ. അവിടെയായിരുന്നു മയിസുരാനെന്നോരു ക്ഷത്രിയരാജാവു് പണ്ടു് ശ്രീപരശുരാമപ്രസാദം സമ്പാദിക്കാൻ തപസ്സുചെയ്തുകൊണ്ടിരുന്നതെന്നു കേൾവിയുള്ള

ത്തു്. അദ്ദേഹത്തിൻെറ കാലത്തിനുശേഷം അതു് ചേരമാൻ പെരുമാൾ രാജ്യവിഭാഗംചെയ്തുകൊടുത്ത കൂട്ടത്തിൽ കോലഭൂപന്മാരുടെ ജന്മഭൂമിയായിതീൎന്നു. കോലൻ സ്വല്പസൈന്യവുംകൊണ്ടു് പെരുമാളുടെ കല്പനപ്രകാരം കോതമംഗലത്തു് പാളയമടിച്ചു പാണ്ടിപ്പടയുടെ വരവു പ്രതീക്ഷിച്ചുകൊണ്ടിരുന്നു; എങ്കിലും ചേരപ്പടയുടെ സഹായം സിദ്ധിച്ചില്ലെങ്കിൽ തങ്ങൾക്ക പലവിധകഷ്ടങ്ങൾ അനുഭവിക്കാനിടയാകുമല്ലോ ''എന്നു ചിന്തിച്ചുകൊണ്ടിരിക്കയായി. ചേരനാട്ടിലേയ്ക്കു ദൂതിനു ചെന്ന ആയ്യ ബ്രാഹ്മണനും ആ സമയം കൊണ്ടവിടെ ചെന്നു ചേൎന്നു. കോലനു സന്തോഷവുമുദിച്ചു. ആയ്യനെ ആലിംഗനംചെയ്തു് സ്വയംആനന്ദിക്കയായി.'ആയ്യ!അങ്ങ ആചാരവുമനുഷ്ഠാനവുമെല്ലാം ആട്ടിപ്പുറത്താക്കിയോ? ആയ്യനു കുറച്ചെങ്കിലുമാശ്വസിക്കാൻ അവധി അനുവദിക്കുന്നതിനു എനിക്കു അധികാരമുണ്ടെങ്കിലും എൻെറ അത്യാശ അതിനു സമ്മതിക്കുന്നില്ല. അലഞ്ഞു നടന്നു വന്നക്ഷീണം ജയമുണ്ടാകുമ്പോൾ ആകപ്പാടെതീൎന്നുപോകുമെന്നു ആലോചിക്കുന്നില്ലയോ അയ്യോ പാവം! ബദ്ധപ്പെട്ടോടി വന്നിരിക്കയാണല്ലോ. ആരെടോ അവിടെ. ആഹാരമൊക്കെ ആവശ്യംപോലെ അനുഭവിപ്പിക്കുന്നതിനു് അവസരമനുവദിക്കണം ആയ്യൻ കുളിയും തേവാരവും എല്ലാം മൂന്നാററിൽ മൂന്നംഘ്ര്യം കൊണ്ടു് മോചിപ്പിക്കും. ഇലയിട്ടു വിളമ്പാൻ പറയൂ,'' എന്നു ഭൃത്യനെവിളിച്ചു കല്പിച്ചിട്ടു മനസ്സമാധാനത്തോടുകൂടി ദൂത്യവൃത്തമറിയിക്കാൻ ആവശ്യപ്പെട്ടു.

ആയ്യൻ പഞ്ചപുച്ഛമടക്കിനിന്നു മന്ദം വാതുറക്കാൻ ഭാവിച്ചു.

കോലൻ:—ആയ്യ! പറയാൻ ഭാവിക്കുന്നതെന്താണു്? ചേരൻെറ മറുപടി എനിക്കുകേൾക്കാൻ കൊതികൂടുന്നു താമസിക്കുന്നുവെങ്കിൽ സംശയത്തിനും സങ്കടത്തിനും ബലം സംഭവിക്കും. വേഗം പറയാനാണു് പറഞ്ഞതു്.

ആയ്യൻ:—സ്വാമി, സംഭ്രമം വേണ്ട. ചേരപ്പടയും പുറപ്പെട്ടിട്ടുണ്ടു്-ശകുനഫലം ശോഭനമായിത്തന്നെതീൎന്നു. ചേരൻ സംഗതിമുഴുവൻ ചോദിച്ചു മനസ്സിലാക്കി. നമ്മുടെ കുറി

കണ്ടരസിച്ചു. പാണ്ഡ്യനെ പിച്ചനെന്നു വിളിച്ചുപരിഹസിച്ചു. പാണ്ടിനാട്ടും പിടിച്ചടക്കാൻ ഭാവിക്കുന്നുണ്ടെന്നു് മുഖഭാവം എന്നെ മനസ്സിലാക്കി.

കോലൻ:—അദ്ദേഹം വളരെ നല്ലവനാണെന്നു ഞാനറിയും. എന്റെ എഴുത്തിനു ചേരൻ പറഞ്ഞയച്ചമറുപടി എന്താണു് ?

ആയ്യൻ :—ചേരൻ കൃത്യബോധവും, കാൎയ്യക്ഷമതയും, ധീരസ്വഭാവവും, പ്രസന്നവദനനും ആയിരുന്നു.

കോലൻ :—വിസ്തരിക്കാനല്ല പറഞ്ഞതു്. തന്റെ വിസ്താരമൊക്കെ പിന്നീടാവാം. ചേരന്റെ മറുപടിയാണു് പറയേണ്ടതു്.

ആയ്യൻ :—വീണ്ടും കാൎയ്യംസാദ്ധ്യം. കണിശമായ മറുപടി. ഗുണം.........

കോലൻ:—കോപം നടിച്ചുകൊണ്ടു് "എടോ! തന്റെ യോഗ്യതകൾ എനിക്കു നല്ലവണ്ണമറിയാം. താടിക്കു തീ പിടിച്ചിരിക്കുന്ന സമയം നോക്കി പുകയില ചുരുട്ടുകത്തിക്കാൻ ഭാവിക്കുന്നതെന്തിനാണു് ? ചോദ്യത്തിനുത്തരം പറയാൻ ആവശ്യപ്പെട്ടിട്ടില്ലായിരിക്കാം. ക്ഷമ എന്നെ വെടിയുന്നു." കണ്ണുകൾ രണ്ടും ചുമപ്പിച്ചുകൊണ്ടു നോക്കിത്തുടങ്ങി.

ആയ്യൻ:—കോപിക്കോലാ ആ തിരുമേനി കോലഭൂപനു നേരിട്ടിരിക്കുന്ന അനൎത്ഥം തനിക്കു സംഭവിച്ചിട്ടുള്ളതായി ഗണിച്ചിരിക്കുന്നു എന്നും, അതിനു തന്നാലാകുന്ന സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുന്നതിനു എപ്പോഴും ഒരുക്കമാണെന്നും,പാണ്ടിപ്പടയെ പ്രേതപുരിക്കു പറഞ്ഞയപ്പാൻ ചേരപ്പട മതിയാകുമെന്നും പറഞ്ഞു. ഇതു കൂടാതെ താനും കൂടി പക്ഷെ പടയോടു പോരാടുന്നതായിരിക്കും എന്നു പിന്നീടും പറഞ്ഞയച്ചു."

കോലൻ:—ചേരൻ വളരെ യോഗ്യൻ. സൌജന്യം ധൈൎയ്യം, മഹാമനസ്കത സമഭാവന മുതലായ ഗുണങ്ങൾക്കു വിളനി

ലമെന്നാണ് പ്രസിദ്ധി. കൊള്ളാം നന്നായി. തൻെറ ശ്രമത്തിനൊത്ത ഫലം വഴിയെ ലഭിക്കും. വേഗംകുളിയുമൊക്കെക്കഴിഞ്ഞു് ഉണ്ണാൻ ചെല്ലൂ.

ആയ്യൻ:—സ്വാമി, കല്പന- എന്നു ആഹ്ലാദവും ഭാവിച്ചുകൊണ്ടു് കുളിക്കാൻ പോയി.

കോലൻ:—കൃതാൎത്ഥനായവനെപ്പോലെ തൻെറ സൈന്യാധിപനായ ഇട്ടുണ്ണിയെ നോക്കി, "ആയ്യൻെറ വാക്കുകേട്ടോ, ഇനി സമാധാനമായില്ലെ ?"

സൈന്യാധിപൻ:—ഉവ്വ്. ഇതു മതിയാകും. ആൾ യോഗ്യൻ. പെരുമാളുടെ കുറിയിൽ ഏറാടിക്കിടാങ്ങളേയും കൂട്ടിക്കൊണ്ടുവരുവാൻ എഴുതീട്ടുണ്ടായിരുന്നു വെന്നു കല്പിച്ചതു ഓൎക്കുന്നുണ്ടോ ?

കോലൻ:—ആയ്യൻെറ മറുപടിയിൽ അതറിയുന്നില്ല. മേൽ പെരുമാളുടെ കുറി തെററിച്ചു പ്രവൎത്തിക്കയില്ല. പട പെരുമാളെ കണ്ടിട്ടു മാത്രമെ ഇങ്ങോട്ടു വരാനിടയുള്ളുവെന്നാണ് എനിക്കു തോന്നുന്നതു്.

സൈന്യാധിപൻ:—എങ്ങനെയായാലും അവർ താമസിയാതെ പോൎക്കളത്തിലെത്തുമെന്നുള്ളതു നിശ്ചയംതന്നെ. പക്ഷെ, പാണ്ടിപ്പട ഇതിനകം മലകടന്നിങ്ങു് എത്തിയാൽമാത്രം അബദ്ധത്തിനു വഴിയാകാമെന്നെയുള്ളു; എങ്കിലും നമുക്കിപ്പോൾതന്നെ യുദ്ധസ്ഥലം നിശ്ചയിച്ചുറപ്പിച്ചുകൊള്ളണം, എന്നുവിചാരിക്കുന്നു.

കോലൻ:—ഉചിതമായ വിചാരമാണിതു്. ആലോചിക്കേണ്ട; അതൊക്കെ വേണ്ടതുപോലെ ചെയ്തുകൊള്ളാമെന്നു എനിക്കും തോന്നുന്നു. ചേരൻെറ സൈന്യാധിപതിയായ പടമല വരുന്നുണ്ടെങ്കിൽ വലിയ ഉപകാരമായിത്തീരുമായിരുന്നു. അപത്തു ആലോചിക്കാതിരിക്കയില്ല. തനിക്കെന്തു തോന്നുന്നു ?

സൈന്യാധിപൻ:—പടമല നിശ്ചയമായും പടയ്ക്കുകാണും. പാണ്ടിക്കു ചേരൻ പോകാനാണു ന്യായം.

കോലൻ:—തുളുനാടനും വരാനുണ്ടല്ലോ? അദ്ദേഹത്തിൻെറ പ്രധാനപ്പെട്ട നാലു മന്ത്രിമാരുംകൂടി എത്തിക്കഴിഞ്ഞാൽ പാണ്ടിപ്പടയെ ഒന്നുകൊണ്ടും പേടിക്കേണ്ട. എല്ലാം നമുക്കനുകൂലമായവിധം പെരുംതൃക്കോവിലപ്പൻ അനുഗ്രഹിക്കും. താൻ നമ്മുടെ പടകളെ അണിയിട്ടുവെയ്ക്കൂ.

സൈന്യാധിപൻ "കല്പന പോലെ" എന്നുപറഞ്ഞുംകൊണ്ട് സ്വ സൈന്യങ്ങളുടെ പാളയ സ്ഥലത്തു ചെന്നു. ഓരോ തരക്കാരേയും ശരിക്കു ചാപാകൃതിയിൽ തെക്കും പടിഞ്ഞാറും ഭാഗങ്ങളിലായി മൂവ്വാററിൻെറ വടക്കെ കരയിൽ അണിയിട്ടു വെച്ചു. ഈ ഘട്ടത്തിൽ തുളുനാടൻ പടയും സാമന്തന്മാരുടെ പടയും പടക്കളം വന്നു ചേൻ്നു, പരസ്പരം കണ്ടു സന്തോഷിച്ചു. കോലഭൂപനും ചേരപ്പടയെ നോക്കി നോക്കി നിന്നു പാണ്ടിപ്പട മലകേറി മറിയുന്നുണ്ടോ എന്നു സൈന്യങ്ങളും സൂക്ഷിച്ചു കൊണ്ടിരുന്നു. ഭാസ്കര ദേവനും പാണ്ഡ്യൻെറ പ്രതാപ വിശേഷങ്ങളും പ്രസ്ഥാന കാലവും പ്രത്യക്ഷത്തിൽ കൊണ്ടുവരാൻ പശ്ചിമ സമുദ്രതീരം വെടിഞ്ഞു. പൂൎണ്ണസന്തോഷത്തോടുകൂടി സുധാംശുവും പൂൎവ്വദിക്കിൽ പതുക്കെ പ്രകാശിപ്പാൻ ആരംഭിച്ചു. പടക്കൊട്ടിലുകളെല്ലാം പാട്ടുകൾ കൊണ്ടു സമുന്മിഷിതങ്ങളായി ചമഞ്ഞു

## അദ്ധ്യായം ൧൧.

### സ്വാതന്ത്ര്യത്തിനുള്ള വില.

പണ്ടു പണ്ടേ ജനങ്ങൾ സ്വാതന്ത്ര്യസ്ഥാപനത്തിനു പരിശ്രമിക്കുന്നുണ്ടെന്നു ചരിത്ര പഠനം നമ്മെ മനസ്സിലാക്കുന്നില്ലയോ? അന്നു മഹമ്മദീയർ കൊണ്ടു നടപ്പാക്കിയ അടിമ വൃത്തികൾ ഇംഗ്ലീഷ് സാമ്രാജ്യ സ്ഥാപനത്തോടുകൂടി ഇൻഡ്യയിൽ നിന്നകന്നിരിക്കുന്നതു നമുക്കറിയാമല്ലോ? പുരാണ പുരുഷന്മാരും പരാക്രമം കൊണ്ട് സ്വാതന്ത്ര്യം സ്ഥാപിച്ചിട്ടുള്ളതായി പുരാണ കഥകളും, ഇതിഹാസവൃത്തങ്ങളും വ്യക്തമാക്കുന്നില്ലയോ? ഭാരത ഖണ്ഡനിവാസികളായ നാം ഇന്നും സ്വാതന്ത്ര്യലബ്ധിക്കായി പല പല സാഹസങ്ങൾ പ്രവൎത്തിച്ചു വരുന്നില്ലയോ? വൃക്ഷലതാദികളും പക്ഷിമൃഗാദികളും ജന്മനാ സ്വതന്ത്രങ്ങളായി ജീവിക്കുന്നില്ലയോ! അക്ബർ, ഔരംഗസീബ്, ജൎമ്മൻ ചക്രവൎത്തിയായ കൈസർ മുതലായ രാജപുരുഷന്മാർ എന്തിനാണ് ഘോര സമരം നടത്തിയതു്! ആത്മാഭിമാനം ഉള്ളവൎക്ക് സ്വാതന്ത്ര്യം വിട്ടുകൊടുക്കാൻ തോന്നുമോ! സംഘങ്ങളുടെയും സഭകളുടെയും സമ്മേളനം ഏതിനെ ആധാരമാക്കിത്തീൎത്തിരിക്കുന്നു? യൂനിവേർസിടികളും, കലാശാലാ കമ്മററികളും കാൎയ്യമുള്ളവയല്ലയോ? കാലാനുകൂലമിന്നത്തെ സ്ത്രീകൾ വീട്ടിലും പുറനാട്ടിലും തങ്ങൾക്ക് സ്വാതന്ത്ര്യം വേണമെന്നു സിദ്ധാന്തിക്കുന്നതെന്തിന്? വിദ്യാൎത്ഥിലോകം തങ്ങളുടെ വിലയേറിയ സമയത്തെ വ്യൎത്ഥമാക്കി ത്തീൎക്കാനാണോ വലിയ വലിയ സഭകൾ കൂടി സാഹിത്യ സംബന്ധമായും, ശാസ്ത്ര സംബന്ധമായും, സ്വരാജ്യ സംബന്ധമായും ഉള്ള സംഗതികളെ സ്വയം സംസാരിച്ചും സഹൃദയന്മാരെക്കൊണ്ടു സംസാരിപ്പിച്ചും വരുന്നതു്? ലോക ജീവിതത്തിൽ സ്വാതന്ത്ര്യം വലിയവൎക്കും ചെറിയവൎക്കും ഒരുപോലെ അത്യാവശ്യമല്ലയോ! സ്വാതന്ത്ര്യമില്ലാത്ത ജീവിതം മൃഗീയമെന്നു ചിന്തിച്ചിപ്പോൾ ഇൻഡ്യയിലുള്ളവരും, പാശ്ചാത്യരും പുതിയ പദ്ധതികളെ കണ്ടുപിടിക്കു

ന്നതിനും പരിഷ്കൃത രീതിയിൽ ജീവിതം നയിക്കുന്നതിനും പണിപ്പെട്ടുന്നതു നാം കാണുന്നില്ലയോ? എല്ലാംകൊണ്ടും സവ്വസ്വാതന്ത്ര്യനായ ഒരുവൻെറ വരുതിയിൽ പാക്കുന്ന നമുക്ക് സ്വാതന്ത്ര്യമില്ലെന്നാകിൽ ജീവിതം കൊണ്ടെന്താണു് സാദ്ധ്യം? ഫലശൂന്യമായ പ്രവൃത്തികൾ പലരുടേയും പരിഹാസത്തിനു പാത്രമാക്കിത്തീക്കുന്നതാണെന്നു് പറഞ്ഞറിയിക്കണമെന്നുണ്ടോ! പാശ്ചാത്യ വിദ്യാഭ്യാസം പ്രചാരത്തിലെത്തിയതോടുകൂടി പണ്ഡിത പാമര സാമാന്യം സ്വാതന്ത്ര്യത്തിനു ബലം സിദ്ധിച്ചു വരുന്നുണ്ടെന്നു സമ്മതിക്കാതിരിപ്പാൻ നിവ്വാഹമില്ല.

"ഞാൻ വ്യാസൻെറ വാക്കു കേട്ടു എന്നെ വെറുത്ത പിതാവിനെ കൂടി വെടിഞ്ഞതെന്തിനാണു്! പൗരുഷം വിട്ടു നടക്കുന്നതിനെക്കാൾ പ്രാണത്യാഗം ചെയ്യുന്നതു് പ്രാണികൾക്കു് ഗുണകരമല്ലയോ! നമ്മുടെ ജീവൻ സ്വതന്ത്രനാണെങ്കിൽ ജവിക്കു സ്വാതന്ത്ര്യമില്ലെന്നു വരുത്തുന്നതു് സമ്മതിക്കാവുന്നതാണോ! ജനന മരണങ്ങളും സുഖ ദുഃഖങ്ങളും ആഹാര വിഹാരാദികളും സവ്വഥാ സമമായിരിക്കുന്ന നിലയ്ക്കു് സവ്വ ജീവികൾക്കും സ്വാതന്ത്ര്യം ഉണ്ടായിരിക്കേണ്ടതാണെന്നു സംശയം കൂടാതെ ആക്കും സമത്ഥിക്കാൻ സാധിക്കുമെന്നു തോന്നുന്നു. സന്ന്യാസിയും സാഹിത്യകാരനും സ്വന്തം ജീവിതത്തെ സ്വാതന്ത്ര്യം കൊണ്ടു് സന്തോഷിപ്പിക്കയും സ്നേഹിക്കയും ചെയ്യുന്നു. പാണ്ഡ്യൻെറ പുറപ്പാടു് അപഥത്തിലാണെന്നു് പരസ്യമല്ലായിരുന്നുവോ? പൗരുഷം പ്രകാശിപ്പിക്കേണ്ടതു് രാജധമ്മമാണെന്നു വിശ്വസിക്കാമെങ്കിലും പരഹിംസയ്ക്കു പുറപ്പെട്ടുന്നതു് പാപമാണല്ലോ. പണ്ടാരവും പരമാത്ഥിയും പുരുഷാത്ഥം നേടാനാണോ ഭാവപ്പകച്ച്യെല്ലാരുങ്ങുന്നതു്! അഛൻ എന്നെ വിധിപ്പിക്കാൻ കൂടി വഴി നോക്കി തുടങ്ങിയതെന്തിനു്? എൻെറയും പ്രജകളുടെയും പെരുമാററം തൻെറ ദുസ്സ്വാതന്ത്ര്യത്തെ തടയുമെന്നു ഭയം തോന്നുകയാലാണല്ലോ പാണ്ഡ്യൻ എന്നെ പട്ടണത്തിൽ നിന്നും ബഹിഷ്ക്കരിച്ചു് കളഞ്ഞതു്. പലരുടെയും പ്രീതിക്കു പാത്രീഭവിച്ച ഞാൻ ഒരിക്കലും പാണ്ഡ്യനെ പരിഹസിക്കയോ പരിഭവിപ്പിക്കുകയോ ചെയ്കയില്ലെന്നു ശപഥം കൂടി ചെയ്തിട്ടുണ്ടു്; എങ്കിലും പാണ്ടിദേശം എൻെറ

ഭരണത്തിന്ന അവകാശപ്പെടാതെ വരുമെന്ന പലരും വിചാരിച്ചുപോകാനിടയുണ്ട്. പിതാവിന്റെ ദുഷ്പ്രവൃത്തികളാൽ ദേശത്തിന്ന ദോഷം സംഭവിക്കുമെങ്കിൽ എന്റെ ജീവിതം കൊണ്ടെന്താണു ഫലമുള്ളത്? പരിപന്ഥികളുടെ ഭരണത്തിന്ന പ്രജകളെ കീഴടങ്ങിപ്പാക്കുന്നതു പ്രയാസം തന്നെ" എന്നിങ്ങനെ പല പല സംശയങ്ങളെക്കൊണ്ട് സങ്കുചിത ഹൃദയനായ യുവ പാണ്ഡ്യൻ സന്ന്യസിച്ചമട്ടിലായി വേഷവും ഭാഷയും യോജിപ്പിച്ച് തീർത്ഥയാത്രയ്ക്കു തിരിച്ചിരിക്കുന്നു.

വഴിയാത്രയ്ക്കു വിദ്വാന്മാരും വിശ്വസ്തന്മാരും വളരെ സഹായികളായിത്തീർന്നു. വാഹനാദികളുടെ സഹായങ്ങളൊക്കെ തീരെ നിഷേധിച്ചിരിക്കയായിരുന്നു. ഒരു സ്ഥലത്ത് ത്രിരാത്രമല്ലാതെ താമസത്തിന്ന സമയം അനുവദിച്ചിരുന്നില്ല. പുണ്യ തീർത്ഥങ്ങളും പ്രസിദ്ധ ക്ഷേത്രങ്ങളും പഞ്ചേന്ദ്രിയങ്ങളെ പാവനമാക്കിക്കൊണ്ടിരുന്നു. പരദേശികളും പണ്ടാരങ്ങളും പരിചയപ്പെടുകയും, പാരാതെ പിരിഞ്ഞു പോകയും പതിവായി. പണ്ഡിതന്മാരും പാമരന്മാരും വഴിക്കു ചില ഉപദേശങ്ങൾ വാങ്ങിക്കൊള്ളുവാൻ ആവശ്യപ്പെടാതിരുന്നില്ല. വാരാണസിമുതൽ കേരളം വരെയുള്ള വഴികൾ രണ്ടരക്കൊല്ലം കൊണ്ട് കണ്ടു കഴിഞ്ഞിരിക്കുന്നു. കുമരീക്ഷേത്രം കാണ്മാനാശിച്ചായിരുന്ന ഇപ്പോഴത്തെ യുവ പാണ്ഡ്യന്റെ യാത്രയെന്ന വഴിയെ വായനക്കാർ അറിഞ്ഞു കൊള്ളുമെന്ന് വിചാരിക്കുന്നു. ആ യുവാവ് ഒരു ദിവസം സന്ധ്യയ്ക്ക് സ്വല്പ സമയമുള്ളപ്പോൾ ചേരനുദയമാർത്താണ്ഡനെഴുന്നെള്ളിപ്പാക്കുന്ന കൊട്ടാരത്തിനടുത്തുള്ള രാജ പാഥയിൽ കൂടി സഞ്ചരിച്ചു കൊണ്ടിരുന്നു. ഉദ്ദേശം ആറടിപൊക്കവും, അതിന്ന തക്ക ആകൃതി വിശേഷവും ആപാദചൂഡമാവരണം ചെയ്തിരുന്ന കാഷായ വസ്ത്രവും, കക്ഷത്തിലൊരു പുസ്തകക്കെട്ടും, ദക്ഷിണഹസ്തത്തിൽ രുദ്രാക്ഷമാലയും, പുതിയ രീതിയിൽ പണിയിച്ചിട്ടുള്ള മിതിയടികളുടെ നിരന്തര സാഹചര്യത്താലഭ്യസ്തമായ പദഗതിയും ആരെയും ആകർഷിക്കത്തക്കതായിരുന്നു. വദനത്തിൽ വിനയ വൈഭവത്തെ വെളിപ്പെടുത്തുന്ന വിഭൂതിധൂളിയുടെ മദ്ധ്യത്തിലായി സിന്ദൂരപ്പൊട്ടു തൊട്ടിരുന്നു. നേത്ര ദ്വ

യം നാസികയെ അനുഗ്രഹിച്ചുകൊണ്ടു് ശത പത്രസാദൃശ്യത്തെ സമ്മതമാക്കി നാസികയ്ക്കുള്ള ഗൌരവ സ്ഥിതി കണ്ടു് അഹങ്കരിച്ച പതത്രിശ്രേഷ്ഠൻ പാരാതെ കൊടിമരത്തിന്റെ മുകളിൽ വാസം ഉറപ്പിച്ചു. കുണ്ഡലമൊഴിഞ്ഞ കൎണ്ണങ്ങൾ പരിവേഷബുദ്ധിയെ ബലപ്പെടുത്തി. സന്ധ്യയെ വന്ദിച്ചിരുന്ന വൃദ്ധവൎഗ്ഗവും, കൃഷിക്കു ചെന്നിരുന്ന കൎഷകക്കൂട്ടവും, ദേവനെ പ്രസാദിപ്പിക്കാനാലയത്തിലേയ്ക്കു പോകുന്ന ദാസീ ജനങ്ങളും, വിനോദിച്ചുകൊണ്ടിരുന്ന വിദ്യാൎത്ഥി സംഘവും, വിശ്രമിച്ചു മടങ്ങിയ വലിയഅധികാരികളും വാണിജ്യത്തിനു പോയിരുന്ന വ്യാപാരികളും വഴിക്കു സന്ന്യാസിയെ കണ്ടിട്ടുണ്ടായിരുന്നു.

സന്ന്യാസി ആരോടുമൊന്നും ആവശ്യപ്പെടാതെ പെരിയ കുളത്തെ അഭിമുഖീകരിച്ച് നടന്നു ചെന്നു. അപ്പോൾ കടവിൽ ധാരാളമാളുകൾ കുളിച്ചും മുണ്ടടിച്ചു രസിച്ചും മന്ത്ര പദ്ധതിയെ ശരിയ്ക്കു ജപിച്ചും വിനോദിച്ചുകൊണ്ടിരുന്നു. അദ്ദേഹം വേഗം കടവിലിറങ്ങി കുളിക്കാനാരംഭിച്ചു. സന്ധ്യയും നല്ലവണ്ണം മയങ്ങി. ക്രൂരിരുൾ ലോകമെല്ലാം സ്വന്തമാക്കിത്തുടങ്ങി. അങ്ങുമിങ്ങും ചെറുനക്ഷത്രങ്ങൾ മാത്രം വിയന്മണ്ഡലത്തിൽ വിളങ്ങിയിരുന്നു. വനവായു തീവ്രമായി വീശിക്കൊണ്ടിരിക്കയാൽ കുളം വിട്ടു വീട്ടിലേയ്ക്കു് എല്ലാവരും പുറപ്പെട്ടു. മണ്ഡൂകമണ്ഡലങ്ങൾ മേളംകൂട്ടി. ഛീൽക്കാരശബ്ദം ശ്രവണപുടത്തെ വ്യാപിച്ചുകൊണ്ടിരുന്നു. സന്ന്യാസി നിത്യകൎമ്മവിധികൾക്കു വിഘ്നം വരുത്താതെ വന്ദനമുറകളെല്ലാമാചരിച്ചു. നാഴിക പത്തും നിമിഷത്തിൽ നിശിയിൽ കഴിഞ്ഞു. പിന്നീടു പാന്ഥൻ പതുക്കെ പട്ടണത്തിലേയ്ക്കു പുറപ്പെട്ടു. വഴികളെല്ലാം നിശ്ശബ്ദമായിരുന്നു. പൌരജനങ്ങളും സ്വന്തം പാൎപ്പിടങ്ങളെ അഭയം പ്രാപിച്ചുകഴിഞ്ഞു. രാജവീഥികളിൽ സൎക്കാർവെളിച്ചം മിന്നാമിനുങ്ങികളെപ്പോലെ തെളിഞ്ഞുകണ്ടു. ഠാണാഉദ്യോഗസ്ഥന്മാർ സ്വന്തം ജോലികളെ അത്യുത്സാഹത്തോടുകൂടി സൂക്ഷിച്ചുകൊണ്ടിരിക്കയായിരുന്നു. വിടന്മാരും വേശ്യാവൎഗ്ഗങ്ങളുമൊഴിച്ചുള്ള സകല ജീവജാലങ്ങളും പട്ടണത്തിനകത്തും പുറത്തും നിശയെ

നല്ലവണ്ണം ഉപയോഗിക്കയായി. ശ്രീരാമസ്വാമിക്ഷേത്രത്തില ദ്ധ്യാമപൂജയും അച്ഛകൻ കഴിച്ചിട്ട പുറപ്പെട്ടു. ക്ഷേത്രപുര ദ്വാരം പാന്ഥന്റെ പാപ്പിന്ന സ്ഥാനമായിതീൎന്നു. ആ പാ ന്ഥൻ അപ്പോഠം പ്രസിദ്ധ സ്തുതിപരമ്പരകളുടെ ശ്രവണമാധു രിയെ വായുസമ്പൎക്കത്താൽ ആകൎഷമനുഭവിക്കത്തക്കവണ്ണമാഘോ ഷിക്കാനാരംഭിച്ചു. ഭൂതഗണങ്ങളും പ്രേതസംഘങ്ങളും പാ ന്ഥന്റെ സംഗീതസാഹിത്യരസം അനുഭവിച്ചു. അടുത്തുത ന്നെ താവളം ഉറപ്പിച്ചിരുന്ന വഴിയാത്രക്കാരിൽ ഒരു വൃദ്ധൻ ഉണൎന്നിരുന്നു, ശീതവാതം അസഹ്യമാണെന്നോൎത്തു പുകപിടി ക്കാനൊരുങ്ങി. ചുരുട്ടുപററിച്ച സമയം പ്രത്യക്ഷപ്പെട്ട സന്യാ സിയോട്ട സംഭാഷണത്തിന സമയംനോക്കി അടുത്തുക്രൂടി. വൃ ദ്ധൻ ക്രൂടക്രൂടെ പുകവലിച്ചുവിട്ടു. എങ്കിലും "റാം, റാം, സീ താറാം" എന്നിങ്ങനെയുള്ള ചില ശബ്ദം വ്യക്തപ്പെട്ടുത്താതിരു ന്നില്ല. പൂൎവ്വപരിചയക്കുറവുകൊണ്ടു് പരസ്പരസംഭാഷണത്തി ന പീഠിക ആൎക്കാണവകാശമെന്നവർ ആലോചിച്ചുതുടങ്ങി. വൃദ്ധൻ വയഃക്രമമനുസരിച്ചു് തനിക്കാണതിനവകാശമുള്ളതെ ന്നു സ്വയം സങ്കല്പിച്ചുകൊണ്ടു, മുഖമപ്രത്യക്ഷമായിരുന്നെങ്കി ലും "ഹേ, ഹേ, നിങ്ങഠം ആരാണു്? നിങ്ങളുടെ പേരെന്തു്? സംഗീതസാഹിത്യങ്ങഠം വൃദ്ധനു് വളരെ ഇഷ്ടമാണു്. നിങ്ങഠം ക്കു് നല്ല പഠിത്തമുണ്ടെന്നു് പ്രത്യക്ഷപ്പെടുന്നുണ്ടു്. എങ്ങോട്ടു പോകാനുദ്ദേശിക്കുന്നുവോ? അവിടത്തെ മറുപടി കേഠംക്കാൻ ആഗ്രഹിക്കുന്നു" എന്നു പീഠിക അവതരിപ്പിച്ചു.

സന്യാസി:— (സ്വഗതം) നന്നായി. ഞാൻ വൃദ്ധനോടു സം ഭാഷണം തുടങ്ങുന്നതെങ്ങനെയെന്നു ആലോചിക്കയായിരു ന്നു. സംഗീതസാഹിത്യങ്ങളിൽ ഇഷ്ടമുണ്ടെന്നു് എററു പറഞ്ഞതും ഭംഗിയായി. വയഃക്രമം വ്യവഹാരത്തിലും വ്യക്തമാകുന്നുണ്ടു്. സ്ഥലമാഹാത്മ്യവും, ദേശചരിത്രവും, നാട്ടുവൎത്തയും, ജനങ്ങളുടെ സ്വഭാവവും ചോദിച്ചറിവാ നൊരു സന്ദൎഭവും ലഭിച്ചു. സന്ദൎഭത്തിനൊത്ത സംഭാഷണം സമയവ്യയത്തിനും ചിത്തശാന്തിക്കും, ഉദ്ദേശസിദ്ധിക്കുമുപ കരിക്കുമെന്നുള്ള ചൊല്ല ഒരിക്കലും വ്യൎത്ഥമാകുന്നതല്ല.

(പ്രകാശം) "ഭോവൃദ്ധ, ഞാനൊരാശ്രമിയാണ്. എൻെറ പേരു് ദിഗംബരസ്വാമി എന്നാണ്. പഠിത്തം വളരെ കുറയും."

വൃദ്ധൻ:—ഓഹോ! ആശ്രമിയാണോ? പേരു പഴമപരിചയമുള്ളതുപോലെ കേട്ടു ശീലിച്ചിട്ടുണ്ടെന്നു തോന്നുന്നു. പഠിത്തംകുറഞ്ഞവർ ഒരിക്കലും ആശ്രമസ്വീകാരത്തിനവകാശപ്പെട്ടമെന്നു തോന്നുന്നില്ല. നിങ്ങളുടെ നാട്ടുകൂടി കേൾക്കട്ടെ.

സന്ന്യാസി:—എനിക്കു നാട്ടും വീട്ടുമൊന്നും ഇല്ല. എങ്കിലും മീനാക്ഷീപുരമാണെന്നു് പറഞ്ഞറിഞ്ഞിട്ടുണ്ടു്.

വൃദ്ധൻ:—ആശ്രമികൾക്കു സംസാരബന്ധമില്ലെന്നുള്ളതു ഞാനറിയും. എങ്കിലും ജന്മസിദ്ധമോ, സ്വസമ്പാദ്യമോ ആശ്രമിക്കേതാണ് അവകാശപ്പെട്ടതെന്നറിയാനാണ് ആഗ്രഹിച്ചതു്.

സന്ന്യാസി:—സ്വതസ്സിദ്ധമെന്നു സംശയംവിട്ടു ചൊല്ലാം.

വൃദ്ധൻ:—പൂജ്യപാദരായ നിങ്ങളുടെ ആശ്രമത്തിന്നു പല വന്ദനങ്ങൾ പറയുന്നുണ്ടു്. നിങ്ങൾ പാദസ്പൎശംകൊണ്ടു് പവിത്രമാക്കിയ പുണ്യഭൂമിയും കൎമ്മഭൂമിയും സുകൃതമുള്ളവയാണ്. ഉപദേശക്രമങ്ങളെല്ലാം ഗുരുകടാക്ഷംകൊണ്ടുതന്നെ ലബ്ധമായിരിക്കണമെന്നാണ് എൻെറ വിചാരം.

സന്ന്യാസി:—ഉവ്വ്, അതൊക്കെ സജ്ജനസഹവാസംകൊണ്ടും, സൽഗുരുകടാക്ഷംകൊണ്ടും, പൂൎവ്വപുണ്യവിശേഷംകൊണ്ടും സമ്പാദിക്കാനിടയായി. ഞാൻ കണ്ണുകൊണ്ടു കാണേണ്ടതും, ശരീരംകൊണ്ടു സാധിക്കേണ്ടതും, മനസ്സുകൊണ്ടു ചിന്തിക്കേണ്ടതുമായ പുണ്യകൎമ്മങ്ങളെയെല്ലാം ഒരുവിധം അവസാനിപ്പിച്ചിരിക്കുന്നു.

വൃദ്ധൻ:—ഇനി യാത്രയ്ക്കു നിശ്ചയിച്ചിരിക്കുന്ന ദേശം ഏതോ?

സന്ന്യാസി:—കന്യാകുമാരിയായിരിക്കുമെന്നു വിചാരിക്കാം.

വൃദ്ധൻ:—കുമരിയുടെ പ്രതിഷ്ഠാവിശേഷത്തേയും, പരശുരാമസൃഷ്ടിയുടെ മാഹാത്മ്യത്തേയും ആ പ്രദേശം നല്ലവണ്ണം പ്ര

ത്യക്ഷപ്പെടുത്തുന്നുണ്ടെന്നു കണ്ടറിഞ്ഞവനാണിവൻ. കാണേണ്ടതും ചെല്ലേണ്ടതും അത്യാവശ്യമാണെന്ന് ആക്കും തോന്നാതിരിക്കയില്ല.

സന്യാസി:—വൃദ്ധവചസ്സ സൎവ്വഥാ ശ്ലാഘ്യതമം തന്നെ. നിങ്ങളുടെ വൃത്താന്തമെന്നെ അറിയിക്കാമെങ്കിൽ വലിയൊരു ഭാഗ്യവും അനുഗ്രഹവും എനിക്കു സിദ്ധിച്ചുവെന്നു വരും.

വൃദ്ധൻ:—എനിക്കു പാണ്ടിദേശമാണ് ജന്മഭൂമി. മധുരാനാഥനായ രാജസിംഹ പരാന്തക വീരപാണ്ഡ്യന്റെ പ്രതാപത്തെഭയന്നും, വ്യാസാചായ്യന്റെ മനശ്ശക്തിയെ മാനിച്ചും വിശിഷ്ടമതിയായ യുവപാണ്ഡ്യനെ സ്നേഹിച്ചും ഞാൻ നാടുവിട്ടു് പുറപ്പെട്ടു് പണ്ടാരങ്ങളുടെ കൂട്ടത്തിലെത്തി. ദേശസഞ്ചാരംകൊണ്ടു സുഖിക്കുന്നു.

സന്യാസി:—(സ്വഗതം.) ഇദ്ദേഹം വ്യാസന്റെ സഹപാഠിയായ ശൂപ്പസ്വാമിയാണെന്നു ശബ്ദഛായകൊണ്ടനുമാനിക്കാം. ഞാൻ നാടുവിട്ടുപുറപ്പെട്ടതും ആശ്രമം സ്വീകരിച്ചതും അറിഞ്ഞില്ലെന്നുവരാം. അച്ഛന്റെ ദുഷ്പ്രവൃത്തികൾ ഇവിടെയും കേൾക്കാനിടവന്നല്ലൊ! കഷ്ടം, കഷ്ടം, അന്ധകാരത്തിന്റെ ആനുകൂല്യം എന്നെ നല്ലവണ്ണം സഹായിക്കുന്നു. ഈശ്വരനെനിക്കു നല്ലസമയത്തിലിദ്ദേഹത്തെ തുണയായ്ക്കിവെച്ചു. കാമേശ്വരിയുടെ കടാക്ഷം എന്നെ സഹായിക്കാതിരിക്കില്ല (പ്രകാശം) സാധോ, സങ്കടപ്പെടേണ്ട. കലിതുടങ്ങി 4000 കൊല്ലംമാത്രമേ കഴിഞ്ഞിട്ടുള്ളു. ഇന്നത്തെ ലോകസ്ഥിതിക്കു കലിയെ കുററപ്പെടുത്തണമെന്നില്ല. കാലംപോകുന്തോറും ആളുകളും അവരുടെ സ്ഥിതിഗതികളും, സ്വഭാവവിശേഷങ്ങളും, ബുദ്ധിശക്തികളും മാറിത്തുടങ്ങുമെന്നുള്ളതു് അസംഭാവ്യമല്ലെന്നു എന്റെ ഇന്നത്തെ പരിചയംകൊണ്ടു നിശ്ചയിക്കാമെന്നു തോന്നുന്നു. സത്യസന്ധന്മാരും, രാജഭക്തന്മാരും, ഗുരുവിശ്വാസമുള്ളവരുമായ നിങ്ങളെപ്പോലെയുള്ളവൎക്കു് ഭയാവഹമായി തോന്നുന്നതു് ആശ്ചയ്യജനകമെന്നു പറയാനില്ല.

നിങ്ങളുടെ ഇപ്പോഴത്തെ ജീവിതക്രമം എനിക്ക് രുചിക്കുന്നുണ്ട്. കഴിഞ്ഞതിനെക്കുറിച്ചു വ്യസനിക്കുന്നതിനേക്കാൾ ഭാവിയെ ഫലപ്രദമാക്കിത്തീക്കാനാലോചിക്കയാണ് വേണ്ടതെന്നു എൻെറ അല്പബുദ്ധിയ്ക്കു തോന്നുന്നു. പൂവ്വപുണ്യഫലങ്ങളെ അനുസരിച്ചല്ലയോ ഗുണാഗുണങ്ങളും സുഖദുഃഖങ്ങളും സംഭവിക്കാറുള്ളതെന്നു നിങ്ങളും നല്ലവണ്ണം അറിഞ്ഞിരിക്കുമല്ലൊ. എന്തിനു വൃഥാ ക്ലേശിക്കുന്നു? ഭവാൻ ഇവിടെ താമസമുറപ്പിച്ചിട്ട് കാലമെത്രകഴിഞ്ഞുകാണും? ഈ നാട്ടിലെ വൃത്താന്തമറിഞ്ഞിട്ടുള്ളതുമെനിക്കു കേൾക്കാൻ കൊതിയുണ്ട്. സന്തോഷമുണ്ടെങ്കിൽ സവ്വവും സശ്രദ്ധം ശ്രവിച്ചുകൊള്ളാം.'' എന്നിത്രയും സാവധാനത്തിലും മൃദുസ്വരത്തിലും പറഞ്ഞവസാനിപ്പിച്ചു.

വൃദ്ധൻ:—മാന്യനായ മഹഷേ! നിങ്ങളുടെ അഭിപ്രായമൊക്കെ ഞാൻ സവ്വഥാ സമ്മതിക്കുന്നു. "കാലത്തിനു കുററം ചൊല്ലുന്നതിനേക്കാൾ കലികാലീനന്മാരുടെ മനോഗതിക്കു ദോഷം പറയാമെന്നുതോന്നുന്നു. പാപകമ്മങ്ങൾ ചെയ്യുന്തോറും പൂവ്വപുണ്യം ക്ഷയിക്കയും വാസനാബലമുറയ്ക്കുയും അല്പകാലത്തിനുള്ളിൽ അനേകവിധത്തിലുള്ള ജന്മങ്ങളെ സ്വീകരിക്കുന്നതിനു കാരണമായിത്തീരുകയും ചെയ്യും" എന്നു പുരാണാദികൾ പറഞ്ഞിട്ടുണ്ടല്ലൊ? കേരള മഹഷിയായ ശങ്കരാചായ്യപാദരുടെ "ഭജഗോവിന്ദം'' നമ്മെ മനസ്സിലാക്കുന്നതു ഏതു സംഗതിയാണ്? കലിയെ ജയിക്കുന്നതിനു ഭക്തിക്കുമാത്രമേ സാധിക്കയുള്ളു. എനിക്കു നിങ്ങളുടെ ഭജനകീത്തനങ്ങൾ ആനന്ദാവഹങ്ങളായിച്ചമഞ്ഞു. നിദ്രയുമെന്നെ വെടിഞ്ഞിരിക്കുന്നു. ശീതവാതവും അസഹ്യമായി. കലിക്കു പ്രവേശം കേരളത്തിൽ അനുവദിച്ചിട്ടില്ല. കേരളീയരെല്ലാം കമ്മികളും ധാമ്മികന്മാരും ആണ്. രാജാവ്-ഭക്തന്മാരിലഗ്രേസരനാണെന്നും ആതുര രക്ഷണം കുലധമ്മമാണെന്നും പ്രത്യക്ഷമായി നമുക്കു മനസ്സിലാക്കാം. ഞാൻ കഴിഞ്ഞരാത്രിയുടെ ആരംഭത്തിലാണിവിടെ വന്നു

ച്ചേന്നു്. ഭൂപ്രകൃതിയും, ജനങ്ങളുടെ മനഃസ്ഥിതിയും, കർമ്മശ്രദ്ധയും, ധർമ്മബുദ്ധിയും, കാഴ്ചയിലും വേഴ്ചയിലുമൊന്നുപോലെ യോജിച്ചിട്ടുണ്ടു്. അതിഥികളെയും ആഗന്തുകന്മാരെയും ആദരിക്കാൻ അരചനും അത്യുത്സാഹമാണ്. അദ്ദേഹത്തിന്റെ പേർ ചേരൻ ഉദയമാർത്താണ്ഡനെന്നാണ്. അദ്ദേഹത്തിനു കാമേശ്വരിഎന്നൊരു മകൾ മാത്രമേ സന്താനമായിട്ടുള്ളൂ.

"പാണ്ഡ്യൻ കേരളത്തിൽ പടയോട്ടിക്കാൻ പോകുന്നുണ്ടെന്നും കോലനെ സഹായിപ്പാൻ ചേരപ്പടകൾ വന്നു ചേന്നിട്ടുണ്ടെന്നും ചേരൻ ചോളന്റെ സഹായത്തോടുകൂടി പാണ്ഡ്യനെ പക്ഷെ ജയിച്ചേക്കാമെന്നും ജനശ്രുതിയുണ്ടു്. ദൈവസങ്കല്പമെങ്ങനെയായിരിക്കുമെന്നു ഇപ്പോൾ നിശ്ചയിക്കാൻ ആക്കും സാധിക്കയില്ല. സമയം കഴിഞ്ഞതും സംഗതി തെളിഞ്ഞതും സംശയം നീങ്ങിയതും സന്തോഷമായി. എനിക്കൊന്നു വിശ്രമിക്കണം. അല്പം കിടക്കട്ടെ. നിങ്ങളും വിശ്രമിക്കാം. എന്നു പറഞ്ഞുംകൊണ്ടു് കിടന്നു."

സന്ന്യാസി:—(സ്വഗതം.) സാരമേറിയ കാൎയ്യമാണല്ലൊ വൃദ്ധൻ പറഞ്ഞതു. പാണ്ഡ്യന്റെ ദുസ്സാമൎത്ഥ്യം കേരളീയരോടു പറുകയില്ലെന്നു ബലമായി ശങ്കിക്കേണ്ടിയിരിക്കുന്നു. മീനാക്ഷിയുടെ മനോഗതവും ദ്രാവിഡരുടെ ഭാഗ്യവും എന്റെ സുകൃതവും പോലെ സൎവ്വവും സംഭവിക്കുമെന്നു നിസ്സംശയം പറയാം. ഇപ്പോൾ ഉഷസ്സു തെളിഞ്ഞു തുടങ്ങിയല്ലൊ? പക്ഷികുലങ്ങൾ പ്രഭാതത്തെ പുകഴ്ത്തുന്നു! കൎഷകന്മാർ കൃഷിസ്ഥലത്തേയ്ക്കു പുറപ്പെട്ടിരിക്കുന്നു. അരുണൻ ആദിത്യദേവന്റെ പുറപ്പാടിനെ ആദരിച്ചുംകൊണ്ടു് മുമ്പിലിറങ്ങിക്കഴിഞ്ഞിരിക്കുന്നു. ഞാനും നീലാംബോദരി രാഗത്തിൽ സൎവ്വജഗന്നിയന്താവിനെ വണങ്ങുന്നുണ്ടു്." എന്നാനന്ദമായി പാടിത്തുടങ്ങി. കിഴവനും ഉറങ്ങി. നേരം പ്രസന്നമായി. സൎവ്വവും ശുഭം.

# അദ്ധ്യായം ൰൨.

കാമേശ്വരിയുടെ കൊട്ടാരം.

സുന്ദരി. (സ്വഗതം). ഹാ! ഹതവിധെ, ഞാൻ ആരോടു പറയും, ജന്മനാ മഹാപാപിയായ ഇവൾ ആശ്രയം കൊണ്ടു ആശ്വസിച്ചിരിക്കാമെന്നല്ലയൊ വിചാരിച്ചിരുന്നത്. കാമേശ്വരി എന്നെ സ്വന്തം സഹോദരിയെപ്പോലെ സ്നേഹിക്കുന്നു. എനിക്കു ഒരു നിമിഷംപോലും രാജപുത്രിയെ വേർ പെട്ടിരിക്കാൻ മനസ്സു വരുന്നില്ല. ചേരൻ എപ്പോഴും യുദ്ധവാർത്ത പറഞ്ഞു നടക്കുന്നു. നാടെങ്ങും കാഹളധ്വനികളാൽ മുഴങ്ങികൊണ്ടിരിക്കുന്നു. ശിപായിമാർ അങ്ങുമിങ്ങും ഓടിനടക്കുന്നു. വൃദ്ധന്മാർ വീരവാദം കൊണ്ടു രസിക്കുന്നു. രാജാവ് കാമേശ്വരിയെ കണ്ണിലുണ്ണിപോലെ വളർത്തുന്നു. മാതാവും നിമിഷം തെററാതെ കുശലമന്വേഷിക്കാറുണ്ടു്. ദാസിയും സമയം പിഴയ്ക്കാതെ പരിചരിക്കുന്നു. സർവ്വസുഖവും സുലഭമായി തീർന്നിട്ടുണ്ടു്. കോമളാംഗിക്കു സംഗീതസാഹിത്യങ്ങളിലൊന്നുപോലെ സാമർത്ഥ്യം കൂടിക്കൂടിവരുന്നു. ബുദ്ധിശക്തിയുടെ യോഗ്യതാപരീക്ഷയിൽ വാചസ്പതിക്കു തോൽവി വരുമെന്നു ചിലർ പറയുന്നു. സരസ്വതിദേവി സ്വരവർണ്ണഗാനമധുരിമയ്ക്കു കാമേശ്വരിയോടു ശിക്ഷ ചെയ്യാൻ നിശ്ചയിച്ചിരിക്കുന്നതായി നാട്ടുവാർത്തയുണ്ടു്. അരയന്നപ്പേടകൾ ആരോടുമാലോചിക്കാതെ ആകാശഗംഗയുടെ തീരദേശം സ്ഥിരവാസത്തിനു ഉറപ്പിച്ചിരിക്കുന്നു. മാൻകൂട്ടങ്ങൾ കൂട്ടം കൂടി നാട്ടിലെ സഞ്ചാരം നന്നായി ഒഴിഞ്ഞുകളഞ്ഞു. രതീദേവിക്കു് കൊച്ചുതമ്പുരാട്ടിയോടു വലിയ കോപമാണ്. പ്രകൃതിക്കിണങ്ങിയ വിധം ആകൃതിയിലും സ്വസൃഷ്ടിവൈദഗ്ദ്ധ്യം പ്രതിഫലിച്ചിരിക്കുന്നതു കൊണ്ടു് വിധാതാവു് വല്ലാതെ ഞെളിയുന്നു. ദേവവർഗ്ഗങ്ങൾ ഭൂലോകവാസമാശിക്കാതിരിക്കാൻ രാജപുത്രന്മാർ പ്രാർത്ഥനകൾ നടത്തുന്നു. കാമനും കാലം കളയാതെ കേരളത്തിലും ചോളനാട്ടിലും പാണ്ഡിയിലും ചെന്നു് രാജഗൃഹങ്ങളിൽ ശൂപാശ്യക്കു ബലം കൂട്ടുന്നു, ചേര

ഭനോട്ട കുഞ്ഞിൻെറ കല്യാണവാൎത്തയറിയാൻ അരചകുലങ്ങളിൽ നിന്നും അസംഖ്യം ആളുകളും കുറികളും വന്നുകൊണ്ടിരിക്കുന്നു. കേരളീയരെല്ലാം കാമേശ്വരിയുടെ കല്യാണമഹോത്സവരസം അനുഭവിക്കാൻ ആശിച്ചു നടക്കുന്നു. കുമരേശനും കാമാക്ഷിയുമെന്നാണോ മനോഹരനായ വരനെ കന്യകയ്ക്കു പ്രദാനം ചെയ്യാൻ ആലോചിക്കുന്നതെന്നാൎക്കറിയാം? ചേരൻെറ നാട്ടിൽ കല്യാണവാൎത്തയ്ക്കു പൂൎണ്ണസ്വാതന്ത്ര്യം അനുവദിച്ചിട്ടുണ്ടെങ്കിലും കൊട്ടാരപ്പടിക്കൽ അതിനു പ്രവേശമില്ല എന്നു പരസ്യപ്പെട്ടത്തിക്കാണുമെന്നു ശങ്കിക്കുന്നു. കാമേശ്വരിയോ പിന്നെ കൊച്ചുകുട്ടിയായിത്തന്നെ കാലം കഴിയ്ക്കുന്നു. മാതാവ് കനവിലും നിനവിലും കുഞ്ഞിൻെറ കല്യാണമേ കാണുന്നുള്ളു, എങ്കിലും ഭൎത്താവിൻെറ മനോഗതമറിയാതെ ദിവാനിശം വല്ലാതെ വിഷമിക്കയാണ്. ചേരൻ ഒരിക്കൽപോലും വിവാഹത്തെക്കുറിച്ചു പറഞ്ഞിട്ടുള്ളതായി കേട്ടുകേൾവിപോലും നാട്ടിലുള്ളവൎക്ക് അറിയാൻ പ്രയാസമായിരിക്കുന്നു. രാജപുത്രിക്കു വയസ്സു പതിനേഴുണ്ടെന്നു പഴമക്കാൎക്കു മാത്രമേ പറയാൻ സാധിക്കൂ. എന്നും ഞങ്ങളോടുകൂടിതന്നെ സംഗീതസാഹിത്യാദി വിനോദങ്ങളാൽ കാലം കഴിച്ചുകൂട്ടാൻ അവൾ നിശ്ചയിച്ചിരിക്കുമോ എന്തോ? എൻെറ ബന്ധുക്കളും ലളിതാംബാദേവിയുടെ സംബന്ധക്കാരും വൃദ്ധവനിതാവൎഗ്ഗങ്ങളും "കാമേശ്വരിക്കു വിവാഹം" എന്നത്തേയ്ക്കായിരിക്കുമെന്നു ചോദിക്കാറുണ്ട്. വരൻെറ നാമവും കൂടി അവരറിഞ്ഞാൽ കൊള്ളാമെന്നു താല്പൎയ്യം പ്രകടിപ്പിക്കുന്നു. ഞാൻ പരസ്യമായും രഹസ്യമായും അവളോട് പല രാജകുമാരന്മാരെ സംബന്ധിച്ച് ചില കഥകൾ പറഞ്ഞിട്ടുണ്ട്. കാമേശ്വരിയുടെ പൂങ്കാവനത്തിൽ ചെന്നും, ചെടികൾതോറും നടന്നും, പൂക്കളെപ്പറിച്ചെടുത്തും, സ്വയം വല്ലികളെ നനച്ചു രസിച്ചും ദേവതാപ്രസാദത്തിനായി ചന്ദനാദിക്കുഴമ്പുകളൊരുക്കിയും, പ്രാൎത്ഥനാശതങ്ങൾ പൊഴിച്ചും, സാഹിത്യസംഗീതസുഖമാസ്വാദിച്ചും സമയം കഴിച്ചുകൂട്ടുന്നു. ചെടികളുടെയും പക്ഷികുലങ്ങളുടെയും പശുക്കിടാങ്ങളുടെയും സഹവാസബലം സൎവ്വദാ അവളെ സഹായിക്കുന്നു. എൻെറ മൌനംകൊണ്ടോ, മിടുക്കുകൊണ്ടോ രാജസന്താനത്തെ കാൎയ്യബോധമുണൎത്തിക്കാൻ

കഴിയുന്നതുമില്ല. ഞാനെന്തിന്ന സങ്കടപ്പെടുന്നു? നല്ലകാലമടുക്കുമ്പോൾ കാമുകനുമവൾക്കുണ്ടാകും. സമയംതെററാതെ സുമുഖിയെ സഹായിക്കേണ്ടതുണ്ട്." എന്ന് സുന്ദരാമ്മാൾ സ്വയം വചിച്ചുംകൊണ്ട് കാമേശ്വരിയുടെ കിടക്കമുറിയിൽ പ്രവേശിച്ചു. ആ സ്ഥലം മുഴുവൻ നക്ഷത്രസമതയെ സ്വീകരിച്ചിട്ടുള്ള ചെവ്വതരം തൂക്കുവിളക്കുകളാൽ പ്രശോഭിച്ചുകൊണ്ടിരുന്നു. ഭിത്തികളെ സത്വസ്വരൂപങ്ങളാക്കി പ്രകാശിപ്പിക്കുന്ന ഛായാപടങ്ങൾ പുഷ്പസൌരഭ്യമേററുകൊണ്ടും ചന്ദനാദിസുഗന്ധലേപനങ്ങളണിഞ്ഞുകൊണ്ടും അലങ്കാരവിശേഷങ്ങളെകൊണ്ടും ശോഭിച്ചിരുന്നു. നാലുവശത്തുള്ള ജന്നലുകൾ നിർബാധം വായുവിൻെറ ഗതിയെ പ്രവേശിപ്പിച്ചുകൊണ്ടിരുന്നു. സുമുഖി ചാഞ്ഞാടിക്കൊണ്ടിരുന്ന തൂക്കുമഞ്ചത്തിലിരുന്നുംകൊണ്ട് വീണാഗാനംചെയ്യാനാരംഭിച്ചിരിക്കുന്നതായി തെളിഞ്ഞുകണ്ടു. പതിവനുസരിച്ച് സ്വന്തം ജോലി ചെയ്യാൻ തനിക്കു മടിയുണ്ടെന്നു തോന്നുമാറ് ഗാനത്തിനൊത്ത ശ്രുതിക്രൂടാനാശിക്കാതെ ഒരുകോണിൽ ചെന്നു നിലയുറച്ചു. കാമേശ്വരിയും തോഴിയുടെ വരവിനെ പ്രതീക്ഷിച്ചിരിക്കയായിരുന്നു. ഭാവഭേദത്തിനുള്ള പരിശോധനകളൊന്നും ക്രൂടാതെ പതുക്കെ ഇങ്ങനെ പറഞ്ഞു.

കാമേശ്വരി:—തോഴി, നല്ല സന്ദർഭത്തിൽ നീ ഇങ്ങു വന്നു. വേഗം ശ്രുതിക്രൂട്ടു. നമുക്കു നല്ലൊരു ഭൈരവിരാഗം പാടാം. പുതിയ മട്ടിലാണ് പാടാനാഗ്രഹിച്ചിരിക്കുന്നത്. നിനക്കും എന്നോട്ചേൎന്നു പാടാൻ കഴിയും എന്നു വിശ്വസിക്കുന്നു. ഇതൊരു സുദിനമാണല്ലൊ? സ്വല്പം മുമ്പാണു നമ്മുടെ മാതാവു ഇങ്ങോട്ടു വന്നതു്. പാണ്ഡ്യൻ മലനാടു ആക്രമിക്കാൻ നിശ്ചയിച്ചിരിക്കുന്നതായും ചേരപ്പട മുഴുവൻ കോലഭ്രപനെ സഹായിപ്പാൻ വടക്കു പോയിട്ടുണ്ടെന്നും പക്ഷെ പിതാവു് പാണ്ടിയെ പിടിച്ചടക്കാൻ പോയേയ്ക്കും എന്നും പറഞ്ഞു് പിരിഞ്ഞു. എനിക്കു സമാധാനത്തിനായി തിരിച്ചുനിന്ന്, "ഞാനുംക്രൂടി താമസമിവിടെ തുടങ്ങും" കേട്ടോ മകളേ എന്നു മന്ദസ്വരത്തിൽ ഉച്ചരിച്ചു.

തോഴി:—എനിക്കു തീരെ മനഃസുഖമില്ല. രാജാവു് മകളെ നല്ലവണ്ണം സ്നേഹിക്കുന്നുവെങ്കിലും വയഃക്രമമനുസരിച്ചു വി

വാഹാഘോഷം നടത്താതിരിക്കുന്നതു നാട്ടാരുടെ ഇടയിൽ വചനീയതയ്ക്കു ഒരു സംഗതിയാണെന്നു് ഓക്കുന്നില്ല. മാതാവു് നിമിഷത്തിനൊരിക്കൽ മുടങ്ങാതെ വന്നും, പോയും, കണ്ടും, കേട്ടും, വേണ്ടുന്നതെല്ലാം വരുത്തിക്കൊടുത്തും, പുത്രിയെ പാലിക്കുന്നു; എന്നാൽ മംഗളവാത്തയെ വിനോദത്തിനായിപ്പോലും ഭത്താവിനോടു പറയാറില്ലെന്നുള്ളതു് പരസ്യമായ രഹസ്യമാണു്. പുത്രിക്കു പൂവപുണ്യഫലമഹിമയാൽ ഒന്നിനും കുറവില്ലെങ്കിലും സമയത്തിനൊത്തൊരു സംഗ്രാമധീരനെ സംബന്ധപ്പെടുത്തിക്കൊള്ളുവാൻ സമ്മതമില്ലെന്നു തോന്നുന്നതിൽ അത്യധികം സങ്കടമുണ്ടു്. ഞാനെന്തുചെയ്യും? ഇപ്പോഠം കേരളത്തിലേയ്ക്കു് പാണ്ഡ്യൻ കാലുകുത്തികഴിഞ്ഞു. സമരം കാലക്കേടിനെ സൂചിപ്പിക്കുന്ന സംഭവമാണെന്നു് ലോകവാത്തയിലുണ്ടു്. വടക്കുചെല്ലുന്നവൻ തെക്കു വരികയില്ലെന്നെങ്ങനെ വിശ്വസിക്കാം? ഭരണംതുടങ്ങിയകാലം കേരളത്തിനു ഭാഗ്യോദയ സമയമായിരുന്നു. ഇന്നെന്താണു് വൈപരീത്യത്തിനു പാണ്ടിപ്പട മലനാടുകടക്കാൻ ഭാവിക്കുന്നതു്? കുഞ്ഞിനൊരു വരനുണ്ടായിരുന്നാൽ ചേരഭൂഭരണമിന്നു വല്ലവരേയും ഏല്പിക്കേണ്ടിവരുമോ? ഭാവിയെ വിശ്വസിക്കുന്നവക്കു ഭയം തോന്നാം. നിങ്ങളുടെ പിതാവു് പാണ്ടിക്കു പോകുന്ന ദിവസംനിശ്ചയിച്ചു കഴിഞ്ഞിരിക്കണമല്ലോ? എന്തൊക്കെ സംഭവിക്കാനുണ്ടെന്നു തോന്നുന്നു. സുമുഖി ഇതൊന്നും നീ തീരെ മനസ്സിലാക്കുന്നുമില്ല. വരുന്നതൊക്കെ വരട്ടെ," എന്നിത്രയും പറഞ്ഞവസാനിപ്പിച്ചു.

കാമേശ്വരി:—(വൈമനസ്യം ഭാവിച്ചുംകൊണ്ടു്) വേണ്ടാത്തകായ്യത്തിൽ പ്രവേശിച്ചു വെറുതെ കുഴങ്ങുന്നതെന്തിനാണു്? വീട്ടുകായ്യങ്ങളിൽ വലിയവക്കല്ലയോ നോട്ടം ഇരിക്കേണ്ടതു്? എന്റെ ഗുണദോഷങ്ങളെല്ലാം മാതാപിതാക്കന്മാരുടെ ചുമതലയിലാണു സ്ഥിതിചെയ്യുന്നതു്. എനിക്കു സുഖത്തിനൊന്നും കുറവില്ലല്ലോ. സംഭാഷണത്തിനു തോഴിയും "സമയവ്യയത്തിനു് സംഗീതസാഹിത്യവിദ്യയും വിനോദത്തിനു പൂങ്കാവനവും, സ്ഥിരവാസത്തിനു കോട്ടയ്ക്കു

കത്തുള്ള കന്യകാമണിമേടയും മതിയാകുമല്ലോ. മനുഷ്യജന്മം മൃഗീയമാക്കാൻ ആക്കെങ്കിലും തോന്നുമോ? അനുക്രൂല്യദാമ്പത്യം ലോകജീവിതത്തെ സുഖപ്രദമാക്കിത്തീക്കാം; എന്നാലും സ്വാതന്ത്ര്യമില്ലാത്ത മരപ്പാവകളെപ്പോലെ ജീവിക്കുന്നതിനു എനിക്കു സന്തോഷം തോന്നുന്നില്ല. മാതാപിതാക്കന്മാരുടെ മനോഗതമറിഞ്ഞുനടക്കാനാണ് ഞാൻ നിശ്ചയിച്ചിട്ടുള്ളതു്. പിതാവു് എന്നെ പുത്രൻേറയും പുത്രിയുടേയും വിചാരത്തിലാണ് സംഗീതസാഹിത്യങ്ങളെ ജ്ഞാനമാർഗ്ഗത്തിലെന്നവണ്ണം എന്നേ പരിശീലിപ്പിക്കുന്നതെന്നു ഞാനറിയും. നിനക്കൊന്നിനും ക്ലേശം തോന്നേണ്ട. നിൻെറ വിചാരം കേമമാണ്. നിനക്കുവേണമെങ്കിൽ ഒരു പുരുഷനെ വരിച്ചുകൊള്ളു. അതിലെനിക്കു വലിയ സന്തോഷമുണ്ടു്.

തോഴി:—സുമുഖി, നിൻെറ സമാധാനവാക്കുകളെല്ലാം ശാസനരൂപത്തിലുള്ള സാഹിത്യപരമ്പരകളാണെന്ന് അറിയുന്നു. എൻെറ സങ്കടത്തിനു ഗ്രാമജനങ്ങളുടെ സാക്രൂതവചനങ്ങളാണ് നിമിത്തം എന്നു ചിന്തിച്ചാലതിനു മാഹാത്മ്യമുണ്ടാകുമെന്നു തോന്നുമല്ലോ. സ്ത്രീകൾക്കു സ്വാതന്ത്ര്യമോ, സാഹിത്യമോ, സംഗീതമോ പാടില്ല എന്നല്ല ഞാൻ പറയുന്നതു്. രാജകുടുംബവദ്ധനയ്ക്കു നിങ്ങളല്ലാതെ മറെറാരു സന്താനമില്ലല്ലോ, എന്നു വിചാരിച്ചായിരുന്നു ചിലതൊക്കെ ചിലച്ചുപോയതു്. കുററമാണെന്നു തോന്നുകിൽ ക്ഷമിക്കണമെന്നുക്രൂടി അപേക്ഷിച്ചുകൊള്ളുന്നു.

കാമേശ്വരി:—തോഴി, നീ കുററം എന്നും, ക്ഷമിക്കണം എന്നും പറയുന്നതു് വലിയ സങ്കടമാണ്. നാം കളിവചനങ്ങൾ പറഞ്ഞു പലപ്പോഴും രസിക്കാറില്ലേ? ഇന്നു കാര്യഭാഗങ്ങളെസംബന്ധിച്ച് സംസാരിച്ചതിലെന്താണ് കുററമുള്ളതു്. ക്ഷമിക്കണമെന്നു പറഞ്ഞതിലത്ഥം അനേകം സ്ഫുരിക്കുന്നു. സമയംപോയതും നാം അറിയുന്നില്ല. ഇതു നില്ക്കട്ടെ. നീഇപ്പോൾ ശ്രുതികൂട്ടു. ഞാൻ പുതിയമട്ടിൽ പാടാനാണ് ഭാവിക്കുന്നതു്. വീണയുമെനിക്കു പാട്ടിനിണങ്ങും. നിന

ക്കം ഉത്സാഹമുണ്ടെങ്കിൽ എന്നോടുകൂടി പാടിക്കൊള്ളാം. സംശയിക്കേണ്ട.'' ഇത്രയും പറഞ്ഞുതീരുന്നതിനുമുമ്പ് തോഴി ശ്രുതികൂട്ടിക്കഴിഞ്ഞിരുന്നു. ചേടിയുമടുത്തുനിന്നു വീശിത്തുടങ്ങി. തംപൂരുശ്രുതിയും വീണയിലെ നാദവും തോഴിയുടേയും രാജപുത്രിയുടേയും കണ്ഠനാദങ്ങളെ ആശ്രയിച്ചു ലയിച്ചു. ഭൈരവിരാഗത്തിൽ പുതിയ മട്ടുപിടിച്ചു അവർ പാടി രസിച്ചു. മണിയും മൂന്നടിച്ചു. നിദ്രയും വന്നടുത്തു. അവരവരുടെ ശയ്യയിൽ പൂൎണ്ണമോദം നിദ്രയേയും നിശയേയും അവർ ബഹുമാനിച്ചു. സാധുക്കൾക്കു ലോകഗതിയെക്കുറിച്ചെന്തുതോന്നിയോ? കന്യകാമഠം നവീനരീതിയിലുള്ളതല്ലായിരുന്നുവെങ്കിലും മഹൎഷിമാരുടെയും സന്യാസികളുടേയും സഹവാസത്തിനു യോജിച്ചതാണെന്ന് പിന്നീടു നിങ്ങളുടെ ശ്രദ്ധയിൽ പതിയുമെന്നു വിശ്വസിക്കുന്നു. ലോകമെല്ലാം ആ സമയം പൂൎണ്ണസുഖത്തിൽ ലയിച്ചിരുന്നതും മഹാഭാഗ്യമായി.

# അദ്ധ്യായം ൧൩.

## ചേരനും സന്യാസിയും.

ശ്രീപരശുരാമപ്രതിഷ്ഠയുടെ മാഹാത്മ്യത്തെ പ്രത്യക്ഷപ്പെടുത്തിക്കാണിക്കുന്ന പത്മനാഭപുരം പട്ടണത്തിന്റെ പശ്ചിമഗോപുരദ്വാരത്തിനു തെക്കുകിഴക്കുഭാഗത്തായി സ്ഥിതിചെയ്യുന്ന വലിയകൊട്ടാരം വളരെ കാലത്തിനുമുമ്പുതന്നെ കേരളവാസികളായ നമ്മളുടെ ദൃഷ്ടിക്കു പാത്രീഭവിച്ചിരിക്കേണ്ടതാണെങ്കിലും പറഞ്ഞറിവുപോലുമില്ലാത്തവർ പാണ്ടിനാട്ടിലും ചോളഭൂമിയിലും കാണുകയില്ലെന്നു കീൎത്തിനേടീട്ടുള്ളതു് കേരളത്തിനും കേരളീയൎക്കും പൊതുവേ പ്രശസ്തിക്കു കാരണഭൂതമായവിധം പലവിധത്തിലുള്ള ശില്പസൃഷ്ടിവൈചിത്ര്യങ്ങളേക്കൊണ്ടു് വിളങ്ങുകയാലാണെന്നു വിശ്വസിക്കേണ്ടിയിരിക്കുന്നു. വൈകുണ്ഠം കണ്ടവരോ, ഇന്ദ്രസഭ സന്ദൎശിച്ചിട്ടുള്ളവരോ, വിക്റ്റോറിയാചക്രവൎത്തിനിയുടെ ആസ്ഥാനമണ്ഡപം ആശ്രയിച്ചിട്ടുള്ളവരോ മറ്റോ വല്ലവരുമിവിടെ വിവരമാവശ്യപ്പെട്ടുമെങ്കിൽ സ്ഥലംകണ്ടു കാഴ്ചനിശ്ചയിച്ചുകൊള്ളേണ്ടതാണെന്നു് എനിക്കു പറയാതിരിക്കാൻ വഴിയില്ല. നാലുവശത്തും ഗോപുരവാതലിനു സമീപിച്ചു വീഥികളുണ്ടെന്നുള്ളതു് നാട്ടുകാൎക്കു നല്ലറിവുണ്ടായിരിക്കുന്നതാണു്. വടക്കുഭാഗം വഴിപ്പോക്കൎക്കും, സ്ഥലവാസികൾക്കും യോജിക്കത്തക്കവണ്ണം വിഭൂതിമത്തായ ഭോജനശാലാഭാഗങ്ങളാലും തെക്കുഭാഗം രാജപാഥയെയാശ്രയിച്ചു ശോഭിക്കുന്ന പടക്കൊട്ടിലുകളാലും ചതുരംഗപ്പടകളുടെ സ്ഥിരതാമസത്തെ സദയം സമ്മതിച്ചിട്ടുള്ള സങ്കേതസ്ഥലങ്ങളാലും പടിഞ്ഞാറുഭാഗം ആപണവീഥികളെക്കൊണ്ടും അലംകൃതമായിനിന്നിരിക്കുന്ന ആഭോഗമഹത്വത്തെ അഭിനന്ദിച്ചുകൊണ്ടു് ആകാശവാപിയെ വ്യൎത്ഥമാക്കിയ ചെറുകുളത്താലും, കിഴക്കുഭാഗം കതിരവന്റെ കാന്തിപൂരത്തെ കടാക്ഷവീക്ഷണത്താൽ പ്രശാന്തമാക്കിത്തീൎക്കുന്ന കച്ചേരികളാലും സകലകലാവിദഗ്ദ്ധന്മാരുടെ സാമൎത്ഥ്യധോരണിയെ ദൈനന്ദിനമനുഭവിപ്പിച്ചുകൊണ്ടു് ദേവസഭയെ നിത്യം ജയിച്ചിരിക്കുന്നതായി വിളിച്ചുപറയുന്ന സാഹിത്യസഭാവിഭാഗ

ങ്ങളാലും അന്തർഭാഗത്തു മുരരിപുവിന്റെ അപരാവതാരമായ
ചേരഭൂപൻ എഴുന്നെള്ളിപ്പാൎക്കുന്ന അരമനകളാലും ആസ്ഥാന
മണ്ഡപത്താലും ബ്രഹ്മപട്ടണംപോലെ ചതുരാകൃതിയിൽ പ്ര
ശോഭിച്ചുകൊണ്ടിരുന്നു. താദൃശമഹത്വം ഭൂമണ്ഡലം മുഴുവനും
ചുററിനടന്നു. മനസ്സമാധാനത്തിനു സമ്മതമായവിധം മററൊ
ന്നുകൂടി പറയാനുണ്ടെന്നു് കണ്ടുപിടിച്ചിട്ടുള്ളവരോ, കേട്ടുപഠി
ച്ചിട്ടുള്ളവരോ കേരളത്തിലെന്നല്ല പരദേശത്തിലും പാശ്ചാത്യ
രാജ്യത്തിലുമുണ്ടായിരിക്കുമെന്നു തോന്നുന്നില്ല. പക്ഷെ ഇന്നു
പരിഷ്കാരികളായ നാം പാഞ്ചാത്യരീതിയെ കണ്ടും കേട്ടും രസി
ച്ചുതുടങ്ങിയിരിക്കയാൽ പുരാതനരീതിയിൽ ശില്പശാസ്ത്രസങ്കേ
തത്തെ സമ്മതിച്ചു നിൎമ്മിച്ചിട്ടുള്ള ആ പ്രാചീനകെട്ടിടം "അതു
പഴയതു്" എന്നു പുഛിച്ചു പറഞ്ഞുപോകും; എങ്കിലുമന്നു് അ
രമനയ്ക്കുള്ള ലക്ഷണങ്ങളെല്ലാം ഒത്തൊരുമിച്ചു വിളങ്ങിക്കൊണ്ടി
രിക്കുന്ന വലിയകൊട്ടാരം വിശേഷസൃഷ്ടിയിൽപെട്ടതായിരുന്നു
വെന്നു നിസ്സംശയം പറയാം. ആ അരമനയുടെ മദ്ധ്യഭാഗത്താ
യി പത്തുകോൽനീളവും ആറുകോൽവീതിയും എട്ടുകോൽ പൊ
ക്കവും ശരിയളന്നെടുത്തു കണക്കാക്കി നാലുവശവും പളുങ്കുപല
കകളെക്കൊണ്ടു അടവുനിൎമ്മിച്ചിട്ടുള്ളതും മദ്ധ്യേ മദ്ധ്യേ വിചിത്രാ
കൃതിയിൽ വനവാതത്തേയും കടൽകാററിനേയും സസുഖം പ്ര
വേശിപ്പിച്ചുകൊണ്ടിരിക്കുന്ന ചെറിയ ജന്നലുകളുടെ സഹവാസ
ബലത്തെ സാക്ഷീകരിച്ചിട്ടുള്ളതും അടുത്തടുത്തു തൊടുത്തിട്ടുള്ള
തുപോലെ തറച്ചിട്ടുള്ള പട്ടിയലുകളുടെ സാഹചൎയ്യത്തെ സ്വ
ന്തമാക്കിയും ക്ഷമാവിശേഷത്തെ സദയം സാക്ഷീകരിക്കുന്ന ഭാര
മേറിയ നാഴിയോടുകളെച്ചുമന്നും കോണ്ണാട്ടുകോണു് ഗൗരവം
നടിച്ചു വടിപോലെ നെട്ടനീളത്തിലുയൎന്നു് തടിച്ചുരുണ്ട തൂണു
കൾ സചേതനങ്ങളായി തീൎന്നിട്ടുള്ളതും പുരാണവൃത്താന്തങ്ങളെ
കൊണ്ടും ശാസ്ത്രസിദ്ധാന്തങ്ങളെക്കൊണ്ടും സംഗീതസാമഗ്രിക
ളെക്കൊണ്ടും ദേവതാവിശേഷങ്ങളെക്കൊണ്ടും ശില്പാശാരിയും ചി
ത്രമെഴുത്തുകാരനും സമയം പിഴയ്ക്കാതെ സ്വസാമൎത്ഥ്യങ്ങളെ
പ്രദൎശിപ്പിച്ചിട്ടുള്ള രൂപവിശേഷങ്ങളാൽ പ്രശോഭിക്കുന്ന ഭി
ത്തികൾ ജീവിതദശയിൽ കാണികളെ കൃത്യബോധമുള്ളവരാക്കി
ത്തീൎക്കാൻ പ്രയത്നിച്ചിട്ടുള്ളതും പ്രത്യക്ഷപ്പെടുത്തുന്നതുകൂടാതെ

നിലത്തു വെണ്ണക്കല്ലുകൾ പതുപ്പിൽ പതിപ്പിച്ചു, പൊരുത്തമിണക്കീട്ടുള്ളതിന്നമീതെ പലപല വർണ്ണങ്ങളോടും വിവിധ ഗുണങ്ങളോടുംകൂടി വിലസുന്ന രത്നക്കമ്പളങ്ങൾ വിടവൊന്നും വരാത്തവിധം വിരിച്ചിട്ടുള്ളതും വരിക്കണിപിടിച്ച ചാരുകസാലകളും സപ്രമഞ്ചക്കട്ടിലുകളും നീളത്തെ കോലാഹലത്തോടുകൂടി ഇടയ്ക്കിടയ്ക്കു ആവരണം ചെയ്തിട്ടുള്ളതും രണ്ടരകോൽ വട്ടത്തിൽ കരിന്താളിത്തടിയിൽ തീർപ്പിച്ചിട്ടുള്ള മേശയുടെ മുകളിൽ വെള്ളികൊണ്ടും സ്വർണ്ണംകൊണ്ടും നിർമ്മിച്ച വിചിത്രപാത്രങ്ങളും സുഗന്ധംവീശുന്ന സുമനോഹരങ്ങളായ പലജാതി പുഷ്പസഞ്ചയങ്ങളും നല്ലനല്ല സാമ്പ്രാണിക്കെട്ടുകളിൽനിന്നും പൊങ്ങിക്കൊണ്ടിരിക്കുന്ന പുകക്കൂട്ടങ്ങളും വലിയവരേയും ചെറിയവരേയും ഒന്നുപോലെ സ്വാഗതം ചൊല്ലിക്കുന്നതുമായ സഭാമണ്ഡപത്തിൽ രാജത്വത്തെ ദൃഢപ്പെടുത്തുന്നതും, വൈദഗ്ദ്ധ്യത്തേയും വൈചിത്ര്യത്തേയും വെളിപ്പെടുത്തുന്നതും, രത്നനിർമ്മിതവും ആയ സിംഹാസനത്തെ അലങ്കാരമാക്കിയ ചേരൻ ഉദയമാർത്താണ്ഡഭൂപൻ വിചിത്രവേഷഭൂഷാദികളോടു മദ്ധ്യംഗതനായി സഹസ്രരശ്മിയെപ്പോലെ സകല പരിവാരങ്ങളോടുംകൂടി വന്ദികളുടെ വന്ദനപരമ്പരകളേയും സ്തുതിപാഠകന്മാരുടെ സ്തോത്രജാലങ്ങളേയും, വൃദ്ധന്മാരുടെ ആശീർവാദങ്ങളേയും വനിതകളുടെ കുരവകളേയും, മന്ത്രിപ്രഭൃതികളുടെ തന്ത്രമുറകളേയും ശാസ്ത്രപണ്ഡിതന്മാരുടെ ശ്ലാഘാശ്ലോകങ്ങളേയും അനുമോദിച്ചും ആനന്ദിച്ചും, ആസ്വദിച്ചുംകൊണ്ടിരിക്കയായിരുന്നു.

അപ്പോൾ ഉദ്ദേശം സമയം ഇരുപത്തുനാഴിക കഴിഞ്ഞിരിക്കണമെന്നു നിഴൽനോക്കി നിശ്ചയിക്കപ്പെട്ടിരുന്നു. അരചൻപതിവനുസരിച്ച് പണ്ഡിതന്മാരോടും പ്രധാന ഉദ്യോഗസ്ഥന്മാരോടും, കാര്യക്കാരരോടും കളരിനാഥന്മാരോടും ക്രമേണ കുശലങ്ങൾ ചോദിക്കയായി. കേരളവാർത്താവൈഭവത്തെ പാണ്ഡ്യന്റെ പരാക്രമപ്രഖ്യാപനംകൊണ്ട് പരിഭവപ്പെടുത്താൻ ഭാവിച്ച പൌരന്മാരോടു "ഞാൻ പോരിനു പുറപ്പെട്ടിട്ടുണ്ട് നിങ്ങളാരും പരുങ്ങേണ്ട. പരാജയം പാരിലെനിക്കൊരിക്കലും പറയാനിടവരുന്നതല്ല. ചേരപ്പടക്കു കേരളത്തിലും പരദേശത്തിലും പ്രശസ്തിയുണ്ടെന്നു പ്രസിദ്ധമാണല്ലോ. പരശുരാമപ്രസാദം പാശ്ചാ

ന്ത്യക്കും പരദേശികൾക്കും പാരതന്ത്ര്യമുണ്ടാകുമെന്നു ഭയപ്പെടുന്ന തെന്തിന്? പുരുഷധർമ്മംപാലിക്കുന്ന പോർവീരന്മാരെ പാരാതെ പോർക്കളത്തിലേക്ക് പറഞ്ഞയച്ചുകഴിഞ്ഞിരിക്കുന്നു. നായരും, ഏറാടിക്കിടാങ്ങളും നായകത്വം വഹിച്ചിട്ടുണ്ടെന്നുള്ളത് വിശ്വസിപ്പിൻ. വിശേഷിച്ചു പറയാനൊന്നുമില്ല". എന്നിത്രയും പറഞ്ഞവസാനിക്കുന്നതിനുമുമ്പ് പന്നിയുടെ പാച്ചിലിനെ പരിഹസിക്കുന്നമട്ടിൽ—പാഞ്ഞുവരുന്ന പിച്ചൻശ്രൌതിയുളേ പെട്ടെന്നുകണ്ട് രാജസഭ വല്ലാതെ വിഷമിച്ചിളകി. രാജപരിചാരകന്മാരും, പരിജനങ്ങളും അരചന്റെ ചാരത്തണഞ്ഞു, ചൊല്ലുള്ളവരെല്ലാം കോളുനോക്കിത്തുടങ്ങി. സഭയും സമുദ്രം പോലെ ശാന്തതവെടിഞ്ഞു ഘോഷിക്കയായി. ശ്രൌതിയും പതിവുവിട്ട് ചേരഭൂപസവിധം ചെന്നുചേർന്നു. ശ്രോത്രിയനോടു ചോദിച്ചറിയാനാർക്കുമവസരം ലഭിച്ചില്ല. എന്നല്ല; അരചന്റെ ശ്രോത്രപുടങ്ങളെ അന്തണന്റെ ആനനമുഖം ആവരണം ചെയ്തതിലാണ് ഔൽസുക്യമുണ്ടായതെന്നു അടുത്തുനിന്നു കണ്ടവരുടെ ഉപാംശുജല്പനങ്ങൾ വെളിപ്പെടുത്തുകയും ചെയ്തു. അരനിമിഷത്തിനുള്ളിൽ വിദ്യുച്ഛലാകപോലെ മിന്നിമറഞ്ഞമനുഷ്യരൂപം മന്നവന്നികടത്തിലില്ലെന്നായപ്പോൾ വീണ്ടും സർവ്വത്രസഭ നിശ്ശബ്ദമായി ചമഞ്ഞു. സങ്കടമോ, സംശയമോ, സംവാദമോ, സംഗരമോ സംഭവമെന്തെന്ന് സമിതിക്ക് ഊഹിക്കാൻകൂടി കഴിഞ്ഞില്ല. എങ്കിലും മനുഷ്യമുഖങ്ങൾ ഓരോന്നും മററുള്ളവരുടെ മനോഗതം മനസ്സിലാക്കാൻ ആഗ്രഹിക്കുന്നുണ്ടെന്ന് മാന്യവായനക്കാരറിഞ്ഞുകൊള്ളുമെന്ന് വിചാരിക്കുന്നു.

ചേരന്റെ കല്പനപ്രകാരം പിച്ചൻ പുറത്തുചെന്ന് രാജപരിവാരങ്ങളുടെ അകമ്പടിയോടുകൂടി പശ്ചിമപ്രാകാരത്തിന്റെ പുരോഭാഗത്തു പേരാനന്ദത്തോടു പ്രസന്നവദനനായി വിളങ്ങിയ യതിവര്യനെ എതിരേററുകൊണ്ടു ഘോഷയാത്ര പുറപ്പെട്ടിരുന്നു. പൌരജനങ്ങളെല്ലാം പെരുമ്പറനാദം കേട്ടിളകി മറിഞ്ഞ് കൂട്ടംകൂട്ടമായി വീഥികളിൽ വഴിചെറുത്തു നിൽക്കുന്നുണ്ടായിരുന്നു. നാഗരികകളായ നർത്തകികളും പൌരുഷമേറുന്ന പ്രഭുക്കന്മാരും വിനയവിശ്വാസാദികളുടെ വിളനിലമായി വിലസുന്ന വിജ്ഞന്മാരും, വേദവിജ്ഞന്മാരായ വൈദികന്മാരും അ

കമ്പടിയിൽ പങ്കുകൊണ്ടിരുന്നു. പാണ്ഡ്യന്മാരുടെ ഭക്തിപാരവശ്യത്തെ പുകഴ്ത്തുന്ന പുണ്യപുരുഷൻ പൂൎണ്ണചന്ദ്രസമനായി വിദ്യാസാഗരയോഗീശ്വരനെപ്പോലെ ശിബികയിലെഴുന്നെള്ളുകയാണെന്നു ജയവിജയശബ്ദങ്ങൾ ഉച്ചത്തിൽ ഘോഷിച്ചുകൊണ്ടിരുന്നു. രാജമാളികയിലുള്ള വടക്കുവശത്തു ജന്നലുകളിൽ പച്ചനിറത്തിൽ പ്രകാശമാനങ്ങളായി തൂക്കിയിരുന്ന ജവനികകളുടെ ഉള്ളിലായി രാജപത്നിയും കാമേശ്വരിയും ദാസിജനങ്ങളും തോഴിയും ചേടിയുംനിരന്നുനിന്നു ഘോഷയാത്ര കാണുകയായിരുന്നു. മുക്കാൽനാഴികനേരംവരെ മനോഹരമായ കാഴ്ചയെ മനംകുളിൎന്ന് അവർ അനുഭവിച്ചതായി നാഴികവട്ടയും അപ്പോൾ സാക്ഷ്യപ്പെടുത്തി. ചേരനാഥനും സന്തോഷത്തോടുകൂടി സന്ന്യാസിയെ ക്ഷണിക്കുന്നതിനു കൊട്ടാരവാതുക്കൽ നിൽക്കുന്നുണ്ടായിരുന്നു. ആസ്ഥാനമണ്ഡപസ്ഥന്മാർ അരചൻെറ ആചാരവിശേഷം കണ്ടനുഭവിപ്പാനടുത്തുകൂടി നിന്നിരുന്നു. ഘോഷയാത്രയുടെ അവസാനസ്ഥാനമായ പൂൎവ്വഗോപുരദ്വാരത്തിൽ പുരുഹൂതൻെറ പുണ്യസ്ഥലമഹിമയെ മോഹിച്ച്, മുമുക്ഷുക്കൾ സ്വർലോകവാതലിൽ മേളംകൂട്ടി നിലകൊള്ളുന്നതുപോലെ കാണികളും, കാൎയ്യദൎശികളും, കാവൽക്കാരും, കരപ്രധാനികളും കൂട്ടംകൂടി ചേരനെ സഹകരിച്ചു കാത്തുനിന്നു. അന്നത്തെ കാഴ്ചക്ക് കണ്ണുപതിനായിരമുണ്ടായിരുന്നാലും കാണേണ്ടതെല്ലാം കണ്ടിട്ടുണ്ടെന്നു കണക്കെടുക്കാൻ കെൽപ്പുള്ളവരാരും അവിടെ ഉണ്ടായിരിക്കയില്ല എന്നു പറയാൻ കഴിയുമെന്നു തോന്നുന്നു. കാലാതീതപ്രായശ്ചിത്തഭയത്താൽ അകമ്പടികളുമടുത്തുകൂടി. ചേരൻ യതിയെ പതുക്കെ പല്ലക്കിൽനിന്നും പിടിച്ചിറക്കി പാദങ്ങളിൽ പ്രണാമശതങ്ങളൎപ്പിച്ചു. ബ്രാഹ്മണർ വേദവൎഷങ്ങൾ പൊഴിച്ചു. സംഗീതരസികന്മാർ ശ്രോത്രസുഖദങ്ങളായ സ്വരവൎണ്ണഗാനങ്ങളിൽ മദിച്ചു. വാചാമഗോചരങ്ങളായ വൈഭവങ്ങളെ വീക്ഷണംകൊണ്ടു വന്ദിക്കുന്നവൎക്കു വേണ്ടതിലധികം വിശിഷ്ടൻ വിതരണംചെയ്തു. വിനോദനവാൎത്തകളിൽ വൈയുത്പത്ത്യബുദ്ധി വിടഹൃത്തടത്തിലുമെത്തിക്കളിച്ചു. വിജ്ഞന്മാരുടെ വിവാദബോധവും വിശിഷ്ടപുരുഷൻെറ വദനകാന്തിയിൽ വഴിയെ ലയിച്ചു. വന്നവരെല്ലാം ഉത്സാഹമോടാടി രസിച്ചു. കണ്ടുനിന്നവരെല്ലാം ആഘോ

ഷമോത്തുകൊണ്ടാടിനടന്നു. കാമിനിമാരുടെ കണ്ണുംനത്തെല്ലുകൾ ഉള്ളമഴിഞ്ഞു വർണ്ണിയെ വീക്ഷിച്ചു. ദിഗംബരസ്വാമിയും ചിദംബരനാമത്തെ മന്ത്രിച്ചുകൊണ്ടു മന്ദം മന്ദം മന്നവനെ പിൻതുടൎന്നു. പ്രജകളും പട്ടാളക്കാരും പൌരപ്രധാനികളും, രാജപുരുഷന്മാരും, മൌനംപൂണ്ടനുഗമിച്ചു. ഭൂപൻെറ പ്രാൎത്ഥനക്കിണങ്ങി. സന്യാസിയും സ്വൈരമായി സിംഹാസനത്തിലമൎന്നു. സഭയും ശാന്തമായി വിലസി. സമയവും സന്ധ്യയ്ക്കു അടുത്തു. ചേരൻ സസന്തോഷം സൌജന്യവാരിധികളായ സഭാംഗങ്ങളെ സന്തോഷിപ്പിക്കാനായിക്കൊണ്ടു സംഭാഷണത്തിനു മുതിൎന്നു. മുനി മോടിയിൽ മുഖമണ്ഡലം ഹസ്തപുടങ്ങളാൽ പരാമൎശിച്ചുകൊണ്ടിരുന്നു. മണിനാദവും മുഴങ്ങി. മേഘനാദത്തെ അവമാനിക്കുന്ന രാജകല്പനകളും പുറപ്പെട്ടു.

"അല്ലയോ മാന്യസദസ്യരെ! നമുക്കിന്നത്തെ ആഘോഷത്തിനു പങ്കുകൊള്ളുന്നതിനും മുനിശ്രേഷ്ഠൻെറ കരുണയ്ക്കു പാത്രീഭവിക്കുന്നതിനും പൌരജനങ്ങളുടെയും പണ്ഡിതക്കൂട്ടങ്ങളുടേയും സഹായസഹകരണങ്ങൾ സിദ്ധിക്കുന്നതിനും ശ്രീപത്മനാഭസ്വാമി സഹായിച്ചു. വിശിഷ്ടനായ യോഗിവൎയ്യൻെറ സാന്നിദ്ധ്യത്താലീനാട്ടുകാരും നമ്മളും സുകൃതികളായിത്തീൎന്നിരിക്കുന്നു. ആദിശങ്കരാചാൎയ്യരുടെ ജന്മഭൂമിയായ കേരളത്തിനു കാലക്കേടു തട്ടീട്ടുണ്ടെന്നു ഭയന്ന പൌരജനങ്ങളേ പ്രീണിപ്പിക്കാനായിക്കൊണ്ട് പുനർജന്മമംഗീകരിച്ച ആ പുണ്യപുരുഷൻെറ പ്രവേശമാണ് ഇതു് എന്നു് വിശ്വസിക്കുന്നതിന് വിവാദമൊന്നുമാവശ്യമില്ല. എൻെറ പടകൾ മുഴവനും കോലനെ സഹായിക്കാൻ കോതമംഗലത്തെത്തിക്കഴിഞ്ഞിരിക്കും. രാജസിംഹപാണ്ഡ്യനും ഇന്നു് ആനമുടി പററിയിരിയ്ക്കാമെന്നു് ഊഹിയ്ക്കാമല്ലോ. പാണ്ടിപ്പടയും നായർ പട്ടാളവും നീടിച്ചകാലം പോക്കിളം ഒഴിഞ്ഞുകൊടുപ്പാൻ ഭാവിക്കയില്ലെന്നു നല്ല നിശ്ചയം ഉണ്ടു്. പെരുമാളുടെ തപോമഹിമയും ബ്രാഹ്മണരുടെ ദേവതാൎച്ചനാദികളും, പെരുന്തൃക്കോവിലപ്പൻെറ കരുണയും, കേരളീയരെ കഷ്ടപ്പെടുത്താതെ കാത്തുകൊള്ളുമെന്നു കരുതുവിൻ. കേരളം പാലിക്കുന്നവർ ശ്രീ പരശുരാമൻെറ പകരക്കാരും ശ്രീപത്മനാഭദാസന്മാരുമാണെന്നു് പറഞ്ഞറിയിക്കേണ്ടതില്ല. ചേര

നാട്ടിലൊരിക്കലും ശത്രുക്കളെ കടത്തുന്നതിന്ന് കുമരേശനാശി ക്കയില്ലെന്ന് നിർണ്ണയിയ്ക്കാം. നിങ്ങളെല്ലാം സമാധാനബുദ്ധിയോ ടുകൂടി എന്നെ സർവ്വഥാ സഹായിക്കാൻ സജ്ജന്മാരായിരിക്കുന്നു വെന്ന് പൂർണ്ണമായി വിശ്വസിക്കുന്നു. സന്ധ്യയും സമീപിച്ചിരി ക്കയാൽ ദിനകൃത്യനിർവ്വഹണത്തിന്ന് നേരം അതിക്രമിച്ചിട്ടുണ്ടെ ന്നുള്ളത് നിങ്ങൾ അറിയും. എനിക്കും അനുഷ്ഠാനത്തിനുപോ കണം. യോഗീശനുമെന്നെ എന്നും അനുഗ്രഹിച്ചുകൊണ്ടിരി ക്കുമെന്നു അടിമലർതൊഴുതപേക്ഷിച്ചുകൊള്ളുന്നു. നമ്മുടെ മ നോരഥങ്ങളെല്ലാം സദയം മീനാക്ഷി സാധിപ്പിച്ചുതരട്ടെ.'' എ ന്നെഴുന്നേററുനിന്നു സഭ്യരെ വന്ദിച്ചു. സഭയും പിരിഞ്ഞു. സ ന്യാസിയും ശേഖരനും സന്ധ്യയെ വന്ദിക്കാൻ വാപിയിലേയ്ക്കു ഗമിച്ചു. വിളക്കുകളുടെ വെളിച്ചം വിവിധരൂപത്തിൽ വിളങ്ങി ത്തുടങ്ങി. വലിയകൊട്ടാരത്തിലും വെളിപ്രദേശങ്ങളിലും യതിവ ര്യനെക്കുറിച്ചുള്ള വർണ്ണനകളാൽ മാനുഷകുലം വിനോദിച്ചുകൊ ണ്ടിരുന്നു.

---

# അദ്ധ്യായം ൧൪.

കാമേശ്വരിയുടെ കാമനാവൈഭവം.

"പിറേറദിവസം പ്രഭാതം കഴിഞ്ഞു് തോഴിയും ചേടിയും പതിവുപോലെ കാമേശ്വരിയെ സ്നേഹിക്കുന്നില്ലെന്നു് തന്നെത്താനേ രാജപുത്രിക്കു് തോന്നിത്തുടങ്ങി. അവരെ കഴിയുന്നതും സ്വാധീനപ്പെടുത്താൻ ശ്രമിച്ചു. സുന്ദരത്തമ്മാൾ വലിയ സിദ്ധാന്തിയാണെന്നു് കാമേശ്വരിക്കു് ഇപ്പോഴാണു് മനസ്സിലായതു്. ചേടി സ്വതേ തോഴിയേയാണു് എപ്പോഴും അനുഗമിക്കാറുള്ളതു്. അമ്മ വന്നതും കൂടി അവർ സൂക്ഷിച്ചില്ല. എന്റെ ആവശ്യം അറിഞ്ഞു് പ്രവത്തിക്കുന്നതുകൊണ്ടു്, മനസ്സമാധാനത്തിന്നു് വഴിയുണ്ടാകുമെന്നു് തോന്നുന്നില്ല. കല്യാണവാത്തയിൽ കൌതുകം ഇല്ലെന്നു് ഞാൻ പറഞ്ഞില്ലല്ലോ. "മാതാപിതാക്കന്മാരുടെ മനോഗതം അറിഞ്ഞു നടക്കാനാണു് ഭാവിച്ചിട്ടുള്ളതു്" എന്നല്ലയോ പറഞ്ഞതു്, വെറും വിശേഷബുദ്ധിയില്ലാത്ത വനിതകളാണെന്നു പറഞ്ഞു് വെറുക്കുന്നതിന്നു് സഹവാസബലം തീരെ സമ്മതിക്കുന്നില്ല. സാഹിത്യത്തിലും, സംഗീതത്തിലും നല്ല സാമത്ഥ്യം സുന്ദരത്തിന്നു് സ്വതസ്സിദ്ധമാണല്ലോ.

"ഇപ്പോൾ ഉച്ചതിരിഞ്ഞു് നാഴിക പത്തു് കഴിഞ്ഞിട്ടുണ്ടു്. പൂങ്കാവനത്തിലേക്കു് വിനോദിക്കാൻ ചെല്ലേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. സന്ന്യാസിയുടെ പുറപ്പാടു് വളരെ കേമമായിരുന്നു. നമ്മുടെ നാട്ടുകാക്കു് ആശ്രമികളെക്കുറിച്ചുള്ള ആദരവു് അതികേമമാണെന്നു് എനിക്കു് ഇപ്പോൾ മനസ്സിലായി. അച്ഛൻ അതിമോദമോടു് യതിയെ പൂജിച്ചെന്നും, സ്വന്തം ജനമാണെന്നു് ഭാവിച്ചനുഗ്രഹിക്കുന്നതിന്നു് അപേക്ഷിച്ചെന്നും പിച്ചൻ ശ്രോത്രിയർ എന്നോടു് പറഞ്ഞു. പരമാത്ഥത്തിൽ സന്ന്യാസി ഒരു പൂജ്യപാദനാണെന്നു് ആക്കും തോന്നാതിരിക്കയില്ല. ആകൃതി മുഴുവനും കാഷായവസ്ത്രാവരണംകൊണ്ടു് അറിയാൻ സാധിച്ചില്ലെങ്കിലും, മുഖമണ്ഡലശോഭ വിധുബിംബവൈഭവത്തെ വ്യത്ഥമാക്കിത്തീക്കുന്നുണ്ടെന്നു് വ്യാഖ്യാനിക്കാവു

ന്നതാണ്. നെററിക്കണിഞ്ഞിരുന്ന സിന്ദൂരപ്പൊട്ട്, ശൈവ സിദ്ധാന്തത്തെ സമ്മതിപ്പിക്കുന്നുണ്ടെന്ന് സന്തോഷത്തോടുകൂടി സിദ്ധാന്തിക്കുന്നതായി പറയാം. വയസ്സുക്രമമാലോചിച്ചാൽ ആശ്രമസ്വീകാരം, ആശ്വാസകരമല്ലെന്ന് ആക്കും തോന്നിപ്പോകും. ആനന്ദാതിശയത്തെ, അതിശുഭ്രങ്ങളായ ദന്തപങ്ക്തികളുടെ ഇടയ്ക്കുകൂടി പ്രദൎശിപ്പിക്കുന്ന പൊലിമ നേത്രചാലനംവഴി പലരുടേയും മനോരഥങ്ങളെ ഫലവത്താക്കിത്തീക്കുമെന്ന് നിസ്സംശയം പറയാം. നാസികയുടെ നില ധൈൎയ്യലക്ഷ്മിയെയും, രാജ്യാധിപത്യത്തെയും, തെളിയിയ്ക്കുന്നുണ്ട്. സ്ഥിതി മുഴവനും സൂക്ഷിച്ചിട്ടുള്ളവരുടെ സൂക്ഷ്മദൃഷ്ടിക്കു ഇരുപത്തഞ്ചു വയസ്സിൽ കൂടുതലുണ്ടായിരിക്കുമെന്നും ആകൃതിക്കു കുറഞ്ഞപക്ഷം ആറടിക്കു കുറവുവരുമെന്നും തോന്നുന്നില്ല. കായപരിണാഹവും പ്രകൃതിക്കും പ്രകൃതത്തിനും പൂൎണ്ണമായി യോജിച്ചിട്ടുണ്ട്. പ്രസന്നതയ്ക്കു പുറകെ നടന്നു പ്രാൎത്ഥിച്ചാലും, പ്രസാദം സിദ്ധിക്കാൻ സാദ്ധ്യമല്ലെന്നു തോന്നിപ്പോകും. സംഭ്രമമൊന്നും കൂടാതെയും, സംശയത്തിനിടയാകാതെയും, സൂക്ഷ്മദൃഷ്ടിപാതത്തെ സങ്കുചിതമാക്കാതെയും, പരിസരപ്രദേശങ്ങളെ പരിപാവനമാക്കിത്തീക്കുന്ന പുണ്യപുമാനെ മുക്കാൽ മണിക്കൂറോളം എന്റെ മാംസചക്ഷുസ്സിന് കണ്ടു സുഖിക്കാൻ സാധിച്ചു. എങ്കിലും, അന്തരിന്ദ്രിയത്തിനു അതിലധികം അവകാശം സിദ്ധിച്ചിരുന്നെങ്കിൽജന്മത്തിന് ചാരിതാൎത്ഥ്യം സിദ്ധിക്കുമായിരുന്നു എന്ന് സംശയം കൂടാതെ ചൊല്ലാൻ കഴിയും. ലോകരുടെ ദൃഷ്ടിയിൽ ഇദ്ദേഹത്തെ ശ്രീശങ്കരാചാൎയ്യസ്വാമിയുടെ പ്രതിപൂരുഷനാണെന്ന് പതിഞ്ഞിരിക്കാം, എങ്കിലും, രാജവംശ്യനായ യുവാവ് വിദ്യാഭ്യാസംകൊണ്ടോ, വൈമനസ്യംകൊണ്ടോ, സ്വാതന്ത്ര്യബുദ്ധിയാലോ, സ്വാശ്രയശക്തിയാലോ, വിശിഷ്ടവനിതാവിരഹത്താലോ, ശത്രുസ്ഥിതിഗതികളുടെ സ്വഭാവസമീക്ഷണവൃത്തിയാലോ, മറെറാ സന്യാസാശ്രമം സ്വീകരിച്ചിരിക്കയാണെന്ന് എന്റെ ചിത്തം ബലമായി സംശയിക്കുന്നു.

"ഞാൻ കൂടക്കൂടെവാതായനംവഴി ശിബികയിൽ എഴുന്നള്ളുന്ന വിശിഷ്ടനെ നോക്കി രസിച്ചുകൊണ്ടിരുന്നപ്പോൾ മാതാ

വ്വ് എന്റെ മുഖത്തെ സശ്രദ്ധം വീക്ഷിച്ചുകൊണ്ടിരുന്നു. അ‍തൊക്കെ കണ്ട ഭാവം നടിച്ചില്ലെന്നു ഭാവിച്ചതുമില്ല. അവക്ക് ചില സന്ദേഹങ്ങൾ ജനിച്ചിരിക്കാമെന്ന് പിച്ചൻ ശ്രൌതിയുടെ ചൊല്ലിൽ തെളിയുന്നുണ്ട്. യതിയുടെ ശുശ്രൂഷയ്ക്കു ഞാൻ മതിയാകുമെങ്കിൽ അഛൻ അതറിഞ്ഞു കല്പിക്കേണ്ടതാണ്. ആലോചിക്കുംതോറും, അദ്ദേഹത്തിന്റെ രൂപം എന്റെ ഹൃത്തടത്തെ സ്വന്തമാക്കി വെയ്ക്കുന്നു.

“ഒരു കന്യക പരപുരുഷന്മാരുടെ ദൃഷ്ടിയിൽ പെടുന്നതു് പൂർവ്വാചാരത്തിന് വിപരീതമാണല്ലോ. സ്വാതന്ത്ര്യത്തിന് സ്ത്രീകളനർഹകളാണെന്ന് തീരുമാനിച്ചിട്ടുള്ളതു് വലിയ തെററുതന്നേയാണെന്ന് തീർത്തുപറയാൻ ഇപ്പോൾ തുടങ്ങാം. കൂട്ടിലാക്കിയ ശാരികകളെപ്പോലെ എന്നെ കണ്ടു ലാളിക്കുന്നതിനേക്കാൾ, കുലീനന്റെ ആശ്രയത്തിലാക്കി സ്വാതന്ത്ര്യംസമ്പാദിപ്പിക്കേണ്ടതു ശാസ്ത്രസമ്മതമല്ലെന്ന് വരുമോ? കഴിഞ്ഞ രാത്രിയിൽ പരിശോധനയ്ക്കിറങ്ങിയ പിതാവ് വഴിക്ക് ഗംഭീരഗാനരസം അനുഭവിച്ചെന്ന് അമ്മയോടു് പറഞ്ഞിരിക്കുന്നതായി ഞാൻ അറിഞ്ഞിരിക്കുന്നു. നിശ്ശബ്ദമായ നിശാസമയം, വായുസഞ്ചാരത്തിനൊത്തു് ആകാശലക്ഷണം ആക്കും അനുഭവിക്കാൻ അവകാശമുണ്ടെന്ന് പറയാമെങ്കിൽ എന്റെ ചെവികളു മന്ദതയാലോ മററോ ആ ഗാനമാധുര്യം എത്തിയില്ലായിരിക്കാമെന്നേ പറയാനുള്ളു. നിദ്രയ്ക്കു് എന്നോടു് വെറുപ്പ് തോന്നീട്ടില്ലെങ്കിലും, വീണാഗാനരസം നിദ്രയേയും, തന്ത്രിയേയും വെറുത്തിട്ടുണ്ടെന്ന് വിളിച്ചുപറയാൻ കഴിയുന്നതാണ്. സംഗീതരസികന്മാരേയും, സാഹിത്യപണ്ഡിതന്മാരേയും, മററും കാണാനും, ഭാഷിപ്പാനും, സഹവാസമനുഭവിപ്പാനും ആഗ്രഹം എനിക്കുണ്ട്. എനിക്കിപ്പോൾ ഇങ്ങനെയൊക്കെ ചിന്തിച്ചതിലത്ഥമെന്താണുള്ളതു്? മനസ്സ് സ്വതേ സ്ത്രീകൾക്ക് ചാപല്യമുള്ളതാണെന്നുള്ള ചൊല്ല് എന്നിലും ഫലവത്തായിത്തീൎന്നതിൽ ദോഷമൊന്നുമില്ലെന്ന് പിതാവു ഒരു സമയം എന്നോടു പറയുമെന്ന് വിചാരിക്കുന്നു.

“തോഴിയും ചേടിയും വിനോദിക്കാനുള്ള ഈ സമയത്തിൽ എന്നെ വെറുക്കുന്നു. വഴക്കുകളും മററും വല്ലവരും വരുത്തിക്കാ

ണമോ എന്തോ? വിവരം ചോദിച്ചറിയാനും അവർ വഴിപ്പെട്ടുന്നില്ലല്ലോ. കാലവും നേരവും അറിഞ്ഞു് ആചരിക്കണമെന്നാണു് ആശാന്റെ ഉപദേശം. എനിക്കു് ഇപ്പോൾ അവരെക്കൊണ്ടു് അനേകം ആവശ്യങ്ങൾ നിർവഹിക്കാനുണ്ടു്. അവർ എന്നെ വെറുത്താലും എനിക്കു് അവരെ വെറുക്കാൻ ആലോചനയില്ല. ആദ്യമൊന്നു വിളിക്കാം. അനുകൂലപ്പെട്ടാലാനന്ദി ച്ചാനാരാമത്തിലേക്കു് അന്തിക്കുമുമ്പു് ചെല്ലാം. അല്ലെങ്കിൽ അവരുടെ ആവശ്യമനുസരിച്ചാചരിച്ചുകൊള്ളാമെന്നു് ശപഥംചെയ്തുകൊടുക്കാം. ഇനി ഇങ്ങനെ വിചാരിച്ചു്, വിചാരിച്ചു് സമയം കളയുന്നതിനെക്കാൾ സംശയം വിട്ടു് തോഴിയെ വിളിച്ചു് വിവരം പറയുന്നതാണു് നന്നു്'' എന്നു് തന്നത്താനെ നിശ്ചയിച്ചുറച്ചു.

പിന്നീടു് കാമേശ്വരി മന്ദസ്വരത്തിൽ മന്ദഹാസത്തോടുകൂടി "തോഴി, സുന്ദരം, മൌനത്തിന്നു് എന്തവകാശം'' നിന്റെ മനോരഥങ്ങളൊക്കെ സാധിപ്പിച്ചുതരാം. എന്റെ സ്വഭാവമൊക്കെ നിനക്കു് നല്ല നിശ്ചയമല്ലയോ. ചേടിയെ കൂട്ടുപിടിച്ചതും ഭേഷായി. സന്ധ്യ തുടങ്ങീട്ടും ദേവാരാധനയ്ക്കു പൂക്കളെടുപ്പാൻ, പൂങ്കാവനത്തിന്നു് ചെല്ലണമെന്നു് തോന്നാത്തതു് എന്താണു്? സംശയിക്കേണ്ട. സാഹസം മതിയാക്കാം. സന്ധ്യയും അതിക്രമിക്കുന്നു. സാരാസാരവിവേചനം സമയാനുകൂല്യത്തെ സമാശ്രയിച്ചിരിക്കയാണെന്നു് സമ്മതിക്കുന്നില്ലയോ? നിങ്ങൾക്കു് സംഭാവന തരാൻ തീരുമാനിച്ചിരിക്കയാണു്. വേലയ്ക്കു തക്ക കൂലി കിട്ടുമ്പോൾ ജോലിക്കൊക്കേ, വലിയ ഒരു കൌതുകം ഉണ്ടാകും. നിങ്ങളൊക്കെ കാര്യം കാണുന്ന കൂട്ടത്തിലാണെന്നു് എനിക്കു് ഇപ്പോൾ മനസ്സിലായി. ഞാൻ കോപിക്കുമെന്നോ, വെറുക്കുമെന്നോ, വഴക്കുകൂട്ടുമെന്നോ വിചാരിക്കേണ്ട. എന്നെ പൂർണ്ണമായി വിശ്വസിച്ചാലും'' എന്നിത്രയും പറഞ്ഞു് വ്യസനിക്കാനാരംഭിച്ചു.

സുന്ദരത്തമ്മാൾ അടുത്തുവന്നു് "സമാശ്വസിക്കു. നിങ്ങളുടെ സ്വഭാവവും, മനോഗതവും മനസ്സിലാക്കാനല്ലയോ ഞാനും ചേടിയും ഒന്നു മാറിനിന്നതു്. നിങ്ങൾ കൊച്ചുകുഞ്ഞുങ്ങളെ

പോലേകരയാൻ ഭാവിക്കയാണോ? ഞങ്ങൾക്ക് കോപവും താപവും ഒന്നുമില്ല. "ഇന്നു താമസിച്ചേ പൂങ്കാവനത്തിലേക്ക് പോകാവൂ." എന്ന് ഞാൻ വിചാരിച്ചിരുന്നു. എന്നല്ലാതെ മറെറാന്നുമില്ല. സന്യാസിയേ സൂക്ഷിക്കുന്നതെല്ലാം ഞാൻ നല്ലവണ്ണം ശ്രദ്ധിച്ചിട്ടുണ്ടായിരുന്നു. സന്ധ്യക്ക് സന്യാസിയെ പാർപ്പിക്കാൻ നമ്മുടെ പൂങ്കാവനത്തിൻെറ തെക്കുകിഴക്ക് കോണിലുള്ള പുതുമണ്ഡപത്തിൽ ചേരരാജൻ എഴുന്നള്ളുന്നുണ്ടെന്ന് പിച്ചൻ ശ്രോത്രിയൾ എന്നോടു പറഞ്ഞു. സന്യാസിയുടെ സാമീപ്യം കൊണ്ട് നമുക്ക് സർവ്വമനോരഥങ്ങളും സാദ്ധ്യമാക്കാമെന്ന് കരുതിപ്പോയി. സംശയിക്കേണ്ട. സമയം അടുത്തുവരുന്നു. പൂങ്കാവനത്തിലേക്ക് പുറപ്പെട്ടുകൊള്ളാം. ചേടിയും സഹായത്തിന് പുറകേ വരും."

ചേടി:—ശേഷം കൂടി തോഴി പറയാൻ മടിയ്ക്കുയാണോ. സാധുവായ സന്യാസിയുടെ സന്ദർശനത്തിന് യോജിച്ച വേഷവും കൂടി കൊച്ചമ്മതമ്പുരാട്ടിക്കുണ്ടായിരിക്കേണ്ടയോ? ഞാൻ കുറെ മുമ്പുതന്നെ നിലയ്ക്കാത്തവണ്ണം വിശേഷമാതിരി വസ്ത്രഭൂഷണാദികൾ തയ്യാറാക്കീട്ടുണ്ട്. താമസിക്കുന്നതു് സംകടത്തിന്ന് കാരണമാകും.

കാമേ:—കൊള്ളാം! കൊള്ളാം! നിങ്ങൾ എന്നെ കളിയാക്കുകയാണോ? കാലം തെററിച്ചിരിക്കുന്നതിന് കുററപ്പെടുത്തുമെന്ന് കരുതി സംസാരിച്ചതെല്ലാം കോളിനു കൊണ്ടു. വില്ലാളികളുടെ ലാക്കു തെററുകയില്ലെന്ന് ഞാനറിയും. എന്തായാലും നിങ്ങളുടെ ഇഷ്ടംപോലെ നടക്കുന്നതു് ആപത്തൊന്നുംവരുത്തുകയില്ലെന്ന് എനിക്കു വിശ്വാസമുണ്ട്. ഞാനിതാ പുറപ്പെട്ടുകഴിഞ്ഞു. ചേടി പൂക്കൂടയെടുത്തോ?

തോഴി:—ഞാനിനി അമാന്തിച്ചാൽ എല്ലാം അബദ്ധമായി അവസാനിക്കും. തലമുടി കെട്ടാനും ആഭരണം അണിയിക്കാനും, അലംകാരങ്ങൾ മോടിപിടിപ്പിക്കാനും സാവകാശം തീരെ ഇല്ല.

ചേടി:—രാജപുത്രിയെ സൂക്ഷിച്ചുകൊള്ളേണ്ടതു് നമ്മുടെ ധർമ്മമാണ്. ആലോചനയ്ക്കു് അവകാശം ആക്കും അനുവദിച്ചുകൊടുക്കാൻ പാടില്ല. തോഴി വേഗം എല്ലാംവേണം.

കാമേ:—വീണ്ടും പരിഹാസം തുടങ്ങിയോ? എന്നാൽ ഞാനി ന്ന് വരുന്നില്ലാ. ഇങ്ങനെ എല്ലാം തുടങ്ങിയാലോ?

തോഴി:—കാമേശ്വരി! എന്റെ അടുക്കലിരിക്കണം. ആഭരണം അണിയിക്കട്ടെ'' എന്നു പറഞ്ഞുകൊണ്ട് കാമേശ്വരിയെ അലംകരിപ്പാൻ ആരംഭിച്ചു. അപ്പോൾ അരമനക്കകത്തിരുന്ന്, ദാസിജനങ്ങളിൽ ഒരു വൃദ്ധ സ്ത്രീ വേഗം നടന്ന് വിയത്തുവരുന്നുണ്ടായിരുന്നു. കാമേശ്വരി ചിന്താസന്തതിയിൽ നിമഗ്നമാനസയായി തീർന്നിരിക്കയാൽ അതു് അറിഞ്ഞില്ല. ചേടി വേഗം ചെന്ന് വൃദ്ധയെ എതിരേററു.

വൃദ്ധ:—വലിയമ്മത്തമ്പുരാട്ടിയും ചേരനാട്ടു തമ്പുരാനും തിരുവുള്ളംകൊണ്ടു സന്ന്യാസിയെ പൂജിക്കാൻ ചെല്ലുമ്പോൾ കുഞ്ഞിനേക്കൂടി കൊണ്ടുപോകാൻ നിശ്ചയിച്ചിരിക്കുന്നതായി പറഞ്ഞു്,കൊച്ചുതമ്പുരാട്ടിയെ വിളിച്ചുകൊണ്ടുവരാൻ എന്നെ കല്പിച്ചയച്ചു. ഇപ്പോൾ അവർ അരമനവാതുക്കൽ കാത്തുനിൽക്കയാണ്. വേഗം നിങ്ങൾ കൊച്ചുതമ്പുരാട്ടിയെ കൂട്ടിക്കൊണ്ട് ചെല്ലണം. ഞാൻ പുറകെ വരാം.

തോഴി:—(സ്വഗതം) ''പഴം കൈതെററി പാലിൽ പതിച്ചതുപോലെയായിരിക്കുന്നു. കാമേശ്വരിയുടെ മനോഗതം അവർ അറിഞ്ഞിരിക്കുമോ എന്തോ? കല്പനയനുസരിക്കേണ്ടതു് നമ്മുടെ കടമയാണ്.'' (പ്രകാശം) ''കാമേശ്വരി, നിങ്ങൾക്ക്, അച്ഛന്റെയും, അമ്മ തമ്പുരാട്ടിയുടെയും ആഗ്രഹം സാധിപ്പിക്കാൻ അരമനയ്ക്കു് ചെല്ലണമെന്ന് ആ വൃദ്ധ കല്പന കൊണ്ടുവന്നിരിക്കുന്നു. ഞാനൊക്കെ അലംകരിച്ചുകഴിഞ്ഞു. എന്നാൽ അങ്ങോട്ടുതന്നെ പോകാം.

കാമേ:—(സ്വഗതം) അത്ഭുതം അത്ഭുതം! ആലോചിക്കാത്ത സംഗതി. വിധിമതമാരു് അറിയും! (പ്രകാശം) എന്റെ മാതാപിതാക്കന്മാരെന്നെ അരമനയ്ക്കു വരാൻ ആവശ്യപ്പെട്ടിരിക്കുന്നതു് എന്തിനാണോ? അതു് ആശങ്കാജനകമായിത്തോന്നുന്നു. എങ്കിലും നിങ്ങൾ അടുത്തുള്ളതുകൊണ്ട് ആശ്വാസമില്ലാതില്ല.

തോഴി:—ചേടി പുഷ്പഭാജനവും കൊണ്ടു് പൂങ്കാവനത്തിൽചെന്നു് പൂക്കൾ പറിച്ചെടുക്ക. സന്യാസിയെ പൂജിക്കാൻ പൂക്കളാവശ്യപ്പെട്ടും. നീ നമ്മുടെ പൂങ്കാവനത്തിൻെറതെക്കുകിഴക്കകോണിലായി പൂക്കൾ പറിച്ചെടുത്തുകൊണ്ടു വന്നെത്തണം.

കാമേ:—അങ്ങനെയാണു് വേണ്ടതു്. എന്നോടുകൂടി തോഴി അരമനയ്ക്കു വരട്ടെ. പൂജയ്ക്കാണു് പൂക്കൾ എന്നറിഞ്ഞിരിക്കയാൽ കുറെ കൂടുതലായി കരുതിക്കൊള്ളണം.

ചേടി:—"കല്പനപോലെ ചെയ്യാം" എന്നു പറഞ്ഞു് പൂക്കൂടയുമെടുത്തു് പൂങ്കാവനത്തിലേക്കു് പുറപ്പെട്ടുപോയി. പിന്നീട്ടു് തോഴിയും കാമേശ്വരിയും അതിവേഗം അന്തർജ്ജനങ്ങളുടെ യാത്രക്കായികൊണ്ടു് നിർമ്മിച്ചിട്ടുള്ള ഊടുവഴിയിൽക്കൂടി നടന്നു അരമനവാതുക്കൽ ചെന്നെത്തി. രാജാവും രാജ്ഞിയും പുത്രിയുടെ ഭാഗ്യോദയത്തെയും മുഖപ്രസാദത്തെയും അനുഭവിച്ചുകൊണ്ടു്നിന്നു. കാമേശ്വരി മാതാപിതാക്കന്മാരെ യഥാവിധി വന്ദിച്ചു. തോഴിയും അവിടെ വിനീതയായി അവരെ പരിചരിച്ചുകൊണ്ടിരുന്നു.

# അദ്ധ്യായം ൧൦.

യതിപൂജനം.

അന്ന് സന്ധ്യ കഴിഞ്ഞു, ചേരന്റെയും സന്യാസിയുടെയും നിത്യകമ്മങ്ങളെല്ലാം നിവിഘ്നം നിവ്വഹിക്കപ്പെട്ടു. ബ്രാഹ്മണരും ബ്രഹ്മരന്ധ്രം ഭേദിപ്പിക്കുമാറു ബ്രാഹ്മണമന്ത്രം ഘോഷിച്ചു തുടങ്ങി. സാമഗായകന്മാർ ആനന്ദമുണ്ടാകത്തക്കവണ്ണം സാമഗാനം ആരംഭിച്ചു. ഗീതവാദ്യങ്ങൾ വിശേഷതരത്തിൽ വിളങ്ങിയിരുന്നു. അനുയാത്രയ്ക്ക് അകമ്പടികളും അടുത്തുകൂടി. പന്തക്കററികൾ പ്രകാശിച്ചുകൊണ്ടിരുന്നു. ചങ്ങല വിളക്കുകൾ മംഗളരൂപങ്ങളായി തെളിഞ്ഞു. കട്ടിയക്കാർ ചാടിപ്പുറപ്പെട്ടു. മേളതാളങ്ങൾ തകൎത്തുവിട്ടു. ദാസീജനങ്ങൾ ദീനതവെടിഞ്ഞാടിനടന്നു. ദീപയഷ്ടികൾ ലക്ഷം കണക്കായി നക്ഷത്ര ശോഭയെ അലക്ഷ്യമാക്കി നിരന്നു. ആശ്രിതജനങ്ങളും അധികാരക്കൂട്ടങ്ങളും ചേരനെ അനുചരിച്ചു. പോണ്ടന്മാരും ദന്തപ്പല്ലക്ക് ചുമലിലെടുത്തു. ജയശബ്ദങ്ങൾ ചെവിക്കാനന്ദമേകി. രാജകുലമെല്ലാം സദാചാരവിശേഷമാചരിച്ചുകൊണ്ടിരുന്നു. കാണികളെല്ലാം കൈയ്യും വായും ഗോപനം ചെയ്തു. യോഗീശ്വരനും ശിബികയിൽ ശോഭനജപപ്രൌഢിയോടു് പ്രശോഭിച്ചു. ആരാമഭാഗം ആനന്ദതാണ്ഡവമാടി. ആകാശമണ്ഡലം തെളിഞ്ഞു വിളങ്ങി. സുധാംശുരശ്മിയിൽ വൃക്ഷലതാദികൾ രജതമയങ്ങളായി ചമഞ്ഞിരുന്നു. ഉദ്യാനവായു ഉല്ലാസഭാവം വീശിയുലഞ്ഞു. കുററി വെടികളും, കതിനാ വെടികളും, വഴിക്കു ശരിയായി പൊടിപൊടിച്ചു. പാൎത്ഥിവ രത്നവും പല്ലക്കു പിടിച്ചു് പുറപ്പെട്ടിരുന്നു. അല്പസമയത്തിനുള്ളിൽ ആരാമമാൎഗ്ഗം കടന്നുപോയി. സന്യാസവാസത്തിനു സജ്ജമാക്കിയിരുന്ന മണ്ഡപം സമീപത്തിലെത്തി സൎവ്വവും ശാന്തപ്രായമായി ഭവിച്ചു. യതിയും ഇറങ്ങി. പതിയും വണങ്ങി. സതിയും നടന്നു. പൂജാഭവനം, പുഷ്പസഞ്ചയങ്ങളാലും നിലവിളക്കുകളാലും സുഗന്ധവസ്തു ധൂമങ്ങളാലും ശോഭിച്ചിരുന്നു. അച്ഛകന്റെ

ദേവാരാധനയും കഴിഞ്ഞു് കർപ്പൂരാരാത്രികം വിരവിൽനടത്തി. പാദപൂജയ്ക്കുപീഠത്തിൽ യതിവര്യനമമന്നു. പൂജകാംകളള പൂർവ്വാംഗം പുരോഹിതൻ കഴിച്ചു. പിച്ചി, റോസാ, താമര, തുളസി തുടങ്ങിയ പുഷ്പപത്രങ്ങളും പാദാച്ചനത്തിനു് വെച്ചിരുന്നു. മറക്കാർ മറയ്ക്കു മേളത്തിൽ മന്ത്രങ്ങൾ ക്ഷണത്തിനൊന്നു വീതം മന്ത്രിച്ചു. മഹാരാജാവു്, പാദപീഠത്തിൽ പ്രണാമപൂർവ്വം പുഷ്പങ്ങളപ്പിച്ചു. സഹസ്രഫണാമണിയ്ക്കു് പുകഴ്ത്തിപറവാൻ പാരം പ്രയാസമാണെന്നു, പുഷ്പാഞ്ജലിയെ കണ്ടാനന്ദിച്ചിരുന്നവർ പറഞ്ഞു. മൂന്നുമണിക്കൂറിനകംകൊണ്ടു് പൂജയും അവസാനിച്ചു. വന്നവരേയൊക്കെ സിന്ദൂരവും പുഷ്പപത്രവും അക്ഷതയും കൊണ്ടു് ആശ്രമി അനുഗ്രഹിച്ചു. പാദകാണിക്കയും പെരുമയ്ക്കിണക്കി കഴിച്ചു. കോമളാംഗിയായ കാമേശ്വരി പുരുഷാരമൊഴിഞ്ഞപ്പോൾ സ്വമാതാവോടൊത്തു യോഗീശ്വര പാദങ്ങളെ വന്ദിച്ചുനിന്നു. വിജ്ഞാനിയായ യതിരാജവര്യനും വിവിധാശിസ്സു ദാനം പഞ്ചേന്ദ്രിയങ്ങളേയുമിണക്കികഴിച്ചു. പ്രസാദവുമെടുത്തു പ്രസന്നവദനനായി, സകല ദേവതകളോടും പ്രാത്ഥനകൾ നടത്തി കരത്തിൽ പ്രസാദിച്ചു. മുനിയും മോഹിച്ചുകുഴഞ്ഞു. മന്നവപത്നിക്കും പ്രസാദം കൊടുത്തെന്നു വരുത്തി. ചേടീജനങ്ങൾക്കും, ദാസിവഗ്ഗത്തിനും അവസരം ലഭിച്ചില്ല. ആശ്ചയ്യമോഹാബ്ധിയിൽ മുനിമാനസം മുങ്ങിത്തുടങ്ങി. സുന്ദരത്തമ്മ ഈ സംഭവം സൂക്ഷിച്ചുകണ്ടു. ചേടി ഓടിനടന്നു് പൂക്കൂടയെ കാമേശ്വരിയെ ഏൾപ്പിച്ചു. പൂജ അവസാനിച്ചു എന്നു് കണ്ടു് പലരും പിരിയാനാരംഭിച്ചു,

ശാന്തരസം പൊഴിയുന്ന സ്വരത്തിൽ സന്ന്യാസി പാത്ഥിവനെ അടുത്തു വിളിച്ചു പറഞ്ഞു: 'സവ്ഥാ സന്തോഷമായി-ചിദംബരൻ ചേരരാജകുലത്തിനു് ശിവം അനുഗ്രഹിച്ചിട്ടുണ്ടു്. ആശ്രമിക്കനുകൂലമായ വാസസ്ഥാനം വളരെ വിശേഷപ്പെട്ടതുതന്നെ. നിങ്ങളുടെ മനോരഥങ്ങളെല്ലാം വഴിഃപോലെ ശ്രീപത്മനാഭൻ കടാക്ഷിക്കട്ടെ.'' എന്നരുളിചെയ്യെങ്കിലും സന്ന്യസിയുടെ കണ്ണുകൾ കാമേശ്വരിയെ കടാക്ഷിക്കുന്നുണ്ടെന്നു് കണ്ടു നിന്നവർക്കറിയാൻ പ്രയാസമാണെന്നു പറയാതെകഴികയില്ല

രാജപത്നിയും, കാമേശ്വരിയും, പരിവാരസമേതം വീണ്ടും മുനിവയ്യന്റെ പാദകമലങ്ങളിൽ പ്രണാമം കഴിച്ചു. അരചനും ബദ്ധപ്പെട്ടു തുടങ്ങി. മണിയും പത്തുകഴിഞ്ഞിരുന്നു. മുനി ധ്യാനനിഷ്ഠയ്ക്കു മുറപിടിച്ചു. ചേരനും അകമ്പടികളുടെ അനുയാത്രയോടുകൂടി അരമനയ്ക്കെഴുന്നള്ളി. ക്ഷണത്തിലിരുന്ന് ഭക്ഷണം പൂർത്തിയാക്കി അകമ്പടികളെല്ലാം പിരിഞ്ഞു പോകയാൽ അരമനയ്ക്കു കൂടി മൌനമുണ്ടായി. അഥവാ, ആശ്രമിയെക്കണ്ടു പരുങ്ങലിലായ കാമേശ്വരിയുടെ മനോരഥത്തിലേറി യാത്രതിരിച്ചെന്നോ, അല്ലെങ്കിൽ ഭാവിയെ പോഷിപ്പാൻ യുവപാണ്ഡ്യന്റെ പാപ്പിടമായ പൂങ്കാവനം പരിചരണത്തിന്നു പാത്രീഭവിക്കാനാശിച്ച് പതുങ്ങിയെന്നോ മറേറാപറയാവുന്ന വിധം ശബ്ദമശേഷം അടങ്ങിക്കഴിഞ്ഞെന്നു പ്രത്യക്ഷപ്പെട്ടു. പാത്ഥിവൻ നിദ്രയ്ക്കു വശഗനായിത്തീരുകയാൽ ക്ഷണത്തിനുള്ളിൽ ശയനമുറിക്കെഴുന്നള്ളി സോഫായിൽ ചാരിക്കിടന്നു രാജപത്നിയും വേഗത്തിൽ ആഹാരം കഴിച്ചിട്ട് ഭത്തൃ സമീപം ചെന്നു നിന്നു. തോഴിയുടെയും, ചേടിയുടെയും സാഹചയ്യത്തോടുകൂടി കന്യകാമഠം കാമേശ്വരിയാശ്രയിച്ചു. അന്ന് അവക്ക് പല പല വിചാരങ്ങളാൽ ഭക്ഷണത്തിനു രുചിയില്ലായിരുന്നെന്ന് പരസ്യപ്പെടുത്തുന്നതിനേക്കാം, 'അകാല ഭക്ഷണം ആപല്ക്കരമാണെന്നുള്ള ആയുവ്വേദവിത്തുകളുടെ യുക്തിയെ പരിപാലിക്കയാണെന്ന് പ്രകാശമാക്കാം. പക്ഷെ പരമാത്ഥമറിഞ്ഞിരുന്നു. തോഴിയും, ചേടിയും, അതിന്ന് സമ്മതിക്കുമെന്ന് ചിന്തിച്ചിട്ടാവശ്യമില്ല. ശോഭനമായവിധം ശിവയോഗി പാദപൂജനം പയ്യവസാനിച്ചതായി പാത്ഥിവൻ പത്നിയെ നോക്കി പ്പറഞ്ഞു. പത്നി പുരുഷന്റെ മനോഭാവമെന്തന്നറിയാതെ മൌനംകൊണ്ടതു സമ്മതിച്ചതായി ഭാവിച്ചു.

ചേരൻ:—എന്താണ്, നീ മിണ്ടാതിരിക്കുന്നതു്. സന്യാസിയെ സമ്മതമല്ലെന്നുണ്ടോ? സാമാന്യം ജനങ്ങളെല്ലാം സവ്വജ്ഞപീഠം കയറിയ ജഗത് ഗുരു ശ്രീ ശങ്കരാചായ്യ പാദരാണ് ഇദ്ദേഹം എന്നു പറഞ്ഞു പുകഴ്ത്തുന്നുണ്ടെന്ന് ശ്രൌതിയരം പറഞ്ഞതു് നീ കേട്ടില്ലെന്നു വരുമോ? സ്വഭാവവിശേഷ

വും, സൌജന്യ ബുദ്ധിയും, സന്തോഷ ഭാവവും, മുഖ പ്രസാദവും, മനോഹരമായ നോട്ടവും, മനുഷ്യരെമാത്ര മല്ല, സകല ചരാചരങ്ങളേയും ആവർജിക്കുന്നുണ്ടെന്ന് മനസ്സിലാകുന്നില്ലയോ? യോഗീശ്വരാനുഗ്രഹം കേരളീയക്കും, വിശിഷ്യ നമുക്കും സമ്പാദിക്കുന്നതിന്ന് സംഗതിയായി തീൎന്നതിൽ നിനക്കു സന്തോഷമില്ലയോ? ഞാൻ എല്ലാംകൊണ്ടും കൃതാൎത്ഥനായി. പാണ്ഡ്യൻെറ കേരളാക്രമണഫലം യതിയോട്ട് ചോദിച്ചറിയാനാശിക്കുന്നു. എനിക്കു പാണ്ടിയെ പിടിച്ചടക്കാൻ യോഗമുണ്ടെന്ന് പറയുന്നുണ്ടെങ്കിൽ, താമസിയാതെ അവിടെ പ്രയാണം ചെയ്യുമെന്നു വിശ്വസിക്കു.

രാജപത്നി :—നാഥാ! സന്യാസിയെ സമ്മതമല്ലെന്ന് ആൎക്കു തോന്നും? സൎവ്വജ്ഞത്വവും,സൌമുഖ്യവും,സൌഭാഗ്യവും, സന്യാസിയുടെ വദനമണ്ഡലത്തിൽ നന്നായി വിളങ്ങുന്നുണ്ട്. നമ്മുടെ നല്ലകാലത്തിനാണ് സ്വാമി നമ്മെ അനുഗ്രഹിക്കാനിങ്ങ് എഴുന്നള്ളിയതെന്ന് നിശ്ചയമായും പറയാം. യോഗീശ്വരൻെറ ജ്ഞാനദൃഷ്ടിക്ക് ചേരദേശത്തിൻെറ ഭാഗ്യം നിൎണ്ണയിക്കാൻ കഴിയുകയില്ലെന്ന് പറയാൻ പ്രയാസം. പാണ്ഡ്യൻെറ പരാക്രമം, ഭയാവഹമെന്നാണ് എൻെറ വിചാരം. എന്നാൽ പാണ്ടിയെ പിടിച്ചടക്കാൻ നമുക്ക് പ്രയാസമുണ്ടെന്ന് തോന്നുന്നില്ല, പക്ഷെ പുത്രിയെ അനുഗ്രഹിക്കാൻപരിപൂൎണ്ണ മനസ്സോടുകൂടി പ്രാൎത്ഥിക്കാനുണ്ടെന്ന് മാത്രം എനിക്കു പറയാനുണ്ട്.

ചേരൻ :—പറഞ്ഞതെല്ലാം പരമാൎത്ഥമാണെന്ന് ബോധപ്പെട്ടു. പുത്രിയുടെ ഭാഗ്യവിശേഷം, പ്രാശ്നികൻ പറഞ്ഞിട്ടുണ്ട്. പതിനേഴാമത്തെ വയസ്സിൽ, കാമേശ്വരിക്ക് കാമുകൻ തനിയെ വന്നുചേരുമെന്നായിരുന്നു, അദ്ദേഹത്തിൻെറ അഭിപ്രായം. നമ്മുടെ ആഗ്രഹമല്ലല്ലോ വിവാഹാദികൾക്ക് വേണ്ടതു്. വൈകുണ്ഠപതിയുടെ കടാക്ഷമുണ്ടെങ്കിലല്ലാതെ മനോരാജ്യംകൊണ്ടു് സംഭവിക്കുന്നതായി. വല്ലതുമുണ്ടെന്നു വല്ലവരും പറയുമോ? വാൎത്തയ്ക്കു വിസ്താരമേറു

മെങ്കിലും, വിശ്വവ്യാപിയുടെ വിനോദത്തിനും വൈഭവ ത്തിനും, വാക്കൊതുങ്ങുന്നതാണൊ? വേണ്ടാത്ത വിചാര ത്തിലുഴലുന്നതിനെക്കാൾ "വിശ്വൈകനാഥന്റെ വിശേ ഷ മഹിമയെ മനംതെളിഞ്ഞു് സ്തുതിക്കുന്നതാണു് നന്നെ ന്നു് നല്ലവരുടെ നിനവു്" എന്നു് നിനക്കു് അറിയാമല്ലൊ? ഗുരു കടാക്ഷംകൊണ്ടും, ശ്രീപത്മനാഭപ്രസാദംകൊണ്ടും കാമേശ്വരി കുഞ്ഞായി ലഭിക്കാനിടയായെന്നു് നമുക്കു് പ്രത്യക്ഷ പ്രമാണമുണ്ടല്ലോ. എന്റെ മനസ്സിലൊരു നിമിഷംപോലും, കാമേശ്വരിയുടെ കല്യാണകാലപ്രതീക്ഷ യല്ലാതെ മറെറാന്നുമുള്ളതായി പറയാനില്ല. എന്നാൽ ഇപ്പോൾ പാണ്ഡ്യന്റെ പരാക്രമത്തെ കുറിച്ചു് മാത്രം പര്യാലോചിക്കാറുണ്ടു് എന്നു പറയാതിരിയ്ക്കാൻ നിവൃ ത്തിയില്ല. നമ്മുടെ മനോരഥ പൂർത്തിയെല്ലാം ശ്രീ പത്മ നാഭൻ അനുഗ്രഹിച്ചതായി പരമാർത്ഥി പ്രകാശിപ്പിച്ചതും അറിഞ്ഞിരിക്കുമല്ലൊ. ഭഗവത് പാദരോടു് പുത്രിയെ സം ബന്ധിച്ചു് ചോദിച്ചറിഞ്ഞാൽ കൊള്ളാമെന്നു ചിന്തിക്കാ തിരുന്നില്ല. സർവ്വം പ്രഭാതം കഴിഞ്ഞു് സംഭാഷണാ വസരം പ്രതീക്ഷിച്ചു് ഇരിക്കയാണു്. സന്ദേഹിക്കേണ്ട നമ്മുടെ സകലവിധ വൈഭവങ്ങളും കാമേശ്വരിയെ ആശ്രയിച്ചിരിക്കയാണെന്നു് ധരിച്ചിരിക്കാത്തവരാരും, വഞ്ചിദേശത്തിലുണ്ടായിരിക്കയില്ലെന്നു് തീർച്ചതന്നെ. സ മയം കുറെ അധികമായി. എനിക്കു് നിദ്രവരുന്നു. നേരം പുലർന്നിട്ടു ഭാവിയെ നിശ്ചയിക്കാം. നിനക്കും ഉറക്കത്തി നുള്ള സമയം ഇതാണു്, സകലലോക നിയാമകനായ ശ്രീ പത്മനാഭനും, കുമരേശനും ചേരകുലം കാത്തുകൊള്ള ട്ടേ "ശ്രീപത്മനാഭാ" എന്നു മനനം തുടങ്ങി.

ഭാര്യയും ഭർത്തൃമനോഗതത്തൊടു് പൂർണ്ണമായി യോജിച്ചു. പിന്നീടു് ശയ്യയെ "ദേവിയെ ശരണം" എന്നു പ്രാർത്ഥിച്ചുകൊ ണ്ടു് ഭർത്തൃപാദപ്രണാമങ്ങളാൽ സമാശ്രയിച്ചു. സ്തുതിപാഠക ന്മാർ സ്തുതി നിറുത്തി. ദാസദാസീജനങ്ങളും സ്വസ്ഥാനങ്ങളെ ശരണമാക്കി, നേരം അധികം കഴിഞ്ഞിരുന്നുവെങ്കിലും, കന്യകാ

മഠം ശീതകിരണന്റെ കാന്തിപൂരങ്ങളാലും, തൂക്കു വിളക്കുകളുടെ ശോഭാവിശേഷത്താലും, ഭാസുരമായിത്തന്നെ തെളിഞ്ഞിരുന്നു. കാമേശ്വരി കൂടക്കൂടെ കുമാരേശനേയും, കാത്യായനിയേയും വിളിച്ചു പറയും, ചിലപ്പോൾ "ശ്രീപത്മനാഭാ എന്റെ വിധി" എന്നു് ദീർഘത്തിൽ നിശ്വാസവാതത്തോടു സംഘടിപ്പിക്കും, മഞ്ചംവിട്ടെഴിച്ചു നടക്കും, പിന്നെയും ചെന്നു കിടക്കും, സന്യാസിയോടു് സംഭാഷിക്കാൻ താനറിയാതെ ചാടി പുറപ്പെട്ടും. സംശയിച്ചു മട്ടിൽ മടങ്ങി തോഴിയേയും, ചേടിയേയും സൂക്ഷിച്ചു നോക്കും. നിദ്രാവശഗരാണെന്നു് സമാശ്വസിക്കും. ഭിത്തിയെ പ്രകാശിപ്പിക്കുന്ന ചിത്ര പങ്ക്തികളെ സീല്ക്കാരശബ്ദംകൊണ്ടു് പുഛിക്കും. പല സമയം പ്രകാശമായി പൊട്ടിച്ചിരിക്കും. ഭ്രാന്തന്റെ മട്ടു കണ്ടിട്ടുള്ളവൎക്കു കാമേശ്വരിക്കു് തല്ക്കാലം ചിത്തഭ്രമമാണെന്നു തോന്നാതിരിക്കയില്ലെന്നു് സമ്മതിച്ചേ തീരു.

സന്യാസി മന്ത്രപഠനം വിലക്കിവെച്ചു. തോന്ന്യാസങ്ങളോരോന്നും, സാമാന്യമല്ലാതെ ഉള്ളിൽ തോന്നിയിരുന്നു. സങ്കടമെന്നോ, സന്തോഷമെന്നോ, സംഭ്രമമെന്നോ സ്വയം സംശയിക്കാതെയും ഇരുന്നില്ല. സമയത്തിന്റെ ദൈൎഘ്യം വിചാരപരമ്പരകളുടെ ഗതിയിൽ സങ്കോചിച്ചിരുന്നെന്നുള്ളതു്, സൎവ്വഥാ സ്ഥൂത്യൎഹമായിത്തന്നെ സാധിച്ചു. തോഴി വ്യാജനിദ്രാസുഖമനുഭവിച്ചെങ്കിലും, കാമേശ്വരിയുടെ കഷ്ടാവസ്ഥക്കുള്ള നിവൃത്തി മാൎഗ്ഗങ്ങളോരോന്നുമാലോചിച്ചും, പ്രമാണങ്ങൾ കണ്ടുപിടിച്ചും, കാമന്റെ ക്രൌൎയ്യത്തെ നിന്ദിച്ചും കൊണ്ടു് പുറക്കണ്ണുമകക്കണ്ണും ഉപയോഗിച്ചു് കാൎയ്യങ്ങളെല്ലാം നല്ലവണ്ണം വീക്ഷിച്ചുകൊണ്ടിരുന്നു. ചേടി തോഴിയെ ശ്രദ്ധിച്ചും, രാജപുത്രിയെ സുസൂക്ഷ്മം നോക്കിച്ചിരിച്ചും, പ്രദ്യുമ്നനെ സഹൎഷമഭിനന്ദിച്ചും സമയം കഴിച്ചു.

കന്യകാമഠം ശാന്തമായി ശോഭിച്ചുകൊണ്ടിരുന്നെങ്കിലും, നിശാനാഥനുംകൂടി സാക്ഷ്യം വഹിച്ചതിൽ ചാരിതാൎത്ഥ്യമാൎക്കാണധികമെന്നു് തീൎച്ചയാക്കാൻ ആൎക്കും സാധിക്കയില്ല. ക്ഷമയ്ക്കു സൌരഭ്യമേകാനായികൊണ്ടും സന്യാസയോഗം ശ്ലാ

DEPARTMENTAL LIBRARIES
14 MAR 1950

ഘ്യതമമാണെന്ന് സമൎത്ഥിക്കാനായികൊണ്ടും, സജ്ജന മഹിമയെ മാനിക്കാനായി കൊണ്ടും സൂൎയ്യഭഗവാൻ സാരഥിയെ പൂൎവ്വാചലഭാഗത്തേക്ക് പ്രചണ്ഡവേഗത്തിൽ വാഹകങ്ങളെ ഓടിക്കുന്നതിന്ന് സങ്കേതം കൊണ്ടു് മനസ്സിലാക്കി കഴിഞ്ഞിരുന്നു. മൂടന്തന്റെ ഓട്ടം കാലക്കേടിന്നു വിളയിക്കുമെന്ന് ഭയന്നൊ മററൊ സ്വയമസഹിഷ്ണുവായി ചിത്രഭാനുവും ചിത്രക്കൂടപൎവ്വതത്തിന്റെ മുകളിലേറി വരുന്നതും കാണാറായി കന്യകാമഠത്തിലേ വിശേഷ വാൎത്തകൾ വെളിക്കു വന്നാൽ രാജരാജന്റെ കോപമനുഭവിക്കേണ്ടിവരുമെന്ന് ഭയന്ന് വിധുവും പശ്ചിമവാരിധിയിലൊളിച്ചു. വന്ദികളുടെ സ്തുതി പാഠപദ്ധതികൾ കന്യകാജനങ്ങളേയും അറിയിക്കാതിരുന്നില്ല. കാമേശ്വരി കാമനാവിശേഷങ്ങളെ വീണാവാദനത്താലാനന്ദിക്കാമെന്ന് വിശ്വസിച്ചു. ലയത്തിനൊത്തു ശ്രുതിപിടിച്ച് കണ്ഠനാദത്തോടുകൂടി അഠാണാ രാഗത്തിൽ ഗാനംചെയ്തു രസിച്ചു.

---

# അദ്ധ്യായം ൧൩.

## ഒരു ആഭിജാത്യം.

സുന്ദരത്തമ്മാൾ:—സുമുഖി! സൂര്യോദയം തുടങ്ങി രണ്ടുനാഴിക കഴിഞ്ഞിരിക്കുന്നുവല്ലോ. ഞങ്ങളും ഇതേവരെ വീണാഗാന മധുരിമയെ മാനിച്ചുകൊണ്ടിരിക്കയാൽ സമയമറിഞ്ഞില്ല. ഇന്നത്തെ രാഗാലാപം വളരെ വിശേഷരീതിയിലായിരുന്നു. കൈയ്യുകളുള്ള തഴക്കം വീണാതന്തികളിൽ തെളിയുന്നുണ്ട്. മനോധർമ്മമെല്ലാം സ്വധർമ്മത്തെ മറയ്ക്കുന്നതിൽ അഭിനന്ദിക്കാം. നമുക്ക് നിത്യകർമ്മങ്ങളാചരിക്കാനുണ്ടെന്നുള്ളത് മറന്നുവോ? സമയം പിഴച്ചാൽ സൌകര്യം കുറയുമെന്നു ഓൎക്കുന്നില്ലായിരിയ്ക്കാം. മുടക്കമെല്ലാം ഒടുക്കം തീൎക്കാം. വീണവായിച്ചിരുന്നാലാണോ, വിചാരം സാധിക്കാൻ പോകുന്നതു? ചേടി കടവിലെത്തിയിരിയ്ക്കും. കുളിസാമാനങ്ങളെല്ലാം കടവിലേക്ക് കൊണ്ടുപോയിട്ടുണ്ട്. ഇന്നാണല്ലൊ വിശാഖം നക്ഷത്രം ശുക്രവാരവും കൂടി യോജിച്ചിരിക്കുന്നു. കുമരേശനേയും കാത്യായനിയേയും തൊഴാൻ പോകേണ്ടായോ? ഗാനം മതിയാക്കുക. മുഖം വെളുത്തും കണ്ണുകൾ ചുഴിഞ്ഞും ചുണ്ടുകൾ വരണ്ടും, തലമുടിയഴിഞ്ഞും, കിടക്കുന്നതു് കാണുന്നില്ലയോ? അമ്മതമ്പുരാട്ടിയെഴുന്നള്ളിക്കഴിഞ്ഞാലബദ്ധങ്ങൾ ഉണ്ടാകാനിടയുണ്ട്. നിൻെറയും എൻെറയും ഉള്ള് ഒന്നാണെന്നു് ഓൎക്കുന്നില്ലല്ലോ. കഷ്ടം! കഷ്ടം! വിളിച്ചു് വിളിച്ചു് നാക്കു കുഴഞ്ഞു! തൊണ്ടയിൽ വെള്ളം വറ്റിക്കഴിഞ്ഞു. "വന്നവഴിക്കു വിട്ടില്ലെങ്കിൽ ചേരുന്ന മട്ടിൽ കേറിയിറങ്ങണം." എന്നിങ്ങനെ പിറുപിറുത്തുകൊണ്ടു് കാമേശ്വരിയുടെ സമീപമണഞ്ഞു ശരീരമൊന്നു തലോടി.

അപ്പോൾ ഗാഢനിദ്രയിൽ സുഖിച്ചിരുന്നവരെപ്പോലെ മേനാരാജ്യത്തിൽ മുങ്ങിക്കിടന്ന കാമേശ്വരിയുടെ മനസ്സ് ഞെട്ടി

യുണന്നു. സമയം മൂന്നിലധികം വെളുപ്പുണ്ടെന്നു് സൂൎയ്യരശ്മിയുടെ കിരണജാലങ്ങൾ വാതായന വിവരങ്ങൾ വഴിയറിയിച്ചു. കാമേശ്വരി സംഭ്രമത്തോടുകൂടി ചുററും നോക്കി. കൈയ്യിൽ വീണയെടുത്തതെപ്പോഴാണെന്നു് കൂടി ഓൎമ്മയിച്ചില്ല. ഒരു വിധം വീണാഗാനമവസാനിപ്പിച്ചു, സുന്ദരത്തിൻെറ മുഖം നോക്കി തലകുനിച്ചു. കഴിഞ്ഞ രാത്രിയെ ശപിച്ചതുമോൎത്തു. സമാധാനത്തിനു് വഴിയും പിഴച്ചു. പലവിധസംശയങ്ങൾക്കു് നിലയും ഉറച്ചു. വല്ലതും കൊണ്ടു് ചൊല്ലതുടന്നാൽ തോഴിയും ഒഴിവുകൾ സമ്മതിക്കയില്ല. ഞാനിനിയെന്തു ചെയ്യും? എങ്ങു ചെല്ലും? ആരാണെന്നെ ആശ്വസിപ്പിക്കാൻ പോകുന്നതു്? അവസരമിതല്ലയോ നമുക്കു ലഭിച്ചതു്. ഇങ്ങനെ ചോദിക്കാം" എന്നു് തന്നത്താനെ സമാശ്വസിച്ചു.

"തോഴി! സുന്ദരം! നിനക്കെന്താണിന്നിത്രത്തോളം സന്തോഷം വൎദ്ധിച്ചുകാണുന്നതു്? പിറന്നാളു സദ്യക്കു് വട്ടങ്ങളെല്ലാം സ്വന്തം മനസ്സുപോലെയനുവദിച്ചു കഴിഞ്ഞു. എന്നാണോ? അഥവാ പുതിയ വസ്ത്രമുടുത്തു് പുറത്തു നടക്കാമെന്നാശിച്ചിട്ടാണോ? കുമരേശനേയും, കാത്യായനിയേയ തൊഴാമെന്നു് ചിന്തിച്ചിട്ടായിരിക്കുമോ? നിനക്കും എനിക്കും അതൊപ്പം തന്നെ. "ശരീരംമാത്രം രണ്ടു്" എന്നല്ലാതെ നമുക്കു തമ്മിൽ വല്ല വ്യത്യാസവുമുണ്ടെന്നു കണ്ടിട്ടുണ്ടോ? കാൎയ്യമെല്ലാം നീയും അറിയും. ഞാനും പിന്നീടു് പറയാം. സമയം പോയതു വീണയുടെ വലിപ്പമാണു്. തുടങ്ങിയ പാട്ടു് അവസാനിക്കാത്തതു് എൻെറ കുററമല്ല. നീ കടവിലേക്കു പോകു. ഞാൻപുറകെ വരുന്നുണ്ടു്. താമസമിനി വേണ്ടാ." എന്നു പുറത്തിറങ്ങാൻ ഭാവിച്ചു.

തോഴി:—സംസാരിക്കാൻ സാഹിത്യരസികന്മാൎക്കു് എങ്ങനെയും സാധിക്കും. സുമുഖിയുടെ സാഹസവചനം സാന്ത്വനപ്രായമാണെങ്കിലും സമാധാനത്തിനൊ, സംശയനിവൃത്തിക്കോ വഴിയായെന്നു് ഞാൻ വിചാരിക്കയില്ല. ഭവതിയുടെ ഉറക്കവും എൻെറ ഉണൎച്ചയുമൊന്നു് ഓൎമ്മിച്ചറിഞ്ഞാൽ കൊള്ളാം. എനിക്കു ജ്ഞാനദൃഷ്ടിയില്ല. ഭവതി

ക്ക ജ്ഞാനദൃഷ്ടിയുള്ളവരെ കണ്ടറിയാൻ സൂക്ഷ്മദൃഷ്ടിയുണ്ട്. വീണയെ വെറുതെ കുററപ്പെടുത്തുന്നതിനേക്കാറം സ്വന്തം വയസ്സിനെ ശ്രേയസ്കരമായ സരണിയിൽ സഞ്ചരിപ്പിച്ചതായി സമ്മതിക്കുന്നതല്ലയോ നന്ന്. "സാധുസേവയുടെ ബലം ക്ഷിപ്രഫലപ്രദമാണെന്ന്" അനുമാനപ്രമാണങ്ങളുടെബലത്തേക്കാറം, പ്രത്യക്ഷപരീക്ഷണത്തിൽ ഫലിപ്പിച്ചു കാണിക്കയാണ് വേണ്ടതെന്നു എൻെറ അഭിപ്രായം. കുളിയും തേവാരവും കഴിക്കുന്നതിനുള്ള സമയം വളരെ കുറവാണ്. വലിയ തമ്പുരാട്ടി കല്പനപ്രകാരം കാലത്തു് എട്ടുമണിക്കു് മുമ്പെ കുമരേശസന്ദർശനത്തിന്നു് അകമ്പടികളൊടിങ്ങുവരും. ഇനിയുംമുക്കാൽനാഴികനേരമേ നമുക്കുള്ളൂ. വിശേഷമെല്ലാം വഴിയെ വെളിപ്പെടുമെന്നു് വിശ്വാസമുണ്ട്. വിനോദവാർത്തകറം പിന്നീടാവാം. എന്നെ വാക്കുകൊണ്ടു വഞ്ചിക്കാൻവിചാരിച്ചാലും ഉള്ളുകൊണ്ട് മറയ്ക്കാൻ യത്നിയ്ക്കയില്ലെന്നു കരുതീട്ടുണ്ട്. ഞാൻ മുമ്പിൽ നടന്നു് കുളത്തിലേക്കു പോകാം. ഭവതിയും വേഗത്തിലെത്തണം. വസ്ത്രങ്ങളെല്ലാം ചേടി കടവിലേയ്ക്കു് മൂന്നരനാഴികയ്ക്കുമുമ്പേ തന്നെ കൊണ്ടുചെന്നിട്ടുണ്ട്.

"(സ്വഗതം) മിടുക്കി മനോഗതം മറയ്ക്കാനാലോചിക്കയാണ്. ഞാനതെല്ലാമറിയുമെന്നോക്കുന്നില്ല. എന്നോടു സഹായത്തിനാവശ്യപ്പെടാതെ സന്ന്യാസിയുടെ സഹവാസം സിദ്ധിക്കുന്നതുകാണാം." എന്നു് സ്വന്തം ഹൃത്തടത്തിലടക്കിപ്പറഞ്ഞും കൊണ്ട് വാപിയെ നോക്കി നടന്നു. തോഴിയുടെ പ്രയാണം കഴിഞ്ഞതും കാമേശ്വരി തന്നത്താനേ തല്ക്കാലനിലയ്ക്കുയോജിച്ചവണ്ണം നിത്യകൃത്യങ്ങളാചരിക്കാനുടൻ പുറപ്പെട്ടു. ശരീരശുദ്ധമാദ്യം വരുത്തി കുളിയും വേഗം നടത്തി. പുതിയവസ്ത്രവും നവീന വേഷവും ധരിച്ചു. ഈശ്വരപ്രാർത്ഥനകറം ശരിക്കു കഴിച്ചു. തോഴിയും ചേടിയും പുറകിൽ തിരിച്ചു. കൃത്യസമയത്തിൽ കന്യകാമഠത്തിലിരിപ്പായി. അപ്പോറംതന്നെ അകമ്പടികളുടെ പുറപ്പാടും ആരംഭിച്ചു. വലിയമ്മതമ്പുരാട്ടിയും, മഠത്തിലെഴുന്നള്ളി താമസംവിനാ പുറപ്പെട്ടു കുമരേശസന്നിധാനം ചെന്നുചേന്നു.

അവിടെ പലവിധ കാവടിക്കെട്ടുകളും, കീഴ്ജാതിക്കൂട്ടങ്ങളും, മലയ്ക്കു താഴെ മണ്ഡലാകൃതിയിൽ നിന്നിരുന്നു. രാജപുത്രിയുടെ പുറന്നാളാണെന്ന് കല്പന കിട്ടിയിരിക്കയാൽ കീഴുദ്യോഗസ്ഥന്മാരും, അധികാരി പ്രവരന്മാരും, ഹാജരായിരുന്നു. മേൽശാന്തിപോററിക്കു പ്രായപൂത്തിയും പഴമ പരിചയവും, ഭക്തിപാരവശ്യവും, സ്വതസ്സിദ്ധമായിത്തീന്നിരിക്കയാൽ തമ്പുരാട്ടിയും, കാമേശ്വരിയും നാലമ്പലത്തിനകത്തു കടന്നപ്പോൾ, അഭിഷേകവും മുറയ്ക്കു അച്ചനയും വിശേഷാലുള്ള അച്ചനയും ധൃതിയിൽ നടത്തി. അകമ്പടികളെല്ലാം ദേവതാഗാരത്തിൻെറ വെളിയിലുള്ള തളക്കല്ലിന്നോടൊത്തു അണിനിരന്ന് ആചാരവിശേഷങ്ങൾ ആചരിച്ചുകൊണ്ടിരുന്നു. ശാസ്ത്രിമാർശ്ലോകത്തിൽസ്തുതിച്ചു. വൈദികന്മാർ വേദഘോഷംനടത്തി. വൃദ്ധസ്ത്രീകൾവിളക്കുപിടിച്ചു. കൈലാസലോകംപോലെകൌതുകാവഹങ്ങളായ പലപല കാഴ്ചകളെക്കൊണ്ട് ശ്രീ കുമാരഃകാവിൽ കളിയാടി; ദീപാരാധന സമയവുമടുത്തു. മണിനാദം മുഴങ്ങിത്തുടങ്ങി. വാദ്യക്കാർ കാവടിച്ചിന്തുമട്ടിൽ മദ്ധ്യമസ്വരത്തിലായി വള്ളിമണാളനെ വിനോദിപ്പിച്ചുകൊണ്ടിരുന്നു. വന്നവരും നിന്നവരുമൊന്നുഃപോലെ കൈക്കൂപ്പിത്തൊഴുതു. സമാധാനത്തിലും, സാവധാനത്തിലും ദീപാരാധനയും കഴിഞ്ഞു. രാജ്ഞിയും കാമേശ്വരിയും ചില സ്തോത്രപദ്ധതികളുച്ചരിച്ചുകൊണ്ട് പ്രദക്ഷിണം നടത്തി. ഓരോപ്രദക്ഷിണത്തിലും മുറയ്ക്കു വന്ദനങ്ങളും,പ്രാത്ഥനകളും, കൂടിക്കൂടി വന്നു.

പത്തുനാഴിക പകലിനെ പോഷിപ്പിക്കുന്ന സൂൎയ്യകിരണാവലികൾ ക്ഷേത്രവളപ്പിലും കടന്നെത്തി. മലയും ചുട്ടുതുടങ്ങി. നിലയുമറച്ചില്ല. അച്ചകനും പ്രസാദവും തീത്ഥവും അനുഗ്രഹിച്ചുകൊടുത്തു. കാമേശ്വരിക്ക് കുമരേശനോട്ട് തൻെറ പ്രാത്ഥനാവൈഭവം ഉണത്തിക്കാനെന്നതുപോലെ സ്വല്പസമയംകൂടി നടയിൽ നില്ക്കേണ്ടിവന്നു. കിഴക്കു മണ്ഡപത്തിൻെറ വടക്കേകോണിലിരുന്നു ഒരു ഗൌളിയും ശബ്ദിച്ചു. നമ്പി തുള്ളിച്ചാടി കാമേശ്വരിയെ നോക്കി "കുഞ്ഞേ, നീ ഒന്നിനും പേടിക്കേണ്ട. നിൻെറ മനോരഥങ്ങളെല്ലാം ഹസ്തഗതമായിത്തന്നെയിരിക്കുന്നു. ദീർഘകാലം ആയുസ്സും, മാംഗല്യപുഷ്ടിയും, പട്ടമഹിഷീസ്ഥാ

വും, ദേവൻ പ്രസാദിച്ചിട്ടുണ്ട്" എന്നുപറഞ്ഞു ഒഴിഞ്ഞു. രാജ്ഞി മുതലായവർ വഴിക്കു നിന്നിരുന്ന സ്വന്തം വാഹനങ്ങളിൽ കയറി തിരിയെ കൊട്ടാരത്തിലെത്തി; ദാനധർമ്മാദികളെല്ലാം മുറയ്ക്കു നടന്നു. ബ്രാഹ്മണരെല്ലാം ഭോജനത്തിനും ഇരുന്നു. പലവിധ വിഭവങ്ങളോടു് സദ്യയും നടന്നു. സാധുക്കൾക്കു് നാലു കോണിലും, കഞ്ഞി മുതലായവ വേണ്ടുവോളം സംഭ്രമംവിനാ കൊടുത്തുകൊണ്ടിരുന്നു. രാജഗൃഹത്തിൽ സൎക്കാർ ഉദ്യോഗസ്ഥന്മാൎക്കും ആശ്രിതജനങ്ങൾക്കും, കരപ്രധാനികൾക്കും, വിശേഷ രീതിയിൽ വിരുന്നു നടത്തി. ചേരൻ നാടൊത്തു സന്യാസിയും ചെന്നിരുന്നു. വൃദ്ധന്മാരും, വിദ്വാന്മാരും വിനോദിച്ചിരുന്നു് ഭക്ഷണംകഴിച്ചു. ബ്രാഹ്മണർ വേദപാഠത്തിൽ പല ഭാഗങ്ങളെ പല ശാഖകളിലായി ഉച്ചത്തിലുൽഘോഷിക്കയും, അക്ഷതം അനുഗ്രഹിക്കയുംചെയ്തു. കാമേശ്വരിയും കുലാചാരംഅനുസരിച്ചു വന്നവരേയെല്ലാം വന്ദനവിനയാദരങ്ങളെ യഥാവസരം ഉപയോഗിച്ചു സല്ക്കരിച്ചു. പിതാവും പുത്രിയുടെ ഭാഗ്യവിശേഷമോൎത്തു സന്തുഷ്ടഹൃദയനായി. സദ്യയുമവസാനിച്ചു. സദസ്സും പിരിഞ്ഞു എങ്കിലും സഭാതലത്തിൽ സന്യാസിയും, മഹാരാജാവും സ്ഥിതിചെയ്തിരിക്കയായിരുന്നു. അതിനു മുമ്പുതന്നെ സന്യാസിയ്ക്കു് ഭിക്ഷ അരചൻ നടത്തിക്കഴിഞ്ഞിരിക്കയാൽ യോഗി യഥാവസരം ചേരനോടു സംഭാഷിക്കാൻ സമയം നോക്കിയിരിക്കയായിരുന്നെന്നു വായനക്കാർ അറിഞ്ഞുകൊള്ളേണ്ടതാണു്. അപ്പോൾ സുന്ദരവദനനായ സന്യാസിയെ നോക്കി ചേരൻ വന്ദിച്ചുംകൊണ്ടു് വിനീതനായി ചില ചോദ്യങ്ങൾ തുടങ്ങി.

ചേരൻ:—സ്വാമിൻ, എനിക്കു് ഈ പെൺകുട്ടിമാത്രമേ സന്താനമായി ലഭിപ്പാൻ ഭഗവാനനുഗ്രഹിച്ചിട്ടുള്ളു. എന്റെ സൎവ്വസ്വവും ഇന്നു് ഇവൾക്കാണെന്നു് ആരോടും പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. ഇവൾക്കു വയസ്സു പതിനേഴു തികയുന്നു. ജനനകാലത്തിൽതന്നെ ആഴവാഞ്ചേരി തമ്പ്രാക്കളെക്കൊണ്ടു് ജാതകം എഴുതിച്ചു ഫലം നോക്കിക്കണ്ടതിൽ ഇപ്പോഴാണു് വിവാഹകാലം എന്നു കുറിച്ചെട്ടുത്തും ചക്രവൎത്തിയാണു് ഭൎത്താവായി സംഭവിക്കുന്നതെ

നും പറഞ്ഞിട്ടുണ്ട്. സന്താനഭാവവും, ആയുസ്സും ദീർഘമംഗല്യയോഗവും പൂർണ്ണമാണെന്നും ഗണിതത്തിൽ തെളിഞ്ഞുകണ്ടു. നിങ്ങളുടേയും അനുഗ്രഹമിവൾക്കു സിദ്ധിച്ചിരിക്കയാൽ എനിക്കു ഭാരം വളരെ കുറഞ്ഞിട്ടുണ്ട്. എങ്കിലും സ്വാമിയുടെ ജ്ഞാനദൃഷ്ടിയിൽ നിന്നും കാമേശ്വരിയുടെ ഭാവി അറിയാൻ ആഗ്രഹിക്കുന്നു. ഇതുകൂടാതെ ശ്രീപരശുരാമസൃഷ്ടമായ കേരളത്തെ സ്വാധീനപ്പെടുത്താൻ പാണ്ഡ്യൻ പുറപ്പെട്ടിട്ടുണ്ടെന്നറിഞ്ഞു് കോലൻ എന്നോടു സഹായത്തിനപേക്ഷിച്ചയച്ചു. എന്റെ ചതുരംഗപ്പടകളും കോലനു് സഹായിക്കാൻ പടക്കളത്തിലേക്കു ചെന്നിട്ടുണ്ട്. പാണ്ഡ്യൻ, പെരുമാളേയും, കേരളത്തേയും പരിഹസിച്ചതായി പ്രസിദ്ധിയുണ്ട്. എനിക്കു പാണ്ഡ്യനെ ജയിക്കാൻ മോഹമേറുന്നു. അതൊക്കെ സാധിക്കാൻ സംഗതിയാമോ എന്നു ചിന്തിച്ചു സദയം പറഞ്ഞാൽ കൊള്ളാം.

സന്യാസി പെട്ടെന്നു ധ്യാനത്തിലിരുന്നതായി ഭാവം നടിച്ച് പതിനഞ്ചുമിനിട്ടു കഴിച്ചു. പിന്നീടെന്തോ ദിവ്യശക്തിയുണ്ടായതുപോലെയുണർന്നു. "ചേരഭൂപ! നിങ്ങളുടെ ധർമ്മത്തേയും സത്യത്തേയും ധൈര്യത്തേയും, സമഭാവനയേയും, ദേവന്മാർ അത്യധികം ദേവലോകത്തിലും, വൈകുണ്ഠത്തിലും കൊണ്ടാടുന്നു. നിങ്ങൾക്ക് പാണ്ടിയുടേയും, കേരളത്തിന്റേയും മേൽക്കോയ്മസ്ഥാനം സിദ്ധിച്ചുകഴിഞ്ഞിരിക്കുന്നതായി അവർ ആശീർവദിക്കുന്നു. കാമേശ്വരിക്ക് കാമുകനും അടുത്തുണ്ട്. താമസംകൂടാതെ വിജയം കഴിഞ്ഞാലുടൻ വിവാഹാഘോഷം മംഗളമായി സംഭവിക്കും. നിങ്ങൾ ഒന്നിനും പേടിക്കേണ്ട. ഞാനും അങ്ങനെയാണെന്ന് ആശീർവ്വദിച്ചിരിക്കുന്നു. ശ്രീപത്മനാഭസ്വാമി നമ്മെളെ കാത്തുരക്ഷിക്കട്ടെ" എന്നുപറഞ്ഞവസാനിപ്പിച്ചു.

അപ്പോൾ അരചനുണ്ടായ ആനന്ദവിശേഷം ആദിശേഷനെക്കൊണ്ടും പറയാൻ സാധിക്കയില്ലെന്നു എനിക്കു പറയാൻ കഴിയും. സർവ്വം മംഗളമായിപരിണമിച്ചു കാണുന്നതുവരെ ഈ നാട്ടിലെ വാസം എനിക്കിഷ്ടമായിത്തന്നെ ഇരിക്കും എന്നു

റിഞ്ഞാലും. ഒന്നിനും ആലോചിക്കേണ്ട. വിശേഷങ്ങളെല്ലാം വഴിയെ വന്നുകൊള്ളും. എനിക്കു കുറെ വിശ്രമിച്ചാൽ കൊള്ളാമെന്നു തോന്നുന്നു. നിങ്ങൾക്കും ഇന്നു ക്ഷീണം കൂടുതലായി ഉണ്ടായിരിക്കാൻ, കാരണങ്ങളുണ്ട്.

"ബ്രാഹ്മണാശിസ്സും യതിവചനവും ഈശ്വരസങ്കല്പത്തിനൊത്തുതന്നെയിരിയ്ക്കും. അതല്ലെ ലോകാനുഭവം." എന്നിത്രയും മന്ദഹാസവദനനായി ഉച്ചരിച്ചിട്ട് സന്ന്യാസി ഉദ്യാനമണ്ഡപത്തിലേക്ക് യാത്രയായി. ചേരനും സന്തോഷസാഗരത്തിൽ തുള്ളി കളിച്ച് നടന്നല്പം വിശ്രമിക്കാൻ തൂക്കമഞ്ചത്തിൽ ശയിച്ചു. പൂർണ്ണമോദം നിദ്രാസുഖമനുഭവിക്കാനും ചേരഭൂപനു സാധിച്ചു.

# അദ്ധ്യായം ൰൧.

---

## പാണ്ഡ്യന്റെ പ്രതാപകേതു.

അന്ന് രാജസിംഹൻ സ്വസിംഹാസനത്തിൽ സന്തോഷശേഷത്തെ അനുഭവിച്ചുകൊണ്ട് ശോഭിക്കയായിരുന്നു. സൂൎയ്യകാന്തിയെ അതിശയിക്കുന്ന ആസ്ഥാനമണ്ഡപം ആലോചനാബുദ്ധിക്കു അവിഷയമായിതീൎന്നിരിക്കുന്നു. ആനന്ദമൂൎത്തിയുടെ അംശാവതാരമാണെന്ന് തോന്നിക്കുന്ന പാണ്ഡ്യന്റെ ആകൃതി ശ്രീയഃപതിയെക്കൂടി ബലാൽ സമ്മതിപ്പിച്ചിരുന്നു. പാണ്ടിയെ പാൎപ്പിടമാക്കിയ പണ്ഡിതന്മാരും പ്രസിദ്ധ വീരന്മാരും പണക്കാരും പരമാൎത്ഥത്തിൽ ദ്രാവിഡ ചക്രവൎത്തിയെ വിടചക്രവൎത്തിയെന്ന് പരസ്യമായിട്ടല്ലെങ്കിലും രഹസ്യമായി പരിഹസിക്കയായിരുന്നു. രാജപത്നിമാൎക്ക് സ്വന്തം പാതിവ്രത്യത്തേക്കാൾ, പുരവാസികളായ സ്ത്രീകളുടെ പാതിവ്രത്യധൎമ്മത്തെ പ്രബലപ്പെടുത്താനാശ വൎദ്ധിച്ചിരുന്നു. വിനോദാഘോഷങ്ങൾ വെളിസ്ഥലങ്ങളിൽ വിശേഷ വിധിയനുസരിച്ചാചരിക്കുന്നുണ്ടായിരുന്നെങ്കിലും, ദ്രാവിഡനാഥന്റെ ദ്രോഹബുദ്ധിയെ പുരവാസികൾക്കു് ഉപദ്രവകരമാക്കി തീൎത്തിരുന്നുവെന്ന് നല്ലൊരു പ്രസിദ്ധിയുണ്ടായിരുന്നു. വേലക്കാർ വയററു പിഴപ്പിന് മാത്രം രാജാവിനെ വണങ്ങിയിരുന്നെന്നല്ലാതെ വാസ്തവത്തിലവൎക്കു വീരനോടു വിശ്വാസാദരങ്ങളില്ലായിരുന്നെന്ന് നടപടികളും വ്യക്തമാക്കാതിരുന്നില്ല. എന്നാൽ വ്യാസാചൎയ്യൻ രാജസിംഹവീര പാണ്ഡ്യന്റെ വിലയേറിയ ലീലാ വിനോദവസ്തുവായി തീൎന്നിരുന്നതിൽ അയാൾക്കു മാത്രം വ്യത്യാസമൊന്നും വരാനില്ലെന്ന്, വായനക്കാർ വിശ്വസിക്കാവുന്നതാണ്.

വാചാമഗോചര വിഭൂതി ഭൂഷിതനായ വീരപാണ്ഡ്യൻ വിക്രമ കേസരിയുടെ വരവു പ്രതീക്ഷിച്ചുകൊണ്ടും, ഞായറാഴ്ചയുടെ പ്രഭാതഫലമറിയാനാശിച്ചുകൊണ്ടും, ആനമല കയറിക്കടന്നു, കേരളം മുഴുവനും സ്വപ്രതാപക്കൊടി പറപ്പിക്കാൻ

പ്രൌഢി നടിച്ചുകൊണ്ടും ഇരിക്കുമ്പോൾ വഴിയിലെങ്ങും ജന സഞ്ചയമങ്ങുമിങ്ങുഃമാടിയൊളിക്കുന്നതും, വീടുകൾതോറും പുര ദ്വാരകവാടപുടങ്ങളെ ബലമായുറപ്പിക്കുന്ന പ്രയത്നപ്രകാര ഭേദങ്ങളും പ്രത്യക്ഷപ്പെട്ടുതുടങ്ങി. ഒരു നാഴിക കഴിയുന്നതിന് മുമ്പ് പെരുമ്പറനാദം പാണ്ഡ്യന്റെ പെരുമയെ പ്രകാശിപ്പി ക്കയാണെന്നു തോന്നുമാറ് തെരുവിലെങ്ങും തെളിഞ്ഞു കേട്ടു. പട്ടാണിപ്പടകളുടെ പരാക്രമപ്രശസ്തിയെ പുകഴ്ത്തുന്ന ഭൂപരാഗ ങ്ങളെല്ലാം, ഭൂമണ്ഡലവും,വിയന്മണ്ഡലവും വ്യാപിച്ചുകഴിഞ്ഞു. കടൽ യുദ്ധവും നളിക പ്രയോഗവും തങ്ങൾക്കു നല്ല നിശ്ചയ മാണെന്ന് നിമിഷം തോറും അറിയിക്കുന്ന ആരവങ്ങളും അണി വെടികളും, അട്ടഹാസങ്ങളും കണ്ടു. വിക്രമകേസരിയുടെ ചില വീരവാ ത്തകളും, പട്ടാണിപ്പട നായകന്റെ "ഷബലൊ, ഷബലൊ" എന്ന ചൊല്ലുകളും, പാണ്ഡ്യന്റെ ശ്രോത്രേന്ദ്രിയത്തെ രസിപ്പിക്ക യായി. പ്രളയകാലശങ്കയെ പാണ്ടിയിലുള്ളവർ പ്രത്യക്ഷത്തി ൽ പരീക്ഷിച്ചുറപ്പിച്ചു. സൂൎയ്യദേവന്റെ മാദ്ധ്യസ്ഥ്യം കാല നിൎണ്ണയത്തിനും സംഖ്യാസംബന്ധത്തിനും സമ്മതമുച്ചരിച്ചു. പാണ്ഡ്യഭൂപന്റെ കൊട്ടാര വാതലിൽ പട്ടാണിപ്പടകളും പാള യമുറച്ചു.

പൌരുഷ വേഷത്തിൽ വിക്രമകേസരി പട്ടാണിനാഥനെ പുരോഭാഗത്തിൽ പ്രവൎത്തിപ്പിച്ചുകൊണ്ടു പാണ്ഡ്യസവിധമെ ത്തി സലാം ചെയ്തുനിന്നു. പാണ്ഡ്യനും പേരാനന്ദത്തിൽ മുഴുകി. പട്ടാണിപ്പടനായകനായ സയ്യദ് അമീർ രാജമുഖത്തിനഭിമുഖ മായി നിന്നു. "അയെ - ബഹ്ദൂ - ദ്ദൂര് - സലാഖു - മാലേ -മൈ ആയാ - ഹയെ - മെ - സലാംലീജെ - തും ഹം അയെ സെനേ ക്ക് ബക്ക്ത്ത് ഹാക്കം - കിളമർ - ഓ ദൌലത്ത് കീനറഖി-മെ കുദാസെ മുദാം ദുമാ മാങ്ങ്തേ രഹേങ്കേ" എന്ന് സ്വന്തം ഭാ ഷയിൽ വന്ദിച്ചു പറഞ്ഞു. അപ്പോൾ പാണ്ഡ്യൻ സന്തോഷ ഭാവത്തിൽ മൌനമായി ഹസ്തസങ്കേതംകൊണ്ട് പകരം വന്ദി ച്ചു. പട്ടാണി, വീരപാണ്ഡ്യന്റെ പ്രവൃത്തിയും ഭാവവും ശ്ര ദ്ധിക്കയാൽ ഒരു മിശ്രഭാഷയിൽ വീണ്ടും സംസാരിച്ചു തുടങ്ങി എങ്കിലും വിക്രമ കേസരിയുടെ സകലഭാഷാ പ്രാവിണ്യം നിമി

ത്തം അവരുടെ സംഭാഷണങ്ങളെല്ലാം ഫലവത്തായികഴിഞ്ഞു. രാജാവും പടനായകനും തമ്മിൽ സത്യവും സഖ്യവുമാചരിച്ചു. അരചൻെറ ആചാരോപചാരങ്ങളാൽ ആനന്ദതുന്ദിലന്മാരായ പട്ടാണികളെല്ലാം ചില ആയോധന മുറകൾ പാണ്ഡ്യനെ പ്രത്യക്ഷപ്പെടുത്തി കാണിച്ചു. ശനിദിനത്തെ ശപിച്ചിരുന്ന പാണ്ടിപ്പട പേരാനന്ദത്തിരമാലയിൽ കളിയാടി. പിന്നീട് ശേഷിച്ച പകലും, ദീർഘിച്ച രാത്രിയും പ്രസ്ഥാനസന്നാഹങ്ങളെ കൊണ്ടും, വേഷാഡംബരാരംഭം കൊണ്ടും ക്ഷണികമായി ചമഞ്ഞു. എങ്കിലുമവക്ക് നിദ്രാസുഖത്തിനൊ, ഭക്ഷണ സമയത്തിനൊ, സംഭാഷണാവസരത്തിനൊ മറെറാന്നിനും യാതൊരു വിഘ്നവും സംഭവിച്ചില്ലെന്ന് വിശേഷിച്ചു പറയേണ്ടിയിരിക്കുന്നു. ഞായറാഴ്ച വെളുപ്പിന് പടകളെല്ലാം അണിയിട്ട് പശ്ചിമമുഖമായി പുറപ്പെട്ടു. പാണ്ഡ്യൻ പടകളുടെയെല്ലാം മുമ്പിലായി പാഞ്ഞിറങ്ങി. വിക്രമകേസരിയും തേവർ പടയും പുറകെ നടന്നു. സയ്യദ് അമീർ സന്തോഷത്തോടു കൂടി 'ഛലോ! ഛലോ! "അല്ലാ" "അല്ലാ"! എന്നിങ്ങനെ ചില ശബ്ദങ്ങൾ അത്യുച്ചത്തിൽ പുറപ്പെടുവിച്ചുകൊണ്ടിരുന്നു. പാണ്ടിപ്പടകൾ ദേശിക വഴിയിലുള്ള വിശേഷതരങ്ങളായ പാട്ടുകളും, പട്ടാണിപ്പടകൾ ഹിന്ദുസ്ഥാനിപ്പാട്ടുകൾ ഒരേമട്ടിലും പാടിക്കൊണ്ടു നടന്നു.

വിക്രമകേസരിയുടെ ഉത്സാഹത്താലും, രാജസിംഹൻെറ സൌജന്യ ബുദ്ധിയാലും പടയ്ക്കു വഴിയാത്രയിൽ മൂന്നു മണിക്കൂറിനൊരിക്കൽ ലഘുഭക്ഷണം നൽകപ്പെട്ടു. വനാനിലൻ യാത്രക്കാരെ വഴിക്കു നല്ലവണ്ണം സഹായിച്ചു. അവർ സന്ധ്യക്കു മുമ്പു പല കുഗ്രാമങ്ങളും വലിയ കുളങ്ങളും, പനങ്കാടുകളും കടന്നു ബോഡിമേട്ടിലെത്തി താവളവുമുറപ്പിച്ചു. പിറേറ ദിവസം പ്രഭാതത്തിൽ പ്രാതരാശം കഴിച്ചു പുറപ്പെട്ട് ഉച്ചഭക്ഷണത്തിന് ദേവികുളത്തെത്തി. പിന്നീട് വൈകുന്നേരം മൂന്നാറിൻെറ തെക്കേ കരയിൽ പാളയം അടിച്ചു.

ഇങ്ങനെ അവർ നിരന്തര പരിശ്രമത്തെ ക്രമമാക്കി, ആനമല കടന്ന് സമീപപ്രദേശങ്ങളെ വിറപ്പിച്ചുകൊണ്ടും, ഭക്ഷ്യ

പദാൎത്ഥങ്ങളെ സ്വേച്ഛയാ സ്വായത്തമാക്കികൊണ്ടും സുസുഖം മൂന്നാറിൻെറ തെക്കേക്കര വഴി കോലനാഥൻെറ പോൎക്കളമായിത്തീൎന്ന, കോതമംഗലത്തിന്, നാലുനാഴിക ദൂരം ഉള്ളതും നമ്പൂതിരിബ്രാഹ്മണരിൽ വേദാധ്യയനപരനായ തപ്പുംചേർമംഗലത്തിന്റ സമീപത്തിലുള്ളതും ആയ വഴിയമ്പലത്തിന്റ അടുത്തു സങ്കേതസ്ഥാനം സ്ഥാപിച്ചു.

പട്ടാണിപ്പടയുടെ പരിാധിക്കുള്ളിൽ പാണ്ഡ്യനും പരദേശപ്പടയും സൈ്വരമായി വസിച്ചു. പകലണയുന്നതിന്റ മുമ്പ് വിക്രമകേസരി കോതമംഗലത്തിലെത്തി കോലൻെറ പടയുടെ കിടപ്പും, സഹായികളുടെ നിലയും, സംഘബലവും മററും അറിയാൻ പ്രാകൃത വേഷത്തിൽ പ്രയാസപ്പെട്ടു. സന്ദൎഭവും, സ്ഥിതിഗതിയും തങ്ങൾക്കു വളരെ സഹായമായിത്തീൎന്നിട്ടുണ്ടെന്ന് തോന്നുകയാൽ അദ്ധ്വശ്രമം ഗണിക്കാതെ വായുവേഗത്തേയും, മനോവേഗത്തേയും, അതിശയിക്കത്തക്കവണ്ണമാഞ്ഞുനടന്നു തിരിച്ചെത്തി. അപ്പോൾ രാത്രിതുടങ്ങി. നാഴിക ഒൻപതേമുക്കാൽ ആയിരിക്കുമെന്നു കുറിച്ച് സമയം തിട്ടപ്പെടുത്തി. പാണ്ഡ്യനും പടകളും ഉറങ്ങിയിരുന്നില്ല. പട്ടാണി വീരൻ പൌരുഷം പ്രകടിപ്പിച്ചുകൊണ്ടിരിക്കയായിരുന്നു. അവിടെ നിശാനാഥൻെറ കരുണയ്ക്കുവർ പാത്രമായിത്തീൎന്നിരിക്കയാൽ വിക്രമകേസരിയുടെ പുനരാഗമനം ക്രമാതീതമായ സന്തോഷത്തെ പ്രദാനം ചെയ്കതിൽ ആശ്ചൎയ്യപ്പെടാനൊന്നുമില്ല. ആ ഘട്ടം വിധിദൃഷ്ടമെന്ന് അവൎക്ക തോന്നി. അനന്തരമവർ അല്പമൊന്നിച്ചിരുന്നു ചിലതൊക്കെ ചൎച്ചിച്ചു തീൎച്ചപ്പെടുത്തി. പാണ്ഡ്യൻ പ്രതാപധോരണിയെ പ്രദൎശിപ്പിച്ചു. പട്ടാണിപ്രവീണൻ പൌരുഷം പറഞ്ഞു. വിധുവ്യമയന്ദയന്ദ വിളങ്ങിക്കൊണ്ടിരുന്നു. വനവായു വേണ്ടുവോളം പരദേശീയരെ ഉത്സാഹിപ്പിച്ചു. വഴിയാത്രയുടെ ഖേദമവരാരുമൊട്ടുമറിഞ്ഞില്ല. വെളുപ്പിന് നാലുനാഴികയുള്ളപ്പോൾ പൂൎവ്വസ്ഥാനം വെടിഞ്ഞു പടകൾ കോതമംഗലത്തെ ലക്ഷ്യമാക്കിപ്പുറപ്പെട്ടു. വഴിക്കു ബാധപ്പാടു പാടില്ലെന്ന് പടനായകന്മാർ പോർവീരരെ പറഞ്ഞു മനസ്സിസ്സലാക്കി. സംഭ്രമം കൂടാതെ പാണ്ടിപ്പടകൾ അണിയിട്ടു നടന്നു.

ഉദ്ദേശം നേരം തെളിയുന്നതിന്ന മുമ്പ് പട്ടാണിപ്പടകളും പാണ്ടിപ്പടകളും കോതമംഗലത്തു പോക്കളും പററിപ്പിടിച്ചു. കോലഭൂപൻെറ പടകളുമുണ്ടന്നു. തുളുനാടനും, ഉംനാടനും, നായർ പടയും, കോലഭൂപനും കോപംകൊണ്ടു. പ്രഭാകരനും സ്വപ്രതാപത്തെ പ്രകാശിപ്പിച്ചു തുടങ്ങി. മൂന്നാററിൻെറ ദക്ഷിണോത്തര തീരദേശം, പടകളെമായിച്ചുമഞ്ഞു. പാണ്ടിപ്പടകൾ പട്ടാണിനായകൻെറ ചോദനയ്ക്കിണങ്ങി പല ശാഖകളായിപ്പിരിഞ്ഞു, കോലപ്പടയെ ചുററിവളഞ്ഞു.

ആററിലധികം വെള്ളപ്പൊക്കം ഉണ്ടായിരുന്നില്ല. തുളുനാടൻെറ സംഭ്രമവും, ഉംനാടൻെറ ഉത്സാഹക്കുറവും, സേനയുടെ ക്ഷീണനിലയും നിമിത്തം പാണ്ഡ്യനെ പൊരുതി മടക്കാനാദ്യം അവക്ക മനസ്സു മടിച്ചു. പാണ്ടിപ്പടയും പട്ടാണിപ്പടയും ആററിലിറങ്ങി. കോലപ്പടയും അടുത്തുകൂടി. ഭയങ്കരമായ യുദ്ധവുമാരംഭിച്ചു. നായർപട നീണ്ട നീണ്ട വടികൾ കൊണ്ടും പാണ്ടിപ്പട. കവിണേറുകൊണ്ടും പൊരുതാനാരംഭിച്ചു. പിന്നീട്ട് വില്ലിന്ന വില്ലും, കുന്തത്തിന്ന കുന്തവും ആക്കിവെച്ച് യുദ്ധം ചെയ്തു; അപ്പോൾ ജയമാക്കാണെന്നാക്കാനും പറയാനും സാധിച്ചില്ല. അനന്തരം ആയുധപ്രയോഗമൊഴിഞ്ഞ് കരകൌശലങ്ങൾ പ്രകാശിപ്പിച്ചു തുടങ്ങി. കേരളീയരുടെ കരകൌശലം കേമമായി കളിയാടി. ക്രുദ്ധന്മാരായ പട്ടാണികൾ വെട്ടും കുത്തും തകൎത്തു. കോലപ്പടയും മലപോലെ ചത്തൊടുങ്ങി, തുളുനാടൻ ഓടാനാരംഭിച്ചു. ഉംനാടൻ പടയിൽ അടിപെട്ടു വീണു. പ്രഭുക്കന്മാർ പരലോകം പ്രാപിച്ചു; നായർപട നാണിച്ചൊളിച്ചു. കോലൻ പോക്കളും വിട്ടോടിക്കളഞ്ഞു. പാണ്ഡ്യൻെറ ദൃഷ്ടിയിൽ പതിഞ്ഞതുമില്ല. ശേഷിച്ചവരെല്ലാം വിക്രമകേസരിയുടെ ശക്തിക്ക ഭക്ഷണമായിത്തീൎന്നു. മൂന്നാറു മുഴുവനും ശോണിതം നിറഞ്ഞു. ആനമലയ്ക്കുട്ടക്കലൊയിവീണ തലകൾ മലപോലെ പൊങ്ങി. പാണ്ഡ്യനും പടകളും കോലനെ ജയിച്ചു. സൂൎയ്യനും സാക്ഷിയായി നില്ക്കാനും അറച്ചു. കേരളഭൂഭാഗം പാണ്ഡ്യ കേതൂദയംകൊണ്ടു കലങ്ങിമറിഞ്ഞു. കോലനും യുദ്ധത്തിലേററ മുറിവും, ചതവും വെട്ടും കുത്തും വക

വെക്കാതെ പെരുമാളോട്ട സങ്കടം ഉണൎത്തിച്ചു. ചേരപ്പടയും, ഏറ്റാടിക്കിടാങ്ങളും സമാധാനമുരച്ചു. പെരുമാളും, ബ്രാഹ്മണരും ദേവനെ പ്രാൎത്ഥിച്ചു. പാണ്ഡ്യൻ അതിഭയങ്കരമായ വിധം ഒരു രാത്രികൊണ്ടു് കോട്ടയും കൊട്ടാരവും കെട്ടിയുണ്ടാക്കി. പടാണിപ്പടകളും പരിതോഷം പൂണ്ടു് പൂൎവസമുദ്രതീരത്തിന്ന വാസത്തിന്ന പുറപ്പെട്ടു. ഇതെല്ലാം ചേരഭൂപന്റെ ചാരനായ കോരൻ നല്ലവണ്ണം കണ്ടുനിന്നറിഞ്ഞു രാജസിംഹന്റെ പൌരുഷ വിശേഷത്തെ ഭയന്നു് കേരള ബ്രാഹ്മണർ പെരുമാളെ അഭയം പ്രാപിച്ചു. പാണ്ഡ്യൻ വിക്രമകേസരിയെ മധുരയിൽ ഭരണം നടത്തിക്കൊള്ളാനേപ്പാട്ട ചെയ്തു സ്വന്തം കോട്ടയിൽ താമസമുറച്ചു പാൎപ്പുതുടങ്ങി. ചേരന്റെ ചാരൻ ചിത്രകൂടത്തിലേയ്ക്കും തിരിച്ചു.

# അദ്ധ്യായം ൰൨.

## ചോളരാജ്യം.

ഇന്ന് യുഗാന്തവൃത്താന്തങ്ങളും അപ്രത്യക്ഷപുരാതനചരിത്രങ്ങളും പണ്ടുപണ്ടേ നമ്മുടെ പൂർവ്വഗാമികളായ മനുഷ്യസത്വങ്ങളിൽനിന്നും യുക്തിക്കും ബുദ്ധിക്കും, ശക്തിക്കും അനുസരിച്ച വിധം സംഘങ്ങളും, സമുദായങ്ങളും, ദേശവും, ആചാരവും, വേഷവും, ഭാഷയും; സ്ഥിതിയും, ഗതിയും, സംഭവിച്ചിരിക്കണമെന്ന് സംശയിക്കുന്ന നാം ഭൂപ്രകൃതിയേയും, ലോകോല്പത്തിയേയും സ്ഥലജലവിഭാഗങ്ങളേയും, പർവ്വതസ്ഥിതിയേയും, സസന്തോഷം ചരിത്രദൃഷ്ടികൊണ്ടും ശാസ്ത്രചക്ഷുസ്സുകൊണ്ടും, സിദ്ധാന്തസ്ഥാപനങ്ങൾകൊണ്ടും, പരീക്ഷണപ്രകാരവികാരങ്ങളെക്കൊണ്ടും പരമാർത്ഥബുദ്ധിക്കു പ്രമാണങ്ങളായി പ്രകാശിപ്പിക്കുന്നുണ്ടെന്ന്, പാശ്ചാത്യരും, പലപല രൂപത്തിലായി പ്രത്യക്ഷപ്പെടുത്തിക്കഴിഞ്ഞിട്ട് കാലം കുറേയേറെച്ചെന്നിട്ടുണ്ടെന്ന് സമ്മതിച്ചേ മതിയാവൂ; എങ്കിലും അന്നു യുഗവാർത്തയും, ഋഷികുലവും, മൂഢവിശ്വാസത്തെ മാത്രമാസ്പദമാക്കി വച്ചിരിക്കയാണെന്നു മതസ്ഥാപകന്മാരുടെ മതിക്കു തോന്നാതിരുന്നില്ല. മനുഷ്യജന്മത്തിനുള്ള മാഹാത്മ്യം, മററുള്ള ജീവജാലങ്ങളെ സ്വാധീനമാക്കിവെക്കുന്ന സംഭവങ്ങളാൽ സ്ഥാപിതമാണെന്ന് സിദ്ധാന്തിക്കുന്ന വിശിഷ്ടമതികൾ സൃഷ്ടിയുടെ പൂർവ്വാചാരങ്ങളെ ബുദ്ധിപൂർവ്വം പ്രകാശിപ്പിച്ചിരിക്കയാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. പുരാണകാലംതുടങ്ങി ഹിമവാൻെറ തെക്കുകിഴക്കും തെക്കുപടിഞ്ഞാറുമുള്ള സ്ഥലഭാഗവും ജലഭാഗവും മനുഷ്യപ്രകൃതിക്കു് സ്വാധീനമായിത്തീർന്നിരുന്നുവെന്ന് ഇന്നത്തെ ചരിത്രപഠനംകൊണ്ട് നമുക്ക് മനസ്സിലാക്കാം.

"ആകമാനം മനോഹരതരമായി ഉല്ലസിച്ചുകൊണ്ടിരുന്ന പ്രാചീനാര്യാവർത്തം സകലജീവികളുടേയും അധിവാസത്തിനു അത്യധികം യോജിച്ചതായിത്തീർന്നു." എന്നു സുപ്രസിദ്ധമാണല്ലോ. അവിടെത്താമസമുറപ്പിച്ച മനുഷ്യരുടെ ബുദ്ധിശക്തിവി

ശഷേത്തിൽനിന്നും പരിഷ്കാരപദ്ധതികൾ പുറപ്പെട്ടുതുടങ്ങി എന്നു പാതിരിമാരും പറയാതിരിക്കുന്നില്ല.

അന്നു ജാതിഭേദം ഉണ്ടായിരുന്നു എങ്കിലും വർണ്ണസങ്കരവും മതഭേദവും അവരുടെ ഇടയിൽ ഇല്ലാതിരിക്കയാൽ ഏകോദര സഹോദരന്മാരായി വർത്തിക്കാനും, കാലാനുകൂലം സ്വന്തം ജീവികാവൃത്തിക്കുതകുന്ന ഭൂഭാഗങ്ങളെ കണ്ടുപിടിച്ച് പാർപ്പിടം പ്രബലപ്പെടുത്താനും സമഭാവനയെ ഭൂഷണമാക്കിത്തീർക്കാനും അവർക്കു സാധിച്ചിരുന്നതായി തീർത്തുപറയാം.

എന്നാൽ അവരിൽ ചിലർ ദൈവദത്തമായ ബുദ്ധിശക്തിയെ തങ്ങളുടെ മാംസദൃഷ്ടിക്കു വിഷയീഭവിക്കുന്നവസ്തുക്കളിൽ പ്രയോഗിച്ചതിൻെറ ഫലമായി സ്വാതന്ത്ര്യത്തിൻെറ മാഹാത്മ്യം അറിഞ്ഞു സന്തോഷിച്ചിരുന്നതായി ചിന്തിക്കാമെന്നല്ലാതെ "സ്വാതന്ത്ര്യം പലപല പരിഷ്കാരങ്ങൾക്കുമൂലകാരണമാണെ" ന്നുള്ള ബോധംവന്നിട്ടുള്ളതായി പറയാനില്ല.

പിന്നീട് സ്വാതന്ത്ര്യത്തിൽനിന്നും സ്വാർത്ഥത്തേയും, സ്വാർത്ഥംകൊണ്ടു ബന്ധുത്വത്തേയും, ബന്ധുഭാവത്തെ സഹവാസബലത്തോടും ഘടിപ്പിച്ചു പല ദേശവഴികളേയും ജാതിസ്വരൂപങ്ങളേയും സ്വായത്തമാക്കി മാനാഭിമാനംമൂലം അധികാരികളായിത്തീരാനാലോചിച്ചുതുടങ്ങി. തൽഫലമായിട്ടു അവർക്കു സ്ഥാനമാനങ്ങളും, പ്രശസ്തജീവിതക്രമങ്ങളും, രാജത്വം മുതലായവയും സ്വാധീനമായി സംഭവിച്ചു. ഇതെല്ലാം അവരുടെ ബുദ്ധിബലത്തേയും കായക്ലേശത്തേയും സംഘസംയോജനത്തേയും സഹവാസസൌഖ്യവത്തേയും ആശ്രയിച്ചു വർദ്ധിക്കുന്നതിനു ഭൂപ്രകൃതിയും, കുലപർവ്വതസ്ഥിതിയും നദീനദങ്ങളുടെ ഗതിയും വേണ്ടുവോളം അനുകൂലിക്കയായിരുന്നു.

ഇങ്ങനെ സൃഷ്ടിയുടെ ആരംഭം തുടങ്ങി കൃതത്രേതദ്വാപയുഗങ്ങളിലായി അനേക രാജകുലങ്ങൾ അഭിവൃദ്ധമായിത്തീർന്നതാണെങ്കിലും അവയുടെ പൂർവ്വസ്ഥിതിയെപ്പററി പറയാൻ ആർക്കും സാധിക്കയില്ലെന്നു പരിഷ്കാരികൾ വിശ്വസിക്കേണ്ടതാണ്. അങ്ങനെ അനേകശതവർഷങ്ങളിലായി തങ്ങളുടെ ആധി

പത്ഥ്യത്തിന്നും അധിവാസത്തിന്നും പാത്രമാക്കിത്തീൎന്നിരുന്ന ഭാരതഖണ്ഡത്തിൽ ദക്ഷിണതീരംസമീപിച്ചു പത്താംശതാബ്ദത്തിന്നു അല്പം മുമ്പിലായി ചോളദേശം ദ്രാവിഡന്മാരുടെ മകുടമാണിക്യമായി വിളങ്ങിക്കൊണ്ടിരുന്നു. കുടകുമലയും, കാവേരിനദിയുടെ ഗതിയും ബംഗാൾഉൾക്കടലിന്റെ സ്ഥിതിയും ആ ഭൂഭാഗത്തെ ഫലവൎഗ്ഗങ്ങളെക്കൊണ്ടും, കൃഷിവൃദ്ധിയെക്കൊണ്ടും, പ്രശോഭിപ്പിച്ചു. അന്നവിടെ പരാന്തകനെന്നൊരു പാൎത്ഥിവരത്നം ദ്രാവിഡചക്രവൎത്തിയെന്ന പ്രശസ്തപതാകയെ പറപ്പിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ പൂൎവ്വികന്മാരായ വിജയപാലൻ പരമകേസരിവൎമ്മൻ, രാജാദിത്യൻ തുടങ്ങിയ രാജരാജേശ്വരന്മാർ ജന്മനാബന്ധുക്കളായ ചേരഭൂപന്മാരോടു ബന്ധുത്വം ഭാവിച്ചിരുന്നു. പരാന്തകൻഅതിപ്രതാപവാനായിഭരണത്തിനുചോളഭൂമിയെ സ്വയംവരിച്ചതോടുകൂടി ചോളരാജ്യത്തിന്റെ പ്രകൃതിസ്ഥിതിക്കു തെക്കുഭാഗം പാണ്ഡ്യരാജ്യവും പടിഞ്ഞാറ ശ്രീപരശുരാമക്ഷേത്രമായകേരളവും വടക്കുംകിഴക്കും ചാലൂക്യഭൂമിയുമായിരുന്നു എന്നു് പ്രസിദ്ധിയുണ്ടു്. അദ്ദേഹം സ്വതസ്സിദ്ധപൗരുഷബലംകൊണ്ടു് സമീപദേശങ്ങളെല്ലാം സ്വന്തമാക്കാൻ സദാ ശ്രദ്ധിച്ചുകൊണ്ടിരുന്നുവെങ്കിലും സ്വജന്മഭൂമിയിൽ സത്യത്തേയും ധൎമ്മത്തേയും വഴിയാംവണ്ണം പാലിച്ചും സ്വപ്രജകളെ പുത്രനിൎവ്വിശേഷം സ്നേഹിച്ചും അയൽരാജാക്കന്മാരുടെ ആക്രമണത്തെ തടഞ്ഞും കവികുലങ്ങളെ രക്ഷിച്ചും കള്ളന്മാരെ കണ്ടുപിടിച്ചു സൈന്യങ്ങളിലാക്കിയും, നാട്ടിലെങ്ങും ദൈവതാരാധനകളും, ബ്രാഹ്മണസന്തൎപ്പണാദികളും, ആലയപ്രതിഷ്ഠകളും സമൃദ്ധമാക്കി ചെയ്തും ശിവദേവനെ സദാ ഭജിച്ചും ശരണാഗതന്മാൎക്കു അഭയമനുഗ്രഹിച്ചും ആശ്രിതവത്സലനെന്ന തിരുനാമം തെളിയിച്ചും ആരോടും സമത്വം ഭാവിച്ചും സീമാതീതമായ കീൎത്തിപതാകയെ പ്രകാശിപ്പിച്ചും ഉറയൂർദേശം തലസ്ഥാനമാക്കി ഭരിച്ചുവന്നു. അദ്ദേഹത്തിന്നു ദിഗന്തവിശ്രാന്തവിശ്രുതനായ വിദ്യാസാഗരനെന്നൊരു ധീരസചിവൻ സൎവ്വസമ്മതനായി മന്ത്രിപദത്തിൽ പ്രശോഭിച്ചുകൊണ്ടിരുന്നു.

പരാന്തകൻ പ്രസിദ്ധമന്ത്രിയുടെ മനോഗുണമഹിമയെ അഭിനന്ദിച്ചുകൊണ്ടു ചോളമണ്ഡലം മുഴുവൻ മന്ത്രിയുടെ മന്ത്രത

ന്ത്രങ്ങൾക്ക സ്വാതന്ത്ര്യമാക്കിത്തീൎത്തു. പിന്നെ സ്വയം സാഹിത്യകലാവിദഗ്ദ്ധന്മാരോടും സംഗീതശാസ്ത്രവിശാരദന്മാരോടും വേദാന്തവിചാരകന്മാരോടും ദിവാനിശം വാദപ്രതിവാദകോലാഹലങ്ങളിലിടപെട്ടു വിനോദിക്കയായിരുന്നു. ഇങ്ങനെ പല നാൾ സുഖിച്ചിരിക്കവെ ഒരുദിവസം ദക്ഷിണകേരളന്റെ മന്ത്രി ഒരു തിരുവെഴുത്തുംകൊണ്ടു ചോളരാജസവിധത്തിലെത്തി. അപ്പോൾ പരാന്തകൻ പണ്ഡിതസഭയ്ക്കു പ്രാമാണ്യമേററു പ്രകാശിക്കയായിരുന്നു. എങ്കിലും ചേരന്റെ മന്ത്രിയെ സദയം ക്ഷണിച്ച് സ്വന്തം സഭയെ സഗൌരവം പിരിച്ചയച്ച് വിശേഷവാൎത്തകളറിവാൻ ഉൽസുകനായിച്ചമഞ്ഞു. അനന്തരമരചൻ ആഗന്തുകനോടു പ്രസന്നവദനനായി കുശലപ്രശ്നങ്ങൾകൊണ്ടു കേരളവാൎത്താവിശേഷമറിയിയ്ക്കാൻ ആവശ്യപ്പെട്ടു. ചേരസചിവൻ രാജമൎയ്യാദകളനുസരിച്ചു വന്ദനമുറകളനുഷ്ഠിക്കുകയും, ചേരകല്പനയെ തിരുവെഴുത്തുവഴി തൃപ്പാദത്തിലൎപ്പിക്കയും ചെയ്തു.

സന്തുഷ്ടമനസ്കനായ പരാന്തകൻ പ്രണാമപദ്ധതിയെ സമാധാനബുദ്ധ്യാ സമ്മതിച്ചിട്ട് "അല്ലയോ! ചേരസചിവാ, നിങ്ങളിങ്ങുവന്നതിലെനിക്കും ചാരിതാൎത്ഥ്യമുണ്ട്. ചേരന്റെ കുറിയ്ക്കു കാൎയ്യമെന്താണോ? അദ്ദേഹത്തിനുവേണ്ടി ഞാൻ എന്തു ചെയ്യാനുമൊരുക്കമുണ്ട്. സർവ്വഥാ വിജയിയാണല്ലോ ചേരൻ". എന്നു വിചാരിച്ചുംകൊണ്ട് കുറിപൊളിച്ചു സശ്രദ്ധം വായിച്ചു. പിന്നീടു പ്രകാശത്തിൽ ഇങ്ങനെ പറഞ്ഞു. "അയ്യോ കഷ്ടം! കാലം പാടെ മറിഞ്ഞിരിക്കയാണ്. പാണ്ഡ്യന്റെ ദുഷ്പ്രതാപം പണ്ടേ പ്രസിദ്ധമാണെന്ന് എനിക്കറിയാം. കേരളത്തിലും കാലുകുത്താൻ ചേരനുള്ളപ്പോൾ സാധിക്കുമെന്ന് വിചാരിച്ചത് ശുദ്ധമേ അബദ്ധം. പെരുമാളുടെ ഭരണം കേരളീയരുടെ പെരുമയ്ക്കു പ്രധാനകാരണമെന്ന് മൂഢൻ മനസ്സിലാക്കിയില്ലല്ലോ? പ്രാചീനകാലംതുടങ്ങി ചോളനും ചേരരും ഒന്നാണെന്നുള്ളബോധം ദുഷ്ടന്റെ ദുർബ്ബുദ്ധിക്കു എത്തീട്ടില്ലായിരിക്കാം. ചേരന്റെ വിചാരത്തെ പാരാതെ പിൻതുടരുന്നുണ്ട്. ഞാനുമിതു ഓൎക്കാതിരുന്നില്ല. പാണ്ഡ്യനെനിക്കു പരമശത്രുവും ചേരനാത്മമിത്രവുമാണല്ലോ. മധുരപ്പടയെ പേടിക്കാനില്ല. പട്ടാണിപ്പടയ്ക്കു കുററാലം മതിയാകും; ഞാനും എന്റെ പടത്തലവന്മാ

ർും പാണ്ടിനാട്ടതിർത്തിയിലിരിക്കും. ഭയപ്പെടാനൊന്നുമില്ല. പടകളെല്ലാമൊരുക്കമാണ്. ഓഹോ! ഇതത്ര വലിയ കാൎയ്യമില്ല. ഈ വിവരം ചെന്നു ചേരനെ മനസ്സിലാക്കൂ.

ചേരമന്ത്രി:—ചോളശ്വര, ഭവാന്റെ മഹാമനസ്കതയ്ക്കു അനേകം വന്ദനം. ഞങ്ങൾക്കു പാണ്ടിരാജാവ് ഭയപ്പെടേണ്ടവനല്ല. ഭവാൻ തുണയ്ക്കുന്നുണ്ടെങ്കിൽ പാണ്ഡ്യന്റെ തോന്ന്യാസം ക്ഷണത്തിൽ നശിപ്പിക്കാം. കേരളം പിടിച്ചടക്കാൻ പാണ്ഡ്യനുണ്ടോ പൌരുഷം. ശിവഗിരിക്കുസമീപം പോരുതുടങ്ങും. പെരുമ്പടകളും പ്രധാനവീരരും പ്രതാപവാനായ ഭവാനും പോൎക്കളത്തിലെത്തിയാൽ മതി. ചേരന്ന് സ്വല്പശങ്കയുള്ളതും ഇപ്പോൾ തീരും. മറുപടിയെല്ലാം വഴിയേ ചേരനോടു ചൊല്ലാം. ചോളേശന് വരദരാജദേവനെന്നും ശോഭനം ചൊരിയട്ടെ. ഭവാൻ ദീൎഘായുസ്സായി ചിരം വാഴക",

ചോളഭൂപൻ:—മന്ത്രിസത്തമ, ചൊല്ലിനു രണ്ടില്ല. ചേരൻ നമുക്കു നല്ല ബന്ധുവാണ്. സമാധാനമല്ല ഇപ്പോൾ പറഞ്ഞതു്. സത്യമായും പാണ്ടിപ്പടയെ പോരിലൊട്ടുക്കാൻ നിശ്ചയിച്ചിട്ടുണ്ട്. ചേരനും പാണ്ടിക്കു പങ്കാളിയാകും. എന്റെ പ്രതാപം പ്രളയ രുദ്രനെയും പേടിപ്പിക്കും എന്നു പോരിൽ പ്രത്യക്ഷമായി പറയും; സംശയിക്കാനൊന്നുമില്ല. യുദ്ധത്തിന്നു വേണ്ടുന്ന സഹായങ്ങളെല്ലാം സജ്ജമാക്കീട്ടുണ്ട്. ഇങ്ങനെയെല്ലാമങ്ങു ചൊല്ലാം.

ചേരമന്ത്രി:—പാണ്ഡ്യൻ ഇന്നു ആനമലവഴി വടക്കു കേരളത്തിലെത്തീട്ടുള്ളതു് പറയാൻ വിട്ടുപോയി. പെരുമാളുടെ കാലക്കേടു കോലന്റെ പരാജയത്തിനും പാണ്ഡ്യന്റെ പ്രതാപത്തിനും കാരണമായി വരികയില്ല. ചേരപ്പടകൾ ചെന്നുകാണും. ശിവഗിരിക്കു സമീപത്തെത്താൻ താമസിച്ചാൽ, ചേരനേയും പാണ്ഡ്യനൊട്ടുക്കാതെ വിടുകയില്ല. ഒന്നിനും താമസം വരാതെ സൂക്ഷിച്ചു കൊള്ളേണ്ടു ചുമതല സമക്ഷത്തിലൎപ്പിച്ചിട്ടുണ്ട് എന്നു വീണ്ടും വീണ്ടും ചോളന്റെ പാദം തൊട്ടുവന്ദിച്ചു.

ചോളഭൂപൻ :—മന്ത്രി, അമാന്തിക്കേണ്ട. ചേരനോടു വിവരം പറയാം. പാണ്ഡിപ്പടയെ മണ്ടിക്കുന്നുണ്ട്. ചോളസൈന്യം കേരളീയൎക്കെന്നും തുണയാണെന്നു ചേരനു വിശ്വാസം കാണും. ചേരൻെറ ശ്രേയസ്സു ചോളനു വളരെ തൃപ്തികരമാണ്. ചേരനെ കേരളനാഥനായും, പാണ്ഡിക്കു പങ്കാളിയായും ഭവിപ്പിക്കാൻ ശ്രീ പത്മനാഭൻ സഹായിക്കട്ടെ.

എന്നിങ്ങനെ സോല്ലാസം ചോളൻ ചാടിപ്പറഞ്ഞവസാനിപ്പിച്ചു. പിന്നീടു സന്തുഷ്ടനായ ചേരമന്ത്രി, വിനയാദരങ്ങളോടു യാത്രയും പറഞ്ഞു തിരിയെ പുറപ്പെട്ടു.

ചോളേശൻ, പാണ്ഡ്യൻെറ പരാക്രമവും ചേരൻെറ ചിത്തവും ചിന്തിച്ചു ചിന്തിച്ചു സ്വന്തം ഭാവിയെ ചോളപാണ്ഡ്യചേരദേശങ്ങൾക്കു നാഥനാക്കിത്തീൎക്കാനുള്ള വഴികളിൽ യഥേഷ്ടം വിഹരിപ്പിച്ചുകൊണ്ടും കാമേശ്വരിയുടെ കായകാന്തിയേയും സാഹിത്യ പാടവത്തേയും, സംഗീത വൈദഗ്ദ്ധ്യത്തെയും കേട്ടുകേട്ടാനന്ദിച്ചു കൊണ്ടും സായാഹ്നത്തിനു സ്വല്പം മുമ്പായി പൂങ്കാവന യാത്രയെ വിനോദാൎത്ഥമവലംബിച്ചു.

# അദ്ധ്യായം ൧൯.

മലനാട്ടുവാൎത്ത.

യോഗീശ്വരൻ ചേരഭൂപന്റെ ഭക്തി വിശേഷത്തെയും, സ്വപാദാച്ഛന്നവൈഭവത്തെയും, കേരള വാസികളുടെ കൎമ്മശ്രദ്ധയേയും, മനസ്സുകൊണ്ടു ചിന്തിച്ചും, വാക്കുകൊണ്ടു പറഞ്ഞും, കരചരണാദികളെക്കൊണ്ട് കുറിച്ചും നോക്കി കഴിയുന്നതുമവസാനിപ്പിക്കാമെന്നാലോചിച്ചു; എന്നാൽ നിശയുടെ ശൈലൂഷീഭാവത്തെ നിശ്ശേഷം നിന്ദിച്ചും, സുധാംശുവിന്റെ സുധാമയപ്രഭാധാരയെ വ്യൎത്ഥാ ആമയങ്ങളായി അപലപിച്ചും, ആകാശ ദേശത്തിലങ്ങുമിങ്ങും തെളിഞ്ഞു വിളങ്ങുന്ന ചെറിയ താരാഗണങ്ങളെ നൊക്കി ഗ്രഹാധിപതികളോട്ടു സ്വഭാവിയെ ഭാവുകമാക്കി തീൎക്കാനപേക്ഷിച്ചും കാമേശ്വരിയുടെ കായകോമളിമയെ കൂലങ്കഷം കണ്ണുകൊണ്ടെങ്കിലും ഒന്നുകണ്ടിരിക്കാൻ കൊതിച്ചും, പൂങ്കാവന വാസത്തെ ആശ്രമാന്തര സ്വീകാര ഫലമായി സമൎത്ഥിച്ചും, ചേരഭൂപനെ സ്വശ്വശുരനായി സ്വീകരിക്കുന്നതിന് സ്വയംഭൂവോട്ടു സപ്രശ്രയദ്ധ്യാന പദ്ധതിയുറപ്പിച്ച് അഭ്യൎത്ഥിച്ചും, കേരളവാൎത്തയും പാണ്ഡ്യപ്രതാപവും, സന്യാസവൃത്തിയും, സമ്മിശ്രമാക്കി ജാതകപരീക്ഷകളാൽ ഫലം പരീക്ഷിച്ചും പ്രാൎത്ഥനാശതങ്ങളാൽ സ്വചിന്തയെ സ്വച്ഛന്ദം സഞ്ചരിപ്പിച്ചും നിദ്രാസമയം അമങ്ഗളമാക്കാതെ കഴിച്ചു.

സഹസ്ര രശ്മിയുടെയും, സദാഗതിയുടേയും, കാല പുരുഷന്റേയും നിത്യകൃത്യങ്ങൾ സന്യാസ വൃത്തിയേയും സാംസാരിക ബുദ്ധിയേയും, സമയസൂചനാവഴി, സകല ജീവജാലങ്ങളിലും തങ്ങൾക്കുള്ള സ്വാതന്ത്ര്യാവകാശത്താൽ നിയന്ത്രിച്ചു തുടങ്ങി.

ശുദ്ധ സത്വ സ്വരൂപത്തിലവധിയില്ലാതെ, ബ്രഹ്മാണ്ഡ കടാഹ മണ്ഡലം മുഴുവനുമാവരണമാക്കി, സ്വാവകാശത്തെ സ്ഥാപിച്ചിരിക്കുന്ന വിഷ്ണുപദം, ഭൂത പ്രേത പിശാചാദികളുടെ, പ്രതാപതീവ്രതയെ ദിനം പ്രതിസംഹരിച്ചും, അഭിസാരിക

കളുടേയും വിടശിഖാമണികളുടെയും ചോരകലങ്ങളുടേയും, ഹൃദന്തർലീനമായിഅടങ്ങിക്കിടക്കുന്ന സ്വച്ഛന്ദ സഞ്ചാരബുദ്ധിക്കു വിഘ്നജനകമായ കോപാനലധൂമകാലിമാപങ്ക്തിയെ സമയാനുകൂലം സ്വന്തമാക്കിയണിഞ്ഞും, നക്ഷത്രപങ്ക്തികളേയും, നവഗ്രഹവിഗ്രഹങ്ങളേയും, സ്വനേത്രപങ്ക്തികളാക്കി തെളിഞ്ഞും കമ്മികളുടെ കാമനാശതങ്ങളെ കൈയ്യേല്ക്കുന്ന കാൎയ്യത്തിൽ, നിദ്രാപിശാചിയേ ഏല്പിച്ചും ലോക ചക്രവാളത്തിരയ്ക്കുള്ളിൽ യഥേഷ്ടം തുള്ളിച്ചാടി, മോടിപിടിച്ച്, മണ്ടിനടന്നു മേളംകൂട്ടിയ മോഹാന്ധ തമസ്സിനെ സ്വധാമമമായി അഭിമാനിച്ചും, ലോകചക്ഷുസ്സിനെയും പ്രഭാകരഭാസ്സിനേയും മറച്ചു രസിച്ചും മാനാതീത പ്രൌഢിയോടുകൂടി മാനിച്ചിരിക്കവെ, മിഹിരൻ മന്ദം തലപൊക്കി മാനിയെ അഭിനന്ദിച്ചു.

അപ്പോഠം സന്ന്യാസി നിർഭയനായി ബൃന്ദാവനം വിട്ടു പുറത്തിറങ്ങി. പരിചാരകന്മാരും പാൎശ്വദേശത്തിലെത്തി പുഷ്പസഞ്ചയം, പരിഭ്രമത്തോടു പാത്രപുടങ്ങളിൽ പൂരിപ്പിച്ചുവെച്ചു. നന്ദവനതടാകതീരമനന്തനും പറഞ്ഞനുമോദിച്ചാലൊടുങ്ങാത്തവണ്ണം, പലജാതി പുഷ്പവൃക്ഷങ്ങളേക്കൊണ്ടും, നാനാവിധ വല്ലിക്കൂട്ടങ്ങളെകൊണ്ടും വിളങ്ങിക്കൊണ്ടിരുന്നു. മന്ദമാരുതൻ അമന്ദാനന്ദത്തോടു ദക്ഷിണോത്തര ഭാഗങ്ങളിലായി അലഞ്ഞുകൊണ്ടിരുന്നു. അകാലപ്രായശ്ചിത്തപരിഹാരാചാരണത്തിനു അവസരമനുവദിക്കാതെ, പത്തുനാഴിക നേരംകൊണ്ട് പൂജ പരമാൎത്ഥിയുമവസാനിപ്പിച്ചു. മാദ്ധ്യാഹ്നിക സ്നാനവും ജപവുമൊരുമിച്ചോട്ടിവിട്ടു. പിന്നെ ഭിക്ഷയ്ക്കിതവസരമെന്ന് പരിചാരകനെ വിളിച്ചറിയിച്ചു. പാചകൻെറ ഉപചാരങ്ങളും പാകത്തിൻെറ വൈശിഷ്ട്യവും വൎണ്ണിവില്ല വെച്ചില്ല. "വേഗം-വേഗം" എന്നവാക്കുമാത്രംവെളിക്കു വിങ്ങിവിങ്ങിക്ഷണേക്ഷണേ പൊങ്ങിച്ചു കൊണ്ടിരുന്നു; പതിമൂന്നു മിന്നിട്ടു കൊണ്ടു ഭിക്ഷയും പൂൎത്തിയാക്കി. പരിചാരകൻെറയും പരിജനങ്ങളുടെയും പ്രീതിക്കു പാത്രമാകേണ്ടവനല്ല ഇവനെന്നു വിളിച്ചു പറയുന്നതുപോലെ വീരാവേശം സ്വപ്രവൃത്തിയിൽ പ്രദൎശിപ്പിച്ചു നടന്നു. സന്ന്യാസിയെ പ്രതീക്ഷിച്ചുകൊണ്ടു രാജസേവകനുമട്ടുത്തുകൂടി. സൎവ്വവും സന്ന്യാസി സദയം ശ്രദ്ധിച്ചിരിക്കയാൽ

ചോദ്യോത്തരങ്ങളൊന്നുമാവശ്യപ്പെടാതെ "അങ്ങോട്ടു തന്നെ പുറപ്പെടാൻ നിശ്ചയിച്ചിരിക്കയായിരുന്നു. ഇതാ പുറകെവരുന്നുണ്ട് വേഗം നീ വിവരം ചേരഭൂപനെ മനസ്സിലാക്കൂ" എന്നു സ്വയം വിളിച്ചു പറഞ്ഞു ദൂതനെ മടക്കി. രാജസേവകൻ സമാശ്വസിച്ചു മട്ടിലായി മുനിപദത്തിൽ മുഖമമർത്തി. സന്ന്യാസിയുമതു സൂക്ഷിച്ചില്ല. സേവകനുടനെഴുന്നേറ്റോടി; എങ്കിലും അവനു "സന്ന്യാസിയെ സംശയിക്കാനുണ്ട്" എന്നു മനസ്സുകൊണ്ട് കുറിച്ചിടാതെ വഴിയാത്ര പൂർത്തിയാക്കാൻ ഭാവമില്ലായിരുന്നു.

രാജസേവകൻ ചേരസവിധം എത്തുന്നതിനു മുമ്പ് ശശധാവനമഭ്യസിച്ചവനാണെന്നു സംശയിക്കുമാറു സ്വാമികൾ സഭാമണ്ഡപപ്രവേശം നിർവഹിച്ചു കഴിഞ്ഞു. അവിടെ ചിന്താഗ്രസ്തനായ ചേരനാഥൻ, സ്വാമിയെ എതിരേററാസ്ഥാനപീഠത്തിലമർത്തി താനുമടുത്തു കിടന്നാസനത്തിൽ യതിവരുതിയാലിരുന്നു. പരസ്പരമൌനവൃത്തികൊണ്ടു പതിനഞ്ചു മിനിട്ടുമൊരുക്ഷണം പോലെ ചിന്തയ്ക്കു വഴികൊടുത്തു. ദൈവഗത്യാ സംഭാഷണാവസരം വ്യർത്ഥമാക്കിത്തീർക്കാനവർക്കു മിഷ്ടമില്ലെന്നുള്ള പരമാർത്ഥം, വടക്കേ പോർക്കളത്തിലേയ്ക്കു പാണ്ടിഭൂപൻെറ പ്രവേശമറിഞ്ഞു വരാൻ ചെന്നിരുന്ന കോരൻ പ്രബുദ്ധ സമയമറിയാതെ രാജസദസ്സിൽ കയറിച്ചെന്നതു 'സന്തോഷാവഹമായെന്നു' മന്ദഹാസം കൊണ്ടു രാജർഷിയും, യതിരാജനും സ്വീകരിച്ചതിൽനിന്നു വ്യക്തമാകുമല്ലൊ. അനന്തരം ചേരൻ സ്വന്തം ചിന്തകൾ വെടിഞ്ഞു. ദീർഘത്തിലൊന്നു നിശ്വസിച്ചു കോരനെ സൂക്ഷിച്ചു നോക്കിത്തുടങ്ങി.

സ്വല്പവും സൌജന്യമോ, സൌഹാർദ്ദമോ, സമാധാനമോ തോന്നാനിടയാക്കാതെ കോരൻ തൊണ്ടയിടറി സംസാരിക്കാൻ ഭാവിച്ചു. യതിവിധിയെ വിളിച്ചു സമാശ്വസിച്ചു. ചേരനും ചോദ്യമോരോന്നും കോരനോടു മുറയ്ക്കു ചോദിക്കാനാരംഭിച്ചു.

"എടോ കോരൻ. കാലതാമസത്തിനു കാരണമെന്തു? കോതമംഗലം പോർക്കളത്തിൽ പാണ്ടിപ്പട എത്തിക്കഴിഞ്ഞു

വോ? കോലനെ സഹായിക്കാൻ പടക്കളത്തിൽ വന്നിട്ടുള്ള വരാരെല്ലാമാണ് എന്നു അറിയാമോ?

കോരൻ —തിരുമേനി! സദയം ക്ഷമിക്കണം; യുദ്ധം നിമിത്തം താമസം വന്നു. പാണ്ടിപ്പട ഭയങ്കരങ്ങളാണ്. പട്ടാണി ക്കൂട്ടവും പാണ്ഡ്യന്റെ പുറകിൽ കണ്ടു, കോലനെ പോരി ൽ തുണയ്ക്കാൻ, തുളുനാടനും, ഉറനാടനും, ചില പ്രഭുക്ക ന്മാരുമുണ്ടായിരുന്നു. എനിക്കു മോഹാലസ്യം വരുന്നു!

ചേരൻ: —എന്ത്! മോഹാലസ്യമോ?

കോരൻ: —തിരുമേനി, ബദ്ധപ്പെടരുതേ? പോക്കളം ശവക്കള മായിക്കണ്ടു. സാഹസങ്ങളൊട്ടധികം സഹിച്ചു. സമര ത്തിൽ കേരളീയർ ചത്തുമടിഞ്ഞു" എന്നു ഇത്രയും പറഞ്ഞു തീരുന്നതിനു മുമ്പ് മൂർച്ഛിച്ചു നിലം പതിച്ചു. ചേരൻ ഭയാകുലനായിത്തീർന്നുവെങ്കിലും ചാരത്തുനിന്നിരുന്ന പരി ചാരകന്റെ പരിചരണ ശക്തിയാൽ പെട്ടെന്ന് കോരന് മൂർച്ഛതെളിഞ്ഞു; മന്ദം മന്ദം മറുപടി പറയാൻ മുഖം നോക്കി.

ചേരൻ: —സങ്കടം തോന്നുന്നെങ്കിൽ സംസാരിക്കേണ്ട. പറയാ നാരംഭിച്ചതു് പൂർത്തിയാക്കിയാൽ മതിയാകും. പാണ്ഡ്യ ന്റെ പ്രതാപമറിയാനാണ് പ്രയാസം.

കോരൻ: —(പൌരുഷം വിട്ട പതിഞ്ഞ സ്വരത്തിൽ) തിരുമേ നി, തുളുനാടൻ, തുള്ളിച്ചാടിക്കടന്നു കളഞ്ഞു. ഉറനാടൻ നല്ലവണ്ണം ഉത്സാഹിച്ചു; എങ്കിലും പട്ടാണിപ്പടകൾ ഉയിരെടുത്തുവിട്ടു; പ്രഭുക്കന്മാർ ആകമാനം അരനിമിഷം കൊണ്ടു് വിണ്ണുപദമവലംബമാക്കി. യുദ്ധമുറകൾ അനവ ധി നടത്തി. പാണ്ടിപ്പടകൾ നായർപ്പടകളെ നിലം പതിപ്പിച്ചു. മൂന്നാറുതീരം, മൂന്നുനാലു ദിവസംകൊണ്ടു ശവക്കുന്നായി ചമഞ്ഞു.

ചേരൻ: —(സ്വഗതം) കോലന്റെ കഥയെന്താണോ? ചേരപ്പ ടയെക്കുറിച്ചൊന്നും പറയുന്നില്ലല്ലോ? പടമല നായരും ഏറാടിക്കിടാങ്ങളും വടക്കുചെന്നു പററീട്ടില്ലായിരിക്കുമോ?

പട്ടാണിപ്പട പാണ്ഡ്യനെ സഹായിക്കയാണോ? കോരനോട ചോദിച്ചാലതൊക്കെ അറിയാമോ, എന്തോ? (പ്രകാശം) യുദ്ധക്കളത്തിൽ കണ്ട കാഴ്ചയെല്ലാം വേഗം പറയൂ. ഒന്നിനും പരിഭ്രമിക്കേണ്ട. 'ശ്രീപത്മനാഭൻ നമുക്കുണ്ട്.'

കോരൻ:—തിരുമേനി, കോലൻ കഴിയുന്നതും മൂന്നു ദിവസം കുത്തും, വെട്ടും, തട്ടും, മുട്ടുമൊക്കെ കൊണ്ട കരുതിക്കഴിച്ചു. നിലയ്ക്കു സ്വല്പവുമാശ്വാസമില്ലെന്നു കണ്ടപ്പോൾ പരിപന്ഥികളുടെ കണ്ണ് കെട്ടീട്ടു കോളിൽ കടന്നു.

ചേരപ്പടയെ പോരിൽ കണ്ടില്ല. പാണ്ടിപ്പടയും ബലമുറപ്പിച്ചു. പാണ്ഡ്യൻ പുതിയൊരു കോട്ടയുംകെട്ടി താമസമുറപ്പിച്ചു. ഞാനുമെൻെറ ജീവനുംകൊണ്ട് തിരയെപ്പൊന്നു

ചേരൻ:—പാണ്ഡ്യൻ പാണ്ടിക്കു പ്രയാണമായില്ലെന്നു നിശ്ചയമുണ്ടോ? പട്ടാണിപ്പട വെറുതേ നില്ക്കുകയില്ലെന്നു നമുക്കറിയാം.

കോരൻ:—പാണ്ഡ്യൻ പുതിയകോട്ടയിൽ പാക്കുന്നു. മറവർപട മലയാളം മുടിക്കാൻ മലനാട്ടിൽ നടക്കുന്നു. പട്ടാണിപ്പട കൊളമ്പിലേയ്ക്കു പോകുന്നുണ്ടെന്നു പറയുന്നതു കേട്ടു.

ചേരൻ:—കോരൻ പറഞ്ഞതെല്ലാം പരമാൎത്ഥമെന്നറിഞ്ഞു. ചേരപ്പടയുടെ സ്ഥിതിഗതികൾ അറിഞ്ഞുവരാൻ വീണ്ടും കോരൻ ചെന്നാൽ കൊള്ളാമെന്ന് മോഹമുണ്ട്. താമസം അധികം പാടില്ല.

കോരൻ:—തിരുമേനി, കല്പനപോലെ. അടിയൻ ഇന്നുതന്നെ വിടകൊള്ളാം. എന്നു നടന്നു.

"ശിവ ശിവ ശ്രീപരശുരാമപ്രതിഷ്ഠയ്ക്കു ഭംഗം തട്ടിത്തുടങ്ങിയോ? ഒരുനൂറു കൊല്ലം കഴിയുന്നതിനു മുമ്പ് കാലക്കേട്ട് കേരളത്തിനു സംഭവിക്കുമെന്നു കല്പിച്ചിരുന്നുവോ? ചേരനെ പാണ്ഡ്യൻ പാഞ്ഞടുക്കുമെന്ന് പ്രത്യേകം പറയാനുണ്ടോ? പട മലനായരും, ഏറാടിക്കിടാങ്ങളും പോക്കളത്തിലെത്തിയിരുന്നെ

ങ്കിൽ കോലന്റെ പരാഭവവും, പാണ്ഡ്യന്റെ വിജയവുമൊരിക്കലും സംഭാവ്യമല്ലായിരുന്നു. പെരുമാളുടെ പെരുമയ്ക്കു പൊതുവെയൊരു പുതിയ പരാഭവമെന്നു പറയാം എങ്കിലും ചേരപ്പട കോലനെ സഹായിക്കും. പടമലയുടെ പ്രതാപവഹ്നിയിൽ പാണ്ഡിപ്പട ചാടി മരിക്കും; സംശയമെനിക്കു ചെറുതുമില്ല. ഞാൻ സ്വാമികളുടെ സമ്മതമനുസരിച്ചു പാണ്ടിയിലെത്തി പിടിച്ചടക്കും. ചോളനും എന്നെ നല്ലവണ്ണം സഹായിക്കും' എന്നു ചിലതൊക്കെ വ്യക്തമായും പലതവ്യക്തമായും ക്ഷീണസ്വരത്തിലുച്ചരിച്ചു.

സന്ദർഭോചിതമായ സംഭാഷണത്തിനു വില കൂട്ടുന്ന സന്ന്യാസി, (സ്വഗതം) "സ്വപിതാവിന്റെ വിജയവും, കോലന്റെ തോൽവിയും കുലമഹിമയേ കേരളത്തിലുറപ്പിക്കാനുള്ള കാലവും, വൃദ്ധപണ്ടാരത്തിന്റെ സിദ്ധാന്തവും, ചേരന്റെ ചിത്തവും കാമേശ്വരിയുടെ കടാക്ഷവീക്ഷണവും, സന്ന്യാസാശ്രമത്തിലുള്ള മഹിമയും, എന്നെ ഇതികർത്തവ്യതാമൂഢനാക്കിത്തീർത്തിരിക്കുന്നു. എന്റെ മൌനം സംശയത്തിനു, സംഗതിയായിത്തീരുമെങ്കിലിതിലധികമനൎത്ഥം സംഭവിക്കാനില്ലെന്നു വരും. ഞാനൊന്നിനും ഭാവഭേദം വരുത്താതെ സ്വാഭിപ്രായത്തെ പ്രകാശിപ്പിക്കയാണെന്നു സ്പഷ്ടമായി ചേരനു തോന്നിക്കയാണു ചെയ്യേണ്ടതു"; (പ്രകാശം) "ചേരേശ, 'ഭവാൻ ഒന്നിനും മടിക്കേണ്ട. ചേരപ്പടകൾപോൎക്കളത്തിൽ എത്തിയിട്ടില്ലെന്നാണു എന്റെയും വിശ്വാസം. പാണ്ഡ്യനെ ഒന്നുകൊണ്ടും പേടിക്കാനില്ല. നായർപടയും ഏറാടികിടാങ്ങളും, വീണ്ടും പടമലനായരുടെ നായകത്വത്തിൽ കോലഭൂപസഹായികളായി പോൎക്കളത്തിലെത്തി പാണ്ഡ്യനെ പിൻതുടൎന്നു പരലോകത്തേയ്ക്കു പറഞ്ഞയക്കാതിരിക്കയില്ലെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. പെരുമാളുടെ പെരുമയും ശ്രീപരശുരാമന്റെ പൂൎണ്ണകൃപയും, ചേരഭൂപന്റെ ഗുരുകടാക്ഷവും, കേരളം ഉള്ള കാലം നിലനിൽക്കുന്നതാണെന്നു എനിക്കു നല്ല ബോധം ഉണ്ടു്. ചോളന്റെ സഹായം ചേരൎക്കു പണ്ടുപണ്ടേയുള്ളതാണെന്നു ജഗത്പ്രസിദ്ധമായിത്തീൎന്നിരിക്കയാൽ പാണ്ടിനാടു പിടിച്ചടക്കുന്നതിനു പ്രയാസമുണ്ടാകുമെന്നു

തോന്നുന്നില്ല. ഇന്നു എല്ലാം മംഗളമായി അവസാനിക്കുന്നതിനു, ശ്രീപത്മനാഭനും ശ്രീകുമരേശനും നമ്മെ നല്ലവണ്ണം കടാക്ഷിക്കട്ടെ. ചേരൻ ദീൎഘായുഷ്മാനായി ചിരകാലം കേരളനാഥനായി വാഴാൻ ശ്രീയഃപതിയെ നമുക്കു് പ്രാൎത്ഥിക്കാം." ഇത്രയും സാവധാനത്തിലും സമാധാനത്തിലും പറഞ്ഞു.

ചേരൻ :—സ്വാമിൻ, ഞാൻ കൃതാൎത്ഥനായിത്തീൎന്നിരിക്കുന്നു. ചോളനാട്ടിലേയ്ക്കു ദൂതിനുപോന്ന നമ്മുടെ മന്ത്രി ഇനിയും വരാൻ താമസിക്കുന്നെങ്കിൽ സ്വല്പം നമുക്കു കുഴങ്ങേണ്ടിവരികയില്ലയോ എന്നു സംശയിക്കുന്നു. എന്തായാലും ഞാൻ പാണ്ടിയെ പിടിച്ചടക്കാതെ വിടുകയില്ല. പടമല പാണ്ഡ്യനെ മലനാടു വിട്ടോടിക്കും. ചേരന്റെ സാമൎത്ഥ്യം കേരളത്തിലും പാണ്ടിയിലും പ്രകാശിക്കും. ഭവാന്റെ അനുഗ്രഹം എന്നിലെപ്പോഴുമിരിക്കാൻ പൂൎണ്ണമനസ്സുവെക്കണേ. ശ്രീപത്മനാഭാ, കുമരേശാ, കാൎത്ത്യായനി, എന്നെയും കേരളവാസികളേയും കാത്തുകൊള്ളേണമേ' എന്നു പ്രാൎത്ഥിച്ചുകൊണ്ടു സ്വല്പം സമയംകഴിച്ചു.

അപ്പോൾ സന്ധ്യകഴിഞ്ഞിട്ടുണ്ടെന്നു ശ്രോത്രിയന്മാരുടെ ഗൃഹപടലങ്ങളിൽക്കൂടി പുറത്തുപോകുന്ന ധൂമപടലങ്ങളേ കൊണ്ടും ക്ഷേത്രാരാധനസമയം മുഴക്കിയ മണിനാദം കൊണ്ടും, നാല്ക്കാലികളുടെ സ്വന്തം ശിശുക്കളെ അനുമോദിക്കാനും ഗൃഹനാഥന്മാരെ സന്തോഷിപ്പിക്കാനുമായി പുറപ്പെടുവിക്കുന്ന "അംബാ" ശബ്ദവിശേഷം കൊണ്ടും, യതിവൎയ്യനും ചേരഭൂപനും സഭാതലം വിട്ടു് നിത്യകൃത്യങ്ങളാചരിക്കാൻ ബഹിൎഭാഗത്തുപിരിഞ്ഞിറങ്ങി.

പട്ടണങ്ങളിലും പുരദ്വാരങ്ങളിലും, രഥവീഥിയിലും, ക്ഷേത്രവളപ്പിലും കുളക്കടവിലും, മലയാളവാൎത്തകൾ അല്ലാതെ മറെറാന്നും പറയുന്നതിനും, കേൾക്കുന്നതിനും, ഇടയായില്ല. എന്നാലും സൎവ്വജീവജാലങ്ങളും ചേരനുദയമാൎത്താണ്ഡൻ, കേരളത്തിനും, ചോളത്തിനും, പാണ്ടിക്കും കൂടി ചക്രവൎത്തിപഥത്തിലെത്തിക്കാണ്മാൻ പ്രാൎത്ഥനകളും സങ്കല്പശതങ്ങളുമൊന്നുപോലെ, മനംതെളിഞ്ഞാചരിച്ചു എന്നതിനു സാക്ഷിയായി വിധുവും, വിദ്യോതമാനനായി പൊങ്ങിവിളങ്ങി.

# അദ്ധ്യായം ൨൦.

## ചോലന്റെ തന്ത്രമഹിമ.

"എനിയ്ക്കു് ഇന്നാണല്ലോ നല്ല ദിവസം — പാണ്ഡ്യൻ കേരളത്തിൽ പാപ്പുതുടങ്ങി കഴിഞ്ഞിരിക്കുന്നുവെന്നും, പട്ടാണിപ്പട കൊളമ്പിലെത്തിക്കാണുമെന്നും, കോലനൊളിച്ചോടി പോക്കളത്തിൽനിന്നും രക്ഷപ്പെട്ടുവെന്നും, കേട്ടപ്പോളുണ്ടായ കോപവും, താപവും സങ്കടവുമാരോടുപറയാം? അവസരമറിഞ്ഞല്ലയോ പ്രതാപം പ്രദശിപ്പിക്കേണ്ടതു്? ചോലനിന്നെങ്കിലും ദൂതിന് മറുപടി കൊണ്ടുവരാതിരിക്കയില്ല. ചോളന്റെ ഗുണവിശേഷം നമുക്കു നല്ല പരിചിതമാണു്. നാട്ടാരുടെ സഹായം പാണ്ടിയെ പിടിച്ചടക്കാൻ മതിയാകും. പ്രസ്ഥാനവേളയും, ചോദിച്ചറിയാൻ തമ്പ്രാക്കളുമായ്യസഭയ്ക്കു എഴുന്നെള്ളിയിരിക്കുന്നു. പിച്ചൻ ശ്രൌതിയളെ കൂട്ടിപിടിച്ചാൽ പച്ചപ്പാവം വെടിപൊട്ടിക്കും. സന്ധ്യയുമിപ്പോൾ തീൎന്നിട്ടുണ്ടു്. ഭക്ഷണത്തിനു രുചിയുമില്ല. കാമേശ്വരിയുടെ കല്യാണകാലവും അടുത്തുവരുന്നു. സന്ന്യാസിമൈത്രിയും സമയാനുകൂലമായി; സമരം തുടങ്ങാൻ സംശയിക്കാനുമില്ല" എന്നിങ്ങനെ ചേരൻ ചിന്തിച്ചിരിക്കുമ്പോൾ സ്വന്തം പട്ടക്കാരൻ കൂട്ടിൽനിന്നും പുറത്തു ചാടിയ കടുവായേപ്പോലെ ചീറ്റുചാടി പാഞ്ഞുവരുന്നതു കണ്ടു. സന്തോഷഭാവം നടിച്ചില്ലെങ്കിലും, അപ്പോൾ പട്ടക്കാരന്റെ തലക്കെട്ടുമുടപ്പുമഴിഞ്ഞുകിടക്കുന്നതും, കണ്ണുകൾ രണ്ടും കലങ്ങിമറിഞ്ഞു ശോണിതശോഭയെ കൈക്കൊണ്ടിരിക്കുന്നതും കാലും കൈയും തുള്ളിക്കുഴഞ്ഞു നില തെററാതെ സ്ഥിരയെ വിറപ്പിക്കുന്നതുംമററും സൂക്ഷിച്ചുനോക്കിച്ചിരിച്ചുതുടങ്ങി. പട്ടക്കാരൻ മുട്ടാളനാണെങ്കിലും മഹാരാജാവിന്റെ മുഖമൊന്നു ശ്രദ്ധിക്കാതിരുന്നില്ല. സംശയഗ്രസ്തനായ ഭൃത്യൻ സവിനയം "മന്ത്രിവന്നു—ക്ഷീണവുമില്ല; വിശേഷംവഴിയേ—സമയം ഉണ്ടോ" എന്നു അറിയിച്ചുനിന്നു.

ചേരൻ—(ക്രോധം നടിച്ചുകൊണ്ടു) "എടോ തനിക്കു് ഭ്രാന്തുപിടിച്ചോ? അഥവാ ഭൂതാവേശം പ്രത്യക്ഷപ്പെട്ടുവോ? എ

ന്നു പറയുന്നു? കാൎയ്യമെല്ലാമൊന്നൊന്നായിട്ട് സാവധാന ത്തിൽ പറയൂ—ആളുമവസരവും തീരെ കാണുന്നില്ല എ ന്ത്—എടോ?

ഭൃത്യൻ:—പരിഭ്രമത്തോടുകൂടി "പതുക്കെ: അടിയൻ—മന്ത്രി വന്നു"—(മൌനം നടിച്ചു.)

ചേരൻ:—"സങ്കടമായി. സാവധാനത്തിൽ പറയാൻ—പറ ഞ്ഞതിന്ന് "മന്ത്രി—വന്നു—" എന്നു പറഞ്ഞു മിണ്ടാ പ്രാണിയേപ്പോലെ മിഴിച്ചുകൊണ്ടു നിൽക്കുന്നു" എന്തെ ടോ—തോലൻ വന്നു എന്നാണോ?

പട്ടക്കാരൻ;—അടിയൻ—വീണ്ടും— തോലൻ— വന്നു. എന്നു ഒരുവിധം പറഞ്ഞവസാനിപ്പിച്ചു.

ചേരൻ—എടോ—തോലനെ വരാൻ പറയൂ. വെളിക്കു താൻ ജാഗ്രതയായി നിൽക്കൂ.

പട്ടക്കാരൻ:—അടിയൻ-കല്പന-പോലെ,-പറയാം. തോലൻ തിരുമുമ്പിൽ കടന്നു രാജോചിതമായ വിധം വന്ദനമാച രിച്ചു.

ചേരൻ:—തോലൻ,-വരുന്നവഴിയായിരിക്കും. തന്റെ സാമ ൎത്ഥ്യം എനിക്കു പണ്ടേ നിശ്ചയമുണ്ടു്. ചോളവൃത്താന്തം അറിഞ്ഞുവേണ്ണം പാണ്ടിക്കു ചെല്ലാനെന്നു നിശ്ചയിച്ചി രിക്കയാണു്. സമാധാനത്തിന്നു്സംഗതിയായോ?

തോലൻ:—സ്വാമിൻ എല്ലാം വഴിപോലെ മംഗളമായി പരി ണമിച്ചു. ചോളന്റെ മറുപടി മഹനീയമായിരുന്നു. സ്വാ മിയുടെ മനോഗതംപോലെ എല്ലാം സമ്മതിച്ചു.

ചേരൻ:—വളരെനന്നായി."സജ്ജനബുദ്ധിക്കു സാദൃശ്യമുണ്ടോ" ചോളന്റെ സഹായം സിദ്ധമെന്നാണല്ലോ സമാധാന സാരം.

തോലൻ:—അതേ: സംശയിപ്പാനൊന്നുമില്ല. സൎവ്വരും സജ്ജ മാണു്.

ചേരൻ:—എന്നാൽ ഞാനൊന്നു ആലോചിക്കുന്നു. കുറവരും, മ റവരും, പുലയരും, ചെട്ടിയും, കോമുട്ടിയും ചാന്നാരും, പാ ണാരും നമ്മുടെ പട്ടാളത്തിലുണ്ടല്ലോ.

തോലൻ:—ഉവ്വ്.

ചേരൻ:—പാണ്ടിപ്പടയ്ക്ക പുറപ്പെടാൻ സമ്മതമുള്ളവരെ പ്രഭാതത്തിൽ പുറപ്പെടാനൊരുക്കികൊള്ളണം.

തോലൻ:—കല്പനപോലെ ചെയ്യാം.

ചേരൻ:—ഞാൻ പടയുംകൊണ്ടു പാണ്ടിയ്ക്കു ചെല്ലും—താൻ ചേരനാടുരക്ഷിച്ചുകൊള്ളണം. പാണ്ഡ്യൻ കോതമംഗലം പോൎക്കളത്തിൽ വിജയിയായിത്തീൎന്നിരിക്കുന്നവിവരം വല്ലതും വഴിക്കു വെച്ചു മനസ്സിലാക്കീട്ടുണ്ടോ?

തോലൻ—സ്വാമി-എന്തു്! എന്തു് "പാണ്ടിപ്പട കേരളം—പിടിച്ചടക്കിക്കഴിഞ്ഞു" എന്നാണോ അതു് ആരു് പറഞ്ഞു? അസംഭാവ്യമെന്നാണു എന്റെ വിശ്വാസം.

ചേരൻ—അതൊക്കെ കഴിഞ്ഞ കാൎയ്യമാണു്. നമ്മുടെ കോരൻ നേരിൽകണ്ടറിഞ്ഞതാണു്. ഇപ്പോൾഅവിടെ പാണ്ഡ്യൻ കോട്ടയുറപ്പിച്ചു താമസമാക്കീട്ടുണ്ടു്,

തോലൻ—ചേരപ്പടയ്ക്കു സങ്കടം സംഭവിച്ചിരിക്കുമോ?

ചേരൻ—നമ്മുടെപടകൾ പോൎക്കളത്തിലെത്തുന്നതിനുമുമ്പു്, കോലനെ പോരിൽ തോല്പിച്ചതായിട്ടാണു് പറഞ്ഞതു്.

തോലൻ—പോൎക്കളത്തിൽ കോലനൊററയ്ക്കു ചെന്നിരിക്കണം. കൂട്ടിനു് സഹായികൾ ചെന്നുചേൎന്നില്ലായിരിക്കാം? പാണ്ഡ്യനു് പരസഹായമുണ്ടായിരുന്നിരിക്കുമോ?

ചേരൻ—തുളുനാടനും, ഉൾനാടനും, ചില പ്രഭുക്കന്മാരുംവീരന്മാരായ നായന്മാരുമൊക്കെ വന്നിരുന്നു. പാണ്ഡ്യന്റെ കൂട്ടിനു് കൊളമ്പിൽ നിന്നു പട്ടാണിപ്പടകളെത്തിയിരുന്നു.

തോലൻ—യുദ്ധവാൎത്തയിലാപത്തു പററിയതാക്കേല്ല്യാമാണു്.

ചേരൻ—യുദ്ധം വളരെ ഭയങ്കരമായിത്തന്നെ കാഴ്ചയ്ക്കു തോന്നിച്ചുപോലും. തുളുനാടൻ തക്കംനോക്കി കടന്നുകളഞ്ഞു. ഉൾനാടനത്യൽസാഹത്താൽ പട്ടാണിപ്പടകളുടെ പിടിയിൽ അകപ്പെട്ടു മരിച്ചു, നായർ പടകളും ചില പ്രഭുക്കന്മാ

ത്തം പാരാതെ പ്രേതപുരം പ്രാപിച്ചു. ശവക്കുന്നുകൾ ആ നമലയെ അതിശയിച്ചു എന്നാണ്.

തോലൻ—സ്വാമിൻ, ആശ്ചൎയ്യം തോന്നുന്നു. കോതമംഗലം പ്രേതകുലങ്ങളാൽ അമംഗളമായിത്തീൎന്നുവോ? പാണ്ഡ്യൻ ഇപ്പോൾ എന്തു പ്രവൎത്തിക്കുന്നു?

ചേരൻ.—കോട്ടകെട്ടികുടിയുറപ്പിക്കുന്നു. പട്ടാണിപ്പട തിരിയെ കൊളമ്പിലേയ്ക്കു പോയിട്ടുണ്ട്. പാണ്ടിപ്പടകൾ മലനാട്ടു മുഴവൻ മൂടിക്കാൻ ആരംഭിച്ചിരിക്കുന്നു.

തോലൻ:—സന്താപനിമഗ്നനായി തല കുനിച്ച് ഭൂതലം പരിശോധിക്കുന്ന മട്ടിൽ നോക്കിനിന്നുകൊണ്ട് "നമ്മുടെ ഗതിക്കു വഴിയെന്തോ?"

ചേരൻ:—പടമലയും, ഏറാടിക്കിടാങ്ങളും, കോലൻെറ രക്ഷയ്ക്കായി പെരുമാളിൻെറ കല്പനയും വാങ്ങി, പുറപ്പെട്ടുകാണും. പാണ്ടിപ്പടയെ തെക്കു കാലുകുത്താനൊരിക്കലും അവർ സമ്മതിക്കയില്ല. പാണ്ഡ്യനെ വീണ്ടുമവർ പഴയ പോക്കളത്തിലെത്തി പറഞ്ഞയയ്ക്കുയോ, പ്രേതാധിനാഥനെ ശരണമാക്കിത്തീൎക്കുകയോ ചെയ്യുമെന്നതിന് സന്ദേഹമില്ല.

തോലൻ:—സ്വാമിൻ. അങ്ങനെയാണെങ്കിൽ ഇപ്പോൾ ഭവാൻ പാണ്ടിയെ പിടിച്ചടക്കാൻ പുറപ്പെടാം. ചോളസൈന്യവും പാണ്ടിയുടെ വടക്കേ അതിൎത്തിയിൽ പാളയമടിച്ചു കിടക്കും.

ചേരൻ:—എന്നാലെനിക്കു സങ്കടത്തിനു വഴിയില്ല. ചോളൻെറയും, സഹായികളുടെയും ഉത്സാഹത്താൽ ഞാൻ പാണ്ടിദേശം സ്വാധീനമാക്കിത്തീൎക്കും.

തോലൻ—പാണ്ഡ്യന് കോലയുദ്ധത്തിൽ വീണ്ടും ജയം സിദ്ധിച്ചാലോ? പിന്നെ നാമെന്താണ് ചെയ്യേണ്ടതു്?

ചേരൻ:—നിനക്ക് വേണ്ടാത്ത ശങ്കകളൊക്കെ തോന്നുന്നു. നീ ചോദിച്ചതൊക്കെ സംശയിക്കേണ്ടതുതന്നെ. എങ്കിലും, ഞാൻ പാണ്ടിയെ പിടിച്ചടക്കിക്കഴിഞ്ഞുവെന്നു പാണ്ഡ്യ

നറിഞ്ഞുകഴിഞ്ഞാലുടൻ മധുരയ്ക്കു ബന്ധപ്പെട്ട പടയും കൊണ്ടു് പാഞ്ഞെത്തും. ഇതിന്നു് സംശയമുണ്ടോ

തോലൻ:—സംശയത്തിന്നു ന്യായമില്ല; അപ്പോൾ സ്വാമിക്കു ചോളന്റെസഹായംമാത്രംമതിയാകുമെന്നുതോന്നുന്നുവോ?

ചേരൻ:—മന്ത്രി, താനൊരു മൂഢനെപ്പോലെ സംസാരിക്കുന്നു. ഞാൻ പാണ്ടിയെ പിടിച്ചടക്കിക്കഴിഞ്ഞാൽ പാണ്ഡ്യൻ ജീവിച്ചിരുന്നെങ്കിൽ മധുരയ്ക്കു എന്നോടു പൊരുതാൻ നിശ്ചയമായുമെത്തും, അല്ലെങ്കിൽ പാണ്ഡ്യൻ എന്റെ നാടും കൂടി പിടിച്ചടക്കാൻ "കോതമംഗലം" പോർക്കളത്തിലെ വിജയമോർത്തു് പ്രതാപത്തോടുകൂടി വരും. അപ്പോൾ നീ ആ വിവരം എന്നെ അറിയിക്കണം. അതാണു് വേണ്ടതു് പിന്നെ വരുന്നതുപോലെ നോക്കിക്കൊള്ളാം.

തോലൻ:—ഞാനെന്താണു് വേണ്ടതു്?

ചേരൻ:—എന്നെ നല്ലവണ്ണം നീ സ്നേഹിച്ചിരിക്കയാൽ നിന്നോടു എനിക്കു പൂർണ്ണവിശ്വാസമുണ്ടു്. നമ്മുടെ പ്രജകളും നിന്നോടു സ്നേഹമുള്ളവരല്ലയോ? എന്തിന്നു് പരിഭ്രമിക്കുന്നു.

നമ്മുടെ ബൃന്ദാവനമണ്ഡപത്തിൽ ഒരു യതിവര്യനെഴുന്നെള്ളിപാർക്കുന്നുണ്ടെന്നു രൂപമില്ലായിരിക്കാം? അദ്ദേഹം പരദേശിയാണുപോലും, മൂന്നുരാത്രിയിലധികം ഒരു സ്ഥലത്തുംതാമസിക്കാറില്ലെന്നു സിദ്ധാന്തിച്ചുപറഞ്ഞു. സ്വാമിയുടെ ബുദ്ധിശക്തിയും, സർവ്വശാസ്ത്രപാരംഗതത്വവും ധൈര്യലക്ഷ്മിയും, മുഖപ്രസാദവും, നയവചനവും, എല്ലാം എന്നെ ശ്രീ ശങ്കരാചാര്യരുടെ അപരാവതാരമാണെന്നു് വിശ്വസിപ്പിച്ചു; എന്നു മാത്രമല്ല നമ്മുടെ പൌരജനങ്ങളും പ്രധാന ഉദ്യോഗസ്ഥന്മാരും, പ്രഭുക്കന്മാരും മററും കൂടെക്കൂടെ സന്ന്യാസിയെ ശുശ്രൂഷിക്കാൻ ബൃന്ദാവനത്തിലേയ്ക്കു വരികയും, സാഹിത്യാദികളിൽ പല പാഠപ്രവചനങ്ങൾ നടത്തുകയും ചെയ്കു പതിവായിത്തീർന്നിരിക്കുന്നു; പരമാർത്ഥത്തിൽ സന്ന്യാസാശ്രമത്തിന്നു് യോജിച്ച മഹാത്മാവു ഇദ്ദേഹമാണെന്നു നിസ്സംശയം പറയാം.

തോലൻ:—നമുക്കു ദൈവകൃപയാൽ സ്വാമിയെഴുന്നെള്ളിയിരിക്കുന്നതു് ഭാഗ്യംതന്നെ. സാധാരണമായി സന്ന്യാസാശ്രമം

വയററുപിഴപ്പിനും, കുടുംബകോപത്തിനും പരസ്വാപഹരണത്തിനും ദൂത്യവൃത്തിക്കും സ്വാതന്ത്ര്യലബ്ധിക്കും വേണ്ടി സ്വീകരിക്കാറുണ്ടെന്നുള്ളതു് പല പല ദൃഷ്ടാന്തങ്ങളെകൊണ്ടു ഞാൻ അറിയും.

ചേരൻ:—തോലന്റെ ബുദ്ധിവിശേഷം എന്നെ വല്ലാതെ വിഷമിപ്പിക്കുകയും ആനന്ദിപ്പിക്കുകയും ചെയ്യുന്നു. ആശ്രമത്തിനൊരിക്കലും ദോഷം വരാൻ പാടില്ല. എന്നാൽ ആളു നോക്കി വേണം അതു് നിശ്ചയിക്കേണ്ടതു്. "കുററമില്ലാത്ത ജന്തു ലോകത്തിലെങ്ങും കാണുകയില്ല." എന്ന വൃദ്ധവചനം അബദ്ധമാണെന്നു ആരും പറയുകയില്ല. പരവഞ്ചകന്മാരുടെ പ്രകൃതികളറിയാനൊരു കുറിഭാഷണരീതിയറിയാമല്ലോ" എന്ന പ്രമാണം പല തരത്തിൽ പരീക്ഷിച്ചുകഴിഞ്ഞു. പിന്നീടാണ് പരമാത്ഥിയെ ബഹുമാനിക്കാനും, പട്ടണപ്രവേശം നടത്തിച്ചു ബൃന്ദാവനമണ്ഡപത്തിൽ താമസിപ്പിക്കാനും സംഗതിയായിത്തീന്നതു്.

തോലൻ:—സ്വാമിൻ അങ്ങനെയൊക്കെ സംഭവിക്കുന്നതു ചുരുക്കമല്ല. അജ്ജുനൻ സുഭദ്രയെ പരിണയിക്കാൻ സ്വീകരിച്ച വേഷം എന്തായിരുന്നു? രാവണൻ സീതയെ അപഹരിക്കാൻ സന്ന്യാസിവേഷത്തെ ഭൂഷണമാക്കിവെച്ചില്ലെ? ത്രിമൂത്തികളും അത്രിപത്നിയുടെ പാതിവ്രത്യപരീക്ഷയ്ക്കണിഞ്ഞ രൂപമെന്താണു്? പുരാണകാലം വിട്ടു് ഇന്നത്തെ നിലയ്ക്കു സന്ന്യാസിവേഷം കൈയ്ക്കൊണ്ടു വീഥികളിലലഞ്ഞു നടക്കുന്ന കള്ളന്മാരുടെ സംഖ്യയ്ക്കു കണക്കുണ്ടോ? മോഷണവസ്തുക്കൾ മിക്കതും സന്ന്യാസിയുടെ കക്ഷഭാഗത്തിൽ തൂങ്ങിക്കിടക്കുന്ന പുസ്തകസഞ്ചിയിൽനിന്നും കണ്ടെടുക്കുന്ന കഥകളും വിസ്മരിക്കത്തക്കതാണോ? വേഷംകണ്ടു ഭ്രമിച്ചു പരമാത്ഥമറിയാതെ പുസ്തകവുമെടുത്തു വേദാന്തപഠനത്തിനടുത്തുകൂടുന്ന പാമരജനങ്ങളെ പലവിധബോധവിശേഷങ്ങളാൽ അധഃപതനത്തിലാക്കിത്തീക്കുന്ന സംഭവങ്ങളുമൊട്ടും ചില്ലറയല്ലെന്നു് ലോകവാത്തയിൽ നിന്നും മനസ്സിലാക്കീട്ടുള്ളതല്ലയോ? ഇങ്ങനെയൊക്കെ നമ്മുടെ അനുഭവത്തിലും, ശ്രവണപഥത്തിലും പല പല സന്ന്യാസികളുടെ കോലമഹിമയെ മാനിക്കേണ്ടിവരികയാലാ

ണിത്രയുമാളറിയാതെ പറഞ്ഞുപോയതു്—ശ്രീബുദ്ധനും-ശ്രീശങ്കരാചാൎയ്യരും സാക്ഷാൽ സന്യാസികളല്ലായിരുന്നു എന്നു വല്ലവരും സംശയിക്കുമോ?

ചേരൻ:—മന്ത്രികുലാവതംസമേ-നീ പറഞ്ഞതൊക്കെപ്പരമാൎത്ഥമാണെന്നു പ്രത്യക്ഷപ്രമാണങ്ങളെക്കൊണ്ടും, അനുമാനമാൎഗ്ഗങ്ങളെക്കൊണ്ടും അറിഞ്ഞിട്ടുള്ളതാണ്; എങ്കിലും നമ്മുടെ ആശ്രമിശുദ്ധസത്വഗുണസ്വരൂപനാണെന്നു സംശയംവിട്ടു നിങ്ങളും കണ്ടാൽ പറയും.

തോലൻ:—സ്വാമിൻ എനിക്കു സംശയമൊന്നുമില്ല. ഭവാൻ പാണ്ടിക്കു ചെല്ലുമ്പോൾ ഭരണം എന്നെ ഏല്പിക്കുമെന്നു പറഞ്ഞതുകൊണ്ടും, കാമേശ്വരിക്കു വിവാഹകാലമടുത്തിരിക്കുന്നതുകൊണ്ടും, സന്യാസിയുടെ താമസം ബൃന്ദാവനത്തിലാണെന്നും, മററും കല്പിച്ചതുകൊണ്ടും വല്ല സംശയത്തിനും വകയുണ്ടോ എന്നു ചിന്തിച്ചുപോയി. സൎവ്വഥാ എൻെറ ഊഹമെല്ലാം അബദ്ധത്തിലായിത്തീരാനാണ് ന്യായം.

ചേരൻ:—എന്നാൽ നമുക്കൊന്നു ഇപ്പോൾതന്നെ, മഠത്തിലേയ്ക്കുപോകാം; പിന്നീടു തോലൻെറ അഭിപ്രായമനുസരിച്ചു പ്രവൎത്തിച്ചുകൊള്ളാമെന്നു വിചാരിക്കുന്നു:—അതിന്നു് വല്ല വിരോധവുമുണ്ടോ?

തോലൻ:—എനിയ്ക്കു ഒന്നിനും വിരോധമില്ല. സ്വാമിയുടെ കല്പനപോലെ നടന്നുകൊള്ളാൻ ഒരുക്കമാണെന്നു മാത്രം ബോധിക്കേണ്ടതാണ്. ഇത്രയും തോലൻ പറഞ്ഞുതീരുന്നതിനുമുമ്പു് ചേരൻ മഠത്തിലേയ്ക്കു യാത്രതുടങ്ങി. തോലനും അനുഗമിച്ചു. അവർ അതിവേഗം നടന്നു. ആശ്രമിയുടെ സവിധത്തിലെത്തി. മുനിയും, യോഗാംഗങ്ങളിലേ അഷ്ടമഭൂമികയിലെത്തി ധ്യാനതല്പരനായിരിക്കയായിരുന്നു. അപ്പോൾ മഠത്തിനകത്തു് ഒരു ചെറിയ വിളക്കുമാത്രം പ്രകാശിച്ചുകൊണ്ടിരുന്നു. പരിചാരകന്മാരും, പൂജകനും, പൂൎണ്ണമോദം നിദ്രയെ സേവിച്ചുകൊണ്ടിരുന്നു. അവർ മുക്കാൽ മണിക്കൂറോളം മൌനമായിട്ടു സന്യാസിയെ

സൂക്ഷിച്ചുനോക്കിക്കൊണ്ടിരുന്നു. ധ്യാനത്തിന് മുനിയൊട്ടും കുറച്ചില്ല. വെളിക്കണ്ണടഞ്ഞിരുന്നുവെങ്കിലും, മനക്കണ്ണ് മന്നവനെയും മന്ത്രിയെയും അഭിനന്ദിക്കാതിരുന്നില്ലെന്നു അവൎക്കു തോന്നിച്ചുകൊണ്ടിരുന്നു.

പിന്നീടു മന്നവൻ തോലന്റെമുഖം പരീക്ഷിക്കയും മന്ത്രി സന്ന്യാസിയെ പുകഴ്ത്തിപ്പറഞ്ഞുതുടങ്ങുകയും ഒരേ ഘട്ടത്തിൽ പ്രത്യക്ഷപ്പെട്ടു. അനന്തരം അവർ സന്തോഷസാഗരനിമഗ്നരായി പരസ്പരം യാത്രയും പറഞ്ഞു പിരിഞ്ഞു. അന്നും സചിവൻ സ്വന്തം ഭവനത്തിൽ യാത്രചെയ്തു. ചേരനാഥൻ പാണ്ടിയേപ്പിടിച്ചടക്കാൻലഭിച്ച ഭാഗ്യോദയത്തെ ധ്യാനിച്ചുകൊണ്ടും പ്രഭാതം തെളിയുന്നതുവരെ നിദ്രാസുഖം പൂൎണ്ണമായി അനുഭവിച്ചു.

## അദ്ധ്യായം ൨൧.

ചേരപ്രശസ്തി,

ചേരനാഥൻ ഉഷസ്സിനു മൂന്നേമുക്കാൽനാഴികയുള്ളപ്പോൾ ഭാഗ്യോദയസൂചകമായ സുസ്വപ്നങ്ങൾ കണ്ടുണൎന്നു. തോലന്റെ വരുതിയനുസരിച്ച് പാണ്ഡ്യനാടു പിടിച്ചടക്കാൻ പോകുന്നതിനു സമ്മതമുള്ള ഭടന്മാരെല്ലാം യുദ്ധവേഷമണിഞ്ഞു കൊട്ടാരവാതുക്കൽ ഹാജർകൊടുത്തു. അകമ്പടികളുമുല്ലാസമോടു അടുത്തുതന്നെ അനുയാത്രക്കു അണിയിട്ടുനിന്നു. ആളുകളെല്ലാം അരചന്റെ യാത്രയെ അനുമോദിക്കാനായി വീഥികൾതോറും വരിവരിയായി നിരന്നുനിന്നു. പൌരപ്രധാനികളും രാജസേവകന്മാരും സൎക്കാരുദ്യോഗസ്ഥന്മാരും സ്വസ്വകൃത്യം നിൎവ്വഹിക്കാൻ ഉൽസുകരായി ചമഞ്ഞു. സൎവ്വസൈന്യാധിപനായ സോമശേഖരൻ സമയംതെറ്റാതെ പ്രയാണമറിയിയ്ക്കാൻ സദയം കാത്തിരുന്നു. തോലനും അതുല്ല്യവിക്രമനായി സ്വസ്ഥാനമാനാദികളെ സമയാനുകൂലം പ്രകടിപ്പിച്ചുകൊണ്ടു കുതിരവണ്ടിയിൽ കയറി വന്നിറങ്ങി. കുതിരവൻ സ്വകാന്തിപൂരങ്ങളെ പൂൎവ്വാശാമുഖശോണിമാവിനോടു സംയോജിപ്പിച്ചു. സകല ജീവജാലങ്ങളും ജീവികാവൃത്തിയെ കയ്യേറ്റിരുന്നു. കാണികളും മാനികളും ചേരന്റെ വിജയപ്രശസ്തിയെ പുകഴ്ത്തിക്കൊണ്ടിരുന്നു. പാരുമുഴവൻ പുരുമോദമാൎന്നു പ്രശോഭിക്കയായി. അപ്പോൾ സന്ന്യാസി ദക്ഷിണകേരളന്റെ കല്പനപ്രകാരം കൊട്ടാരത്തിനകത്തു കടന്നുചെന്നു. ജയവിജയശബ്ദങ്ങൾ വഴിയിലെങ്ങും മുഴങ്ങിക്കൊണ്ടിരുന്നു. കുറ്റിവെടികളും, കതിനാവെടികളും കൂടക്കൂടെ പൊട്ടിച്ചിരുന്നു. പാന്ഥന്മാരും പണ്ടാരങ്ങളും പലപല വാൎത്തകൾ പറഞ്ഞു നടന്നു.

ഇങ്ങനെ സൎവ്വശോഭനമായ സമയത്തിൽ ചേരനും ദിനകൃത്യമെല്ലാമൊരുവിധം പൂൎത്തിയാക്കി കഴിഞ്ഞു. വൃഷഭലഗ്നവും ഗോളചക്രത്തിരിച്ചലിട്ടുത്തുകണ്ടു. രാജപത്നിയും കോമളാംഗിയായ കാമേശ്വരിയും, ചില ചേടികളും, പല പരിചാരികകളും

പാൎത്ഥിവേന്ദ്രന്റെ പ്രയാണം കാണാൻ ഗോപുരമണ്ഡപത്തിലമൎന്നിരുന്നു. നാഗരികമുള്ള നൎത്തകികളുടെ നൃത്തങ്ങളും, ദേശിയ ഗാനലാലസന്മാരായ സംഗീതരസികന്മാരുടെ രാഗാലാപനങ്ങളും പുതുമയിൽ പ്രകാശിച്ചുകൊണ്ടിരുന്നു. പകലിവ്വധികംസമയം വ്യൎത്ഥമാക്കാതെ പുരുഹൂതസ്സമനായ ചേരൻ ഉദയമാൎത്താണ്ഡഭൂപൻ പ്രയാണാഭിമുഖനായി പുരദ്വാരത്തിലെത്തി, സന്ന്യാസിയുടേയും കുലഗുരുവിന്റേയും പൂൎണ്ണാശിസ്സുസ്വീകരിച്ചും സ്വപ്രജകളെ സദയം കടാക്ഷിച്ചും കന്യകയേയും കാന്തയേയും കടക്കണ്ണുകൊണ്ടു കാൎയ്യമറിയിച്ചും സ്വയം കുമരേശനെ സുദൃഢം ധ്യാനിച്ചും ശ്രീപത്മനാഭനെവിളിച്ചു പ്രാൎത്ഥനകൾ അറിയിച്ചും പാണ്ടിയെ അഭിമുഖമാക്കി പുറപ്പെട്ടു. ബന്ധുജനങ്ങളും വൃദ്ധകുലങ്ങളും പടക്കൂട്ടങ്ങളോടുചേൎന്നു അനുഗമിച്ചു. ജലാശയമട്ടുത്തുണ്ടായിരുന്നു. സൎവ്വത്രജയശബ്ദവും മംഗളവാൎത്തയും മേളിച്ചിരുന്നു. സാൎവ്വഭൌമനായ ചേരചക്രവൎത്തി സ്വപ്രജകളേയും ബന്ധുവൎഗ്ഗങ്ങളേയും സൎക്കാരുദ്യോഗസ്ഥന്മാരേയും സമാധാനപ്പെടുത്തി പിരിച്ചയച്ചു. തോലനെ സ്വതുല്ല്യം ഭൂഭരണം നടത്തിക്കൊള്ളുന്നതിനും, സന്ന്യാസിയെ ശുശ്രൂഷിച്ചിരിക്കുന്നതിനും കല്പനയുണ്ടെന്നു കാൎയ്യം മനസ്സിലാക്കി. അപ്പോൾ അനുഗമിച്ചിരുന്നവരെല്ലാം ഒന്നുപോലെ വിജയപ്രശസ്തിയോടുള്ള പുനരാഗമനപ്രതീക്ഷയെ പ്രാൎത്ഥനാശതങ്ങളാൽ പ്രകാശിപ്പിച്ചു. അകമ്പടികളോടുകൂടി തോലനെ മുമ്പിലാക്കി പൌരർ പട്ടണത്തിലേയ്ക്കും പാണ്ടിയെ സ്വപ്രതാപക്കൊടിക്കിണക്കാൻ ചേരനാഥൻ ചതുരംഗപ്പടയോടുകൂട്ടി മധുരാപുരിക്കും പിരിഞ്ഞു പുറപ്പെട്ടു.

ചേരന്റെ കല്പനപ്രകാരം സൎവ്വതന്ത്രസ്വതന്ത്രനായ തോലൻ പൂൎവ്വാചാരത്തിനു ഭംഗമോ, സൽകൎമ്മാനുഷ്ഠാനങ്ങൾക്കു കുറവോ ദേവതാൎച്ചനാദികൾക്കു മുടക്കമോ വരാതേയും മന്ത്രിസ്ഥാനത്തിന്റെ മഹിമയെ മറക്കാതേയും, തല്ക്കാലസ്ഥിതിക്കനുസരിച്ച് അഹങ്കരിക്കാതേയും, ആരോടും വിനയം ആദരവു എന്നിവകൾക്കു കുറവു കാണിക്കാതേയും, വന്ദ്യന്മാരേയും വിദ്വാന്മാരേയും വൃദ്ധന്മാരേയും വേണ്ടപ്പെട്ടവരേയും വേഷംകൊ

ണ്ടും ഭാഷകൊണ്ടും, ഭാവംകൊണ്ടും, ഉൽഘോഷിച്ചു വെറപ്പി ക്കാതേയും സ്വയം വിനീതനായി വേണാടു ഭരിച്ചുതുടങ്ങി.

ഇതിനിടയ്ക്കു ചേരൻ മൂന്നു പകൽ മുഴവൻ മലമ്പാതവഴി മുടങ്ങാതെ കുബേരദിക്കിന്നെതിരായിനടന്നു നാലാംദിവസം പ്രഭാതത്തിൽ മധുരയിലെത്തി താവളമുറപ്പിച്ചു. സങ്കേതസ്ഥാന സൌകൎയ്യാദികളിൽ ഉൽസുകന്മാരായിത്തീൎന്ന ചേരപ്പടകൾ സോമശേഖരൻെറ കീഴവരുതിയിൽ കണക്കിനൊതുങ്ങാതെ ക്രുട്ടംക്രുടി കിഴക്കുംവടക്കുമുള്ള സ്ഥലഭാഗങ്ങളെ സ്വന്തമാക്കി തീൎക്കാനാരംഭിച്ചു. ശത്രുപ്പടകളുടെ പ്രതാപവഹ്നിയിൽ പാഞ്ഞെത്തിവീണു ചത്തതമിഴരുടെ സംഖ്യക്കു ജനസംഖ്യകണക്കെടുത്തു പരിശോധിക്കുമ്പോൾമാത്രമേ തുക നിശ്ചയം വരികയുള്ളു. വാസ്തവത്തിൽ പാണ്ടിനാട്ടിലുള്ളവൎക്കു രാജഭക്തിയില്ലെന്നു പറയുന്നതിനേക്കാൾ പരഗുണപാണ്ഡ്യൻെറ ദുഷ്പ്രഭുത്വത്തെ കുററപ്പെടുത്താമെങ്കിൽ ചേരപ്പടയുടെ പ്രവേശനസമയം പോരിനു പുറപ്പെട്ട പാണ്ടിദേശവാസികൾ പരമാൎത്ഥികളും സ്വദേശസ്നേഹമുള്ളവരും ആയിരുന്നു എന്നു നിസ്സംശയം പറയാനാൎക്കും സാധിക്കും.

അന്നു മധുരയിൽ രാജപ്രാതിനിധ്യം വഹിച്ചിരുന്ന വിക്രമകേസരി വലിയൊരു സൈന്യസംഘത്തോടും ഠാണാധിപന്മാരോടുംക്രുടി പോരിനു ബദ്ധപ്പെട്ടു പുറപ്പെട്ടുവന്നു. ചേരപ്പടകളശേഷമൊന്നിച്ചുചേൎന്നു അരക്ഷണംകൊണ്ടു പാണ്ടിപ്പടയെ നിശ്ശേഷം ഒടുക്കാൻ നിശ്ചയിച്ചിരിക്കയാൽ രണ്ടുമണിക്കൂറിലധികം സമയം ശിവഗിരിക്കു സമീപമുള്ള പോൎക്കളത്തിൽ പരാക്രമങ്ങൾ പരസ്പരം പ്രദൎശിപ്പിക്കേണ്ടിവന്നില്ല. മലയാളസൈന്യം വിക്രമകേസരിയെ വിരവിൽ പിടച്ചുടക്കി ബന്ധിച്ചു. മധുരാനാഥൻെറ പ്രതാപവിശേഷത്തെ വെളിപ്പെടുത്തുന്ന പാണ്ഡ്യൻ കോട്ടയെ ബലാൽ ആക്രമിച്ചു അടക്കി പിടിച്ചു. ചേരപ്പടകൾ ജയഭേരിമുഴക്കിക്കൊണ്ടു പട്ടണപ്രവേശവും നടത്തി. ദിക്കുകളിലെങ്ങും ചേരരാജൻെറ കൊടികൾ പറന്നും പാണ്ഡ്യൻെറ കുടികളാരും പകരംചോദിക്കാനോ പരിപന്ഥിയെഭയന്നു ആത്മരക്ഷ നേടാനോ ഭാവിച്ചില്ല. ചേരൻ പരമാനന്ദപൂരിതനായി

അന്നത്തെ പകലും രാത്രിയുംകൊണ്ടു ആകാശവ്യാപികളായ പർവ്വതപംക്തികളാണെന്നു തോന്നിക്കുന്ന "ചേരാമക്കൽ" കോട്ടയെ കെട്ടിതീർത്തു അതിൽ പാളയമുറപ്പിച്ചു. വിക്രമകേസരിയും പാണ്ടിപ്പടത്തലവന്മാരും കാരാഗൃഹവാസമനുഭവിച്ചുതുടങ്ങി. എങ്കിലും പാണ്ടിപ്പടയിലുള്ള പഴനിയാണ്ടിത്തേവൻ പടക്കളം വിട്ടോടിനടന്നു ആനമലയിലെത്തി പാണ്ഡ്യനെകണ്ടു കാര്യമറിയിച്ചു.

പാണ്ടിനാട്ടു മുഴവൻ ചേരൻ സ്വന്തമാക്കി കഴിഞ്ഞിരുന്നുവെങ്കിലും തമിഴരുടെ ദൃഷ്ടിക്കു സർവ്വഥാ സ്വജനമെന്ന ബോധം ജനിപ്പിയ്ക്കുയും കുടികളുടെ കഷ്ടനഷ്ടങ്ങളിൽ സ്വയം പങ്കുകൊള്ളുകയും പരിഹാരമാർഗ്ഗങ്ങളനുഷ്ഠിക്കയും ചെയ്കയാൽ പരഗുണനെക്കാൾ ചേരഭൂപനോടു മധുരാവാസികൾക്കു പ്രിയമധികരിച്ചു. ചേരപ്പടകൾ സ്വന്തം നാടെന്നവണ്ണം തമിഴ് ദേശം മുഴവൻ ചുററിനടന്നു ദ്രാവിഡരെ സഹായിക്കാനാരംഭിച്ചു. രാമേശ്വരംവരെയുള്ള പ്രദേശങ്ങളെ ചേരൻെറ കൊടിക്കു കീഴ്പ്പെടുത്തി. അതാതു സ്ഥലങ്ങളിൽ ചേരപ്രതാപത്തെ സ്ഥിരപ്പെടുത്താൻ ജയക്കൊടികളും ശിലാലേഖനങ്ങളും സ്ഥാപിച്ചുവെച്ചു. എങ്കിലും ചേരൻേറയും സോമശേഖരൻേറയും സമയോചിതമായ ആലോചനാവൈഭവത്തിൻെറ ഫലമായി പാമ്പൻ കരയ്ക്കുസമീപം പാളയമടിച്ചു സംഘം ചേൎന്നു പല സ്ഥലങ്ങളിലായി കച്ചവടം തമിഴനാട്ടുമായി നടത്തിക്കൊണ്ടിരുന്ന പട്ടാണിക്കൂട്ടങ്ങളെ ചേരനും സോമശേഖരനുംകൂടി നേരിട്ടുകണ്ടു കാര്യഭാഗം പറഞ്ഞു അവരെ സമ്മതിപ്പിച്ചു സഖ്യം നടത്തി. അന്നു ധർമ്മദേവതയ്ക്കു തമിഴനാട്ടിൽ പ്രവേശം അനുവദിച്ചുകൊടുത്തു. പാണ്ഡ്യൻെറ കൊട്ടാരവളപ്പിലും കോട്ടകൊത്തളങ്ങളിലും ഖജനാപ്പുരകളിലും സ്വന്തം നോട്ടത്തിൽ സ്വപ്രജകളേയും വേണ്ടുംവണ്ണം രക്ഷയ്ക്കു കാവലിട്ടു.

ചോളഭൂപൻ പാണ്ടിദേശം ചേരൻ സ്വന്തമാക്കി കഴിഞ്ഞെന്നറിഞ്ഞു, സ്വബന്ധുവാണെന്നു ഭാവിച്ചും തനിക്കുകൂടി പാണ്ടിയിൽ അവകാശമുണ്ടെന്നു നടിച്ചും ചേരനോടടുത്തുകൂടി,

ദീഘദശിയായ ചേരൻ സമയോചിതമായി സാരമേറിയ മൎയ്യാദകളാലും സംഭാവനാദികളാലും ചോളനെ സൽക്കരിച്ചു. പാണ്ഡ്യൻ വീണ്ടും മധുരയ്ക്കു യുദ്ധത്തിനായി പാഞ്ഞെത്തുന്നുണ്ടെങ്കിൽ അപ്പോൾ തനിക്കു സഹായിയായി നില്ക്കേണ്ടതാണെന്നും, പാണ്ഡ്യന്റെ പരാഭവത്തിനോ നാശത്തിനോശേഷം പാണ്ടിയെ ഭാഗിച്ചെടുക്കുന്നതു പൂൎണ്ണസമ്മതമാണെന്നും പറഞ്ഞു മടക്കി അയച്ചു. ചോളനും സന്തുഷ്ടചിത്തനായി തിരിച്ചുപോയി. സ്വയം സോമശേഖരന്റെ സാമൎത്ഥ്യവിശേഷങ്ങളെകൊണ്ടു മധുരയിൽ സസുഖം ആധിപത്യം സ്ഥാപിച്ചു. സമയാനുകൂലം നാട്ടുകാരും ചേരനോടു അടുത്തുകൂടി. അവൎക്കു വേണ്ടുന്ന ആനുകൂല്യങ്ങൾ മുറയ്ക്കു വഴിപോലെ ചെയ്തുകൊള്ളാമെന്നു് വാഗ്ദാനവും ചെയ്തു. പാണ്ഡ്യന്റെ കാലത്തു് കുടികളും കോയിമ്മക്കാരും അനുകൂലന്മാരായി തീൎന്നിരുന്നില്ല. ചേരനാകട്ടെ പാണ്ഡ്യന്റെ സ്ത്രീകളോടും ബന്ധുത്വം ഭാവിച്ചതല്ലാതെ വിപരീതത്തിനൊരിക്കലും ആലോചിക്കപോലും ചെയ്തിട്ടില്ലായിരുന്നു. പാണ്ഡ്യന്റെമകൻ രാജസിംഹൻ നാടുവിട്ടോടീട്ടുണ്ടെന്നറിഞ്ഞു വ്യസനിച്ചു. വ്യാസന്റെ ദുർവൃത്തിക്കു നാശം സംഭവിച്ചതിനെ പററി സവ്ഥാ ശ്ലാഘിച്ചു. സ്വഭാവിയേയും പാണ്ഡ്യന്റെ ദുഷ്ടഭൂതത്വത്തേയും കേരളാക്രമണംകൊണ്ടുണ്ടായ ഫലത്തേയും മലനാടുവിട്ടു വീണ്ടും പാണ്ടിയിലെത്തി,പാണ്ഡ്യൻ ഭയങ്കരമായി പോരു തുടങ്ങുന്നെങ്കിലതിനുള്ള പരിഹാരമാൎഗ്ഗങ്ങളേയും സ്വയമാലോചിച്ചു്, സോമശേഖരനോടു ചൎച്ചിച്ചും, സമയമുള്ളപ്പോഴെല്ലാം പട്ടണം മുഴുവൻ ഒററയ്ക്കു ചുററി നടന്നു സമരസൌകൎയ്യത്തിനുള്ള സ്ഥലങ്ങളെ കണ്ടുപിടിച്ചും സന്തോഷത്തോടുകൂടി താൻ പിടിച്ചടക്കിയ സ്ഥലത്തിൽ നിൎമ്മിച്ചകോട്ടയിൽ സസൈന്യം മധുരാനാഥനായി പാൎത്തു.

---

# അദ്ധ്യായം ൨൨.

കാലഗതിക്കുള്ള കൌടില്യം.

ഉദയവൎമ്മൻ കോലത്തിരി രാജ്യഭ്രഷ്ടനായി പാണ്ടിപ്പടയുമായുണ്ടായ യുദ്ധത്തിൽ തോററു വലിയ സങ്കടത്തോടു ഓടിയൊളിച്ചും, ഒരുവിധം ജീവനെയുംകൊണ്ടു കേരളത്തിലെ പ്രധാനികളായ നാലുഗ്രാമത്തിൽ ബ്രാഹ്മണരും പെരുമാളുംകൂടി യോഗം തികഞ്ഞു തൃക്കാരിയൂർ ക്ഷേത്രത്തിൽ തിരുനാവായി മണപ്പുറത്തെഴുന്നെള്ളി ഭഗവാനെ സേവിച്ചിരിക്കുമ്പോൾ, അവിടെച്ചെന്നു ചേരമാൻപെരുമാളിൻെറ തൃപ്പാദങ്ങളിൽഅഭയം പ്രാപിച്ചു.

ആശ്രിതവത്സലനായ പെരുമാൾ പാണ്ഡ്യൻെറ പ്രതാപവും, കോലൻെറ കാലക്കേടും, കേരളത്തിനു് പററിയ വിപത്തുമോൎത്തു് ക്രമത്തിലധികം ക്ലേശിച്ചു.

അന്നു ചേരപ്പടയുടെ സാന്നിദ്ധ്യവും, ആഴ്വാഞ്ചേരിതമ്പ്രാക്കളുടെ അനുനയവചനവും പടമലനായരുടെ പ്രതാപപൌരുഷ്കല്യവും, ഏറാടിക്കിടാങ്ങളുടെ യുദ്ധവൈദഗ്ദ്ധ്യവും, ബുദ്ധിവൈശിഷ്ട്യവും, പെരുമാളുടെ പെരുമയ്ക്കും, മനസ്സമാധാനത്തിനും പാത്രമായിപ്പരിണമിച്ചു; എങ്കിലും അത്യഗാധമായ ആലോചനാഗൎത്തത്തിൻെറ ചുഴിക്കുള്ളിൽ ശുദ്ധചിത്തം ചുഴിഞ്ഞു കേറുകയായിരുന്നു. അപ്പോൾ അടിയന്തരസഭയിൽ ചെന്നിരുന്ന ആഴ്വാഞ്ചേരി തമ്പ്രാക്കൾ പരമപാവനമായ പെരുമാളുടെ പദത്തെ ഉചിതമാംവണ്ണം മാനിച്ചുംകൊണ്ടു് "സ്വാമിൻ നിങ്ങളെന്നെ ചൊല്ലിവിട്ട കാൎയ്യമെന്തു് എന്നു കല്പിച്ചുകേൾക്കാനാഗ്രഹിക്കുന്നു. ഇന്നു ചേരപ്പടത്തലവനായ പടമലയും, പൂന്തുറവീരന്മാരായ ഏറാടിക്കിടാങ്ങളും പെരുമ്പടകളോടൊത്തു് പോരിനു് പുറപ്പെടാൻ കല്പന കാത്തുനില്ക്കുന്നു. ഉണ്ണിക്കുമാരനമ്പിയാരും കൂട്ടിനു് വന്നിട്ടുണ്ടു. ദുകാലത്തിരിക്കു കാലക്കേടു പററിയതായി പറയേണ്ടു. കേരളത്തിലുള്ള പുരുഷാരമെല്ലാം സ്വപ്രാണനെക്കൂടി തൃണതുല്യമാക്കി യുദ്ധത്തിനു

കൊതികൊണ്ടിരിക്കുന്നു. ഇനി തിരുമേനി വഴിപോലെ കൎത്തവ്യം കല്പിക്കയാണ് വേണ്ടത്. കാലാതിക്രമണഭയം, ആപത്തിനെ ബലപ്പെടുത്തുന്നു. ഞങ്ങൾ അവസരമറിഞ്ഞു പ്രവൎത്തിക്കാൻ ബദ്ധപ്പെടുകയാണെന്ന് ബോധിച്ചാലും" എന്നു മന്ദസ്വരത്തിൽ വചിച്ചു. അന്നേരം പെരുമാൾ സുപ്രസന്നനായി "നിങ്ങൾക്കു നല്ലതുവരട്ടെ, ശ്രീപരശുരാമസ്വാമിയുടെ കൃപാതിരേകം കേരളത്തിൽ നീണാൾ കളിയാടട്ടെ. കണ്ട കാഴ്ചകളെല്ലാം ഭയങ്കരങ്ങളായിത്തോന്നിക്കുന്നു. നമ്മുടെ പതിനേഴനാട്ടിലുള്ള പുരുഷാരത്തെയും, പടമലയേയും, പ്രസിദ്ധവീരന്മാരായ ഏറാടിക്കിടാങ്ങളേയും, ഒന്നിച്ചുചേൎത്ത് പാണ്ഡ്യനേയും, മറവർപടയേയും, പട്ടാണിക്കൂട്ടങ്ങളേയും ജയിച്ച് മലയ്ക്കുകിഴക്കു കടത്തിവിട്ട് പോരണം. അതാണ് ഇപ്പോൾ വേണ്ടത്."

ആഴ്വാഞ്ചേരി തമ്പ്രാക്കൾ:—തിരുമേനി ഒന്നിനും ആശങ്കിക്കേണ്ട. ഞങ്ങൾ പാണ്ടിപ്പടകളെ മലനാടുവിട്ടോടിക്കും. പാണ്ഡ്യൻെറ പ്രാണനെ പ്രേതാധിപൻെറ പുരിക്കു പറഞ്ഞയക്കും, പുതിയ കീൎത്തി സ്വാമിക്കു ലഭിക്കും. തിരുമേനി സ്വസ്ഥചിത്തനായി ഭഗവാനെ സേവിച്ചുകൊണ്ടിരുന്നാൽ മതി.

പെരുമാൾ:—സന്തോഷമായി; പ്രയാണത്തിന് ഇന്നു കൊള്ളാം.

തമ്പ്രാക്കൾ:—ഞങ്ങൾ ഇപ്പോൾതന്നെ പുറപ്പെടുന്നുണ്ട്. നമ്മുടെ പടകളെല്ലാം പെരുമ്പറ മുഴക്കിത്തുടങ്ങിയിരിക്കുന്നു. മംഗളസൂചകമായ ചില ലക്ഷണങ്ങളും തെളിഞ്ഞുകാണുന്നു. സമരം കഴിഞ്ഞു വന്നു കണ്ടുകൊള്ളാം.

പെരുമാൾ:—ശ്രീപെരുന്തൃക്കോവിലപ്പനും, ശ്രീപത്മനാഭസ്വാമിയും എനിക്കു പകരം പിൻതുണയായി നിങ്ങൾക്കുണ്ടെന്ന് വിശ്വസിപ്പിൻ. എന്നാലങ്ങനെ ആവാം." എന്നു ആംഗ്യംകൊണ്ടും, അമൃതവചസ്സുകൊണ്ടും, അവരെ അനുഗ്രഹിച്ചയച്ചു. എങ്കിലും സ്വമനോരഥസിദ്ധിക്കായി വീണ്ടും പല പല പ്രാൎത്ഥനകൾ സങ്കല്പിച്ചുകൊണ്ടു ഭഗവാനെ ബലമായി ഉപാസിക്കാൻ ആരംഭിച്ചു.

അനന്തരം അവർ താമസംകൂടാതെ പതിനേഴ നാട്ടിലുള്ള പുരുഷാരത്തോടും, ഒൻപതു നൂറായിരം നായർപടവീരരോടും

സമസ്തസാമന്തന്മാരോടും കൂടി പടമലയുടെയും ഏറാടിക്കിടാങ്ങളുടെങ്ങളുടെയും നായകത്വത്തിൽ പാണ്ട്യനേയും മറവർപ്പടയെയും പോക്കളത്തിൽവെച്ചു മലനാടുവിട്ടു ഓട്ടിച്ചുകളയാൻ പുറപ്പെട്ടു. ദീപവും, സുമംഗലിയും, ശോഭനവസ്തുക്കളും ശകുനം കണ്ടു. സന്തോഷമായി യാത്രയുമാരംഭിച്ചു. കീഴൂർ ഉണ്ണിക്കുമാരമേനോനും ഉറവിങ്കൽ പാറച്ചുക്കര നമ്പിയും കണക്കു് എഴുത്താൻ പടയ്ക്കു കൂടെ അവരെ പിൻതുടൎന്നു. അപ്പോൾ സൂൎയ്യാസ്തമനമടുത്തുപോകയാൽ പടകൾ ചോലപ്പാടപ്പുറമ്പിനടുത്തു തന്നെ പാളയമടിച്ചുകിടന്നു. അന്നു പാതിരാത്രിസമയത്തിൽ ആഴ്വാഞ്ചേരി തമ്പ്രാക്കളുടെ ഉപദേശമനുസരിച്ചു് പടമലയും ഏറാടി ക്കിടങ്ങളും, ഉണ്ണിക്കുമാര നമ്പിയാരും ഉണൎന്നെഴുന്നേറ്റിരുന്നു. അനന്തരം തമ്പ്രാക്കളും സംഭാഷണങ്ങളൊന്നും കൂടാതെ സംജ്ഞയാൽ അവരെയും വിളിച്ചു കൊണ്ടു ഉറങ്ങിക്കിടന്ന പടക്കൂട്ടങ്ങളെ മൂന്നുപ്രദക്ഷിണം വെച്ചു് കൈയ്യിൽ സൂക്ഷിച്ചിരുന്ന കഴകന്റെ തുവലെടുത്തു ജന്മപരിശോധന കഴിച്ചു. ആ സമയം അവരുടെ കൂട്ടത്തിൽ പതിനായിരം പേൎക്കു മനുഷ്യ ജന്മവും, മുപ്പതിനായിരം പേൎക്കു ദേവ ജന്മവും ശേഷം പേൎക്കു അസുര ജന്മവും ഉള്ളതായിത്തെളിഞ്ഞു. സന്ദൎഭത്തിനൊത്ത സങ്കേതലക്ഷണമായിട്ടടയാളങ്ങൾ ചന്ദനം കൊണ്ടും, ഗോപി കൊണ്ടും, ആയുധങ്ങളിൽ ആരുമറിയാതെ അടയാളപ്പെടുത്തി പിന്നീടു യഥാസുഖം അവർ സ്വസ്ഥാനങ്ങളിലെത്തി സുഖനിദ്രയെ സ്വാധീനമാക്കി സുഖിച്ചു. നിശയുമവസാനിക്കുകയാൽ പ്രഭാതത്തിൽ പടകളെല്ലാമുണൎന്നു. ദിനകൃത്യങ്ങളാചരിക്കാനാരംഭിച്ചു. അഞ്ചുനാഴികസമയംകൊണ്ടു സകല കൎമ്മങ്ങളും സംഗ്രഹിച്ചു നടത്തി സന്തുഷ്ടന്മാരായി വീണ്ടും പ്രയാണം തുടങ്ങി.

പഴയരീതിയിലണിയിട്ടുതന്നെ പടകളും പോക്കളും നോക്കി നടന്നു. ദിനമണി കേരളപ്പടകളുടെ പ്രതാപവും, പാണ്ട്യന്റെ ദുരാഗ്രഹവും, പുതിയ കോട്ടയുടെ പൌരുഷവും, പാണ്ടിപ്പടയുടെ ദുരദൃഷ്ടവും, ദൂരത്തുനിന്നുപോലും, തനിക്കു കാണാൻ കൊതിയില്ലെന്നു സംശയിക്കുമാറു് പടിഞ്ഞാറൻ കടൽതീരം അണയാൻ ഭാവിക്കുന്ന സമയം പടമലയുടെ പ്രതിജ്ഞയെയോൎത്തു് കോതമംഗലം പോക്കളത്തിനു സമീപത്തെത്തി പാളയമ

ടിച്ചു പാൎത്തു. പാണ്ഡ്യനും വിവരമറിഞ്ഞു് പുതിയ കോട്ടയെ സ്വന്തബലത്താലും, സൈന്യബലത്താലും ബലപ്പിക്കാനുറച്ചു. പുറത്തു് ചെന്നിരുന്ന ഭടന്മാരെയും പടസ്ഥലങ്ങളിൽ നിന്നും വേഗം വിളിച്ചുവരുത്തി. പട്ടാണിപ്പടകളുടെ സഹായമാവശ്യമാണെന്നു് വീണ്ടും പാമ്പനിലേക്കു ഒരു ഭടനെ പറഞ്ഞയച്ചു. കോട്ടയുടെ പ്രധാന വാതലിൽ പതിനയ്യായിരം ഭടന്മാരുടെ സഹായത്തോടുകൂടി ധൈൎയ്യം പൂണ്ടു സ്വയം നിന്നിരുന്നു. ഇതിനകം പടമലനായർ സ്വസൈന്യങ്ങളെ പ്രളയകാലസമുദ്രത്തിലെ തിരമാലകളെന്നപോലെ ഒന്നിനൊന്നു് അതിബലവത്തരങ്ങളായി അണി തെററാതെ പുതിയ കോട്ടയ്ക്കെതിരായി നയിപ്പിച്ചു. അതേസമയം അവരിൽ യുദ്ധസമൎത്ഥന്മാരായ പതിനായിരം മനുഷ്യജന്മമുള്ള നായന്മാരും, ഉണ്ണിക്കുമാരൻ നമ്പിയാരും, കൂടി കോട്ടയുടെ വലത്തേ കോണിലേയ്ക്കും ഉദയവൎമ്മൻ കോലത്തിരി, പ്രധാന കാൎയ്യക്കാരന്മാരോടും ഉൾനാടൻ പടപ്രധാനികളായ പതിനൊന്നു നായന്മാരോടും, കൂടി ഇടത്തേകോണിലേയ്ക്കും പടമലനായർ ചേരപ്പടകളോടുകൂടി പാണ്ഡ്യനെ കൊണ്ടു സുരക്ഷിതമായിത്തീൎന്നിരിക്കുന്ന പൂൎവ്വദിഗ്ഭാഗത്തിലേയ്ക്കും ഏറാടിക്കിടാങ്ങളായ വിക്കിരനും, മാനിച്ചനുമൊത്തുകൂടി അസുരജന്മമുള്ള അറുപതിനായിരം നായർവൎഗ്ഗത്തിൽപെട്ട സൈന്യങ്ങളെയും കൊണ്ടു പശ്ചിമപ്രകാരത്തിലേയ്ക്കും, പടയേററു പോരുനടത്താൻ ബലാൽ പാഞ്ഞെത്തി. പാണ്ടിപ്പടയും യുദ്ധഭേരികൾ ക്രമത്തിലധികം മുഴക്കിക്കൊണ്ടു മാനാഭിമാനമില്ലാത്തവരായിത്തന്നെ മണ്ടിയടുത്തു് ശത്രുപ്പടകളെ പരിഭവപ്പെടുത്താൻ ഭാവിച്ചു. സാമന്തന്മാരും കേരളക്കളരിയിലെ പയററഭ്യസിച്ചു പ്രസിദ്ധി നേടിയ നായർപട്ടാളക്കാരും, ശരങ്ങളും, വില്ലുംകൊണ്ടു് പരിപന്ഥികളെ പൊടുന്നനവെ ഭയപ്പെടുത്തി. തോക്കും കുന്തവുമുപയോഗിച്ചു ഉൾനാടന്മാർ മറവർപടയെ വിറപ്പിച്ചു. ആനപ്പടയും കുതിരപ്പടയും കൂട്ടംകൂടി കോട്ടയെ ചുററി വളഞ്ഞുകെട്ടി. കാലാൾപ്പടകൾ പേടി വിട്ടു് മുട്ടും, തട്ടും, വെട്ടും, കൊട്ടും കാട്ടി പാണ്ടിപ്പടയെ ചാണ്ടി വിളിച്ചു. ഇന്ദ്രജിത്തിൻെറ തന്ത്രമഹിമയെ സ്വാതന്ത്ര്യമാക്കിയ ഏറാടിക്കിടാങ്ങൾ, ചാടിയും, ഓടിയും, ആടിയും ദ്രാവിഡനാഥനെ നി

ന്ന നിലയ്ക്കു ചഞ്ചലപ്പെട്ടത്തി. ആ‌യോധനമുറകളോരോന്നും അവർ വിസ്മയിക്കത്തക്കവണ്ണം പരസ്പരം ബലപൌരുഷങ്ങളെ കൊണ്ടു് പ്രാണനേയും വെറുത്തു് പ്രദശിപ്പിച്ചുതുടങ്ങി. അങ്ങനെ മൂന്നു ദിവസം രാത്രിയും പകലുമൊന്നുപോലെ ഭയങ്കരമായ വിധം യുദ്ധം നടത്തി. അപ്പോഴെല്ലാം ജയാപജയങ്ങളൊന്നുപോലെ സംശയസ്ഥിതിയിലായിത്തന്നെ കണ്ടിരുന്നു. പിറെറ ദിവസം പ്രഭാതത്തിൽ പടമലയ്ക്കു കോപം ക്രമത്തിലധികം വൎദ്ധിച്ചുവന്നു അതു കണ്ടുനിന്ന കാണികളുടെ കഠിനചിത്തവും കലങ്ങി മറിഞ്ഞു. അന്നു പകൽസമയം കൊണ്ടു ചേരപ്പടകൾ വീരാവേശത്തോടുകൂടി പാണ്ട്യൻ പുതുതായി പണിയിച്ചിട്ടുള്ള പാളയത്തിൽ പ്രവേശിച്ചു. പലവിധത്തിൽ പാണ്ടിപ്പടയ്ക്കു നാശം വരുത്തിയും കുതിരകൾക്കും, കാലാൾസൈന്യത്തിന്നും മററും കേടുപാടുകൾ വരുത്തിയും പുറത്തുനിന്നിരുന്നവരെക്കൂടി പിടിച്ചുകെട്ടി ചതച്ചും തച്ചും പാളയം ഒഴിപ്പിക്കാൻ ഭാവിച്ചു. എങ്കിലും രാത്രിയിൽ മാനിച്ചനും വിക്കിരനും കോട്ടയ്ക്കകത്തു കടന്നു നാലുവാതലുകളിലും നല്ലവണ്ണം സ്വസൈന്യങ്ങളെ കാവലുറപ്പിച്ചിട്ടു സംഹാരരുദ്രന്മാരെപ്പോലെ സംശയംവിട്ടു പാണ്ട്യസംഘം മുടിപ്പാനാരംഭിച്ചു. എന്നാൽ പിറേറദിവസം സൂൎയ്യോദയത്തിന്നു സ്വല്പം മുമ്പിലായി സകല ശത്രുസൈന്യങ്ങളും സമവൎത്തിയുടെ സമീപവൃത്തികളു സ്വന്തക്കാരായിത്തീൎന്നെന്നു മാത്രം പറഞ്ഞാൽ കഴിഞ്ഞല്ലോ. തൽസമയം ചേരസൈന്യം പ്രേതപരിശോധനയ്ക്കു ബദ്ധപ്പെട്ടുകയും, ശവക്കുന്നുകളുടെ കൂട്ടത്തിൽ പാണ്ട്യന്റെ തടിച്ചശരീരം കാണാനില്ലെന്നുള്ള ചൊല്ലു കേരളവീരരുടെ ശ്രോത്രപുടങ്ങളിൽ കടത്തിവിട്ടുകയും ചെയ്കയാൽ അന്നേരമൊരുപോലെ പാണ്ട്യനെ പുറത്തും, അകത്തും, കുന്നിലും, കുഴിയിലും, വളവിലും, തിരിവിലും സംഖ്യയില്ലാതെ സൈന്യങ്ങൾ തേടി നടന്നു. വഴിക്കു നിന്നവരോടും, വെളിക്കു ചെന്നവരോടും, തുടരെത്തുടരെ ചില ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരുന്നു. സംശയനിവൃത്തി വരാനൊന്നുകൊണ്ടും സാധിച്ചില്ല. പടമലയും ഏറാടിക്കിടാങ്ങളും, തമ്പ്രാക്കളും കുഴങ്ങി. ഉണ്ണിക്കുമാരനമ്പി സ്വന്തം കണ്ണകൊട്ടുത്തു പരിശോധിച്ചുനോക്കി. പാ

16 AUG 19 7



ണ്ടിപ്പട യിൽ മുത്തുക്കറപ്പൻ തേവനും, പാണ്ഡ്യനും മാത്രം അ വശിഷ്ടമെന്നു കണ്ടു. വീണ്ടും അവർ പല പല പരീക്ഷകരം നടത്തി തൽഫലമായി ചേരപ്പടയിലൊരാരം പാണ്ഡ്യനെ പോരിൽ പിടിച്ചുകെട്ടിയതായും, മററൊരുത്തൻ, പ്രേതമെന്നു പറഞ്ഞു കുഴിയിലെടുത്തു കളഞ്ഞതായും, അറിവുകിട്ടി. അനന്തരം ശവക്കുഴികളൊന്നുമൊഴിച്ചുവിടാതെ ഇളക്കി മറിച്ചു; എങ്കിലും പാണ്ഡ്യൻെറ ശരീരം ദൃഷ്ടിക്കു പാത്രമാകാത്തതുകൊണ്ട് യുദ്ധമദ്ധ്യത്തിൽ പ്രാണഭയം തോന്നി പോക്കളം വിട്ടു പാഞ്ഞിരിക്കണമെന്നു വിശ്വസിക്കാമല്ലോ. പാണ്ഡ്യൻ മുത്തുക്കറപ്പൻെറ കായബലവും, ബുദ്ധിശക്തിയും, സ്വാധീനമാക്കി മലനാട്ടവിട്ടു കടന്നിരിക്കണമെന്നു ചേരപ്പടകളും, നായർപടകളും, തീരുമാനിച്ചതിൽ, ഏറാടിക്കിടാങ്ങളും പടമലയും, മററുള്ളവരും സമ്മതഭാവം മാത്രം പ്രകടിപ്പിച്ചു. പുതിയ കോട്ടയും പൊളിച്ചുമാററി മൂന്നാറുതീരവും ശവദാഹാദികൃത്യങ്ങളാൽ പരിശുദ്ധമായിത്തീൎന്നു.

പിന്നീടു കോലത്തിരിയേയും പെരുമാളിനേയും ശ്ലാഘിച്ചുകൊണ്ടു സ്വഛന്ദം ചേരപ്പടയും നായർപ്പടയും സ്വന്തം നായന്മാരുടെ കീത്തി പതാകയുടെ കീഴ് വരുതിയിൽ വിജയക്കൊടികരം പറപ്പിച്ചു. ആനന്ദാരവങ്ങരം ദിക്കുകളിലെങ്ങും മുഴങ്ങിക്കൊണ്ടിരുന്നു. പടകളും പെരുമാളുടെ പ്രസാദം ലഭിക്കാനായി തിരുനാവാമണൽപുറം എത്താനാഞ്ഞു നടന്നു. നാട്ടു മുഴവനും ചേരപ്പടകളെയും ഏറാടിക്കിടാങ്ങളെയും, പ്രസിദ്ധപരാക്രമിയായ പടമലയേയും പെരുമയ്യേറാത്തവണ്ണം പുകഴ്ത്തിക്കളിച്ചു. ശുഭോദന്തവും കൊണ്ടുചെന്ന ചേരപ്പടകളെയും പടനാഥനായ പടമലയേയും, ഏറാടിക്കിടാങ്ങളുടെ യുദ്ധസാമൎത്ഥ്യവിശേഷത്തേയും. പറഞ്ഞാലവസാനിക്കാത്ത സന്തോഷത്തോടുകൂടി പെരുമാരം മനം നിറഞ്ഞു കൊണ്ടാടിയനുഗ്രഹിച്ചു.

പടകരംക്കെല്ലാം സ്ഥാനമാനങ്ങരം അനുസരിച്ചു പലവിധത്തിലുള്ള സമ്മാനങ്ങരം സസന്തോഷം അനുഗ്രഹിച്ചുകൊടുത്തു. സാമന്തന്മാരിൽ പ്രധാനിക്ക് വീരശൃംഖല വലത്തേകൈയ്ക്കും വലത്തേകാലിനും, സമ്മാനിച്ചു. ഏറാടിക്കിടാങ്ങളെ മാനവിക്രമരാജാവിൻെറ മന്ത്രിമാരാക്കി വാഴിച്ചു. ഉണ്ണിക്കുമാര

തമ്പിയാരെ, ഊരിൽ പ്രധാനിയായി കയററി വിട്ടു. ചേരപ്പടയെ സ്വന്തം സഹായികളാക്കാൻ ആവശ്യപ്പെട്ടു. പടമലയെ സ്വമന്ത്രിയാക്കി സ്ഥാനമാനങ്ങളും, ദേശവഴികളും, അനുവദിച്ചുകൊടുത്തു. സ്വയം ആഴ്വാഞ്ചേരിതമ്പ്രാക്കളുടെ ശ്രമവിശേഷത്തെ സർവ്വഥാ ശ്ലാഘിച്ചും, പരോപകാരബുദ്ധിയെ പ്രശംസിച്ചും, ബന്ധുത്വം പൂർണ്ണമാക്കിയും പറഞ്ഞയച്ചു. സർവ്വും പെരുംതൃക്കോവിലപ്പൻെറ കരുണയാലും ശ്രീപത്മനാഭൻെറ കടാക്ഷാമൃതത്താലും ശുഭമായി പര്യവസാനിച്ചതിൽ സമ്പൂർണ്ണമായ മനസ്സംതൃപ്തിയുള്ളവനായി ഭൂഭരണം പരിഷ്കൃതരീതിയിൽ നടത്തിച്ചുകൊള്ളാൻ പടമലയേ ചുമതലപ്പെടുത്തി സുഖിച്ചു വാണു.

---

## അദ്ധ്യായം ൨൩.

### ലോകരഹസ്യം.

പിച്ചൻ ശ്രോത്രിയൻ:— (സ്വഗതം) ഇതെന്തൊരു സംഭവമാണ്! 'ഉലകവാത്ത മറക്കാൻ ആൎക്കു സാധിക്കും' ആശയ്ക്കു സ്ഥാനമോ, മാനമോ ഇല്ലെന്നാണോ പരിഷ്കാരം. സ്ത്രീവിദ്യാഭ്യാസം ശ്ലാഘനീയംതന്നെയാണ്; അടിമവൃത്തിയും അടുക്കളവേലയും വേണ്ടെന്നു വെക്കാം. എങ്കിലും ആവശ്യമറിഞ്ഞു പ്രവൎത്തിക്കുന്നതിന് വേണ്ടുന്ന പഠിത്തവും, സ്വാതന്ത്ര്യവും അനുവദിച്ചുകൊടുക്കുന്നതു് അത്യാവശ്യം തന്നെ. എന്നാൽ കുലടാവൃത്തിക്കും, സ്വൈരപ്രവൃത്തിക്കും. യഥേഷ്ടം വിഹരിക്കുന്നതിനും, ലോകാപവാദനിമിത്തത്തിനും ഇടയാക്കിവെയ്ക്കുന്നതു് സ്വധൎമ്മമെന്നാണോ? പ്രേമത്തിനു കേമത്വം അപാത്രദാനംകൊണ്ടു ജന്മസാഫല്യമായിട്ടു കരുതാമെന്നു് ശാസ്ത്രസിദ്ധാന്തങ്ങളിൽ പറഞ്ഞുകാണുമോ? കണ്ടവരെ കാമിയ്ക്കുന്നതും, വേണ്ടാത്തസ്ഥലങ്ങളിൽചെന്നു ഉണ്ടുനടക്കുന്നതും കലിവൈഭവംകൊണ്ടാണോ? അതൊക്കെ ഇരിക്കട്ടെ, പിച്ചൻ ഇവിടെയുള്ളപ്പോൾ തോന്ന്യാസത്തിന് ഗൌരവം കല്പിക്കാൻ ആൎക്കും കഴിയുകയില്ലെന്ന് മനസ്സിലാകാത്തതു് വലിയ കഷ്ടം തന്നെ. ചേടിയുടേയും, തോഴിയുടേയും, സംഭാഷണങ്ങൾ എൻെറ ചെവിയിലും വീണു. ചേരൻ ചോദിച്ചാൽ ഞാനെന്തു പറയും? തോലൻ നല്ല തന്ത്രജ്ഞനാണെങ്കിലും, സന്ന്യാസിയുടെ മന്ത്രശക്തിക്കു കീഴടങ്ങിയതു മന്ത്രിപദത്തിനു അഭിമാനകരമാണോ? വലിയമ്മതമ്പുരാട്ടിയും മകളുടെ വഴിക്കുപററി നടക്കുന്നതു് നീടിച്ച അപവാദത്തിനു ആധാരമാണെന്നറിയുന്നില്ല. ആശ്രമിയും, ആശ്രമവും, അടുത്താണെന്നുവെച്ചു് ശുശ്രൂഷയും വിശ്രമവും അവിടെ സ്വന്തമാക്കാമോ? ഞാനൊന്നുകൂടി സൂക്ഷിക്കും. സംശയം തോന്നിയാലിഷ്ടംപോലെ ശാസിക്കും. രാജപുത്രിയാണെന്നും മററും ആലോചിക്കയില്ല. സ്വന്തമാണെന്നുപോലും

സ്വപ്നത്തിലും വിചാരിക്കാമെന്നു വിശ്വസിക്കേണ്ട. എല്ലാം വഴിക്കെയകാണാം.'' ഇത്രയും ചിന്തിക്കവേ, ചേടി ദ്രുതഗതിയിൽ ആവേശംപൂണ്ടു് ആശ്രമത്തിൽനിന്നും ചാടിവരുന്നതു കണ്ടു. സന്ധ്യയും മയങ്ങിയിരുന്നു. സന്ദർഭമിതാണെന്നുകരുതി വഴിയരികേയുള്ള മാമൂട്ടിൽ മറഞ്ഞുനിന്നു.

ചേടി:—(സ്വഗതം) എപ്പോഴുമങ്ങോട്ടുമിങ്ങോട്ടും ഓടിനടന്നു കുഴഞ്ഞു. കൃത്യസമയങ്ങളിൽ ഭക്ഷണംകഴിക്കുന്നതിനുപോലും സമയമനുവദിക്കുന്നില്ല. വീട്ടുവേല കെട്ടിവെച്ചിട്ടു് നാൾ പത്തു കഴിഞ്ഞിരിക്കുന്നു. ബന്ധുക്കളും, ഭർത്താവും എന്നെക്കാണുമ്പോൾ ഓരോന്നുപറഞ്ഞു കുററപ്പെടുത്തും. വയററുപിഴപ്പിനുവേണ്ടി, വലിയവീട്ടിൽ വേലയ്ക്കുനിന്നതു വൃഥാപവാദത്തെ വിലയ്ക്കുവാങ്ങിക്കാനാണു്. തോഴിക്കു തൊഴിലുമൊന്നുമില്ല. നല്ലൊരു നേരംനോക്കി കള്ളസന്യാസി ചേരഭൂമിയിൽ കാലുകുത്തി. കാമേശ്വരി ലോകഗതിയൊന്നുമറിയാത്തവളാണെന്നു എനിക്കും വിശ്വാസമുണ്ടായിരുന്നു. ചേരനാട്ടു ചേരനാടെന്നു കാലാന്തരത്തിൽ പൌരന്മാരെല്ലാം പറഞ്ഞുചിരിക്കും. വല്ലാത്തകാലത്തിലാണു് ചേരൻേറ ജയക്കോടിക്കു ചലനംകൊണ്ടതു്. തോലനു് കുററമൊരിക്കലും പറവുകയില്ല. കാമേശ്വരിയേയും രാജഭാര്യയേയും സ്വന്തം മാതാവുപോലെ വിചാരിച്ചുവരുന്നു. സന്യാസിയുടെ ശുശ്രൂഷയ്ക്കും ശ്രദ്ധപതിപ്പിച്ചിട്ടുണ്ടു്. അന്വേഷണത്തിനുള്ള സമയംകൂടി ഭരണത്തിനാവശ്യപ്പെടുകയാൽ തനതാവശ്യംകൂടി ദൂരത്തു മാററിവെച്ചു.

പരിചാരകജനങ്ങളും, ദാസിമാരും, കൃത്യസമയങ്ങളിൽ ഹാജരാകുകയും, സ്വന്തം ജോലികൾ ശരിക്കു നടത്തി തിരിയെ ച്ചെന്നു സുഖിച്ചുവസിക്കയുമാണു് ചെയ്യാറുള്ളതു്. കന്യകാമഠത്തിലും, ആശ്രമവളപ്പിലും അനവസരങ്ങളിൽ പ്രവേശമാക്കും സുലഭവുമല്ല.

അയ്യയ്യോ! ഇങ്ങനെ ഞാൻ എത്രനാൾ കഴിച്ചുകൂട്ടും. കൊച്ചുതമ്പുരാട്ടിക്കു, ബുദ്ധിഭ്രമമമെന്നോ, കാലക്കേടെന്നോ, മോഹമയക്കമെന്നോ, ബാലചാപല്യമെന്നോ എന്തോ-ഒക്കെ-ചൊ

ല്ലാൻ കഴിയും. കാമേശ്വരി കൂടെക്കൂടെ മൂർഛിക്കയും, പിച്ചുപറയുകയും, സ്വയം ഓടിനടക്കയും ചെയ്യുന്നു. ഭക്ഷണം വെറുത്തും, ഉറക്കെ വിളിച്ചും, നിലമറന്നും നല്ലവണ്ണം സങ്കടപ്പെടുന്നുണ്ട്. സന്ന്യാസിയുടെ സമാധാനവാക്കുമാത്രം—കൂടെക്കൂടെ—സമാശ്വാസമവൾക്കു കൊടുക്കുന്നുണ്ടെന്നു പറയാം. എങ്കിലും വലിയൊരുശങ്കയ്ക്കു വഴിയൊന്നും കാണുന്നില്ല.

സന്ന്യാസിയുടെ പൂർവ്വസ്ഥിതിഗതികൾക്കു യാതൊരു മാററവും വന്നിട്ടില്ലെങ്കിലും തടിച്ചശരീരം നല്ലവണ്ണം ശോഷിച്ചു. പൂർണ്ണചന്ദ്രനെപ്പോലെ പ്രകാശിച്ചുകൊണ്ടിരുന്ന മുഖകമലം മാദ്ധ്യാഹ്നികതപനകിരണതാപമേററു വാടിത്തളർന്നു. ധ്യാനനിഷ്ഠയിലും കൂടെക്കൂടെയുണർന്നു സ്വപ്നം കണ്ടുണർന്ന് പരിഭ്രമിച്ചു ചുററിപാററി പരിശോധിക്കുന്നതുപോലെ ദീർഘശ്വാസംകൊണ്ടു സമാശ്വസിച്ചിട്ടു, വീണ്ടും യോഗത്തിൽ സ്ഥിതിയുറപ്പിക്കുന്നതും കാണുന്നുണ്ട്. കുളി, ജപം, മുതലായവയ്ക്കു വൈകല്യമോ, വ്യത്യാസമോ, വരുത്തുന്നില്ലെങ്കിലും, ഭക്ഷണസമയംകൂടി ധ്യാനത്തിനു അനുവദിച്ചുകൊടുത്തിരിക്കുന്നു. ചെരഭൂപൻ മടങ്ങിവന്നാലുടൻ ഞാൻ ജോലി രാജിവെക്കയാണ് ഭാവം.'' എന്നു സ്വന്തം മനസ്സിലായി ചൊല്ലിക്കൊണ്ടു നടക്കുന്നതെല്ലാം 'മുഖഭാവംകൊണ്ടും ചുണ്ടുകളുടെ ചലനംകൊണ്ടും അന്യരേ മനസ്സിലാക്കാതിരിക്കാൻ മടിച്ചിട്ടില്ലായിരുന്നു എന്നു നമുക്കു ഊഹിക്കാൻ ധാരാളം വഴികൾ ഉണ്ട്. തള്ളയുമെപ്പോഴും അടുത്തിരുന്നു മകളെ ശുശ്രൂഷിക്കയും, ആശ്വാസവചനങ്ങൾ പറകയും പലപ്പോഴും കാമേശ്വരിയുടെ മൂർച്ഛയും മററുവികാരങ്ങളും കണ്ടു ഖേദിക്കയും ചെയ്യുന്നതു കാണുമ്പോൾ കണ്ണുള്ളവർക്കു കണ്ടുനില്ക്കാനോ സങ്കടം ഉണ്ടാകാതിരിക്കാനോ നിവൃത്തിയില്ല എന്നു നിശ്ചയമായും തീർത്തു പറയാം. അയ്യോ—പാവം—വളരെ സങ്കടപ്പെടുന്നു. ഇതിനൊക്കെ നിവൃത്തിയെന്തോ? "ദൈവസങ്കല്പം അനുഗ്രഹിക്കാൻ കഴിയും''. സമയം അതിക്രമിച്ചുപോയി. മൂർച്ഛ തെളിഞ്ഞോ എന്തോ? കാമേശ്വരിയുടെ ശിരസ്സുകുളുർക്കാൻ ചന്ദനക്കുഴമ്പ് എടുക്കാനല്ലയോ പുറപ്പെട്ടതു? എന്നോടു വഴിക്കു താമസിക്കാത വേഗമോടിവരാ

നല്ലദയാ വലിയതമ്പുരാട്ടി കല്പിച്ചിട്ടുള്ളതു്. തോഴിയുമട്ടത്തിരുന്നു താലവൃന്തവും കൂടി കൊണ്ടുവരാൻ പറഞ്ഞതല്ലോ.

സൂൎയ്യാസ്തമനംകഴിഞ്ഞു. ക്രൂരിരുൾ ലോകം മുഴുവൻ മറച്ചുവരുന്നു. വഴിയാത്രക്ക കൂട്ടിനുമാളില്ല. ദൈവംതന്നെ എനിക്ക സഹായം, എന്നു മന്ദസ്വരത്തിൽ പറഞ്ഞുതീൎത്തതും, മാമൂടട്ടത്തതും പിച്ചൻ പുറത്തു ചാടിയതും, തക്കസമയത്തിലായിരുന്നുവെന്നു പറഞ്ഞാൽ കാലഗതിക്ക മാററം വരുത്താൻ ആലോചിക്കുന്നതുപോലെയുള്ള അബദ്ധം മറെറാന്നുംതന്നെയില്ലെന്നു നമുക്ക നിൎണ്ണയിക്കാമല്ലോ. ചേടി ശ്രൌതിയുടെ ചാട്ടം കണ്ടിട്ടു് വല്ല ചാത്തൻേറയും പുറപ്പാടോ അല്ലെങ്കിൽ, ഭൂതത്തിൻെറ ഭൂഗൎഭത്തിൽനിന്നുള്ള ഭൂതലപ്രവേശമോ, അഥവാ ഘോരരക്ഷസ്സിൻെറ ശിക്ഷയനുഭവിപ്പിക്കാനുള്ള പ്രാരംഭസംരംഭമോ, മറേറാ ആയിരിക്കാമെന്നു് ശങ്കിച്ചൊന്നുഞെട്ടി. അയ്യോ! അയ്യോ! എന്നത്യുച്ചസ്വരത്തിൽ വിളിച്ചുപറഞ്ഞുകൊണ്ടു നിലംപതിച്ചു മൂൎച്ഛിച്ചു. അപ്പോൾ അടുത്തു നിന്നിരുന്ന പിച്ചൻ പലവിധത്തിൽ പണിപ്പെട്ടു പരിചരണങ്ങൾ നടത്തി. പൂൎണ്ണാശ്വാസം ലഭിക്കുന്നതിനു പതിനഞ്ചു മിനിട്ടോളം ആവശ്യപ്പെട്ടു. ചേടിയുമൊരുവിധം സമാധാനത്തോടുകൂടി നാലുപാടും സൂക്ഷിച്ചുനോക്കി. സംശയനിവൃത്തിക്കായി നല്ലവണ്ണം സ്വന്തം കൈകൾകൊണ്ടു കണ്ണുകൾ രണ്ടും തലോടി നിശ്ചയംവരുത്തി. അടുത്തുനിൽക്കുന്നവരെ സംജ്ഞകൊണ്ടോ, സ്പൎശംകൊണ്ടോ മനസ്സിലാക്കാമെന്നാലോചിച്ചു. തമസ്സിൻെറ ശക്തിയെ ശപിച്ചുനോക്കി. നാക്കിനു ഊക്കവിട്ടു. കരത്തിനു കെൽപ്പുകുറഞ്ഞു. എങ്കിലും പരസങ്കടത്തിൽ പങ്കുകൊള്ളുന്ന പ്രകൃതം ശ്രൌതിയൾക്ക പണ്ടുപണ്ടേ പ്രസിദ്ധമായി തീൎന്നിരിക്കയാൽ സ്വയം അടുത്തുകൂടി. "ഹേ! ഭ്രാന്തേ, പേടിക്കേണ്ട, പേടിക്കേണ്ട, ശബ്ദം അറിയുന്നില്ലദയാ ഇവൻ പിച്ചൻ ആണെന്നു പറദയണ്ടതിൽ എന്നെ പരിഹസിക്കരുതു്. ഇതൊക്കെ പരമാൎത്ഥമാണു്. നീ പേടിക്കേണ്ട, പേടിക്കേണ്ട; നിൻെറ അടുക്കലിരിക്കുന്നതു, ഭൂതമോ, പിശാചോ, രക്ഷസ്സോ, മറേറാ അല്ലെന്നു വിചാരിച്ചു സമാധാനപ്പെട്ടു" എന്നു ഉച്ചത്തിൽ പറഞ്ഞു.

അപ്പോഠം ചേടി അല്പം ആശ്വസിച്ചമട്ടിൽ ശാന്തസ്വരത്തിലായി "സ്വാമിയേ, അങ്ങ എന്നെ നല്ലവണ്ണം പറ്റിച്ചു. ഞാൻ വല്ലാതെ ഭയന്നുപോയി. വല്ല രക്ഷസ്സോ, പിശാചോ ഭൂതമോ, മറേറാ എന്നെ പിടിച്ചുതിന്നാൻ വരികയാണെന്നു് ശങ്കിച്ചുപോയി. സ്വഥാസ്ത്രീകഠം ഒററയ്ക്കു പുറത്തിറങ്ങുന്നതു ഒന്നുകൊണ്ടും നന്നല്ല. അതിലും സന്ധ്യയ്ക്കോ, നിശാകാലത്തോ തീരെ പാടില്ലെന്നു പഴമക്കാരുടെ സിദ്ധാന്തം പരമാൎത്ഥത്തിൽ വലിയ വിലയുള്ളതാണെന്നു പറയാതിരിക്കാൻ വഴികാണുന്നില്ല. വഴിക്കു പിച്ചൻസ്വാമി വന്നു നിൽക്കുമെന്നു വിചാരിക്കാൻ ന്യായമൊന്നും കാണുന്നില്ലല്ലോ? ഞാൻ കുറേ പരിഭ്രമിച്ചുപോയി എന്നേയുള്ളു. ഇപ്പോഠം കുറേ സമയം കഴിഞ്ഞിരിക്കണം. ആപത്തിലെന്നെ നിങ്ങഠം സഹായിച്ചതിലേക്കു് നിങ്ങഠംക്കു ദൈവം നല്ലതുവരുത്തട്ടേ. തക്കത്തിനൊത്ത ഉതവികഠം കരുതിച്ചെയ്യുന്നതിനു ഞാൻ മനസാ വേണ്ടുവോളം പ്രാൎത്ഥിക്കുന്നുണ്ടു്, എനിക്കു കുറേ ബദ്ധപ്പാടാണു്. സമയം കഴിഞ്ഞു ചെന്നാൽ അമ്മതമ്പുരാട്ടി എന്നോടു കോപിച്ചേക്കും. സരസമായി സംസാരിച്ചു നിൽക്കാനുള്ള സമയം ഇതല്ല. നമുക്കു പിന്നീടു കണ്ടാൽ പോരായോ? വല്ല വിശേഷവുമുണ്ടെങ്കിൽ പിന്നീടാവാം. ഞാൻ പോകട്ടേ!

പിച്ചൻ:—നീ ബദ്ധപ്പെടരുതേ, നിനക്കു ക്ഷീണം ഇനിയും തീൎന്നിട്ടില്ല. കൈയും കാലും വിറയ്ക്കുന്നതുകൂടിയും ശ്രദ്ധിക്കുന്നില്ലല്ലോ.

ചേടി:—ശരി-ശരി[എന്നാലും..............

പിച്ചൻ:—(സ്വഗതം) ഇതാണു വഴി. കിട്ടിയതു വിട്ടാൽ കാൎയ്യത്തിനു കുററം കൂടും, കണിശമായും കേട്ടറിയേണ്ടതെല്ലാം കിളിയോടു ചോദിച്ചു കുറിച്ചെടുക്കണം. (പ്രകാശം) ചേടീ! നിനക്കു ഭ്രാന്താണു്. കാലമറിഞ്ഞു കുടികൊള്ളേണ്ടായോ? ഇവിടെ സ്വല്പമിരുന്നു സമാശ്വസിക്കണം. കുററം പറഞ്ഞാൽ പറഞ്ഞുപോലും. "ഭയം" "ഭയം" ഭൎത്തൃകല്പനയ്ക്കുപോലും പേടിയില്ലാത്ത കാലം. എനിക്കും, രാജസേവയുണ്ടു്. ഞാനും രാജഭക്തനാണു്. നിനക്കുമാത്രം...........ജോലി.........

ചേടി:—(പുഞ്ചിരിയോടുകൂടി), എനിക്കല്ലാ ഭ്രാന്ത്! കൊച്ചുതമ്പുരാട്ടിക്കാണ് ഇപ്പോൾ അത്.

പിച്ചൻ:— 'അത്' ഏതാണ്? ഇപ്പോൾ കൊച്ചുതമ്പുരാട്ടിക്കെന്തുവന്നു?

ചേടി:—ചിലപ്പോൾ, ഭ്രാന്തിൻെറ മട്ടും, കൂടെക്കൂടെ മോഹിച്ചു ശവപ്രായമായിക്കിടന്നും ദീർഘശ്വാസംവിട്ടു സമാധാനപ്പെട്ടും സങ്കടപ്പെടുന്നു. ഇന്നു പത്തുദിവസമായി കാണുന്നു. വൈദ്യൻെറയും മററും സഹായങ്ങൾ ആവശ്യപ്പെട്ടിട്ടില്ല. യോഗീശ്വരൻെറ സാന്ത്വനങ്ങൾ സമാശ്വാസത്തിനു നല്ലൊരു ചികിത്സപോലെ സഹായമായിത്തീൎന്നിട്ടുണ്ട്.

പിച്ചൻ:—ചേടി, കാമേശ്വരി കന്യകാമഠത്തിലല്ലേ പാൎക്കുന്നതു്? വലിയമ്മതമ്പുരാട്ടിയും, പുത്രിയോടുകൂടി താമസിച്ചുകൊള്ളണമെന്നാണല്ലോ കല്പന! മഠത്തിലവൎക്കു സഹായത്തിനു ആരും ഇല്ലേ? നീ ഇപ്പോൾ എവിടെനിന്നും വരുന്നു?

ചേടി:—(സ്വഗതം)ഈസദ്ധേ എന്നെഎളുപ്പം വിട്ടയക്കയില്ല. ചോദ്യങ്ങളോരോന്നുമെന്നോടു ചോദിച്ചുതുടങ്ങിയിരിക്കുന്നു. കാമേശ്വരിയുടെ കാൎയ്യമൊന്നും വെളിക്കുവരാൻ പാടില്ലെന്ന് പ്രത്യേകം വലിയതമ്പുരാൻ കല്പിച്ചിട്ടുണ്ട്. ഇയ്യാൾ എന്നെ ചതിച്ചു. വാസ്തവം വെളിപ്പെട്ടാൽ എൻെറ ജോലിക്കു മാത്രമല്ല ദൂഷ്യം രാജകുലത്തിനുംകൂടി അപവാദം സംഭവിച്ചുപോകാൻ ഇടയുണ്ട്. കാമേശ്വരിയുടെ കായസ്ഥിതിയും, ബുദ്ധിഭ്രമവും, സന്യാസിയുടെ സഹവാസവും, സാമാന്യക്കാൎക്കുപോലും സംശയാവഹമായി തീൎന്നിരിക്കുന്നു. ഞാൻ വല്ലതും പറഞ്ഞൊഴിയാൻ ഭാവിച്ചാലും ഈ വിട്ടുവായൻ എന്നെ കുത്തിപ്പൊക്കി പരമാൎത്ഥമറിയാൻ പരിശ്രമിക്കുന്നു. ഇപ്പോൾ എൻെറ മൌനംകൊണ്ടു് പ്രകൃതം മറയ്ക്കാൻ സാധിക്കയില്ല. 'ഉള്ളതുപറഞ്ഞാൽ ഉറിയും ചിരിക്കു'മെന്നചൊല്ലു സത്യവുമാണ്. ഇങ്ങനെ സമയം കഴിച്ചാൽ പിന്നെ വേലയും തൊലയും. നാടുകടത്തലും നിമിഷത്തിലാകും. എന്താണ് ചെയ്യേണ്ടതു്? ധൎമ്മസങ്കടമാ

യിത്തീന്നിരിക്കുന്നു. സമയം പിഴച്ച് സവാരിതുടങ്ങിയാ ലിങ്ങനെയൊക്കെയാണു സംഭവം. വരുന്നതെല്ലാം അനുഭ വിക്കയല്ലാതെ നിവ്വാഹമില്ല. എന്തിനു ഞാൻ മറയ്ക്കുന്നു. 'അരമനരഹസ്യം അങ്ങാടി പ്പരസ്യം' എന്നാണല്ലോ പഴ മൊഴി. ലോകരഹസ്യം ആക്കും സ്വാധീനം. (പ്രകാശം) കേട്ടോ സ്വാമി! എന്നെ ബുദ്ധിമുട്ടിക്കാൻ പാടില്ല. കാമേ ശ്വരിയുടെ സ്ഥിതിഗതിയെല്ലാം രഹസ്യംപോലെ സൂക്ഷി ച്ചിരിക്കുന്നു. കല്പനയ്ക്കു വൈപരീത്യംവരുത്താൻ വെറുതേ നിബ്ബന്ധിക്കുന്നതുന്യായമല്ല. എനിക്കു വേഗം പോകണം.

പിച്ചൻ:—വേണ്ട! വേണ്ട ഞാനുമറിയും. ചേരനാഥൻ എ ന്നോടു കല്പിച്ചിട്ടുള്ളതാണ്. ഞാനാണ് തടാകതീരത്തിൽ യോഗീശ്വരനേ ആദ്യമായ് കണ്ടുമുട്ടിയത്. പിന്നെയാണു യോഗിക്കൊരു വലിയ പദവി.

ചേടി:—അതൊക്കെയിരിക്കട്ടേ, കാമേശ്വരിക്കു ലോകരഹസ്യ ത്തിലശേഷം അറിവില്ലെന്നു ഞങ്ങൾക്ക് അറിയാം. ആ കള്ള സന്യാസിയുടെ ആഗമനംതുടങ്ങി 'കന്യകാമഠം' അ ലങ്കോലമായിത്തീൎന്നു എന്ന് ആലോചനകൂടാതെ പറയാം. അന്നു വീഥിയിൽകൂടി പല്ലക്കിൽകയററി സന്യാസിയെ പൂജിച്ചത് പാൎത്ഥിവന്റെ പെരുമയ്ക്കു യോജിച്ചതായിരു ന്നു. 'പരമാൎത്ഥത്തിൽ സന്യാസിയെക്കുറിച്ചു പലക്കും പ ലപല സംശയങ്ങൾ തോന്നാതിരുന്നില്ല. ആശ്രമത്തിനു ള്ള യോഗ്യതയേ അന്യായമായി നശിപ്പിക്കുന്നവർ നശിച്ചു പോകുമെന്നുള്ള നീതിവചനം കലിപ്രവേശത്തോടുകൂടി ന ഷ്ടമായിതീൎന്നുവോ എന്നുവോ? സന്യാസിയുടെ കള്ളനോ ട്ടം രാജകുമാരിയെ അപഥത്തിൽ ചാടിച്ചുകളഞ്ഞു. അം ബ! ഭാവവും, വേഷവും, വ്യവഹാരവും, സന്യാസിക്കു വേ ണ്ടുവോളം വിളങ്ങുന്നുണ്ട് വെറുതെയല്ലാ വണങ്ങുന്നവരെ ല്ലാം സംഭാഷണംകൊണ്ട് സ്വാധീനമായിപ്പോകുന്നത്.

പിച്ചൻ:—ചേടി! നിനക്കു, കാമേശ്വരിയുടേയും ആ തടിച്ച ക ള്ളസന്യാസിയുടേയും മനോരഥങ്ങൾ സാധിക്കുമെന്ന് തോ ന്നുന്നുവോ. എന്താ? പറയണം കേൾക്കട്ടേ!

ചേടി:—അതു് ഒരിക്കലും സാധിക്കുമെന്നു് തോന്നുന്നില്ല.

പിച്ചൻ:—എന്തുകൊണ്ടാണു് അങ്ങനേ പറഞ്ഞതു്.

ചേടി:—സന്യാസിക്കു കുഞ്ഞിന്നെ കല്യാണംകഴിപ്പിച്ചുകൊടുക്കാൻ ആൎക്കുതോന്നും? ചേരൻ കേട്ടാൽ പിന്നെ സന്യാസിവധം.

പിച്ചൻ:—തോലൻ വിവരം അറിഞ്ഞിരിക്കുമെന്നു തോന്നുന്നുവോ?

ചേടി:—അറിയാൻ പാടില്ല.

പിച്ചൻ:—സന്യാസിക്കു ഇവളിൽ താല്പൎയ്യമുണ്ടെന്നു വല്ല തെളിവുമെടുക്കാമോ?

ചേടി:—ധാരാളം—ബുദ്ധിപൂൎവ്വമായിട്ടൊന്നു പ്രവൃത്തിക്കേണ്ട—സൎവ്വവും പ്രത്യക്ഷത്തിൽ കാണാം.

പിച്ചൻ:—അതെങ്ങിനെ?

ചേടി:—സന്യാസിയുടെ ശരീരമിപ്പോൾ ക്രമത്തിലധികം ശോഷിച്ചിട്ടുണ്ടു്. കണ്ണുകൾ കുഴിഞ്ഞും, ചുണ്ടുകൾ വറണ്ടും വദനം വിളറിയും, വാക്കുകൾ തടഞ്ഞും-വാസ്തവങ്ങൾ വെളിപ്പെടുത്തുകയാണു്. ആഹാരത്തിനു തീരെ അഭിരുചിയില്ലെന്നു ആളുകളറിയാതിരിക്കാൻ ഭക്ഷണ സമയത്തിലും, യോഗാഭ്യാസമനുഷ്ഠിക്കുന്നു. ആരോടുമൊന്നുമധികം സംസാരിക്കുന്നില്ല. എപ്പൊഴും മൂടുപടംകൊണ്ടു മുഖം മറച്ചു് ദീൎഘശ്വാസഗതിയാലാശ്വസിക്കുന്നു. ഇതു കൂടാതെ ദേവിയുടെ സ്തോത്രവും, മന്ത്രവുമാണു് മനനത്തിനും പഠനത്തിനും, പൂജയ്ക്കും സ്വീകരിച്ചിരിക്കുന്നതു്. കാമേശ്വരി, കല്യാണി, കാത്യായനി, കമലാക്ഷി, കാളി, എന്നീ ശബ്ദങ്ങൾ സ്തോത്രാന്ത്യത്തിലും, ആരംഭത്തിലുമൊഴിച്ചുവിടാതെ വ്യക്തസ്വരത്തിൽ വിളിച്ചു പറയുന്നുണ്ടു്.

പിച്ചൻ:—സന്യാസിയെക്കുറിച്ചു് ഇപ്പോൾ നമുക്കു ചിന്തിക്കേണ്ട. അതെല്ലാമരചന്റെ അഭിപ്രായംപോലെ നടക്കട്ടെ. നമുക്കു അതൊക്കെ അറിഞ്ഞിരിക്കണം എന്നേയുള്ളു. കാമേശ്വരിക്കു സന്യാസിയെത്തന്നെ കല്യാണം കഴിച്ചുകൊള്ളണം എന്നോ, അല്ലെങ്കിൽ ആശ്രമിയെപ്പോലെ

കാഷായവുമുടുത്തു പരദേശി വേഷത്തിലെങ്ങാനും പുറപ്പെട്ടുപോകുന്നമെന്നോ ഭാവം കാണുന്നുണ്ടോ

ചേടി :—അതൊന്നുമാത്രം തെളിച്ചു പറയാൻ സാധിക്കയില്ല. പിന്നെ സന്ന്യാസിയുടെ മോഹവലയിൽപെട്ടു മരണദശയിൽ രാജകുമാരി നല്ലവണ്ണം കഷ്ടപ്പെടുന്നുണ്ടെന്നുള്ളതു് ദേവരഹസ്യമല്ലെങ്കിലും, രാജരഹസ്യമാണിതെന്നു ഏതു സദസ്സിലും പറയാൻ സാധിക്കും.

പിച്ചൻ :—എനിക്കും അന്നു്, നിൻറയും തോഴിയുടെയും സംഭാഷണത്തിൽ നിന്നു് പല സംശയങ്ങൾ കാമേശ്വരിയേയും, സന്ന്യാസിയേയും സംബന്ധിച്ചു തോന്നുകയുണ്ടായി, എന്നാൽ ഞാനതൊക്കെ വാസ്തവബുദ്ധ്യാ വിലവെച്ചിട്ടില്ലായിരുന്നു. ഇന്നുതന്നെയാണു് സംശയം നിർണ്ണയമായതു്. എല്ലാംകൊണ്ടും വളരെ നന്നായി. "ചേരരാജ്യം പ്രജാചോരപൂജ്യം' എന്ന മുദ്രാവാചകം ചിത്രകൂടമലകളിലുമെത്തിക്കളിക്കും. അതിനില്ലൊരു സംശയം.

ചേടി :—എന്തുചെയ്യാം—ആരുക്കുപറയാം, കേരള നാഥനു കമ്മസന്താനയോഗമേ ദേവി അനുഗ്രഹിച്ചുള്ളൂ. ചേരവംശാങ്കുരമായിത്തീൎന്ന കാമേശ്വരി, കാലപ്പിഴമൂലം കോളുതെററി കടലിലേയ്ക്കു് ഇറക്കിയ കപ്പലുപോലെ സന്ന്യാസിയെ കാമിച്ചിരിക്കുന്നു. കുലമെന്തോ-ദേശമെന്തോ. കാമത്തിനു കണ്ണില്ലെന്നും അനുകൂലദാമ്പത്യഘടനയിൽ വിധിക്കു വൈപരീത്യ ബുദ്ധിയാണെന്നും ചൊല്ലുന്നതു സത്യമാണെന്നു് തെളിഞ്ഞുകാണുന്നു. എനിക്കു സമയം വളരെയായി, വഴിക്കു, തോഴിയും, രാജപത്നിയും എന്നെ തേടിനടക്കും. ഞാൻ ചന്ദനക്കുഴമ്പുമെടുത്തു വേഗമാശ്രമത്തിലേയ്ക്കു പൊയേക്കാം. ഇതൊക്കെ ലോകരഹസ്യമാണു്, പരസ്യമാക്കരുതു്.

പിച്ചൻ :—ഭ്രാന്തെ. നിനക്കും എനിക്കും ഒരിക്കലും പരിഭ്രമിക്കാനില്ല. പാൎത്ഥിവൻ തിരിച്ചു വരുമ്പോൾ നമുക്കു ഫലഭാഗപാഠം പറഞ്ഞുതീൎക്കാം. എന്നാൽ നമുക്കിപ്പോൾ പിരിയാം, സൎവ്വവും സൂക്ഷിച്ചിരിക്കണം. നിനക്കു മംഗളം വരട്ടെ. എന്നിത്രയുമിവർ പറഞ്ഞു പിരിഞ്ഞു.

---

# അദ്ധ്യായം ൨൪.

മാരൻെറ മോടി.

സകല മംഗളദായകത്വം സ്വായത്തമാക്കിത്തീൎത്തിരിക്കു ന്ന ശുക്രഗ്രഹം വക്രമോ മൌഢ്യമോ മററവൊ ഒന്നും കൂടാതെ നഭോമണ്ഡല മദ്ധ്യത്തിൽ സഹചാരികളായ താരാഗണങ്ങളോ ടുകൂടി വൃഷഭരാശിയെ സ്വക്ഷേത്രാധിപത്യം കൈയ്യേൎറ്റു അനുഗ്രഹിച്ചിരിക്കയായിരുന്നു. വിധുവും മററുള്ള ഖേചരങ്ങ ളുമെല്ലാമൊന്നുപോലെ പൂൎണ്ണശോഭയെ സുപ്രസന്നമായി പ്രക ടിപ്പിച്ചുകൊണ്ടിരുന്നു. താരാധീശൻെറ സാമീപ്യം വാരാധീ ശനു സിദ്ധിക്കയും, വ്യാഴത്തിൻെറ ഭാവത്തെ ബലപ്പെടുത്തി പ്രദൎശിപ്പിക്കയും ചെയ്തുകൊണ്ടിരുന്ന ആ ശുഭമുഹൂൎത്തത്തിൽ, ശോഭനാംഗിയുടെ അശുഭസ്ഥിതി സ്വസ്ഥിതിക്കു ദുസ്സഹമാ യ വേദനയെ സൂചിപ്പിക്കുന്നുണ്ടെന്നോൎത്തു ശുഭഗ്രഹം ഉപാ സനാബലത്തെയും ആരാധനാവൈഭവത്തെയും, ദീപച്ഛായ യിൽ തെളിഞ്ഞിരുന്ന് ദേവീരൂപമായി സന്യാസിയുടെ പൂജാ സമയം ശോഭിച്ചു. പരിവാരങ്ങളും ഭൂതനാഥനും, ബലിപീഠ ങ്ങളിൽ പൂജിതങ്ങളായി ബാലസന്യാസിയുടെ പൂജയെ ഫല വത്താക്കിത്തീൎത്തു. പരിതസ്ഥിതികൾ പുഷ്പപരിമളപ്രൌഢി യേയും, സുഗന്ധദ്രവ്യ ധൂമഭ്രമാവിനെയും യഥാസുഖം അനുഭ വിച്ചുകൊണ്ടിരുന്നു. ബ്രഹ്മസ്വരൂപമാനന്ദമെന്നു ഘോഷിക്കു ന്ന ആയതിവൎയ്യൻ അത്യാനന്ദഭരിതനായി, പൂജാപീഠത്തിനു സമീപമുറപ്പിച്ചിരുന്ന ആസനപ്പലകയിൽ പാണിപാദങ്ങളെ യോഗമുറകൾക്കു ഉചിതമായവിധം സങ്കുചിതമാക്കി യോജി പ്പിച്ചിരുന്നു.

സ്വമതാവും, സഖിയും—സമീപത്തിലില്ലെന്നുള്ള സന്ദൎഭ മറിവുകൊടുക്കാനെന്നപോലെ യഥാവസരം ശ്വാസസഞ്ചാ രത്തിനു നിശ്വാസപവനൻ ഉദ്യമിക്കയാൽ സുമുഖിയായ കാമേ ശ്വരി മൂൎച്ഛതെളിഞ്ഞു സ്വയമെഴിച്ചിരുന്നു-ആസമയം സന്യാ സിയുടെ പൂജാവിശേഷവും ദീപജാലങ്ങളുടെ ദിവ്യദീപ്തിയും ധൂമജാലങ്ങളുടെ സുഗന്ധവും, പുഷ്പസഞ്ചയത്തിൻെറ സൌരഭ്യ വും, ചക്ഷുരിന്ദ്രിയത്തിനു സ്വാതന്ത്ര്യം പൂൎണ്ണമായി അനുവദിച്ചു

കൊടുത്തു. അപ്പോൾ അന്തരിന്ദ്രിയത്തിൻെറ അനുക്രല്യം അപേക്ഷകളൊന്നും കൂടാതെ പരപക്ഷബലത്തെ ബലാലപകഷിച്ചുകൊണ്ടു വശംവദമായിത്തീന്നതിൽ അതിശോക്തിയൊന്നും ആലോചിക്കാനില്ല. അന്നേരം ആ മോഹനാംഗി മുനിയേയും മാതാവിനേയും, തോഴിയേയും ഓൎമ്മിച്ചു സമീപപ്രദേശം പരിശോധിക്കയായി. അവിടെ ധ്യാനനിരതനായ മുനിവൎയ്യനെ അടുത്തുകണ്ടു സമാധാനപ്പെട്ടു എങ്കിലും, മാതാവും, തോഴിയും ചേടിയും, സമീപത്തെങ്ങും തൻെറ ദൃഷ്ടിക്കു ഗോചരീഭവിക്കാതെവരികയാൽ വല്ലാതെ പരിഭ്രമിച്ചു കുഴഞ്ഞു. വല്ലവരോടും ചോദിച്ചു വിവരമാവശ്യപ്പെടാനും, ആശ്രമവാസം അതിനു അനുക്രലിച്ചിരുന്നില്ല. എന്നാൽ കാമൻ വാമം വെടിഞ്ഞു കാമിനീകാമുകന്മാരുടെ കടാക്ഷവിക്ഷണങ്ങളെ പരസ്പരം യോജിച്ചുവെപ്പിക്കാൻ ശ്രദ്ധിക്കാതിരുന്നില്ല. വിധിമതമിതാണെന്നു ചിന്തിച്ചു സൌഭാഗ്യവതി സമയംപിഴയ്ക്കാതെ സന്യാസിയുടെ പാദപത്മങ്ങളിൽ സാഷ്ടാംഗപ്രണാമം കൊണ്ടു്സ്വസങ്കടമാസകലം അറിയിക്കാനായി, ആശ്രമിയുടെ പാദപൂജയ്ക്കു നേത്രബാഷ്പപ്രവാഹത്തിൽ അൎഘ്യപാദ്യാദികളും പ്രാൎത്ഥനാശതപ്രലപനങ്ങളാൽ പുഷ്പാഞ്ജലിയും മന്ദഹാസാമൃതം കൊണ്ടു നിവേദ്യവും സമൎപ്പിച്ചു സ്വകൃത്യം മങ്ഗളമായി അവസാനിപ്പിച്ചു.

പിന്നെ മുനി മോഹാന്ധതമസ്സിൽ നിന്നുണൎന്നുദിച്ചു, മനോജ്ഞമായ മുഖപ്രകാശത്തോടും, മന്ദഹാസ വചനത്തോടും കൂടി 'ശോഭനേ, നിനക്കു സൎവ്വസൌഭാഗ്യങ്ങളും മീനാക്ഷീപരേശൻ അനുഗ്രഹിക്കട്ടെ. നിൻെറ മനോരഥം രാജരാജൻ ക്ഷിപ്രം പൂൎത്തിയാക്കിത്തരട്ടെ. കാമേശ്വരീ കാമുകൻ നിന്നെ കാന്തയായി സ്വീകരിക്കട്ടേ.'' എന്നു ത്രി കരണങ്ങളുടേയും, ആശ, അസൂയ, ആത്മാഭിമാനം തുടങ്ങിയ മനോവികാരത്രയങ്ങളുടേയും സഹായത്താലാശിസ്സു കല്പിച്ചനുഗ്രഹിച്ചു. പിന്നെ തുടരെത്തുടരെ 'ആനന്ദ മാനന്ദ മാനന്ദമെന്നു്' അഭിനവ ശബ്ദവൎഷം പൊഴിച്ചുകൊണ്ടു സ്വയമനുമോദിക്കയായി.

കാമേശ്വരി:—സ്വാമിൻ! എനിയ്ക്കു് തൃപ്പാദങ്ങളെ ശരണമുള്ളൂ. ഭവാൻെറ ആശിസ്സുകളൊരോന്നും ആശ്വാസപ്രദങ്ങളായി

ത്തന്നെ ഭവിച്ചുകാണുവാൻ എന്റെ ഭാവിയെ സംഭാവനയായി സ്വീകരിക്കണം. അതിനു പാത്രമാണിവളെന്നു ബോധിച്ച് ജീവിത ഗതിക്കുപദേശിക്കണം.

സന്ന്യാസി:— സസന്തോഷം സർവ്വും സമ്മതിച്ചിരിക്കുന്നു സമയച്ചുരുക്കം നിമിത്തം 'സുഭദ്രാർജ്ജുനമന്ത്രം' സുലഭമാക്കിത്തീർക്കാനെളുപ്പമുണ്ടു എന്നു തോന്നുന്നില്ലയോ?

കാമേശ്വരി:—ശ്രീകൃഷ്ണസോദരിക്കു അർജ്ജുനമന്ത്രം ഉപദേശിച്ചതു് സന്ന്യാസിവർയ്യനായിരുന്നു എന്നാണല്ലോ പുരാണപ്രസിദ്ധി. ആ അർജ്ജുനമന്ത്രം എനിക്കു് അശ്വാസപ്രദമായിത്തീരാനങ്ങു ഉപദേശിച്ചു തരണം.

സന്ന്യാസി:—ശ്രീകൃഷ്ണസോദരിയായ സുഭദ്രക്കു അർജ്ജുനനിൽ പൂർണ്ണവിശ്വാസമുണ്ടായിരുന്നു. അർജ്ജുനൻ ശ്രീകൃഷ്ണന്റെ ആജ്ഞകളെല്ലാം പ്രത്യക്ഷരം സൂക്ഷിച്ച് ജീവിച്ചിരിക്കയാണു് ചെയ്തതു്. സുഭദ്രയുടെ ശുശ്രൂഷകൾ പാണ്ഡവമദ്ധ്യമനു മനോജ്ഞമായിത്തീർന്നു. മാതാപിതാക്കന്മാരുടെ അനവസരത്തിലാണു് കാമൻ സുഭദ്രാർജ്ജുനന്മാർക്കു മാദ്ധ്യസ്ഥ്യം അവലംബിച്ചതു്. ബലരാമന്റെ കോപവും ശ്രീകൃഷ്ണന്റെ കരുണയും കാർയ്യസാദ്ധ്യത്തിൽ കണ്ണായിത്തീരുകയാലാണു് അവരുടെ സ്വയംവരം വിശേഷവിധിയിലവസാനിച്ചതു്.

കാമേശ്വരി :—സുഭദ്രയേപ്പോലെ എനിക്കു ഒരു സഹോദരൻ ഉണ്ടായിരുന്നുവെങ്കിൽ ഞാനൊന്നിനും മടിക്കയില്ലായിരുന്നു. രാജത്വവും, ബന്ധുത്വവും കൊണ്ടു ഇന്ദ്രപുത്രനെ സുഭദ്ര സ്വീകരിച്ചതിൽ സദ്ധർമ്മത്തിനു ഭംഗംവന്നില്ലെന്നു പ്രശംസിക്കാം. എന്നാൽ എന്റെ ധർമ്മവും ഭവാന്റെ ബന്ധുത്വവും ഭാവിയെ എങ്ങിനെ സഹായിക്കുമെന്നു ഞാൻ സംശയിക്കുന്നു. സ്വാമിയുടെ അനുഗ്രഹവചനങ്ങൾ. "മീനാക്ഷിപുരേശനായ രാജരാജൻ നിനക്കു കാന്തനായി സംഭവിക്കും' എന്നാണല്ലോ എന്റെ ശ്രോത്രപുടങ്ങളിൽ പ്രതിഫലിച്ചിട്ടുള്ളതു്. പാണ്ഡ്യന്റെ പൌരുഷം കേരളത്തിലും, ചേരന്റെശ്രമം ചോളസഹായത്തോടുകൂടി പാണ്ടിയിലും പരന്നു കഴിഞ്ഞിരിക്കുന്നു. തത്ഫല

ങ്ങളെല്ലാം ഭാവിക്ക യോജിക്കുമെങ്കിൽ എനിക്ക് ജന്മസാഫല്യം സിദ്ധിക്കുമെന്നു നിസ്സംശയം പറയാം.

സന്യാസി:—ശോഭനേ! സർവ്വസൌഭാഗ്യ ഭാവുകെ! ഭാവിയെല്ലാം നിനക്ക ശുഭകരമാണെന്നു സമയം ചൊല്ലുന്നു. സംശയിക്കേണ്ട. സർവ്വേശ്വരിയുടെ സ്ഥലിംഗ പുഷ്പവർഷംകൊണ്ടു ശോഭനം സ്പഷ്ടമാക്കിത്തരുന്നു. സമയോചിതമായ സംഭാഷണത്തിനു സന്ദർഭമിതല്ല. രാജപത്നിയും തോഴിയും താമസംക്രൂടാതെ വന്നുചേരും. അവർചേടിയെത്തേടിയാണ് പൂങ്കാവനത്തിലേയ്ക്കിറങ്ങിയതെന്ന് എനിക്കുതോന്നി. പിച്ഛനും പൂജകാണ്മാൻ പാഞ്ഞു പറവും, പക്ഷെ പുറകിലിരുന്നു പരമാൎത്ഥമറിയാൻ വേണ്ടി പരിശോധിക്കാനും അവൾക്കുമടിയില്ല. സമയമതിക്രമിക്കുന്നു. പുഷ്പാഞ്ജലിക്കു ഞാൻ തുടങ്ങട്ടെ.'' എന്ന സംഭാഷണമവസാനിപ്പിക്കയും പൂജാരംഭത്തിനുള്ള പീഠികയായി പൊടിപൊടിച്ച് മണിയടിച്ചു തുടങ്ങുകയും ചെയ്തു.

അതിന് സ്വല്പനേരത്തിന്മുമ്പ് ആശ്രമസാമീപ്യം അനുകൂലമാക്കിത്തീൎത്തിരുന്ന രാജഭാൎയ്യയും തോഴിയും ചേടിയെ അന്വേഷിച്ചു നിൽക്കുന്നുണ്ടായിരുന്നു. ചേടിതിരിച്ചു വരാൻ ക്രമത്തിലധികം സമയം കഴിഞ്ഞിരിക്കുന്നതിനാലും സഹായത്തിനുള്ള പരിജനങ്ങളാരും അടുക്കലില്ലായികയാലും വിജനപ്രദേശത്തുക്രൂടി സ്വച്ഛന്ദസഞ്ചാരം അവിഹിതമാകയാലും 'ഇനി നാം എന്താണ് ചെയ്യേണ്ടതു് ? കാമേശ്വരിയുടെ പ്രകാമ മൂൎച്ഛയെ മാററുന്നതിനുള്ള മരുന്നുകളൊന്നും കൈവശമില്ലല്ലോ ? ഇപ്പോഴെങ്കിലും കുഞ്ഞിനു മോഹാലസ്യം മാറിക്കാണാൻ ഇടയാകയില്ലയൊ? ചേടിക്കു പററിയ അബദ്ധം എന്തോ? മുനിയോടു പറഞ്ഞാൽമോഹാലസ്യശാന്തിക്കു മരുന്നുകൾ ചെയ്യാതിരിക്കുമോ ? എന്നാൽ ധ്യാന നിഷ്ഠയിലിരിക്കുന്നവരെ കാൎയ്യഭാവത്തിൽ പ്രവേശിപ്പിക്കുന്നതെങ്ങിനെ? എല്ലാംകൊണ്ടും പരമസങ്കടത്തിലായിത്തീൎന്നിരിക്കുന്നു. മൂൎച്ഛിച്ചു കിടക്കുന്ന മകളെ വേർപെടാൻ മനസ്സനുവദിക്കുന്നില്ല. എനിക്കുക്രൂടി ഇപ്പോൾ ഓൎമ്മക്കേടുണ്ടാകുമോ എന്തൊ? കഷ്ടകാലത്തിനു പാണ്ഡ്യൻ കേരളത്തിൽ

കാല്യകുത്തി. പിച്ചനെങ്കിലും പരിചരിക്കാണ്ടത്തിരിക്കേണ്ടിയിരുന്നു. അയ്യയ്യോ! എൻേറ മനം തളരുന്നു എന്നെ ഒന്നു വീഴാതെ താങ്ങികൊള്ളു'' എന്നിത്രയും അവ്യക്ത ഭാഷയിൽ പറഞ്ഞു മൂർച്ഛിച്ച രാജഭാൎയ്യയേ തോഴി മടിയിൽ കിടത്തി സമാധാനവാക്കുകൾ കൊണ്ടും വസ്ത്രാഞ്ചലവാതപ്രചരണം കൊണ്ടും ശുശ്രൂഷിച്ചുകൊണ്ടിരുന്നു. അപ്പോൾ ആ വഴിക്കു പിച്ചൻ പൂക്കളുംകൊണ്ടു വന്നുചേൎന്നു, എങ്കിലും അവൾ അയാളെക്കുറിച്ച് ഭയമൊന്നുംതോന്നിയില്ല, പിന്നെ സ്വകാൎയ്യമറിയാനാശിച്ച് രാജ്ഞി ഇങ്ങനെ ചോദിച്ചു.

'അതു് ശ്രൌതിയല്ലാണോ ?

പിച്ചൻ സംഭ്രമിച്ച് "അതേ''

രാജ്ഞി:—ഇപ്പോൾ ആശ്രമത്തേയ്ക്കായിരിക്കാം യാത്ര.

പിച്ചൻ:—ഉവ്വ്.

രാജ്ഞി:—താൻ വരുന്ന വഴിയിൽ നമ്മുടെ ചേടിയെകണ്ടോ ?

പിച്ചൻ:—അല്പം നേരത്തിനുമുമ്പ് കന്യകാമഠത്തില്ലേയ്ക്കു് പോകുന്നതുകണ്ടു.

രാജ്ഞി:—അപ്പോൾ സമയമെന്തായിരിക്കും ?

പിച്ചൻ:—ഉദ്ദേശം സന്ധ്യമയങ്ങിയിരിക്കുമെന്നു പറയാം,

രാജ്ഞി:—നിങ്ങൾ തമ്മിൽ കണ്ടുവോ.

പിച്ചൻ:—കണ്ടു—കാൎയ്യവും സംസാരിച്ചു.

രാജ്ഞി:—വേഗം വരാനാണ് അവളെ പറഞ്ഞയച്ചതു് —ദുബ്ബുദ്ധി ഇനിയും വന്നിട്ടില്ല, എങ്ങോട്ടു പോയോ ?

പിച്ചൻ:—എന്നോടു കല്പനപ്രകാരം ചന്ദനക്കുഴമ്പെടുത്തു വേഗം ആശ്രമത്തിലെത്തണമെന്നു പറഞ്ഞാണ് അവൾ ബദ്ധപ്പെട്ടു പിരിഞ്ഞതു്.

രാജ്ഞി:—അവൾ തന്നോടു വല്ലവിശേഷവും പറഞ്ഞോ ?

പിച്ചൻ:—അല്പം ആലോചിച്ചിട്ടു് 'വിശേഷിച്ചൊന്നും പറഞ്ഞില്ല'എന്നാൽ കൊച്ചമ്മതമ്പുരാട്ടിക്കു കൂടെക്കൂടെ മൂർച്ഛ സംഭവിക്കാറുണ്ടെന്നു പറഞ്ഞു.

രാജ്ഞി:—താൻ തോലനെ കണ്ടിട്ടാണോ ഇങ്ങോട്ടു പുറപ്പെട്ടതു് ? നാട്ടിൽ ഏതെങ്കിലും വിശേഷവാൎത്തകൾ കേട്ടുവോ?

പിച്ചൻ:—ഞാൻ പകൽ ആറുമണിവരെ കൊട്ടാരത്തിലായിരുന്നു. ഇന്നു വിശേഷങ്ങളൊന്നുമില്ല. നാട്ടുവാൎത്തയിൽ കൂട്ടുകെട്ടുകാണും.

രാജ്ഞി:—അതെങ്ങിനെ?

പിച്ചൻ:—'അരമന രഹസ്യം അങ്ങാടി പ്പരസ്യം' എന്നാണല്ലൊ വൃദ്ധവചനം, നാട്ടിൽ ഔചിത്യ ബുദ്ധികൾ നന്നാക്കുറയും. കുററം കാണുന്നവരല്ലാതെ കൎത്തവ്യമോൎക്കുന്നവർ വളരെ ചുരുക്കമൊണ്. അതൊക്കെ അങ്ങനെ ഇരിക്കും.

രാജ്ഞി:—അൎത്ഥം വെച്ച് സംസാരിക്കുന്നതിൽ തന്നിക്കൊപ്പം സാമൎത്ഥ്യമുള്ളവർ കാണ്മാൻ വലിയപ്രയാസം. നാട്ടുകാരുടെ ചൊല്ലിലോ പ്രവൃത്തിയിലോ ഏതിലാണ് കുററം തോന്നുന്നതു്?

പിച്ചൻ:—അപവാദഭയം ആൎക്കും മനസ്സിൽ ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യമാണ്.

രാജ്ഞി:—ലോകവാൎത്തയിൽ അപവാദമോ?

പിച്ചൻ:—അതേ;

രാജ്ഞി:—അതു് രാജകുലത്തെ സംബന്ധിച്ചായിരിക്കുമോ? അപവാദരൂപമറിയാനാഗ്രഹിക്കുന്നു.

പിച്ചൻ:—നാട്ടാരുടെ ചൊല്ലെല്ലാം 'അരമനയിലെ രഹസ്യം' എന്നു തലവാചകത്തിൽ തുടങ്ങി 'സന്യാസിയുടെ തോന്ന്യാസം' എന്നവസാനിപ്പിക്കുന്നു.

രാജ്ഞി:—വിഡ്ഢി! പരസ്യമായിപ്പറയുന്നതാണെനിക്കു കേൾക്കേണ്ടതു്.

പിച്ചൻ:—രഹസ്യമെല്ലാം പരസ്യമാക്കുന്നതു് പൌരന്മാരല്ല. പിന്നെ നമ്മുടെ പഴമപരിചയക്കാരുടെ ബുദ്ധിസാമൎത്ഥ്യമെന്നാണ് എന്റെ വിശ്വാസം.

രാജ്ഞി:—പിച്ചൻ-പരമാൎത്ഥം പറയൂ.-പുരവാസികളുടെ പെരുമാററം നമുക്കറിയേണ്ട. അപവാദരൂപമെങ്ങിനെയാണ്?

പിച്ചൻ:—സഹവാസദോഷത്തെ ബലപ്പെടുത്തി അപവാദം ആരോപിച്ചിരിക്കുന്നു.

രാജ്ഞി:—ആക്കു്?

പിച്ചൻ:—അതു്—പറയണമെന്നുണ്ടോ?

രാജ്ഞി:—എന്നാലും അറിയേണ്ടതാണല്ലോ.

പിച്ചൻ:—എങ്കിൽ ഭൂപുത്രിക്കു് എന്നപോലെ രാജപുത്രിക്കാണു് അപവാദാരോപണം.

രാജ്ഞി:—അയ്യോ! എന്റെ മകൾക്കോ? അതെങ്ങിനെ യോജിക്കും.?

പിച്ചൻ:—സീതാദേവി അയോനിജയല്ലേ! എങ്കിലും ആ മഹാരാജ്ഞി, സന്യാസിവേഷത്തിൽ തന്നെ വഞ്ചിക്കാനെത്തിയ രാവണവീരനെ വിശ്വസിച്ചു ഭിക്ഷ കൊടുത്തതും, ശുശ്രൂഷിച്ചതും, ആണു് പ്രധാനകാരണം, പിന്നെ രണ്ടാമതായി—സ്വയം അശോകവനത്തിൽ, അദ്ധരാത്രിസമയം കാമാതുരനായ, യാമിനീചരനോടു സംസാരിച്ചതും അനന്തരം മൂന്നുമാസം കഴിഞ്ഞു അരമനയിൽ താമസിച്ചുകൊള്ളാമെന്നു് സമ്മതിച്ചതും മററുമവൾക്കു ജീവിതാവധിവരെയും നമ്മുടെ ചെവിക്കു ഇന്നും കേൾക്കാനിടയായിട്ടില്ലയോ? അതുപോലെയാണിതു്?

രാജ്ഞി:—കഷ്ടം! കഷ്ടം! ഇതൊക്കെ നമ്മുടെ കാലക്കേടു എന്നല്ലാതെ ആരെ കുററപ്പെടുത്താൻ സാധിക്കും? കാമേശ്വരിയെ ശങ്കിക്കാനവക്കു് എപ്പോണു് അവകാശമുള്ളതു്? അതിനുള്ള ന്യായങ്ങളേതെല്ലാമാണു്?

പിച്ചൻ:—കൊച്ചുതമ്പുരാട്ടി സമയംതെററി ഒററയ്ക്കു പുറത്തിറങ്ങി പൂങ്കാവനത്തിൽ നടക്കുന്നതും ആശ്രമിയുടെപൂജയ്ക്കു വേണ്ടുന്ന പൂക്കൾ സ്വയം പറിച്ചെടുത്തു ആശ്രമത്തിലേയ്ക്കു കൊടുത്തയക്കുന്നതും, മാതാപിതാക്കന്മാരുടെ സന്നിധാനത്തിലും അസന്നിധാനത്തിലും മനംപോലെ മുനിപാദങ്ങളിൽ പതിച്ചു പ്രാത്ഥനകൾ നടത്തുന്നതും ക്രുടെക്കൂടെ മൂർഛിച്ചുവീണു സങ്കടപ്പെടുന്നതും, ശങ്കയ്ക്കു ആസ്പദമായിത്തീന്നിരിക്കുന്നു.

രാജ്ഞി:—മന്ത്രിയുമറിയുമോ? എന്നാൽ———

..................................... ആപത്തു .....................................

പിച്ചൻ:—അംബ! ആളുകളുടെ ദുഃസ്സാമൎത്ഥ്യം വലിയ കഷ്ടപ്പം തന്നെ. ആ കുട്ടിയോടെന്തു പറഞ്ഞാലും അതു് അവരം അറിയുന്നില്ലല്ലോ? ലോകവാൎത്തയെ മറച്ചുവെക്കാനാൎക്കും സാധിക്കയില്ലെന്നുള്ളതു് സത്യംതന്നെ. 'അനുഭവയോഗ മൊഴിയാൻ മേലാ', വിധിമതം പോലെ വരുന്നതെല്ലാം സ്വന്തമാക്കി സ്വയം അനുഭവിക്കയല്ലാതെ വെറുപ്പു് ഭാവിച്ചാലാപത്തുതന്നെയാണു് ഫലം.'' ഞാനൊന്നിനും ധൃതിപ്പെടുകശീലമുള്ളവനല്ല.

രാജ്ഞി:—ഞങ്ങളുടെ ദൃഷ്ടിയിൽ, സന്ന്യാസിയെക്കുറിച്ചോ, കാമേശ്വരിയുടെ തല്ക്കാലസ്ഥിതിഗതികളെ സംബന്ധിച്ചോ, സംശയിക്കുന്നതിനു തക്ക സംഭവങ്ങളൊന്നും വന്നിട്ടില്ല. പിന്നെയെന്തോ?

പിച്ചൻ:—അമ്മേ! നിങ്ങളുടെ പുറകെ നിൽക്കുന്നതു തോഴി സുന്ദരമ്മയല്ലയോ! ഞാൻ ചേടിയെ അവിടെ കണ്ടു. ഇപ്പോരം കൊച്ചുതമ്പുരാട്ടി എവിടെയാണു്? അവൾക്കു സഹായത്തിനു അടുക്കൽ ആരുണ്ടു്?

രാജ്ഞി:-കാമേശ്വരി മൂൎഛിച്ചു കുറേനേരമായി ആശ്രമത്തിൽ കിടക്കുന്നു. അവളെ ആശ്വസിപ്പിക്കാനാണു് ചേടിയെ ചന്ദനക്കുഴമ്പുകൊണ്ടു വരാൻ പറഞ്ഞയച്ചതു്. അവിടെ സഹായത്തിനു് മുനിമാത്രമേ അടുക്കലുള്ളൂ.

പിച്ചൻ:--വലിയമ്മയെന്താണു് ആ പ്രദേശം വിട്ടുപുറപ്പെട്ടതു്? കൊച്ചുതമ്പുരാട്ടി ഒററക്കല്ലയോ? തോഴിയെയെങ്കിലും അവിടെ വെയ്ക്കാമായിരുന്നില്ലേ? ഇതൊക്കെയാണു് ആളുകളുടെ ചൊല്ലിനു് കാരണമായിത്തീരുന്നതു് എന്നു മനസ്സിലാക്കുന്നില്ലയോ?

രാജ്ഞി:—എന്തായാലും സ്ത്രീകൾക്കു് ദീൎഘാലോചനക്കുറവു സംഭവിക്കുന്നതു സഹജമാണു് എന്നു സമ്മതിച്ചു തീരു

സന്ന്യാസിയേയും സംശയിക്കുന്ന കാലമാണിതു്. എന്നിത്ര യും സ്വന്തം മനോഗതത്തിൽ കുററം സമ്മതിച്ചുകൊണ്ടു് പ്രകാശമായി, "തോഴി-നമുക്കു പോകാം. ശ്രോത്രിയരും കൂട്ടിനുണ്ടു്. താമസിച്ചാലും ചേടി ചന്ദനക്കുഴമ്പുംകൊണ്ടു് ആശ്രമത്തിലെത്തും' അതിനു സംശയമില്ല. ധ്യാനം കഴി ഞ്ഞു പൂജകൾ തുടങ്ങിക്കാണും. മണിനാദം മേളത്തിൽ കേൾക്കുന്നുണ്ടല്ലോ? ഇനി താമസിക്കേണ്ട കാമേശ്വരിയു ടെ സ്ഥിതിയെന്തായോ! ശ്രോത്രിയരും വരുന്നുണ്ടല്ലോ? എ ന്നാൽ നമുക്കൊത്തു വേഗത്തിലാശ്രമത്തിലെത്തണം. എ ന്നു പറഞ്ഞുംകൊണ്ടു് ബദ്ധപ്പെട്ടു പുറപ്പെട്ട രാജപത്നി യും പിച്ചനും തോഴിയും പലവിധചിന്തകളാൽ വഴി നോക്കാതെ നടന്നു കല്ലിൽ തട്ടിയും, മുള്ളിൽ ചവുട്ടിയും, ക്ഷിപ്രം സന്ന്യാസാശ്രമത്തിൽ ചെന്നെത്തി.

---

# അദ്ധ്യായം ൨൫.

---

## കാലവർഷവും പാണ്ഡ്യന്റെ പലായനവും.

പാണ്ഡ്യൻ:—മുത്തുക്കറുപ്പാ! ഇപ്പോൾ നീ എന്തുവിചാരിക്കുന്നു? എന്റെ പ്രാണൻ നിന്റെ കയ്യിലായിരുന്നു എന്നു മനസ്സിലായി. ചേരപ്പടയുടെ ശൌര്യം ചോരകുടിച്ചിളകിയ ചെന്നായ്ക്കളെന്നപോലെയല്ലായിരുന്നുവോ? ആ പടമലയുടെ പരാക്രമം അതിപ്രചണ്ഡം തന്നെ. പട്ടാണിപ്പടകളെ പറഞ്ഞയച്ചതു് പോരാത്ത കാലത്തിനായിരുന്നു. പാണ്ടിയിലെ ഭടന്മാർ ഭീരുക്കളാണെന്നു ഒരിക്കലും ഓർത്തിരുന്നില്ല. ചേരരാജൻ സമയംനോക്കി മധുരയെ പിടിച്ചടക്കിയിരിക്കുന്നു. നമ്മുടെ ജന്മശത്രുവായ ചോളഭൂപനും ചേരനെ സഹായിച്ചിരിക്കുന്നു. വിക്രമകേസരിക്കു കാരാഗൃഹവാസം സുഖകരമായിത്തീർന്നിരിക്കുന്നുപോലും. പട്ടാണിപ്പടയെ വിളിച്ചുകൊണ്ടുവരാൻ ചെന്നവനു വഴിക്കു പററിയ വിപത്തു് എന്തോ? പാണ്ടിക്കാരുടെ മണ്ടത്തരങ്ങൾ മിണ്ടാപ്രാണികളെക്കാളും മോശം. എനിക്കു പററിയതു എനിക്കുമാത്രം. രാമനായാലും രാക്ഷസനായാലും ശരി. ഏതെങ്കിലും ഒരാളിന്റെ വരുതിയിലൊതുങ്ങി സുഖിക്കണമെന്നാണു് തമിഴരുടെ മനോഗതി. ഞാൻ ജീവിച്ചിരിക്കുന്നുണ്ടെങ്കിൽ നാട്ടിനു നല്ലൊരു പുതിയ ജീവിതം വരുത്താതെയൊഴിയുകയില്ല. മലനാട്ടു പടക്കൂട്ടം ശവക്കൂട്ടത്തിലല്ലയോ എന്നെ എറിഞ്ഞുകളഞ്ഞതു്. പകരത്തിനു പകരം വീട്ടാതെ പാണ്ഡ്യൻ സ്വപ്രാണനെ പുലർത്തുന്നതു പരിഹാസത്തിനു പ്രധാനകാരണമെന്നാണു് എനിക്കുതോന്നുന്നതു്. എന്നാൽ നിന്റെ അഭിപ്രായം അങ്ങനെയല്ലായിരിയ്ക്കാം. പിന്നെ സംഭവസ്വഭാവം എന്താണെന്നു പറഞ്ഞാൽകൊള്ളാം.

മുത്തുക്കറുപ്പൻ:—പൊന്നുതമ്പുരാനേ, അടിയൻ, ആലോചിച്ചതും അങ്ങനെ തന്നെ. മുത്തു ഒരു ഊഴിയക്കാരൻ, ചേരപ്പട പറഞ്ഞാൽ ഒതുങ്ങുകയില്ല. ചേരനും ചില്ലറയല്ല. സ്വപ്നത്തിലും നമ്മുടെ നാട്ടുകാരെ വിശ്വസിക്കരുത്. ചോളൻ വെറും കൊള്ളക്കാരൻ. പട്ടാണിക്കു കപ്പം കിട്ടിയാൽ മുട്ടാളത്തനത്തിന് കൂടെ വരും. തമ്പുരാന് ദോഷം വരികയില്ല. കോപം ഉണ്ടാകേണ്ട. മധുരയിൽ നിന്നും ചേരനെയും ചതുരംഗപ്പടയെയും ഓട്ടിച്ചേ തീരു. വെറുതെയുള്ള ആശാവചനങ്ങൾ സംസാരിച്ച് രാജ്യത്തെക്കളയുന്നതു രാജാവിന് ഉചിതമാണോ? ഞാനൊരുത്തൻ എല്ലാത്തിനും പര്യാപ്തനാണെന്നു തോന്നാത്തതെന്തു്?

പാണ്ഡ്യൻ—അതെന്താണ്, ഞാൻ അങ്ങനേ പറഞ്ഞുവോ? സ്വപ്നത്തിലും പാണ്ടിക്കാരേ വിശ്വസിക്കാൻ കൊള്ളുകയില്ലെന്നു പൊതുവെ പറഞ്ഞതല്ലാതെ നിന്നെ പ്രത്യേകം സൂചിപ്പിച്ചു വല്ലതും പറഞ്ഞുവോ? നിനക്കു സങ്കടം തോന്നേണ്ട. നീ എൻെറ പ്രാണരക്ഷകനായിത്തീൎന്നിരിക്കുന്നു. ഞാൻ അതിനു നിന്നെ അംഗരക്ഷകന്മാരിൽ അഗ്രേസരനാക്കിവെക്കുമെന്നു നിശ്ചയിച്ചുകൊള്ളു. നേരം ഇപ്പോൾ എന്തു കാണും? സന്ധ്യക്കുമുമ്പു നമുക്കെങ്ങനെയെങ്കിലും ആനമലയിടുക്കുകടന്നപ്പുറം ചെല്ലണം. നടക്കാൻ ക്ഷീണമാണെങ്കിൽ ഓടിക്കൊള്ളാൻ മടിക്കേണ്ട.

മുത്തു—രാജൻ! അങ്ങനെ കല്പിക്കുന്നതു സങ്കടമാണ്. ഞാൻ എന്നേക്കുറിച്ചു് പറഞ്ഞതായി പറഞ്ഞില്ലല്ലോ. തിരുമേനിയുടെ സന്തോഷം ഒന്നുമാത്രമേ എനിക്കു സന്തോഷാവഹമായിട്ടുള്ളു. നേരം കണ്ടേടത്തോളം അസ്തമനത്തിന് ഇനിയും ആറുനാഴികയുണ്ടെന്നു് പറയാം. ഞാനിതാ പുറപ്പെട്ടുകഴിഞ്ഞു.

പാണ്ഡ്യൻ—എന്നാൽ താൻ വേഗം നടക്കാനാരംഭിച്ചുകൊള്ളൂ. ഞാനും നിൻെറ പുറകെ വന്നുകൊള്ളാം. ചേരപ്പടയും നമ്മുടെ പുറകെ പാഞ്ഞെത്താനും പ്രയാസമാണെന്നു പറയാറായില്ല. എൻെറ ബുദ്ധിയിലവർ വീണ്ടും നമ്മെത്തിരക്കിവരാനിടയുണ്ടെന്നു തോന്നുന്നു. പക്ഷെ, എന്നെ ശവ

കുഴിയിൽ തള്ളിക്കളഞ്ഞതുകൊണ്ടു മാത്രം സംശയിക്കുന്നതിന്ന് സംഗതിയായി. നീ ചുററിലും നോക്കിക്കൊള്ളണം.

മുത്തു—മന്നവാ, മുത്തു മൂഢനാണോ? മലയാളികളെ മുഴവനും കബളിപ്പിക്കാൻ എനിക്കു വശമില്ലയോ? വലിയോരിരിക്കെ എളിയോർ എതിരിടുന്നതു മനുനീതിക്കു് മുറയല്ലല്ലോ. ആകട്ടേ, ഞാൻ ആഞ്ഞുനടന്നുകൊള്ളാം. തിരുമേനി പിന്നാലെ എത്തിക്കൊള്ളണം. നേരം വൈകുംതോറും എനിക്കു മുൻപിലായിക്കൊള്ളണം.

പാണ്ഡ്യൻ ആകാശവും ഭൂതലവും ഒന്നുപോലെ കുറെ സമയം സൂക്ഷിച്ചുനോക്കീട്ടു, "മുത്തുക്കറുപ്പൻ, എന്നെ നല്ലവണ്ണം നീ കൃത്യബോധമുള്ളവനാക്കിത്തീർത്തിരിക്കുന്നു. ഞാനും നിൻെറ പുറകിലുണ്ടെന്നു വിചാരിച്ചുകൊള്ളൂ. താൻ ഒന്നിനും പേടിക്കേണ്ട". എന്നു പറഞ്ഞു് കറുപ്പനെ പ്രോത്സാഹിപ്പിച്ചുകൊണ്ടു് സന്ധ്യയ്ക്കു മുമ്പു് ആനമലയിടുക്കുകടന്നു രക്ഷപ്പെട്ടു.

അപ്പോൾ അസ്താചലപർവ്വതത്തിൻെറ അധിത്യകോപരിഭാഗങ്ങളെ കമനീയമാക്കിത്തീർക്കുന്ന ശോണിതഭാസ്സിനാലലംകൃതനായ സായാഹ്നസൂർയ്യൻ സ്വപ്രാണപ്രേയസിയായ ഛായാദേവിയെ ചിരകാലാഭ്യസ്തമായ പ്രണയബന്ധത്തിൽ നിന്നും വേർപെടുത്തി വിരഹതാപത്തിയുടെ പുരോഗാമിയായ ധൂമപുഞ്ജങ്ങളാൽ ധൂമ്രവർണ്ണിയായി ലോകചക്രബന്ധത്യാഗം ചെയ്ത പരാന്തകപാണ്ഡ്യൻെറ ഭാവിയിൽ സംഭാവ്യമാനമായ ശോണിതഭാവത്തെ ഭാവുകമാക്കി നിരീക്ഷിച്ചിരിക്കാനസഹനാണെന്നപോലെ സ്വയം പശ്ചിമശാപ്രവേശാവേശം കൊണ്ടു വിളങ്ങി. അന്നേരം ആനമലയുടെ പൂർവ്വഭാഗോപത്യകയിൽ കൂടി പരിഷ്കാരലേശവും പ്രാപിച്ചിട്ടില്ലാത്ത ദ്രാവിഡർ മലന്തോട്ടങ്ങളിൽ നിന്നും കൃഷികസാമഗ്രികളെ സ്വന്തംചുമലിൽ ചുമന്നുകൊണ്ടുനാല്ക്കാലികുലങ്ങളുടെ അകമ്പടിയോടുകൂടി നടന്നുകൊണ്ടിരുന്നു. അങ്ങുമിങ്ങും യഥേഷ്ടം പല പല പുൽത്തകിടികളിൽ അലഞ്ഞു മേഞ്ഞു നടന്നിരുന്ന അജപോതങ്ങൾ ഗോപന്മാരുടെ ആഹ്വാനശബ്ദവൈചിത്ര്യത്തെ സശ്രദ്ധം ശ്രവിച്ചു

കൊണ്ടു തുള്ളിച്ചാടി തങ്ങളുടെ അഭയസ്ഥാനമായ ആലയെ ലക്ഷ്യമാക്കി വരി വരിയായി വന്നുകൊണ്ടിരുന്നു. ഭക്ഷണസമ്പാദനത്തിനായി പുറത്തു പോയിരുന്ന പലജാതി പക്ഷിവർഗ്ഗങ്ങൾ, പല വഴികളിലായി വൃക്ഷകോടരങ്ങളിലേയ്ക്കു പാരാതെ പറന്നെത്തുന്നു. പാന്ഥന്മാരും താവളമുറപ്പിക്കാൻ പട്ടണമടുത്തുപോയെന്നു പെരുവഴിയെ വൃഥാ വെറുത്തുതുടങ്ങുന്നു. പാടങ്ങളെല്ലാം പൊക്ക്ളംപോലെ പ്രകാശിക്കുന്നു. പല ചാലുകളും ചില തോടുകളും നാനാതടാകങ്ങളും തോയമൊഴിഞ്ഞു വറണ്ടു കിടക്കുന്നു. വെററിലത്തോട്ടങ്ങളും പുഞ്ചപ്പാടങ്ങളും ചൊല്ലിനു മാത്രമങ്ങുമിങ്ങും ശേഷിച്ചുകാണുന്നു. പശുക്കളും പോത്തുകളും പുല്ലും ചവച്ചു പതുക്കെ പുറപ്പെട്ടിരുന്നു. പാത്തടമെല്ലാം പ്രകാശം നശിച്ച് പുൽത്തകിടികളിലൊളിച്ചുകളഞ്ഞു. പാണ്ഡ്യനു കണ്ണിനു ക്ഷീണംകൊണ്ടോ മറേറാ പ്രകാശമശേഷം നശിച്ചു കണ്ടു. കറുപ്പന്റെ കുറിപ്പു ചിരിപ്പിന്റെ ശൌര്യത്തെ വെറുതെ വിറപ്പിച്ചിരുന്നു. ഇങ്ങനെയുള്ള സന്ദർഭത്തിലാണു് പരാന്തകപാണ്ഡ്യൻ പരാഭവത്തോടുകൂടി മധുരയെ സുരക്ഷിതമാക്കിത്തീക്കാൻ പാരിച്ചു പൌരുഷം സ്വയം നടിച്ചുകൊണ്ടു് പ്രയാണപ്രയാസമോക്കാതെ "ഏനപ്പടി"വഴി വഹ്നിമുഖമായി യാത്രതുടന്നു്. മുത്തുവുമൊത്തുകൂടിക്കുതിച്ചു. ഇതിനകം സൂര്യദേവൻ ഭൂലോകവാസം വെടിഞ്ഞു് പശ്ചിമാംബുധിയുടെ പൂർവ്വതീരത്തിൽ മുങ്ങിക്കഴിഞ്ഞു. ക്രൂരസ്വതന്ത്രരൂപിണിയായ താമസീതാമസം വിനാവിയന്മണ്ഡലത്തെയും ഭൂമണ്ഡലത്തെയും ഒന്നു പോലെ അന്ധതമസ്സിനാൽ ആവൃതമാക്കിത്തീർത്തിരുന്നു. എങ്കിലും പരാന്തകവീരപാണ്ഡ്യൻ ഒന്നിനും മടിക്കാതെ മുത്തുവിന്റെ കായകാന്തിയെ അതിശയിപ്പിച്ചുകൊണ്ടു തെളിഞ്ഞുവരുന്ന കൂരിരുളിൽ മിന്നാമിനുങ്ങുകളുടെയും സൂക്ഷ്മതാരാജാലങ്ങളുടെയും, ശോഭയെ അഭിനന്ദിച്ചും, വണ്ടിക്കാരെയും, നീണ്ട താടിക്കാരെയും, കൊള്ളക്കാരെയും ഉൾനാട്ടുകാരെയും കൂട്ടിനു സമ്പാദിച്ചും വഴിക്കു വൈഷമ്യമൊന്നും കൂടാതെ കറുപ്പനെ കൂടെക്കൂടെ തിരിഞ്ഞു നോക്കിക്കൊണ്ടും ചേരന്റെ ശൌര്യത്തെയും കേരളത്തിൽ തനിക്കു പററിയ വിപത്തിനെയും തന്റെ ഭാവിയിലെ സ്ഥിതിഗതികളെയും മററും ചിന്തിച്ചും സഗർവ്വം വഴിനടക്കു

പ്പോൾ കാളി കൂളി തുടങ്ങിയ ഭൂതഗണങ്ങളുടെ സത്വസ്വരൂപ ങ്ങളായിച്ചമഞ്ഞുനിൽക്കുന്ന കരിമ്പനക്കൂട്ടങ്ങൾ അവിടെ പ്ര ത്യക്ഷപ്പെട്ടുകണ്ടു. അപ്രത്യക്ഷസഞ്ചാരികളായ പ്രേതവർഗ്ഗ ത്തിൽ പെട്ട രക്ഷസ്സുകളും മാംസചക്ഷുസ്സിന് അലക്ഷീഭവിച്ചു. എന്നാൽ പെട്ടെന്നു പാന്ഥന്മാരുടെ ഗതാഗതങ്ങൾ നിലച്ചു പോയെന്നു സ്വബുദ്ധിയിൽ തോന്നാതിരുന്നില്ല. നീണ്ട നീണ്ട വിചാരങ്ങൾ പ്രളയസമുദ്രത്തിലെ കല്ലോലമാലകളെന്നപോ ലെ നിരന്തരമൊന്നിനൊന്നു വൎദ്ധിച്ചുതുടങ്ങി. ചേരൻെറ സ്ഥൈ ൎയ്യാതിശയത്തെ ചിന്തിക്കുന്തോറും വിറയല്യമധികരിച്ചു. വാന ത്തിൽ കാർമേഘമണ്ഡലങ്ങളെല്ലാം മാനത്തിൽ മേളിച്ചിരുന്നു. സന്നഗതിക്കുകൂടി പെട്ടെന്നു വിഗതിത്വം കണ്ടു. വിപരീതമതി കൾക്ക് നേർവഴികൾ തെററിത്തെളിച്ചു. ദുരുഹവിരൂപങ്ങൾ സ്വരൂപം മറച്ചു. വേതാളവർഗ്ഗങ്ങൾ ഘോഷിക്കയായി. ഘോ രാടവീഭാഗമെല്ലാം ഓരാത്തവണ്ണം ഭയങ്കരങ്ങളായിച്ചമഞ്ഞു. ഹൂ ങ്കാരനാദമുച്ചത്തിലെത്തി. യുഗാന്തകാലമേഘങ്ങൾ കരകാവൃഷ്ടി ചെയ്തു. ഊററുകളുമോടകളുമൊത്തുകൂടി. നദിയും കരയും സാ ഹ്യം വഹിച്ചു. പാണ്ഡ്യൻെറ മൂക്കോളം വെള്ളവും പെരുകി. മുങ്ങിക്കളിക്കുന്ന മട്ടുമൊട്ടടുത്തു. ആ സംഭവവിശേഷത്തെ സ്വ യം ഭൂവിനോടു ചോദിച്ചറിയാനും ആവശ്യക്കാരില്ലെന്നു വരിക യാൽ എൻെറ തൂലികയ്ക്കുള്ള വേല സ്വല്പം കുറഞ്ഞെന്നു സം ശയം വിട്ടു പറയാം. എങ്കിലും അനുഭവയോഗം ജഡജന്തുക്കൾ ക്കു പോലും ജീവിതഗതിയിലൊഴിച്ചുവെക്കാൻ സാധിക്കയി ല്ലെന്നുള്ള സഹൃദയവചനം വലിയ വിലയുള്ളതായിതന്നെ തീ ൎന്നിരിക്കുന്നുവെന്നു വായനക്കാർ അറിഞ്ഞിരിക്കുമല്ലോ.

എന്നാൽ പരാന്തകപാണ്ഡ്യൻ സ്വപ്രതാപഭ്രമാവു നി മിത്തം ഒരുവിധം തപ്പിത്തടഞ്ഞു ജലപ്രവാഹത്തിൽ മുങ്ങിയും പൊങ്ങിയും, നീന്തിയും, കിടന്നും, തട്ടിയും മുട്ടിയും, കരപററാൻ കഴിയാതെ വൈഗാനദീവേഗത്തിന് വഴിപ്പെട്ട് പിറെറദിവസം പ്രഭാതത്തിനുസ്വല്പം മുമ്പായി പാമ്പനണയ്ക്കടുത്തുള്ള മൈതാ നപ്രദേശത്തെ അഭയസ്ഥാനമാക്കിത്തീൎത്തുഎന്നു പറഞ്ഞാൽ ക ഴിഞ്ഞല്ലോ. അപ്പോൾ ആസ്ഥലത്തിൽ പാണ്ഡ്യൻെറ ബന്ധു

ക്കളൊ, പഴമ പരിചയക്കാരൊ, മററുവല്ലവരുമോ അടുത്തുസ ഹായിക്കാൻ വിധികല്പിച്ചിരിക്കാത്തതു് വലിയകഷ്ടമായിപ്പോ യെന്നു പാണ്ഡ്യനും പട്ടാണിത്തലവനുമായിട്ടുള്ള സംഭാഷണ ങ്ങളിൽനിന്നും നമുക്കു പിന്നീടു വ്യക്തമാകും. കടൽക്കാററി ന്റെ സഹായവും കച്ചവടസംഘത്തിന്റെ പരിചരണകളും ബാലസൂൎയ്യന്റെ സമീപവൎത്തിത്വവുമുണ്ടായിരുന്നില്ലെങ്കിൽ ഗ ണിത ശാസ്ത്രപ്രവീണന്മാരുടെ ഗണിതസാമൎത്ഥ്യം പാണ്ഡ്യ ന്റെ ജാതകപത്രികാപരിശോധനയിൽ ആയുർദായ സ്ഥ്ടിത ത്തിനു പരിപൂൎണ്ണമായിത്തീൎന്നില്ലെന്നു പരിഹസിക്കാനിടയാ കുമായിരുന്നു. പരമാൎത്ഥമാലോചിച്ചാൽ പാണ്ഡ്യന്റെ പ്രധാ നഭാൎയ്യമാരുടെ പ്രാൎത്ഥനാവൈഭവത്താലും ദീൎഘമാങ്ഗ്ല്യയോ ഗം പൂൎവ്വപുണ്യത്തേ ആശ്രയിച്ചു വിധികല്പിച്ചിരിക്കയാലും പാ ണ്ഡ്യൻ പുനർജീവിച്ചു എന്നുപറഞ്ഞാൽ മതിയായി. പട്ടാണി കൾ പാണ്ഡ്യനെ സ്വന്തം പാളയസ്ഥലത്തിലേയ്ക്കു കൊണ്ടു ചെന്നു താമസിപ്പിച്ചു. എങ്കിലും ശരീരത്തിനു പൂൎണ്ണസുഖംലഭി ക്കാൻ മൂന്നുനാലുദിവസംകൊണ്ടു സാധിച്ചില്ലെന്നുവന്നതിൽ പ രാന്തക പാണ്ഡ്യവീരൻ ക്രമത്തിലധികം ഖേദിക്കാതിരുന്നില്ല. പട്ടാണികളുടെ സാന്ത്വനങ്ങളൊന്നും ചെവിക്കു കൊള്ളുന്നതി നു സമ്മതിച്ചില്ലെന്നുമാത്രമല്ല ചേരപ്പടയെ മധുരയിൽനിന്നുമാ ട്ടിക്കളയാനുള്ള മാൎഗ്ഗങ്ങളോരോന്നും സ്വമനോഗതിയനുസരി ച്ചാലോചിച്ചു കൊണ്ടുതന്നെ അസ്വസ്ഥഹൃദയനായിത്തീൎന്നു. "വിധിമതമാൎക്കറിയാൻ കഴിയും." കാലക്കേടുകളെല്ലാം കൂട്ടം കൂടി കാലപുരുഷന്റെ കല്പനകളെ സഫലമാക്കിത്തീൎക്കുകയാ ണെന്നുള്ള മഹദ്വചനം വിസ്മരണീയമല്ല.

# അദ്ധ്യായ ൨൩.

## ചതിയാലോചനയും പാണ്ഡ്യന്റെ ബന്ധനവും.

പട്ടാണിപ്പടത്തലവൻ "അല്ലയോ പാണ്ഡ്യഭൂപതേ, അവിടത്തേക്കു ഇനിയും ശരീരസുഖം ലഭിച്ചില്ലെന്നു വരുമോ? ഞാൻ കച്ചവടസംഘനേതാവിന്റെ സഹസ്ഥിതിക്കു കടപ്പെട്ടുപോകയാലാണു കൂടക്കൂടെ വന്നു കാണാൻ അശക്തനായിത്തീൎന്നതു. നിങ്ങൾക്കു കാലക്കേടു കുറെ കൂടുതലാണെന്നു എനിക്കറിയാം. കഷ്ടകാലത്തിനാണു കേരളം പിടിച്ചടക്കാൻ ഭാവിച്ചതെന്നു തോന്നുന്നു. നിങ്ങളുടെ ദൂതൻ കേരളവാൎത്തകളെല്ലാം വഴിയെ എന്നെ മനസ്സിലാക്കിക്കഴിഞ്ഞു. ചേരപ്പടകളുടെ ശൌൎയ്യവിശേഷം എന്നെ വിസ്മയിപ്പിക്കുന്നു. നിങ്ങളുടെ വരുതിയില്ലാണല്ലോ പട്ടാണിപ്പടകളോടുകൂടി തിരികെ ഞാനിങ്ങോട്ടു പോന്നതു. കാലവൎഷവും കച്ചവടസംഘനേതാവിന്റെ ആഗമനവും എന്നെ വല്ലാതെ വിഷമിപ്പിക്കയാലാണു വീണ്ടും അങ്ങോട്ടു പുറപ്പെടാൻ സാധിക്കാത്തതു. നിങ്ങളുടെ ഔചിത്യബുദ്ധി ലോകത്തിലെങ്ങും അതിപ്രസിദ്ധമാണെന്നു പറയാൻ തല്ക്കാലം നിവൃത്തിയില്ലെങ്കിലും ഞങ്ങളുടെ കച്ചവട വൎദ്ധനയ്ക്കു ചെയ്തുതരുന്ന സഹായസഹകരണങ്ങൾക്കു നിങ്ങളെ ദൈവം എപ്പോഴും സഹായിക്കും എന്നു പറഞ്ഞേ മതിയാവൂ.

"കോതമംഗലം പോൎക്കളത്തിലുണ്ടായ ജയവും ആനമലയ്ക്കു സമീപം സ്വന്തമായി കെട്ടിച്ച കോട്ടയുടെ ഉറപ്പും, പാണ്ടിപ്പടയുടെ സ്ഥിരോത്സാഹവും ധീരതയും എന്നെ പൂൎണ്ണമായി വിശ്വസിപ്പിച്ചിരുന്നു. നായർ പടയുടെ അനാഥത്വ പരിഹാരത്തിന് നവനായകന്റെ നേതൃത്വം സിദ്ധിച്ചുവോ? നിങ്ങൾ എങ്ങനെയാണു ഇപ്പോൾ പാമ്പനാൺയ്ക്കു സമീപത്തുള്ള മൈതാന പ്രദേശത്തിൽ ആഗതനായി ശയിച്ചിരിക്കാനിടയായതു് എന്നു മനസ്സിലാകുന്നില്ല. സന്തോഷവും മനസ്സമാധാനവും ദേഹത്തിനു ആരോഗ്യവും തോന്നുന്നുണ്ടെങ്കിൽ എന്നെ പൂൎണ്ണമായി വിശ്വസിച്ചു പറഞ്ഞാൽ കൊള്ളാം."

പാണ്ഡ്യൻ:—ധൈൎയ്യം അവലംബിച്ചും കൊണ്ട്, "സഹോദര! നിങ്ങളുടെ വിചാരമെല്ലാം വിലയുള്ളവയാണ. കാലക്കേടുകൊണ്ടല്ലാതെ കേരളത്തിലെനിക്ക തോൽവി സംഭവിക്കാൻ ന്യായമില്ലെന്നു തോന്നുന്നു. പുതിയ കോട്ടയും നശിച്ചു. പാണ്ടിപ്പടയും പോരിൽ പരമപദ പ്രാപ്തിക്ക പാത്രമായിതീൎന്നു. പടമലയുടെ പേരു നിങ്ങൾക്കും കേട്ടു കേൾവി കാണും. മലനാട്ടിന്നു പടമല മാണിക്യമാണെന്നു ഞാനും സമ്മതിക്കുന്നു. ഏറാടിക്കിടാങ്ങളുടെ ഐകമത്യവും യുദ്ധസമ്പ്രദായത്തിന്റെ ഐകരൂപ്യവും അത്യാശ്ചൎയ്യകരമായിതീൎന്നിരുന്നു. ആഴ്വാഞ്ചേരിതമ്പ്രാക്കളുടെ ഉപദേശവും അവൎക്ക സമയോചിതം പോലെ ഉണ്ടായികൊണ്ടിരുന്നു. കോലഭൂപനെ കോതമംഗലത്തു വച്ച് നാം കൊല്ലാതെ വിട്ടതു വലിയ കുററം തന്നെ. അവൻ കഴിഞ്ഞ യുദ്ധത്തിൽ വെട്ടും കുത്തും ഏററു കുന്നുപോലെ കൂടിയിരുന്ന പാണ്ടിപ്പടകളെ സംശയ നിവൃത്തിയ്ക്കായി വീണ്ടും വീണ്ടും പരിശോധനകൾ നടത്തി. നല്ലവണ്ണം കാലുകൊണ്ടു ചവുട്ടിയതോൎക്കുമ്പോൾ എന്റെ ചങ്കു പൊടിപൊടിയായി പൊടിഞ്ഞു വീഴുന്നു. അവർ എന്നെ രണ്ടാമത്തെ ആഴ്ചയിൽ നാലാം ദിവസം പിടിച്ചുകെട്ടി ബന്ധിച്ചു. എന്റെ ഹിംസയ്ക്കു ഒട്ടും കുറച്ചില്ല. ഞാൻ ശവംപോലെ നിലം പതിക്കയാൽ എന്നെ ശവക്കുഴിയിലെടുത്തിട്ടു. മുത്തു കറുപ്പന്റെ സഹായത്താലും ധൈൎയ്യത്താലും ഞാൻ രക്ഷപ്പെട്ട്, വളരെ പണിപ്പെട്ടു ആനമലയിടുക്ക കടന്നു വന്നു. അപ്പോൾ സന്ധ്യ തുടങ്ങിയിരുന്നു. കാലവൎഷവും എനിക്ക ശത്രുവായി ചമഞ്ഞു. ഭൂഭാഗമെല്ലാം ജലാശയങ്ങളായി വന്നു. അങ്ങുമിങ്ങും ഒഴുകികൊണ്ടിരുന്ന നദികളെല്ലാം കര കവിഞ്ഞു ഒന്നു ചേൎന്നു വലിയ പ്രവാഹത്തോടുകൂടി ഒഴുകി തുടങ്ങി. എന്റെ കര ബലം വൈഗാനദീ പ്രവാഹത്തെ എതിൎത്തു നില്ക്കാൻ കഴിയുന്നതും ഉപയോഗിച്ചു. വെള്ളം കുടിച്ചു പള്ളയും വീൎത്തു. കൈകൾ കുഴഞ്ഞു. ജീവിതാശ വെടിഞ്ഞു. ദേവനാമങ്ങളെ ഉച്ചരിക്കാനാരംഭിച്ചു. അന്നേരം..............................................

ശേഷം ഓൎത്തിട്ടറിയുന്നില്ലാ. ബോധം വീണ ഉടൻ ഞാൻ പാമ്പനണയ്ക്കു സമീപം അവശനായി കിടക്കുന്നതായും എന്നെ നിങ്ങളുടെ ഭടന്മാർ ശുശ്രൂഷിക്കുന്നതായും അറിഞ്ഞു. പിന്നീടു മൂന്നു ദിവസം ചെന്നിട്ടാണു എനിക്കു കഥയെല്ലാമറിയാൻ ഇടയായതു. നിങ്ങൾ ഇപ്പോൾ എന്നെ സഹായിയ്ക്കുമെന്നു പൂൎണ്ണമായി വിശ്വസിക്കുന്നു.

പടത്തലവൻ:— എന്റെ സഹായസഹകരണങ്ങൾ പൂൎണ്ണമായിട്ടുണ്ടെന്നു തോന്നുന്നില്ലയോ? പട്ടാണി പ്പടകളുടെ യുദ്ധസാമൎത്ഥ്യം പോർക്കളത്തിൽ നിങ്ങൾ അറിഞ്ഞിരിക്കുമെന്നാണു എന്റെ ബോധം. ഞാനിനി ചെയ്യേണ്ടതായിട്ടെന്തുണ്ട്? പറഞ്ഞാലും.

പാണ്ഡ്യൻ:—ചേരൻ നമ്മുടെ പാണ്ഡ്യനാട്ടിന്റെ തലസ്ഥാനനഗരിയായ മധുരാപുരിയെ സ്വാധീനമാക്കി സൈന്യങ്ങളെ കാവലിട്ടിരിക്കുന്നു. തമിഴർ ചേരനോടു ചേൎന്നിട്ടുണ്ടോ എന്നൊരു സംശയം. ചോളന്റെ സഹായവും ചേരൻ സമ്പാദിച്ചിട്ടുണ്ട്. ചോളനും ചേരനും പണ്ടേ ബന്ധുക്കളാണ്, എങ്കിലും എനിക്കു പേടിതോന്നുന്നില്ല. നിങ്ങൾക്കു ചേരപുത്രിയെ കൈവശലാക്കാൻ സാധിക്കുമെന്നു തോന്നുന്നു. അപ്പോൾ എന്റെ ആഗ്രഹവും സാദ്ധ്യമായി തീരുമെന്നതിനു സംശയമില്ല.

പടത്തലവൻ :—പരാന്തകഭൂപ,! നിങ്ങൾ പറഞ്ഞതെല്ലാം ശരി. നിങ്ങളുടെ ബുദ്ധിക്കു മൂൎച്ചക്കൂടുമെന്നു ഞാനറിയും. അതിനുവഴി എന്താണു. വെറുതെ വഴക്കിനു തുടങ്ങാൻ കച്ചവടമുറയ്ക്കു പാടില്ല. ഞങ്ങൾ നാടുപിടിച്ചടക്കാനല്ലാ വന്നിട്ടുള്ളതു. വാണിജ്യം കൊണ്ടു ധനംസമ്പാദിക്കാനാണെന്നു അറിഞ്ഞുകൂടായോ ?

പാണ്ഡ്യൻ :—മുറയൊക്കെ അവിടെ കിടക്കും. അവൾ അതിസുന്ദരിയാണു. സ്വജാതി സ്ത്രീകളെക്കാൾ രൂപവതികൾ ലോകത്തിലെങ്ങും കാണാനില്ലെന്നു അഭിമാനിക്കുന്ന നിങ്ങളോടു അതുപറയുമ്പോൾ ആശ്ചൎയ്യമെന്നേ തോന്നുകയുള്ളൂ. എന്നാൽ അതു പ്രത്യക്ഷപരീക്ഷയിൽ പരമാ

ത്ഥമാണെന്നും ബലംകൊണ്ടു മാത്രമെ മനസ്സിലാക്കാൻ കഴിയൂ എന്നും ഞാൻ വിചാരിക്കുന്നു.

പടത്തലവൻ:—അതത്ര നന്നല്ല. നിങ്ങൾക്കു ആവശ്യമുള്ള സംഗതി എന്താണുള്ളതു പിന്നെ ?

പാണ്ഡ്യൻ:—(സ്വഗതം) ഞാൻ പട്ടാണികളെ മുട്ടാളന്മാർ എന്നു വിചാരിച്ചതു അബദ്ധത്തിലായി. പരസ്ത്രീയെ സ്വന്തമാക്കുന്നബുദ്ധി എനിക്കു മാത്രമെയുള്ളു എന്നു ഇപ്പോൾ മനസ്സിലായി. പാണ്ഡ്യനാട്ടിലുള്ളവർ എന്നെ വെറുക്കുന്നതു അവരുടെ കുററമാണോ? വ്യാസൻെറ തന്ത്രയന്ത്രതിരിച്ചലാണു വ്യഭിചാരപ്രവൃത്തിക്കു എന്നെ പ്രേരിപ്പിച്ചതു. എൻെറ പണ്ഡിതനായ പുത്രൻ ഗുണദോഷിച്ചതു നന്നായില്ലെന്നു വിചാരിച്ചിട്ടല്ലയോ ഞാൻ അവനെ നാടുവിട്ടു ഓട്ടിച്ചതു? വിദ്യാസാഗരൻ ജോലിരാജിവയ്ക്കാനമിതല്ലയോകാരണം? കഴിഞ്ഞതെല്ലാം എങ്ങനെ ഞാൻ മറക്കും. ദൈവം എൻെറ പാപകൃത്യങ്ങൾക്കു നല്ലശിക്ഷ വിധിക്കയില്ലയോ. കാലദോഷത്തിനാണു വ്യാസനെ കൂട്ടുപിടിച്ചതു. എന്നാൽ ഇന്നു, ആ വ്യാസൻെറ മരണം എന്നെ വല്ലാതെ ഭയപ്പെടുത്തുന്നു. പട്ടാണിപ്പടത്തലവനപോലും പാപകൃത്യത്തിനു ഭയമുണ്ടെന്നു തെളിയുന്നുണ്ടല്ലോ. മൃഗീയമായ ജന്മത്തെ സ്വയം വേറുക്കാതിരിക്കാൻ ഇനി വഴിയെന്താണുള്ളതു. എങ്കിലും നാം ചേരൻെറ ചാരനായി ജിവിതം കഴിക്കയാണോ വേണ്ടതു ? അഥവാ പോക്കളത്തിൽ പൌരുഷം പ്രദശിപ്പിച്ചു ചത്താലും വീരസ്വർഗ്ഗം ക്ഷത്രിയക്കു സിദ്ധിക്കുമെന്നാണെല്ലോ പ്രാചീന രാജാക്കന്മാരുടെ പ്രമാണസാരം? ചേരനെ മധുരയിൽനിന്നു ഓടിച്ചുകളയാൻ പട്ടാണികളുടെ സഹായം ലഭിച്ചെങ്കിലെ സാധിക്കയുള്ളു. ശത്രു ബലവാനാണു. ചോളൻ ജന്മ വിരോധിയുമാണു. ഞാനെന്തു ചെയ്യും? എന്നാൽ തന്നെയെന്താണു? ധൈര്യം ഉപേക്ഷിച്ചു ചിന്തയ്ക്കടിമപ്പെടുന്നതു രാജധമ്മമാണോ ?. വീരൻെറ ലക്ഷണമിങ്ങനെയാണോ? സമയോചിതം പോലെ സംസാരിച്ചു പട്ടാണിയെ സ്വാധീനമാക്കണം. പട്ടാണികൾ എന്നെ സ

ററായിക്കുമെന്നു പൂർണ്ണമായി വിശ്വാസവും ഇല്ലാതില്ലാ എല്ലാമൊന്നു നോക്കാം. വരുന്നതുപോലെ അനുഭവിക്കാനും ഞാൻ തയ്യാറുണ്ട്.

(പ്രകാശം) എനിക്കു ക്രമത്തിലധികം ശരീരത്തിനു ക്ഷീണമുണ്ടെന്നു നിങ്ങൾക്കും അറിയാമല്ലൊ. സംസാരിക്കാൻ കഴിയാഞ്ഞിട്ടാണു കുറെ നേരം മൌനമായിരുന്നതു. അതിനു ക്ഷമിക്കാനപേക്ഷയുണ്ടു. നിങ്ങളുടെ പടയും എന്നോടുകൂടി പാണ്ടിക്കിപ്പോൾ പുറപ്പെടണം. അതാണു അത്യാവശ്യം.

പടത്തലവൻ; അതു സാധിക്കയില്ല. നിങ്ങൾ നാട്ടുകാരുടെ സഹായത്തോടുകൂടി പോരു തുടങ്ങുകയാണു വേണ്ടതു; ഞാനും സഹായിക്കാൻ വരാം.

പാണ്ഡ്യൻ:—അതെന്താണങ്ങനെ പറഞ്ഞതു.

പടത്തലവൻ:—ഞാൻ ധാരാളം അരയന്മാരെ യുദ്ധമുറകൾ അഭ്യസിപ്പിച്ചിട്ടുണ്ടു. അവർ അങ്ങോട്ടുവരും അതു മതിയാകുമല്ലൊ?

പാണ്ഡ്യൻ:—കുറെയെങ്കിലും പട്ടാണിപ്പടകൾ കൂട്ടിനിരുന്നാൽ വലിയൊരു സഹായമായിരിക്കുമെന്നു തോന്നുന്നു?

പടത്തലവൻ:—നിങ്ങളെ എനിക്കു വിശ്വാസം ഉണ്ടു. നമ്മുടെ സൈന്യങ്ങൾക്കു യുദ്ധത്തിനു പോരാൻ വലിയ മടിയുണ്ടു. അരയന്മാരെയെല്ലാം ഇപ്പോൾ കൊണ്ടുപോകണം. സമയംപോലെ ഞാനും എന്റെ പട്ടാളങ്ങളും വന്നെത്തും. സംശയമൊ? സംഭ്രമമൊ വേണ്ട.

പാണ്ഡ്യൻ:—എന്നാൽ അവരെ പറഞ്ഞയയ്ക്കുക. പോരുതുടങ്ങുമ്പോൾ ആളയയ്ക്കും. നിങ്ങളും സന്ദർഭത്തിനു അവിടെ സഹായത്തിനുണ്ടാകുമെന്നു പൂർണ്ണമായി വിശ്വസിക്കട്ടെ.

പടത്തലവൻ:—അതിനൊരു സംശയവുമില്ല. അരയൻപട അടുത്തുതന്നെനില്ക്കുന്നു. അവരെ വിളിച്ചുകൊണ്ടുപോകാം അവരും നിങ്ങളുടെ പ്രജകളാണല്ലൊ? കുറെ പട്ടാണിപ്പടകളും വരുന്നുണ്ടു.

പാണ്ഡ്യൻ:—എങ്കിലിപ്പോൾതന്നെ പോകുന്നു. എന്നു യാത്രയുംപറഞ്ഞു അരയർ പടയോടും പട്ടാണിപ്പടയോടും

വടക്കു കിഴക്കുമുഖമായി യാത്രതുടൻ; പിറ്റേദിവസം സന്ധ്യയോടുകൂടി ശിവഗിരിക്കുസമീപമുള്ള രാജപാളയം പോക്കുളത്തിൽഎത്തി പാളയമടിച്ചുകിടന്നു.

ചേരൻ പട്ടണപരിശോധനകഴിക്കാൻ കൂടക്കൂടെ വേഷം മാറിനടക്കുക പതിവായിരുന്നു. പതിവനുസരിച്ചു നഗരം വിട്ടു നാലുമൈൽ ദൂരത്തിൽ തെക്കുപടിഞ്ഞാറു കോണോടടുത്തു രാജപാതയിൽക്കൂടി നടന്നുകൊണ്ടിരിക്കുമ്പോൾ, വഴിയാത്രക്കാരുടെ ലോകവാർത്താ പദ്ധതിയിൽനിന്നും പാണ്ഡ്യൻ അരയർ പടയോടൊത്തു രാജപാളയം പോക്കുളത്തിൽ പാളയമടിച്ചുകിടക്കുന്ന വിവരം അറിയാനിടയായി. പൂർവ്വസംഭവങ്ങളെ വിചാരിച്ചും പാണ്ഡ്യന്റെ പലായനമോർത്തും അരയർ പടയെ അവലംബമാക്കിത്തീർത്തിട്ടുള്ളതു വാസ്തവമായിരിക്കാമെന്നു വിശ്വസിച്ചും, വേഗം കൊട്ടാരത്തിൽ എഴുന്നള്ളിയിരുന്നുംകൊണ്ടു സൈന്യാധിപനെ വിളിപ്പിച്ചു "നിങ്ങൾ നാട്ടുപട്ടാളങ്ങളേയും സ്വന്തം പട്ടാളങ്ങളേയും ഇപ്പോൾ ശിവഗിരിക്കുസമീപമുള്ള രാജപാളയം പോക്കുളത്തിലേയ്ക്കു ചെല്ലുന്നതിനുള്ള കല്പനയുണ്ടെന്നു മുരശുമുഴക്കി മനസ്സിലാക്കണം" എന്നു കല്പിച്ചു. ചേരപ്പടയും മറവർപടയും ഏകമനസ്സോടുകൂടി ചേരന്റെ പുറകെ ശിവഗിരിക്കു പുറപ്പെട്ടു. അവരെല്ലാം പിറേറദിവസം ചേരന്റെ കല്പനയ്ക്കിണങ്ങി രാജപാളയം പോക്കുളത്തിനു വടക്കു പടിഞ്ഞാറുകോണിൽ വൃത്താകൃതിയിൽ പാളയമടിച്ചു; യുദ്ധഭേരികൾ മുഴക്കിക്കൊണ്ടിരുന്നു. അപ്പോൾ പാണ്ഡ്യനും ഭയംവിട്ടു യുദ്ധക്കളത്തിൽ പ്രവേശിച്ചു. മലയാളമലയുടെ സഹായം ആ പ്രദേശത്തിന്റെ പശ്ചിമഭാഗത്തുനിന്നു ഭടന്മാൎക്കു സിദ്ധിച്ചിരിക്കയാലും ചേരപ്പടകൾക്കു സ്ഥലസൌകൎയ്യവും ഈശ്വരസഹായവും അത്യനുകൂലമായിത്തീരുകയാലും എട്ടുമയിൽ സമചതുരശ്രാകൃതിയിൽ കാണുന്ന ആ പ്രദേശത്തിൽ സ്വപൌരുഷങ്ങളെ പൂൎണ്ണമായി പ്രദൎശിപ്പിച്ചും പാണ്ടിയിലെങ്ങും ചേരക്കൊടികൾ സ്ഥാപിക്കാൻ നിശ്ചയിച്ചും മലയാളികളും മററു ഭടന്മാരും ഉൽസുകന്മാരായി ചമഞ്ഞതിൽ വിസ്മയിയ്ക്കാനൊന്നുമില്ല. യുദ്ധക്കളം കാണികളുടെ കണ്ണിനു കരിമ്പനക്കൂട്ടങ്ങളുടെ അവ്യവസ്ഥിതസ്ഥിതികളാൽ ഭയങ്കരമായിത്തീൎന്നി

രുന്നു. സൈന്യസംഘങ്ങളുടെ ഇടയ്ക്കു മൂന്നര മൈൽ ത്രികോണാകൃതിയിൽ കിടന്നിരുന്ന വലിയകുളം വലിയൊരു തടസ്സത്തിന്നു കാരണം ആയി തീൎന്നുവെന്നുപറയാനിടയാക്കിയിരുന്നില്ല. പാണ്ടിപ്പട മരിക്കുന്നതു കണ്ടിട്ടു പാരിച്ച കോപത്തോടുകൂടി ചേരപ്പടകൾ നാലുഭാഗങ്ങളിലായി സംഘം ചേൎന്നു പിരിഞ്ഞു ശത്രുക്കളുടെ മദ്ധ്യത്തിലെത്തി; യുദ്ധക്കളത്തിന്റെ പടിഞ്ഞാറൻ തീരഭൂമിയിൽ സമരമാരംഭിച്ചു. ചേരനെ സഹായിയ്ക്കാൻ സ്വയം ചോളഭൂപനും തൽഭടജനങ്ങളും അത്യാമോദമോടടുത്തുകൂടി. ആനപ്പടകൾ അണിവിട്ടിളകി. മലയാളസൈന്യങ്ങൾ മാനത്തിലേറിക്കളിച്ചു. അരയർസൈന്യം വിറയൽ കൊണ്ടു. ഇരുവർപടകളും പെരുകി മറിഞ്ഞു. അരയർ അതുലമാംവണ്ണം കുന്തവും വാളും കയ്യിലെടുത്തു കളിപ്പിച്ചു. ആനകളങ്ങു മടിച്ചു നിന്നു. മറവർ പടകൾ കുതിരപ്പടയെ വളഞ്ഞു കെട്ടി. കുറവർ പടകൾ മറവർ പടയെ പറപറവെന്നറുത്തു തുടങ്ങി. തേരിലിരുന്നവർ ദുഷ്ടത്തുലുക്കരെ ചറപറവെന്നു വെട്ടിക്കൂട്ടി. പിന്നെ അവർ തമ്മിൽ തമ്മിൽ മുഷ്ടിയുദ്ധത്തിനുള്ള മട്ടു കാട്ടി. തല്ലിന്നുതല്ലും ഇടിക്കു ഇടിയും കുത്തിന്നു കുത്തും ഉന്തിന്നു ഉന്തും വെട്ടിന്നു വെട്ടും മറവും ഒന്നിനും ഒട്ടും കുറവുവരുത്താതെ ഏഴുദിവസംവരെ രാത്രിയും പകലും ഒന്നുപോലെ യുദ്ധം ക്ഷീണിക്കാതെ ചെയ്തുകൊണ്ടിരുന്നു. അപ്പോഴെല്ലാം ചോളപ്പടയും ചൊല്ലിന്നുമാത്രം കൂട്ടിന്നുവന്നു. എട്ടാം ദിവസം സൂൎയ്യൻ ഉദിച്ചുയരുന്നതിന്നു മുമ്പേതന്നെ യുദ്ധം അവസാനിപ്പിക്കണമെന്നുള്ള വിചാരത്തോടുകൂടി ചേരപ്പടകൾ ഭയങ്കരമായി പ്പൊരുതാൻ മുതിൎന്നു. ആകാശത്തിൽ കഴുകനും കാകനും, ഭൂത പ്രേത പിശാചാദികളും പരമാനന്ദത്തോടുകൂടി പറന്നുനടന്നു. ധാരാളം നരമാംസം തിന്നുതിന്നു മദിച്ചു. പാണ്ടിപ്പടയും പട്ടാണിപ്പടയും ഓടിത്തുടങ്ങി. ചേരപ്പടകൾ ചൊവ്വെചെന്നു ശത്രുപ്പടയെ തടുത്തു പിടിച്ചു. സമയംകണ്ടവരുണ്ടെന്നുള്ളതു ചൊല്ലിന്നുപോലും ഇല്ലെന്നായി. പോൎക്കളം ശവക്കളവും പാടക്കുളം ചോരക്കുളവുമായിത്തീൎന്നു. പിന്നെയും ശേഷിച്ചവർ സ്ഥാനം മുറയ്ക്കു വീണ്ടും യുദ്ധം തുടങ്ങി. അവരെല്ലാം കുന്തംകൊണ്ടും ശര

മേററം ആനകൾ ചവുട്ടിയും തേരിനടിയിൽ അകപ്പെട്ടും തുടരെ തുടരെ ചത്തുവീണു. അരയരശേഷം വിശലം വരിച്ചു. പട്ടാണിപ്പടകളിലധികംപേരും കിട്ടിയ തല്ലും കൊണ്ടോടി ഒളിച്ചു. ഇതെല്ലാം കണ്ടുനിന്നവൎക്കാണോ കുററം. ക്ഷത്രിയകൎമ്മവും ഭൃത്യകൃത്യവും ഇങ്ങനെയൊക്കെയാണെന്നു വിചാരിച്ചാൽ സമാധാനത്തിനു ധാരാളം വഴിയുണ്ട്. ഇതിനിടയ്ക്കു ചേരൻ തന്നെ പാണ്ഡ്യനെത്തേടി പോൎക്കളമെങ്ങും ഓടിനടന്നു. അപ്പോൾ ഒരു വടവൃക്ഷത്തിന്റെ ചുവട്ടിലൊളിച്ചു നിന്ന പാണ്ഡ്യനെ പ്രത്യക്ഷത്തിൽ കണ്ടു, പാണ്ഡ്യനു കോപവും മാനവും ഇളകിമറിഞ്ഞു. ചേരനുമടുത്തുകൂടി. അവർ തമ്മിൻ അതിഭയങ്കരമാകുംവണ്ണം ആറു മണിക്കൂർനേരം ബാലിസുഗ്രീവന്മാരെപ്പോലെ മുഷ്ടിയുദ്ധം നടത്തി. അവസാനത്തിൽ പാണ്ഡ്യൻ അവശനായി നിലം പതിക്കയാൽ ചേരപ്പടകൾ പാണ്ഡ്യനെ ബന്ധിച്ചു സൂക്ഷിച്ചു. ചേരപ്പടയുടെ സൂക്ഷ്മപരീക്ഷണത്തിൽ കുഴിയിലൊളിച്ചു കിടന്ന മുത്തുകറപ്പൻ തൽക്ഷണം കുതിച്ചു കരയ്ക്കുപററി ക്രോരനുടനെ സ്വന്തം കരവാളുകൊണ്ടു അവന്റെ കഴുത്തുവെട്ടി നിലത്തിലാക്കി. ഇങ്ങനെ യുദ്ധം ഒരുവിധം അവസാനിയ്ക്കുകയും ചേരന്റെ ആളുകൾ വിജയഘോഷം തുടങ്ങുകയും ചെയ്തു. നാട്ടിലെങ്ങും നല്ലൊരു ജയക്കൊടിനാട്ടി ഉത്സവാഘോഷം ആരംഭിച്ചു. സ്വല്പനേരം കഴിയുന്നതിനു മുമ്പു മധുരാപുരി വാസികളായ മാന്യന്മാരുംമററും ചേരനെച്ചെന്നു എതിരേററു; ഏററവും ഭംഗിയായി നാട്ടിലേയ്ക്കു പട്ടണപ്രവേശം നടത്തി. പൌരജനങ്ങളും വൃദ്ധകുലങ്ങളും ഇനി പാണ്ടിക്കു ക്ഷേമമുണ്ടാകുമെന്നു വേണ്ടുവോളം മനംതെളിഞ്ഞു കൊണ്ടാടിക്കളിച്ചു. ചേരപ്പടകൾ ചേരന്റെ കൊടികളെ പറപ്പിച്ചെങ്ങും ഓടിനടന്നു. പാണ്ഡ്യരാജഗൃഹത്തിൽ ആൺ സന്തതിക്കു കുറവു സംഭവിച്ചിരിക്കയാൽ അവകാശികളുണ്ടാകുന്നതുവരെ സ്വയംഭരണം കൈയേൾക്കുന്നതിന് ചേരനുള്ളിൽ നിശ്ചയിച്ചുകൊണ്ടു സസുഖം മീനാക്ഷി പാദകമലങ്ങളെ സ്മരിച്ചു വിശ്രമിച്ചു.

---

# അദ്ധ്യായം ൨൧.

ദൈവ വിലാസം.

"ഇന്നു നാം ശ്രീപത്മനാഭന്റെ കൃപാകടാക്ഷത്താലും ശ്രീ പരശുരാമന്റെ ദിവ്യാനുഗ്രഹത്താലും പാണ്ടിയെ നമ്മുടെ ജയക്കൊടിക്കു കീഴടക്കി കഴിഞ്ഞിരിക്കുന്നു. പണ്ടെക്കാലം തുടങ്ങി ചേരചോളപാണ്ഡ്യന്മാരെല്ലാം ദ്രാവിഡ ഗോത്രത്തിൽ പെട്ടവരാണെന്നുള്ളതും ഓൎമ്മയ്ക്കുവന്നു. നമ്മുടെ അപേക്ഷകളൊന്നും കൂടാതെ ചോളഭൂപൻ സ്വയം എന്നെ സഹായിയ്ക്കാൻ പോൎക്കളത്തിലെത്തിയിരുന്നു. പരിശുദ്ധ മനസ്കരായ പാണ്ടിക്കാർ പരമാചാൎയ്യന്റെ പ്രമാണവചനങ്ങളെ പൂൎണ്ണമനസ്സോടുകൂടി പരിപാലിക്കുന്നുണ്ടെന്നു തോന്നുന്നു. പട്ടാഭിഷേകത്തിനുള്ള കാലദേശാവസ്ഥാ വിശേഷങ്ങളോരോന്നും എന്നോടു നേരിട്ടറിയാൻ ഇപ്പോൾ തന്നെ ആവശ്യപ്പെട്ടിരിക്കയാൽ അങ്ങനെ അനുമാനിക്കേണ്ടിവന്നു. വഞ്ചനമെന്തെന്നറിയാത്ത വിശ്വവാസികളുടെ വന്ദനപരമ്പരകളേയും വിനയാദരഭാവങ്ങളേയും ഞാൻ എങ്ങനെ അഭിനന്ദിക്കാതിരിക്കും? ഭൂപ്രകൃതിയും വനരാജിയും, വൈഗാനദിയും വേണ്ടുംവണ്ണം തമിഴരെ തുണച്ചിട്ടുണ്ടെന്നു എനിക്കു തോന്നുന്നു. ആബാലവൃദ്ധം പുരമോദം പൂണ്ടു പട്ടണം മുഴുവൻ പലതരത്തിലലംകരിക്കാനാരംഭിച്ചിരിക്കുന്നതു ആഹ്ലാദകരമാണു്. അവർ ദേവാലയങ്ങളിലും ബ്രാഹ്മണാഗാരങ്ങളിലും എപ്പോഴും പൂജകൾ ഓരോന്നു എനിക്കുവേണ്ടി മുറയ്ക്കു തുടങ്ങിയിരിക്കുന്നു. അഭിഷേക ദിവസം അകന്നുപോകാതിരിക്കാൻ ആബാലവൃദ്ധം ലോകമാതാവിനെ വണങ്ങിവരുന്നു. ആലവട്ടങ്ങളും അമ്പാരികൂടങ്ങളും രാജചിഹ്നങ്ങളും വാജിസംഘങ്ങളും വഴികളിലെങ്ങും നിരന്നുകഴിഞ്ഞു്, എന്റെ വിജയവാൎത്തയും അഭിഷേകദിവസവും വിദേശങ്ങളിൽ കൂടിവിളിച്ചു പറയിപ്പിക്കുന്നു. വഞ്ചിഭൂമിയ്ക്കും പാണ്ഡ്യഭൂവിനും ഞാൻ നാഥനാകുന്നതാണല്ലോ ന്യായം "ചേരപ്പടയുടെ ശൌൎയ്യം കേരളക്ഷമാ രക്ഷണത്തിനു നിദാനമായി എന്നാണല്ലോ കോരൻ മുറവിളികൂട്ടിയതു്? കോലനും തുളുനാടനും തുള്ളി ചാടി നടക്കാൻ ഇന്നു ചേരപ്പടത്തലതന്നായ

പടമലയുടെ പോരിലുള്ള പ്രകൃഷ്ട പ്രതാപം ചിന്തുണയ്ക്കില്ലെന്നാകിലെങ്ങനെ സാധിച്ചിരിക്കും? പെരുമാളുടെ പ്രാവനഭക്തിയും പെരുന്തൃകോവിലപ്പന്റെ പരമകൃപയും ശ്രീ പരശുരാപ്രസാദമഹിമയും, ശ്രീപത്മനാഭസ്വാമിയുടെ വന്ദാരുജനവത്സലതയും അന്ന്യാദൃശമെന്നേ പറയാനുള്ളു. എന്നാൽ ആജീവനാന്തം അവരുടെ സന്തോഷ ദൃഷ്ടിക്കു ലക്ഷീഭവിച്ചിരിക്കാനുള്ള ഭാഗധേയം എനിക്കു് മധുരമീനാക്ഷി അനുഗ്രഹിക്കട്ടെ.

കാലമെങ്ങും മറിഞ്ഞിരിക്കയാണു്. സത്തുക്കളും സുഹൃത്തുക്കളും സന്തോഷ വാൎത്തകളറിഞ്ഞു പോകാൻ ഇതാവരുന്നു. വൃദ്ധകളായ സൌഭാഗ്യ സുന്ദരിമാർ ശോഭന ദ്രവ്യങ്ങളും കൊണ്ടു കുശലം ചോദിക്കാനാഗ്രഹിച്ചു വെളിയിൽ നില്ക്കുന്നു. സ്വാമിഭക്തിയെ പ്രധാനമാക്കിയ ഇവിടത്തെ സൎക്കാർ ഉദ്യോഗസ്ഥന്മാരും സ്വസ്ഥാന മാനങ്ങളെ സൂക്ഷിച്ചു നോക്കി തുടങ്ങിയിരിക്കുന്നു. എന്നാൽ നമ്മുടെ ബന്ധുക്കളും കേരള വാസികളും ഇവിടെ വന്നിട്ടില്ലല്ലോ. നാം ഈ ഘട്ടത്തിൽ പാണ്ഡ്യരുടെ പ്രാൎത്ഥനകളെ എങ്ങനെ കൈക്കൊള്ളും. ചേര രാജ്യയ്ക്കുനിവാസികളാകമാനം "ചേരൻ, ചോളനെ സ്നേഹിച്ചും, കേരളം മറന്നും പാണ്ടിയെ ഭരിക്കാനാരംഭിച്ചുപോയി." എന്നു പരസ്യമായിട്ടു പരിഭവം പറയുകയില്ലയോ? ചേരനാട്ടുകാരുടെ മനസ്സിനു് അസന്തുഷ്ടി വരുത്താതെ സൂക്ഷിച്ചിരിക്കാൻ വളരെ പണിയുണ്ടു. പെരുമാളുടെ പെരുമയും തോലന്റെ കൎമ്മക്ഷമതയും എന്നെ നല്ലവണ്ണം മാന്യനാക്കി തീൎത്തിട്ടുണ്ടു്. പാണ്ടിയിലുള്ളവർ ശത്രുതവിട്ടു സ്വന്തം നാട്ടിൽവെച്ചു തന്നെ പട്ടാഭിഷേകം നടത്തണമെന്നു നിർബന്ധിക്കുന്നു. ഇതു ഒരു ധൎമ്മസങ്കടമായ സംഭവമാണെന്നു പറയാതിരിക്കാൻ നിർവാഹമില്ല. സൎവ്വഥാമാന്യനായ സന്ന്യാസിവൎയ്യനെ സ്വന്തം പൂങ്കാവനത്തിലുള്ള ആശ്രമത്തിൽ താമസിപ്പിച്ചിട്ടാണു വന്നിട്ടുള്ളതു്. എങ്ങനെയായാലും ശരി നല്ലവണ്ണം ഒന്നാലോചിച്ചിട്ടു മാത്രമെ വാക്കു കൊടുക്കാവൂ. എന്നാൽ ലോകവാൎത്തയിൽ എന്റെ ജയ പ്രശസ്തിയും അവൎക്കു കേൾക്കാൻ കഴിയുമെങ്കിലും കാൎയ്യഭാഗം വഴിയെ മനസ്സിലാക്കാൻ കുറി എഴുതി അങ്ങയച്ചു കൊടുക്കണമെന്നാ

ണു ഞാൻ വിചാരിക്കുന്നതു്. ചോളനോടൊന്നു ചോദിക്കുന്നതുകൊണ്ടു കുററം എന്തു സംഭവിക്കും?" എന്നിത്രയും ചേരഭൂപൻ ചിന്തിച്ചുറച്ചുകൊണ്ടു തൻെറ അടുക്കലായി നിന്നുകൊണ്ടിരുന്ന തലക്കെട്ടുകാരനെ കൈചൂണ്ടി അടുത്തു വിളിച്ചു. ഭൃത്യൻ പുതിയ രാജാവിൻെറ പ്രതാപ മഹിമയെ വിചാരിച്ചു വിറച്ചു പോയെങ്കിലും മുഖപ്രസാദം കണ്ടു മന്ദം മന്ദം നടന്നു സമിപത്തെത്തി വണങ്ങി നിന്നു.

ചേരൻ:—"എടോ താൻചെന്നു ചോളനെ ഇങ്ങോട്ടു വരാൻ ആവശ്യപ്പെട്ടെതായി പറയു."

തലക്കെട്ടുകാരൻ:—"സ്വാമി, അപ്പടിയെ ചൊല്ലുവേങ്ക."

ചേരൻ:—"ഓഹോ. നീ തമിഴനാണെന്നു ഞാനറിഞ്ഞില്ല. ചോളരാജാവിനെയാണു ഞാൻ വിളിക്കാൻ പറഞ്ഞതെന്നു മനസ്സിലായോ?

തലകെട്ടകാരൻ:—ആമാങ്ക-ആമാങ്ക അടിയൻ പഴയ പുത്തി അപ്പടിത്താനങ്ക.

ചേരൻ:—എന്തെടോ താൻ പറയുന്നു. ചോളഭൂപനെ കണ്ടാലറിയാമോ.

തലക്കെട്ടു:—"എന്നേൻ അപ്പടി ചൊല്ലുറീക്ക. എനക്കു അരമനയിലെ പഴക്കം രൊമ്പ രൊമ്പ."

ചേരൻ:—"എടോ നിൻെറ പഴയ രാജാവിൻെറ കൊട്ടാരത്തിലല്ലാ ചോളൻെറ താമസം. എൻെറ പുതിയ ബംഗ്ളാവിലാണു്.

തലക്കെട്ടു:—"നല്ലതു-നല്ലതു-അടിയൻ-തെരിന്തതു്"

ചേരൻ:—വേഗം നടന്നു ചെന്നു വിവരം അറിയിക്കാൻ നിനക്കു സാധിക്കുമോ?

തലക്കെട്ടു:—"അതെന്നാ? അരശെ അപ്പട്ടി ചെന്നീങ്ക. അടിയൻ ബുത്തിക്കു വയതു എളപത്തെളു. ഊരുമുച്ചൂടും എനക്കു സ്വന്തം അരമനയും നാന്തംതാൻ നെടുനാളാകതൊന്തിട്ടു്. നാച്ചിയാരുക്കെന്നെ നാളികൈരതാരം പാക്ക്

ണം. അല്ലാവിട്ടാൽ പൊളുതു പോക്കക്കാവു അവാ എന്നെ അളവിടാതെ വിടാങ്ക.

ചേരൻ:—അതൊന്നും ചോദിച്ചില്ല. പഴയ സംമ്പ്രദായം എനിക്കിഷ്ടവും ഇല്ല ചെല്ലു. ചോളന്റെ മറുപടി ചോദിച്ചു വരണം.

തലക്കെട്ടു:—"അടിയൻ പുത്തി," അപ്പടി ചെയ്യേങ്ക. ഉത്തര വൃതാന്താ?

ചേരൻ:—ഉവഗം പോക്രു? ഭാഷയും വേഷവും വലിയ സങ്കടം, നമ്മുടെ നാട്ടുഭൃത്യന്മാരെയാണു കാൎയ്യസാദ്ധ്യത്തിനെല്ലാം കൊട്ടാരത്തിൽ പാൎപ്പിക്കേണ്ടതു്, തമിഴരെകൊണ്ടു കാൎയ്യം നേടാൻ വളരെ പ്രയാസം ഉണ്ടു. ആരാണു അവിടെ?

ഭൃത്യൻ:—സംഭ്രമത്തോടുകൂടി അടുത്തു ചെന്നു (മലയാളികളുടെ വന്ദന മുറകൾ ആചരിച്ചുനിന്നു) കല്പന.

ചേരൻ:—താൻ നമ്മുടെ പട്ടക്കാരൻ അല്ലേ?

ഭൃത്യൻ:—കല്പന.

ചേരൻ:—പട്ടക്കാരനെ നല്ലവണ്ണം സൂക്ഷിച്ചു നോക്കീട്ടു എടോ താൻ ചേരനാടിൽനിന്നും വന്നതെപ്പോഴാണ്? നാട്ടിലെ വിശേഷം വല്ലതുമറിയാമോ?

ഭൃത്യൻ:—തിരുമേനി. തിരുമനസ്സിലെ മന്ത്രി തോലൻ എഴുതെഴുതിത്തന്നു. ഇങ്ങോട്ടു പറഞ്ഞയച്ചു.

ചേരൻ:—തോലനു വല്ല വിപത്തും സംഭവിച്ചുവോ. കൊട്ടാരത്തിലെല്ലാവൎക്കും സുഖമാണല്ലോ? നമ്മുടെ ബൃന്ദാവനത്തിലെഴുന്നള്ളിപ്പാൎക്കുന്ന യോഗീശ്വരന്റെ ജപാനുഷ്ഠാനാദികൾക്കു വല്ല വിഘ്നവും സംഭവിച്ചുപോയോ? കാലക്കേടു നിമിത്തം നമ്മുടെ കുടികൾക്കു് തോലന്റെ ഭരണത്തിലേതെങ്കിലും കുറവു പററിയോ? എന്തൊ?

ദൂതൻ:—തിരുമേനി സംശയത്തിനു സംഗതികളൊന്നുമില്ലെന്നു നിശ്ചയമായും എനിക്കറിയാം. എന്നാൽ കൊച്ചുതമ്പുരാട്ടികൾ കൂടെക്കൂടെ മോഹാലസ്യം മാത്രം ഉണ്ടാകുന്നുണ്ടെ

ന്നു ജനങ്ങൾ പറയുന്നു. തിരുമനസ്സുകൊണ്ടു വത്തകസം ഘംവഴി പാണ്ടിചക്രവത്തിയായി വിജയിച്ചിരിക്കുന്നതാ യറിഞ്ഞു ചേരനാട്ടുകാരെന്നല്ല കേരളനിവാസികളെല്ലാം ന്നുപോലെ ആനന്ദതുന്ദിലന്മാരായി തീന്നിരിക്കുന്നു. ശ്രീ ചേരചക്രവത്തി പാണ്ടി വിജയം കഴിഞ്ഞു, സ്വന്തംനാ ട്ടിലേയ്ക്കു എഴുന്നുള്ളുന്നതു കാണാൻ മലനാട്ടിലുള്ളവരെ ല്ലാം ദിവാനിശം കൊട്ടാരവാതുക്കലെത്തി സമയം ചോദി ക്കുന്നു. വൃദ്ധന്മാരും ബാലന്മാരും കാലേക്കൂട്ടി എത്തീട്ടുണ്ടു്. മന്ത്രി തോലന്റെ ഭരണം നാട്ടുകാക്കെല്ലാം തൃപ്തികരമാ ണെന്നു ജനങ്ങൾ പ്രത്യേകം പ്രത്യേകം പറയാറുണ്ടു്. ശ്രോത്രിയൾസ്വാമി കൂടക്കൂടെ അരമനയിലും അന്തഃപുര ത്തിലും ആശ്രമതീരത്തിലും അലഞ്ഞുനടക്കുന്നതുമാത്രം ചിലരുടെ ദൃഷ്ടിക്കു സങ്കടം ജനിപ്പിക്കുന്നുണ്ടെന്നു തോന്നു ന്നു. വടക്കു പടക്കളത്തിലേക്കു ചെന്നിരുന്ന സൈന്യങ്ങ ളെല്ലാം വിലപിടിച്ച സമ്മാനങ്ങളും സന്തോഷവാത്തക ളും കൊണ്ടു തിരിയെ വന്നു. പാണ്ഡ്യൻ ആനമലയിടുക്കിൽ കുടുങ്ങിപ്പോയിരിക്കുമെന്നൊരുകിംവദന്തിയുണ്ടായിരുന്നു. തിരുമേനി അടിയങ്ങളെ അനുഗ്രഹിക്കാനായി താമസം വിനാ എഴുന്നെള്ളിക്കാണാൻ കൊതിക്കുട്ടുന്നു. ഞങ്ങൾ ക്കെല്ലാം തൃപ്പാദമൊന്നുമാത്രമെ ശരണമുള്ളു. ശ്രീപത്മനാ ഭസ്വാമിയും പെരുന്തൃക്കോവിലപ്പനും തിരുമേനിയെ കല്പ കാലാവധി കാത്തു രക്ഷിച്ചിടാനായി കേരളവാസികളെ ല്ലാമൊന്നുപോലെ ദിവാനിശം ദൈവീകമായ പല പല ആരാധനകൾ ആചരിച്ചു വരുന്നുണ്ടെന്നു കല്പിച്ചറിഞ്ഞാ ലും.” എന്നു പറഞ്ഞവസാനിപ്പിക്കുന്നതിന്നു മുമ്പു ചേര ചക്രവത്തിയുടെ തൃപ്പാദം തൊട്ടു വണങ്ങി നിന്നു തോലൻ കൊടുത്തയച്ച കുറി സവിനയം കരത്തിൽ സമപ്പിച്ചു.

ചേരൻ:—എടോ താൻ നല്ല പഠിത്തക്കാരനും കാൎയ്യവിവരമു ള്ളവനും ആണെന്നു മനസ്സിലായി. തോലൻ ഇവിടേയ്ക്കു പറഞ്ഞയയ്ക്കുന്ന വൻമിടുക്കനായിരിക്കണമെന്നു മനസ്സി ലാക്കീട്ടുണ്ടു്. ശ്രോത്രിയളുടെ പ്രവൃത്തികളെല്ലാം എന്റെ പ്രേരണയനുസരിച്ചിരിക്കുമെന്നു് ആരുമറിഞ്ഞിരിക്കയില്ല.

അതിലൊന്നും അബദ്ധമൊ അപകടമൊ സംഭവി ക്കാനില്ലെന്നു ആലോചനകൊണ്ടു മാത്രമെ അനുമാനി ക്കാൻ സാധിക്കയുള്ളൂ. പടമലനായരുടെ പരാക്രമവിശേ ഷത്താലാണു പാണ്ഡ്യൻ കോതമംഗലം പോക്കളത്തിൽ പരാജിതനായി.ത്തീരാൻ ഇടയായതെന്നു പരക്കെ പ്രസി ദ്ധിയുള്ളതു ഞാനേമറിഞ്ഞു. കാദമശാരിക്കു കൂടെക്കൂടെ ദമാഹാലസ്യം സംഭവിക്കാനുള്ള കാരണമെന്തോ? തോ ലൻ എഴുത്തിലെഴുതീട്ടുള്ള സംഗതികളെന്തെന്നു നോക്ക ട്ടെ. എന്നു പറഞ്ഞുംകൊണ്ടു സ്വയം മുദ്രപൊട്ടിച്ചു മന സ്സിൽ എഴുത്തു വായിച്ചു. "മുഖപ്രസാദവും കനിഞ്ഞ വീ ക്ഷണവും പെട്ടെന്നു തിരിഞ്ഞുമാറിക്കണ്ടു. ദൂതൻ നിന്ന നിലയ്ക്കു വിറച്ചുതുടങ്ങി. പരിതസ്ഥിതികൾ ഭയങ്കരരൂപ ങ്ങളായി ചമഞ്ഞു. ചേരഭൂപൻ കട കട എന്നു പല്ലുകൾ തമ്മിൽ കടിക്കയും കൂടക്കൂടെ കൺമിഴികളെ കണ്ണുനീർ കൊണ്ടു കുളർപ്പിച്ചും കൈകൾ രണ്ടും കാലം തെററി തി രുമിതിരുമി തോലെടുത്തും ചെവികളിരുവശത്തും കൂടി വരുന്ന വായുവിന്നെ എതിഃരററം വിശേഷവാക്കുകൾ വ ല്ലതുമുണ്ടോ എന്നു ശ്രദ്ധിക്കയായി, ദീർഘശ്വാസം ക്രമ ത്തിലധികം ചേതോഭാവത്തെ തെളിയിച്ചുകാട്ടി. അടത്തു നിന്നു കണ്ട ഭൃത്യനു മോഹാലസ്യമൊ മററൊ സംഭവിച്ചി ല്ലെങ്കിലും സ്ഥാവരവസ്തുസ്വരൂപം സ്വന്തമാണെന്നുസ്വ സ്ഥിതിവൈഭവത്താലറിയാനിടയാക്കി. ഇതിനിടക്കു ചേ രനാഥൻ തോലൻ കൊടുത്തയച്ച എഴുത്തു സ്വയം കയ്യി ലെടുത്തു സൂക്ഷിച്ചുവായിച്ചും,കോപഭാവത്തിൽ പെട്ടെന്ന തിനെ നിലത്തു പറപ്പിച്ചും വീണ്ടുമെടുത്തു കീശയിലിട്ടും അല്പം ചിന്തിച്ചങ്ങു കുഴഞ്ഞു, കീശക്കുള്ളിൽ കൈയ്യിട്ടു എ ഴുത്തെടുത്തു മുഖം മറച്ചു നോക്കിയും, ഇതികർത്തവ്യതാമൂ ഡനായി ദൂതനെ ചൂണ്ടിക്കാണിച്ചും എന്തോ പറയാൻ ഭാവിച്ചിട്ടും പിന്നെ മൌനം പൂണ്ടു തല താഴ്ത്തി വ്യസ നിച്ചും സമയം നയിച്ചു. ഇതിനൊക്കെ കാരണം സ്വന്ത പുത്രിയെ സംബന്ധിച്ചുണ്ടായ ലോകാപവാദമാണെന്നു മാന്യവായനക്കാർ ഊഹിച്ചിരിക്കുമല്ലോ. അഭിമാനിയായ ചേരനാഥൻ ലോകാപവാദത്തെ പററി ഭയന്നതിൽ വി

സ്മയിക്കാനൊന്നുമില്ല. ആത്മാവിനെ വിശ്വസിക്കുന്നവർ പരലോകത്തെ വിശ്വസിക്കും. ലോകവിശ്വാസംനിമിത്തം മനുഷ്യജീവികൾ സുഖികളായും ദുഃഖികളായും കാണാനിടവരുന്നുണ്ട്. മനുഷ്യർ സ്വതസ്സിദ്ധമായ വിശേഷബുദ്ധിയെ കാൎയ്യാകാൎയ്യങ്ങളിൽ പ്രവേശിപ്പിച്ചു സമ്പത്തിലും വിപത്തിലും സമമായി "എല്ലാം ദൈവവിലാസം" എന്നു വിശ്വസിച്ചു പ്രവൃത്തിക്കയാണു വേണ്ടതെന്നു ലോകാചാരം നമ്മെ മനസ്സിലാക്കുന്നു.

ചേരനാഥൻ ചിന്താസാഗരത്തിൽ മുങ്ങി മറുകര കാണാതെ കുഴഞ്ഞും, ലോകജീവിതസംഗതിയെ വെറുത്തും കാലദോഷത്തെ ശപിച്ചും, കാമന്റെ ദുഷ്കൎമ്മശക്തിയെ നിന്ദിച്ചും ഭാവിയെ സംസാരബന്ധത്തിൽ നിന്നും വേർപെടുത്താനുറച്ചും, സ്വല്പം തിരിഞ്ഞു ദൂതിനെ സൂക്ഷിച്ചു. അപ്പോൾ ദൈവാധീനമായി ദൃഷ്ടിക്കു ഗോചരീഭവിച്ചതു് ചോളപുരാധീശനാണെന്നു കണ്ടുസ്വമനോവികാരങ്ങളെയെല്ലാം ഒന്നു നല്ലവണ്ണം മറച്ചിട്ടു, മന്ദഹാസത്തോടെ, "ചോളേശ! വരിക നിങ്ങൾ എന്നെസ്വന്തം സോദരനെപ്പോലെ സ്നേഹിക്കുന്നതിൽ ചാരിതാൎത്ഥ്യമുണ്ടു. സ്വയമെ ചെയ്തുതന്ന യുദ്ധസാഹായ്യമൊരിക്കലും മറക്കത്തക്കതല്ല. നിങ്ങളുടെ മഹാമനസ്കതയ്ക്കു പ്രത്യുപകാരം ചെയ്വാൻ എനിക്കു ഒന്നുകൊണ്ടും സാധിക്കയില്ല. ശ്രീ വരദരാജസ്വാമി വേണ്ടുന്നതൊക്കെ വഴിയെ നിങ്ങളെ വിളിച്ചുതരട്ടെ" എന്നുച്ചത്തിൽ ആഗമനപ്രയോജനമാദരവോടു അരുളിച്ചെയ്തു. ചോളൻ സമയോചിതമാംവണ്ണം ചേരന്റെ പ്രതാപത്തെ സ്തുതിച്ചുകൊണ്ടു സ്വന്തമെന്ന ബന്ധുത്വത്തെ പ്രത്യക്ഷപ്പെടുത്താൻ അവസരമിതാണെന്നു തീൎച്ചയാക്കിവെച്ചു. പിന്നീടവർ ആനന്ദാതിരേകത്താൽ ആത്മാവിനേയും മറന്നു അനവധികാൎയ്യങ്ങളെക്കുറിച്ചാലോചിച്ചും പട്ടാഭിഷേകസംഗതിയെ സംബന്ധിച്ചുള്ള ചില ചടങ്ങുകളെ സ്വീകരിക്കേണ്ടുവിധം പറഞ്ഞു രസിച്ചും ദേവന്റെ ദിവ്യവിലാസവൈഭവത്തെ വേണ്ടുംവണ്ണം സ്തുതിച്ചു തെളിഞ്ഞും സസുഖം സമയവ്യയം സാൎത്ഥകമാക്കി.

# അദ്ധ്യായം ൨൮.

യോഗവും യോഗ്യതയും.

"സ്വാമിൻ, കുമരേശ" ദേവന്റെ ലീലാവിലാസങ്ങളെല്ലാം എന്നോടു വൈപരീത്യം ഭാവിക്കാനെന്തു മഹാപാപം ചെയ്തുവോ? ആ ദുഷ്ടൻ പിച്ചൻ ശ്രൌതിയുടെ നിന്ദാവചനങ്ങൾ എന്നെ ക്രമത്തിലധികം അസഹ്യപ്പെടുത്തുന്നു. തോലൻ ദ്രോഹിയല്ലെങ്കിലും തനിക്കു തോന്നുന്നതു പോലെ ചില തോന്ന്യാസങ്ങളെ താലോലിച്ചുകൊണ്ടു, പരദൂഷണത്തിനു തുടങ്ങിയിരിക്കുന്നു. അമ്മയ്ക്കു മൌനം ഒരിക്കലുമില്ല. നാട്ടുകാരുടെ നിന്ദയ്ക്കു നിലയും തെററി. പരമാൎത്ഥമോൎക്കാതെ പലരും പരസ്യമായും രഹസ്യമായും പരക്കെ പരമാൎത്ഥിയെ പരിഹസിക്കുകയായി. തോഴിയും ചേടിയും ജോലിക്കു മടിച്ചു തുടങ്ങി. പാണ്ടിയിലെത്തിയ പിതാവിനെക്കൂടി ബന്ധുക്കൾ പലതും പറഞ്ഞു പററിച്ചിരിക്കുമോ എന്തോ? ഇന്നു പാണ്ടിയും പരശുരാമക്ഷേത്രവും എനിക്കു സ്വാധീനമാണ്, കാമന്റെ സ്വാതന്ത്ര്യം എന്നെ പരതന്ത്രയാക്കിവച്ചു. ചേരപ്പടകളും എന്നോടു ചോദ്യങ്ങൾ തുടങ്ങി. അപവാദങ്ങളോരോന്നും എങ്ങനെ ഞാൻ സഹിക്കും. സന്യാസിവൎയ്യൻ സ്നേഹിച്ചിട്ടുന്നു. യോഗീശ്വരന്റെ സാരോപദേശങ്ങളെല്ലാം സാൎത്ഥകങ്ങളാണ് എന്നു സിദ്ധാന്തിക്കാമോ? മധുരാ നാഥപുത്രൻ എനിക്കു ഭൎത്താവായിത്തീരുമെന്നല്ലയൊ ത്രികാലജ്ഞാനി സ്വന്തം ജ്ഞാനദൃഷ്ടിയിൽ കണ്ടതായി പറഞ്ഞതു്. സുഭദ്രാൎജ്ജുനമന്ത്രം സകലമനോരഥ സാധകമെന്നു സംശയം കൂടാതെ സകലരും ശ്ലാഘിച്ചു പറയുന്നു. "ശിവ ശിവ" ഈ സ്ത്രീ ജന്മംഎനിക്കു വേണ്ടായിരുന്നു. മാതാപിതാക്കന്മാരുടെ അപുത്രതാദോഷം എന്റെ ജനനം കൊണ്ടു തീൎന്നെന്നു തോന്നുമോ? എന്റെ യോഗവും സന്യാസിയുടെ യോഗ്യതയും സംശയാസ്പദമാണെന്നു സൎവ്വജനങ്ങളും സമൎത്ഥിച്ചുകഴിഞ്ഞു. ആശ്രമദോഷം സന്യാസിക്കും സ്ഥാനമഹത്വം ജനനത്തിലെനിക്കും പ്രത്യക്ഷത്തിൽ കാണുന്നുണ്ട്. ചേരന്റെ ഭാവിയും, കുലത്തിന്റെ മഹിമയും ലോകോപവാ

ദം നശിപ്പിക്കയില്ലയൊ. ഞാനെന്തിനു വൃഥാക്ലേശിക്കുന്നു. ഇന്നു സന്യസിച്ചു തീൎത്ഥയാത്രയ്ക്കു പോകാനും കൎമ്മബന്ധം സമ്മതിക്കുന്നില്ല. വേണ്ടുന്നവരൊക്കെ എന്നെ വെറുത്തുകഴിഞ്ഞു. വയറു നിറച്ചു ഭക്ഷണവും എനിക്കു വേണ്ട. ദിവസംതോറും ദേഹം ക്ഷീണിച്ചുവരുന്നു. അച്ഛന്റെ ഇച്ഛയെ പുച്ഛിച്ചുകളഞ്ഞാൽ മച്ചിന്മേൽ ഇരുന്നിടാൻ ഇവൾക്കു യോഗമുണ്ടോ? മാനുഷജന്മത്തെ മാനിച്ചുകൊള്ളാൻ കാമിനിമണികളെ കാമദേവൻ കടാക്ഷിച്ചിട്ടുന്നു. എന്നാൽ അനുകൂലദാമ്പത്യജീവിതം ലോകഗതിക്കു അത്യാവശ്യമാണെന്നു എനിക്കും തോന്നുന്നുണ്ടു. വാസ്തവത്തിൽ ഒന്നുകൊണ്ടും സന്യാസിയെ കുറിച്ച് എന്റെ മനസ്സ് സംശയിക്കുന്നില്ല. സമയോചിതങ്ങളായ സംഭാഷണങ്ങളാൽ സ്വയം രാജപുത്രനാണെന്നും കാന്തയാക്കികൊള്ളാൻ കൃപയുണ്ടെന്നും കാലവിളംബം കാൎയ്യസാധ്യത്തിനാണെന്നും സംശയംകൂടാതെ സന്യാസി പലപ്പോഴും സൂചിപ്പിച്ചിട്ടുണ്ട്. സൎവ്വസാഹിത്യങ്ങളും ശാസ്ത്രസിദ്ധാന്തങ്ങളും അഭ്യാസബലംകൊണ്ടു എനിക്കു സ്വാധീനമാണു. എന്നാൽ സാധാരണ സ്ത്രീകളെപ്പോലെ കൎത്തവ്യതാ ബോധമില്ലാതെജഡത്തെ പരായത്തമാക്കിത്തീൎക്കാനൊരിക്കലും എന്റെ മനസ്സ് സമ്മതിക്കയില്ല. വിദ്യാഭ്യാസംകൊണ്ടു സിദ്ധിച്ചജ്ഞാനവും സജ്ജനസഹവാസംകൊണ്ടു സമ്പാദിച്ച സദുപദേശവും സ്വതസ്സിദ്ധമായ ബുദ്ധിശക്തിയും പരമ്പരാപ്രാപ്തമായ ചിത്തശുദ്ധിയും, ആശ്രയവിശേഷത്താൽ ലഭിച്ച ഈശ്വരഭക്തിയും കൃത്യബോധത്താലുളവായ ചാരിത്രനിഷ്ഠയും എന്നെ സൎവ്വഥാ "സന്യാസിയെ സ്വന്തം പ്രാണനാഥനാക്കി സ്വീകരിച്ചുകൊള്ളുന്നതിനു സംശയം വേണ്ട" എന്നു ഉണൎത്തിക്കുന്നു. ലോകഗതിക്കു വൈപരീത്യം വന്നാലും രാജകോപത്തിനു പാത്രീഭവിച്ചാലും കാലദോഷത്തിനുബലം കൂടിയാലും ദാസ്യവൃത്തിക്കു ചെല്ലേണ്ടതായിത്തീൎന്നാലും വിധിമതമനുസരിച്ചു പ്രവൎത്തിക്കുന്നതിൽ തരക്കേടൊന്നും വരികയില്ലെന്നു നിശ്ചയമായും പറയാം.

ലോകജീവിതത്തിൽ സ്ത്രീപുരുഷ സാമാന്യത്തിന ത്രികരണ ശുദ്ധിയും സജ്ജന സഹവാസവും സന്മാർഗ്ഗാചരണവും ഗുരുജനവിശ്വാസവും, ആത്മാഭിമാനവും, നിരന്തരപരിശ്രമവും നിയമനിഷ്ഠയും കൊണ്ടല്ലാതെ അഹങ്കാരംകൊണ്ടോ, ധനാഢ്യതകൊണ്ടോ, കുലംകൊണ്ടോ വേഷം കൊണ്ടോ വൈശിഷ്ട്യം അനുഭവിക്കാൻ സ്വാധിക്കയില്ല, എന്നു പ്രാചീനരും പരിഷ്കാരികളുമൊന്നുപോലെ സമ്മതിക്കുമെന്നു തോന്നുന്നു. എനിക്കിന്നുവയസ്സ് പതിനേഴതികഞ്ഞിട്ടുണ്ടു. എന്റെ വിവാഹം കാംക്ഷിച്ചു പലപല കഷ്ടനഷ്ടങ്ങൾ സഹിച്ചും സ്വദേശം ത്യജിച്ചും ചേര ഭൂനാഥപദം നമിച്ചും, ദൂതന്മാരെ പറഞ്ഞയച്ചും, സ്വയംനേരിട്ടിരന്നോ സങ്കടപ്പെടുന്ന രാജകുമാരന്മാരുടെ കണക്കു കുറിച്ചെടുക്കാൻ എനിക്കു സാധിച്ചില്ലെങ്കിലും ജാതകപരിശോധനകൊണ്ടു പൂർണ്ണമായി വിശ്വസിച്ചു ഫല പാഠത്തെ പ്രാർത്ഥനാ ശക്തികളാൽ ഫലിച്ചു കാണാൻ "പുത്രിക്കു പതിനേഴ വയസ്സ് പൂർത്തിയാകട്ടെ" എന്നു പറഞ്ഞുകൊണ്ടിരുന്ന പിതാവിന്റെ നയ ചാതുര്യം എന്റെ മനക്കണക്കിൽ കുറിതെററാതെ സ്ലാഖ്യമുഴവനും തെളിച്ചു കാണിക്കുന്നുണ്ടെന്നു തീർത്തു പറയാൻ സാധിക്കും. എങ്കിൽ ഇന്നു ആ സമയവും കാലോചിതംപോലെ കണക്കിനെത്തീട്ടുണ്ടു. പിതാവു ഇനി പരപ്രേരണകൂടാതെ സ്വന്തം മനസ്സിൽ സർവ്വവും ചിന്തിച്ചുറപ്പിച്ചു കാണും; എന്നു നിസ്സംശയം എനിക്കു സ്വപ്നം കാണിച്ചു തന്നു." എന്നും മററും കാമേശ്വരി തന്നത്താൻ ചിന്തിച്ചു, കളിച്ചു രസിച്ചു കൊണ്ടിരിക്കുമ്പോൾ, വലിയ സംഭ്രമത്തോടു രാജപുത്രിയുടെ ശയനമുറിയിൽ ഉഷസ്സിനു രണ്ടേകാൽ നാഴികയുള്ളപ്പോൾ തോഴിയും ചേടിയും മാതാവും ഒന്നുപോലെ ശുഭസൂചകങ്ങളായ സ്വപ്നങ്ങൾ കണ്ടുണർന്ന്, ബദ്ധപ്പെട്ടു സമീപപ്രദേശങ്ങളിൽ നിന്നും ചാടിവീണു. അപ്പോൾ കാമേശ്വരി വീണയ്ക്കു ശ്രുതികൂട്ടാനുള്ള മട്ടു കണ്ടുകഴിഞ്ഞു. കാര്യമറിയാതെ നേരം വെളുപ്പിക്കുന്നതു ന്യായമല്ലെന്നു, വിചാരിച്ചിട്ടെന്നപോലെ യോഗവും യോഗ്യതയും മുറയ്ക്കു തെററാതെയും, ലോകാപവാദത്തെ തീ

രെ ഗണിക്കാതെയും, തങ്ങളുടെ ചിന്തയിലിടഞ്ഞു കിടന്ന ദുഃഖ്യ ങ്കാകുലങ്ങളേ ഒട്ടും മറയ്ക്കാതേയും അത്യുത്സാഹത്തൊടുകൂടി കുററമെററു സമ്മതിച്ചുകൊണ്ടു കാമേശ്വരിയുടെ ചിത്തിനൊത്തു സ്വപ്നവൃത്താന്ത വൈഭവം പറയാനാരംഭിച്ചു.

മാതാവ്:—"മകളെ! ഞാൻ നിന്നെ തെററിധരിച്ചുപോയി". അതുപൊറുക്കമെന്നു പൂർണ്ണമായി വിശ്വസിക്കുന്നു.

കാമേശ്വരി:—അതു് എന്താണു് അമ്മേ? നിങ്ങളുടെ ധാരണ എന്തായിരുന്നുവെന്നു ഞാനെങ്ങനെയറിയും? അതൊക്കെ പൊറുക്കണമെന്നു പറയാനുള്ള കാരണമെന്തു്? എനിക്കു കേൾക്കാൻ മതിയിൽ കൊതിയേറുന്നു.

മാതാവു:—"നീ നമ്മുടെ ആശ്രമവാസിയായ സന്ന്യാസിയെ കാമിച്ചു ദിവാനിശം സകല സുഖങ്ങളേയും വെറുത്തു സങ്കടപ്പെട്ടുത്തുന്നതു അസാദ്ധ്യമായി തീരാനേ വഴിയുള്ളൂ; എന്നു വിചാരിച്ചും, പിതാവു ലോകാപവാദത്തെ ഭയന്നു നിന്നെ ഉപേക്ഷിക്കാനിടയാകുമെന്നു വ്യസനിച്ചും ചേരവംശം കാമേശ്വരിക്കു ശേഷം നാമാവശേഷമായി പോകുമെന്നു ഭാവിച്ചും, നിൻെറ സ്ഥിതിഗതികളെ കുറിച്ചു ദീർഘമായി ചിന്തിച്ചും ഭാവിയെ സുഖകരമാക്കി തീൎക്കാനായി പലപല മാൎഗ്ഗങ്ങൾ ആലോചിച്ചും കാമൻെറ ദുർവൃത്തിയെ പലതരത്തിൽ പരിഹസിച്ചും പിച്ചൻെറ ചാട്ടവും നോട്ടവും ഓട്ടവുമെല്ലാമോൎത്തു മനസ്സ് മുട്ടി ക്ഷീണിച്ചും അവശയായി കിടന്നുപോയി.

കാമേശ്വരി:—അമ്മേ ഞാൻ മഹാപാപിയാണെന്നു പരസ്യമായി സമ്മതിക്കുന്നു. നീണ്ട നീണ്ട വിചാരങ്ങളെല്ലാം സുഖനിദ്രയെ നശിപ്പിച്ചിരിക്കും. അമ്മയ്ക്കിപ്പോൾ ദേഹത്തിനും മനസ്സിനും നല്ലസുഖമില്ലെന്നു എനിക്കറിയാം എന്നാലെന്താണു് പ്രയോജനം? ചിതയ്ക്കും ചിന്തയ്ക്കുമുള്ള ഭേദം പ്രകൃതിയിൽ പ്രവൃത്തികൾ കൊണ്ടു വെളിപ്പെടുന്നില്ലയോ? ഇതൊക്കെ വേണ്ടായിരുന്നു. വിധിമതമാൎക്കറിയാൻ കഴിയും, പിന്നെ.

മാതാവു്:—കാമേശ്വരി! നിൻെറ ജനനത്തിന്നു ആരാധനാ മൂത്തിയായി ആശ്രയിച്ച ജഗദംബികയോടു എൻെറ മനസ്സങ്കടമെല്ലാം മാററിത്തരുന്നതിന്നു പലവിധത്തിലപേക്ഷിച്ചു.

കാമേശ്വരി:—അമ്മേ അതു വളരെ നന്നായി "സമയോചിതമായ പ്രവൃത്തി സവ്വഥാ ശ്ലാഘനീയം തന്നെ"

"ആപദി കിം കരണീയം" എന്നപേക്ഷിച്ച ഭക്തനോടു ഭഗവാൻ "സ്മരചരണമംബായാഃ" എന്നല്ലയോ ഉപദേശിച്ചിട്ടുള്ളതു്.

മാതാവു്:—"കുഞ്ഞേ നിനക്കു സാഹിത്യബോധം നല്ലവണ്ണം ഉണ്ടു. ശാസ്ത്രാഭ്യാസം സംശയ നിവൃത്തിക്കും നിന്നോടിണങ്ങും. എനിക്കൊരു പഠിത്തവുമില്ലല്ലൊ? ഞാൻ നല്ലവണ്ണം ഉറങ്ങി.

കാമേശ്വരി:—അമ്മേ ഉറക്കം ജീവികൾക്കു അത്യാവശ്യമാണു. ഉറങ്ങിയില്ലെങ്കിൽ ചിത്തഭ്രമം സംഭവിക്കും എന്നു ചിലർ ചൊല്ലുന്നു.

മാതാവു്:—"കാമേശ്വരീ! വെളുപ്പിന്നു മൂന്നേമുക്കാൽ നാഴികയുള്ളപ്പോൾ ഞാൻ ഒരു സ്വപ്നം കണ്ടു.

കാമേശ്വരി:—സ്വപ്നമോ? അതു വിശ്വസിക്കത്തക്കതാണോ? സ്വപ്നശാസ്ത്രം ഫലശാസ്ത്രമാണെന്നു ആരു പറയും? നമ്മുടെ മനസ്സിൽ തോന്നുന്ന വിചാരങ്ങളുടെ പ്രതിബിംബങ്ങളാണല്ലൊ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ടുകാണുന്നതു. ചിന്തിക്കുന്നതല്ലാതെ സ്വപ്നത്തിൽ മറെറാന്നും തന്നെകാണുന്നില്ലെന്നാണു സ്വാനുഭവം. സ്വപ്നത്തെ സംബന്ധിച്ചിടത്തോളം എനിക്കു വിശ്വാസമില്ല. അമ്മയുടെ മനസ്സിലെപ്പോഴും എൻെറ ഭാവിയെ സംബന്ധിച്ചു ഓരോന്നു തോന്നികൊണ്ടിരിക്കുന്നതു പതിവാണെന്നു് പ്രസിദ്ധിയുണ്ടു്. പക്ഷെ അമ്മ എന്നെ തെററിധരിക്കാൻ പാടില്ല. പുരാണപുരുഷന്മാരുടെ ഇടയിൽ സ്വപ്നശാസ്ത്രത്തിന്നു ന

ല്ലൊരു നിലയും വിലയും ഉണ്ടായിരുന്നതായി പലപല പാഠങ്ങൾ പഠിച്ചിട്ടുണ്ട്. ഗുണവും ദോഷവും പ്രത്യക്ഷപ്പെട്ടു കാണുമെന്നാണ് പ്രധാനസാരം. അതൊക്കെ ഇരിക്കട്ടെ; അമ്മകണ്ട സ്വപ്നം എന്താണെന്നു എന്നോടു പറയാമോ?

മാതാവ്:—അതു പറയാനല്ലയൊ വെഗം ഇങ്ങോട്ടു പോന്നതു സ്വപ്നം കണ്ടാൽ പിന്നെ ഉറങ്ങാൻ പാടില്ല. ഉറങ്ങിയാൽ ഫലം അതിനില്ലെന്നു വരുമെന്നാണു പലരുടെയും വിശ്വാസം. അതു കൊണ്ടു വേഗം പറയാം.

കാമേശ്വരി:—അമ്മെ കൊള്ളാം കൊള്ളാം. സ്വപ്നം തന്നെ വിശ്വസിക്കത്തക്കതല്ലെന്നു പറയുമ്പോൾ സ്വപ്നം കഴിഞ്ഞാൽ പിന്നെ ഉറക്കം പാടില്ലെന്നു പറയുന്നതു ശുദ്ധമേ അബദ്ധം. എന്തായാലും ശരി അമ്മ പറയണം.

മാതാവ്:—"മകളെ" ലോകമാതാവു പ്രസാദിച്ചു എന്റെ ദൃഷ്ടിക്കു തെളിഞ്ഞുകണ്ടു.

കാമേശ്വരി:—അമ്മേ, മനുഷ്യരുടെ ദൃഷ്ടിക്കു ദേവന്മാർ തെളിഞ്ഞുകാണുന്നതു ഒരിക്കലും സംഭാവ്യമല്ല. ദേവതകൾക്കു രൂപം ഇല്ല എന്നാണു ശാസ്ത്രസിദ്ധാന്തം. മനുഷ്യരുടെ വിശ്വാസത്തെ അടിസ്ഥാനപ്പെടുത്തി സങ്കല്പിച്ചിട്ടുള്ള ശിലാനിമ്മിതങ്ങളായ ബിംബങ്ങളിൽ ദേവതാത്വമാരോപിക്കുന്നതുപോലെ നമ്മുടെ ദൃഷ്ടിക്കു ഭാവനാവൈഭവങ്ങളാൽ ഓരോന്നു തോന്നുകയാണെന്നു ഞാൻ വിചാരിക്കുന്നു. അല്ലാതെ "ദേവി പ്രത്യക്ഷമായി" എന്നു പറഞ്ഞാലതു ഞാനെങ്ങനെ വിശ്വസിക്കും? ദൈവത്തിനു ദേശകാലാവസ്ഥകൾ ഒന്നും തന്നെയില്ലല്ലൊ. ആകാശം വായുമുതലായവയിൽ അരൂപമായി എങ്ങും ഈശ്വരൻ വിളങ്ങുന്നു എന്നുപറഞ്ഞാൽ ഒരു വിധം സമ്മതിച്ചുകൊള്ളാം.

മാതാവ്:—പാമരജനങ്ങൾക്കു വൃദ്ധ വചനം പൂണ്ണ സമ്മതമാണ്. പഠിത്വമുള്ളവക്കു പ്രത്യക്ഷ പരീക്ഷണ വിഷയങ്ങൾ പ്രമാണങ്ങളാണു. നിന്റെ ബുദ്ധിക്കും യുക്തിക്കും കാലഗതിക്കും യോജിച്ചവണ്ണം പറഞ്ഞുകൊള്ളൂ. എന്റെ

ദൃഷ്ടിൽ പെട്ടതു പറയാഞ്ഞാൽ എനിക്കു മനസ്സമാധാനം സംഭവിക്കയില്ല.

കാമേശ്വരി:—ഞാൻ പറയുന്നതൊക്കെ പരമാൎത്ഥമാണ്. അമ്മയെ പരിഹസിക്കയാണെന്ന് ഒരിക്കലും വിചാരിക്കാൻ പാടില്ല. ദേവി പ്രത്യക്ഷമായി. പിന്നെ.

മാതാവു:—കാമേശ്വരി, ദേവി സ്വന്തം കൈയിൽ ജാതിപുഷ്പമാല വെച്ചിരുന്നു. നീ അഛന്റെ മടിയിൽ സന്തോഷിച്ചിരിക്കയാണ്. അന്നേരം നമ്മുടെ ആശ്രമവാസിയായ സന്ന്യാസി പാണ്ഡ്യരാജപുത്രനായി വേഷം മാറി വന്നു നിൽക്കുന്നതായി കണ്ടു. ലോകമാതാവ് കാമേശ്വരിയുടെ കോമളമായ കൈയ്യിൽ ആ ജാതിപുഷ്പമാലയെ കൊടുത്തു; പിന്നീടു ഇങ്ങനെ അരുളിച്ചെയ്തു. "ചേരനാഥ, ഭവാൻ ചേരചോളപാണ്ഡ്യഭൂമികൾക്കു ഏകനാഥനായി തീൎന്നിരിക്കുന്നു. ഇതാ നിങ്ങളുടെ മുമ്പിൽ നിൽക്കുന്ന ധീരൻ പരാന്തകന്റെ പുത്രനായ രാജസിംഹനാണെന്നു വിചാരിച്ചാലും. ചോളനെ പോരിൽ കൊന്നതും ഈ മഹാപുരുഷൻ തന്നെയാണ്. അതിബാല്യത്തിൽ തന്നെ പിതാവിനെ ശാസിക്കയാൽ, പരാന്തകൻ അതിക്രൂരനായി നാട്ടുവിട്ടോടിച്ചു. അപ്പോഴാണിദ്ദേഹം ആശ്രമവേഷം സ്വീകരിച്ചതു്. ഞാൻ കാമേശ്വരിയുടെ ജനനത്തിൽതന്നെ അവൾക്കു കാന്തനായി കല്പിച്ചിട്ടുള്ളതും ഈ മഹാനാണെന്നു വിചാരിക്കണം. ഇന്നത്തെ ഈ ശുഭമുഹൂൎത്തത്തിൽ കാമേശ്വരി രാജസിംഹപാണ്ഡ്യനെ ഭൎത്താവായി വരിച്ചുകൊള്ളുന്നതിന് എന്റെ മുമ്പിൽ വച്ചു ജാതി മാലയണിയിക്കാൻ ആജ്ഞാപിക്കണം" ഞാൻ നിന്റെ അഛന്റെ അടുക്കൽ നിന്നുകൊണ്ടിരുന്നു. പലവിധമംഗളവാദ്യങ്ങൾ മുഴങ്ങിക്കൊണ്ടിരുന്നു. കേരളവാസികളെക്കൊണ്ടു കല്യാണപന്തൽ പ്രശോഭിച്ചിരുന്നു. ദേവിയുടെ കല്പനപ്രകാരം നീയും രാജസിംഹപാണ്ഡ്യനെ ഭൎത്താവായി വരിച്ചു. നവദമ്പതികളെ കാത്ത്യായനി കനിഞ്ഞനുഗ്രഹിച്ചു. പെട്ടെന്നെന്തോ തോന്നുകയാൽ കണ്ണു തുറന്നു നോക്കി; ദേവിയെ

കണ്ടില്ല. ഇതൊക്കെയായിരുന്നു എന്റെ സ്വപ്നം. കേട്ടോ, നിന്റെ സ്ഥിതിക്കു ആ കാത്ത്യായനി എന്തു കല്പിച്ചിരിക്കുന്നുവോ" എന്നു പറഞ്ഞു തീരുന്നതിനുമുമ്പു വീണ്ടു വിചാരമോ സമയസമീക്ഷണമോ കൂടാതെ തോഴി ചാടിപ്പിടിച്ചുകൊണ്ടു "വലിയമ്മച്ചി ഞാൻ കണ്ടതൊക്കെ ഇങ്ങനെതന്നെയായിരുന്നു. എങ്കിലും ചേരനാഥൻ പെരുമാളുടെ അപേക്ഷപ്രകാരം തിരുവഞ്ചിക്കുളത്തു തിരുനാവാമണൽപ്പുറത്തു അടിയന്തിരസഭയ്ക്കു ചേരനാട്ടിൽനിന്നും തോലനെ വരുത്തി പാണ്ടിയെ രക്ഷിക്കാൻ ഏല്പിച്ചിട്ടെഴുന്നള്ളിയെന്നും ചോളൻ കാമേശ്വരിയെ മോഹിച്ചു തക്കത്തിൽ കടൽവഴിയും കരവഴിയുമായി അനവധി യുദ്ധപ്പടകളും കൊണ്ടു ചേരരാജ്യമാക്രമിക്കാൻ ആറുമുഖമംഗലത്തിലെത്തി പാളയം അടിച്ചു താമസിക്കയും അപ്പോൾ ചേരനാടു സൂക്ഷിച്ചുകൊണ്ടിരുന്ന സന്ന്യാസി കോപാന്ധനായി, നാട്ടുപടകളുടെ സഹായത്തോടുകൂടി തിരുനൽവേലിവഴി ആറുമുഖമംഗലം പോർക്കളത്തിലെത്തി പോർതുടങ്ങുന്നതിനുമുമ്പു, തോലനും സന്ന്യാസിയെ സഹായിക്കാൻ പടയുമായിച്ചെല്ലുകയും ആ യുദ്ധത്തിൽ സന്ന്യാസിയുടെ യുദ്ധസാമർത്ഥ്യവും മനോധൈര്യവും കൊണ്ടു ശത്രുപടകളെ ഇടവിടാതെ വെട്ടി മലകൾപോലെ കൂട്ടി. വിൽയുദ്ധത്തിൽ ഒററ ബാണംകൊണ്ടു ചോളന്റെ ശിരസ്സു മുറിച്ചു നിലത്തു പതിപ്പിക്കുകയും ചെയ്തു എന്നും മററുമായിരുന്നു. ചേരശ്രീയെ വിജയശ്രീയുടെ കിരീടത്തിൽ കളിപ്പിച്ചതും കാഴ്ചക്കു അതിഭയങ്കരവും കൌതുകപ്രദവുമായിരുന്നു. ഇത്രയുംകൂടി കൂടുതലായി എന്റെ സ്വപ്നത്തിൽ ഞാൻ കണ്ടു. ഇതൊക്കെ എന്റെ വിചാരത്തിനു സംഗതിയാകാൻ യാതൊരു വഴിയും കാണുന്നില്ല. കൊച്ചുതമ്പുരാട്ടിയുടെ മനസ്സിലെങ്ങനെ തോന്നിയാലും ശരി. അതു ഞാനൊരിക്കലും സമ്മതിക്കയില്ല." എന്നു പറഞ്ഞു. ചോളന്റെ വധവും രാജസിംഹന്റെ വിവാഹവും അത്ര വലുത

ല്ലായിരുന്നു. പട്ടമലനായരുടെ സ്വർഗ്ഗാരോഹണമാണു പരമാനന്ദകരമായി കണ്ടതു്? ഇതൊക്കെ എങ്ങനെ സംഭവിക്കാൻ പോകുന്നു എന്നാണു എന്റെ സന്ദേഹം. ദൈവത്തിന്റെ വിലാസവും സ്ത്രീകളുടെ ചിത്തവും പുരുഷന്റെ ഭാഗ്യവും ആക്കും മനസ്സുകൊണ്ടുപോലും ഊഹിക്കാൻ സാധിക്കയില്ല എന്നു എന്റെ ലോകജീവിതദശയിൽ നിന്നു അറിഞ്ഞിട്ടുള്ളിടത്തോളം നിശ്ചയമായും ഉറപ്പിച്ചു പറയാം. ഇത്രയും ഇവർ സംസാരിച്ചുതീരുന്നതിനുമുമ്പു സൂൎയ്യരശ്മികളുടെ പ്രവേശം അന്തഃപ്പുരമാളികയുടെ മുഖപ്പിലും ജന്നലുകളിൽ കൂടി അകത്തു വിരിച്ചിട്ടുള്ള പഞ്ചവൎണ്ണക്കമ്പിളികളിലും പ്രതിഫലിച്ചിരിക്കയാൽ പെട്ടെന്നവർ സംഘം പിരിഞ്ഞു സ്വസ്വകൃത്യങ്ങളെ നിൎവ്വഹിക്കാൻ യഥാവിധി ഉഷസ്സിനെ സുപ്രഭാതമെന്നു പുകഴ്ത്തിക്കൊണ്ടു പിരിഞ്ഞു.

---

## അദ്ധ്യായം ൨൯.

### അവിചാരിതസംഭവം.

പിച്ചൻ ശ്രോത്രിയൻ:—സ്വാമിൻ! ഞാൻ ലോകവാൎത്തയെ വിശ്വസിക്കുകയില്ല. വഞ്ചിനാട്ടിലെ പുണ്യപുരുഷന് പുത്രീമൂലം പരിഭവം സംഭവിക്കത്തക്കതല്ല. കാമേശ്വരിയെ സന്ന്യാസി നല്ലവണ്ണം കടാക്ഷിക്കുന്നുണ്ട്. തോലൻെറ തോന്ന്യാസം തുല്യദൃഷ്ടിയിലല്ലായിരുന്നു. ദൂതനോട് കുറിയേല്പിക്കുമ്പോൾ അടുത്തിരുന്ന് ഗുണദോഷിച്ചുനോക്കി; എന്നാൽ സ്ഥാനഗൌരവം അഭിമാനിച്ചോ മറേറാ പൌരോക്തിയെ ബലപ്പെടുത്തി അപവാദത്തെ പരസ്യപ്പെടുത്തിയിട്ടുണ്ടെന്ന് ബോധിക്കണം.

"കാമേശ്വരിയുടെ കണ്ണിന്ന് കൌതുകം തോന്നിച്ച കാമുകനെ കുമരേശൻ കടാക്ഷിച്ചിരിക്കുമെന്നാണ് കാണികളുടെ കഥാകഥനക്കുറിപ്പിൽ കണ്ടിട്ടുള്ളത്. ചേരനെ ദൃഷിപ്പിക്കാൻ ചിലരുടെ സാഹസചിത്തം ഉത്സാഹിച്ചുകാണുന്നു. ചേരപ്പടക്ക് സന്ന്യസിയെ തീരെ പിടിച്ചിട്ടില്ല. കൊട്ടാരവും കോട്ടയും തോലൻെറ ചൊല്പടിക്ക് കറങ്ങുന്നു. കാൎയ്യക്കാരും, കളരിനാഥന്മാരും "കോമളാംഗി സന്ന്യാസിയെ കാമുകനാക്കിക്കൊണ്ടാൽ ഉടനെ ഞങ്ങൾ അവനെ കൊല്ലും" എന്ന് കരുതിയിരിക്കുന്നു. സ്വാമിയുടെ പാണ്ഡ്യവിജയം വിദേശങ്ങളിലും വ്യാപിച്ചിരിക്കുന്നു. പടമലനായർ പെരുമാളുടെ കൊട്ടാരത്തിൽ കാൎയ്യാലോചനസഭയ്ക്കു് കാരണവസ്ഥാനം കൈയ്യേററുകഴിഞ്ഞു. കോലൻെറ കോലാഹലം കാലൻെറ വേലയെ കരിമലയ്ക്കു് കിഴക്ക് കടത്തിക്കളഞ്ഞു. നമ്മുടെ ഭടജനങ്ങൾ പെരുമാളുടെ പ്രീതിയ്ക്കു് പാത്രീഭവിക്കയാൽ അവൎക്ക് പ്രശംസാപത്രികയും, സമ്മാനങ്ങളും ലഭിച്ചിട്ടുണ്ട്. ഏറാടിക്കിടാങ്ങൾ യുദ്ധശ്രമനിവാരണത്തിനോ, സൎവ്വപാപകൎമ്മശാന്തിക്കോ മറേറാ കാശിക്ക് പോയിരിക്കയാണ്. എനിക്കും കുറേക്കാലത്തേക്ക് വിശ്രമിച്ചാൽ കൊള്ളാം. സ്വാമി ദ്രാവിഡദേശചക്രവൎത്തിയായി വാഴുന്നതുകണ്ടിട്ട് തീ

ത്ഥയാത്രക്ക് പോകാമെന്ന് വിചാരിക്കുന്നു. കാമേശ്വരിയുടെ വിവാഹമഹോത്സവാഘോഷം അനുഭവിക്കുന്നതാണ് എന്റെ ആത്മാവിന്ന് സായുജ്യപദപ്രാപ്തി.

"തല്ക്കാലം സ്വാമിയുടെ ചിത്തത്തിന്ന് തോലന്റെ ദൂഷ്യനിമിത്തം വല്ല ക്ഷോഭവും സംഭവിച്ചേക്കുമെന്ന് ഭയന്നും, തല്ക്കാലത്തെ ലോകാപവാദം വിലവെക്കാനില്ലെന്ന് ബോധിപ്പിക്കാൻ ഉദ്ദേശിച്ചുമാണ് ഇങ്ങോട്ടു പോന്നത്. വസ്തുസ്ഥിതി ചോദിച്ചാൽ, സന്യാസിയൊരു ക്ഷത്രിയവീരൻ തന്നെയാണെന്ന് സൂക്ഷ്മദൃഷ്ടിക്ക് തെളിഞ്ഞുകണ്ടതായി പറയാം. എന്തായാലും ജാതകഫലപരിശോധനയിൽനിന്നും കുഞ്ഞിന്ന് ചക്രവൎത്തി സാൎവ്വഭൌമനാണ് ഭൎത്താവായിത്തീരാൻ പ്രമാണങ്ങളനുകൂലിച്ചിട്ടുള്ളതെന്നു കണ്ട തമ്പ്രാക്കളുടെ ജ്യോതിസ്സ മറിഞ്ഞുവരാൻ അനുമാനങ്ങളൊന്നുമനുവദിക്കുന്നില്ല; പക്ഷെ നമ്മുടെ ബുദ്ധിശക്തിബലത്താലും, പ്രത്യക്ഷപരീക്ഷണങ്ങളാലും പരമാൎത്ഥമറിയാറാകുന്നതുവരെ സ്വഭാവജന്യമായ ശാന്തിഗുണം സൎവ്വദാ സ്വീകരിച്ചുകൊള്ളുന്നത് സ്വാൎത്ഥസിദ്ധിക്കു സഹായമായിത്തീരുമെന്നാണ് ഈ സാധുവിന്റെ സിദ്ധാന്തം. എന്നാലിന്ന് മനുഷ്യജീവികളിൽ സാമാന്യമായിക്കാണുന്ന ചപലത, സ്വാമിയേക്കൂടി സ്വാധീനമാക്കിക്കഴിഞ്ഞിട്ടുണ്ടെന്ന് സഹജപൌരുഷത്തിനുള്ള വൈവൎണ്ണ്യം വെറുതേ വിനോദത്തിനായിട്ടല്ലെങ്കിലും വ്യസനാപനോദത്തിന്ന് വേണ്ടതാണെന്ന് എന്നോടുപദേശിക്കയാലിത്രയും പറഞ്ഞുപോയി. ക്ഷന്തവ്യമെന്ന് തോന്നുന്നാകിൽ എനിക്കു കൃതാൎത്ഥത സംഭവിച്ചതായി സധൈൎയ്യമറിയിച്ചുകൊള്ളാം.

ചേരൻ:—ഹേ ബ്രാഹ്മണോത്തമ! നിങ്ങളെന്തിന്ന് പരിഭ്രമിക്കുന്നു? എന്റെ മനസ്സ് സഹജപൌരുഷം പ്രാപിച്ചിട്ടുള്ളതാണെന്ന് പറയാൻ ഭാവമില്ല. തോലന്റെ എഴുത്തിലേതോതു, സ്ത്രീകൾക്കുള്ള സ്വാതന്ത്ര്യം ലോകാപവാദത്തിനും മററും കാരണമായി തീൎന്നേക്കാമെന്നല്ലാതെ സ്വനിശ്ചയബുദ്ധിയെ ശക്തിമത്തായി സമൎത്ഥിച്ചിട്ടുണ്ടെന്ന് പറയാനില്ല.

"പാണ്ഡ്യന്റെ വിജയം പരസ്യമായതോടുകൂടി കാമേശ്വരിയുടെ കല്യാണകാലവും എന്റെ സ്മൃതിപഥത്തിലേക്കെത്തിക്കഴിഞ്ഞു. ചോളൻ കാലേക്കൂട്ടി കായ്യംകാണാനായി കാമേശ്വരിയുടെ കാമുകപദപ്രാപ്തിക്കുള്ള പല കള്ളവഴികളും കണ്ടുകഴിഞ്ഞിട്ടുണ്ട്. ഇന്ന് ഹിമാലയംമുതൽ സേതുവരെയുള്ള സകല രാജകുമാരന്മാരും കാമേശ്വരിയുടെ കല്യാണകാലം കാത്ത്കാത്ത് ബ്രഹ്മചയ്യവ്രതം അനുഷ്ഠിച്ചുവരുന്നുണ്ടെന്നു ഞാനറിയും. കുഞ്ഞിനിപ്പോൾ പതിനേഴ്‌വയസ്സ് തികഞ്ഞതേയുള്ളൂ. ഗൌരിയുടെ വരപ്രസാദവും എന്റെ ഹൃത്തടത്തിൽ തെളിഞ്ഞു കളിയാടുന്നുണ്ട്. കാമേശ്വരി യതിവയ്യനെ കാമിച്ചിട്ടുണ്ടെന്നുള്ള കേൾവിക്ക് അടിസ്ഥാനമുണ്ടെന്ന് തോന്നുന്നില്ല.

"സന്ന്യാസി സവ്വസംഗപരിത്യാഗിയാണെന്ന് സവ്വസമ്മതമാണല്ലോ. സമത്ഥൻ സ്വാത്ഥസിദ്ധിക്കായിക്കൊണ്ട് സന്ന്യാസിവേഷം സ്വീകരിച്ചിരിക്കയാണെങ്കിൽ ചേരനാട്ടുകാരുടേയും എന്റേയും മനസ്സ് ഒന്നുപോലെ യതിപൂജനത്തിന് അന്ന് പ്രവേശിച്ചിരിക്കയില്ലെന്ന് തീത്ത്പറയാം.

"കൃത്രിമബുദ്ധിക്ക് പ്രവേശലേശവും അനുവദിച്ചിട്ടില്ലാത്ത മലനാട്ടുകാരുടെ ആർജവപ്രസക്തിയെ ബലപ്പെടുത്തി ബലാൽ കോമളാംഗിയെ പുഷിക്കയോ, പരമാത്ഥിയെ പരിഹസിക്കയോ പാടില്ലെന്ന് പണ്ഡിതചിത്തത്തിൽ പലപല പ്രമാണങ്ങളുംസ്ഫുരിച്ചു കാണാതെവരാൻ വഴിയില്ലല്ലോ. ചോലൻഅതുല്യനാണെങ്കിലും സജ്ജനമഹിമയെ സ്വന്തം ചോതിലിണക്കിക്കാണുന്നതു് കഷ്ടമായിപ്പോയെന്നല്ലാതെ കായ്യത്തിൽ കഥയുള്ളതായി കരുതാനില്ല. കാലം മറിഞ്ഞുവരുന്നതും, കാമുകന്മാരുടെ കൃത്രിമബുദ്ധിക്ക് കൌടില്യം കവിഞ്ഞുകാണുന്നതും സാധാരണ സ്ത്രീകൾ വേഷംകണ്ട് ഭ്രമിച്ച് വഞ്ചകന്മാരുടെ വലയിൽ കുടുങ്ങി വലയുന്നുണ്ടെന്നുള്ളതും വാസ്തവംതന്നെ. നമ്മുടെ മകൾക്ക് സാഹിത്യവും, ശാസ്ത്രപാഠവും സ്വഭാവഗുണത്തെ പരമപാവനമാക്കിത്തീക്കാൻ വേണ്ടുവോളം സഹായിക്കുന്നുണ്ടെന്ന് പലപ്രാവശ്യം പലപല വഴികളിലായി പരീക്ഷിച്ചറിഞ്ഞിട്ടുണ്ട്. ഞാൻ ഒന്നുകൊണ്ടും അവളെക്കുറിച്ച് പേടിക്കാനില്ലെ

ന്നാണ് പൂൎണ്ണമായി വിശ്വസിക്കുന്നതു്. പൌരോക്തിക്ക് ശക്തികൂടുമെന്ന് പിച്ചൻ പരുങ്ങേണ്ട. താനും അവളുടെ കല്യാണമഹോത്സവം കാണാതെ കുഴങ്ങേണ്ട. കഴിയുന്നതും വേഗത്തിൽ കുമരേശൻ കാമേശ്വരിക്ക് കാമുകനെ കാണിച്ചുകൊടുക്കുമെന്ന് കരുതിക്കൊള്ളു. ലോകജീവിതത്തിൽ മനുഷ്യപ്രകൃതിക്ക് മററുള്ള ജീവികളേക്കാൾ മാഹാത്മ്യമേറുമെന്ന് അഭിമാനിക്കാമെങ്കിലും, ദൈവസങ്കല്പമറിഞ്ഞു് പ്രവൎത്തിക്കാനുള്ളയോഗം ജന്മാന്തരസുകൃതവിശേഷംകൊണ്ടു് ഉണ്ടാകുമെന്നല്ലാതെ സ്വേച്ഛാധീനമാണെന്ന് ഒരിക്കലും ആൎക്കും പറയാൻ സാധിക്കുകയില്ല. ആരറിഞ്ഞു വിധിമതം; മനംപോലെ മങ്ഗല്യം എന്നാണല്ലോ വൃദ്ധസിദ്ധാന്തം. നമുക്കൊന്നിനുമധികാരമില്ലെന്ന് മൌനം ദീക്ഷിക്കുന്നതു് വിശേഷബുദ്ധിയുടെ മഹത്വത്തിന്ന് മഹത്തരമായ ഹാനിയേ സംഭവിപ്പിക്കുമെന്ന് സ്മരിച്ചുകൊള്ളുന്നതിന്ന് മഹാന്മാരുടെ പ്രവൃത്തികളും, സദുപദേശങ്ങളും സാക്ഷീഭവിക്കുന്നു. ഞാൻ സങ്കടപ്പെട്ടുമെന്ന് സംശയിച്ചുപോയതിൽ സ്വതസ്സിദ്ധമായ ബ്രാഹ്മണജാതിസ്വഭാവത്തെ ശ്ലാഘിക്കാതിരിപ്പാൻ മനസ്സു സമ്മതിക്കുന്നില്ല. ഈശ്വരൻ സൎവ്വും ശോഭനമാക്കിവെക്കാൻ നമ്മുടെ പ്രാൎത്ഥനകളെല്ലാം നിൎവ്യാജഭക്തിപൂൎവ്വകങ്ങളായിരിക്കണമെന്നുമാത്രം മനസ്സിലാക്കിക്കൊള്ളുന്നതു് മനുഷ്യജന്മത്തിന്ന് അത്യാവശ്യമാണ്.

പിച്ചൻ:— (പ്രസന്നവദനനായി) പ്രഭോ! ഞാൻ കൃതാൎത്ഥനായിത്തീൎന്നിരിക്കുന്നു. ഭഗവാൻ കുമരേശൻ കാമേശ്വരിയെ കടാക്ഷിച്ചുകഴിഞ്ഞിരിക്കണം. അനന്തരകരണീയമെന്താണെന്ന് കല്പിച്ചാലതുപോലെ പ്രവൎത്തിക്കാമെന്ന് വിചാരിക്കുന്നു.

ചേരൻ:—നമുക്കിന്ന് മീനാക്ഷിക്ഷേത്രത്തിലേക്ക് ദൎശനത്തിന്ന് പോകണം. സോമവാരവ്രതാനുഷ്ഠാനം കാമേശ്വരി സങ്കല്പിച്ചിരിക്കുന്നു. അവൾക്ക് അനുരൂപനായ വരനെ അനുഗ്രഹിക്കാനായി, ദേവതാൎച്ചനകൾ ഞാൻ നടത്തിവരികയാണ്. യാത്രക്ക് അകമ്പടികളൊന്നും ആവശ്യമില്ല. നിങ്ങളുംകൂടി യാത്രാസമയത്തിൽ എത്തിയാൽ കൊള്ളാം.

പിച്ചൻ:—(വിസ്മയനീയമായ ചില ആംഗ്യങ്ങൾ അഭിനയിച്ചുകൊണ്ടു്) "അംബികേ! ജഗദംബികേ! ആരു ഇങ്ങനെ പ്രായം" പിച്ചൻ ദൈവഭക്തനാണെന്നു് പാരിലെങ്ങും പ്രസിദ്ധമാണല്ലോ. മീനാക്ഷിയുടെ മാഹാത്മ്യം വാചാമഗോചരമാണെന്നുള്ളതു് നിർവിവാദമായ സംഗതിയാണു്. എന്റെ ജന്മവും സുകൃതവിശേഷംകൊണ്ടു് സിദ്ധിച്ചിട്ടുള്ളതാണു്; യാതൊരു സംശയവും ഇല്ല. പുരദ്വാരത്തിൽ ആരോ നമ്മെ കാത്തുനിൽക്കുന്നുണ്ടെന്നു് തോന്നുന്നു.

ചേരൻ:—അവിടെ നിൽക്കുന്നതു് ആരാണു്? എന്നു ചോദ്യം തുടങ്ങിയപ്പോൾ വികൃതവേഷധാരിയായ ഒരു പ്രാകൃത മനുഷ്യരൂപം പുരോഭാഗത്തിൽ വിനീതമായി നിൽക്കുന്നതുകണ്ടു് അല്പമൊന്നു് സംശയിച്ചു് സൂക്ഷിച്ചുനോക്കി; എങ്കിലും വീണ്ടും പൌരുഷത്തോടുകൂടി "താനാരെടൊ? എവിടെനിന്നാണു്? എന്താണു് സാദ്ധ്യം?"

പ്രാകൃതൻ:—തിരുമേനീ, ഞാൻ മലനാട്ടുകാരനാകുന്നു. പെരുമാൾ തിരുമേനികളുടെ കല്പനപ്രകാരം ഇങ്ങോട്ടു വിടകൊണ്ടതാണു്. കാര്യം ഒക്കെ ഓലയിൽ കാണാം.

ചേരൻ:—ഓലയെടുക്കു, കാണട്ടെ.

പ്രാകൃതൻ മലയാളാചാരത്തിനു് സ്വല്പവും വ്യത്യാസം വരുത്താതെ വന്ദിച്ചുതൊഴുതുനിന്നു് ഓലയെടുത്തു് ചേരനാഥന്റെ തൃക്കൈയ്യിൽ കൊടുത്തു. എന്നാൽ ചേരൻ തനിക്കു പെരുമാളിനോടുള്ള ബഹുമാനാദരങ്ങളാൽ അതു വാങ്ങി സ്വന്തം കണ്ണുകളോടു യോജിപ്പിച്ചു. പിന്നെ ഓലച്ചുരുൾശരിപ്പെടുത്തി വായിക്കയായി.

പിച്ചൻ:—ബലേ ഭേഷ്! വളരെ നന്നായി ആ മഹാനുഭാവന്റെ മഹിമ കേരളവാസികളായ നമുക്കല്ലയോ അനുഭവിക്കാൻ ശ്രീ പരശുരാമൻ പ്രസാദിച്ചിട്ടുള്ളതു്. "നമ്മുടെ ഭാഗ്യമാണു് ഭാഗ്യം". അടിയന്തിരസഭക്കു് ആലോചനയൊന്നും കൂടാതെ ഇന്നുതന്നെ നമുക്കു് പോകണം. വെളുപ്പിനു് യാത്രക്കു് സമയം കൊള്ളാം.

DEPARTMENTAL LIBRARIES
14 MAR 1950

ചേരൻ:—ഇതെന്തൊരു അവിചാരിതസംഭവമാണ്! പാണ്ടിയിലെ ജനങ്ങൾ എൻെറ പട്ടാഭിഷേകത്തിന് ധൃതി വെക്കുന്നു. മലനാട്ടുകാരെ കുറികളയച്ച് ഇങ്ങു വിളിപ്പിക്കണമെന്നാണ് വിചാരിച്ചിരുന്നത്. കോലനുദയവർമ്മൻെറ വിജയവും, പടമലനായരുടെ കോവിലകത്തെ കാര്യക്കാരന്മാരുടെ കാരണവസ്ഥാനവും, ചേരപ്പടയുടെ ബലപൌരുഷവും, വളരെ നന്നായിപ്പറഞ്ഞിരിക്കുന്നു. എനിക്ക് ബ്രാഹ്മണസഭക്ക് പോയാൽ കൊള്ളാമെന്ന് മോഹമുണ്ട്. ഇപ്പോൾ പാണ്ടിഭൂമിയെ അനാഥയാക്കി വിട്ടേച്ച് പോയാലോ? പഴയ ശത്രുക്കളുടെ ആക്രമണത്തിന് ബലം വർദ്ധിച്ചുതുടങ്ങും. പിച്ചൻെറ കൂട്ടില്ലാതെ എനിക്കൊററക്കു പോകാൻ മനസ്സുവരുന്നില്ല. ചോളൻ ശത്രുവല്ലെങ്കിലും നമ്മോടു പാണ്ടിയിൽ പാതിയും, കാമേശ്വരിയും, തനിക്കു വേണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. അവൻെറ ചിത്തവൃത്തികൾ അത്ര നന്നല്ല. എന്നാൽ പാണ്ടിക്കാർ ചോളനെ ഒരിക്കലും സ്നേഹിക്കയില്ലെന്ന് എനിക്കു വിശ്വാസമുണ്ട്. ചോളവും പാണ്ടിയും തമ്മിലെപ്പോഴും കലഹം കൊണ്ട് കാലം കഴിക്കയാണല്ലോ. തല്ക്കാലത്തേക്കുമാത്രമാണെന്ന് കരുതി ചോളനെ പാണ്ടിരാജ്യം ഭരിക്കാൻ അനുവദിച്ചുകൊടുത്താൽ അവൻ ചേരരാജ്യവും കൂടി മുടിക്കാൻ വഴിനോക്കുമെന്ന് നിശ്ചയമായും വിചാരിക്കാം. കാമേശ്വരിയെ കല്യാണം കഴിപ്പിച്ചുതരണമെന്നാവശ്യപ്പെടുന്നതിന് സ്വല്പവും അവനു മടി തോന്നിയില്ല. വയസ്സും രൂപവും വിലക്ക് വാങ്ങിച്ച് കൊടുത്തണിയിച്ചാൽ പുരുഷത്വമുണ്ടെന്നു സംശയിക്കാൻ കഴിയും. കാമേശ്വരിയുടെ കാന്തനായിത്തീരാനുള്ള യോഗം രാജകുമാരന്മാൎക്കല്ലയോ വിധി കല്പിച്ചിരിക്കേണ്ടതു്. വയസ്സു ചെന്നാലും വേളികളസംഖ്യമിരുന്നാലും കാമഭ്രാന്തന്മാൎക്ക് കണ്ടതും കേട്ടതും നമുക്കു സ്വന്തമെന്ന് വിചാരിക്കുന്നതു് സ്വഭാവമാണ്. എനിക്കു അതിനു തീരെ സമ്മതമില്ല. തോലനെ ഇങ്ങു വിളിപ്പിച്ച് ഭരണമേല്പിച്ചാലും അപാകതക്കു് വഴി

യില്ലെന്നാണ് തോന്നുന്നതു്. പിച്ചൻ, ഞാൻ എന്താണ് ചെയ്യേണ്ടതു്?

പിച്ചൻ: -ചോളൻ പണ്ടേ ചതിയനും, ദുരാഗ്രഹിയും, വിടനുമാണെന്നു് കേട്ടിട്ടുണ്ടു്. പക്ഷെ അവൻ ചേരനാഥനെ പേടിയ്ക്കയാലാണ് അടുത്തുകൂടി ആശ്രയബലമുറപ്പിക്കാനും, കാമേശ്വരിയെ കല്യാണം കഴിച്ചുകൊള്ളാനും താല്പര്യപ്പെടുന്നതു്. തോലൻെറ ഭരണമായാലും ദോഷമില്ല. നാം ഒരുവിധമെല്ലാം ഏൎപ്പാടുകൾ ചെയ്തിട്ടുണ്ടു്. അടിയന്തിരസഭക്ക് പോകേണ്ടതു് അത്യാവശ്യമാണ്. പെരുമാളുടെ പെരുമയ്ക്കു് അളവില്ലെന്നുള്ളതു് ലോകൎക്കെല്ലാമറിയാവുന്നതുമാണ്.

ചേരൻ:—എന്നാൽ തോലനെ ഇങ്ങോട്ടുവിളിപ്പിക്കാനാരുണ്ടു്? ചോളനെ വിവരമറിയിച്ചാൽ ഇപ്പോൾതന്നെ വഴക്കുകൾ തുടങ്ങും. കേരളസഭക്ക് പോകാനും സാധിക്കാതെ വരും. എനിക്കൊന്നും ശരിയായിട്ടു തോന്നുന്നില്ല.

പിച്ചൻ:—അങ്ങനെ ഭയന്നാലോ? സമയോചിതംപോലെ ചിന്തിച്ചു് അതിനു വേണ്ട ഏൎപ്പാടുകൾ ചെയ്യേണ്ടതു് അത്യാവശ്യമാണ്; അല്ലെങ്കിൽ പല അപകടങ്ങൾ സംഭവിക്കുമെന്നതിന് സംശയിക്കാനുണ്ടോ? നമ്മുടെ ചേരപ്പട മുഴവൻ ഇവിടെത്താമസിക്കട്ടെ. തോലനെ ഭരണമേല്പിക്കാം. പിന്നീട് നമുക്ക് അയന്തിരസഭയ്ക്കു് തിരിയ്ക്കാം. ചേരനാട്ടിലേക്ക് പറഞ്ഞയക്കുന്നതിന് സമീപത്തെങ്ങും പഴയ ഭൃത്യന്മാരിലാരും തന്നെ ഇല്ലെന്നാണ് തോന്നുന്നതു്. എന്നാൽ ഇപ്പോൾ നമ്മുടെ അടുത്തു നിൽക്കുന്ന മലനാട്ടുകാരനായ പ്രാകൃതനെ ചേരനാട്ടിലേക്കു് ദൂതയക്കുന്നതു് കൊണ്ടു് ദോഷമൊന്നും വരാനില്ല. അങ്ങനെയാണെങ്കിൽ പാണ്ടിയിലെ ഭരണവും, പെരുമാളുടെ ആഗ്രഹവും ശരിപ്പെടുത്താം എന്നാണ് എൻെറ അഭിപ്രായം.''

ചേരൻ:—പിച്ചൻെറ ബുദ്ധിക്ക് കാൎയ്യത്തിൽ ഗൌരവംകൂടും. എന്നാലങ്ങനെതന്നെ.

പിച്ചൻ:—അതുകൊള്ളാം. എനിക്ക പൂൎണ്ണസമ്മതമായി. ചേരനാട്ട ഭരിക്കാൻ ആളില്ലെന്ന് വരുമോ?

ചേരൻ:—ഓഹോ, ഞാൻ അതു മറന്നു. നമ്മുടെ പടമലയും നാട്ടിലില്ല. ഏറാടിക്കിടാങ്ങളും കാശി യാത്രക്ക് പുറപ്പെട്ടുകഴിഞ്ഞിരിക്കുന്നു.'' സംശയഗ്രസ്തനായി കുറേനേരം മൌനം ദിക്ഷിച്ചിരുന്നിട്ട്, അല്പം ആശ്വസിച്ച മട്ടിൽ ദീർശ്വാസം വിട്ടു. പിന്നീട്, "സന്യാസിയെ ചേരരാജ്യഭരണം ഏല്പിച്ചിട്ട് തോലനെ ഇങ്ങോട്ടു വരാൻ പറഞ്ഞാലെന്താണു കുറവുള്ളതു്? താനൊന്നു നല്ലവണ്ണം ആലോചിച്ചുനോക്കു.

പിച്ചൻ:—പണ്ടേ പൌരന്മാരും, കരനാഥന്മാരും ചേരപ്പടയും സന്യാസിയെ വെറുക്കുന്നു. നമുക്ക് അപവാദത്തിന്ന് സന്യാസിയെയാണ് കോളു കണ്ടിട്ടുള്ളതു. അതത്ര സമ്മതമാമോ എന്ന് സംശയിക്കുന്നു.

ചേരൻ:—പിന്നെ നാം എന്തുചെയ്യും? സന്യാസിയുടെ ഭരണം തല്ക്കാലത്തേക്ക് അവൎക്ക് അസഹ്യമായിത്തോന്നിയാലും, അല്പസമയംകൊണ്ട് ബുദ്ധിമാനായ സന്യാസി അവരെ സ്വാധീനപ്പെടുത്തിക്കൊള്ളും എന്നതിന് സംശയമില്ല. തോലനും സന്യാസിയെ സംശയിച്ചിരിക്കയാൽ ചേരരാജ്യഭരണം സന്യാസിക്ക് യോജിച്ചതല്ലെന്ന് ശഠിച്ച് എന്റെ കല്പനയെക്കൂടി അവൻ നിഷേധിക്കയില്ലയോ എന്ന് ശങ്കിക്കുന്നു. എന്നാൽ തോലന് കൊടുത്തയക്കുന്ന കുറിയിൽ കാൎയ്യവിവരമൊന്നും കാണിക്കാതെ "രാജ്ഞിയെ ഭരണമേല്പിച്ചിട്ട് ഉടനിങ്ങോട്ടുവരണം" എന്നു കല്പിച്ചാലൊ?

പിച്ചൻ:—സ്ത്രീകളുടെ ഭരണം കേരളദേശത്തിൽ ഇനിമേൽ വന്നേക്കാമെന്നല്ലാതെ, ഇതിനുമുമ്പിൽ നടപ്പില്ലല്ലോ. അതു് വലിയമ്മച്ചി സമ്മതിക്കുമോ?

ചേരൻ:—താനൊരു ഭ്രാന്തനാണ്. പുരാണകാലംതുടങ്ങി കേരളത്തിൽ സ്ത്രീനായകത്വത്തിന് പ്രധാന്യം കല്പിച്ചിട്ടുള്ള

തായി "ശ്രീരാമസ്വാമിയുടെ വനയാത്രാവസരത്തിലും, അജ്ജുനന്റെ തീൎത്ഥാടനപ്രസ്ഥാനത്തിലും, "കേരളം സ്ത്രീരാജ്യം ആണു്" എന്നു സയുക്തികമുപവാദിച്ചിട്ടുള്ളതു് ഓൎമ്മിക്കുന്നില്ലയോ ? അതിനെക്കുറിച്ചു് സംശയിക്കാനൊന്നുമില്ല. കാമേശ്വരി അതിബുദ്ധിശാലിനിയാണു്. അവൾ സമയോചിതമായ ചില യുക്തിവാദങ്ങളാൽ അമ്മയെപ്പറഞ്ഞു സമ്മതിപ്പിക്കുമെന്നു് എനിക്കു് വിശ്വാസം ഉണ്ടു്. അവരെ നാട്ടുഭടന്മാരും, പൌരജനങ്ങളും, കരപ്രധാനികളും അനുകൂലിച്ചു് വൎത്തിക്കുമെന്നതും വിശ്വസിക്കാവുന്നതാണു്.

പിച്ചൻ:—അപ്പോൾ ചേരനാട്ടിൽ വല്ല ശത്രുക്കളും കരവഴിക്കൊ' കടൽവഴിക്കൊ മുന്നറിവു കൂടാതെ ചെന്നു് ആക്രമണം തുടങ്ങിയാൽ അവർ എന്തുചെയ്യുമെന്നാണു് പിന്നീടു് തോന്നുന്ന സന്ദേഹം.

ചേരൻ:—എനിക്കു് ശത്രുക്കളാരുമില്ലെന്നു് അറിയാം. പാണ്ഡ്യനും, വിക്രമകേസരിയും, ദുഷ്ടന്മാരായ ചില ഭടന്മാരും കാരാഗൃഹവാസം കൊണ്ടു് പുറത്തിറങ്ങി പോരു തുടങ്ങാൻ പണിപ്പെട്ടുമെന്നു് സംശയിക്കാനില്ല. തോലന്റെ ഭരണത്തിൽ പാണ്ടിഭൂമണ്ഡലവാസികൾ എന്നെ സ്നേഹിച്ചു് വഴക്കിനു് വഴിതേടുകയില്ലെന്നു് നിശ്ചയമായും പറയാവുന്നതാണു്. പക്ഷെ നാടുവിട്ടു് ഒളിച്ചോടിപ്പോയിട്ടുള്ള രാജസിംഹൻ ജീവിച്ചിരിക്കുന്നെങ്കിൽ, സ്വപിതാവിനെയും രാജ്യത്തേയും സംരക്ഷിക്കാനായി പാഞ്ഞെത്താം. അവൻ എവിടെയാണെന്നും, എങ്ങനെ ജീവിക്കുന്നുവെന്നും ആൎക്കുമൊരു രൂപവുമില്ല. ഇങ്ങനെ നാം സംശയിച്ചു തുടങ്ങിയാൽ അവസാനം കാണുന്നതു് വലിയ പ്രയാസമായി വരും.

പിച്ചൻ:—ഇതൊക്കെ എങ്ങനെയെങ്കിലും നമുക്കു ഒരു വിധം ശരിപ്പെടുത്താം. ചോളന്റെ കോളു് തെററിയിട്ടില്ലയോ എന്നു് സന്ദേഹം ജനിച്ചിട്ടുണ്ടു്. അവന്റെ ദുരാഗ്രഹവും

എൻെറ സ്വപ്നത്തെ ദൃഢപ്പെടുത്തുന്നതുപോലെ തെളിഞ്ഞു കാണുന്നു.

ചേരൻ:—എന്നാലെന്തു്? നാം തിരുവഞ്ചിക്കുളത്തുതന്നെ താമസം ഉറപ്പിക്കാൻ നിശ്ചയിച്ചിരിക്കയാണോ? പെരുമാളുടെ ആഗ്രഹം സാധിപ്പിച്ചുകൊണ്ടു് പെട്ടെന്നു് ചേരരാജ്യത്തിലെത്തണം. അതിനകം ശത്രുപ്പടയുടെ പുറപ്പാടുണ്ടെന്നു കണ്ടാൽ തൽക്ഷണം ചേരരാജ്യരക്ഷണത്തിനെത്തുകയും ചെയ്യാം. അതുതന്നെയാണു് വേണ്ടതു്. കുമരേശൻ നമുക്കു് തുണയുണ്ടല്ലോ.

പിച്ചൻ:—പിന്നെ അങ്ങനെയാവാം. എല്ലാം വിധിവിഹിതം പോലെ സംഭവിക്കട്ടേ. ദേവതാരാധനത്തിനു് വേണ്ടുന്ന ഏപ്പാടുകൾ ചെയ്തുകൊള്ളണം.

പിന്നീടു് ചേരനാഥൻ, പാണ്ടിദേശത്തുള്ള പ്രധാന ഉദ്യോഗസ്ഥന്മാരെ വിളിച്ചു വരുത്തി വഴിപോലെ സ്വാഭിപ്രായമെല്ലാം പറഞ്ഞു മനസ്സിലാക്കി. പട്ടാഭിഷേകസമയം മാററിവെപ്പിച്ചു. തോലൻ പാണ്ടിക്കു് വന്നുചേരുന്നതുവരെ ഉദ്യോഗസ്ഥന്മാരുടെ ഭരണത്തിൽ പാണ്ടിയെ ഏല്പിക്കാൻ തീച്ചയാക്കി. പെരുമാളുടെ ദൂതനോടു് സ്വന്തം കൈയ്യക്ഷരത്തിലെഴുത്തെഴുതി തോലനെ ഏല്പിക്കാൻ കൊടുത്തയച്ചു.

അന്നു് ഉഷസ്സിൽ തന്നെ അടിയന്തിരസഭക്കു് പിച്ചൻ ശ്രോത്രിയരോടുകൂടി, ആനമലയിടുക്കുവഴി മലനാട്ടിലേക്കു് ചേരൻ യാത്രയും അരംഭിച്ചു. ദൈവാധീനതതാൽ യാതൊരു തരത്തിലുള്ള അപകടമോ, വിപരീതസംഭവമോ യാത്രയിൽ സംഭവിച്ചില്ലെന്നു വന്നതിൽ വിസ്മയിക്കാനൊന്നുമില്ല. ചേരൻെറ ദൈവവിശ്വാസത്തിൻെറ മഹിമയും, ഭരണതന്ത്രത്തിൻെറ വൈശിഷ്ട്യവും ജനരഞ്ജനയുടെ മഹത്വവും കൊണ്ടു് സവ്വവും മംഗളമായി അവസാനിച്ചു.

അനന്തരം അവർ സങ്കേതമനുസരിച്ചു് ചേരൻ തിരുവഞ്ചിക്കുളത്തും, തോലൻ മധുരാപുരിയിലും ദിനാന്തത്തിനുമു

മ്പു എത്തിക്കഴിഞ്ഞു. മധുരാവാസികളുംതോലനെ സൽക്കരിച്ചും, ചേരനെപ്പോലെ ഭാവിച്ചും സുഖികളായിപ്പാൎത്തു.

ചേരൻ ചെന്ന ദിവസം അടിയന്തിരസഭയുടെ അവസാനയോഗമായിരിക്കയാൽഅവിടെ സന്നിഹിതരായിരുന്നവരെല്ലാം ആനന്ദസാഗരത്തിൽ മുങ്ങിക്കളിച്ചും, പാണ്ടി വിജയംകൊണ്ടുണ്ടായ വിജയലക്ഷ്മിയെ വണങ്ങിയും ചേരന് സൎവമംഗളങ്ങളും അനുഗ്രഹിച്ചുകൊടുത്തു.

അങ്ങനെ ചേരഭൂപൻ മൂന്നുദിവസം പെരുമാളോടുകൂടി പ്പാൎക്കുകയായിരുന്നു. അപ്പോൾ പടമലനായരുടെ പേരിൽ പറഞ്ഞു കേൾപ്പിച്ചുവിട്ട "പെരുമാളിൻെറ ഭാൎയ്യയെ പടമല സ്വാധീനമാക്കാൻ പണിപ്പെട്ടു" എന്ന ലോകാപവാദവും, ചോളൻ കോപാവേശം കൊണ്ടു് കരവഴിക്കും കടൽവഴിക്കും ചതുരംഗപ്പടകളെ രണ്ടു കൈവഴികളായി പിരിച്ചു് കരവഴിയായി മധുരാപുരിക്കും, കപ്പൽവഴി ചേരനാട്ടിലേക്കും പുറപ്പെട്ടിട്ടുണ്ടെന്നുള്ള വൃത്താന്തവും സ്വന്തം ഗൂഢചാരന്മാർ വഴി അറിയാനിടയായി.

ചേരൻ ചിന്താസാഗരത്തിരയ്ക്കുള്ളിലടിഞ്ഞു. ഇതികൎത്തവ്യതാമൂഢനായിത്തീൎന്നെങ്കിലും ദൈവസഹായവും, പെരുമാളിൻെറ അനുഗ്രഹവും, പിച്ചൻ ശ്രോത്രിയുടെ സമാധാനവാക്കുകളും കൊണ്ടു് നായൎപ്പടയേയും, തുളുനാടൻപടയേയും, ഉൾനാടൻപടയോടു യോജിപ്പിച്ചു് കോലൻ ഉദയവൎമ്മൻെറ നേതൃത്വത്തിൽ മധുരാപുരിക്കു് തോലനെ സഹായിക്കാൻ പറഞ്ഞയച്ചു. പെരുമാളുടെ ഭാൎയ്യയുടെ നിൎബന്ധപ്രകാരം പടമലയുടെ കുററമന്വേഷിച്ചു് തീൎച്ചയാക്കാൻ,പെരുമാളെയും ആഴവാഞ്ചേരി തമ്പ്രാക്കൾ തുടങ്ങിയ മാന്യന്മാരെയും ചേരനാട്ടിലേക്കു് വരാൻ ഏൎപ്പാടുകൾ ചെയ്തിട്ടു് സ്വയം നാട്ടിലുള്ളനായൎപ്പടകളിലേതാനും ഭടന്മാരെയും കൊണ്ടു് കൽക്കുളത്തേക്കും പുറപ്പെട്ടു. എന്നാൽ ചേരൻെറ വഴിയാത്രയെ അവിചാരിതമായ സംഭവങ്ങളോരോന്നും അനുവേലം അനുമോദിച്ചു് കൊണ്ടിരുന്നു എന്നു പറയാതിരിക്കാൻ നിവൃത്തിയില്ല.

---

## അദ്ധ്യായം ൩൦.

ഒരു മഹനീയമായ പരിണാമം.

"അംബ! ചേരൻെറ ശൌൎയ്യം കഠിനംതന്നെ. വാക്കിനുള്ളനയം നാണയത്തിനു വിലക്കൂട്ടുന്നു, നോക്കുകൊണ്ടു ലോകമെല്ലാം സുസുലഭം സ്വാധീനമാക്കിത്തീൎക്കാമെന്നാക്കുന്നു. പ്രവൃത്തികളോരോന്നും സ്വയംകാൎയ്യസിദ്ധിയെ സൂക്ഷ്മമായി സംഗ്രഹിച്ചുകൊള്ളുന്നതിന് വ്യാപരിച്ചിരിക്കുന്നു. മനസ്സിൻെറ മാനവും മഹിമയും ലോകപ്രമാണത്തിൽ സൎവ്വസമ്മതത്വം സ്വന്തമാക്കിക്കൊള്ളുന്നതിന് പൎയ്യാപ്തമായിരിക്കുന്നു. ഞാൻ വഞ്ചിനാട്ടുകാരെ വഞ്ചകന്മാരെന്ന് നെഞ്ചിലോൎത്തിരുന്നില്ല. ചോളൻെറ ചൊല്ലുകൊണ്ടല്ലയൊ കേരളൻ പാണ്ടിയിൽ ചാടിവീണതു്? പരാന്തകൻെറ പരാഭവം ബ്രഹ്മപദപ്രാപ്തിക്കുള്ള ശോഭനവിഭവമാണെന്നു വിശ്വസിച്ചുകൊള്ളട്ടെ!

ചേരൻ എന്നെ ഒന്നുകൊണ്ടും ബഹുമാനിക്കാതെയിരിക്കാൻന്യായമില്ല. പാണ്ടിയിൽ പാതിയും സുന്ദരിയായ കാമേശ്വരിയും നമുക്ക് സ്വാധീനമാകണമെന്നുമാത്രമെഎൻെറ സംഭാഷണത്തിൽ സമൎത്ഥിച്ചിട്ടുള്ളൂ. സമയോചിതം പോലെ സൎവ്വത്തിനും സമാധാനങ്ങൾ പറഞ്ഞതല്ലാതെ സ്വാഭിപ്രായമെന്തെന്ന് തുറന്നു പറഞ്ഞില്ല. തോലനെ പാണ്ടിയിലരചനാക്കിവെക്കാനാണ് ഭാവം. ചേരനാട്ട് ഭരിക്കാൻ സ്വഭാൎയ്യയെ ചുമതലപ്പെട്ടുത്താൻ പോകുന്നുപോലും. സ്വകാൎയ്യസിദ്ധിയെ ഉദ്ദേശിച്ചു പെരുമാളോടിണങ്ങി, പരശുരാമക്ഷേത്രവും പാണ്ടിയുമൊന്നിച്ചിണക്കി സ്വയംഭരണത്തിനു ഭാവിച്ചിരിക്കയാണെന്നു തെളിഞ്ഞു കാണുന്നു. ഇപ്പോൾ ചേരൻ മലനാട്ടിലേക്കു യാത്ര പുറപ്പെട്ടിരിക്കയാണ്. ആ പിച്ചൻെറ പേച്ചുകൾ എനിക്കു തീരെ പിടിച്ചില്ല. ചോളദേശാധീശൻെറ സേനാവ്യൂഹചാതുരിയും സമര പാടവവും സേനാനിയെപ്പോലും സന്തോഷിപ്പിക്കുന്നുണ്ടെന്നു സമസ്തലോകനാഥന്മാരും സമ്മതിച്ചിട്ടുള്ള സംഗതിയാണെല്ലോ ഞാനെന്തിനു സംശയിക്കുന്നു?

ചല്ലൂക്യരുടെ സഹായ സഹകരണങ്ങൾ നമുക്കു പരിപൂർണ്ണമായിട്ടുള്ള കാലത്തോളം കേരളവീരന്മാരെയൊ, ചേരനേയോ പേടിച്ചിട്ടാവശ്യമില്ലെന്നുള്ളതു് സ്വയം അറിഞ്ഞിട്ടുള്ളതാണു്. ചാലൂക്യനാഥനായ സുഭാനുവിക്രമൻ സ്വഭാവംകൊണ്ടും, സ്നേഹംകൊണ്ടും, സ്വതസ്സിദ്ധമായ ധീരതകൊണ്ടും എനിക്കു വേണ്ടി സ്വജീവനെപ്പോലും ഉപേക്ഷിക്കാൻ മടിക്കയില്ലെന്നുള്ളതു് നിശ്ചയംതന്നെ. നാം അവനോടു് പണ്ടേ ചേരൻെറ ആക്രമണസ്വഭാവത്തെ മനസ്സിലാക്കിക്കഴിഞ്ഞിരിക്കയാൽ കടൽ യുദ്ധത്തിലതി പ്രസിദ്ധന്മാരായ കോവുണ്ണിച്ചൻ, ശോമാചിത്തൻ, ചടപ്പണ്ടാരം, അമീർറാവുത്തരെന്നിവരോടുകൂടി കപ്പൽ സൈന്യങ്ങളെ കടൽ വഴിക്കു് കുളച്ചൽ തുറമുഖത്തിലേക്കു് എത്തിച്ചുതരാനും, ചതുരംഗപ്പടകളെയെല്ലാം ചാത്തനാരുടെ നേതൃത്വത്തിൽ കാഞ്ചീപുരത്തിലേക്കയക്കാനും ആവശ്യപ്പെടാം. എൻെറ അപേക്ഷയനുസരിച്ചു് അവരും അതാതു സ്ഥലങ്ങളിൽ വന്നു ചേരും. ചോളപ്പടകളെ സ്വന്തംവരുതിയിൽ നയിപ്പിച്ചുകൊണ്ടു് മലമ്പാതവഴി ചിത്രകൂടഗിരിക്കു സമീപത്തെത്തി വേണാടുമുഴുവനും വളഞ്ഞു പിടിക്കണം. ഇപ്പോൾ ചേരനാടു് ഭരിക്കുന്നതു് ചേരൻെറ ഭാൎയ്യയാണെല്ലോ. സംശയംകൂടാതെ ചേരപ്പടകളെ മുഴുവനും പോരിൽ കൊന്നൊടുക്കാൻ എളുപ്പം കഴിയും. പോൎക്കളത്തിൽ സ്ത്രീക്കു് ഒരിക്കലും പ്രവേശം സംഭവിക്കുന്നതല്ല. തോലൻ വേണാട്ടുകാരെ സഹായിക്കാനായി പുറപ്പെടുമ്പോൾ പാണ്ടിയെ സ്വന്തമാക്കണം. ചേരനുംമലനാട്ടുനായന്മാരും വേണാട്ടു വന്നുചേരുന്നതിനു് മുമ്പു വഴിചെറുത്തു് അവരെ വധിക്കയും വേണം. എന്നിങ്ങനെയുള്ള ദീർഘവിചാരങ്ങളുടെ ശക്തി വൈശിഷ്ട്യത്തെ സ്വയംശ്ലാഘിച്ചുംകൊണ്ടു് ചാലൂക്യനോടു് സഹായത്തിനപേക്ഷിച്ചു.

അനന്തരംകൃത്യസമയത്തിനുള്ളിൽ ചാലൂക്യസൈന്യങ്ങളെല്ലാം സങ്കേതസ്ഥാനങ്ങളിലേയ്ക്കു് യഥാവിധി ചെന്നുകഴിഞ്ഞു. ചോളനും സ്വന്തംചതുരപ്പടകളോടുകൂടി പോരിനു പുറപ്പെട്ടു. രാമരാവണയുദ്ധമോ,ബാലിസുഗ്രീവ സമരമോ, ഭീമഹിഡിംബസമിതിയോ സംശയംകൂടാതെ കണ്ടിട്ടുള്ളവരുണ്ടെങ്കിൽ അവർ

പോലും വിസ്മയിക്കത്തക്കവണ്ണം ജനസംഘവും, ദേവാസുരസംഘങ്ങളും, ജീവിവൎഗ്ഗങ്ങളും, ചേരചോളയുദ്ധസമീക്ഷണത്തിന്ന് സോത്സാഹം പുറപ്പെട്ടിരുന്നു. അതിനകം ചേരന്റെ കല്പനപ്രകാരം മലനാട്ടുപടകളും. ഉൾനാടന്മാരും കോലൻ ഉദയവൎമ്മന്റെ നോട്ടത്തിൽ തുളുനാടന്മാരോടുകൂടി തോലനെ സഹായിക്കാൻ മധുരയിൽ എത്തിക്കഴിഞ്ഞിരുന്നു. തോലൻ ചോളന്റെ ദുസ്സാമൎത്ഥ്യമോൎത്ത് പ്രളയകാലരുദ്രനെപ്പോലെ കലികൊണ്ടു നിന്നു. കോലനുദയനും തുളുനാടൻ തുടങ്ങിയവരും തുണയ്ക്കണഞ്ഞു. പാണ്ടിപ്പടയുമൊന്നിച്ച് ചേൎന്നു നിരന്നു.

ശിവഗിരിദേശം ശിവനൎത്തനത്തിനുള്ള ശ്മശാനപ്രദേശം പോലെ ഭയങ്കരമായി പ്രശോഭിച്ചുതുടങ്ങി. ചോളൻ സ്വന്തം കരബലത്തേയും ചാലൂക്യഭടന്മാരുടെ സമര വൈദഗ്ദ്ധ്യവാൎത്തയേയും സശ്രദ്ധം സ്മരിച്ചുകൊണ്ട് രണാങ്കണചംക്രമണം ചെയ്കയായിരുന്നു; എങ്കിലും ചേരന്റെ സ്വാൎത്ഥബുദ്ധിയേയും, സ്വാവകാശസ്ഥാപനതല്പരതയേയും കാമേശ്വരിയുടെ കായകോമളിമയേയും കൂടെക്കൂടെ സ്മൃതിപഥത്തിൽ ആലോചിക്കാതിരുന്നില്ല. എന്നാൽ യുദ്ധഭേരീനിനാദത്താലടുത്തുകൂടി നടക്കുന്നവൎക്കുപോലും ചോളന്റെ മനോഗതം എന്തെന്ന് അറിഞ്ഞുകൊള്ളാൻ സാധിച്ചില്ല.

അന്നേരം ശിവഗിരിയുടെ താഴ്വരയിൽ മുപ്പതിനായിരം കാലാൾപ്പടകളും, പതിനായിരം കുതിരപ്പടയും, അഞ്ഞൂറ ആനപ്പടയും അണിയിട്ട് നിരന്നു നിന്നു ശത്രുക്കളുടെ ഗതിയെ സൂക്ഷ്മം ശ്രദ്ധിച്ചുകൊണ്ടിരിക്കയായിരുന്നു. അവരുടെ നായകത്വം മുത്തുക്കറുപ്പൻ ഒററക്കേററിരുന്നു. മുടിയെടുത്താന്റെ മേൽനോട്ടത്തിൻ നാല്പതിനായിരം കാലാൾപ്പടയും പന്തീരായിരം സംഖ്യയ്ക്കു കുറയാതെ കുതിരപ്പടയും ഗജസൈന്യവും ത്രികോണാകൃതിയിൽ വഴിചെറുത്ത് രാജപാഥയ്ക്കു സമീപം പങ്ക്തി പങ്ക്തിയായി പ്രേതാധിപന്റെ പരിവാരങ്ങളെന്നപോലെ ശത്രുക്കളുടെ ജീവനെ സ്വന്തമാക്കിത്തീൎക്കാൻ കാലം കരുതിക്കാത്തിരുന്നു.

കാലതാമസം വിനാ ചോളനും, ഭടജനങ്ങളും, ചാലൂക്യസേനകളും, കാടും, മലയും, കുന്നും, കുഴികളും, വളവും തിരി

വും ഒക്കെക്കൂടെന്നു യുദ്ധഭേരിയും മുഴക്കിക്കൊണ്ടു് വരികയായി. പെട്ടെന്നു കണ്ടു മറയുന്ന മിന്നലൊളിയെപ്പോലെ ശത്രുക്കളുടെ ആർപ്പുവിളിയും രണഭേരികളുടെ ഭയങ്കരധ്വനികളും ശമിച്ചുകണ്ടു. ചേരസൈന്യങ്ങളും അന്തർദ്ധാനിച്ചുപോയി. സപക്ഷവിപക്ഷ സമ്മേളനം പ്രശാന്തമായ സായാഹ്നസമയത്തിൽ സംദൃഷ്ടിക്കു് ലക്ഷീഭവിക്കേണ്ടെന്നുള്ള സിദ്ധാന്തത്താലൊ മററൊ പശ്ചിമാശാമുഖത്തെ ചുവപ്പിച്ചുകൊണ്ടു് സരിൽപതിയുടെ സഖ്യത്തിന് ചെല്ലുന്നതിന്മരശ്മിയെപ്പോലെ ചോളേശൻ ശോണിതഭാവം കലർന്ന സൈന്യങ്ങളോടുകൂടി യുദ്ധക്കളത്തെ സമരസമയമാക്കിത്തീർത്തു. ആ പ്രദേശം ഘോരസ്വരൂപങ്ങളായി വിളങ്ങുന്ന വന്മരങ്ങളെക്കൊണ്ടും നിമ്നോന്നതങ്ങളായ പാറക്കൂട്ടങ്ങളെക്കൊണ്ടും കാടൻ, കാട്ടുപന്നി തുടങ്ങിയ വന്യമൃഗങ്ങളെക്കൊണ്ടും നിറഞ്ഞിരുന്നു. ഇവിടെയായിരുന്നു ചേരപ്പടകളിൽ അതിപ്രസിദ്ധന്മാരായ കോരന്മാർ തുടങ്ങിയ ക്രൂരകേരളവീരർ പതുങ്ങിക്കിടന്നതു്. ചോളക്കുതുകണ്ടുപിടിക്കാനുള്ള സന്ദർഭം അനുവദിച്ചുകൊടുക്കാൻ സഹസ്രരശ്മിയ്ക്കു് സമ്മതമില്ലാതായതിൽ കുററമില്ലല്ലോ. അന്നേരം രാജപാത സമീപിച്ചു് കാത്തു നിന്നിരുന്ന തുളുനാടനും, കോലനും, ഉരനാടന്മാരും ഒന്നിച്ചുകൂടി ചോളപ്പടകളാശ്രയമാക്കിത്തീർത്തിരുന്നതും ചെറിയതരം കുററിച്ചെടികളെക്കൊണ്ടു് അലംകൃതവും, സമതലവും, പടിഞ്ഞാറുവശം പൊക്കം കൂടിയതുമായ പ്രദേശത്തിനു ചുററും പരിധിരൂപത്തിൽ അവധിയില്ലാതെ ആവരണംചെയ്തു തുടങ്ങി. അന്നേരം അവിടെ അനക്കമോ ആവിയൊ അടുത്തെങ്ങാനും ഉണ്ടെന്നുള്ളതുപോലും ചോളപ്പടകൾക്കു് അറിയാനിടയാകാത്തവിധം അന്ധകാരബന്ധു ചേരരെ നല്ലവണ്ണം അനുകൂലിച്ചു; എങ്കിലും ആ പ്രദേശത്തിനു അല്പം തെക്ക് കിഴക്കായി ഒഴുകിക്കൊണ്ടിരുന്ന ഭീമയ്ക്കു് ചോളരെ സഹായിക്കാൻ നല്ല മനസ്സുണ്ടെന്നു് തോന്നുമാറു് രാത്രിസമയം മുഴവൻ ചില ശബ്ദങ്ങൾ പുറപ്പെടുവിക്കാൻ കെല്പുണ്ടായി.

പിറേറദിവസം സൂര്യോദയാരംഭത്തോടുകൂടി കിഴക്കുവശം ചുവപ്പുചായത്തിൻെറ ശോഭയെ തെളിയിച്ചു കാണിക്കയാൽ ചേരരുടെ മായവും വെളിപ്പെട്ടുകണ്ടു. അപ്പോൾ ചോളക്കു പ

ലശങ്കകളും വൎദ്ധിച്ചുവന്നു. സ്വാശത്രുക്കൾ ചുററിലുംതങ്ങളെവളഞ്ഞിട്ടുണ്ടെന്നുള്ളതും വ്യക്തമായി. എന്നാൽ ഭാസ്വാൻ സ്വകല്പനക്ക് മാററംവരുന്നത് അവിഹിതമെന്ന് വിചാരിച്ചോ, ദുരാഗ്രഹികളുടെ ദുർദൈവത്തെ വണങ്ങാൻ വഴിയില്ലെന്ന് വിശ്വസിച്ചോ സൎവ്വസാക്ഷിത്വബോധം സജ്ജനങ്ങളിൽ മാത്രമേ സാൎത്ഥകമാക്കാവു എന്ന് സിദ്ധാന്തിച്ചോ മറേറാ സ്വന്തം മനസ്സിന് ചോളൻ ജീവികളിൽ നിർദ്ദയത്വമംഗീകരിച്ചു കൊണ്ട് വാനത്തിൽക്കൂടി വേഗം സഞ്ചരിച്ചുകൊണ്ടിരുന്നു.

ഉദ്ദേശം പത്തുനാഴിക പകൽ പുലരുന്നതിനു മുമ്പ് ചേരരും ചോളരും പരസ്പരം കണ്ടെടുത്തുകഴിഞ്ഞു. യുദ്ധഭേരികളും നാലുഭാഗങ്ങളിലും മേളംക്കൂട്ടിമുഴക്കിക്കൊണ്ടിരുന്നു. വടക്കെത്തിയിരുന്ന ചേരചോളസൈന്യങ്ങൾ സ്വാമനോധൈൎയ്യത്തേയും, ദേശാഭിമാനത്തേയും, രാജഭക്തിയേയും അഭിമാനിച്ചും ജീവനെ തൃണവൽഗണിച്ചും ശരീരത്തെ ശുദ്ധജലം പോലെ പ്രവഹിപ്പിച്ചും. യുദ്ധപാടവപ്രദൎശനത്തിനുള്ള സന്ദൎഭത്തെ വ്യൎത്ഥമാക്കിത്തീൎക്കാതെ വീൎയ്യസ്വൎഗ്ഗസുഖമനുഭവിക്കാനുറച്ചും കൊണ്ട് മൂന്നു ദിവസം ഭക്ഷണമോ, വിശ്രമമോ, ജയാപജയത്തിനുള്ള ലക്ഷണമോ ഇച്ഛിക്കാതെ രുധിരപാനം ചെയ്തു മദിച്ച ചെന്നായ്ക്കളെപ്പോലെ തമ്മിൽ തമ്മിൽ തടുത്ത് കുത്തിന് കുത്ത്, വെട്ടിന് വെട്ട്, മുട്ടിനു മുട്ട്, തട്ടിന് തട്ട്, ഉന്തിന് ഉന്ത്, ഒന്നിനൊന്ന് മെച്ചമെന്ന് അഭിമാനിക്കാവുന്ന വിധം ദൃപ്തരായി പൊരുതു നിന്നു. ഒടുവിൽ മുഷ്ടി യുദ്ധത്തിനായിക്കൊണ്ട് ഓടിയും ചാടിയും കിടന്നും എഴീച്ചും, തിരിഞ്ഞും പിരിഞ്ഞും പുളച്ചും കളിച്ചും കടിച്ചും, ഇടിച്ചും അടിച്ചും തൊഴിച്ചും, ചതച്ചും ചവച്ചും പരസ്പരം കരചരണാദ്യവയവങ്ങളെക്കൊണ്ട് മല്ലയുദ്ധം മനോഹരമാക്കി ചെയ്തു.

യുദ്ധമദ്ധ്യത്തിൽ ചോളരും ചേരരും സമാധാനബുദ്ധ്യാ ഓരോരൊ സൈന്യസംഘങ്ങളേയും വേർതിരിച്ച് അവരവരുടെ ബലങ്ങളെ പരീക്ഷിക്കയായി. തൽഫലമായി രണ്ടു വശത്തും ചത്തുവീണ് കുന്നുപോലെ പൊങ്ങിയ ശവങ്ങളുടെ സംഖ്യക്ക കണക്കെഴുതാൻ നിവൃത്തിയില്ലെന്നായിത്തീൎന്നു. അപ്പോൾ ചോളനും ചാലൂക്യരിൽ സ്വല്പം സൈന്യങ്ങളും സേനാനായകന്മാരിൽ

അതിപ്രധാനിയായ പടത്തലവൻ ചാത്തനാരും കൂടിയാലോചനകൾ നടത്തി ''യുദ്ധം കാണാനടുത്തു കൂടിയിരിക്കുന്നവരുടെ കൂട്ടത്തിൽ കടന്ന് നമുക്ക് വേഷം മാറി ചേരനാട്ടിലേയ്ക്ക് ക്ഷണത്തിലെത്തണ''മെന്നു തീർച്ചപ്പെടുത്തിയതുപോലെ, ചേരപ്പടകൾക്കോ, മലനാട്ടുജനത്തിനോ യാതൊരു സംശയവും ജനിക്കാത്ത വിധം യുദ്ധക്കളം വിട്ട് പല വഴികളിലായി ഒളിച്ചോടി ചേരനാട്ടിലേക്ക തിരിച്ചു.

അന്നേരം കുളച്ചൽ തുറമുഖത്തെത്തിയിരുന്ന കപ്പൽസൈന്യവും കരയ്ക്കടുത്തു കരപററിക്കയറി. ആ വിവരമെല്ലാം ഉടനുടൻ വഴിവഴിയായി അറിഞ്ഞുകൊണ്ടിരുന്ന ചേരരാജ്ഞി സ്വപുത്രിയുടെ സമാധാനവാക്കുകളാലും ആലോചനാസരണികളാലും സ്വന്തം നാട്ടുകാരെയെല്ലാം വിളിപ്പിച്ചു ''സന്ന്യാസിയുടെ നേതൃത്വത്തിൽ ആത്മാവിനേയും ചേരനേയും ചേരരാജ്യത്തേയും സദാ സശ്രദ്ധം സൂക്ഷിച്ചുപോരുന്ന നിങ്ങൾ ചേരനാഥൻ നാട്ടിലെത്തിക്കഴിയുന്നതുവരെ സദയം ശത്രുസംഘത്തെ മലനാട്ടിൽ കടത്തിവിടാതെ പാലിച്ച്കൊള്ളുന്നതിനും എന്നെയും എൻെറ മകളേയും അപവാദത്തിന് പാത്രമാക്കിത്തീക്കാതെ രക്ഷിച്ചുകൊള്ളുന്നതിനും, ദൈവബലത്തെ സംഘബലത്തോടു കൂടി യോജിപ്പിച്ച് പോരിന് ഇപ്പോൾതന്നെ പുറപ്പെടാൻ എനിക്കാഗ്രഹമുണ്ടെ''ന്ന് സധൈര്യമറിയിച്ചു. അപ്പോൾ ആ ചേരരാജ്യനിവാസികളെല്ലാം ഏകോദരസഹോദരന്മാരെപ്പോലെ യോജിച്ച് സന്ന്യാസിയെ നായകനാക്കി യുദ്ധത്തിന് തിരിച്ചു. കപ്പൽപ്പടയ്ക്ക് കരയ്ക്കെത്തിയുദ്ധം ചെയ്യാനുള്ള പാടവക്കുറവു കൊണ്ടും, കരവഴിക്കെത്തിയ ചോളസൈന്യംവളരെകുറഞ്ഞിരിക്കയാലും ചോളൻ പടത്തലവൻ ചാത്തനാരുടെ സാന്ത്വവചനങ്ങളാൽ ചേരരാജ്യം ചാടിക്കടന്നു പിടിക്കാൻ ആരംഭിച്ചിട്ടില്ലായിരുന്നു. അതൊരു മഹാഭാഗ്യസൂചകമായി പരിണമിച്ചതിൽ ശ്രീപരശുരാമൻേറയും ശ്രീപത്മനാഭസ്വാമിയുടേയും കൃപ കൊണ്ട് അത്രയും സാധിച്ചതായി ചേരദേശവാസികളൊന്നുപോലെ വിശ്വസിച്ച് പല പല പ്രാത്ഥനകൾ നടത്തി.

സന്ന്യാസി സസന്തോഷം ചെരപ്പടകളേയും കൊണ്ട് പോരിന് ഇറങ്ങി. അതിനകം ചോളനും കപ്പൽവഴി കരക്കിറങ്ങി

യ ചാലൂക്യപ്പടകളും രാജാക്കമംഗലം പോക്കളത്തിലെത്തിക്ക
ഴിഞ്ഞിരുന്നു. അവിടെയായിരുന്നു ആദ്യമായി സന്ന്യാസി ചേര
പ്പടകളുടെ സഹായത്തോടുകൂടി പോർതുടങ്ങിയതു്. ആരംഭത്തി
ൽ വേണാട്ടുകാൎക്കു് സന്ന്യാസിയോടു് വെറുപ്പുതോന്നിയിരുന്നു
വെങ്കിലും, പിന്നീടു് യുദ്ധക്കളത്തിൽ സന്ന്യാസിയുടെ ബലപ
രാക്രമങ്ങളെ പ്രത്യക്ഷത്തിൽ കണ്ടു് വിസ്മയിച്ചു പോകയാൽ
സ്വന്തം ചേരനാഥനാണെന്നു് ഭാവിച്ചു് തെളിഞ്ഞു് യുദ്ധമുറ
കളെല്ലാം കരപ്രധാനികളും കളരിനാഥന്മാരും പ്രധാനഉദ്യോഗ
സ്ഥന്മാരും നാട്ടിലുള്ള പുരുഷാരവും വേണ്ടുംവണ്ണം പ്രദൎശിപ്പി
ച്ചു. ചോളപ്പടകളിൽ അസംഖ്യം ചത്തുവീണു കടലിൽ അടി
ഞ്ഞു. ചാത്തനാരും ഭാവുകം നശിച്ചു് പാരു് വെടിഞ്ഞു്. ചോള
നും ശേഷിച്ച ഭടന്മാരുമായി കിഴക്കുമുഖമായി ഓടിത്തുടങ്ങി. ചേ
രപ്പടയും പിന്തുടൎന്നു. സന്ന്യാസിയും അക്ഷീണനായി അടുത്ത
പ്രദേശങ്ങളിലുള്ള പ്രഭുക്കന്മാരെയും ശാലിവാടീപുരേശനേയും
സ്വാധീനമാക്കിക്കൊണ്ടു് ശത്രുവിനെ ഓടിച്ചുകൊണ്ടു അറമുഖ
മംഗലം തുറമുഖത്തിനു് സമീപത്തെത്തിപ്പിടിച്ചു.

പരാജയത്താലും, പ്രാണനാശം നിശ്ചയമെന്നു് തോന്നി
പ്പോകയാലും ചോളൻ ശേഷിച്ച സ്വല്പസൈന്യത്തോടും തദ്ദേ
ശവാസികളായ പട്ടാണികളുടെ സഹായത്തോടും കൂടി വീണ്ടും
യുദ്ധത്തിനുതുനിഞ്ഞു. അതിഭയങ്കരമായ വിധം ചോളൻ സ്വ
സാമൎത്ഥ്യങ്ങളെയെല്ലാം പ്രദൎശിപ്പിച്ചു. എങ്കിലും മൂന്നാംദിവ
സം സന്ധ്യക്കുമുമ്പു് സന്ന്യാസിയുടെ കരലാഘവത്താൽ ഛിന്ന
മസ്തകനായി ശിവപദം പ്രാപിച്ചു. ശിവഗിരി സാനുപ്രദേശ
വും, അസഹ്യമായ അപമൃത്യുദോഷത്തെ മാററിത്തരാനായിക്കൊ
ണ്ടു് സേനാനിയോടു് അപേക്ഷകൾ മുറുക്കിത്തുടങ്ങി. എന്നാ
ൽ സൎവ്വശക്തന്റെ ബുദ്ധിയെ സ്വയം അറിഞ്ഞു് സന്തോഷി
ച്ചുകൊണ്ടിരുന്ന സന്ന്യാസി ചോളവധം കഴിഞ്ഞു് ആ വഴി വ
ടക്കുപടിഞ്ഞാറു ഭാഗമായി നടന്നു് മൂന്നാംദിവസത്തിന്റെ ഉഷ
സ്സമയത്തിൽ ശിവഗിരിക്കു് ചെന്നുചേൎന്നു.

അവിടെ പാണ്ടിപ്പടയും മലനാട്ടുപടയും കഴിയുന്നിടത്തോ
ളം യുദ്ധക്കളത്തിൽ ക്ലേശിക്കുന്നുണ്ടായിരുന്നു. തോലനേയും

ഉൾനാടന്റെയും തുളുനാടന്റെയും കരബലങ്ങളെ തൃണവൽഗണിച്ച് സ്വസൈന്യം നിശ്ശേഷം ഒടുങ്ങിയാലല്ലാതെ പോക്കളം ഒഴിഞ്ഞുകൊടുക്കയില്ലെന്ന് ശപഥം ചെയ്തുനിന്ന ചാലൂക്യ ഭടന്മാർ സ്വസംഘം വിട്ട് ഒളിച്ചോടി ചേരരാജ്യം പിടിച്ചടക്കാനും, കാമേശ്വരിയുടെ കാമുകനായിത്തീരാനും ഭാവിച്ച ചോളന്റെ ചരമവൃത്താന്തമറിഞ്ഞു് ചോളപാണ്ഡിയേക്കൂടി സ്വന്തമാക്കാനാശിച്ചവരെന്നപോലെ ചേരനൊടു യുദ്ധക്രമങ്ങൾ തുടൎന്നുകൊണ്ടിരുന്നതു് സായാഹ്നംവരെ ക്ഷമിച്ചുനിന്നുകണ്ടു.

അനന്തരം അക്ഷമനായിത്തീൎന്ന ആ സന്ന്യാസി പെട്ടെന്ന് ആരോടും ഒന്നും ആലോചിക്കാതേയും, വേഷത്തിനോ ഭാവത്തിനോ സ്ഥിതിക്കോ മാററം ഒന്നും വരുത്താതെയും പോൎക്കളത്തിലെത്തി ചാലൂക്യപ്രധാനികളോട് ആദ്യമായി പോരിനാരംഭിച്ചു. നാലുനാഴികനേരംകൊണ്ടു് മരം മുറിച്ച് നിലത്തുവീഴ്ത്തിയതുപോലെയും മല മറിച്ചെറിഞ്ഞതുപോലെയും ദിങ്മുഖങ്ങളെ ഇളക്കി പ്രതിഷ്ഠിക്കാൻ ഭാവിച്ചതുപോലെയും ചാലൂക്യപ്രധാനികളെ കരവാളുംകൊണ്ടും ഘോരകുന്തങ്ങളെക്കൊണ്ടും, കരലാഘവത്തെ സുലഭമാക്കിക്കൊണ്ടു നിന്ന് പ്രേതനാഥപുരിക്ക് പൂൎണ്ണമനസ്സോടുകൂടി യാത്രപറഞ്ഞയച്ചു. തോല പ്രഭൃതികളും അത്യാമോദമാൎന്ന ചാലൂക്യ ഭടന്മാരെയും സംശയം പാടു് കൊന്നൊടുക്കി. പോൎക്കളം ശവക്കളമായിത്തീൎന്നു. പിന്നീടു് ശ്രീസുബ്രഹ്മണ്യസ്വാമി പ്രതിഷ്ഠാവിശേഷത്താൽ ആ ശവക്കളം ഇന്ന് ചേവൽക്കളം എന്നായിത്തീൎന്നിരിക്കുന്നു. ശേഷിച്ചവരെ ബന്ധനത്തിലുമാക്കി. ജയഭേരികളും എങ്ങും മുഴങ്ങി. ചോളനാടുകാർ ദീൎഘശോകത്തിൽ മുങ്ങി പാണ്ടിരാജ്യക്കാർ ചേരപ്രശസ്തിയെക്കണ്ടു് കളിയാടി പഴമപരിചയക്കാരും വൃദ്ധപൌരജനങ്ങളും സന്ന്യാസിയെക്കണ്ടിട്ട് മുഖപ്രസാദാദി ഗുണങ്ങളാൽ രാജസിംഹപാണ്ഡ്യനെ സ്മൃതിപഥത്തിലോൎത്തു്സംശയാകുലന്മാരായിച്ചമഞ്ഞു.

ചേരനാഥന്റെ സൎവ്വവിജയങ്ങളേയും ത്രികരണശുദ്ധ്യാ ശ്ലാഘിച്ചുകൊണ്ടു് നാട്ടിലെങ്ങും ആഘോഷിച്ചു്. ദേവതാഗാരങ്ങളിലും, ബ്രാഹ്മണഗൃഹങ്ങളിലും വേണ്ടുവോളം പൂജാതികൎമ്മ

ങ്ങൾ കഴിച്ചിരുന്നു. പാണ്ടിരാജ്യവാസികൾ സന്യാസിയെ പുരസ്കരിച്ചുകൊണ്ടു് തോലന്റെ മേൽനോട്ടത്തിൽ സകലവിധ പൂജാവിശേഷങ്ങളും ആരാധനാ ക്രമങ്ങളും യഥാകാലം ആചരിച്ചുതുടങ്ങി; തോലൻ, കോലൻ, തുളുനാടൻ,ഉൾനാടൻ തുടങ്ങിയ മലനാട്ടു സാമന്തന്മാരുടെ സംഘങ്ങൾ കൂടക്കൂടെ സംഭവിക്കയും സന്യാസിയെ സംബന്ധിച്ച് പലപല സംശയങ്ങൾ പറഞ്ഞു തൎക്കിക്കയും യുദ്ധക്രമങ്ങൾ കണ്ടിട്ട് ക്ഷത്രിയത്വം ജന്മനാ സിദ്ധിച്ചിരിക്കണമെന്ന് സിദ്ധാന്തിക്കയും ചെയ്തുകൊണ്ടിരുന്നു. എങ്കിലും സന്യാസിയുടെ മുഖകമലത്തിൽ നിന്ന് മറിയാനിടയായിത്തീൎന്ന ചോളവധവും ചാലൂക്യരുടെ അഹംകാരശമനവും ചേരനെ അറിയിക്കാൻ ആലോചന സഭയിൽ തീൎച്ചപ്പെടുത്തിയതനുസരിച്ച് കോലൻ ഉദയവൎമ്മനെ ചേരനാട്ടിലേക്ക് പറഞ്ഞയച്ചു. പാണ്ഡ്യരാജവാസികൾ ചേരന്റെ പട്ടാഭിഷേകം പ്രതീക്ഷിച്ച്, തോലന്റെ ഭരണത്തിൽ സുഖികളായിപ്പാൎത്തു.

---

# അദ്ധ്യായം ൩൧.

## സ്വപ്ന ഫലാനുഭവം.

"അമ്മേ, ഇനി നമ്മൾ എന്തുചെയ്യും? സന്ന്യാസിയേയും ചേരപ്പടകളേയുംകൂടി ചോളന്റെ ദുസ്സാമൎത്ഥ്യത്തെ ശമിപ്പിക്കാനായി വടക്ക പറഞ്ഞയച്ചുപോയല്ലോ ഇന്നത്തെ പരിതസ്ഥിതികളുടെ ഭയങ്കരത്വം നമ്മുടെ ഭാവിയെ പരിഹസിക്കയാണെന്നു നല്ലവണ്ണം തോന്നുന്നു. പിതാവു് പാണ്ടിയിൽനിന്നും പെരുമാളുടെ അപേക്ഷയനുസരിച്ചു് തിരുനാവാ മണൽപ്പുറത്തെത്തീട്ടുണ്ടെന്നു അറിവുകിട്ടി. പുരാണപ്രസിദ്ധമായ പരശുരാമക്ഷേത്രത്തിനു സംഭവിച്ചുകൊണ്ടിരിക്കുന്ന വിപത്തുക്കളുടെ സ്വരൂപങ്ങളെ നിരൂപണംചെയ്യാൻ നമുക്കു് അസാദ്ധ്യമായിട്ടു തീൎന്നിരിക്കുന്നു. സ്വപ്ന സ്വഭാവം ചിന്തിച്ചുനോക്കിയാൽ സംഭവങ്ങളോരോന്നും സാൎത്ഥകങ്ങളാണെന്നു സംശയം കൂടാതെ സിദ്ധാന്തിക്കാമോ? പിതാവു് പെരുമാളുടെ പ്രീതിക്കു പാത്രീഭവിച്ചിരിക്കയാലും പാണ്ടിക്കു ഭൂപതിത്വം സ്വയംസമ്പാദിച്ചിരിക്കയാലും പരശുരാമ ഭൂമിക്കു പുണ്യഫലം പുരുഹൂതഭൂമിയെക്കാൾ തുലോം പ്രശസ്തമാണെന്നു പാരിലുള്ളവർ പരക്കെ പുകഴ്ത്തുന്നു. പരിപന്ഥികളായ പാൎത്ഥിവകുലങ്ങളുടെ പ്രതാപതപനൻ ചേരനാട്ടിലുദിച്ചുയൎന്നു ഭൂചക്രവാളമദ്ധ്യത്തെ സ്വസ്ഥിതിക്കു വ്യവസ്ഥയൊന്നുംകൂടാതെ സ്വച്ഛന്ദം സ്വാധീനമാക്കിക്കൊണ്ടു് സന്തപിപ്പിച്ചുതുടങ്ങിയിരിക്കുന്നതു് സഹ്യാദ്രിയുടേയും മഹോദധിയുടേയും സഹായ സഹകരണങ്ങളെക്കൊണ്ടാണെന്നു പരസ്യപ്പട്ടികയിൽ വിളംബരപ്പെടുത്തിയിരിക്കുന്നു. ചോളന്റെ കഥ എന്തായാണോ? സന്ന്യാസിയെ ചേരപ്പടകൾ അനുകൂലിച്ചിരിക്കുമോ? ചേരനാഥനായ പിതാവു് ഇന്നെങ്കിലും നാട്ടിലെത്തിയാൽ നമുക്കു മനസ്സടങ്ങി സമാധാനപ്പെടാമായിരുന്നു, ദൈവകല്പനയ്ക്കു അണുവും വ്യത്യാസം സംഭവിക്കുകയില്ലെന്നു നമ്മുടെ പ്രകൃതാനുഭവങ്ങളോരോന്നും ദൃഷ്ടാന്തപ്പെടുത്തുന്നു

ണ്ടു്. ചേരകുലത്തിന്റെ ശ്രേയസ്സും പിതൃപ്രതാപത്തിന്റെ പെരുമയും എന്റെ മനസ്സുപോലെ അചഞ്ചലമായി വിളങ്ങി ക്കാണാനുള്ള ഭാഗ്യമെനിക്കു വിധികല്പിച്ചിരിക്കുമോ എന്തോ.?"

മാതാവു്:—മകളേ, നീ എന്തിനാണു വൃഥാ ക്ലേശിക്കുന്നതു്? നിന്റെ മനോരഥംപോലെയെല്ലാം കാത്ത്യായനി കൃപ ചെയ്യുന്നുണ്ടെന്നു എനിക്കറിയാം. സന്ന്യാസിയെക്കുറിച്ചു ള്ള സംശയബുദ്ധിയെല്ലാം നിശ്ശേഷം മാറിക്കാണാൻ കാല മനുകൂലിച്ചിട്ടുണ്ടെന്നു നിനക്കു മനസ്സിലാകുന്നില്ലയോ? ചോളന്റെ പ്രതാപം ഇപ്പോൾ അസ്തമിച്ചുകാണുമെന്നു കാലഘോരയിൽ തെളിവുകണ്ടുതുടങ്ങിയിരിക്കുന്നു. ചേര നാഥൻ അധികം താമസംക്കൂടാതെ നാട്ടിലെത്തുമെന്നു നമുക്കു വിചാരിക്കാൻ ഇനിയും നിനക്കു സംശയമുണ്ടോ? മലനാട്ടു ഭടന്മാരെയും സഹായത്തിനു ചേരൻ കൊണ്ടു പോകുമെന്നു സമാധാനപ്പെടാൻ പല ന്യായങ്ങളും കാണു ന്നില്ലയോ? സ്വകാര്യം ചിന്തിച്ചിട്ടാണു് നിന്റെ പിതാ വു് നാട്ടിലെത്താൻ താമസിക്കുന്നതു് എന്നു വിശ്വസിക്കു. ഞാൻ തിരുനാവാമണൽപ്പുറത്തേയ്ക്കും മധുരാപുരിയ്ക്കും കുറികൾ അയച്ചിട്ടുണ്ടെന്നു പറയുന്നതു് ഓർമ്മയിലില്ലേ?

കാമേശ്വരി:—അമ്മേ! ഞാൻ അതെല്ലാം നല്ലവണ്ണം ഓർക്കുന്നു ണ്ടു്. സന്ന്യാസിമക്കൾ യുദ്ധസാമർത്ഥ്യം ഉണ്ടായിരിക്കുമെ ന്നു വിശ്വസിക്കാൻ നമുക്കു എന്തവകാശമുണ്ടു്? പൂജ്യപാ ദന്മാരായഅവർ സാധാരണമായി യുദ്ധമുറകൾ അഭ്യസി ച്ചിരിക്കാൻ വല്ല ന്യായവുമുണ്ടോ? ആപത്തിലെത്തിയവ നാരോടും ആശ്രയത്തിനാവശ്യപ്പെടുമെന്നു അറിഞ്ഞിട്ടുള്ള തുപോലെ നമ്മളും ചോളന്റെ ദുസ്സാമർത്ഥ്യത്തെകണ്ടു ഭയ ന്നു സന്ന്യാസിയെ അഭയം പ്രാപിച്ചു എന്നല്ലാതെ ക്ഷത്രി യകുമാരവീരശിഖാമണിയെന്നു ഭാവിച്ചിട്ടാണോ ധൈര്യ ത്തിൽ അദ്ദേഹത്തെ ആശ്രമവിരുദ്ധമായ സമരഭാരം ഏ ല്പിച്ചിട്ടുള്ളതു്?

ആ സാധു ചേരന്റെ അസാന്നിദ്ധ്യവും ശത്രുക്കളുടെ ആക്ര മണവും, സ്ത്രീകളുടെ സ്വയംഭരണവും, ചേരരാജ്യംരക്ഷയ്ക്കു തീ

രെ മതിയാകയില്ലെന്നു ദീൎഘമായി ചിന്തിച്ചിട്ടല്ലയോ ചോളനെ ചേരനാട്ടവിട്ടോടിക്കാൻ സധൈൎയ്യം ചേരപ്പടയുംകൊണ്ടു പുറപ്പെട്ടതു്?

കുളച്ചൽ തുറമുഖത്തിലെത്തിയ ചാലൂക്യ ഭടന്മാരും ചോളന്റെ ബന്ധു ജനങ്ങളാണല്ലോ? "ശിവ ശിവ" ആ കള്ള ക്കൂട്ടങ്ങളുടെ കഠിന ചിത്തം കല്ലിനെക്കാളും കട്ടി കൂടിയതെന്നു കാഴ്ചയിൽ കണ്ടിരിക്കുന്നു. എന്നല്ല അവരുടെ പടക്കോപ്പുകളും പ്രസ്ഥാന പൌരുഷവുമോൎക്കുമ്പോഴെല്ലാം എനിക്കു ഭയം തോന്നുന്നു.

തോലനും കേരള നാഥന്മാരിൽ ചിലരും കൂടി ശിവിഗിരിക്കടുത്തുള്ള പോൎക്കളത്തിൽ വെച്ചു പാഴന്മാരായ ചോഴന്മാരോടു യുദ്ധം ഭയാനകമാക്കിക്കഴിഞ്ഞിരിക്കുന്നു വെന്നും മററും നമ്മുടെ ചാരന്മാരുടെ ദൃഷ്ടിയിൽ പതിഞ്ഞിട്ടുണ്ടു്. കൂട്ടം കൂടി കാട്ടിൽ കിടന്നു, വേട്ടയാടി വയറു നിറയ്ക്കുന്ന വ്യാഘ്ര വൎഗ്ഗങ്ങളെപ്പോലെ വീരന്മാരായ പട്ടാണിപ്പടകളും പാരാതെ വഞ്ചിനാട്ടിലെത്തി പരിശുദ്ധ സത്വങ്ങളായ ചേരനാട്ടുകാരെ പോരിൽ പിടികൂടാനിടയില്ലയോ എന്നു ഞാൻ പേടിക്കുന്നു. പോരാത്ത കാലത്തിലാണു് കേരളത്തിൽ പാണ്ഡ്യൻ കാലു കടത്തി കോട്ടയുറപ്പിച്ചതു്.

പെരുമാളുടെ ഭരണം പരശുരാമ ക്ഷേത്ര വാസികൾക്കു് പരമാനന്ദ പ്രദമായിട്ടല്ലയോ പ്രകാശിച്ചുകൊണ്ടിരുന്നിട്ടുള്ളതു്. തിരുനാവാ മണൽപ്പുറത്തു വെച്ചു പണ്ഡിത സഭ കൂടി പ്രതാപം ഭാവിച്ചിരിക്കുന്ന പെരുമാൾ ചേരനെ പാണ്ടിയിൽ നിന്നും വിളിപ്പിച്ചതു് പരമ സങ്കടങ്ങൾക്കു പ്രധാന കാരണമായി തീൎന്നിട്ടുണ്ടെന്നു പറയാതിരിക്കാൻ തീരെനിവൃത്തിയില്ല. എല്ലാംകൊണ്ടും എന്റെ ഭാവി ഭീതി കരമായി പരിണമിക്കാനേ ഇടയുള്ളൂ. സന്യാസിയുടെ സ്ഥിര ചിത്തത്തിനും ദൃഢ വിശ്വാസത്തിനും വൈപരീത്യം വരുത്താതെ ദൈവം ആ മഹാനുഭാവനെ കാത്തു കൊണ്ടാൽ മതിയാകും. വരുന്നവരോടും പോകുന്നവരോടുമെല്ലാം പോരിന്റെ പരിണാമം അറിയാൻ പണി

പ്പെട്ടിട്ടും പൂൎണ്ണമായ വിവരമിങ്ങു ലഭിക്കാൻ പ്രയാസമായിത്തീന്നിരിക്കുന്നു. ഇനിയുമെന്തെല്ലാമാണ് സംഭവിക്കാൻ പോകുന്നതെന്നു ഭഗവാനു മാത്രമേ അറിയാൻ കഴിയൂ. അയ്യയ്യോ, അനാഥകളായ നമ്മുടെ രക്ഷയ്ക്കു ശ്രീപത്മനാഭ സ്വാമി തന്നെ സഹായ മായിത്തീരണം" എന്നിത്രയും ഭയാകുല ചിത്തയായി വിറയലോടു കൂടി പറഞ്ഞവസാനിപ്പിച്ചു.

തദനന്തരം താമസം കൂടാതെ ചേരൻ നായർ പട്ടാളവും കൊണ്ടു നാട്ടിന്റെ അതിൎത്തിയിലെത്തി. ആ വിവരമറിഞ്ഞ നഗര വാസികളും വൃദ്ധ പൗരന്മാരും, ബ്രാഹ്മണ ശ്രേഷ്ഠന്മാരും പണ്ഡിത പ്രവരന്മാരും അരചനെ എതിരേല്ക്കാൻ അവിടെ ചെന്നു നിന്നു. പിന്നീടു അവർ ചേരന്ന് സൎവ്വവിധ മംഗളങ്ങളും ആശംസിച്ചുകൊണ്ടു പെരുമാളുടെ പെരുമയെ ശ്ലാഘിക്കാൻ അടുത്തു കൂടി എങ്കിലും അരചൻ അവരോടെല്ലാം ആദരവു നടിച്ചതല്ലാതെ നാട്ടു വാൎത്തകളറിവാനോ അരമനരഹസ്യം അന്വേഷിക്കാനോ ചോള പരാക്രമം ചോദിക്കാനോ ഭാവമില്ലെന്നുള്ള മട്ടിൽ നായർ പടകളുടെ അകമ്പടിയോടു കൂടി കല്ക്കളം കോട്ടയ്ക്കകത്ത് പ്രശാന്തശാർദ്ദൂലവീരനെപ്പോലെ പ്രവേശിച്ചു. പട്ടണവീഥികളിലും ഗോപുര ദ്വാരങ്ങളിലും നൎത്തന ശാലകളിലും അനവധി ആളുകൾ കൂട്ടം കൂടി നിന്നിരുന്നു. കൃത്രിമാഡംബരങ്ങളൊന്നും കൂടാതെ സ്വതസ്സിദ്ധമായ ശോഭാവിശേഷത്താൽ വിളങ്ങിക്കൊണ്ടിരിക്കുന്നതും ചൂതം, പനസം, താലം, നാളികേരം ക്രമുകം തുടങ്ങിയ വൃക്ഷങ്ങളെയും, മുല്ല, പിച്ചി. ചെമ്പകം, തുളസി, താമര മുതലായ പുഷ്പപുഞ്ജങ്ങളെയും, നദി, തോടു, കുളം, കിണർ, മുതലായ ജലാശയങ്ങളെയും കൊണ്ടു പ്രശോഭിക്കുന്നതും ശമപ്രധാനന്മാരും, സല്ക്കൎമ്മനിരതന്മാരും ഈശ്വരദാസവ്രതന്മാരും സ്വാൎത്ഥത്യാഗികളും, ലോകോപകാരാൎത്ഥം പ്രാണനേ പാലിക്കുന്നവരും ആയ പൗര ജനങ്ങളെക്കൊണ്ടു വിലസുന്നതും ആയ ചേര രാജ്യം പ്രകൃത്യാ ആരോടുമൊന്നു പോലെ ആദരവു ഭാവിക്കാറുള്ള സ്വഭാവത്തോടുകൂടിയ ചേര ഭൂപന്റെ ചൊൽ പൊങ്ങിടുന്ന യാത്രാ സമയത്തിലും ഉപചാരാദികൾക്ക് കുറവു വരുത്തിയില്ല. വൃക്ഷക്കവെര

ങ്ങളുടെ കര ചാലനാദികളാൽ സ്വാഗതവും, മന്ദ മാരുതാന്ദോളിതങ്ങളായ സൌഗന്ധികാദി പുഷ്പങ്ങളാൽ പാദാൎച്ചനവും പേച്ചിപ്പാറ മലയിൽനിന്നു പുറപ്പെട്ടു വേണാടു മുഴവൻ സുഭിക്ഷമാക്കിത്തീൎക്കുന്ന തോടു, നദി, മുതലായ ജലാശയങ്ങളുടെ ഗതിവിശേഷത്താൽ അൎഘ്യവും, ചുവപ്പു പററി ഭാരം കൊണ്ടു പാതി ചരിഞ്ഞു ഭൂപ്രണാമത്തിനു ഒരുങ്ങി നിന്ന വാഴക്കുലകളുടെ കൂട്ടങ്ങളെ കൊണ്ടു ഉപായനങ്ങളും പ്രകൃതി ദേവി പരമാനന്ദത്തോടുകൂടി പ്രകാശിപ്പിച്ചിരുന്നു. പൌരന്മാൎക്കും രാജ സേവകന്മാൎക്കും പട്ടണമലങ്കരിച്ചിട്ടില്ലായിരുന്നതു കൊണ്ടുണ്ടാകുന്ന കുററത്തിനു ചെററും കാരണമാക്കാതെ ഭൂദേവി തന്നേ സ്വയം ചേര പാൎത്ഥിവനെ സന്തോഷിപ്പിച്ചു.

കൊട്ടാരപ്പടിക്കലെടുത്തു പാറാക്കാരും, സൎക്കാരുദ്യോഗസ്ഥപ്രധാനികളും പഴമക്കാരും പെരുമക്കാരും പാൎത്ഥിവൻെറ പാണ്ടി വിജയത്തെ പുകഴ്ത്തിക്കൊണ്ടിരുന്നു. ഭാൎയ്യയും പുത്രിയും പതുങ്ങി നിന്നു രാജാവിൻെറ പുര പ്രവേശത്തേ അനുമോദിച്ചു. ചെണ്ട, മൃദംഗം മുതലായ വാദ്യ ഘോഷങ്ങളും ഓടക്കുഴലുകളുടെ ഉള്ളിലൊതുങ്ങാതെ ഉൾ വലിപോടു വിവരങ്ങളിൽ കൂടി വ്യക്തീഭവിക്കുന്ന നാദബ്രഹ്മത്തിൻെറ വൎണ്ണ വിപൎയ്യയങ്ങളും, നൎത്തകികളുടെ നൃത്യ കലാകുശലതയിൽ നിന്നു നാണയപ്പെടുത്തി ക്കാണിക്കുന്ന അഭിനവ സമ്പ്രദായത്തിൻെറ ഭാവനാ ശക്തി പ്രകാരങ്ങളും പ്രാകാര ഭാഗം തുടങ്ങി അന്തഃപുരം വരെ ശരിക്കു വരി പിടിച്ചു വിളങ്ങിക്കൊണ്ടിരുന്നു.

അപ്പോൾ രാവണവിജയം കഴിഞ്ഞു പ്രത്യാഗതനായ കൌസല്യാ കുമാരനായ ശ്രീരാമ സ്വാമിയെപ്പോലെ പാണ്ടി വിജയം കഴിഞ്ഞു തിരിച്ചുവന്ന ചേരനാഥൻെറ പുനരാഗമനത്തെ പൂൎണ്ണാമോദമോടു പ്രതീക്ഷിച്ചു പടിക്കൽ പതുങ്ങി നില്ക്കുന്ന ഭാൎയ്യയെ ആശ്വസിപ്പിക്കാനായി അന്തഃപുരത്തിലേയ്ക്കു രാജാവു് കടക്കുന്നതു കണ്ടു നിന്ന കാണികൾ കുതുകികളായി തീൎന്നു.

അന്നേരം ആനന്ദ ദേവതയുടെ ആവിൎഭാവം അന്തഃപുരത്തിലാണെന്നോൎത്തു അരമനയിലെ ഗോപുരപുരോഭാഗങ്ങ

ളോരോന്നും മൌനം പൂണ്ടും മേള താളങ്ങളൊഴിഞ്ഞും മഹിമ കുറഞ്ഞും ക്രമേണ ശാന്തതയെ പ്രാപിച്ചു. അനുയായികളുടെ അനുസരണമകന്നതോടുകൂടി അന്തഃപുര ദേവതയായി വിളങ്ങുന്ന കാമേശ്വരീമാതാവ് പ്രകാമഹർഷത്തോടു കൂടി അരചന്റെ പരി ചരണം സ്വയം ഭാവിക്കയായി.

പിന്നീട് കേരള നാഥന്റെ കോമളകുമാരി പിതൃ പദകമലങ്ങളിൽ പുനർദ്ദർശനാ മൃത പാനലോലുപങ്ങളായ അക്ഷിഭൃംഗങ്ങളെ പ്രണാമപുഷ്പാഞ്ജലിപുരസ്സരം പ്രേരിപ്പിച്ചു. വിജയ ശ്രീപരിഗൃഹീതനായ ചേരാധീശൻ ആനന്ദ തുന്ദിലനായി ഭാര്യയെ അനുനയിപ്പിക്കുന്നതിനും പുത്രിയെ പ്രോത്സാഹിപ്പിക്കുന്നതിനും സർവ്വാ ഭീഷ്ടസിദ്ധിക്കായി സ്വമാനസ കുസുമത്തെ സർവ്വ ശക്തനിൽ സമർപ്പിക്കുന്നതിനും സമയത്തെ വിനിയോഗിച്ചു. അപ്പോൾ അവിടെ ദൈവഗത്യാ വായു പുത്രന്റെ ഭക്തി പാരവശ്യത്തെ അതിശയിക്കുമാറ് പഞ്ച പുച്ഛമടക്കിപ്പിടിച്ചുകൊണ്ടു പുരോ ഭാഗത്തിൽ പ്രണാമാർപ്പണങ്ങളാൽ പ്രസന്നനായ പിച്ചൻ ശ്രൌതിയളേ അവർ പ്രത്യക്ഷപ്പെട്ടു കണ്ടു.

പിന്നീടു പിച്ചന്റെ പശ്ചാൽഭാഗത്തിനടുത്തായി ബദ്ധപ്പെട്ടു പരിഭ്രമിച്ചുനിൽക്കുന്ന പേയാണ്ടിത്തേവനെ മുന്നറിവു കൂടാതെ കണ്ടിട്ട് ചേരഭൂപൻ അല്പം ഒന്നു പരുങ്ങാതിരുന്നില്ല. എങ്കിലും രാജൎഷിയുടെ ദിവ്യശക്തിയേററു തെളിഞ്ഞ തേവൻ താണു തൊഴുതുകൊണ്ട് തോലന്റെ ദൂതറിയിക്കാനുള്ള താളിയോലച്ചുരുള ചേരന്റെ തൃപ്പാദത്തിൽ സമർപ്പിച്ചുനിന്നു. പേയാണ്ടിത്തേവന്റെ ബീഭത്സരൂപം കണ്ടു പേടിച്ച കാമേശ്വരിയും രാജപത്നിയും ചേരന്റെ വദനത്തെ നല്ലവണ്ണം സൂക്ഷിച്ചുനോക്കിത്തുടങ്ങി. പിച്ചൻ പേയാണ്ടിയെ നല്ല പരിചയപ്പെട്ടിരിക്കയാൽ മധുരാവൃത്താന്തം തോലൻ തിരുമുമ്പിൽ ബോധിപ്പാൻ എഴുതെഴുതി സമർപ്പിച്ചിരിക്കുന്നതായി വിചാരിച്ചതേയുള്ളു. ചേരൻ സംശയഗ്രസ്തനായി "കുറി തന്നയച്ചതു ആരു്? തന്റെ പേരെന്തു്? താൻ ഏതു നാട്ടുകാരനാണു്?" എന്നു ചോദിച്ചു.

16 AUG 19



തോലൻ:—അടിയൻ. തോലനയ്യാ-തന്താങ്ക ഇന്ത പേയാണ്ടിയൈ ചമുകത്തുക്കത്തെരിയാതാ? എന്നെക്കണ്ടാൽ പാണ്ടിക്കാരൻ എൻറു ചൊല്ലണമാ?

ചേരൻ—എടോ താൻ പറഞ്ഞതു വാസ്തവമാണ്. പാണ്ടിക്കാരെക്കണ്ടാൽ പ്രത്യേകം അറിയാം. വാസ്തവത്തിൽ താനൊരു ആണ്ടിതന്നേയാണ്. ഭിക്ഷാപാത്രംകൂടി കൈയ്യിലിരുന്നാൽ തീരെ സംശയിക്കേണ്ടായിരുന്നു.

കാമേശ്വരി:—പിതാവേ. എനിക്കു ഇവൻെറ രൂപം കാണുമ്പോൾ പേടി തോന്നുന്നു. മലയാളദേശത്തിൽ ധാരാളം പ്രസിദ്ധ മന്ത്രവാദികൾ വസിക്കയാൽ ഭൂതപ്രേതപിശാചാദികളുടെ രൂപമൊ ഗുണമോ നമ്മുടെ നാട്ടുകാക്ക് പരിചയപ്പെടാൻ ഇടയാകുന്നില്ല. മന്ത്രശാസ്ത്രപ്രയോഗത്തിനു മലനാട്ടു ഭൂതങ്ങൾക്കു മാത്രമേ പേടിക്കാൻ ആവശ്യമുള്ളൂ എന്നുണ്ടോ? പാണ്ടിയിലെ ഭൂതങ്ങൾ മന്ത്രത്തിനെ പേടിക്കയില്ലയോ എന്തോ? പിച്ചക്കാരൊക്കെ ഭൂതങ്ങളെ ഉപാസിക്കുന്നവരാണെന്നു ഞാൻ വിശ്വസിക്കയില്ല. "ദേവൻ" എന്ന ആദ്യപദത്തിൽ നിന്നു ദുഷിച്ച രൂപമല്ലയോ തേവൻ എന്നതു്? ആ ശബ്ദം ദിവ്യത്വമുള്ളവരെയാണ് സൂചിപ്പിക്കുന്നതു്. ഈ രൂപത്തിൻെറ ദിവ്യത്വം രാത്രിയിൽ കണ്ടാൽ......ദിവ്യം......എന്നു പറഞ്ഞ് പിതാവിൻെറ പശ്ചാത്തിലെത്തി ഭയം നടിച്ചു.

ചേരൻ:—മകളെ നീ പേടിക്കേണ്ട. ഭൂതങ്ങളെക്കുറിച്ചുള്ള ഭയം നമുക്കൊരിക്കലും ഉണ്ടാകാൻ ഇടയില്ല. തേവൻ എന്ന ശബ്ദം പാണ്ടിരാജ്യത്തിലുള്ള ശൂദ്രസാമാന്യത്തിനു ഉപയോഗിച്ചുവരികയാണ്. ഇവക്ക് രാജസേവനവും, ഗ്രാമസംരക്ഷണവും കഷികവൃത്തിയുമാണ് കല്പിച്ചുകൊടുത്തിട്ടുള്ളതു്. അവരുടെ ശരീരം ഭൂപ്രകൃതിയനുസരിച്ചു കറുത്തിരിക്കുന്നു. ഇവരെ നാം സാധാരണമായി മറവർ എന്നാണ് പറയാറുള്ളതു്. പ്രകൃതിയുടെ നിർദ്ദോഷത്വം ആലോചിച്ചിട്ടാണ് തേവർ എന്ന സംജ്ഞാപദം സാങ്കേതികശബ്ദത്തിൽ പ്രയോഗിക്കുന്നതു്. പിച്ചയെടുക്കുന്നവരെ

ഭിക്ഷക്കാരെന്നു നമുക്കചൊല്ലാം. എന്നാൽ വാസ്തവത്തിൽ രാജാക്കന്മാർ ഈ ജാതിക്കാൎക്ക ജീവനം ജീവിതവും ഭിക്ഷ കൊടുക്കുന്നതുപോലെ ജീവസന്ധാരണത്തിനു അവൎക്കു സ്വാതന്ത്ര്യവും രാജകാൎയ്യങ്ങളൊ നാട്ടുകാൎയ്യങ്ങളൊ സംഭവിക്കുമ്പോൾ പരതന്ത്ര്യവുമാണെന്നു പ്രസിദ്ധിയുണ്ട്. ഇതൊന്നും നിനക്ക അറിവാൻ പാടില്ല, ഈ ജാതിക്കാർ മുഴവനും രാജകുടുംബങ്ങളെയും പ്രഭുകുടുംബങ്ങളെയും ആശ്രയിച്ചു ജീവിക്കുന്നു.

കാമേശ്വരി:—അയ്യയ്യോ! അച്ഛനു പേടിതോന്നുന്നില്ലായിരിയ്ക്കാം. വട്ടത്തിലുള്ള തലക്കെട്ടും ചെമ്പിച്ച മീശയും കരിപോലെ കറുത്ത കണ്ണും കരിമലപോലെ തടിച്ചു പൊങ്ങിയ ശരീരവും കൈയ്യുക്ക അലങ്കാരമാക്കി വെച്ചിരിക്കുന്ന നീളം കവിഞ്ഞ വടിയും, എന്നെ വല്ലാതെ ഇപ്പോഴും പേടിപ്പിക്കുന്നുണ്ട്.

ചേരൻ:—കുഞ്ഞേ! ഇവൻ സാധുവാണ്. നിന്റെ വാക്കുകൊണ്ടുവ്യസനിച്ചു പോകും. ദേശംതോറും ഭാഷാഭേദവും, ആകൃതിവിശേഷവും, സ്വഭാവവ്യത്യാസവും, ജീവികയ്ക്കുള്ള വൈവിദ്ധ്യവും വകവെക്കാനില്ല. ഇതെല്ലാം ഭൂപ്രകൃതിയെയും ശീതോഷ്ണസ്ഥിതിയേയും ഭക്ഷണക്രമത്തെയും സംസൎഗ്ഗ ഗുണത്തെയും ആശ്രയിച്ചിരിക്കയാണെന്നു നീ മനസ്സിലാക്കു.

കാമേശ്വരി:—എടോ! തനിക്ക പേകളെ പേടിയുണ്ടോ?

പേയാണ്ടി:—ചിന്നമ്മ ചൊല്ലറതെല്ലാം പേടിയായിരുക്കു. എങ്കചാതി നല്ല ചാതിയുക്കും. എന്നൈ പേയും പൂതവും പാക്കാതു.

ചേരൻ:—പേയാണ്ടി-തോലൻ എന്നോടു നേരിട്ടു വല്ലതും പറയാൻ പറഞ്ഞിട്ടുണ്ടോ?

പേയാണ്ടി:—അരചേ ഒന്നും കിടയാതു. ബതിലും വാങ്കിവരച്ചൊല്ലല്ലെ. നാൻ പോകട്ടുമാ?

ചേരൻ:—പാണ്ടിയിൽ വല്ല വിശേഷവും ഉണ്ടോ?

പേയാണ്ടി:—അപ്പപ്പാ! വിശേശം പെരിയ വിശേശം പെരുമാളെപ്പാക്ക നീങ്കൾ മലയാളത്തുക്കു പോയിട്ടു ചോളൻ ശണ്ടയ്ക്കു വന്താങ്ക. തോലനയ്യാ മുത്തിപോട്ടു ചൊളാളൈ തോല്പിച്ചു പോട്ടാങ്കാ മലയാളത്തിന്തു രൊമ്പ രൊമ്പ ചേനയും, യചമാങ്കളും വന്താങ്ക.

ചേരൻ:—മുഴുവനും പറഞ്ഞു തീൎന്നോ? പിന്നെ എന്തു?

പേയാണ്ടി:—നാങ്കളും ശണ്ടക്കു ചേൎന്നു കൊണ്ടോങ്ക. മലപോലെ ചവക്കൻറുകൾ കുവിന്താങ്ക. പിറകു ചോളനൈ തോലനയ്യാ തേടിനാങ്ക.

ചേരൻ:—പിന്നീടു, വേഗം പറയൂ. പറയാനും താമസിക്കുന്നതെന്തിനു്?

പേയാണ്ടി:—പാത്തപോതു ചോളനെ കാങ്കലൈ.

ചേരൻ:—പിന്നീടു നിങ്ങൾ ചെന്നു്?

പേയാണ്ടി:—നാങ്കൾ മതുരൈക്കു പോകാമൽ ചാലൂക്കിയാളോടു ശണ്ടൈ പോട്ടോങ്ക.

ചേരൻ:—ചോളൻറ കഥയല്ലയൊ ചോദിച്ചതു്?

പേയാണ്ടി:—ആത്തൂർ അളിമുഖത്തുകിട്ടെവെച്ചു ശന്നിയാശി അവനൈ കൊന്നാങ്ക.

കാമേശ്വരി:—അച്ഛാ! (ദീർഘശ്വാസത്തോടുകൂടി) എങ്കിൽ ഞാൻ കൃതാൎത്ഥയായി (ലജ്ജിച്ചു ഭൂതലം നേത്രം കൊണ്ടു പരിശോധിച്ചു നിന്നു.)

ചേരൻ:—കാമേശ്വരി, ഇടയ്ക്കൊന്നും പറയരുതെ? (പേയാണ്ടിയെ നോക്കി) എടോ! താൻ ശേഷം വേഗം പറയൂ.

പേയാണ്ടി:—അരശേ! കോപപ്പെടാതീങ്ക ചിന്നമ്മ ചൊന്നാന്നാ? അതു തന്തോതം താനെ? സന്ന്യാശി മതുരൈക്കിവന്താങ്ക. അങ്കൈ ആരെയും കാങ്കലൈ. ചിവമലൈയ്ക്കു വന്തു ചേന്താങ്ക ചാലൂക്കിയാളൈ തോററു കുവിത്താങ്ക.

ചേരൻ:—ചോളനും ചാലൂക്യകുലങ്ങളും നിശ്ശേഷം ഒടുങ്ങിയോ?

പേയാണ്ടി:—ആം. അയ്യാ! ആം.

ചേരൻ:—ഇദപ്പാഠം പാണ്ടിഭരിക്കുന്നതാര്?

പേയാണ്ടി:—തോലനയ്യാ.

ചേരൻ:—പേയാണ്ടി, ഇപ്പോഠം സന്യാസി എവിടെയാണെന്നു തനിക്കറിയാമോ?

പേയാണ്ടി:—തെലിയും, തെലിയും നമതരമനയിൽ താനുണ്ടു പാണ്ടിക്കാക്കു രൊമ്പരൊമ്പപ്പിടിത്തം അവാളുക്കു തിനപ്പടി പെരിയ പെരിയ പൂശൈകഠം നടത്തിവരാങ്ക.

ചേരൻ:—തനിക്കിനി വല്ലതും പറയാനുണ്ടോ?

പേയാണ്ടി:—(അല്പം ആലോചിച്ചിട്ട്) അയ്യാ, അയ്യാ നാൻ മറിന്തുപോനാങ്ക. എന്നുക്കാർ സന്യാസിയെ സൊന്തമാകപ്പാറാട്ടാങ്ക. അവാളെപ്പാത്താൽ ചിന്ന രാജാവൈപോല പാക്കറാങ്ക.

ചേരൻ:—ഇനിയും പറയാനുള്ളതു പറയൂ.

പേയാളി:—ഊരുമിച്ചൂട്ടും അലങ്കാരം ചെയ്യറാങ്ക. തെരുതോരും തോരണം പോടറാങ്ക.

ചേരൻ:—അതു എന്തിനാണെന്നു വല്ലവരോടും ചോദിച്ചുവോ?

പേയാണ്ടി:—ഉങ്കളുടയ മുടി ചൂട്ടു ചെയ്യവേണ്ടിത്താങ്ക.

ചേരൻ:—പറഞ്ഞുതീൎന്നുവോ?

പേയാണ്ടി:—ആം, അയ്യാ, ആച്ചു: മേപ്പേച്ചില്ലൈ.

ചേരൻ സ്വന്തം കൈപ്പെട്ടി തുറന്നു നാലു ഉടുപ്പും, മുണ്ടും രണ്ടു നേരിയതും പത്തു പണവും പേയാണ്ടിക്കു സമ്മാനിച്ചിട്ടു, "പേയാണ്ടി! ഞാൻ ഓലച്ചുരുഠം നോക്കിക്കൊള്ളാം. നിനക്കു പോകാൻ സമയമതിക്രമിക്കുന്നെങ്കിൽ പോകുന്നതിനും മടിക്കേണ്ട.

പേയാണ്ടി:—ആം അയ്യ. രൊമ്പ രൊമ്പ സന്തോശം. അരശ്ശുതീക്കായുസ്സോടെ നീട്ടുളികാലം വാഴങ്ക. എന്നു പറഞ്ഞു തിരിച്ചു.

പേയാണ്ടി പാണ്ടിയിലേയ്ക്കു തിരിക്കുന്നതിനു മുമ്പ് ചേരൻ "എടോ! താൻ സ്വല്പം ഒന്നു നിൽക്കു. കുറിയൊന്നു നോക്കട്ടെ എന്നു പറഞ്ഞുകൊണ്ടു രഹസ്യമായി എഴുത്തു വായിച്ചു തുടങ്ങി. ക്രമപ്രവൃദ്ധമായ മന്ദഹാസവും ആനന്ദാതിശയവും ചേരമണ്ഡലാധീശന്റെ മുഖകമലത്തിൽ തെളിഞ്ഞു കളിയാടി. പിച്ചനും, മാതാവും, കാമേശ്വരിയും, വിശേഷമെന്തെന്നറിയാതെ തന്നേ സന്തോഷസാഗരത്തിൽ മുങ്ങിക്കളിക്കയായി. സ്വല്പനേരം മറുപടി ചിന്തിച്ചു കൊണ്ടിരുന്ന ചേരനാഥൻ പേയാണ്ടിയെ നോക്കി സന്തോഷഭാവത്തിൽ വീണ്ടും സ്വന്തം പെട്ടിതുറന്നു, ചില സാമാനങ്ങൾ കൂടി എടുത്തു സമ്മാനിച്ചു. പിന്നീടു താഴെ കാണുന്ന വിധം കുറിയെഴുതി മടക്കി മുദ്ര വെച്ചു ദൂതനെ ഏല്പിക്കാൻ കൊടുത്തയച്ചു:—

---

പത്മനാഭപുരം
106—10—23.

ശ്രീ

ചേരമന്ത്രി അറിവാൻ

കുറിയിലെ കാൎയ്യം മനസ്സിലായി. നാം പാണ്ടിക്കാരുടെ സന്തോഷത്തെ സവ്വഥാ ശ്ലാഘിക്കുന്നു. പെരുമാൾ ഇവിടെ എഴുന്നെള്ളുന്നുണ്ട്. കേരളവാസികളെല്ലാം ഇങ്ങോട്ടു വന്നുചേരും. സാമന്തന്മാൎക്കും കുറികൾ അയച്ചിരിക്കുന്നു. സന്യാസിയെ കുറിച്ചുള്ള സംശയങ്ങൾ മുഴുവനും നീങ്ങിക്കഴിഞ്ഞു. നമ്മൾ വരുന്ന മിഥുനം 7-നു ഗുരുവാരവും പുഷ്യനക്ഷത്രവും കൂടിയ ശുഭദിനത്തിൽ തുലാലഗ്നത്തിൽ പുത്രിക്കു വിവാഹമഹോത്സവം ആഘോഷിക്കാൻ ഉത്സാഹിക്കുന്നു. താങ്കളും നമ്മുടെ ബന്ധുക്കളായ കോലൻ തുളുനാടൻ, ഉൾനാടൻ, തുടങ്ങിയ സാമന്തന്മാരുമെല്ലാം സന്യാസിയോടുകൂടി ഇങ്ങുവന്നു ചേരണമെന്നാഗ്രഹിക്കുന്നു. പരാന്തകപാണ്ഡ്യന്റെ കാലം കഴിഞ്ഞിരിക്കയാൽ വിക്രമകേസരിയെ തല്ക്കാലം പാണ്ടിരാജ്യം ഭരിച്ചു കൊള്ളുന്നതിനു് വേണ്ട ഏൎപ്പാടുകൾ ചെയ്തുകൊള്ളണം. വിക്രമകേസരിയെ ബന്ധനത്തിൽനിന്നും മുക്തനാക്കി പാണ്ഡ്യമന്ത്രിയായി വാഴിച്ചിരിക്കുന്നു. ശേഷം വഴിയെ

ഒപ്പ്
ചേരപുരീനാഥൻ

ഈ കത്തുംകൊണ്ടു പേയാണ്ടി പാണ്ടിക്കു് പുറപ്പെട്ടു. കാമേശ്വരിയും, മാതാവും, ചേരനാഥന്റെ വിജയലക്ഷ്മിയേയും സന്യാസിയെക്കുറിച്ചുള്ള പാണ്ടിക്കാരുടെ വിശ്വാസത്തേയും ലോകവാൎത്തയുടെ സാരസ്യത്തേയും തോലനു കൊടുത്തയച്ച മറുപടിയേയും ചിന്തിച്ചു ചിന്തിച്ചു കാത്യായനിയേയും കുമരേശനേയും, കരകവിഞ്ഞ ഭക്തിവിശേഷത്തോടുകൂടി ഭജിച്ചുരസിച്ചു. സമയം അതിക്രമിച്ചുപോകയാൽ ചേരഭൂപൻ പാകശാലയിൽ കടന്നു വിശപ്പടക്കിക്കൊണ്ടു പട്ടാഭിഷേകത്തിനും പുത്രിയുടെ കല്യാണമഹോത്സവാഘോഷത്തിനും കാലേക്കൂട്ടി സജ്ജമാക്കിത്തീൎക്കാനുള്ള കാൎയ്യങ്ങളെ കൂലങ്കഷമായി ചിന്തിച്ചുകൊണ്ടു പള്ളിയറയിൽ സുഖിക്കയായി.

## അദ്ധ്യായം ൩൨.

### പട്ടാഭിഷേകം.

ചേരനാട്ടിൽ ചിത്രകൂടപൎവ്വതത്തിന്റെ സ്വല്പം തെക്ക പടിഞ്ഞാറുമാറി വേണാട്ടു ഭൂപന്മാരുടെ പഴയ രാജധാനിയെന്നു പ്രസിദ്ധികേട്ടിട്ടുള്ള പത്മനാഭപുരം കോട്ടയ്ക്കകത്തു നാലു രഥ വീഥികളിലും പുരദ്വാരങ്ങളിലും, ഗോപുരവാതിലുകളിലും, കേരളവാസികളെന്നല്ല, പരദേശികളും പുണ്യഭൂമിയിലുള്ള പ്രസിദ്ധ രാജപുരുഷകേസരികളും കൂട്ടം കൂടി പട്ടണംമുഴവൻ ആക്രമിച്ചുകഴിഞ്ഞിരുന്നു. ഓരോസ്ഥലത്തുമനേക മാതിരിയിലുള്ള പന്തലുകളും പല പല വിതാന വിശേഷങ്ങളും നാനാവിധാലങ്കാരസാമഗ്രികളും അണിഅണിയായി നിരത്തി യോഗ്യതാനുക്രലം പ്രശോഭിച്ചുകൊണ്ടിരുന്നതു കണ്ടുനിന്നവരെല്ലാം അതാതു സ്ഥലവിശേഷം കണ്ടവസാനിപ്പിക്കാൻ കഴിയാതേയും, കാലത്തിന്റെ വിലയ്ക്കു് മഹിമ കല്പിക്കാതേയും, കണ്ണിനു വിശ്രമാവസരം അനുവദിക്കാതേയും ഒന്നിലും മനസ്സംതൃപ്തിക്കു സ്ഥലമവകാശപ്പെടുത്താതെയും അടുത്തുനിന്നു കണ്ടു രസിക്കുന്നവരുടെ ഉന്തും, തള്ളലും, അടിയും പിടിയും അനുഭവിക്കാൻ മടിക്കാതേയും ബന്ധുജനങ്ങളുടേയും പുത്രപൗത്രാദികളുടെയും വേർപാടുകളൊന്നും ഓൎമ്മിക്കാതെയും സ്ഥാനമാനാദികളെയോ ജാതിമുറകളെയോ, വയഃക്രമങ്ങളേയോ വൃഥാ വില കല്പിച്ചു വഴക്കുകൾ കൂടി കാലം കളയാതെയും അവരവർ ആദ്യമാദരിച്ച പ്രദേശങ്ങളൊഴിഞ്ഞ് അടുത്തുനിന്നവൎക്കു കൂടി കടക്കാൻ കരുണ കാണിക്കാതേയും കാഴ്ചകൾ കണ്ടു കണ്ടു കാലയാപനം ചെയ്തയായിരുന്നു.

പട്ടാഭിഷേകമഹോത്സവമനുഭവിക്കാനടുത്തുകൂടി നിന്നവർ സന്തോഷസൂചകങ്ങളായ ജയവിജയശബ്ദങ്ങളുടേയും മംഗളകരങ്ങളായ ചെണ്ട തുടങ്ങിയ വാദ്യഘോഷങ്ങളുടേയും സ്വന്തം മനസ്സുപൊട്ടി പുറത്തു പുറപ്പെടുവിക്കുന്ന ആർപ്പുവിളികളുടേയും കടൽത്തീരത്തിൽ കളിയടിക്കൊണ്ടിരിക്കുന്ന തിരമാലകളുടെ കല്ലോലപങ്ക്തികൾ പോലെ തമ്മിൽ തമ്മിൽ തല്ലിച്ചില

യ്യുന്ന ഘോഷ വിശേഷങ്ങളെകൊണ്ടു ആഘോഷിച്ചിരിക്ക യാലവൎക്ക് ആഗമനപ്രയോജനം അസാദ്ധ്യമായിതീൎന്നുവെന്നു അനുമാനിക്കേണ്ടിയിരുന്നു. എന്നാൽ ദിവ്യത്വം, മഹത്വം, ഗുരുത്വം, പടുത്വം, എന്നീ ഗുണ വിശേഷങ്ങളാൽ, അലംകൃതന്മാരായ ദേവന്മാർ, മഹാന്മാർ, ഗുരുക്കന്മാർ, പണ്ഡിതന്മാർ തുടങ്ങിയ പൂജിതന്മാർ, പാൎത്ഥിവേന്ദ്രൻെറ പട്ടാഭിഷേക മഹോത്സവസുഖം അനുഭവിക്കാനടുത്തു കൂടിനിന്നു ക്ലേശിക്കുന്നുണ്ടായിരുന്നു; എങ്കിലും അപ്പോഠം അവർ അവിടെ സ്വല്പവും കാലം കളയാതെ സ്വന്തം അന്തരിന്ദ്രിയത്തേയും ബാഹ്യ ചക്ഷുസ്സിനെയും സമാധാധപ്പെട്ടുകൊള്ളാൻ സമ്മതിക്കാതെ സൎവ്വത്ര ചഞ്ചലിപ്പിച്ചതിലാണ് എനിക്കു സങ്കടം തോന്നുന്നതു്.

അന്നു "കൊട്ടാരത്തിനകത്തും മററുമുള്ള പ്രദേശങ്ങളിലുമെല്ലാം ഒന്നുപോലെ വിചിത്ര വേലകളെകൊണ്ടും, ചിത്രരൂപങ്ങളെകൊണ്ടും, തോരണധോരണികളെകൊണ്ടും പ്രശോഭിപ്പിച്ചിരുന്നു.

അവിടെ അണിയണിയായി ആനപ്പട്ടാളങ്ങളും കൂട്ടം കൂട്ടമായി കുതിരക്കൂട്ടങ്ങളും, കടലും കാടുമൊന്നുപോലെ യിണക്കിക്കൂട്ടിയ കാലാഠം സൈന്യകുലങ്ങളും, ദേവേന്ദ്ര വിമാനങ്ങഠം പോലെ തെളിഞ്ഞു വിളങ്ങുന്ന തേരു തുടങ്ങിയ വാഹന പങ്ക്തികളും മുറ തെററാതെ മനോഹരങ്ങളായി അകമ്പടി സേവിച്ചിരുന്നു. പാണ്ടി, പരദേശം, മലയാളം, മുതലായ നാട്ടിലുള്ള നാഗസ്വരം വായനക്കാർ വിവിധ വിനോദകരങ്ങളായ കുഴൽ നാദങ്ങളെ നല്ലൊരു നിലയിൽ ചലിപ്പിച്ചു കൊണ്ടിരുന്നു. നൎത്തകികളെല്ലാം മാൎത്തുപുളച്ചു കീൎത്തി നേടാനായി വൃത്താകൃതിയിൽ നൃത്തങ്ങഠം തകൎത്തുകൊണ്ടിരുന്നു. ഗായകന്മാരാകെ ഗന്ധൎവ്വവൎഗ്ഗങ്ങളെ കിങ്കരന്മാരാക്കിവെക്കാൻ രാഗാലാപം കൊണ്ടു ഗണപതിക്കു കുറിച്ചിരുന്നു. വന്ദികളും സ്തുതിപാഠകന്മാരും ഉള്ളിൽ തോന്നുന്നതെല്ലാം വെളിക്കു സ്തോത്രങ്ങളാക്കിവിട്ടു. കട്ടിയക്കാർ അങ്ങു കിട്ടിയതെല്ലാം "കട്ടിയംകൂറാൻ" വട്ടംകൂട്ടി വൃദ്ധസുമംഗലികഠം സൌഗന്ധ്യാദികളെകൊണ്ടു് സൈരന്ധ്രികളെപ്പോലെ ചമഞ്ഞിറങ്ങി നീരാജന മാചരിക്കാൻ വരികയായി. സൎവ്വ

സാക്ഷിയായ സൂൎയ്യഭഗവാനും സ്വയം ചുവന്ന ശോഭകലൎന്നു പൂൎവ്വാശാമുഖമാശ്രയിച്ചിരുന്നു.

ഈ സമയത്തിന്നുമുമ്പു്, കോലത്തു നാട്ടിൽനിന്നും പെരുമാൾ പേരാനന്ദത്തോടുകൂടി പുരത്തിലെത്തിക്കഴിഞ്ഞു. ആഴ്വാഞ്ചേരി തമ്പ്രാക്കളാദിയായ ആരണവരരും കാരണവസ്ഥാനത്തിലാസനമുറപ്പിച്ചു. തോലൻ, കോലൻ, തുളുനാടർ, പാണ്ഡ്യർ എന്നിവർ പരക്കെ നിരന്നിരുന്നു. അപ്പോഴാണു് സന്ന്യാസവേഷധാരിയായ പരാന്തകപുത്രൻ രാജസിംഹവീരപാണ്ഡ്യൻ പട്ടണ പ്രവേശത്തിന് പുറപ്പെട്ടിരുന്നതു്, യതിവൎയ്യനെ എതിരേല്ക്കാൻ അകമ്പടികളോടുകൂടി പിച്ചൻ ശ്രൌതിയുടെ സാന്നിദ്ധ്യത്തിൽ സൎവ്വരും സന്നിഹിതരായിരുന്നു. ചേരഭൂപനും, തമ്പ്രാക്കളും, പ്രധാനികളായ ചില സാമന്തന്മാരും അകമ്പടിയിൽ പങ്കുകൊണ്ടു. കതിനാവെടികളും കുറ്റിവെടികളും ക്ഷണത്തിന്നു ക്ഷണം പൊട്ടിച്ചുവിട്ടു. കാണികളും, പുരവാസികളും, പാണ്ടിക്കാരും, മലയാളികളും, കാളിന്ദിയും, ഗംഗയും തമ്മിൽ മേളിച്ചതുപോലെ കോലാഹലത്തോടുകൂടി പരിതസ്ഥിതകളെ പരിപൂതമാക്കിത്തീൎത്തു നടക്കയായി. ദേവേന്ദ്രസഭയെപ്പോലെ ശോഭായമാനമായി പ്രകാശിപ്പിച്ചിരുന്ന ചേരരാജസദനത്തിന്നകത്തു നിത്യമംഗളരൂപത്തിലാനന്ദനൎത്തനം ചെയ്യുന്ന ആസ്ഥാനമണ്ഡപം പട്ടാഭിഷേകത്തിന്നുള്ള സുസ്ഥാനപ്രദേശമായി തീൎന്നിരിക്കയാൽ അതിന്നടുക്കലായി യതിവൎയ്യന്റെ ഘോഷയാത്രയും അവസാനിപ്പിച്ചു. സന്ന്യാസിയും പല്ലക്കു വിട്ടിറങ്ങി യാതൊരുവിധത്തിലുള്ള പൌരുഷപ്രകടനവും കൂടാതെ സ്വസ്ഥചിത്തനായിത്തന്നെ മന്ദം മന്ദം മഹാന്മാരുടെയും മാന്യന്മാരുടെയും പൂജ്യന്മാരുടെയും പുരോഹിതന്മാരുടെയും ഇടയിൽ കൂടി കടന്നുചെന്നു സ്വാശ്രമത്തിന്നു യോജിച്ചവണ്ണം രാജസിംഹാസനത്തോടു തൊട്ടു സ്ഥാപിച്ചിരുന്ന രജതമയമായ പീഠത്തിൽ പരിശുദ്ധവേഷത്തോടു പ്രശോഭിച്ചു. സൎവ്വലോകവുമൊത്തൊരുമിച്ചു ഉത്ഥാനവും ചെയ്തു യതിപാദകമലങ്ങളിൽ പ്രണാമാൎപ്പണങ്ങളെക്കൊണ്ടും സ്വംസ്വമപരാധക്ഷമാപണാൎപ്പണംകൊണ്ടും കൃതാൎത്ഥത നേടി. ചേരരാജഭവനം ദേവലോക

സമാനം സൎവ്വവിധ ശ്രേയസ്സുകളുടെ ശേവധിത്വം കൊണ്ടു ശിവങ്കരമായി ചമഞ്ഞു. അനന്തരം പെരുമാൾ അതിപ്രകാശമാനമായി ആസ്ഥാന പീഠദേശത്തിൽ നില്ക്കുന്നുണ്ടായിരുന്നു. കാണികളും വൈദികന്മാരും, കുടികളും, കോയിമ്മ അധികാരികളും പ്രഭുക്കന്മാരും സമ്പന്നന്മാരും പാണ്ടിക്കാരും മലനാട്ടുവാസികളും ഉൾനാടൻ, തുളുനാടൻ തുടങ്ങിയ സാമന്തരാജാക്കന്മാരും യോഗ്യതാനുകൂലം അലംകൃതമാക്കിവെച്ചിരുന്ന ആസനങ്ങളിൽ മൌനം പൂണ്ടു മുഹൂൎത്തസമയം പ്രതീക്ഷിച്ചിരിക്കയായിരുന്നു. നാലുകെട്ടിനകത്തു കാമേശ്വരിയുടെ ഉദ്വാഹകൎമ്മത്തിന്നു പൂൎവ്വാംഗമായ പ്രതിസരബന്ധം മുതലായ വൈദികകൎമ്മങ്ങൾ, ബ്രാഹ്മണ പ്രവരന്മാരുടെയും, ദീക്ഷിതശ്രോത്രിയന്മാരുടെയും മേൽനോട്ടത്തിൽ ആചാൎയ്യൻ യഥാവിധി നടത്തിച്ചുകൊണ്ടിരുന്നു. പൌരസ്ത്രീകളും ദാസീജനങ്ങളും ദേവീവൎഗ്ഗങ്ങളും ദേവവനിതകളും കാമേശ്വരിയുടെ പ്രതിസരബന്ധമഹോത്സവമഭിമാനിച്ചുകൊണ്ടു കൂടക്കൂടെ ചില കുരവകൾ ഉച്ചത്തിൽ ഉൽഘോഷിപ്പിച്ചുകൊണ്ടിരുന്നു, രാജപത്നി പുത്രിയുടെ മുഖകമല നീരീക്ഷണം കൊണ്ടു സൎവ്വവും വിസ്മരിച്ചിരുന്നു. പകൽ ഏഴേകാൽ മണിയോടുകൂടി കാമേശ്വരിയുടെ വിവാഹപൂൎവ്വാംഗങ്ങൾ കഴിഞ്ഞു് കുലദേവതാപൂജനത്തിനു കമരേശ്വര സന്നിധിയിലെത്തി പ്രാൎത്ഥനകൾ തുടങ്ങി. വഴിക്കു കാണാനിടയായിതീൎന്ന സംഭവവിശേഷങ്ങളെ വൎണ്ണിച്ചെഴുതി കാലതാമസം വരുത്തുന്നതിനേക്കാൾ ഊഹിക്കയാണു നന്നു്. അന്നു സുബ്രഹ്മണ്യാലയത്തിലധികം ജനങ്ങൾ ആഘോഷം കണ്ടാനന്ദിക്കാനും സേനാനിയെ സന്ദൎശിക്കാനും എത്തീട്ടുണ്ടായിരുന്നതുകൂടാതെ ഭക്തിരസം നിറഞ്ഞ പാട്ടുകളെക്കൊണ്ടു തുള്ളിമറിഞ്ഞു കളിക്കുന്ന കാവടിക്കെട്ടുകളും സംസാര ചക്രശക്തിയെ ഭയന്നു് ഭക്തിപോതത്തെ അവലംബമാക്കി ചിത്തവൃത്തിയെക്കൊണ്ടു തുഴഞ്ഞു ജന്മസാഫല്യം നേടാൻ വാഞ്ഛിക്കുന്ന ഭക്തന്മാരുടെ കൂട്ടവും കാണാനുണ്ടായിരുന്നു. ദേവതാഗാരത്തിൽ അഭിഷേകവും അൎച്ചനാനിവേദനങ്ങളും ഒന്നരമണിക്കൂർ സമയംകൊണ്ടു അതികേമമായിക്കഴിഞ്ഞു. നേൎച്ചകളെല്ലാം വീഴ്ചവരുത്താതെ പ്രാൎത്ഥനാപൂൎവ്വകം പാൎത്ഥിവപുത്രിയും പൂൎത്തിയാക്കി. പിന്നീടു

അവർ ആഘോഷങ്ങളോടുകൂടി അംബികാലയത്തിലെത്തി വംശാഭിവൎദ്ധിനിയെ വണങ്ങിസ്തുതിച്ചു. ഭവാനീക്ഷേത്രത്തിലും വിശേഷമായ വിധം പൂജാദികാൎയ്യങ്ങൾ നടത്തുകയുണ്ടായി. അന്നേരം അവരുടെ മുമ്പിൽ വെളിച്ചപ്പാട് തുള്ളിവന്നു. "കാമേശ്വരി, നിനക്കു അഷ്ടൈശ്വൎയ്യസിദ്ധിയും മനോരഥപ്രാപ്തിയും സജ്ജനപ്രശസ്തിയും നീണ്ടൊരുകീൎത്തിയും അനുരൂപ സൌഭാഗ്യലബ്ധിയും സത്സന്തതിവൃദ്ധിയും ദീൎഘമാങ്ഗല്യപൂൎത്തിയും അനുഗ്രഹിച്ചിരിക്കുന്നു" എന്നരുളിച്ചെയ്തു.

അന്നേരം ആ സ്ഥലത്തിലുള്ളവരെല്ലാം ആനന്ദ ബാഷ്പവൎഷം പൊഴിച്ചുകൊണ്ട് അംബികയെസ്തുതിച്ചും പുഷ്പപുഞ്ജങ്ങളെ പാദാൎച്ചനം കഴിച്ചും കാമേശ്വരിയുടെ കല്യാണകാലം കാണാൻ ആശിക്കയായി. ഇതിനകം കാമേശ്വരിയുടെ വ്രതസമാപ്തി കൎമ്മങ്ങളെല്ലാം യഥായോഗ്യം നിൎവ്വഹിച്ചിരിക്കയാൽ വീണ്ടും യാത്ര തുടൎന്നു. അകമ്പടികളോടും അനുയായികളോടും കൂടി അരമണിക്കൂർ സമയംകൊണ്ടു അന്തഃപുരത്തിലെത്തിക്കഴിഞ്ഞു.

അതിനകം സഭാ മണ്ഡപത്തിലിരുന്നവരെല്ലാം പെരുമാളുടെ വിവക്ഷയെന്തെന്നറിവാൻ ഉത്സുകന്മാരായിത്തീൎന്നിരുന്നു. സന്ന്യാസിയും മ്ളാനവദനയായി ഭാവിയെ ഭൂദേവിയോടു അറിയിച്ചുതരാൻ ആവശ്യപ്പെട്ടുകൊണ്ടിരിക്കയായിരുന്നു. പെരുമാൾ പ്രസന്നവദനയായി ചേരപ്രശസ്തിയെ സുപ്രസിദ്ധമാക്കിക്കൊണ്ട് "ചേരചോള പാണ്ഡി മണ്ഡലങ്ങൾക്കു ഏകനാഥനായി ചേരനെ വാഴിക്കാൻ ഞാനനുഗ്രഹിക്കുന്നു"

ആഴ്‌വാഞ്ചേരി തമ്പ്രാക്കൾ:—ഞാനും അങ്ങനെ വിചാരിക്കുന്നു

പൌരരെല്ലാം കരഘോഷംചെയ്തു.

"അവ്വണ്ണം തന്നെവേണം" എന്നു വിളിച്ചു പറഞ്ഞു. അപ്പോൾ അവരുടെ ഇടയിൽ നിന്നും പണ്ടാരവേഷധാരിയായ ശാസ്ത്രീയർ സന്ന്യാസിയെ ചൂണ്ടിക്കൊണ്ടു സഭാംഗങ്ങളേയും ചേരനേയും സൂക്ഷിച്ചുനോക്കി. സ്വല്പം കഴിഞ്ഞു സഭയുടെയും സഭാദ്ധ്യക്ഷൻെറയും സമ്മതം ലഭിച്ചതുപോലെ ഭാവിച്ചുകൊ

ണ്ടു് ഇങ്ങനെപറഞ്ഞുതുടങ്ങി. ‘‘നിങ്ങളുടെ ആഗ്രഹംപോലെ സവ്വവും മംഗളമായി സംഭവിച്ചു കാണാനെനിക്കതിമോഹമു ണ്ടു്. ചേരനെ ചക്രവത്തിസ്ഥാനത്തിലാണു് വാഴിക്കേണ്ടതു്. ചോള ചക്രവത്തിയുടെ വംശത്തിൽ യുവരാജാവായ രാജകേസ രിവമ്മനെ വാഴിച്ചു കാണാൻ തദ്ദേശവാസികളും, ചോളനാട്ടുകാരും അപേക്ഷിക്കുന്നുണ്ടു്. ചോള പുത്രൻ ചേരനാഥന്റെ കല്പന യ്ക്കിണങ്ങി കാലാകാലങ്ങളിൽ കപ്പം തന്നു പാത്തുകൊള്ളാമെ ന്നു സമ്മതിച്ചു പറയുന്നു. അങ്ങനെ സഭയിൽ നിന്നും കല്പന യ്ക്കു കൃപചെയ്യാൻ ഞാൻ അപേക്ഷിക്കുന്നു.’’

സഭാംഗങ്ങളെല്ലാം അപ്പോഴും കരഘോഷം നടത്തി സമ്മ തിച്ചു. ചേരൻ പെരുമാളുടെ മുഖഭാവം സൂക്ഷിച്ചുനോക്കിയതി നുശേഷം ‘‘നിങ്ങളുടെ അപേക്ഷയും സഭയുടെ സമ്മതവും പെരുമാൾതിരുമനസ്സിനു സംതൃപ്തിയും ഒന്നുപോലെയാണെ ന്നെനിക്കു തോന്നുന്നു. എന്നാൽ അങ്ങനെ ഞാൻ ചോളപുത്ര നെ രാജാവാക്കിക്കൊള്ളാൻ സമ്മതിച്ചിരിക്കുന്നു. എങ്കിലും എന്റെ നിബന്ധനകൾക്കു വല്ല വ്യത്യാസവും വരുന്നാകിൽ കിരീടം വെപ്പിക്കാനിടയാകുമെന്നു നിങ്ങൾ പ്രത്യേകം ശ്രദ്ധി ച്ചുകൊള്ളണം.’’

പണ്ടാരം:—അതൊക്കെ അങ്ങനെയാണു വേണ്ടതെന്നു അവ രും സമ്മതിക്കുന്നു. ഭവാന്റെ കല്പനകളെ പ്രത്യക്ഷരം ചോളനാട്ടുകാരും രാജകേസരിവമ്മനും അനുഷ്ഠിക്കുമെന്നു ശപഥംചെയ്തു പറയാം. ഞങ്ങളുടെ രാജധാനി കാഞ്ചീ പുരത്തിലാക്കിയാൽ കൊള്ളാമെന്നുകൂടി അപേക്ഷയുണ്ടു്.

ചേരൻ:—വിരോധമില്ല.

പണ്ടാരം:—ഇനി ഒന്നുകൂടി എനിക്കു പറയാനുണ്ടു്. കല്പനയു ണ്ടെങ്കിൽ പറയാമെന്നു വിചാരിക്കുന്നു.

ചേരൻ:—സംശയിക്കേണ്ട, കാലം തെററാതെ കുടികളുടെ ഹി തത്തിനായി എന്തും ചെയ്യാൻ ഞാൻ സജ്ജനായിരിക്കു ന്നു. നിങ്ങളുടെ വിചാരം വെളിപ്പെടുത്തുന്നതിനു മടിക്കേ ണ്ട.

പണ്ടാരം:—എന്നാൽ ഇതാ നിങ്ങളുടെ അടുക്കലായി സ്ഥിതി ചെയ്യുന്ന സന്ന്യാസിവേഷധാരിയായ പുരുഷോത്തമൻ വാസ്തവത്തിൽ സന്ന്യാസിയല്ല. പാണ്ഡ്യഭൂപനായ പരാന്തകന്റെ പുത്രനാണ്. മാരവമ്മരാജൻ എന്നാണ് തിരുനാമം. ഇദ്ദേഹം സവ്ശാസ്ത്രപാരംഗതനും യുദ്ധമുറകളിൽ അതിപ്രസിദ്ധനും സത്യനിഷ്ഠനും സവ്യസാചിയെപ്പോലെ വിക്രമനും ആണ്. തന്റെ ബാല്യത്തിൽതന്നെ പിതാവിന്റെ ദുഷ്പ്രവൃത്തി കണ്ടു വ്യസനിക്കയാൽ യാചനാവഴി പിതാവിനെ ഗുണദോഷിക്കാനാരംഭിച്ചു. പാണ്ഡ്യൻ വ്യാസന്റെ വിടുവാക്കു കേട്ടിളകി മാരവമ്മനെ നാട്ടിൽനിന്നും പുറത്താക്കി. പിന്നീടു നടന്ന സംഭവമൊന്നും എനിക്കറിയാൻ പാടില്ല. ഞാൻ ഇദ്ദേഹത്തെ പഠിപ്പിച്ചുകൊണ്ടിരുന്ന ശാസ്ത്രികളാണ്. മാനസാരനെന്ന മന്ത്രിയും ഇദ്ദേഹവും ഒരേ സമയത്താണ് നാടുവിട്ടുപോയതു്. പിന്നീടെനിക്കു പാണ്ടിയിൽ താമസിക്കാൻ സമ്മതമുണ്ടായില്ല. വ്യാസൻ വിദ്യാഭ്യാസംകൊണ്ടു എനിക്കു വലിയ ശത്രുവാക്കിത്തീക്കയാൽ പണ്ടാരങ്ങളുടെ കൂട്ടത്തിലെത്തി ഭിക്ഷയെറവും ദേശംതോറവും ചുററിനടന്നും ജിവിക്കയാണ്. ഇതിന്റെ പരമാത്ഥം ഈ മഹാനുഭാവനായ യുവപാണ്ഡ്യനോടു ചോദിച്ചാൽ എല്ലാം വെളിപ്പെടാനിടയാകും" എന്നിത്രയും ഗൽഗദസ്വരത്തിൽ പറഞ്ഞു വ്യസനാക്രാന്തനെപ്പോലെ അധോമുഖനായി പൂവ്സ്ഥാനത്തെ ആശ്രയമാക്കിത്തീത്തു. ഇത്രയും ശ്രദ്ധിച്ചും സൂക്ഷിച്ചുംകൊണ്ടിരുന്ന സഭാംഗങ്ങളും ചേരഭൂപനും തമ്പ്രാക്കളും ഇതികത്തവ്യതാമൂഢരായി പെരുമാളുടെ മുഖകമലം സൂക്ഷിച്ചുനോക്കിത്തുടങ്ങി.

പരേങ്ഗിതജ്ഞനായ പെരുമാൾ പെട്ടെന്നെഴുന്നേററുനിന്നു സന്ന്യാസിയെ അഭിമുഖീകരിച്ചുകൊണ്ടു് സപ്രശ്രയം ഇങ്ങനെ വചിച്ചു.

"അല്ലയോ! ആശ്രമസ്വീകാരം കൊണ്ടു പൂജ്യനായിത്തീന്ന യുവഭൂപ! ഈ പണ്ടാരവേഷധാരിയായ ശാസ്ത്രി

യശം പറഞ്ഞതെല്ലാം ശ്രദ്ധിച്ചുകാണുമെന്നു തോന്നുന്നു. ഞങ്ങളെല്ലാം എപ്പോഴും പരമാൎത്ഥബുദ്ധിയെ പ്രമാണമാക്കീട്ടാണ് ജീവിതത്തെ പാലിച്ചു വരുന്നതെന്നു ഭവാൻ മനസ്സിലാക്കണം. അപഥാചരണംകൊണ്ടു ആപത്തു വല്ലതും പിണയുമെന്നു പേടിക്കേണ്ട, അങ്ങു ഞങ്ങളുടെ ആപത്തിൽ പങ്കുകൊണ്ടു പോരിനു ചെന്നതും ചോളനേയും ചാലൂക്യപ്പടയെയും ഒടുക്കിയതും ഓൎക്കുമ്പോൾ സാമാന്യസന്ന്യാസിയല്ലെന്നും ക്ഷത്രിയജാതിയിലുള്ള മുനിയായിരിക്കാമെന്നും ഞങ്ങൾ സംശയിക്കാതിരുന്നില്ല. നിങ്ങൾ ചെയ്തുതന്ന ഉപകാരവിശേഷത്തിനു പ്രത്യുപകാരം ചെയ്തുതരുന്നതല്ലാതെ ആപത്തുകളൊന്നും സംഭവിക്കുന്നതിനു കാരണമായി വരുമെന്നു സ്വല്പവും സംശയിക്കേണ്ട. പട്ടാഭിഷേകത്തിനുള്ള സമയം അതിക്രമിച്ചുവരുന്നു. വേഗം പറഞ്ഞാൽ ഞങ്ങൾക്കു മനസ്സമാധാനത്തിനും അനന്തരകരണീയത്തിനും വഴിയുണ്ട്. വേണ്ടാത്ത വിചാരങ്ങൾക്കു വഴിപ്പെടാതെ കഴിഞ്ഞ സംഭവങ്ങളെ വിസ്മരിച്ച് പ്രകൃതം അനുസരിക്കണമെന്നാണ് ഞങ്ങളുടെ പ്രാൎത്ഥന. ഭവാൻ എന്തു വിചാരിക്കുന്നു" എന്നുച്ചത്തിൽ പറഞ്ഞു.

സന്ന്യാസി പ്രജ്ഞാവിഹീനനായിത്തീൎന്നുവെങ്കിലും പുരുഷത്വത്തെ സ്വശക്തിയാൽ അവലംബിച്ചുകൊണ്ട് സ്വപീഠത്തിൽ നിന്നെഴിച്ചു സപ്രശ്രയം സഭയെയും ചേരഭൂപനെയും പെരുമാളെയും നോക്കി അഞ്ജലിബന്ധം ചെയ്തു തൊഴുതുനിന്നിങ്ങനെ പറഞ്ഞു.

"ബഹുമാനപ്പെട്ട പണ്ഡിതസഭയിൽ പരസ്യപ്പെടുത്താൻ പാടില്ലാത്ത പ്രസ്തുതവൃത്താന്തം എന്നെ അത്യധികം പരതന്ത്രനാക്കി വെക്കുന്നു. പണ്ടാരവേഷധാരിയായ ഗുരുവയ്യൻ പറഞ്ഞതെല്ലാം പരമാൎത്ഥമാണെന്നു പൂൎണ്ണമായി വിശ്വസിക്കാം. ഞാൻ നാടുവിട്ടു പുറപ്പെടുമ്പോൾ ആത്മരക്ഷയ്ക്കായി സ്വീകരിച്ച വേഷമാണിത്. അതിനുശേഷം ഇന്നത്തെ സംഭവം വരെ സന്ന്യാസാശ്രമം ലോകജീവിതത്തിലെന്നെ അസഹായശൂരനാക്കി വെച്ചതിൽ നിന്നും ആശ്രമത്തിൻെറ മാഹാത്മ്യം ഞാൻ മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു. ത്രികരണവൃത്ത്യാ പാ

പകമ്മങ്ങളിൽ ബുദ്ധിയ്ക്കു ഒരിക്കലും പ്രവേശം അനുവദിച്ചു കൊടുത്തിട്ടില്ല. അതിദയാലുവായ ചേരഭൂപൻെറ സല്ക്കാരമാനാദികളാൽ സ്ഥിരതാമസത്തിന്നിച്ഛിച്ചുപോയി പരമാത്ഥമറിയിക്കാതെ പരവഞ്ചനത്തിന് പാത്രീഭവിച്ച എന്നെ കുററപ്പെട്ടുത്തേണ്ടതു് അത്യാവശ്യം തന്നെ. എന്നാൽ ലോകാപവാദത്തെ ഭയന്നും ആത്മാഭിമാനത്തെ സംരക്ഷിക്കാനുമായിട്ടാണ് വസ്തുതയെല്ലാംമറച്ചു വെച്ചതെന്നു വിചാരിച്ചു മഹനീയഗുണനിലയരായ ഭവാന്മാർ എൻെറ കുററം ക്ഷമിക്കുമെന്നു പൂണ്ണമായി വിശ്വസിക്കുന്നു. ഇതാണ് എൻെറ പൂവ്വരൂപം" എന്നു കാഷായം മാററി രാജപുത്രനായി സ്ഥിതിചെയ്തു.

അപ്പോൾ കരഘോഷവും ജയവിജയശബ്ദവും ക്രമത്തിലധികം വദ്ധിച്ചുതുടങ്ങി. മംഗളവാദ്യങ്ങളും മുഴങ്ങിനിന്നു. സഭയും, സഭാംഗങ്ങളും, ചേരൻ തുടങ്ങിയ രാജാക്കന്മാരും പെരുമാളുമെല്ലാം കുതുകികളായിത്തീന്നു. ഈ ഘട്ടത്തിലാണ് ഈശ്വരപ്രാത്ഥനകളെല്ലാം പൂത്തിയാക്കീട്ടു പുരദ്വാരത്തിലൂടെ കാമേശ്വരി കന്യാഗാരം കടന്നുചെന്നതു്. കരഘോഷവും വിജയശബ്ദങ്ങളും സഭയ്ക്കു ചെല്ലുന്നതിന്നു കാമേശ്വരിയെ ഇളക്കിവിട്ടു. രാജപത്നിയും ചേരപുത്രിയും ജവനികകളുടെ അന്തർഭാഗത്തിൽനിന്നു സഭയെ സമീക്ഷിച്ചു സന്ന്യാസിയിരുന്ന പീഠത്തിൽ സന്തുഷ്ടമനസ്കനായ ഒരു യുവരാജാവു് സ്ഥിതിചെയ്യുന്നതുകണ്ടു വിസ്മയിച്ചുപോയി. അപ്പോഴത്തെ കാമേശ്വരിയുടെ ഹൃത്തടത്തിലെത്തിയ വിചാരങ്ങളേയോ, സന്തോഷവിഭവങ്ങളുടെ വിലാസങ്ങളേയോ, ഭവിതവ്യതാ വൈഭവങ്ങളുടെ വിജ്ഞാനശകലങ്ങളേയോ വിചാരിക്കാൻ കൂടി സാധിക്കാതെവന്നതിൽ സന്ദർഭത്തെ കുററപ്പെടുത്തിക്കൊണ്ടു പ്രകൃതാനുകൂലം പ്രവത്തിക്കയാണു വേണ്ടതെന്നു വിചാരിച്ചിട്ടോ മറേറാ മനോഹരാംഗി മൗനം വിട്ടിട്ടു സ്വമാതാവിനോടു യുവരാജാവിനെക്കുറിച്ചു് ഓരോന്നു ചോദിച്ചുതുടങ്ങി. ചേരൻ സന്തോഷസാഗരനിമഗ്നനായി മാരവമ്മരാജസിംഹപാണ്ഡ്യനെ പാണ്ടിദേശാധിപതിയായി വാഴിക്കാനും സ്വപുത്രിയായ കാമേശ്വരിയുടെ ജീവിതസവ്വസ്വമായി സ്വീകരിപ്പിച്ചുകൊള്ളുവാനും ഭാവമുണ്ടെ

ന്നു സഭയെയും പെരുമാളിനെയും പരസ്യമായി വിളിച്ചുപറഞ്ഞു മനസ്സിലാക്കി. ദേവകളും പുഷ്പവർഷം ചൊരിഞ്ഞു. സഭയും തെളിഞ്ഞു കളിയാടി. സിംഹരാശിയും അടുത്തുകൂടി. പുരോഹിതന്മാരും ഋത്വിക്കുകളും ബദ്ധപ്പെട്ടു അഭിഷേകാഘോഷമാചരിച്ചു കാണാൻ ധൃതികൂട്ടിത്തുടങ്ങി.

ആ സന്ദർഭത്തിൽ ചേരഭൂപനെ ചേരചോളപാണ്ടിഭൂമികൾക്കു നാഥനായി ആഴ്വാഞ്ചേരിതമ്പ്രാക്കളുടെ അപേക്ഷപ്രകാരം പെരുമാളുടെ ആഗ്രഹം അനുസരിച്ചു അഭിഷേകമംഗളം ശ്രീരാമപട്ടാഭിഷേകമഹോൽസവം പോലെ അഭിനന്ദിക്കപ്പെട്ടു. അന്നവസ്ത്രാദികളും, ഭൂഷാവിശേഷങ്ങളും താംബൂലദാനാദികളും സഭയ്ക്കുള്ളിലും പട്ടണപ്രദേശങ്ങളിലും വേണ്ടുവോളം വിതരണംചെയ്തുവന്നു. തുലാരാശിയുടെ ആരംഭകാലമാരെയും ഇളക്കിമറിയ്ക്കാതെയിരുന്നില്ല. പട്ടാഭിഷേകം നടന്ന സ്ഥാനത്തു വെച്ചുതന്നെ സുമുഹൂർത്തത്തിൽ വിവിധ വിജയാശംസകളോടുകൂടി കാമേശ്വരിയുടെ കാന്തനായി മാരവർമ്മരാജസിംഹനെ വരിച്ചും, പാണ്ടിഭൂപനായി വാഴിച്ചും, ഒരേസമയംകൊണ്ടു സകലരും വിവാഹാഭിഷേകമഹോൽസവങ്ങൾ കണ്ടു കൃതാർത്ഥന്മാരായി നവദമ്പതികളെ ആശീർവദിച്ചു. വാദ്യഘോഷങ്ങളെക്കൊണ്ടും നർത്തനവൈദഗ്ദ്ധ്യങ്ങളെക്കൊണ്ടും സഭ വിളങ്ങി. ആനന്ദബ്രഹ്മം അതിശയനീയമായ വിധം അവിടെ പ്രത്യക്ഷപ്പെട്ടു. ആനന്ദശബ്ദവും അത്ഭുതവാർത്തയും, ആകാശദേശവും വ്യാപിച്ചുനിന്നു. മന്ദമാരുതൻ വീശി സുഖിച്ചു. ഭക്ഷണത്തിനു സമയം അതിക്രമിക്കയാൽ സഭ്യരും ബന്ധുക്കളും രാജകുലങ്ങളും മിത്രവർഗ്ഗങ്ങളും, പെരുമാളോടൊന്നിച്ചിരുന്നു പലവിധ ഭോജ്യവസ്തുക്കളുടെ പാചകവൈദഗ്ദ്ധ്യത്തെ ശ്ലാഘിച്ചുകൊണ്ടു സുഖമായി ഭോജനമവസാനിപ്പിച്ചു.

സർവ്വകലകളിലും പാടവം സമ്പാദിച്ചിട്ടുള്ള വിദ്വാന്മാർക്കും പണ്ഡിതന്മാർക്കും രാജസേവയ്ക്കു മിടുക്കു നേരിട്ടിട്ടുള്ള ചാരവർഗ്ഗങ്ങൾക്കും പോരിൽ പ്രാണനെയും വെറുത്തു പട വെട്ടിയ പട്ടാളക്കാർക്കും പടനായകന്മാർക്കും സ്ഥാനമാനങ്ങളനുസരിച്ചു അതാ

ത്തു തോതിനൊത്തവിധം സംഭാവനകളും സമ്മാനദാനങ്ങളും ശുഭമായിപൎയ്യവസാനിച്ചു. പെരുമാളുടെ മനോരഥങ്ങളെല്ലാം പൂൎണ്ണമായും പരസ്യമായും സാധിപ്പിച്ചുകൊടുത്തു. ശ്രീപത്മനാഭസ്വാമിയുടെ കൃപാകടാക്ഷാതിരേകത്താൽ ശ്രീ ചേരചക്രവൎത്തിയുടെ ഭരണത്തിനു കീഴടങ്ങി, കേരളത്തിൽ പെരുമാളും കോലഭൂപാദികളും പാൎത്തുകൊള്ളണമെന്നും പാണ്ടിയിൽ ജാമാതാവായ മാരവൎമ്മരാജസിംഹൻ മധുരാപുരീശനായിവാഴാനും, ചോളനാട്ടിൽ കാഞ്ചീപുരം തലസ്ഥാനമാക്കിക്കൊണ്ടു് രാജകേസരി വൎമ്മാദിത്യൻ കാലാനുക്രമം കീഴ്പ്പെട്ടു് ഭരണം നടത്തിക്കൊള്ളാനും സജ്ജനസമക്ഷം വിളംബരപ്പെടുത്തിയതനുസരിച്ചു ചോളകേരളപാണ്ടിദേശാധിപന്മാർ സുഖികളായി ചിരകാലം ചേരന്റെ മേൽകോയ്മയിൽ വസിച്ചു. ചേരൻ ശ്രീപത്മനാഭദാസനായി ദിഗന്തവിശ്രാന്തകീൎത്തിമാനായി ദ്രാവിഡസാമ്രാട്ടായി സദ്ഭക്താഗ്രേസരനായി സൎവ്വശാസ്ത്രപാരംഗതനായി ആശ്രിതജനകല്പതരുവായി ശ്രീ പരശുരാമസ്വാമിയുടെയും ലോകഗുരു ശ്രീ ശങ്കരാചാൎയ്യസ്വാമികളുടെയും കല്പനകളെ പ്രത്യക്ഷരം അനുഷ്ഠിച്ചു് യഥാകാലം ദാനധൎമ്മാദികളെക്കൊണ്ടും പുണ്യകൎമ്മങ്ങളെക്കൊണ്ടും കൎമ്മഭൂമിയെ പുണ്യഭൂമിയാക്കിത്തീൎത്തും, കേരളഭൂദേവിയുടെ ഏകഭൎത്തൃപദത്തെ പൂൎണ്ണമോദം ഫലവത്താക്കി സുഖിച്ചു ചിരകാലം വാണു.

ശുഭം.

DEPARTMENTAL LIBRARIES
14 MAR 1950
UNIVERSITY OF MADRAS.

97

V.R.N.
17/3/50.